കേരള സർക്കാർ

ഹരിതകേരളം മിഷൻ

# പരിസ്ഥിതി പുന:സ്ഥാപനത്തിന്റെ കേരള മാതൃക

ഹരിതകേരളം മിഷൻ

**പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ**
**കേരള മാതൃക**

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

നിർവഹണം
**ടീം ഹരിതകേരളം മിഷൻ**

കവർ ഡിസൈൻ & ലേ ഔട്ട്
**സുധീർ പി.വൈ.**

ഡി.ടി.പി.
**ഫൗസിയ പി.എ.**
**രജനി വി.എസ്.**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
മൂന്നാം നില, ഉപ്പളം റോഡ്
സ്റ്റാച്യു, തിരുവനന്തപുരം

അച്ചടി
**ഗ്രാമലക്ഷ്മി മുദ്രാലയം**

ഫെബ്രുവരി 2026



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

ശാസ്ത്രീയമായ പാരിസ്ഥിതിക പരിപ്രേക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന് രൂപം നൽകിയത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ കാലാനുസൃതമായി പുനഃസ്ഥാപിക്കുക എന്നതാണ് ഇതിന്റെ കാതൽ. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന വികസന സമീപനമാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയകളെ ജനകീയമാക്കി മാറ്റിയത് ഹരിതകേരളം മിഷനാണ്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് സംസ്ഥാനത്ത് ശ്രദ്ധേയമായ മാറ്റങ്ങളാണ് മിഷൻ സൃഷ്ടിച്ചത്. പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സുസ്ഥിര വികസനം സാധ്യമാക്കാൻ മിഷൻ നടത്തിയ ശ്രമങ്ങളെ അപഗ്രഥിച്ചും നേട്ടങ്ങൾ വിലയിരുത്തിയും ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണം വിഷയമാക്കിയും ഹരിതകേരളം മിഷൻ തയ്യാറാക്കിയ ഈ പുസ്തകം നവകേരള നിർമ്മിതിക്ക് ഊർജ്ജം പകരുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് കൃത്യമായ ഒരു ദിശാബോധം നൽകിയ വിപ്ലവാത്മകമായ ചുവടുവെയ്പാ യിരുന്നു 2016-ൽ ആരംഭിച്ച ഹരിതകേരളം മിഷൻ. പ്രകൃതിരമണീയമായ സംസ്ഥാനമെന്ന് അഭിമാനിക്കുമ്പോഴും, അനിയന്ത്രിതമായ നഗരവൽക്കരണ വും മാലിന്യപ്രശ്നങ്ങളും ജലസ്രോതസ്സുകളുടെ നാശവും  കേരളത്തിന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയായി മാറിക്കൊണ്ടിരുന്ന സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. ഇവയിൽ നിന്നും മുക്തമായ ഒരു ഹരിത നവകേരളം എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം  മിഷന് രൂപം നൽകിയത്. ഈ ലക്ഷ്യത്തിൽ വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞു എന്നതാണ് കഴിഞ്ഞ 9 വർഷത്തിലധികം കാലത്തെ അനുഭവങ്ങൾ തെളിയിക്കുന്നത്. സംസ്ഥാന തലത്തിലും ദേശീയതലത്തിലും ശ്രദ്ധിക്കുന്ന നിരവധി പരിസ്ഥിതി മാതൃക കൾ ഉൾപ്പെടെ രേഖപ്പെടുത്തപ്പെടേണ്ട അനേകമനേകം പ്രവർത്തനങ്ങൾ സംസ്ഥാനത്തൊമ്പാടും നടന്നിട്ടുണ്ട്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങ ളുടെ ഭാഗമായി രൂപപ്പെടുന്ന വിവര സഞ്ചയം (Repository) വരുംകാല പ്രവർ ത്തനങ്ങൾക്കായി സൃഷ്ടിക്കും എന്നത് മിഷന്റെ മാർഗ്ഗരേഖയിൽ തന്നെ

വ്യക്തമാക്കിയിരുന്നതാണ്. ഈ പശ്ചാത്തലത്തിലാണ് ഹരിതകേരളം മിഷന്റെ യാത്രയെയും നേട്ടങ്ങളെയും വെല്ലുവിളികളെയും സമഗ്രമായി പ്രതിപാദിക്കുന്ന ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

മാലിന്യസംസ്കരണം, ജലസംരക്ഷണം, കൃഷി-പരിസ്ഥിതി പുനസ്ഥാപനം എന്നിങ്ങനെ മൂന്ന് പ്രധാന മേഖലകളിലായാണ് മിഷന്റെ പ്രവർത്തനങ്ങൾ നടന്നത്. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന പുതിയൊരു സംസ്കാരം മലയാളികൾക്കിടയിൽ വളർത്താൻ ഈ ദൗത്യത്തിന് സാധിച്ചു. വീടുകളിൽ നിന്നുള്ള മാലിന്യശേഖരണത്തിനായി രൂപീകരിക്കപ്പെട്ട ഹരിതകർമ്മ സേന ഇന്ന് കേരളത്തിലെ ശുചിത്വ പ്രവർത്തനങ്ങളുടെ നട്ടെല്ലായി മാറിയിരിക്കുന്നു.

'ഇനി ഞാൻ ഒഴുകട്ടെ' എന്ന ജനകീയ ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ നാശോന്മുഖമായ ആയിരക്കണക്കിന് കിലോമീറ്റർ തോടുകളും പുഴകളും പുനരുജ്ജീവിപ്പിച്ചത് കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ പ്രകൃതിയോട് ചേർന്നുള്ള വികസനത്തിന്റെ ആവശ്യകത നാം തിരിച്ചറിഞ്ഞതാണ്. കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ 'പച്ചത്തുരുത്തുകൾ' നിർമ്മിച്ചും, വിഷരഹിത പച്ചക്കറി ഉത്പാദനത്തിന് ആക്കം കൂട്ടിയും നെറ്റ് സീറോ കാർബൺ അവസ്ഥയിലേക്കുള്ള ചുവടുവയ്പ്പുകൾ നടത്തിയും മിഷൻ നടത്തിയ ഇടപെടലുകൾ ദീർഘകാല ഫലപ്രാപ്തിയുള്ളവയാണ്. ഈ ഇടപെടലുകളുടെ ഗുണപരവും ഗണപരവുമായ വശങ്ങൾ വിശകലനം ചെയ്യാനുള്ള ശ്രമം ഈ പുസ്തകത്തിൽ നടത്തിയിട്ടുണ്ട്.

ഈ പുസ്തകം കേവലം ഒരു പദ്ധതിയുടെ വിവരണം മാത്രമല്ല, മറിച്ച് കേരളത്തിന്റെ പാരിസ്ഥിതിക അതിജീവനത്തിന്റെ രേഖാചിത്രം കൂടിയാണ്. പദ്ധതികൾ നേരിട്ട വെല്ലുവിളികളും സാങ്കേതികമായ പരിമിതികളും തുറന്നുപറയുന്നതിലൂടെ വരുംതലമുറയ്ക്കും ഭരണാധികാരികൾക്കും ആവശ്യമായ പാഠങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. പരിസ്ഥിതി സംരക്ഷണം എന്നത് ഒരു സർക്കാർ പദ്ധതിയല്ല, മറിച്ച് ഓരോ പൗരന്റെയും ജീവിതശൈലിയായി മാറണമെന്ന വലിയ സന്ദേശമാണ് ഈ രചന നൽകുന്നത്.

ഹരിതസമൃദ്ധമായ ഒരു നവകേരളം സ്വപ്നം കാണുന്ന വായനക്കാർക്കും, പരിസ്ഥിതി പ്രവർത്തകർക്കും, ഗവേഷകർക്കും, വിദ്യാർത്ഥികൾക്കും ഈ പുസ്തകം ഒരു മികച്ച വഴികാട്ടിയായിരിക്കുമെന്ന പ്രതീക്ഷയിൽ കേരളത്തിന്റെ ഈ ഹരിതരേഖ സാഭിമാനം സമർപ്പിക്കുന്നു.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി



# ആമുഖം

## ഹരിതകേരളം: പ്രകൃതിയും വികസനവും കൈകോർക്കുന്ന നവകേരള മാതൃക

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സംരക്ഷണത്തെ ജനകീയ പ്രസ്ഥാനമാക്കി മാറ്റിയ ദൗത്യമാണ് ഹരിതകേരളം മിഷൻ. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. വെള്ളം, വൃത്തി, വിളവ് എന്ന ലളിതവും എന്നാൽ ശക്തവുമായ മുദ്രാവാക്യമുയർത്തി ആരംഭിച്ച ഈ ജനകീയ പദ്ധതി ഒരു ദശാബ്ദക്കാലം കൊണ്ട് ശ്രദ്ധേയമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി-പരിസ്ഥിതി പുനസ്ഥാപനം എന്നീ മൂന്ന് മേഖലകളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം കേരളത്തിന്റെ ഗ്രാമ-നഗര മുഖഛായയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടു വന്നിട്ടുള്ളത്.

ഹരിതകേരളം മിഷന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ രൂപം കൊണ്ട ഹരിതകർമ്മസേന കേരളത്തിന്റെ മാലിന്യസംസ്കരണ ചരിത്രത്തിലെ നാഴികക്കല്ലാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുകയും അവ

പുനരുപയോഗത്തിനായി കൈമാറുകയും ചെയ്യുന്ന സംവിധാനം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിച്ചു. ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും തരംതിരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങളും പുനഃചംക്രമണത്തിനായി അവനീക്കം ചെയ്യാനുള്ള ഏജൻസികളുമെല്ലാം ഉണ്ടായി വന്നതോടെ 'മാലിന്യമുക്ത നവകേരളം' എന്ന ലക്ഷ്യം സാധ്യമായി വന്നു.

തോടുകളും പുഴകളും വീണ്ടെടുക്കാൻ ആവിഷ്കരിച്ചു നടപ്പാക്കിയ 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിൻ ശ്രദ്ധേയമായി. ജനപങ്കാളിത്തത്തോടെ കിലോമീറ്ററുകളോളം നീർച്ചാലുകൾ ശുചീകരിച്ചതും നീർത്തട സംരക്ഷണ പ്രവർത്തനങ്ങളും കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. മഴവെള്ള സംഭരണവും കിണർ റീചാർജ്ജിംഗും കുളങ്ങളുടെ നവീകരണവും നാടിന്റെ ജലലഭ്യത വർദ്ധിപ്പിക്കുകയും കൃഷിക്ക് അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കൈയേറ്റം ചെയ്യപ്പെട്ടും മലിനപ്പെട്ടും നശിച്ചുപോയ നിരവധി ജലസ്രോതസുകളാണ് ജനകീയ പങ്കാളിത്തത്തോടെ മിഷൻ വീണ്ടെടുത്തത്. കുളങ്ങളുടെ പുനരുദ്ധാരണം, കിണർ റീച്ചാർജ്ജിംഗ്, നീർത്തടവികസനം എന്നിവയിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും പിടിച്ചു നിർത്താനും സാധിച്ചു. ഇത് വേനൽക്കാലത്തെ വരൾച്ചയെ പ്രതിരോധിക്കാൻ കേരളത്തെ പ്രാപ്തമാക്കി. ഒഴുക്കു നിലച്ചുപോയ നിരവധി നീർച്ചാലുകൾ ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്തു.

ഒരു ഗ്രാമപഞ്ചായത്തിന്റേയോ നഗരസഭയുടേയോ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം രാജ്യത്ത് ആദ്യമായി നടപ്പാക്കിയതിലൂടെ തദ്ദേശ പ്രദേശത്ത് എത്തുന്ന ജലത്തിന്റേയും, ആ പ്രദേശത്ത് ഉപയോഗിക്കുന്ന ജലത്തിന്റേയും അളവ് കണക്കാക്കി തയ്യാറാക്കുന്ന ജലബജറ്റ് സുസ്ഥിര ജലവിനിയോഗത്തിന്റേയും, ജല പരിപാലനത്തിന്റേയും മാതൃകയായി മാറി. ജലബജറ്റിൽ നിന്നും ജല സുരക്ഷയിലേയ്ക്ക് എന്ന പ്രവർത്തനങ്ങളിലേയ്ക്ക് ഇത് വഴികാട്ടിയായി. കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിച്ച് പരിഹാരം കാണുന്നതിനും, എല്ലാവർക്കും  ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തുന്നതിനുമായുള്ള സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ച ജല ഗുണനിലവാര ലാബുകളുടെ പ്രവർത്തനവും ശ്രദ്ധേയമാണ്.

തരിശു ഭൂമികൾ കൃഷിയിടങ്ങളാക്കി മാറ്റിയതും സുരക്ഷിത പച്ചക്കറി ഉൽപ്പാദനത്തിൽ കൈവരിച്ച നേട്ടങ്ങളും കേരളത്തിന്റെ ഭക്ഷ്യസു

രക്ഷയ്ക്ക് കരുത്തേകി. പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള 'പച്ചത്തുരുത്തുകൾ' എന്ന ആശയം വഴി ഗ്രാമങ്ങളിലും നഗരങ്ങളിലും ചെറു വന സൃഷ്ടിയിലൂടെ പച്ചപ്പൊരുക്കി. നെറ്റ് സീറോ കാർബൺ അവസ്ഥയിലേക്ക് 2050 ൽ കേരളം എത്തുമെന്ന പ്രഖ്യാപനത്തിനനുസരണമായി നടപ്പാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ ദേശീയ ശ്രദ്ധ നേടി.

വീട്ടു പറമ്പുകളിലെ അടുക്കളത്തോട്ടങ്ങൾ പ്രോത്സാഹിപ്പിച്ചതിലൂടെ വിഷരഹിത പച്ചക്കറികളുടെ ഉൽപാദനം വർദ്ധിച്ചു. പ്രകൃതിയുമായി ഇണങ്ങി നിന്നുള്ള ഒരു നവ കേരള നിർമ്മിതിക്ക് ഹരിതകേരളം മിഷൻ പകർന്നു നൽകിയ ഊർജ്ജം വരും തലമുറയ്ക്കുള്ള കരുതലാണ്.

## പരിസ്ഥിതിയിലെ വെല്ലുവിളികളും സാധ്യതകളും

ഹരിതകേരളം മിഷൻ കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണ ചരിത്രത്തിലെ നിർണ്ണായക അധ്യായമാണ്. മിഷൻ പ്രവർത്തനങ്ങളിലൂടെ സൃഷ്ടിച്ച നേട്ടങ്ങൾ സംസ്ഥാനത്തിന്റെ ഹരിതസമൃദ്ധിയിലേക്കുള്ള ഒരു വലിയ ചുവടുവയ്പാണ്. എന്നാൽ വെല്ലുവിളികളും പരിമിതികളും നിലനിൽക്കുന്നു. അവ മറികടക്കാൻ കൂടുതൽ ശക്തമായ ഭരണ ഏകോപനവും ബോധവൽക്കരണവും ജനപങ്കാളിത്തവും സാങ്കേതിക നവീകരണവും ആവശ്യമാണ്. പല ശുചീകരണ പ്രവർത്തനങ്ങളിലും ദീർഘകാല തുടർച്ച ഉറപ്പാക്കാൻ കഴിയാതെ വരുന്നത്, സ്വകാര്യ മേഖലയുടെ പരിമിത പങ്കാളിത്തം, മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കണം എന്ന ധാരണ ജനങ്ങളിൽ പൂർണ്ണമായും എത്തിക്കുന്നതിലെ ബുദ്ധിമുട്ടുകൾ, വിവിധ വകുപ്പുകളെയും ഏജൻസികളെയും ഒരേ ചരടിൽകോർത്ത് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ നേരിട്ട ചില നേരിയ ബുദ്ധിമുട്ടുകൾ തുടങ്ങിയവ മിഷൻ നേരിട്ട ചില വെല്ലുവിളികളാണ്. 2018 ലെയും 2019 ലെയും മഹാപ്രളയങ്ങൾ ജലസംരക്ഷണ മേഖലയിൽ മിഷൻ നടത്തിയ പല നിർമ്മാണ പ്രവർത്തനങ്ങളെയും ബാധിച്ചു. അജൈവ പാഴ്‌വസ്തുക്കളുടെ സംഭരണത്തിനായി സ്ഥാപിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോർസ് റിക്കവറി ഫെസിലിറ്റി (RRF) തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും പലയിടത്തും പ്രളയജലത്തിനടിയിലായി. ഇതിനു പുറമെ കേരളത്തിലെ ജനസാന്ദ്രതയേറിയ ഭൂപ്രകൃതിയിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് പലപ്പോഴും പ്രാദേശിക എതിർപ്പുകൾക്കും കാരണമായി. അജൈവ മാലി ന്യങ്ങൾ ശേഖരിക്കുന്നുണ്ടെങ്കിലും അവയുടെ പുനഃചംക്രമണത്തിനുള്ള വലിയ വ്യവസായ സംവിധാനങ്ങൾ കേരളത്തിൽ കുറവാണെന്ന കാര്യവും ഒരു സുപ്രധാന പ്രശ്നമാണ്.

ജനകീയ ഇടപെടലുകൾ നടത്തിയിട്ടും, നിയമങ്ങൾ കടുപ്പിച്ചിട്ടും പൊതു സ്ഥലങ്ങളിൽ മാലിന്യം തള്ളുന്ന പ്രവണത പൂർണ്ണമായി മാറാത്തത് വലിയൊരു വെല്ലുവിളിയാണ്. എല്ലാത്തരം മാലിന്യങ്ങളും (ഉദാഹരണത്തിന് ഇ-വേസ്റ്റ്, സാനിറ്ററി വേസ്റ്റ്, മുടിമാലിന്യം, ഹസാർഡസ് വേസ്റ്റ്) സംസ്കരിക്കുന്നതിനുള്ള അത്യാധുനിക സംവിധാനങ്ങളുടെ കുറവും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയായി നിലനിൽക്കുന്നു. സാങ്കേതിക വിദ്യയുടെ വളർച്ചക്ക് അനുസരിച്ച് മാലിന്യ സംസ്കരണശാലകൾ അപ്ഗ്രേഡ് ചെയ്യപ്പെടാത്തതും ഒരു പരിമിതിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരേ ഗൗരവത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാത്തതും പരിമിതിയാണ്.

## ശക്തമായ അടിത്തറ

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷൻ സംസ്ഥാനത്ത് കാലാനുസൃതവും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ ഇടപെടലുകൾ നടത്തുന്ന ഒരു മാതൃകാ സംവിധാനമാണ്. കേരളത്തിലെ പ്രളയാനുഭവങ്ങൾ പ്രകൃതിയോട് ചേർന്നുള്ള വികസനത്തിന്റെ ആവശ്യകത കൂടുതൽ വ്യക്തമാക്കുകയായിരുന്നു. ഹരിതകേരളം മിഷൻ ഈ ബോധ്യത്തെ പ്രവർത്തനങ്ങളാക്കി മാറ്റാൻ ശ്രമിച്ചു. ചാക്രിക സമ്പദ് വ്യവസ്ഥയെ (Circular Economy) പ്രോത്സാഹിപ്പിക്കുന്ന വികസന നയമാണ് ഹരിതകേരളം മിഷൻ പിന്തുടർന്നത്.

പരിസ്ഥിതി പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാവുകയും കാലാവസ്ഥാ മാറ്റം, ജലക്ഷാമം, പ്ലാസ്റ്റിക് മലിനീകരണം തുടങ്ങിയവ ആഗോളതലത്തിൽ തന്നെ ആശങ്കയാവുകയും ചെയ്യുന്ന സാഹചര്യത്തിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ഒരു അതിജീവനതന്ത്രമാണ്. പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണത്തിനുപകരം പരിപാലനത്തിലൂടെ വികസനം സാധ്യമാണെന്ന് ഈ മിഷൻ തെളിയിക്കുന്നു. ഭാവിയിൽ കാലാവസ്ഥാ വ്യതിയാനത്തെ നേരിടാൻ സജ്ജമായ ഒരു 'ക്ലൈമറ്റ് സ്മാർട്ട് കേരളം' കെട്ടിപ്പടുക്കുന്നതിൽ ഹരിതകേരളം മിഷൻ ശക്തമായ അടിത്തറയായി നിലകൊള്ളും.

# ഉള്ളടക്കം


1 പരിസ്ഥിതിക്കായി ഒരു മിഷൻ : പശ്ചാത്തലവും രീതിശാസ്ത്രവും — 13

2 വെള്ളം, വൃത്തി, വിളവ് : ഹരിതകേരളം മിഷൻ പ്രവർത്തന വഴികളും നേട്ടങ്ങളും — 20

3 2016 ഡിസംബർ - 2026 ജനുവരി : മിഷൻ പ്രവർത്തനത്തിലെ നാഴികക്കല്ലുകൾ — 58

4 ശേഷി വികസനവും പിന്തുണാ സംവിധാനങ്ങളും — 76

5 സവിശേഷ പ്രവർത്തനങ്ങൾ — 94

6 അനുകരണീയ മാതൃകകൾ — 169

7 വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ — 227

8 ഇനി മുന്നോട്ട് — 238



1

# പരിസ്ഥിതിക്കായി ഒരു മിഷൻ: പശ്ചാത്തലവും രീതിശാസ്ത്രവും

ജനകീയാസൂത്രണ പ്രസ്ഥാനം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ആത്മവിശ്വാസവും സാങ്കേതിക പിന്തുണയും പലമേഖലകളിലും മികച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്തുകളെ സഹായിച്ചിട്ടുണ്ട്. 1997-98 കാലഘട്ടം മുതലുള്ള പ്രവർത്തനം വിലയിരുത്തുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക പിന്തുണയിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻഗണനാ പദ്ധതികൾ പരിശോധിച്ചാൽ അടിസ്ഥാന സൗകര്യ വികസനത്തിൽ റോഡുകളും പാലങ്ങളും മറ്റുമാണ് പ്രഥമ പരിഗണന ലഭിച്ചിട്ടുള്ള പദ്ധതികൾ. ഉത്പാദന മേഖലയിൽ കൃഷിയും ക്ഷീരവികസനവുമാണ് മുൻഗണനാ പദ്ധതികളായി കാണാവുന്നത്.

പ്രകൃതി സംരക്ഷണ മേഖലയിൽ നേരിട്ട് ഇടപെടാവുന്ന പദ്ധതികൾ 2015-16 വാർഷികപദ്ധതി വരെയും താരതമ്യേന കുറവായിട്ടാണ് കാണാൻ കഴിയുന്നത്.

കണ്ടൽക്കാടുകളുടെ സംരക്ഷണം, നദീതീരങ്ങളുടെ സംരക്ഷണം, ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ തുടങ്ങിയ പദ്ധതികൾ ചില ത്രിതല പഞ്ചായത്തുകൾ ഇക്കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. ചില ഒറ്റപ്പെട്ട ഇക്കോ ടൂറിസം പദ്ധതികളും ആരംഭിച്ചിരുന്നു. സാനിട്ടേഷൻ മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് കൂടുതലായും നടപ്പിലാക്കിയിരുന്നത്. ശുചിത്വ കക്കൂസുകളുടെ നിർമ്മാണമായിരുന്നു ഇതിൽ പ്രധാനമായി ഉണ്ടായിരുന്നത്. മാലിന്യ ശേഖരണം, തരംതിരിക്കൽ, സംസ്കരണം തുടങ്ങിയ ഇടപെടലുകൾ വിരലിലെണ്ണാവുന്ന സ്ഥലങ്ങളിൽ മാത്രമാണുണ്ടായിരുന്നത്. കുളങ്ങളുടെ നിർമ്മാണം, പരിപാലനം, കിണർ റീചാർജ്ജിംഗ് തുടങ്ങിയവ നടപ്പിലാക്കിയ ചില ത്രിതല പഞ്ചായത്തുകൾ ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുൾപ്പെടെയുള്ള സമഗ്ര പദ്ധതികൾ നാമമാത്രമായിരുന്നു.

വികേന്ദ്രീകൃത ആസൂത്രണത്തിലും നിർവഹണത്തിലും വകുപ്പുതല പദ്ധതികളേക്കാൾ ഏകീകരണവും സമഗ്രതയുമാണ് പ്രതീക്ഷിക്കപ്പെടുന്നത്. എന്നാൽ അത്തരം സമഗ്രത പദ്ധതികളിൽ വേണ്ടത്ര ഉണ്ടായിട്ടില്ല എന്നത് പരിമിതിയായി നിലനിന്നിരുന്നു. ജലസംരക്ഷണം, ക്ഷീരവികസനം, കൃഷി തുടങ്ങിയ പ്രധാന മേഖലകളിൽ ഇതു പ്രകടമായിരുന്നു. ഇതോടൊപ്പം ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് കൊണ്ടുവന്ന മാർഗ്ഗനിർദ്ദേശങ്ങൾ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തിയിരുന്നില്ല എന്നും കാണാവുന്നതാണ്. പദ്ധതി നിർവഹണത്തിലെ കാലതാമസവും ജനകീയ ഏറ്റെടുക്കലിന്റെ അഭാവവും തുടർ പ്രവർത്തനങ്ങൾ വേണ്ടരീതിയിൽ നടക്കാതെ പദ്ധതി ഉപയോഗപ്രദമല്ലാതാകുന്ന സ്ഥിതി സൃഷ്ടിച്ചിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില മേഖലകളിൽ സാങ്കേതിക പിന്തുണ നൽകേണ്ട വകുപ്പുകൾ അത്തരത്തിൽ ഇടപെടുന്ന സ്ഥിതിയും പൊതുവേ ഉണ്ടായിരുന്നില്ല.

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളും സാമൂഹ്യ പശ്ചാത്തലവും കണക്കിലെടുത്താൽ ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുൻഗണനാ മേഖലകളിൽ പ്രത്യേക ഇടപെടൽ നടത്തുന്നത് കൂടുതൽ ഫലപ്രദമാകുമെന്ന് കാണാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ മികച്ച സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനും പാരിസ്ഥിതിക പുനഃസ്ഥാപനത്തിനു സഹായകരമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമുള്ള കരുത്ത് നൽകുക എന്നതും സുസ്ഥിരവികസനത്തിന് അനിവാര്യമാണ്.

കേരളം 2016 ൽ വലിയ വരൾച്ചയാണ് നേരിട്ടത്. ജലലഭ്യതയിൽ കുറവ് നേരിട്ട ധാരാളം പ്രദേശങ്ങളിൽ കുടിവെള്ളം എത്തിച്ചു നൽകേണ്ട സ്ഥിതിയുണ്ടായി. നമ്മുടെ പ്രാദേശിക ജല സ്രോതസ്സുകൾ പരിപാലിച്ചു നിലനിർത്തുകയും കൂടുതൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഇതിൽ നിന്നും വ്യക്തമായത്. ഇത്തരം പ്രശ്നങ്ങൾ മറ്റു മേഖലകളിലും കാണാൻ കഴിയും. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗം കൂടിയായ ഇത്തരം അവസ്ഥകൾ നേരിടുന്നതിനുള്ള ഫലപ്രദമായ ഇടപെടലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്യാൻ കഴിയണം.

കേരളം എല്ലാ മേഖലകളിലും നേട്ടങ്ങൾ കൈവരിക്കുമ്പോഴും അതിന്റെ ഗുണഫലങ്ങൾ അനുഭവിക്കുവാൻ സാധിക്കാതെ പിന്തള്ളപ്പെടുന്ന വിഭാഗങ്ങളുണ്ടെന്നത് ഏറെക്കാലമായി ചർച്ചചെയ്യപ്പെടുന്ന പ്രശ്നമായിരുന്നു. അതുകൊണ്ടുതന്നെ നവകേരള നിർമ്മാണത്തിന് സർവ്വതല സ്പർശിയായ വികസന പ്രവർത്തനങ്ങളാണ് ആവശ്യം. ജനങ്ങളുടെ അടിയന്തിര പ്രാധാന്യ

മുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് ദീർഘവീക്ഷണത്തോടെയുള്ള പരിഷ്കരണത്തിന് അടിത്തറയിടുന്നതിനും ആവശ്യമായ ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിന് പ്രത്യേക ഇടപെടലുകൾ ആവശ്യമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് 2016-ൽ നവകേരളം കർമപദ്ധതിക്ക് രൂപം നൽകിയത്. ഏറ്റവും പ്രധാനപ്പെട്ട ആറ് മുൻഗണനാ മേഖലകളെ കോർത്തിണക്കി നാല് വികസന മിഷനുകളാണ് നവകേരളം കർമപദ്ധതിയുടെ ഭാഗമായത്.




പാർപ്പിട പദ്ധതികൾ സംസ്ഥാനത്ത് മുമ്പും ഉണ്ടായിട്ടുണ്ട്. പാർപ്പിട നിർമ്മാണത്തോടൊപ്പം കുടുംബത്തിന് സാമ്പത്തിക കെട്ടുറപ്പും ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ രൂപീകരിച്ചത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ മികച്ച സൗകര്യങ്ങളുണ്ടാക്കി ഏറ്റവും മികച്ച ആരോഗ്യ പരിചരണം എല്ലാ മനുഷ്യർക്കും ഉറപ്പാക്കുക എന്ന് ലക്ഷ്യത്തിലാണ് ആർദ്രം മിഷന് രൂപം നൽകിയത്. കേരളത്തിൽ പൊതു വിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ ഏറ്റവും ഉയർന്ന നിലവാരത്തിലേക്കുയർത്തിയും സാങ്കേതികവിദ്യയുടെ പ്രയോജനം സാധാരണക്കാരുടെ കുട്ടികൾക്ക് എത്തിച്ചു കൊടുത്തും വിദ്യാഭ്യാസ മേഖലയിലെ വിപ്ലവകരമായ കുതിച്ചുചാട്ടത്തിനായാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം രൂപീകരിച്ചത്.

പാരിസ്ഥിതിക സുസ്ഥിരതയുള്ള ഒരു നവകേരളം സൃഷ്ടിക്കുക എന്നതായിരുന്നു ഹരിത കേരള മിഷൻ രൂപീകരണത്തിന് പിന്നിലെ മുഖ്യലക്ഷ്യം. കേരളത്തിന്റെ സവിശേഷതകളായ വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്ന പ്രദേശമായി സംസ്ഥാനം മാറുകയും ചെയ്യുക എന്നത് ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മാത്രം സാധ്യമാകുന്ന വികസന സങ്കല്പമാണ്. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ ഏറ്റവും എളുപ്പത്തിൽ ബാധിക്കാവുന്ന മേഖലകളിലാണ് ഇടപെടൽ ആവശ്യമായി വരുന്നത് എന്ന വെല്ലുവിളിയുമുണ്ട്. ഇത്തരത്തിൽ പാരിസ്ഥിതിക മേഖലയിൽ സമയബന്ധിതമായി നേരിട്ടുള്ള ഇടപെടൽ ലക്ഷ്യമാക്കി രൂപീകൃതമായ മിഷനുകളുടെ മുന്നനുഭവങ്ങൾ ഒന്നും രാജ്യത്ത് നിലവിലില്ലായിരുന്നു എന്നതും വെല്ലുവിളിയായിരുന്നു.

മാലിന്യ സംസ്കരണത്തിന് ചിട്ടയായ ഒരു സംവിധാനം സംസ്ഥാനത്തൊട്ടാകെ ഇല്ലാതിരുന്ന

പശ്ചാത്തലത്തിലാണ് ഹരിതകേരളം മിഷൻ രൂപീകൃതമാകുന്നത്. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് നഗരസഭകളിൽ മാലിന്യശേഖരണത്തിന് ഒറ്റപ്പെട്ട ചില മാതൃകകൾ ഉണ്ടായിരുന്നു. എന്നാൽ, ഈ മേഖലയെ ഒന്നാകെ പിന്നോട്ടടിച്ചത് തിരുവനന്തപുരം നഗരസഭയിലെ മാലിന്യ സംസ്കരണത്തിനായി സ്ഥാപിച്ച വിളപ്പിൽശാല മാലിന്യ സംസ്കരണ കേന്ദ്രം നിർത്തലാക്കിയതാണ്. ഏറ്റെടുക്കുവാൻ സാധ്യമല്ലാത്ത ഒരു വെല്ലുവിളിയായാണ് പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യ സംസ്കരണത്തെ കണ്ടത്. ഇതിൽ പൗരന്മാരുടെ ഉത്തരവാദിത്വം അവരെ ബോധ്യപ്പെടുത്തി മാലിന്യ സംസ്കരണത്തിനായി പുതിയ സാങ്കേതിക വിദ്യയും ശേഖരണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വീകരിക്കാവുന്ന പൊതുഘടനയും തയ്യാറാക്കുക എന്നത് ശ്രമകരമായ പ്രവൃത്തിയായിരുന്നു. ഇതോടൊപ്പം കൈമാറ്റ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സൗകര്യം പ്രാദേശിക തലത്തിൽ ഒരുക്കുകയും ഇവ പരിസര മലിനീകരണം സൃഷ്ടിക്കാതെ പ്രവർത്തിക്കുന്നു എന്നു സമീപവാസികളെ ബോധ്യപ്പെടുത്തുകയും ചെയ്യേങ്കിൽ മാത്രമേ ഇവ വ്യാപകമാക്കാൻ കഴിയൂ. ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ പരിഗണിച്ചാണ് മാലിന്യ സംസ്കരണ ഉപദൗത്യം പ്രവർത്തന രീതിശാസ്ത്രം രൂപീകരിച്ചത്.

ജൈവമാലിന്യങ്ങൾ രൂപപ്പെടുന്ന സ്ഥലത്ത് തന്നെ കഴിയുന്നത്ര സംസ്കരിക്കുക, സാധ്യമല്ലാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി തല സംസ്കരണ സംവിധാനങ്ങളൊരുക്കുക എന്നിങ്ങനെ വികേന്ദ്രീകൃതമായ മാലിന്യ സംസ്കരണശീലം വളർത്താനാണ് ഹരിതകേരളം മിഷനിലൂടെ വിഭാവനം ചെയ്യപ്പെട്ടത്. ജൈവമാലിന്യങ്ങൾ ഒഴികെയുള്ള വിവിധ തരം മാലിന്യങ്ങൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്നവയല്ല. അവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് സുരക്ഷിത സംസ്കരണത്തിന് കൈമാറേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ ശേഖരണവും പുനഃചംക്രമണവും സാധ്യമാകണമെങ്കിൽ മാലിന്യങ്ങളെ പരസ്പരം കൂടിക്കലരാതെ വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനമുണ്ടായി വരണം. ഇതിനുള്ള ശീലവത്ക്കരണം ഉണ്ടാക്കാനും പാഴ് വസ്തുക്കൾ യൂസർഫീ നൽകി കയ്യൊഴിയാനുള്ള പൗരബോധം വളർത്താനുമുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷന്റെ മാലിന്യ സംസ്കരണ ഉപമിഷൻ തുടക്കകാലത്ത് സ്വീകരിച്ചത്. അതോടൊപ്പം മാലിന്യങ്ങൾ പരസ്പരം കൂടിക്കലരാതെ വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനും ഊന്നൽ നൽകി പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു. ഇത്തരത്തിൽ ജൈവ-അജൈവ പാഴ്വസ്തുക്കളെ സംസ്ക്കരിക്കുന്നതിനായി "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം" എന്ന ബോധ്യം വളർത്തിയെടുക്കൽ മുഖ്യലക്ഷ്യമായി സ്വീകരിച്ചു. ഈ ആശയം നടപ്പിലാക്കുന്നതിന് ആവശ്യമായ സംഘടനാ സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, നിയമബോധവൽക്കരണവും ഭേദഗതികളും എന്നിവ വികസിപ്പിച്ചെടുക്കലായിരുന്നു മാലിന്യസംസ്കരണ ഉപമിഷൻ പിന്തുടർന്ന രീതിശാസ്ത്രം.

കേരളത്തിന്റെ വർദ്ധിച്ചുവരുന്ന ജല ആവശ്യവും നിലവിലെ ലഭ്യതയും സംബന്ധിച്ച യഥാർത്ഥ ചിത്രം പൊതുസമൂഹത്തിനോ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് തന്നെയോ ഇല്ല എന്നത് വലിയ വെല്ലുവിളിയായി നിലനിന്നിരുന്നു. സംസ്ഥാനത്തിന്റെ ഭൂപ്രകൃതി, മണ്ണിന്റെ




പ്രത്യേകത, ജനസംഖ്യ, കാലാവസ്ഥ തുടങ്ങിയ നിർണായക ഘടകങ്ങൾ പരിശോധിച്ചു ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രായോഗിക ഇടപെടലുകൾ സാധ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ജലസംരക്ഷണം ഹരിതകേരളം മിഷന്റെ ഉപദൗത്യമായി നിശ്ചയിച്ചത്. നമ്മുടെ നീർച്ചാലുകളിലെ വെള്ളം കൈക്കുമ്പിളിൽ എടുത്ത് കുടിക്കുവാൻ കഴിയണം എന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം അന്വർത്ഥമാക്കുന്നതാകണം ഈ മേഖലയിലെ നമ്മുടെ ഇടപെടൽ സാധ്യത എന്ന് നിശ്ചയിച്ചിരുന്നു. നമ്മുടെ നീർച്ചാൽ ശൃംഖലകളുടെയും പ്രാദേശിക ജലസ്രോതസ്സുകൾ ആയ കുളങ്ങൾ, ചിറകൾ, സുരംഗങ്ങൾ തുടങ്ങിയവയുടെയും പുനരുജ്ജീവനവും പരിപാലനവും ജലസംരക്ഷണ പ്രവർത്തനങ്ങളുടെ അനിവാര്യ ഘടകങ്ങളാണ്. ആഴം കുറഞ്ഞ തുറന്ന കിണറുകളെ കുടിവെള്ളത്തിനായി മുഖ്യമായും ആശ്രയിക്കുന്ന കേരളത്തിൽ ഭൂജല പരിപോഷണവും ജലമാലിന്യം തടയലും മുൻഗണനാ പ്രവർത്തനങ്ങളാണ്. ഇവയെല്ലാം പരിഗണിച്ച് സൂക്ഷ്മതലത്തിലുള്ള പഠനങ്ങൾക്കും ഇടപെടലുകളുടെ മുൻഗണനാ നിശ്ചയത്തിനും നീർത്തടങ്ങളിൽ നിന്ന് നദീതടങ്ങളിലേയ്ക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കി മിഷൻ പ്രവർത്തനം ആരംഭിച്ചത്. പല വകുപ്പുകളുടെയും ഏജൻസികളുടെയും പിന്തുണ നിർണായകമാകുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ഇവരുടെ ഏകോപനം ഉറപ്പാക്കുന്ന രീതി ശാസ്ത്രമാണ് അവലംബിച്ചത്.

പച്ചക്കറി ഉൽപാദനത്തിലും നെൽകൃഷിയിലും സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം സാദ്ധ്യമാകുന്നതിനുള്ള അടിത്തറ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൃഷി ഉപദൗത്യം ഹരിതകേരളം മിഷന്റെ ഭാഗമായത്. കൃഷി ലാഭകരമായ ഉപജീവന മാർഗ്ഗമാകണമെങ്കിൽ കർഷകർക്ക് ലഭ്യമാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യം തുടങ്ങിയവ ഉറപ്പാക്കുന്നതിന് വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനം തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സാദ്ധ്യമാകേണ്ടതുണ്ട്. കർഷകർക്ക് വായ്പാ സൗകര്യം ഉറപ്പാക്കുന്നതിന്



സഹകരണ മേഖലയുടെ പങ്കാളിത്തം ആവശ്യമാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ കൃഷി വ്യാപിപ്പിക്കുകയും "സുരക്ഷിത ഭക്ഷണം" എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്യേണ്ടതുണ്ട്. തരിശു കിടക്കുന്ന കൃഷി യോഗ്യമായ പ്രദേശങ്ങളിൽ ജലസേചനം, നീർവാർച്ച എന്നിവ ഉറപ്പാക്കി കർഷകർക്കു പിന്തുണ നൽകുന്ന സമീപനമാണ് മിഷൻ സ്വീകരിച്ചത്. സാദ്ധ്യമായ എല്ലാ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കുകയും പുതിയ തലമുറയെ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്ന സമീപനമാണ് കൃഷി ഉപദൗത്യത്തിന്റെ ഭാഗമായി കൈക്കൊണ്ടത്. ഇതോടൊപ്പം ഓരോ സ്ഥലത്തും ലഭ്യമായ അടിസ്ഥാന വിഭവ സ്രോതസ്സുകളായ ഭൂമി, ജലം, സൗരോർജ്ജം, മനുഷ്യശക്തി എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി പ്രകൃതിക്കിണങ്ങുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻഗണന നൽകുന്ന രീതിയും അവലംബിച്ചു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം ആരോഗ്യകരമായ ഭക്ഷണം ഉറപ്പാക്കുന്നതും മിഷന്റെ പ്രവർത്തന രീതിയാണ്.

മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം എന്നിവ വേറിട്ടു നിൽക്കുന്ന പ്രവർത്തന മേഖലകളല്ല. ജൈവമാലിന്യങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കാൻ കഴിയുന്ന കമ്പോസ്റ്റ് ജൈവകൃഷിയിലെ സുപ്രധാന ഘടകമാണ്. ജലത്തിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിൽ പ്രധാന സ്ഥാനമാണ് അതിൽ എത്തിച്ചേരാൻ സാധ്യതയുള്ള മാലിന്യങ്ങൾക്കുള്ളത്. കൃഷിക്ക് വേണ്ട അടിസ്ഥാന ഘടകമാണ് ജലം. ഇത്തരത്തിൽ പരസ്പര പൂരകങ്ങളായ മൂന്നു മേഖലകളിൽ മൂന്നു ഉപമിഷനുകളായാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യപ്പെട്ടത്.

മൂന്ന് ഉപദൗത്യങ്ങളുടെയും പ്രവർത്തന രീതിയും ലക്ഷ്യങ്ങളും തീരുമാനിച്ചു കഴിഞ്ഞ് ഇതുമായി ബന്ധപ്പെട്ടവർക്കുള്ള പരിശീലനത്തിലേക്കാണ് മിഷൻ നീങ്ങിയത്. പ്രധാനമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പിന്തുണ നൽകേണ്ട വകുപ്പുകളുടെയും

ഏജൻസികളുടെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശീലനത്തിൽ പങ്കെടുത്ത് പ്രവർത്തന ങ്ങളിലേയ്ക്ക് പ്രവേശിച്ചു. സാങ്കേതിക സമിതികൾ ജലസംരക്ഷണത്തിൽ സജീവമായി. ഇത്തരം ഒത്തുചേരലുകളും ഒരുമിച്ചുള്ള പദ്ധതി പ്രവർത്തനങ്ങളും പുതിയ അനുഭവമായി. പ്രാദേശിക അറിവുകളും സാദ്ധ്യതകളുമാണ് ഇത്തരം പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കിയത്.

മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ച് ഒരു വർഷം പിന്നിട്ടപ്പോൾ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയെ പൂർണതോതിൽ ഏറ്റെടുക്കുന്ന സ്ഥിതിയുണ്ടായി. നാളിതുവരെ ലഭ്യ മല്ലാതിരുന്ന പലതരം പിന്തുണകളും ലഭിക്കുകയും പുതിയ പ്രവർത്തന മേഖലകളിലേയ്ക്ക് കടക്കാൻ കഴിയുകയും ചെയ്തതോടെ അടുത്തഘട്ടം പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജ്ജമാണെന്ന സ്ഥിതി വന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മിഷൻ പ്രവർത്ത നങ്ങൾ പുതിയ തലങ്ങളിലേയ്ക്ക് വ്യാപിക്കുന്നതിനുള്ള രീതിശാസ്ത്രം വികസിപ്പിച്ചു.

ഹരിതകർമസേനകളെ സ്വയം പ്രവർത്തന സജ്ജമായ സംരംഭങ്ങളാക്കൽ, മാലിന്യ ശേഖര ണവും നീക്കവുമുൾപ്പെടെ നിരീക്ഷിക്കാൻ കഴിയുന്ന ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കൽ, മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിനായി സർവതലസ്പർശിയായ ജനകീയ ക്യാമ്പയിൻ നടത്തൽ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്റ്റ് (KSWMP) ഉൾപ്പെടെയുള്ള ഏജൻസികളുടെ നേതൃത്വത്തിൽ മാലിന്യക്കൂനകൾ മാറ്റൽ, സാനിറ്ററി മാലിന്യങ്ങൾ ഉൾപ്പെടെ യുള്ളവയ്ക്കുള്ള ശേഖരണ, സംസ്കരണ സംവിധാനമൊരുക്കൽ എന്നിങ്ങനെ സമഗ്രമായ മാലിന്യ സംസ്കരണ സംവിധാനങ്ങളിലേയ്ക്കുള്ള മാറ്റം ഉണ്ടായി വന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ജലബജറ്റുകൾ തയ്യാറാക്കൽ, ഹയർ സെക്ക ണ്ടറി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രാഥമിക ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കൽ, പശ്ചി മഘട്ട പ്രദേശത്തെ നീർച്ചാൽ ശൃംഖലകളെ സമ്പൂർണമായി മാപ് ചെയ്യലും വീണ്ടെടുക്കലും, ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിലെ ജലസംഭരണികളെ ഹരിത ഊർജം ഉപയോഗിച്ച് ജലസേ ചനത്തിന് പ്രയോജനപ്പെടുത്തൽ എന്നിങ്ങനെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളും പുതിയ തലങ്ങളിലേക്ക് വികസിച്ചു.

ഹരിത ഊർജ സാധ്യതകൾ പ്രയോജനപ്പെടുത്തിയും കാർബൺ പാദമുദ്ര കുറയ്ക്കാനുള്ള ഇടപെടലുകൾ നടത്തിയും നെറ്റ് സീറോ കാർബൺ അവസ്ഥയിലേക്ക് നീങ്ങാനുള്ള ചുവടു വയ്പുകളുമായി കൃഷി-പരിസ്ഥിതി പുനഃസ്ഥാപന ഉപമിഷൻ പ്രവർത്തനങ്ങളുടെയും ആഴവും വ്യാപ്തിയും വർദ്ധിച്ചു.

പാരിസ്ഥിതിക സംരക്ഷണ-പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കുള്ള അടിസ്ഥാന അവബോധ നിർമിതി നടത്തുക, ശാസ്ത്രീയവും സുസ്ഥിരവുമായ ഇടപെടലുകളിലേയ്ക്ക് ക്രമേണ വികസിക്കുന്ന പ്രവർത്തന പരിപാടികൾ രൂപപ്പെടുത്തുക, അവ നടപ്പാക്കാൻ ആവശ്യമായ പിന്തുണാ സംവി ധാനങ്ങൾ നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആത്മവിശ്വാസം വളർത്തുക, ജന കീയതയെ ഈ പ്രവർത്തനങ്ങളുടെയെല്ലാം അടിസ്ഥാന ഘടകമായി പ്രയോജനപ്പെടുത്തുക എന്നിവയെല്ലാം ഉൾച്ചേർന്ന ഒരു മാതൃകയാണ് 2016 മുതലിങ്ങോട്ടുള്ള ഒമ്പത് വർഷക്കാലവും ഹരിതകേരളം മിഷൻ രീതിശാസ്ത്രമായി അനുവർത്തിച്ചത്. ഈ രീതിശാസ്ത്രത്തിന്റെ ശരിമ തെളി യിക്കും വിധത്തിലുള്ള പ്രവർത്തനങ്ങളും അവയുടെ ഭാഗമായുള്ള സവിശേഷ മാതൃകകളുമാണ് സംസ്ഥാനത്തെമ്പാടും രൂപപ്പെട്ടുവന്നിട്ടുള്ളത്.

2



# വെള്ളം, വൃത്തി, വിളവ്: ഹരിതകേരളം മിഷൻ പ്രവർത്തന വഴികളും നേട്ടങ്ങളും

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധം വീണ്ടെടുക്കുക എന്ന സമീപനത്തോടെ ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ ശാസ്ത്രീയവും ജനകീയവുമായ ഇടപെടലുകളാണ് ഹരിതകേരളം മിഷൻ വിഭാവനം ചെയ്തത്. പരമ്പരാഗത രീതികൾക്കപ്പുറം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നീർത്തട പരിപാലനം ഉറപ്പാക്കിയും, മലിനമായ ജലാശയങ്ങളെ ശുചീകരിച്ചും സംസ്ഥാനത്തിന്റെ ജലസമൃദ്ധി തിരിച്ചുപിടിക്കാൻ ഈ കാലയളവിൽ സാധിച്ചു. തരിശുഭൂമികളെ ഹരിതാഭമാക്കിയും തണ്ണീർത്തടങ്ങളെ പുനരുജ്ജീവിപ്പിച്ചും കൃഷിയെ ഒരു സുസ്ഥിര ജീവിതചര്യയായി മാറ്റുന്നതിൽ മിഷൻ വലിയ പങ്കുവഹിച്ചു. അതോടൊപ്പം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചുകൊണ്ട് ശാസ്ത്രീയമായ മാലിന്യസംസ്കരണ സംസ്കാരം കെട്ടിപ്പടുക്കാനും, തുടർച്ചയായ ബോധവൽക്കരണത്തിലൂടെ ശുചിത്വപൂർണ്ണമായ ഒരു പൊതുബോധം സൃഷ്ടിക്കാനും മിഷന് കഴിഞ്ഞു. നിയമനിർമ്മാണവും ജനകീയ

പങ്കാളിത്തവും കൈകോർത്ത ഈ പ്രവർത്തനങ്ങൾ കേരളത്തിന്റെ ഭക്ഷ്യ-ജല സുരക്ഷ ഉറപ്പാക്കുന്നതിനൊപ്പം വരുംതലമുറയ്ക്കായി ആരോഗ്യകരവും ശുചിത്വ സമ്പൂർണ്ണവുമായ അന്തരീക്ഷം സൃഷ്ടിച്ചു. കഴിഞ്ഞ ഒരു ദശാബ്ദ കാലം കേരളത്തിന്റെ പരിസ്ഥിതിക മേഖലയിൽ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളെ വിശദമായി അടുത്തറിയാം.

## 2.1. ജലസംരക്ഷണ ഉപമിഷൻ

സംസ്ഥാനത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിൽ കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ഹരിത കേരളം മിഷനിലൂടെ നിർണായകമായ മുന്നേറ്റമാണ് നടന്നത്. ശാസ്ത്രീയമായ നീർത്തട പരിപാലനത്തിലൂടെയും പൊതുജന പങ്കാളിത്തത്തോടെയുള്ള ജനകീയ ഇടപെടലുകളിലൂടെയും സംസ്ഥാനത്തെ നഷ്ടപ്പെട്ടുപോയ ജലസമൃദ്ധി വലിയതോതിൽ തിരിച്ചുപിടിക്കാൻ നമുക്ക് സാധിച്ചു. മലിനമായിക്കിടന്ന ജലാശയങ്ങളെ ശുചീകരിച്ചും, നീരൊഴുക്കുകൾ പുനഃസ്ഥാപിച്ചും, തീരശോഷണം തടയാനുള്ള ജൈവകവചങ്ങൾ ഒരുക്കിയും ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് മിഷൻ വിഭാവനം ചെയ്തത്. കേവലം ജലശേഖരണം എന്നതിലുപരി, പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ സ്വാഭാവികമായ നിലനിൽപ്പ് ഉറപ്പാക്കുന്നതിലൂടെ ഒരു സുസ്ഥിര ജലസംസ്കാരം കെട്ടിപ്പടുക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ ജലസുരക്ഷയ്ക്കായി നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളെ നമുക്ക് വിശദമായി പരിശോധിക്കാം.

ജനസാമാന്യത്തിന്റെ പൊതുസങ്കൽപ്പത്തിന് കടകവിരുദ്ധമായ ഒന്നാണ് കേരളത്തിലെ വെള്ളത്തെ കുറിച്ചുള്ള യാഥാർത്ഥ്യം. കേരളത്തെ സംബന്ധിച്ച്, അനിശ്ചിതമായ വാർഷിക വ്യതിയാനങ്ങളുള്ള പരിമിതമായ പ്രകൃതിവിഭവമാണ് ജലം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ



## മാർഗ്ഗരേഖ

(സർക്കാർ ഉ. നം.20/2017/ജ.വി. വകുപ്പ് 23/10/2017)




അപേക്ഷിച്ച് കേരളത്തിൽ വാർഷിക ശരാശരിയായ 3100 മില്ലിമീറ്റർ മഴ ലഭിക്കുന്നു എന്നത് വലിയ കാര്യമാണ്. മഴ ലഭ്യതയിൽ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ടെങ്കിലും സ്ഥൂല തലത്തിൽ, വാർഷിക മഴ സംസ്ഥാനത്ത് വലിയ വ്യത്യാസങ്ങൾക്ക് വിധേയമായിട്ടില്ല.

ഇടനാടുകളിലും തീരപ്രദേശങ്ങളിലും ജലസ്രോതസ്സുകൾ നേരിടുന്ന പാരിസ്ഥിതിക നാശം അതീവ ഗുരുതരമാണ്. സസ്യജാലങ്ങൾ, നീർത്തടങ്ങൾ, വയലുകൾ എന്നിവയുടെ നാശം ഈ മേഖലകളിൽ വ്യാപകമാകുന്നു. ചെറിയ അരുവികളും നീർച്ചാലുകളും അടഞ്ഞുപോകുന്നതും അപ്രത്യക്ഷമാകുന്നതും മഴക്കാലത്ത് വെള്ളപ്പൊക്കത്തിനും വേനലിൽ രൂക്ഷമായ ജലക്ഷാമത്തിനും കാരണമാകുന്നു.

കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരവും വലിയ തോതിൽ കുറഞ്ഞിരിക്കുന്നതായാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മലിനമാകുന്നു എന്ന വസ്തുത CWRDM പോലുള്ള ഏജൻസികൾ നടത്തിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നു. ജലജന്യരോഗങ്ങൾ വർധിക്കുന്നത് ഇതിന്റെ വ്യക്തമായ സൂചനയാണ്.

ഈ സാഹചര്യത്തിലാണ് 2016-ൽ അധികാരത്തിൽ വന്ന സർക്കാർ ജലസുരക്ഷയ്ക്കായി സമഗ്രമായ പദ്ധതികൾ വാഗ്ദാനം ചെയ്തത്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ സൂക്ഷ്മ നീർത്തട തലത്തിൽ നിന്ന് ആരംഭിച്ച് നദീതട തലത്തിൽ ഏകോപിപ്പിക്കുമെന്നും, ജലമലിനീകരണം തടയുമെന്നും സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിനായി തദ്ദേശ സ്വയംഭരണ തലത്തിൽ ജലപരിശോധനാ ലാബുകൾ സ്ഥാപിക്കുമെന്നും, ജലസ്രോതസ്സുകൾ സംരക്ഷിച്ച് അരുവികൾ പുനരുജ്ജീവിപ്പിക്കുമെന്നും തിരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ വ്യക്തമാക്കിയിരുന്നു.

## 2.1.1. ജലസുരക്ഷ

സംസ്ഥാന സർക്കാർ ആരംഭിച്ച നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. മിഷന്റെ ലക്ഷ്യത്തെയും മൂല്യങ്ങളെയും കുറിച്ചുള്ള ഔദ്യോഗിക അറിയിപ്പിൽ സംസ്ഥാനത്തിന്റെ രണ്ട് സവിശേഷ ഘടകങ്ങളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശുചിത്വവും ശുദ്ധജല സമൃദ്ധിയും വീണ്ടെടുക്കുക എന്നതാണവ. ഈ ലക്ഷ്യപ്രാപ്തിക്കായി വിവിധ തലങ്ങളിലുള്ള ഇടപെടലുകളുടെ ഒരു ശൃംഖല തന്നെ മിഷന്റെ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുവച്ചിരുന്നു. ജനകീയ ബോധവൽക്കരണം, ജനകീയ ഇടപെടലുകൾ, ശാസ്ത്രീയ രേഖകളുടെ നിർമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള ഇടപെടൽ, വകുപ്പുകളുടെ ഏജൻസികളുടെയും പിന്തുണ ലഭ്യമാക്കൽ, ഏകോപനത്തിന്റെ സാധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തൽ, പ്രാദേശിക പ്രശ്നങ്ങൾക്കനുസരിച്ചുള്ള പ്രത്യേക മാതൃകകളുടെ ആസൂത്രണം, സവിശേഷ പ്രതിസന്ധികൾ നേരിടാനുള്ള സമഗ്ര പ്രതികരണങ്ങൾ എന്നിങ്ങനെ നീളുന്നു ആ പ്രവർത്തന ശൃംഖല.

## 2.1.2. ജലമിതോപയോഗം മുതൽ ജലജന്യരോഗങ്ങൾ തടയൽ വരെ

കേരളത്തിന്റെ ജലസുരക്ഷ ഉറപ്പാക്കുന്നതിനും ജലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുമായി രണ്ട് വ്യത്യസ്ത ഘട്ടങ്ങളിലായി ആവിഷ്കരിക്കപ്പെട്ട ജനകീയ മുന്നേറ്റമാണ് 'ജലമാണ് ജീവൻ'. 2016-ലെ രൂക്ഷമായ വരൾച്ചയെത്തുടർന്ന് ആരംഭിച്ച ഒന്നാം ഘട്ടം, കേരളം ജലസമൃദ്ധമാണെന്ന മിഥ്യാധാരണ തിരുത്തി ജലത്തിന്റെ മിതവ്യയവും പുനരുപയോഗവും ഓരോ പൗരന്റെയും ഉത്തരവാദിത്തമാണെന്ന ബോധ്യം വളർത്താനാണ് ലക്ഷ്യമിട്ടത്.

2024 നു മുൻപ് പസിഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം രൂപപ്പെട്ട 2016 - 2017 ൽ കേരളത്തിൽ വലിയ തോതിൽ വരൾച്ചയും ജലക്ഷാമവും അനുഭവപ്പെട്ടിരുന്നു. 2024 ൽ 2016നെ അപേക്ഷിച്ചു ചൂട് കൂടുതലായിരുന്നു. 2016 - 17 ൽ ജലക്ഷാമം നേരിടുന്നതിനായി ടാങ്കർ ലോറികൾക്കൊപ്പം 5000 ജല കിയോസ്കുകളും തുറന്നിരുന്നു. ഇതിനായി 2017 മാർച്ച് 2നു പ്രത്യേക സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഇതോടൊപ്പം തിരുവനന്തപുരം നഗരത്തിലെ ജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിനു നെയ്യാർ ഡാമിൽ നിന്ന് അരുവിക്കരയിലേക്ക് വെള്ളം എത്തിച്ചിരുന്നു. അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നെങ്കിലും 2024ൽ വലിയ തോതിൽ ജലക്ഷാമം അനുഭവപ്പെട്ടില്ല. തുലാവർഷം മെച്ചമായിരുന്നതിനൊപ്പം ജലമേഖലയിലെ മിഷന്റെ നേതൃത്വത്തിലുള്ള സർക്കാർ ഇടപെടലിലൂടെ പ്രാദേശിക ജലസ്രോതസ്സുകൾ കൂടുതലായി ഉപയോഗിക്കാനും കഴിഞ്ഞതാണ് 2024ൽ വലിയ ജലക്ഷാമം അനുഭവപ്പെടാതിരിക്കാൻ കാരണം.

എന്നാൽ 2025-ൽ അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തതോടെ ആരംഭിച്ച രണ്ടാം ഘട്ടം, ജലസ്രോതസ്സുകളുടെ ശുചിത്വത്തിലൂടെ ജീവൻ രക്ഷിക്കുക എന്ന അടിയന്തര ലക്ഷ്യത്തിലേക്ക്

ശ്രദ്ധ കേന്ദ്രീകരിച്ചു. കിണറുകൾ ക്ലോറിനേറ്റ് ചെയ്യുക, വാട്ടർ ടാങ്കുകളും കുളങ്ങളും ശുചീകരിക്കുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രായോഗിക പ്രവർത്തനങ്ങളിലൂന്നിയ ഒരു സമഗ്ര ജനകീയ സമീപനമാണ് ഇതിനായി സ്വീകരിച്ചത്. കേവലം ജലസംരക്ഷണം എന്നതിലുപരി, ജാഗ്രതയോടെയുള്ള ആരോഗ്യസംരക്ഷണം കൂടി ഉൾപ്പെടുത്തിയ ഒരു പുതിയ ജലസംസ്കാരം കേരളത്തിൽ രൂപപ്പെടുത്താൻ ഈ ക്യാമ്പയിനുകൾക്ക് സാധിച്ചു.

## 2.1.3. നീർത്തട പ്ലാനുകളിൽ നിന്ന് നീരുറവ് പദ്ധതിയിലേയ്ക്ക്

സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ നീർത്തടാധിഷ്ഠിതമായി നടത്തണമെന്ന ആശയം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ തുടക്കം മുതൽ ശക്തമായി ഉയർന്നു കേൾക്കുന്നതാണ്. പ്രായോഗികമായി നടപ്പിലാക്കപ്പെടാത്ത ഈ ആശയത്തിന്റെ പൂർത്തീകരണത്തിനായി 2019 ൽ സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നീർത്തട പ്ലാനുകളും അവ സംയോജിപ്പിച്ച് ബ്ലോക്ക് തലത്തിൽ മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനത്തിന് ഹരിതകേരളം മിഷൻ വഴിതെളിച്ചു. ഈ നീർത്തട പ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ച് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ നീർത്തടാധിഷ്ഠിത പ്രവർത്തനമാണ് 'നീരുറവ്'. ഒരു നീർത്തടത്തിന്റെ മുകളിൽ നിന്ന് തുടങ്ങി ജല സ്രോതസ്സുകളിലേക്ക്  എത്തിച്ചേരുന്ന സമഗ്രമായ ജലസംരക്ഷണ ഇടപെടലുകൾ നടത്തിയാൽ മഴക്കാലത്ത് കരകവിഞ്ഞൊഴുകാതെയും വേനൽക്കാലത്ത് വറ്റിവരണ്ടു പോകാതെയും നമ്മുടെ പുഴകളെയും നീർച്ചാലുകളെയും നിലനിർത്താനാവുമെന്ന കാഴ്ചപ്പാടാണ് നീരുറവ് മുന്നോട്ടുവച്ചത്. നടപ്പാക്കപ്പെട്ട സ്ഥലങ്ങളിലൊക്കെ ഗുണപരമായി വലിയ മാറ്റം സൃഷ്ടിക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

## 2.1.4. പങ്കാളിത്ത പ്രവർത്തനത്തിന്റെ പുത്തൻ അനുഭവം

ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ബ്ലോക്ക് തലത്തിലും ജലസംരക്ഷണ സാങ്കേതിക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിരുന്നു. ഹരിതകേരളം മിഷന്റെ ഈ സാങ്കേതിക സമിതികളിൽ  കർഷകരുടെയും പ്രാദേശിക തലത്തിലുള്ള വിദഗ്ധരുടെയും വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള  വിദഗ്ധരുടെയും പങ്കാളിത്തം മികച്ച പ്രോജക്ടുകളും കർമപദ്ധതിയും രൂപീകരിക്കുന്നതിൽ ഫലപ്രദമായി മാറി. പ്രാദേശികമായ സവിശേഷതകൾ ഇവിടെ  പരിഗണിക്കപ്പെട്ടു. പരമ്പരാഗതമായ പദ്ധതിരൂപീകരണത്തിൽ അപൂർവമായി മാത്രം സംഭവിക്കുന്ന കാര്യമാണിത്.സാങ്കേതിക സമിതികൾക്ക് വേണ്ടി മീറ്റിങ്ങുകളും ട്രാൻസെക്റ്റ് വാക്കും സംഘടിപ്പിക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്തു. പങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തൊട്ടാകെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ  1014 നീർത്തട പദ്ധതികൾ പൂർത്തികരിച്ചു. നിരവധിപേർ സാക്ഷ്യപ്പെടുത്തിയതുപോലെ വിദഗ്ധർക്ക് ഇതൊരു പുതിയ ജ്ഞാനാനുഭവമായിരുന്നു. പ്രാദേശിക ജലസ്രോതസ്സുകളുടെ പ്രാധാന്യവും അവ  സംരക്ഷിക്കുന്നതിനുള്ള സാധ്യതകളും പ്രാദേശിക ഇടപെടലുകളിലൂടെ കൂടുതൽ പ്രദേശങ്ങളിൽ ജലസേചന സൗകര്യമൊരുക്കുന്നതും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇടപെടലുകളുടെ പ്രത്യേകതയാണ്.

## 2.1.5. ജലലഭ്യതയും ജലാവശ്യങ്ങളും കണക്കിലെടുത്ത് ജലസുരക്ഷയ്ക്കായുള്ള ചുവടുവയ്പ്പ്

ജലലഭ്യതയും ഉപഭോഗവും കൃത്യമായി കണക്കാക്കി, പ്രാദേശികാടിസ്ഥാനത്തിൽ ജലവിഭവങ്ങൾ വിനിയോഗിക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച വിപ്ല വകരമായ പദ്ധതിയായിരുന്നു 'ജല ബജറ്റ്'. തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ജലബജറ്റ് തയ്യാറാക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറിയത് ഈ ദൗത്യ ത്തിലൂടെയായിരുന്നു. മാറുന്ന ഭൂപ്രകൃതിയും ഭൂവിനിയോഗവും ജലലഭ്യതയിൽ വരുത്തുന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ്, ഓരോ പ്രദേശത്തെയും ജലത്തിന്റെ ദൗർലഭ്യവും അധികലഭ്യതയും ശാസ്ത്രീയമായി വിശകലനം ചെയ്യുകയായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. 2023 ഏപ്രിൽ 17-ന് പ്രകാശനം ചെയ്യപ്പെട്ട ജലബജറ്റ് മാർഗ്ഗരേഖ, ദേശീയ തലത്തിൽ തന്നെ വലിയ ശ്രദ്ധയാകർഷിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാന യൂണിറ്റുകളായി കണ്ട്, ജൂൺ 1 മുതൽ മെയ് 31 വരെയുള്ള ഒരു 'ജലവർഷം' കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, CWRDM തുടങ്ങിയ ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സജീവ പങ്കാളിത്തം ഈ പദ്ധതിയിൽ ഉറപ്പാക്കി. ഉപരിതല ജലം, മഴ എന്നിവയോടൊപ്പം ഗാർഹികം, കൃഷി, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ ജലാവശ്യകതയും പരിഗണിച്ചാണ് റിപ്പോർട്ടുകൾ തയ്യാറാക്കിയത്. വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിൽ പൈലറ്റടിസ്ഥാനത്തിൽ തുടങ്ങിയ ഈ ദൗത്യം പിന്നീട് സംസ്ഥാനത്തെ 706 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിക്കുകയും, 2026 ജനുവരിയോടെ 535 ഇടങ്ങളിൽ റിപ്പോർട്ട് അവതരണം പൂർത്തിയാക്കുകയും ചെയ്തു.

ജല ബജറ്റിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഉപയോഗിച്ച് 'ജലസുരക്ഷാ പ്ലാൻ' തയ്യാറാക്കുക എന്നതായിരുന്നു പദ്ധതിയുടെ രണ്ടാം ഘട്ടം. 'നീരുറവ്' എന്ന പ്രത്യേക ക്യാമ്പയിനിലൂടെ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഇതിലൂടെ സാധിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഈ ദൗത്യം പൂർണ്ണമായും കൈവരിച്ചുകൊണ്ട് മുൻപന്തിയിൽ നിന്നു. ഭൂജല ലഭ്യത കുറഞ്ഞ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് വരുംതലമുറയ്ക്ക് സുരക്ഷിതമായ ജലസമ്പത്ത് ഉറപ്പാക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു.

## 2.1.6. പ്രളയാനന്തര ജല ഗുണനിലവാര പരിശോധനകൾ മുതൽ ജല ലാബുകൾ വരെ

2018ലെ മഹാപ്രളയത്തിൽ സംസ്ഥാനത്തെമ്പാടും തുറന്ന കിണറുകളിൽ മലിനജലം ഒഴുകിയെത്തുന്ന സ്ഥിതിയുണ്ടായി. പ്രളയാനന്തര ശുചീകരണത്തിന്റെ ഭാഗമായി ഈ കിണറുകൾ വൃത്തിയാക്കിയെങ്കിലും അവയിലെ ജലം കുടിക്കാൻ അനുയോജ്യമാണോ എന്ന സംശയം നിലനിന്നിരുന്നു. ഈ സാഹചര്യത്തിലാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ, പ്രളയബാധിത പ്രദേശങ്ങളിലെ കിണർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള മൊബൈൽ



സംവിധാനം ഒരുക്കിയത്. ഈ പരിശോധനയിൽ മലിനമായി കണ്ടെത്തിയ കിണറുകളിൽ ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും ഉൾപ്പെടെയുള്ള ഇടപെടലുകൾ നടത്തി അവ ഉപയോഗയോഗ്യമാക്കി മാറ്റുകയായിരുന്നു. ഈ ഇടപെടലിന്റെ വിജയവും പ്രാദേശികമായി ജല പരിശോധനാ സൗകര്യങ്ങൾ ആവശ്യമാണെന്ന തിരിച്ചറിവുമാണ്, സ്കൂൾ ലാബുകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ ദൗത്യം സംസ്ഥാനവ്യാപകമായി വികസിപ്പിക്കാൻ മിഷനെ പ്രേരിപ്പിച്ചത്. അങ്ങനെ പ്രളയകാലത്തെ ഒരു താൽക്കാലിക പ്രതിരോധ സംവിധാനം, പിന്നീട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സ്ഥിരമായ ജല ഗുണനിലവാര പരിശോധനാ ലാബുകളായി മാറുന്ന രീതിയിലുള്ള ഒരു വിപുലമായ സമീപനമാണ് സ്വീകരിച്ചത്.

## 2.1.7. ജലസേചനത്തിന്റെ പുതിയ സാധ്യതകൾ

വേനൽക്കാല ജലസേചനത്തിനുൾപ്പെടെ രൂക്ഷമായ ക്ഷാമം നേരിടുന്ന അവസ്ഥ ഒരു ഭാഗത്ത് നിലനിൽക്കുമ്പോൾ തന്നെ വലിയ ജലസംഭരണികളിലെ ജലം അല്പം പോലും പ്രയോ ജനപ്പെടുത്താതെ അവശേഷിക്കുന്നുണ്ടെന്നത് കേരളത്തിന്റെ ഒരു പൊതു അവസ്ഥയാണ്. ഇപ്രകാരം ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ജലസംഭരണികളിൽ പ്രധാനപ്പെട്ടതാണ് സംസ്ഥാനത്തുടനീളമുള്ള ഉപേക്ഷിക്കപ്പെട്ട  പാറക്വാറികൾ. ഈ ജലത്തെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി  ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കി. ആദ്യ പ്രവർത്തനം എന്ന നിലയിൽ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ഉപേക്ഷിക്കപ്പെട്ട പാറമടയിൽ നിന്നുള്ള ജലം സോളാർ വൈദ്യുതി ഉപയോഗിച്ച് പമ്പ് ചെയ്തു 6 വാർഡുകളിൽ 308.8 ഏക്കർ സ്ഥലത്തു ജലസേചന സൗകര്യം ഏർപ്പെടുത്തി. 10 കിലോ വാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സോളാർ പാനലുകളാണ് സബ്സിഡിയോടു കൂടി സ്ഥാപിച്ചിട്ടുള്ളത്. ഒരു ദിവസം 25 യൂണിറ്റ് വൈദ്യുതി ഇതിൽ നിന്നും ലഭിക്കും. അധികമായി ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില




ഗ്രാമപഞ്ചായത്തിന് ലഭ്യമാകും. തിരുവനന്തപുരത്തു നടന്ന 'കേരളീയത്തിൽ' ഈ പദ്ധതിയുടെ വർക്കിംഗ് മോഡൽ അവതരിപ്പിച്ചത് വലിയ ശ്രദ്ധയാകർഷിച്ചു. തുടർന്ന് സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ 3 കോടി രൂപ ഈ പദ്ധതിക്കായി വിലയിരുത്തി. ഈ തുക ഉപയോഗിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി അനുയോജ്യമാണെന്ന് കണ്ടെത്തിയ 286 പാറക്വാറികളിൽ പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

## 2.1.8. പ്രകൃതിദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ

പശ്ചിമ ഘട്ടത്തോട് ചേർന്ന് കിടക്കുന്ന സംസ്ഥാനം എന്ന നിലയിൽ നമ്മുടെ പ്രധാന നദികളുടെ ഉദ്ഭവസ്ഥാനമാണ് ഈ മലനിരകൾ. പടിഞ്ഞാറോട്ടും കിഴക്കോട്ടും ഒഴുകുന്ന നീർച്ചാലുകളെ തമ്മിൽ വേർതിരിക്കുന്നത് ഈ മലനിരകളാണ്. പാരിസ്ഥിതികമായി വളരെ പ്രാധാന്യമുള്ളതും എന്നാൽ ദുർബ്ബലവുമാണ് ഈ പ്രദേശം. ഇവിടെ പാറകൾക്കു മുകളിലുള്ള മണ്ണിന്റെ ഘനം രണ്ടു മുതൽ മുപ്പതു മീറ്റർ വരെയാണ്. പാറകളിൽ പല തരത്തിലുള്ള വിള്ളൽ ഉള്ള പ്രദേശവുമാണ്. ഇത്തരം വിള്ളലുകളിലേക്കു വെള്ളം ഇറങ്ങി രൂപപ്പെടുന്ന മർദ്ദം പിന്നീട് ലഭിക്കുന്ന ശക്തമായ മഴയുടെ കൂടെ പശ്ചാത്തലത്തിൽ പാറ പൊട്ടി മുകളിലുള്ള മരങ്ങളും നിർമ്മിതികളും ഉൾപ്പടെ താഴേക്ക് പതിക്കുന്ന അവസ്ഥയുണ്ടാക്കുന്നു. ഇത്തരം പ്രദേശങ്ങളിൽ നടക്കുന്ന ചെറുതും വലുതുമായ ഉരുൾ പൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും ഒരു കാരണം നീർവാർച്ചാ സമ്പ്രദായത്തിന്റെ പരാജയമാണെന്ന് (Failure of drainage system) ശാസ്ത്രലോകം അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ 2018 ൽ നടന്ന ഉരുൾ പൊട്ടലിനെപ്പറ്റി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (GSI), സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം നടത്തിയ പഠനത്തിലും ഇത് വ്യക്തമാണ്.

ഈ ശാസ്ത്രീയ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഐ.ടി. മിഷനുമായി ചേർന്ന് നീർച്ചാലുകൾ ഉപഗ്രഹ മാപ്പുകളിൽ അടയാളപ്പെടുത്തുന്ന പ്രവർത്തനമായ 'മാപ്പത്തോൺ' ആരംഭിച്ചു. ഈ പ്രവർത്തനത്തിനായി പശ്ചിമഘട്ടത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന 9 ജില്ലകളിലെ 230 ഗ്രാമപഞ്ചായത്തുകളാണ് തെരഞ്ഞെടുത്തത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (RKI) ന്റെ സാമ്പത്തിക പിന്തുണയോടെ ഫീൽഡിൽ സഞ്ചരിച്ച് പ്രത്യേക സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നീർച്ചാലുകൾ അടയാളപ്പെടുത്തുന്ന പ്രവർത്തനം 230 ഗ്രാമപഞ്ചായത്തുകളിൽ



പൂർത്തീകരിച്ചു. ഇത്തരത്തിൽ തയ്യാറാക്കിയ മാപ്പുകൾ പഞ്ചായത്തുകൾക്ക് കൈമാറി തുടർ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്ന സെമിനാറുകൾ 179 ഗ്രാമപഞ്ചായത്തുകളിൽ പൂർത്തീകരിച്ചു. പൊതുവെ ഇത്തരം പ്രവർത്തനങ്ങളുമായി പൂർണ്ണമായി സഹകരിക്കാത്ത പ്രദേശവാസികൾ പോലും അവരുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ മിഷന്റെ പ്രവർത്തനത്തെ പൂർണ്ണമായി പിന്തുണയ്ക്കുന്നുണ്ട്. അടുത്ത ഘട്ടത്തിൽ നീർച്ചാലുകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം ഏറ്റെടുക്കേണ്ടതുണ്ട്. ഈ മേഖലയിൽ താമസിക്കുന്ന 50 ലക്ഷം ആളുകൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിന് ഇത് സഹായകരമാകും.

## 2.1.9. ജലസ്രോതസ്സുകളുടെ വീണ്ടെടുക്കൽ

സംസ്ഥാനത്തെ പ്രധാന നദികൾ കരകവിഞ്ഞു ഒഴുകുന്ന അപൂർവ്വ അവസരങ്ങളേക്കാൾ ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്നത് നിരന്തരമുണ്ടാകുന്ന പ്രാദേശിക വെള്ളപ്പൊക്കങ്ങളാണ്. ഇത്തരത്തിൽ നീർച്ചാലുകൾ കരകവിഞ്ഞുണ്ടാകുന്ന വെള്ളം, മഴ കുറഞ്ഞാലും കരയിൽ നിന്ന് ഇറങ്ങാത്ത അവസ്ഥയുണ്ട്. നമ്മുടെ സ്വാഭാവിക നീർച്ചാലുകൾ അടഞ്ഞു പോകുന്നത്, വഴി തിരിച്ചു വിടുന്നത്, തടസ്സപ്പെടുത്തുന്നത് ഒക്കെയാണ് ഇതിന്റെ കാരണം. ഒഴുക്ക് നിലച്ച നീർച്ചാലുകൾ ജലജന്യ രോഗങ്ങൾക്കും കാരണമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനായി വിവിധതരം ക്യാമ്പയിനുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. "ഇനി ഞാനൊഴുകട്ടെ" എന്ന പേരിൽ 3 ഘട്ടങ്ങളിലായായി നടത്തിയ ക്യാമ്പയിനാണ് ഇതിൽ പ്രധാനം. ഒന്നര ലക്ഷത്തിൽ പരം വളണ്ടിയർമാർ ഈ ക്യാമ്പയിനിൽ പങ്കാളികളായി. ഇത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മലിനീകരണം ഒഴിവാക്കുന്നതിനും സഹായകരമായ ഇടപെടലാണ്.



## 2.1.10. ജലസംരക്ഷണ ഉപമിഷൻ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിൽ വിസ്മയിപ്പിക്കുന്ന നേട്ടങ്ങളാണ് കഴിഞ്ഞ കാലയളവിൽ കൈവരിക്കാനായത്. 2021 വരെയുള്ള അഞ്ചു വർഷത്തിനുള്ളിൽ 412 കിലോമീറ്റർ പുഴകളും 45,736 കിലോമീറ്റർ തോടുകളും പുനരുജ്ജീവിപ്പിക്കാൻ സാധിച്ചു. ഹരിതകേരളം മിഷന്റെ തുടർച്ചയായ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ഡിസംബർ വരെയുള്ള കാലയളവിൽ 54,770 കിലോമീറ്റർ നീർച്ചാലുകളും 4,356 കുളങ്ങളും നവീകരിച്ചു. 2016 മുതൽ ഇതുവരെയുള്ള സർക്കാരിന്റെ കാലത്തെ പ്രവർത്തനങ്ങൾ കൂടി കണക്കിലെടുത്താൽ ആകെ 1,00,506 കിലോമീറ്ററിലധികം നീർച്ചാലുകൾക്കാണ് പുനർജന്മം നൽകിയത്. ഒരിക്കൽ ശുചീകരിച്ച നീർച്ചാലുകൾ വീണ്ടും ശുചീകരിച്ചതും കൂടി ചേർത്തുള്ള കണക്കുകളാണിവ. മലിനമായി കിടന്ന വരട്ടാർ, കാനാമ്പുഴ, കിള്ളിയാർ, കുട്ടമ്പേരൂർപുഴ തുടങ്ങിയ നിരവധി ജലസ്രോതസ്സുകൾ ജനകീയ പങ്കാളിത്തത്തോടെ ശുദ്ധീകരിച്ച് നീരൊഴുക്ക് പുനഃസ്ഥാപിച്ചു. മീനച്ചിലാർ - മീനന്തറയാർ - കൊടൂരാർ പുനസംയോജനം സാധ്യമാക്കിയതിലൂടെ 5650 ലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു എന്നത് ഈ ദൗത്യത്തിന്റെ ഏറ്റവും വലിയ വിജയമായി കണക്കാക്കാം.

ശാസ്ത്രീയമായ നീർത്തട പരിപാലനമാണ് ഈ പദ്ധതിയുടെ മറ്റൊരു പ്രധാന വശം.

### ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പും പുനരുജ്ജീവനവും

- 1,00,506 കിലോമീറ്ററിലധികം നീർച്ചാലുകൾ വീണ്ടെടുത്തു.
- 412 കിലോമീറ്റർ പുഴകൾ പുനരുജ്ജീവിപ്പിച്ചു.
- 45,736 കിലോമീറ്റർ തോടുകൾ ശുചീകരിച്ച് നീരൊഴുക്ക് പുനഃസ്ഥാപിച്ചു.
- 29,617 പഴയ കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു, കൂടാതെ 24,938 പുതിയ കുളങ്ങൾ നിർമ്മിച്ചു.
- കുളങ്ങളുടെ നവീകരണത്തിലൂടെയും നിർമ്മാണത്തിലൂടെയും 1.21 കോടി ഘനമീറ്റർ അധിക ജലസംഭരണ ശേഷി ഉറപ്പാക്കി.
- 978 സ്ഥിരം തടയണകളും 86,151 താൽക്കാലിക തടയണകളും നിർമ്മിച്ചു.

### ശാസ്ത്രീയ നീർത്തട പരിപാലനം

- 1,013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാനുകളും 105 ബ്ലോക്ക്തല മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി.
- 60,116 ഏക്കറോളം വൃഷ്ടിപ്രദേശങ്ങളിൽ പരിരക്ഷാ പ്രവർത്തനങ്ങൾ നടത്തി.
- 73,644 കിണറുകൾ റീചാർജ്ജ് ചെയ്തു, 13,942 കിണറുകൾ നവീകരിച്ചു.

സംസ്ഥാ നത്തെ 1,013 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും 105 ബ്ലോക്ക്തല മാസ്റ്റർ പ്ലാനുകൾ രൂപീകരിക്കുകയും ചെയ്തു. ഇതിലൂടെ 60,116 ഏക്കറോളം വൃഷ്ടിപ്രദേശങ്ങൾ പരിരക്ഷിക്കപ്പെട്ടു. ഭൂഗർഭ ജലവിതാനം നിലനിർത്തുന്നതിനായി 73,644 കിണറുകൾ റീചാർജ്ജ് ചെയ്യുകയും 13,942 കിണറുകൾ നവീകരിക്കുകയും ചെയ്തു. കൂടാതെ, 24,938 പുതിയ കുളങ്ങൾ നിർമ്മിച്ചും 29,617 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചും ഏകദേശം 1.21 കോടി ഘനമീറ്റർ ജലസംഭരണ ശേഷി അധികമായി ഉറപ്പാക്കാൻ സാധിച്ചു. നീർച്ചാലുകളിൽ ജലസംഭരണം വർദ്ധിപ്പിക്കുന്നതിനായി 978 സ്ഥിരം തടയണകളും 86,151 താൽക്കാലിക തടയണകളും നിർമ്മിച്ചത് കാർഷിക മേഖലയ്ക്കും ഏറെ ആശ്വാസമായി.

ജനകീയ പങ്കാളിത്തത്തോടെയുള്ള 'ഇനി ഞാനൊഴുകട്ടെ' എന്ന ക്യാമ്പയിൻ കേരളത്തിലെ നീർച്ചാലുകളുടെ വീണ്ടെടുപ്പിൽ നിർണ്ണായക പങ്കുവഹിച്ചു. 7,291 കിലോമീറ്റർ നീർച്ചാലുകൾ ശുചീകരിച്ചതിലൂടെ കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ പ്രളയസമയത്ത് വെള്ളക്കെട്ടിന്റെ തീവ്രത കുറയ്ക്കാൻ സാധിച്ചു. ഇതിനുപുറമെ, ഉപേക്ഷിക്കപ്പെട്ട പാറമടകളിലെ ജലം കൃഷിക്കും കുടിവെള്ളത്തിനുമായി പ്രയോജനപ്പെടുത്തുന്ന പദ്ധതിയും ആവിഷ്കരിച്ചു. ജലലഭ്യത കൃത്യമായി കണക്കാക്കാൻ കാട്ടാക്കട മണ്ഡലത്തിലെ 100 കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ചത് പുതിയൊരു മാതൃകയാണ്. സി.ഡബ്ല്യു.ആർ.ഡി.എം.-ന്റെ (CWRDM) സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചത് ജലസുരക്ഷാ ആസൂത്രണത്തിൽ കേരളത്തെ ഇന്ത്യയിൽ തന്നെ ഒന്നാമതാക്കി മാറ്റും.

കണ്ണൂർ ജില്ലയിലെ കാനാമ്പുഴ പുനരുജ്ജീവന പ്രവർത്തനം വകുപ്പുകളുടെ ഏകോപനത്തിന്റെ മികച്ച ഉദാഹരണമാണ്. 5,000-ത്തോളം വോളന്റീയർമാർ പങ്കെടുത്ത ജനകീയ ശുചീകരണ പ്രവർത്തനങ്ങൾക്ക് ശേഷം നബാർഡ്, എം.എൽ.എ ഫണ്ട് എന്നിവ ഉപയോഗിച്ച് തടയണകൾ നിർമ്മിക്കുകയും പാർശ്വഭിത്തികൾ സംരക്ഷിക്കുകയും ചെയ്തു. കയർ ഭൂവസ്ത്രം വിരിച്ച് മണ്ണൊലിപ്പ് തടഞ്ഞും സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചും പുഴയോരം മനോഹരമാക്കി. എളയാവൂർ വയലിലടക്കം 165 ഏക്കർ പ്രദേശത്ത് കൃഷിയിൽ ഗണ്യമായ

### നൂതന പദ്ധതികളും നയരൂപീകരണവും

- ഇന്ത്യയിൽ ആദ്യമായി പ്രാദേശികാടിസ്ഥാനത്തിൽ ജല ബജറ്റ് തയ്യാറാക്കിയ സംസ്ഥാനമായി കേരളം മാറി (706 തദ്ദേശ സ്ഥാപനങ്ങളിൽ ആരംഭിച്ചു, 535 ഇടങ്ങളിൽ പൂർത്തിയാക്കി).
- ഉപേക്ഷിക്കപ്പെട്ട പാറമടകളിലെ ജലം സോളാർ പമ്പ് ഉപയോഗിച്ച് കൃഷിക്ക് പ്രയോജനപ്പെടുത്തി. 286 പാറക്വാറികളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ക്കുന്നതിന് കഴിയും.
- മാപ്പത്തോൺ: പശ്ചിമഘട്ട മേഖലയിലെ ഉരുൾപൊട്ടൽ തടയുന്നതിനായി 215 ഗ്രാമപഞ്ചായത്തുകളിൽ ഉപഗ്രഹ സഹായത്തോടെ നീർച്ചാലുകൾ അടയാളപ്പെടുത്തി.
- 337 ജല ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിച്ചു.

പുരോഗതി ഇതിലൂടെ ഉണ്ടായി. ഇതേ മാതൃകയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

മലിനീകരണവും കൈയ്യേറ്റവും കൊണ്ട് നാശോന്മുഖമായ കിള്ളിയാറിനെ സംരക്ഷിക്കാൻ 30,000-ത്തോളം സന്നദ്ധ പ്രവർത്തകരാണ് അണിനിരന്നത്. പുഴയിലേക്ക് തുറന്നുവെച്ചിരുന്ന 1,200 മാലിന്യക്കുഴലുകൾ അടപ്പിക്കാൻ ഈ മിഷന് സാധിച്ചു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ 21.9 ഏക്കർ കൈയ്യേറ്റ ഭൂമി തിരിച്ചുപിടിച്ചു എന്നത് വലിയൊരു നേട്ടമാണ്. ശുചീകരണത്തിന് മുൻപ് ആശങ്കാജനകമായിരുന്ന ബാക്ടീരിയയുടെ അളവ് പ്രവർത്തനങ്ങൾക്ക് ശേഷം അഞ്ചിലൊന്നായി കുറഞ്ഞു എന്നത് ശാസ്ത്രീയ വിജയമായി വിലയിരുത്തപ്പെടുന്നു. ഈ മാതൃകയിലുള്ള പ്രവർത്തനങ്ങളും വിവിധ ജില്ലകളിൽ ഏറ്റെടുത്തിട്ടുണ്ട്.

## 2.2. കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം ഉപമിഷൻ

കേവലം കൃഷി വ്യാപനം എന്നതിലുപരി, ജലസംരക്ഷണത്തെയും പരിസ്ഥിതി സന്തുലനാവസ്ഥയെയും കാർഷിക മേഖലയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രീയമായ ഇടപെടലുകളാണ്  കഴിഞ്ഞ 10 വർഷത്തോളമായി ഹരിതകേരളം മിഷന്റെ കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം ഉപമിഷന്റെ ഭാഗമായി നടന്നത്. വീടുകളിലെ അടുക്കളത്തോട്ടങ്ങൾ മുതൽ വലിയ നെൽപ്പാടങ്ങൾ വരെ നീളുന്ന ഈ മുന്നേറ്റം ജില്ലകളിലെ  ഭക്ഷ്യസുരക്ഷയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. മണ്ണും മനസ്സും ഒരുപോലെ പാകപ്പെടുത്തിക്കൊണ്ട്, വരുംതലമുറയ്ക്കായി ഒരു ഹരിതഭൂമി കരുതിവെക്കാൻ മിഷൻ ആവിഷ്കരിച്ച പ്രധാന പ്രവർത്തനങ്ങളും ഇടപെടലുകളും നമുക്ക് പരിശോധിക്കാം.

ഹരിതകേരളം മിഷൻ രൂപീകരണ സമയത്ത് കാർഷികമേഖലയിൽ മിഷന്റെ ലക്ഷ്യങ്ങളിൽ സർക്കാർ  ഊന്നൽ നൽകിയത് രണ്ട് കാര്യങ്ങളിലായിരുന്നു.  അതിൽ ഒന്നാമത്തേത് നെൽകൃഷിയുടെ വിസ്തൃതി കുറയുന്ന പ്രവണത തടയുന്നതിനു വേണ്ട ഇടപെടലും അതിനോടൊപ്പം നെല്ലുൽപാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതുമാണ്. രണ്ടാമതായി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതായിരുന്നു. ഇതിനോടൊപ്പം കൃഷിയിൽ കൃത്രിമ രാസവസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുകയും ജൈവവള ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതും ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. പഴവർഗ്ഗവിളകളുടെ കൃഷി വ്യാപനം കൂടി സാധ്യമാക്കുന്ന രീതിയിൽ വ്യാപകമായ വൃക്ഷവൽക്കരണവും ആദ്യഘട്ടത്തിൽ 'സുജലം സുഫലം' എന്ന പേരിൽ ആവിഷ്കരിച്ച കൃഷി-പരിസ്ഥിതി പുനഃസ്ഥാപന ഉപമിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടിരുന്നു. ആരംഭകാലം മുതൽ നാളിതുവരെ ഈ ഉപമിഷന്റെ ഭാഗമായി നടന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1. നെൽകൃഷി വിസ്തൃതി വ്യാപന പ്രവർത്തനങ്ങൾ
2. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തതയ്ക്കായി നടന്ന പ്രവർത്തനങ്ങൾ
3. തരിശു ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
4. ജലസംരക്ഷണവും വിളവർദ്ധനവും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ

5. വൃക്ഷവത്കരണ പ്രവർത്തനങ്ങൾ
6. കാർബൺ പാദമുദ്ര കുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

## 2.2.1. നെൽകൃഷി വിസ്തൃതി വ്യാപനം

1970 കളിൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വ്യാപ്തി എട്ടു ലക്ഷം ഹെക്ടറിൽ അധികമായിരുന്നു. ഹരിതകേരളം മിഷൻ രൂപീകരണത്തിന് തൊട്ടുമുമ്പിലുള്ള വർഷം (2015-16) ഇത് 1.96 ലക്ഷം ഹെക്ടർ എന്ന അവസ്ഥയിലായിരുന്നു. അതേസമയം സംസ്ഥാനത്ത് അരിയുടെ വാർഷിക ആവശ്യകത 40 ലക്ഷം ടണ്ണും ഉൽപാദനം 5.5 ലക്ഷം ടണ്ണും ആയിരുന്നു. ഇത് കണക്കിലെടുത്തുകൊണ്ടാണ് നെൽകൃഷി വിസ്തൃതി കുറയുന്നത് തടയുന്നതിന് സാധ്യമായ രീതിയിൽ ജനപങ്കാളിത്തത്തോടെ വിവിധ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൃഷിയുടെ വിസ്തൃതി വ്യാപനവും അതിനോടൊപ്പം പരമാവധി നെല്ലുൽപാദന വർദ്ധനവുമാണ് ഈ ക്യാമ്പയിനിൽ ലക്ഷ്യമിട്ടത്. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ഒരു വിളയും രണ്ട് വിളയും കൃഷി ചെയ്തിരുന്ന പാടങ്ങളിൽ അധികവിള കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കൽ, തരിശു നിലങ്ങൾ വീണ്ടെടുത്ത് വീണ്ടും നെൽകൃഷി ചെയ്യൽ, സാധ്യമായ രീതിയിൽ കരനെൽകൃഷി വ്യാപനം എന്നീ മാർഗ്ഗങ്ങളിലൂടെ ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ഇടപെടലുകൾ ആണ് മിഷൻ നിർവഹിച്ചത്.

മിഷന്റെ ആദ്യകാല പ്രവർത്തനങ്ങളിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നെൽകൃഷി വ്യാപനത്തിനായി ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. പത്തനംതിട്ട ജില്ലയിൽ ആറന്മുളയിൽ വിമാനത്താവളത്തിനായി ഏറ്റെടുത്തിരുന്ന 90 ഹെക്ടർ വരുന്ന പാടങ്ങളിൽ നെൽകൃഷി വീണ്ടെടുത്തതും പത്തനംതിട്ട ജില്ലയിലെ തന്നെ കവിയൂർ പുഞ്ചപ്രദേശത്ത് നടത്തിയ ഇടപെടലുകളും കോട്ടയം ജില്ലയിൽ മെത്രാൻ കായൽ, മീനച്ചിലാർ-മീനന്തലയാർ-കൊടൂരാർ പുനഃസംയോജനത്തിന്റെ ഭാഗമായി ഏകദേശം 5650 ഏക്കർ പാടത്തിൽ നെൽകൃഷി വീണ്ടെടുക്കാനായതും ഇതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളാണ്.

കണ്ണൂർ ജില്ലയിൽ കാനാമ്പുഴ പുനഃരുജ്ജീവനത്തിന്റെ ഭാഗമായി വീണ്ടും നെൽകൃഷി ആരംഭിച്ച 165 ഏക്കർ, കൊല്ലം ജില്ലയിൽ കരീപ്ര ഗ്രാമപഞ്ചായത്തിൽ പാറക്വാറിയിലെ ജലം ഉപയോഗിച്ച് ജലസേചനം സാധ്യമാക്കി നെൽകൃഷി ആരംഭിച്ച 40 ഏക്കർ, തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ പുഴയൊഴുകും മാണിക്കൽ ക്യാമ്പയിന്റെ ഭാഗമായി നെൽകൃഷി വീണ്ടെടുത്ത 15 ഏക്കർ തുടങ്ങി അനേകം സ്ഥലങ്ങളിൽ തുടർന്നുള്ള കാലയളവിൽ നെൽകൃഷി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടന്നു.

കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പിന്റെ സഹായത്തോടെ ജലനിർഗമന സൗകര്യം ഏർപ്പെടുത്തുന്നതിലൂടെ 468 ഏക്കറോളം വരുന്ന നിലങ്ങളിൽ നെൽകൃഷി വീണ്ടെടുക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. അതുപോലെ എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്കിലെ തോട്ടറപുഞ്ച പ്രദേശത്തെ പാടങ്ങളിൽ എം.എസ് സ്വാമിനാഥൻ



റിസർച്ച് ഫൗണ്ടേഷന്റെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 800 ഏക്കർ സ്ഥലത്ത് നെൽകൃഷി വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളോടൊപ്പം കരനെൽകൃഷി വ്യാപനം, തരിശുരഹിത ഗ്രാമം ക്യാമ്പയിൻ എന്നിവയിലൂടെയും നെൽകൃഷി വിസ്തൃതി വ്യാപനം സാധ്യമായിട്ടുണ്ട്. കരനെൽ കൃഷിയിൽ ആലപ്പുഴ ജില്ലയിൽ ദേവഹരിതം ക്യാമ്പയിന്റെ ഭാഗമായി മേജർ പത്തിയൂർ ശ്രീ മഹാദുർഗ്ഗാ ക്ഷേത്രത്തിന്റെ പരിസരത്ത് രണ്ടര ഏക്കർ സ്ഥലത്ത് പൊതുജന ശ്രദ്ധ ആകർ ഷിക്കുന്ന രീതിയിൽ വീണ്ടെടുക്കാൻ സാധിച്ചു.

ഹരിതകേരളം മിഷന്റെ ഭാഗമായി തന്നെ യു. എൻ. ഡി. പി. യുടെ ഭാഗമായ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ടിലെ പ്രവർത്തനങ്ങളുടെ ഭാഗമായി തുടർച്ചയായ സുസ്ഥിര ഉപ ജീവനവും ജൈവവൈവിധ്യ സംരക്ഷണവും നടപ്പാക്കുകയുണ്ടായി. അഞ്ചുനാടും പരിസര പ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ അടിമാലി ഗ്രാമ പഞ്ചായത്തിലെ കട്ടമുടിയിൽ 25 ഏക്കർ സ്ഥലത്ത് നെൽകൃഷി പുനരാരംഭിക്കാൻ സാധിച്ചു. അതോടൊപ്പം മറയൂർ മേഖലയിൽ 8 കർഷകരെ ഉൾപ്പെടുത്തി 16 ഏക്കർ വിസ്തൃതിയിൽ സസ്റ്റെയിനബിൾ ഷുഗർ കെയ്ൻ ഇനിഷ്യേറ്റിവ് (എസ്.എസ്.ഐ) കരിമ്പ് കൃഷിയും നടപ്പി ലാക്കി വരുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ എല്ലാം തന്നെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്,

ജലസേചന വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ വകുപ്പ്, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, അനർട്ട്, കർഷക യുവജന സംഘടനകൾ എന്നിവയുടെ എല്ലാം ഫലപ്രദമായ ഏകോപനം തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സാധിച്ചതിലൂടെയാണ് നടപ്പിലായത്. ഈ കാലയളവിലുണ്ടായ 2018-ലെയും 2019-ലെയും പ്രളയങ്ങളും, വരൾച്ചയും, കോവിഡ് മഹാമാരിയുൾപ്പെടെയുള്ള ദുരന്തങ്ങളും ഈ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിച്ചിട്ടുണ്ട് എന്നത് കണക്കിലെടുക്കേണ്ടതാണ്.

നെൽകൃഷി വിസ്തൃതി വ്യാപനം പ്രതീക്ഷിച്ച തലത്തിൽ എത്തിക്കാനായില്ലെങ്കിലും ഈ പ്രവർത്തനങ്ങളിലൂടെ ആകെ നെൽകൃഷിയുടെ വിസ്തൃതി കൂടുതൽ താഴോട്ട് പോകാതെ പിടിച്ചുനിർത്താനായി എന്നത് എടുത്തു പറയേണ്ടതാണ് തന്നെയാണ്. 2015 - 2016 വർഷത്തിൽ നെൽകൃഷിയുടെ വിസ്തൃതി 1.96 ലക്ഷം ഹെക്ടറും, നെല്ലുൽപാദനം 5.5 ലക്ഷം ടണ്ണും ആയിരുന്നത് 2023-2024 വർഷം ആകുമ്പോഴത്തേക്ക് വിസ്തൃതി 2.1 ലക്ഷം ഹെക്ടറും ഉത്പാദനം 6.2 ലക്ഷം ടണ്ണുമായി വർദ്ധിപ്പിക്കാനായത് ഈ പ്രവർത്തനങ്ങൾ ഉൾപ്പെടെ സർക്കാരിന്റെ മറ്റ് ഇടപെടലുകളുടെയും പദ്ധതികളുടേയും ഭാഗമായുണ്ടായ നേട്ടമാണ്.

## 2.2.2. പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത

ഹരിതകേരളം മിഷന്റെ കാർഷിക ക്യാമ്പയിനുകളിൽ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിച്ച മേഖലയാണ് പച്ചക്കറി കൃഷി. ആളോഹരി പോഷകമൂല്യ നിരക്കനുസരിച്ച് സംസ്ഥാനത്ത് ഒരു വർഷം ഏകദേശം 45 ലക്ഷത്തിലധികം ടൺ പച്ചക്കറി വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. നമ്മൾ ഉപയോഗിക്കുന്ന പച്ചക്കറി വിളകളിൽ പലതും സംസ്ഥാനത്ത് വ്യാപകമായി കൃഷി ചെയ്യാൻ കഴിയാത്ത ഇനങ്ങളാണ്. ഉരുളക്കിഴങ്ങ്, സവാള, ചെറിയ ഉള്ളി, ക്യാരറ്റ്, ക്യാബേജ്, കോളിഫ്ലവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ ഇതിലുൾപ്പെടുന്നു. എന്നിരിക്കിലും സാധ്യമായ പ്രദേശങ്ങളിൽ ഇവയുടെ ഉൽപാദനവും പരമാവധി സാധ്യമാക്കുന്നതിനുള്ള ഇടപെടലുകൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള (വി.എഫ്.പി.സി.കെ), ആ പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

തരിശുരഹിത ഗ്രാമം, ഹരിതസമൃദ്ധി വാർഡ്, ഹരിത ഐ.ടി.ഐ, ദേവഹരിതം, സ്ഥാപനതല കൃഷി എന്നീ ക്യാമ്പയിനുകളിലൂടെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വി.എഫ്.പി.സി.കെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സഹകരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, തൊഴിലാളികൾ, ഹരിതകർമ സേന ഇവരുടെയെല്ലാം പങ്കാളിത്തത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ പച്ചക്കറി കൃഷി വ്യാപനത്തിനായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്. സ്ഥാപനതല പച്ചക്കറി കൃഷിയിൽ തിരുവനന്തപുരം ജില്ലയിലെ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡിന്റെ ഒട്ടും ഫലഭൂയിഷ്ഠിയില്ലാത്ത ചൊരിമണലിൽ വിജയകരമായി പച്ചക്കറി കൃഷി നടത്തിയത് ഇതിൽ എടുത്തു പറയേണ്ടതാണ്. ഹരിതകേരളം മിഷന്റെ ഏകോപന പ്രവർ ത്തനങ്ങളിലൂടെ തിരുവനന്തപുരം നഗരസഭയുടെ കമ്പോസ്റ്റിംഗ് യൂണിറ്റുകളിൽ നിന്നും ലഭ്യമാക്കിയ കമ്പോസ്റ്റ് ഉപയോഗിച്ച് മണ്ണിന്റെ ഭൗതിക ഘടന മെച്ചപ്പെടുത്തിയതിലൂടെയാണ് ഇത് സാധ്യമാക്കിയത്. കൃഷി വകുപ്പിന്റെ പ്രത്യേക ധനസഹായം ലഭിച്ചതും തൊഴിലാളികളുടെ സന്നദ്ധ പ്രവർത്തനവും



എടുത്തു പറയേണ്ടതാണ്. അങ്ങനെ കൃഷിവകുപ്പ്, നഗരസഭ, തൊഴിലാളികൾ, വ്യവസായ സ്ഥാപനം എന്നിവയുടെ എല്ലാം ഫല പ്രദമായ ഏകോപനം ഹരിതകേരളം മിഷന് സാധ്യമായതാണ് ഈ വിജയത്തിന് കാരണം.

കോവിഡ് മഹാമാരി കാരണം സംസ്ഥാനത്ത് പച്ചക്കറി ലഭ്യത കുറയുന്ന സാഹചര്യം ഉണ്ടായി. ഈ ഘട്ടത്തിൽ സാമൂഹ്യ മാധ്യമങ്ങളെ പരമാവധി ഉപയോഗിച്ച് ഗാർഹിക പച്ചക്കറി വ്യാപനത്തിന് നല്ല രീതിയിൽ പ്രചാരണം നൽകുന്നതിന് മിഷന് സാധിച്ചിട്ടുണ്ട്. ഇതിൽ കൃഷി സൗകര്യം ഇല്ലാത്ത ഫ്ലാറ്റുകൾ പോലുള്ള താമസസ്ഥലങ്ങളിൽ പോലും എളുപ്പത്തിൽ ചെയ്യാവുന്ന മൈക്രോഗ്രീൻ കൃഷി ഉൾപ്പെടെയുള്ളവയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനും അതുവഴി അവയുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുന്നതിനും ഈ പ്രചാരണ പ്രവർത്തനങ്ങൾ വഴി സാധിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്ന് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സുഭിക്ഷ കേരളം ക്യാമ്പയിന്റെ പ്രവർത്തനങ്ങളിലും ആവശ്യമായ സ്ഥലങ്ങളിൽ ഹരിതകേരളം മിഷൻ ഭാഗമായിട്ടുണ്ട്. രാസവളത്തിന്റെയും രാസ കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ചുകൊണ്ട് വീട്ടിലെ ജൈവമാലിന്യം പരമാവധി പ്രയോജനപ്പെടുത്തിയുമുള്ള ഗാർഹിക പച്ചക്കറി കൃഷിയ്ക്കാണ് ഹരിതകേരളം മിഷന്റെ ക്യാമ്പയിൻ ഊന്നൽ നൽകിയത്. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ കാലയളവിൽ ഓണത്തിനോടനുബന്ധിച്ച് വിപുലമായി സംഘടിപ്പിച്ചു വരുന്ന ക്യാമ്പയിനാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' ഗ്രാമ, നഗര ഭേദമന്യേ ഓണത്തിനോടനുബന്ധിച്ചുള്ള പച്ചക്കറി കൃഷി വിപുലമായി നടക്കുന്നതിനും ഉൽപാദന വർദ്ധനവിനും ഈ ക്യാമ്പയിൻ വളരെയധികം സഹായിച്ചിട്ടുണ്ട്. ഓണക്കാലത്ത് വിപണിയിൽ വിലപിടിച്ചു നിർത്തുന്നതിനും ആവശ്യമായ പച്ചക്കറികളുടെ മതിയായ ലഭ്യതയ്ക്കും ഈ ക്യാമ്പയിൻ സഹായകരമായിട്ടുണ്ട് എന്നത് വസ്തുതയാണ്.

മിഷൻ ആരംഭിക്കുന്ന കാലത്ത് സംസ്ഥാനത്തെ ആകെ പച്ചക്കറി ഉൽപാദനം (2015-2016) 6.3 ലക്ഷം ടൺ ആയിരുന്നു. 2023-2024 വർഷത്തെ കണക്കനുസരിച്ച് പച്ചക്കറി ഉത്പാദനം 17.2 ലക്ഷം ടൺ ആണ്. ഹരിതകേരളം മിഷനുൾപ്പെടെ സംസ്ഥാന സർക്കാരും വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിയ വിവിധ പരിപാടികളുടെ ഫലമായിട്ടാണ് ഈ വലിയ നേട്ടം കൈവരിക്കാനായത്. ഗാർഹികതല പച്ചക്കറി കൃഷിയിൽ ഈ കാലത്തുണ്ടായ വ്യാപനം പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഈ കാലയളവിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 46500 ഹെക്ടറിൽ നിന്നും 102484 ഹെക്ടറിലേക്ക് വ്യാപിപ്പിക്കാനായി എന്നാണ് കണക്കാക്കപ്പെടുന്നത്.

### 2.2.3. തരിശു ഭൂമിയിൽ കൃഷി വ്യാപിപ്പിക്കൽ

കേരളത്തിലെ കൃഷിയോഗ്യമായ തരിശുഭൂമികൾ ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുത്ത് സംസ്ഥാനത്തെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി ഹരിതകേരളം മിഷൻ വിവിധ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വിപുലമായ തോതിൽ തരിശായി കിടക്കുന്ന പാടശേഖരങ്ങളും പറമ്പുകളും കൃഷിയിലേക്ക് തിരികെ കൊണ്ടുവരികയും, അതുവഴി സുരക്ഷിതവും വിഷരഹിതവുമായ ഭക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു ഈ ഉദ്യമത്തിന്റെ പശ്ചാത്തലം. കേവലം ഒരു സർക്കാർ പദ്ധതി എന്നതിലുപരി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷികവികസന കർഷകക്ഷേമകൃഷി വകുപ്പ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു ജനകീയ കാർഷിക മുന്നേറ്റമായാണ്



ഇത് വിഭാവനം ചെയ്യപ്പെട്ടത്. 'തരിശുരഹിത ഗ്രാമം' എന്ന പേരിൽ സമഗ്രമായ ഒരു ക്യാമ്പയിൻ ഇതിനായി നടത്തിയിരുന്നു. ഓരോ വാർഡിലുമുള്ള ലഭ്യമായ ഒരിഞ്ചു ഭൂമി പോലും തരിശായി ഇടാതെ പച്ചക്കറികൾ, നെല്ല്, പഴവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യാനാണ് ഈ ക്യാമ്പയിനിലൂടെ മിഷൻ ലക്ഷ്യമിട്ടത്.

തദ്ദേശീയമായ ഇടപെടലുകളിലൂടെ കൃഷിയോഗ്യമായ തരിശുഭൂമികൾ കണ്ടെത്തുകയും, അവയിൽ ഉടനടി കൃഷി ആരംഭിക്കുകയോ അല്ലെങ്കിൽ ചെറിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കൃഷിക്കു സജ്ജമാക്കുകയോ ചെയ്യുന്ന രീതിയാണ് പദ്ധതിയിൽ സ്വീകരിച്ചിരുന്നത്. ജനപ്രതിനിധികൾ, കർഷകർ, യുവജനങ്ങൾ, സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ 'നടീൽ ഉത്സവങ്ങൾ' സംഘടിപ്പിച്ചുകൊണ്ട് കാർഷിക പ്രവർത്തനങ്ങൾ ഒരു സാമൂഹിക ആഘോഷമായി മാറ്റാൻ ഈ പദ്ധതിക്ക് സാധിച്ചു. തരിശുഭൂമികൾ ഹരിതാഭ



മാകുക മാത്രമല്ല, ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുതിയൊരു കാർഷിക സംസ്കാരം സമൂഹത്തിൽ വളർത്തിയെടുക്കുന്നതിനും ഈ പദ്ധതി വലിയ രീതിയിൽ വഴിയൊരുക്കി.

## 2.2.4. ജലസംരക്ഷണവും വിളവർദ്ധനവും

കേരളത്തിന്റെ മുഖ്യവിളയായ തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഭൂഗർഭ ജലനിരപ്പ് ഉയർത്തുക എന്ന ഇരട്ട ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച 'തെങ്ങിന് തടം മണ്ണിന് ജലം' എന്ന പദ്ധതി ഒരു പുതിയ ചുവടുവയ്പായിരുന്നു. കേരളത്തിലെ ഗ്രാമീണ കർഷകർ പരമ്പരാഗതമായി ചെയ്തുവന്നിരുന്ന തെങ്ങിന് തടമെടുക്കൽ എന്ന പ്രക്രിയ, തൊഴിൽ ദൗർലഭ്യം മൂലവും നാളികേരത്തിൽ നിന്നുള്ള വരുമാനം കുറഞ്ഞതിനാലും കാലക്രമേണ നിന്നുപോയ സാഹചര്യത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നത് തടയുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വർദ്ധിച്ചതും കാലാവസ്ഥാ വ്യതിയാനം മൂലം വേനൽക്കാലത്ത് തെങ്ങുകൾ ഉണങ്ങിപ്പോകുന്നതും ഈ പദ്ധതിയുടെ പ്രസക്തി വർദ്ധിപ്പിച്ചു. കേവലം ഒരു കാർഷിക പ്രവൃത്തി എന്നതിലുപരി, പെയ്യുന്ന മഴവെള്ളം ഒലിച്ചുപോകാതെ ഓരോ തെങ്ങിൻ ചുവട്ടിലും സംഭരിക്കുക വഴി പ്രകൃതിദത്തമായ മഴവെള്ള സംഭരണം ഉറപ്പാക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന സമീപനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഏകോപിത പങ്കാളിത്തത്തോടെയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ശാസ്ത്രീയമായ രീതിയിൽ തടങ്ങൾ നിർമ്മിച്ച് അതിൽ തൊണ്ടും ഓലയും കരിയിലയും ഉപയോഗിച്ച് പുതയിടുന്നത് വഴി മണ്ണിന്റെ ജൈവാംശം കൂട്ടാനും ബാഷ്പീകരണം കുറയ്ക്കാനും പദ്ധതിയിലൂടെ സാധിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഒന്നേകാൽ ലക്ഷത്തോളം (1,10,085) തെങ്ങുകൾക്ക് തടമെടുത്തത് പദ്ധതി



യുടെ നേട്ടമായി. കേരളത്തിന്റെ തനിമയുള്ള കാർഷിക സംസ്കാരം പുനരുജ്ജീവിപ്പിക്കുന്നതിനും ഭൂഗർഭ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ബോധപൂർവ്വമായ ഇടപെടലുകൾ നടത്തിയ ഈ പദ്ധതി, സുസ്ഥിരമായ ഒരു പരിസ്ഥിതി സൗഹൃദ കാർഷിക ശൈലിക്കുള്ള ശക്തമായ അടിത്തറയായിരുന്നു പാകിയത്.

## 2.2.5. വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ എറ്റെടുക്കുന്ന പരിസ്ഥിതി പുനഃസ്ഥാപന ക്യാമ്പയിനുകളിൽ ഏറ്റവും പ്രാധാന്യമുള്ളതും താരതമ്യേന സ്ഥായിയായി നിൽക്കുന്നതുമായ ഒന്നാണ് വൃക്ഷവത്കരണ ക്യാമ്പയിനുകൾ. മിഷന്റെ ആരംഭഘട്ടം മുതൽ വിവിധ ക്യാമ്പയിനുകൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. ഒരുകോടി വൃക്ഷത്തൈ വിതരണം, പച്ചത്തുരുത്ത്, കണ്ടൽക്കാട് വ്യാപനം, ഒരു തൈ നടാം എന്നിവയാണ്. ഈ ക്യാമ്പയിനുകളുടെ ഭാഗമായി പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ഭാഗമായ വൃക്ഷത്തൈകൾ, ഫലവർഗ്ഗ തൈകൾ, അപൂർവ്വവും വംശനാശ ഭീഷണി നേരിടുന്നതുമായ പ്രാദേശിക വൃക്ഷങ്ങൾ, ഔഷധ പ്രാധാന്യമുള്ള വൃക്ഷങ്ങൾ, ആരാധനയുമായി ബന്ധപ്പെട്ട വൃക്ഷങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നട്ടുവളർത്തുന്നതിന് സാധിച്ചിട്ടുണ്ട്. ദേവഹരിതം ക്യാമ്പയിന്റെ ഭാഗമായിട്ടാണ് ആരാധനാലയങ്ങൾ വൃക്ഷത്തൈ നടീൽ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്.

- 4304 പച്ചത്തുരുത്തുകൾ
- 1348 ഏക്കർ ഹരിതാവരണം സൃഷ്ടിച്ചു
- 1 കോടിയിലധികം തൈകൾ നട്ട് 'ഒരു തൈ നടാം' ക്യാമ്പയിൻ

## 2.2.6. കാർഷിക മേഖലയിലെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും കാർഷിക സംസ്കാരം വീണ്ടെടുക്കുന്നതിനുമായി ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷികവികസന കർഷകക്ഷേമ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് വലിയ മാറ്റങ്ങളാണ് സൃഷ്ടിച്ചിരിക്കുന്നത്. മുൻപ് സൂചിപ്പിച്ച മാലിന്യ

സംസ്കരണ, ജലസംരക്ഷണ നേട്ടങ്ങൾക്ക് അനുബന്ധമായി കാർഷിക മേഖലയിലും വിപ്ല വകരമായ ഇടപെടലുകൾ നടത്താൻ ഈ മിഷന് സാധിച്ചു. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് 'തരിശുരഹിത ഗ്രാമം' പദ്ധതി. കൃഷിയോഗ്യമായ തരിശുഭൂമികൾ കണ്ടെത്തി അവയെ ഉൽപ്പാദനക്ഷമമാക്കുന്ന ഈ പദ്ധതി വഴി 2025 ഓടെ 103 തദ്ദേശ സ്ഥാപനങ്ങളെ തരിശുരഹിതമായി പ്രഖ്യാപിച്ചു കഴിഞ്ഞു. 164 ഗ്രാമപഞ്ചായത്തുകളിൽ ഈ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ഓരോ വീട്ടിലും പച്ചക്കറി കൃഷി ഉറപ്പാക്കുന്ന 'ഹരിത സമൃദ്ധി വാർഡ്' പദ്ധതി 3518 വാർഡുകളിൽ പ്രഖ്യാപിച്ചു.

കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി സർക്കാർ വൈവിധ്യമാർന്ന മേഖല കളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകളുമായി ചേർന്ന് നടപ്പിലാക്കുന്ന 'ദേവഹരിതം' പദ്ധതി ഇതിൽ ഏറെ ശ്രദ്ധേയമാണ്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള 3,000 ഏക്കറോളം വരുന്ന തരിശുഭൂമിയിൽ പച്ചക്കറി, കരനെല്ല്, ഔഷധ സസ്യങ്ങൾ, പൂക്കൾ എന്നിവ കൃഷി ചെയ്യാൻ ഈ പദ്ധതി വഴി സാധിച്ചു. തിരുവനന്തപുരം



ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 46 ക്ഷേത്രങ്ങളിലും തൃക്കടവൂർ, എറണാകുളത്തപ്പൻ ക്ഷേത്രം എന്നിവിടങ്ങളിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഐ.ടി.ഐ. ക്യാമ്പസുകളുടെയും ഭൂമി കൃഷിക്കായി വിട്ടുനൽകിക്കൊണ്ട് ഒമ്പത് ജില്ലകളിലായി 39 സ്ഥാപനങ്ങളിൽ കൃഷി ആരംഭിച്ചു.

പ്രാദേശിക ജൈവവൈവിധ്യം നിലനിർത്തുന്നതിനായി 5,000 പച്ചത്തുരുത്തുകൾ ലക്ഷ്യമിട്ട പദ്ധതിയിൽ ഇതിനകം 4,304 എണ്ണം പൂർത്തിയാക്കി. 969 തദ്ദേശ സ്ഥാപനങ്ങളിലായി 1,348.33 ഏക്കറിലാണ് ഇത്തരത്തിൽ വനമാതൃകകൾ സൃഷ്ടിച്ചത്. കൊല്ലം ജില്ലയിലെ വ്യവസായ ഭൂമിയായ കേരള മിനറൽ ആന്റ് മെറ്റൽസ് (കെ.എം.എം.എൽ). പരിസരത്ത് ഖനനത്തിന് ശേഷം ഉപയോ ഗിക്കാതെ കിടന്ന 30 ഏക്കർ ഭൂമിയിൽ 'പുനർജ്ജനി പച്ചത്തുരുത്ത്' നിർമ്മിച്ചത് പരിസ്ഥിതി

പുനഃസ്ഥാപനത്തിന്റെ മികച്ച മാതൃകയാണ്. കാസർഗോഡ് ജില്ലയിൽ കണ്ടൽക്കാടുകൾ വെച്ചു പിടിപ്പിച്ചും കയർ ഭൂവസ്ത്രം ഉപയോഗിച്ച് തീരസംരക്ഷണം നടത്തിയും പുതിയൊരു ഹരിത മാതൃക സൃഷ്ടിച്ചു. എറണാകുളം ജില്ലയിലെ പേരണ്ടൂർ കനാൽ തീരത്തെ മാലിന്യക്കൂമ്പാരമായിരുന്ന സ്ഥലം മനോഹരമായ പച്ചത്തുരുത്തായി മാറ്റിയത് നഗരവൽക്കരണത്തിനിടയിലെ പച്ചപ്പായി നിലകൊള്ളുന്നു.

- 3518 ഹരിത സമൃദ്ധി വാർഡുകൾ
- 103 തരിശു രഹിത ഗ്രാമങ്ങൾ
- 28900 ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി
- 140 ഇടത്ത് ആരാധനാലയ ഭൂമിയിൽ കൃഷി (ഏകദേശം 3,000 ഏക്കർ)
- 42 പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃഷി
- ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനായി 1,10,085 തെങ്ങുകൾക്ക് ശാസ്ത്രീയമായി തടമെടുത്തു.

നെൽകൃഷിയുടെ പുനരുജ്ജീവനത്തിനായി എറണാകുളത്തെ തോട്ടറ പുഞ്ചയിൽ 800 ഏക്കർ പാടശേഖരം കൃഷിയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും 40 ശതമാനത്തോളം ലക്ഷ്യം കാണുകയും ചെയ്തു. ആലപ്പുഴയിലെ വയലാർ പാടശേഖരത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ. (RKVY) പദ്ധതി വഴി 4.27 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പാലക്കാട് ജില്ലയിലെ 'നൂറ് മേനി' ക്യാമ്പയിൻ, കോട്ടായി ഗ്രാമപഞ്ചായത്തിലെ തരിശുരഹിത പ്രഖ്യാപനം എന്നിവയിലൂടെ പയർവർഗ്ഗങ്ങളും മില്ലറ്റുകളും ഉൾപ്പെടെയുള്ളവയുടെ ഉൽപ്പാദനം വർദ്ധിച്ചു. വയനാട്, കൊല്ലം ജില്ലകളിൽ ചെറുധാന്യ കൃഷിക്കും തുടക്കമിട്ടു. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഉറിയംപെട്ടി, പിണവൂർക്കുടി എന്നിവിടങ്ങളിലെ അങ്കണവാടികൾ കേന്ദ്രീകരിച്ച് ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ച 'ന്യൂട്രി ഗാർഡനുകൾ' സ്ഥാപിച്ചത് ആരോഗ്യവും കൃഷിയും സമന്വയിപ്പിക്കുന്ന പ്രവർത്തനമായി മാറി. വയനാട് ജില്ലയിലെ കണിയാമ്പറ്റ, പനമരം പഞ്ചായത്തുകളിൽ അഞ്ച് ഏക്കറിലായി റാഗി, ചാമ, ചോളം തുടങ്ങിയ ചെറുധാന്യ കൃഷി ആരംഭിച്ചു. വയനാടൻ വിത്തിനമായ 'വലിച്ചൂരി' ഉപയോഗിച്ച് ഹരിതകേരളം മിഷന്റെ സഹകരണത്തോടെ 'തളിര്' എന്ന പേരിൽ കരനെൽകൃഷിയും സജീവമാക്കി.

പാലക്കാട് ജില്ലയിൽ കാർഷിക മേഖലയിൽ സമ്പൂർണ്ണ കാർഷികവൽക്കരണം ഉറപ്പാക്കുന്നതിനായി 'നൂറ് മേനി' എന്ന പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചു. ഓരോ ബ്ലോക്കിൽ നിന്നും തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നെല്ല്, കിഴങ്ങുകൾ, മില്ലറ്റുകൾ എന്നിവ കൃഷി ചെയ്ത് മാതൃക സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിൽ 44 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആർ.കെ.വി.വൈ. (RKVY) പദ്ധതി വഴി 4.27 കോടി രൂപ അനുവദിക്കുകയും കെ.എൽ.ഡി.സി. വഴി ഒന്നാംഘട്ട പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. എറണാകുളത്തെ തോട്ടറ പുഞ്ചയിൽ 800 ഏക്കർ പാടശേഖരം കൃഷിയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ 40 ശതമാനത്തോളം ലക്ഷ്യം കണ്ടു കഴിഞ്ഞു.

ഭാവിയിലേക്കുള്ള കരുതൽ എന്ന നിലയിൽ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച 'കാർഷിക കലണ്ടർ' കൃഷിയിലെ ശാസ്ത്രീയമായ ഇടപെടലിന് ഉദാഹരണമാണ്. നെറ്റ് സീറോ കാർബൺകേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായി വിഷരഹിത പച്ചക്കറികൾ ഉൽപ്പാ

ദിപ്പിക്കുന്നതിനും കാസർഗോഡ് ജില്ലയിലെ 'തളിര്' പദ്ധതിയിലൂടെ തദ്ദേശീയമായ നെൽവിത്തുകൾ സംരക്ഷിക്കുന്നതിനും ഹരിതകേരളം മിഷൻ മുൻകൈയെടുത്തു.

### 2.2.7. കാർബൺ പാദമുദ്ര കുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനും 2050-ഓടെ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിലേക്ക് എത്തിക്കുന്നതിനുമായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച വിപ്ലവകരമായ ക്യാമ്പയിനായിരുന്നു 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ'. കേന്ദ്ര സർക്കാർ 2070-ഓടെ ഈ ലക്ഷ്യം പൂർത്തിയാക്കാൻ നിശ്ചയിച്ചിരുന്നപ്പോൾ, അതിനേക്കാൾ 20 വർഷം മുൻപേ ഈ നേട്ടം കൈവരിക്കാനാണ് കേരളം ലക്ഷ്യമിട്ടത്. 2021-ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപീകരിച്ച നിർവ്വഹണ രൂപരേഖയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആവിഷ്കരിച്ചത്. അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറയ്ക്കുകയും കാർബൺ സംഭരണികൾ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ ദൗത്യത്തിന്റെ കാതൽ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഓരോ പ്രദേശത്തെയും കാർബൺ പുറന്തള്ളലിന്റെ അളവ് കണ്ടെത്താൻ കാർബൺ അക്കൗണ്ടിംഗ് (GHG Accounting) എന്ന ശാസ്ത്രീയ രീതി അവലംബിച്ചു. ഇതിനായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ മൊബൈൽ ആപ്പുകൾ വികസിപ്പിക്കുകയും വടകര, കൊയിലാണ്ടി നഗരസഭകൾ ഉൾപ്പെടെ 152 തദ്ദേശ സ്ഥാപന പ്രദേശങ്ങളിലെ സർവ്വേകൾ പൂർത്തിയാക്കുകയും ചെയ്തു. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) സഹായത്തോടെ അങ്കണവാടികളിൽ 'അംഗൻജ്യോതി' പദ്ധതി നടപ്പിലാക്കിയതും, വേൾഡ് റിസോഴ്സസ് ഇൻസ്റ്റിറ്റ്യൂട്ടുമായി (WRI) ചേർന്ന് പുരപ്പുറ സോളാർ പ്ലാന്റുകൾക്കായി പഠനം നടത്തിയതും ഈ പദ്ധതിയുടെ പ്രായോഗിക സമീപനങ്ങളായിരുന്നു.

ഈ ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 1959 സ്ഥാപനങ്ങളിൽ കാർബൺ അക്കൗണ്ടിംഗ് പൂർത്തിയാക്കി. ഇതിൽ 31 സ്ഥാപനങ്ങൾ ഇതിനകം തന്നെ കാർബൺ നെഗറ്റീവ് പദവി കൈവരിച്ച് മാതൃകയായി. ഒരു കോടി വൃക്ഷത്തൈകൾ നടൽ, പച്ചത്തുരുത്തുകൾ സൃഷ്ടിക്കൽ, മാലിന്യ സംസ്കരണം എന്നിവയിലൂടെ കാർബൺ നീക്കം ചെയ്യൽ പ്രക്രിയ ശക്തമാക്കി. വെറും ഒരു സർക്കാർ പദ്ധതിയെന്നതിലുപരി, ഊർജ്ജ സംരക്ഷണ ക്ലാസ്സുകളിലൂടെയും ബോധവൽക്കരണത്തിലൂടെയും സാധാരണ ജനങ്ങളുടെ ശീലങ്ങളിൽ മാറ്റം വരുത്താൻ ഈ ദൗത്യത്തിന് സാധിച്ചു. സുരക്ഷിതമായ ഒരു നാളെയെക്കുറിച്ചുള്ള കേരളത്തിന്റെ വാഗ്ദാനമായി മാറിയ ഈ പദ്ധതി, സുസ്ഥിര വികസന മാതൃകകളിൽ ലോകത്തിന് തന്നെ പുതിയൊരു ദിശാബോധം നൽകി.

കേരളത്തിന്റെ പരിസ്ഥിതി സൗഹൃദ വികസന ചരിത്രത്തിൽ ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ആഗോളതലത്തിൽ തന്നെ ശ്രദ്ധേയമായ ഒരു മാതൃകയാണ്. ശുചിത്വം, ജലസംരക്ഷണം, കൃഷി എന്നീ മേഖലകളിലെ വിപ്ലവകരമായ മാറ്റങ്ങൾക്കൊപ്പം 'നെറ്റ് സീറോ കാർബൺ കേരളം

ജനങ്ങളിലൂടെ' എന്ന ലക്ഷ്യം മുൻനിർത്തി ഊർജ്ജ സംരക്ഷണത്തിലും കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിലും അവിസ്മരണീയമായ നേട്ടങ്ങളാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്. അന്തരീക്ഷത്തിലെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ അളവ് നിയന്ത്രിക്കുന്നതിനുമായി താഴെത്തട്ടിലുള്ള ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു ബൃഹത്തായ കാമ്പയിനാണ് ഇന്ന് കേരളത്തിൽ നടന്നുവരുന്നത്.

ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള കേരളത്തിന്റെ പ്രയാണം ആരംഭിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ 'ഊർജ്ജ ഗ്രാമം' പദ്ധതിയും, കണ്ണൂർ സെൻട്രൽ ജയിലിനെ ഇന്ത്യയിലെ ആദ്യത്തെ 'നെറ്റ് സീറോ ജയിലായി' മാറ്റിയതും ഇതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. കാർഷിക-ജല-ഊർജ്ജ സംരക്ഷണ മേഖലകളിൽ കൈവരിച്ച നേട്ടം അന്താരാഷ്ട്ര ശ്രദ്ധ പിടിച്ചുപറ്റി. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി കുടുംബശ്രീ, ഹരിതകർമ്മസേനാംഗങ്ങൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിലും റിപ്പയറിംഗിലും സംസ്ഥാനതല പരിശീലനം നൽകുകയും നിരവധി യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. കണ്ണൂർ പടിയൂർ ഗ്രാമപഞ്ചായത്തിലെ ആരക്കോട് പട്ടികവർഗ്ഗ കോളനിയെ 'ഹരിത ഉന്നതി'യാക്കി മാറ്റുന്നതിന്റെ ഭാഗമായി എല്ലാ വീടുകളിലും എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു. കൂടാതെ, സംസ്ഥാന വ്യാപകമായി 41,198 പേർക്ക് ഊർജ്ജ സംരക്ഷണ ക്ലാസുകൾ നൽകുകയും ഓട്ടോ-ടാക്സി തൊഴിലാളികളെ ഊർജ്ജ കാര്യക്ഷമതയുള്ള വാഹന ഉപയോഗത്തിലേക്ക് മാറാൻ പ്രേരിപ്പിക്കുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വിനിയോഗത്തിൽ വലിയ മുന്നേറ്റമാണ് ദൃശ്യമാകുന്നത്. തൃശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിൽ അനെർട്ടുമായി ചേർന്ന് കർഷകർക്ക് സോളാർ പമ്പുകൾ വിതരണം ചെയ്തതും, പുരപ്പുറ സൗരോർജ്ജ പദ്ധതിക്കായി പ്രത്യേക പോർട്ടൽ ആരംഭിച്ചതും ശ്രദ്ധേയമാണ്. പല ഗ്രാമപഞ്ചാ

## നെറ്റ് സീറോ കാർബൺ കേരളം ചുവടുവയ്പുകൾ

| | |
|---|---|
| കാർബൺ അക്കൗണ്ടിംഗ് പൂർത്തിയാക്കിയ സ്ഥാപനങ്ങൾ | 1,959 |
| കാർബൺ നെഗറ്റീവ് പദവി ലഭിച്ച സ്ഥാപനങ്ങൾ | 31 |
| കാർബൺ അക്കൗണ്ടിംഗ് നടത്തിയ തദ്ദേശ സ്ഥാപനങ്ങൾ | 152 |
| ഊർജ്ജ സംരക്ഷണ ക്ലാസ് ലഭിച്ചവർ | 41,198 |
| ആദ്യത്തെ നെറ്റ് സീറോ ജയിൽ | കണ്ണൂർ സെൻട്രൽ ജയിൽ |
| ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനായി അങ്കണവാടികളിൽ അംഗൻജ്യോതി പദ്ധതി | 2,953 |

യത്തുകളും സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി തനത് ഫണ്ട് വകയിരുത്തി. എറണാകുളത്തെ ഗോശ്രീ ദ്വീപ് സമൂഹത്തെ നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിലേക്ക് എത്തിക്കാൻ ജിഡയുമായി ചേർന്ന് സമഗ്ര പദ്ധതി ആവിഷ്കരിച്ചു. കെ.എസ്. ആർ.ടി.സി. സ്റ്റാൻഡുകൾ ഹരിതമാക്കുന്നതിനും മലബാർ ക്യാൻസർ സെന്ററിനെ നെറ്റ് സീറോ ക്യാമ്പസാക്കി മാറ്റുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു.

വിദ്യാഭ്യാസ മേഖലയെ ഈ ദൗത്യത്തിന്റെ ഭാഗമാക്കുന്നതിൽ കേരളം വിജയിച്ചിട്ടുണ്ട്. വടകര നഗരസഭയിലെ 44 സ്കൂളുകൾക്കായി സംഘടിപ്പിച്ച 'മ്മളെ വടേരക്കായ്' ക്യാമ്പും ചെങ്ങന്നൂർ ഡയറ്റിന്റെ 'ദർപ്പണം 2024' എന്ന സമൂഹ സമ്പർക്ക ക്യാമ്പും വരുംതലമുറയെ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്നു. കാസർഗോഡ് ജില്ലയിൽ 55 ഏക്കറിൽ ചെറുധാന്യ കൃഷി വ്യാപിപ്പിച്ചത് ഭക്ഷ്യസുരക്ഷയ്ക്കൊപ്പം കാർബൺ സംഭരണത്തിനും സഹായിക്കുന്നു.

## 2.3. മാലിന്യ സംസ്കരണ ഉപമിഷൻ

കേവലം മാലിന്യം നീക്കം ചെയ്യുക എന്നതിലുപരി, സമൂഹത്തെ ബോധവൽക്കരിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ചും ശാസ്ത്രീയവും സുസ്ഥിരവുമായ ഒരു മാലിന്യസംസ്കരണ സംസ്കാരം കെട്ടിപ്പടുക്കാനാണ് ഹരിതകേരളം മിഷൻ മുൻഗണന നൽകിയത്. ഈ മേഖലയിലെ പോരായ്മകൾ കൃത്യമായി പഠിച്ച് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും, ജനകീയ പങ്കാളിത്തത്തോടെയുള്ള കാമ്പയിനുകളിലൂടെ അനുകൂലമായ പൊതുബോധം സൃഷ്ടിച്ചുമാണ് ഈ മുന്നേറ്റം സാധ്യമായത്. നിയമനിർമ്മാണവും ബോധവൽക്കരണവും കൈകോർത്തപ്പോൾ, പൊതുവ ഇടങ്ങൾ ശുചീകരിക്കപ്പെടുക മാത്രമല്ല, അവ വീണ്ടും മലിനമാക്കപ്പെടില്ല എന്ന് ഉറപ്പാക്കാനും നമുക്ക് സാധിച്ചു. കുട്ടികളിലൂടെ സമൂഹത്തിലേക്ക് പടർന്ന ബോധവൽക്കരണവും ഓരോ ഘട്ടത്തിലും മുൻപത്തേതിന്റെ തുടർച്ചയായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളും മാലിന്യ സംസ്കരണ രംഗത്ത് വലിയൊരു മാറ്റത്തിന് അടിത്തറയിട്ടു.

ഹരിതകേരളം മിഷന്റെ രൂപീകരണത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനവും ബഹുജന പങ്കാളിത്തവും ഉറപ്പാക്കിയാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. കില, ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി





ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, KSWMP, തദ്ദേശ സ്വയംഭരണ വകുപ്പ്, പോലീസ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, ടൂറിസം, ഫിഷറീസ്, കൃഷി, വ്യവസായം തുടങ്ങിയ വകുപ്പുകളെയും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, റീസൈക്ലിംഗ് ഏജൻസികൾ, സ്ക്രാപ് മർച്ചന്റ്സ് അസോസിയേഷൻ തുടങ്ങിയവയയേയും ഏകോപിപ്പിച്ചാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്.

2017 മുതൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിനും അജൈവ പാഴ്വസ്തുക്കളുടെ വാതിൽപ്പടി ശേഖരണത്തിനും സുരക്ഷിതമായ കയ്യൊഴിയലിനും പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി. കേരളത്തിലെമ്പാടും ഉണ്ടായിരുന്ന മാലിന്യക്കൂനകൾ നീക്കം ചെയ്യുന്ന പ്രവർത്തനങ്ങൾ കാമ്പയിൻ രൂപത്തിൽ ഏറ്റെടുക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനങ്ങളെ അണിനിരത്തി ഈ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തുടർന്ന് ജൂൺ മാസത്തിൽ ആരംഭിച്ച മഴയ്ക്ക് മുന്നോടിയായി ആരോഗ്യ ജാഗ്രത എന്ന പേരിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. തുടർന്നു നടത്തിയ പ്രവർത്തനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി കെ.എസ്.ആർ.ടി.സി., ഡി.റ്റി.പി.സി., വനം വകുപ്പ്, എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി, ഇറിഗേഷൻ, റസിഡന്റ്സ് അസോസിയേഷൻ, ലൈബ്രറി കൗൺസിൽ തുടങ്ങിയ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം ഉറപ്പുവരുത്തി.

2017-ൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടായിരുന്നത് കണ്ണൂർ ജില്ലയിലെ ചെമ്പിലോട്, കതിരൂർ, പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ തുടങ്ങിയ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിലും ആറ്റി

ങ്ങൽ, വടക്കൻ പരവൂർ, ചിറ്റൂർ-തത്തമംഗലം, ആലപ്പുഴ തുടങ്ങിയ നഗരസഭകളിലും മാത്രമാണ്.

മുനിസിപ്പൽ കോർപ്പറേഷനുകളിലും നഗരസഭകളിലും വലിയ അളവിൽ മാലിന്യം ഉല്പാദിപ്പിച്ചിരുന്നു. ഇവിടങ്ങളിലൊക്കെ ജൈവ-അജൈവ മാലിന്യങ്ങൾ ഒരുമിച്ച് ശേഖരിച്ച് കൂമ്പാരം കൂട്ടിയിടുക മാത്രമാണ് ചെയ്തിരുന്നത്. മാലിന്യസംസ്കരണ കാര്യക്ഷമമല്ലാതെ പ്രവർത്തിച്ചിരുന്നതിനാൽ തിരുവനന്തപുരത്ത് വിളപ്പിൽശാല, കൊല്ലത്ത് കുരീപ്പുഴ, തൃശൂരിൽ ലാലൂർ, കോഴിക്കോട് ഞെളിയൻപറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വളരെ വലിയ ജനരോഷം ഉണ്ടാകുകയും മാലിന്യ സംഭരണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തു.

മാലിന്യ ശേഖരണത്തിനും സുരക്ഷിതമായ സംസ്കരണത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരവധിയായ പ്രതിസന്ധികൾ നേരിട്ടിരുന്നു. മാലിന്യ സംസ്കരണത്തിനും ശേഖരണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് വീടുകളിലും സ്ഥാപനങ്ങളിലും ഉല്പാദിപ്പിക്കുന്ന മാലിന്യം സുരക്ഷിതമായി കയ്യൊഴിയുന്നതിനുള്ള സംവിധാനം ഇല്ലായ്മ, സാങ്കേതിക സഹായം ലഭ്യമല്ലാത്ത അവസ്ഥ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മൂലധന നിക്ഷേപം നടത്തുന്നതിനുള്ള പദ്ധതിയുടെ അഭാവം, നിയമ ലംഘനം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിലുമുള്ള വീഴ്ച, പൊതു മാലിന്യ നിർമ്മാണ പ്രവർത്തനങ്ങളിൽ ബഹുജനപങ്കാളിത്തത്തിന്റെ കുറവ് തുടങ്ങി നിരവധിയായ പ്രശ്നങ്ങളാണ് ഹരിതകേരളം മിഷൻ നിലവിൽ വരുന്നതിന് മുമ്പുള്ള സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. ഇവ തരണം ചെയ്യുന്നതിനുള്ള കാര്യക്ഷമമായ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ ഭാഗത്തുനിന്നും ഉണ്ടായി.

## വൃത്തിയുള്ള നവകേരളത്തിലേയ്ക്ക്

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം
↓
ശുചിത്വ കേരളം ജനകീയ ക്യാമ്പയിൻ
↓
ഗ്രീൻ പ്രോട്ടോകോൾ ക്യാമ്പയിൻ
↓
കുട്ടികൾക്കായുള്ള വിവിധ ക്യാമ്പയിനുകൾ
↓
ഹരിത നിയമ ബോധവൽക്കരണം
↓
ശുചിത്വ പദവി ക്യാമ്പയിൻ
↓
വൃത്തിയുള്ള കേരളം ക്യാമ്പയിൻ
↓
മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ
↓
മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

2017 ഓഗസ്റ്റ് 15 ന് 'മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം' എന്ന കാമ്പയിനിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറയൊരുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. കേരളത്തിലെ 69 ലക്ഷം വീടുകളിൽ പ്രാഥമിക സർവ്വേ നടത്തി നിലവിലെ ഈ രംഗത്തെ പ്രശ്നങ്ങൾ കണ്ടെത്തുകയും വിടവുകൾ നികത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള ഉപാധികൾ കേരളത്തിലുടനീളം ലഭ്യമാക്കി. 30.19 ലക്ഷം വീടുകളിൽ മാത്രമാണ് തുടക്കത്തിൽ ഉറവിട മാലിന്യ സംസ്കരണത്തിന് സംവിധാനം ഉണ്ടായിരുന്നത്. ജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകളുടെയും ബയോമെത്തനൈസേഷൻ നടത്തുന്ന പ്ലാന്റുകളുടേയും അഭാവം ശ്രദ്ധയിൽപെട്ടു. അതോടൊപ്പം മലിനജല സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ കുറവും ഉണ്ടെന്ന് കണ്ടെത്തി.

ഈ കാമ്പയിനിന്റെ തുടർച്ചയായിട്ടാണ് സ്വാപ് ഷോപ്പുകൾക്ക് തുടക്കം കുറിക്കുന്നത്. ഒരു വ്യക്തിക്കോ കുടുംബത്തിനോ ആവശ്യമില്ലാത്തതും പുനരുപയോഗക്ഷമമായതുമായ വസ്തു/ ഉൽപ്പന്നം ഒരു പൊതു സംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തു മറ്റൊരു വ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവരിലെത്തിക്കുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുക എന്നുള്ളതാണ് സ്വാപ് ഷോപ്പുകളുടെ ലക്ഷ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് സ്വാപ് ഷോപ്പുകളുടെ പ്രാഥമിക ചുമതല. 141 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ച സ്വാപ് ഷോപ്പ് ഇന്നും പരിമിതമായി പ്രവർത്തിക്കുകയാണ്.

### 2.3.1. അജൈവ മാലിന്യ ശേഖരണം: മാലിന്യ സംസ്കരണത്തിലെ വലിയ ചുവടുവയ്പ്

ഒരു പതിറ്റാണ്ട് മുൻപുള്ള കേരളത്തിന്റെ അവസ്ഥ പരിശോധിച്ചാൽ, മാലിന്യസംസ്കരണം എന്നത് ശാസ്ത്രീയമായ ഒരു പ്രക്രിയയാണെന്ന ധാരണ പൊതുസമൂഹത്തിലോ ഭരണതലത്തിലോ സജീവമായിരുന്നില്ല. മാലിന്യം എവിടെയെങ്കിലും ഉപേക്ഷിക്കുകയോ കത്തിക്കുകയോ ചെയ്യുക എന്നതായിരുന്നു അന്നത്തെ പൊതുരീതി. ഉറവിടത്തിൽ വെച്ച് മാലിന്യം തരംതിരിക്കണമെന്ന പ്രാഥമിക പാഠം പോലും അന്യമായിരുന്ന ആ കാലഘട്ടത്തിൽ, പ്ലാസ്റ്റിക് കവറുകളിൽ കൂട്ടിക്കെട്ടി മാലിന്യങ്ങൾ പാതയോരങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നത് ഒരു ശീലമായി മാറിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം മാലിന്യസംസ്കരണം എന്നത് പരിഹരിക്കാനാവാത്ത ഒരു ബാധ്യതയായിരുന്നു. സ്വന്തമായി സംസ്കരണ സംവിധാനങ്ങളില്ലാത്തതിനാൽ സ്വകാര്യ ഏജൻസികൾക്ക് ഭീമമായ തുക നൽകേണ്ടി വന്നത് പല തദ്ദേശ സ്ഥാപനങ്ങളുടെയും സാമ്പത്തിക അടിത്തറയെത്തന്നെ ബാധിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകളും മാലിന്യ സംസ്കരണം എന്നത് നഗരസഭകളുടെ മാത്രം ഉത്തരവാദിത്വമായി കണ്ടിരുന്ന സമീപനവും അന്ന് നിലനിന്നിരുന്നു.

ഈ പ്രതിസന്ധി ഘട്ടത്തിലാണ് ഹരിതകേരളം മിഷൻ ഒരു പുതിയ കാഴ്ചപ്പാടുമായി കടന്നുവരുന്നത്. മാലിന്യം ഒരു പ്രശ്നമല്ല, മറിച്ച് അത് കൃത്യമായി പരിപാലിക്കപ്പെടേണ്ട ഒരു വിഭവമാണെന്ന ബോധ്യം തദ്ദേശ സ്ഥാപനങ്ങളിൽ വളർത്തിയെടുക്കാൻ മിഷന് സാധിച്ചു. ഇതിന്റെ ഭാഗമായി ലോകത്ത് മറ്റെവിടെയും കാണാത്ത വിധത്തിലുള്ള ഒരു വികേന്ദ്രീകൃത

മാലിന്യസംസ്കരണ സംവിധാനം കേരളത്തിൽ രൂപപ്പെട്ടു. ഈ സംവിധാനത്തിന്റെ നട്ടെല്ലായി കുടുംബശ്രീയുടെ കീഴിൽ 'ഹരിത കർമ്മ സേന' രൂപീകരിച്ചു.

പാതയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന പഴയ ശീലത്തിന് വിരാമമിട്ടുകൊണ്ട്, വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്ന രീതി നടപ്പിലാക്കി. കുടുംബശ്രീയുടെ കീഴിൽ രൂപീകരിച്ച ഈ സേനയെ കേവലം മാലിന്യം ശേഖരിക്കുന്നവർ എന്നതിലുപരി, പരിസ്ഥിതി സംരക്ഷണത്തിന്റെ കാവൽക്കാരായി ഉയർത്തിക്കൊണ്ടുവരാൻ നിരന്തരമായ പരിശീലനങ്ങളിലൂടെ സാധിച്ചു. മാലിന്യ ശേഖരണ പ്രവർത്തകർ എന്നതിനേക്കാൾ ഈ മേഖലയിലെ സംരംഭകർ എന്ന നിലയിലാണ് ഹരിത കർമ്മ സേനയെ ബ്രാൻഡ് ചെയ്തിട്ടുള്ളത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൃത്യമായ ഇടവേളകളിൽ ശേഖരിക്കുകയും അതിന് നിശ്ചിത 'യൂസർ



ഫീ' ഈടാക്കുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. ഇത്തരത്തിൽ നൽകുന്ന സേവനത്തിന് ഉടൻ വേതനം നൽകുന്നതുവഴി കൃത്യമായ ഇടവേളകളിൽ വീടുകളിൽ പോയി മാലിന്യ ശേഖരണം സാധ്യമാക്കുന്നതിനോടൊപ്പം ഉടനടി വരുമാനം ഉറപ്പിക്കാനും സാധിച്ചിട്ടുണ്ട്. ഇത് സേനാംഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനൊപ്പം സ്ത്രീ ശാക്തികരണത്തിന്റെ പുതിയൊരു മാതൃകയുമായി.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എംസിഎഫുകളിലും ശേഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സംവിധാനത്തിലും എത്തിച്ച് വീണ്ടും തരം തിരിക്കുന്നു. ഒരുമാസം 10000 ടണ്ണിലേറെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഇവർ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൈമാറുന്നു.

ഈ സംവിധാനത്തെ കുറ്റമറ്റതാക്കാൻ ഘട്ടം ഘട്ടമായുള്ള ശാക്തീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും മുൻഗണന നൽകി. വാർഡ് തലത്തിൽ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (Mini MCF), ഗ്രാമപഞ്ചായത്ത്- നഗരസഭാതലത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF), ബ്ലോക്ക് പഞ്ചായത്ത് - നഗരസഭാ തലത്തിൽ റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) സ്ഥാപിച്ച് ശക്തമായ അടിസ്ഥാന സൗകര്യങ്ങളുടെ ശൃംഖല കെട്ടിപ്പടുത്തു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കൃത്യമായ ഇടവേളകളിൽ ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ മിനി എംസിഎഫുകളിൽ താൽക്കാലികമായി ശേഖരിക്കുകയും അവിടെനിന്നും എംസിഎഫുകളിൽ എത്തിച്ച് ശാസ്ത്രീയമായി തരംതിരിച്ച് പുനഃചക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു. ഇതിനായി സർക്കാർ തന്നെ മുൻകൈയെടുത്ത് ക്ലീൻ കേരള കമ്പനി സ്ഥാപിച്ചു. പുനഃചക്രമണ സാധ്യമല്ലാത്ത മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ഉൾപ്പെടെയുള്ള അംഗീകൃത ഏജൻസികളിലൂടെ ഇന്ധനമായി ഉപയോഗിക്കാൻ സിമൻറ് ഫാക്ടറികൾക്ക് നൽകുന്നു.

ചിലയിടങ്ങളിൽ എംസിഎഫുകളിൽ തരംതിരിക്കുന്ന മാലിന്യങ്ങൾ ആർആർഎഫുകളിൽ എത്തിച്ച് പൊടിച്ച് (ഷ്രെഡ്) ചെയ്ത് പുനഃചക്രമണത്തിനായി അയക്കുന്ന വിപുലമായ ഒരു വികേന്ദ്രീകൃത മാതൃക തന്നെ ഇതിലൂടെ രൂപപ്പെട്ടു. ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽനിന്നും ശേഖരിച്ച അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിന് 20,051 മിനി എം.സി.എഫുകളും 1350 എം.സി.എഫുകളും 192 റിസോഴ്സ് റിക്കവറി സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 3,13,392 ബിന്നുകളും 26,967 ബോട്ടിൽബൂത്തുകളും പാതയോരങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കിക്കൊണ്ട് മാലിന്യ സംസ്കരണത്തെ കൂടുതൽ ശാസ്ത്രീയമാക്കുന്നതിനായി പ്രാദേശികമായി ഹരിത സഹായ സ്ഥാപനങ്ങളുടെ സേവനം ഉറപ്പാക്കിയതും ഈ സംവിധാനത്തിന് കൂടുതൽ കരുത്ത് പകർന്നു. ഇതോടൊപ്പം 'ഹരിതമിത്രം' സ്മാർട്ട് ഗാർബേജ് ആപ്പ് പോലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാലിന്യശേഖരണം ഡിജിറ്റലൈസ് ചെയ്ത് കൃത്യമായ അവലോകനം സാധ്യമാക്കിയതോടെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കാനായി.

ജൈവമാലിന്യ സംസ്കരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ തരത്തിലുള്ള തുമ്പൂർമുഴി മാതൃകയിലുള്ള പ്ലാന്റുകളും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപനാടിസ്ഥാനത്തിൽ സ്ഥാപിച്ചു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ച് കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് തുടങ്ങിയ നിരവധി സംവിധാനങ്ങൾ നിലവിൽ വന്നു.

അജൈവ പാഴ് വസ്തുക്കൾ വീടുകളിലും സ്ഥാപനങ്ങളിൽനിന്നും കൈമാറുന്നതിന് പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പലവിധ വിമുഖതയും ബുദ്ധിമുട്ടുകളും നേരിട്ടിരുന്നു. വൃത്തിയാക്കാതെയും തരം തിരിക്കാതെയും സൂക്ഷിക്കുക, പൊതുസ്ഥലത്തും സ്വകാര്യ സ്ഥലത്തും മാലിന്യം കത്തിക്കുക, പുഴയിലും ജലസ്രോതസ്സിലും വലിച്ചെറിയുക, യൂസർഫീ നൽകാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങളാണ് ആദ്യഘട്ടത്തിൽ അഭിമുഖീകരിച്ചത്.

ഇന്നിപ്പോൾ കേരളത്തിലെ പാതയോരങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യക്കൂനകൾ ഇല്ലാതായിരിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നതും ഗണ്യമായി കുറഞ്ഞിരിക്കുന്നു. അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും അന്തരീക്ഷ മലിനീകരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും കുറഞ്ഞുവ

രുന്നു. പ്ലാസ്റ്റിക് മാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ പുറന്തള്ളപ്പെട്ടിരുന്ന കാർബൺ ഡൈ ഓക്സൈഡിനെ ഒഴിവാക്കി കാലാവസ്ഥയെ മെച്ചപ്പെടുത്താൻ വലിയൊരു പങ്കാണ് ഈ മാലിന്യ ശേഖരണത്തിലൂടെ സാധ്യമാകുന്നത്.

മലയാളിയുടെ വലിച്ചെറിയൽ സംസ്കാരത്തിനെതിരെ നടത്തുന്ന നിശബ്ദ വിപ്ലവത്തിന്റെ പ്രതീകമാണ് ഹരിതകർമസേന. 2017 ൽ രൂപീകരിച്ച ഹരിതകർമസേന ഇന്ന് കേരളത്തിന്റെ സുസ്ഥിര മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി വളർന്നിരിക്കുന്നു. ഇന്ന് 941 പഞ്ചായത്തിലും 93 നഗരസഭകളിലുമായി 37,894 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുകയാണ്. ഇന്ന് കേരളത്തിലെ 1,01,52,082 കെട്ടിടങ്ങളിൽ 95 ശതമാനം ഇടങ്ങളിൽനിന്നും അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുന്നു. ഓരോ ഹരിതകർമ്മസേന അംഗത്തിനും പ്രതിമാസം 10000/- രൂപയിൽ കൂടുതൽ വരുമാനം ലഭ്യമാണ്. കേരളത്തിലെ 95 ശതമാനം കെട്ടിടങ്ങളിൽ നിന്നും ഇന്ന് അജൈവ മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നുണ്ട്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും മുഴുവനായി ഇങ്ങനെ ഒരു വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനമില്ല എന്നതും ശ്രദ്ധേയം. കേരളത്തിന്റെ മാത്രം സവിശേഷ സംഭാവനയായ ഈ വികേന്ദ്രീകൃത സംവിധാനം ഇന്ന് ആഗോളതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ്.

## 2.3.2. നിയമ ഭേദഗതി

മാലിന്യ ശേഖരണവും സുരക്ഷിതമായി കയ്യൊഴിയലും ഉല്പാദകന്റെ ഉത്തരവാദിത്തം എന്ന നിലയിൽ നിലവിലെ മുനിസിപ്പൽ, പഞ്ചായത്ത് നിയമങ്ങളിൽ ഭേദഗതി വരുത്തി. കുറ്റകരമായ പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയിരുന്ന പിഴയും ശിക്ഷയും വർദ്ധിപ്പിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ സേവനങ്ങൾ ലഭിക്കുന്നതിന് ഹരിത കർമ്മ സേനയുടെ യൂസർ ഫീ രസീത് നിർബന്ധമാക്കിയത് നിയമപരമായ ജാഗ്രത വർദ്ധിപ്പിച്ചു. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ നിരോധിച്ചു. പിഴ ഈടാക്കാൻ ജില്ലാതലത്തിൽ നിർവഹണ ഉദ്യോഗസ്ഥരെ നിയമിച്ചും പരി



ശോധനാ നടപടികൾ കർശനമാക്കിയും നിലവിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ നിയമലംഘകരെ കണ്ടെത്തി അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ഒരു വാട്സാപ്പ് നമ്പർ സർക്കാർ പ്രസിദ്ധീകരിച്ചു. ഇതിലൂടെ ഈടാക്കിയ തുകയുടെ 25 ശതമാനം തുക പരാതിക്കാർക്ക് നൽകുന്ന പാരിതോഷികമാണ്. ഇന്ത്യയിലാദ്യമായി കേരളത്തിലാണ് ഈ സംവിധാനം നിലവിലുള്ളത്. ഇന്ന് കേരളത്തിലെ ഭൂരിഭാഗം വീടുകളിലും ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്ന ശീലം നിലവിൽ വന്നത് ഹരിതകേരളം മിഷൻ നടത്തിയ നിരന്തരമായ ഇടപെടലുകളുടെയും സുശക്തമായ സംവിധാനം രൂപപ്പെടുത്തിയതിന്റേയും ഫലമാണ്.

### 2.3.3. ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ

2015ലെ ദേശീയ ഗെയിംസ് വേളയിലാണ് ശുചിത്വ മിഷൻ ഗ്രീൻ പ്രോട്ടോക്കോൾ (ഹരിത പെരുമാറ്റച്ചട്ടം) എന്ന നവീന ആശയം മുന്നോട്ടുവച്ചത്. ദേശീയ തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ച ഈ ആശയം തുടർന്ന് സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉത്സവങ്ങൾ, സമ്മേളനങ്ങൾ എന്നിവയുടെ ഭാഗമായി നടപ്പാക്കാൻ തുടങ്ങി. ഹരിതകേരളം മിഷന്റെ രൂപീകരണത്തിനു ശേഷം ഈ ആശയത്തെ വ്യാപിപ്പിക്കുന്നതിനായി നടപ്പാക്കിയ ക്യാമ്പയിനാണ് ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, രൂപപ്പെടുന്ന മാലിന്യത്തെ ശാസ്ത്രീയമായി തരംതിരിച്ച് സുരക്ഷിതമായി സംസ്കരിക്കൽ, പ്രകൃതി സൗഹൃദ ബദൽ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ. ആദ്യഘട്ടത്തിൽ ജനങ്ങൾ കൂടുതലായി ഒത്തുചേരുന്ന പ്രദേശങ്ങളിലാണ് ഇത് നടപ്പിലാക്കി തുടങ്ങിയതെങ്കിൽ പിന്നീട് മുഴുവൻ സർക്കാർ പരിപാടികളിലും, സംസ്ഥാന-ജില്ലാതല ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നിർബ്ബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാനുള്ള പരിശീലനങ്ങളും ഇടപെടലുകളും ഉണ്ടായി. മാലിന്യവുമായി ബന്ധപ്പെട്ട് അവബോധ നിർമിതിയിലും ശീലവത്ക്കരണത്തിലും നിർണായകമായ സ്വാധീനമുണ്ടാക്കാൻ ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിനിലൂടെ സാധിച്ചു.

### 2.3.4. വിഭവങ്ങളുടെ പുനരുപയോഗത്തിലൂടെ മാലിന്യനിർമ്മാർജ്ജനം: സ്വാപ്പ് ഷോപ്പ്

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ക്യാമ്പയിനിനോടൊപ്പമാണ് സ്വാപ്പ് ഷോപ്പ് എന്ന പ്രതീകാത്മകമായ ഉദ്യമത്തിന് തുടക്കം കുറിക്കുന്നത്. മാലിന്യത്തിന്റെ അളവ് ലഘൂകരിക്കുക എന്നതായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം. ഉപയോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം (Reduce, Reuse, Recycle) ചെയ്യുക എന്ന ആഗോള മാലിന്യ സംസ്കരണസത്വത്തെ അടിസ്ഥാനമാക്കി വിഭാവനം ചെയ്ത പരിപാടിയായിരുന്നു ഇത്. ഒരാൾക്ക് ആവശ്യമില്ലാത്തതും എന്നാൽ മറ്റൊരാൾക്ക് ഉപയോഗപ്രദവുമായ വസ്തുക്കൾ പരസ്പരം കൈമാറുന്ന കൈമാറ്റ കേന്ദ്രങ്ങളായി ഇതു പ്രവർത്തിച്ചു. നമ്മൾ പാഴ് വസ്തുക്കളായി കരുതുന്നവ മിക്കതും പുനരുപയോഗ സാധ്യമാണ് എന്ന പൊതുബോധത്തിന് തുടക്കമിടാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു. തദ്ദേ

ശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ കൈമാറ്റ കേന്ദ്രങ്ങൾ, വിഭവങ്ങളുടെ അമിതമായ ചൂഷണം തടയുന്നതിനും മാലിന്യ സംസ്കരണത്തിനായി ചെലവാക്കേണ്ടി വരുന്ന തുക ലാഭിക്കുന്നതിനും വഴിതുറന്നു.

സംസ്ഥാനത്തെ 141 കേന്ദ്രങ്ങളിൽ 2016 ഡിസംബറിൽ ഒരേസമയം സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിച്ചുകൊണ്ടാണ് ഈ മാതൃകാപരമായ പദ്ധതി അവതരിപ്പിക്കപ്പെട്ടത്. തുടക്കത്തിൽ ലഭിച്ച മികച്ച വിജയത്തെത്തുടർന്ന് 12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥിരം സ്വാപ്പ് ഷോപ്പുകൾ ആരംഭിച്ചു. പദ്ധതിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2017-18 കാലയളവിൽ നൂറോളം പുതിയ കേന്ദ്രങ്ങളിലേക്ക് കൂടി ഈ സംവിധാനം വിജയകരമായി വ്യാപിപ്പിക്കുകയും ചെയ്തു.

ടൺ കണക്കിന് അജൈവ മാലിന്യങ്ങൾ മണ്ണിൽ കുമിഞ്ഞുകൂടുന്നത് മുൻകൂട്ടി ഒഴിവാക്കാൻ ഈ ഇടപെടലിലൂടെ സാധിച്ചു എന്നത് വലിയൊരു സാമൂഹിക നേട്ടമായിരുന്നു. എങ്കിലും, വസ്തുക്കളുടെ ഗുണനിലവാരം നിശ്ചിത മാനദണ്ഡത്തിൽ ഉറപ്പുവരുത്തുന്നതിലും ഇവ ശേഖരിക്കാനുള്ള സ്ഥിരം സംവിധാനങ്ങളുടെ അഭാവവും തുടക്കത്തിൽ വെല്ലുവിളികൾ ഉയർത്തിയിരുന്നു. ഈ ഗ്യാപ്പുകൾ പരിഹരിച്ചുകൊണ്ട്, എല്ലാ നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും മാസത്തിലൊരിക്കലെങ്കിലും സ്വാപ്പ് ഷോപ്പുകൾ നിർബന്ധമാക്കാനും, ക്രമേണ ഇവയെ സ്ഥിരം സംവിധാനങ്ങളായി നടത്തിയ ഉദ്യമങ്ങൾ ഒരു പരിധിവരെ ഫലം കണ്ടു.

## 2.3.5. പ്രളയ അതിജീവനം - ദുരന്തമുഖത്തെ ഏകോപിത പ്രവർത്തനങ്ങൾ

കേരളത്തിന്റെ ഭൂപ്രകൃതിയെയും ജനജീവിതത്തെയും സാരമായി ബാധിച്ച 2018-ലെ മഹാപ്രളയത്തെ അതിജീവിക്കാൻ സർക്കാർ സംവിധാനങ്ങളും പൊതുജനങ്ങളും കൈകോർത്ത മാതൃകാപരമായ പ്രവർത്തനങ്ങളിൽ ഹരിതകേരളം മിഷനും ശുചിത്വ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താനും പകർച്ചവ്യാധികൾ പടരാതിരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും മിഷൻ ബ്ലോക്ക് കോഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിച്ചു. ക്യാമ്പുകളിലെ ശുചിത്വ നിലവാരം വിലയിരുത്തി തദ്ദേശ ഭരണകൂടങ്ങളെ അറിയിക്കുന്നതിനൊപ്പം കളക്ഷൻ സെന്ററുകളിൽ നിന്നുള്ള ദുരിതാശ്വാസ കിറ്റുകൾ അർഹരായവരിലേക്ക് സമയബന്ധിതമായി എത്തിക്കുന്നതിനുള്ള ഏകോപന ചുമതലയും ഇവർ വിജയകരമായി നിർവ്വഹിച്ചു.

പ്രളയം ബാക്കിവെച്ച വൻതോതിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു. ശുചിത്വ മിഷന്റെയും ക്ലീൻ കേരള കമ്പനിയുടെയും സഹായത്തോടെ ടൺ കണക്കിന് മാലിന്യങ്ങളാണ് ഇക്കാലയളവിൽ ശാസ്ത്രീയമായി നീക്കം ചെയ്തത്. ദുരന്തം തീവ്രമായി ബാധിച്ച പഞ്ചായത്തുകളിലായി പ്രത്യേകം നിയോഗിക്കപ്പെട്ട ഹരിതകേരളം മിഷൻ ബ്ലോക്ക് റിസോഴ്സ് പേർസൺമാർ വീടുകളും സ്ഥാപനങ്ങളും നേരിട്ട് സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മലയോര മേഖലകളിലെ മണ്ണിടിച്ചിൽ സാധ്യതകൾ മുൻകൂട്ടി വിലയിരുത്താൻ കഴിഞ്ഞത് സുരക്ഷാ നടപടികൾക്ക് വലിയ കരുത്തേകി. കൃഷി, ജലസേചനം, സോയിൽ സർവേ വകുപ്പുകളെ സംയോജിപ്പിച്ചു നടത്തിയ പഠനങ്ങൾ ഭാവിയിലെ ദുരന്തലഘൂകരണത്തിനുള്ള മുൻകരുതൽ

നടപടികൾക്ക് ശക്തമായ അടിത്തറയിട്ടു. പകർച്ചവ്യാധികൾ തടയാൻ കഴിഞ്ഞതും നാശനഷ്ട ങ്ങൾ കൃത്യമായി വിലയിരുത്തി പുനരധിവാസം വേഗത്തിലാക്കിയതും ഈ പ്രവർത്തനത്തിന്റെ വലിയൊരു പരിണിതഫലമായിരുന്നു. എങ്കിലും, ജലസ്രോതസ്സുകളിൽ അടിഞ്ഞുകൂടിയ ചെളിയും പ്ലാസ്റ്റിക് മാലിന്യങ്ങളും പൂർണ്ണമായി നീക്കം ചെയ്യുന്നതിലും നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിലും ചില പ്രായോഗിക തടസ്സങ്ങൾ നേരിട്ടിരുന്നു. ഇത്തരം അനുഭ വങ്ങൾ മുൻനിർത്തി, ഭാവിയിൽ പ്രളയസാധ്യതകൾ മുൻകൂട്ടി കണ്ട് ജലസ്രോതസ്സുകളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനും ശാസ്ത്രീയമായ നീർത്തട ആസൂത്രണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ആരംഭിച്ചു.

പ്രളയാനന്തര ശുചീകരണത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കാൻ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ചിട്ടയായ ഇടപെടലുകൾ വലിയ പങ്കുവഹിച്ചു. അത്യാവശ്യമായ ശുചീകരണ സാമഗ്രികളുടെ പട്ടിക തയ്യാറാക്കി വിപുലമായ പ്രചാരണത്തി ലൂടെ സമാഹരിക്കുകയും, തിരുവനന്തപുരത്തെ കേന്ദ്രങ്ങളിൽ ലഭിച്ച മൺവെട്ടി, ചൂൽ, ഗ്ലൗസ്, അണുനാശിനികൾ തുടങ്ങിയവ തരംതിരിച്ച് ദുരിതബാധിത പ്രദേശങ്ങളിലേക്ക് എത്തിക്കുക യും ചെയ്തു. ഓൺലൈൻ രജിസ്ട്രേഷൻ വഴി ലഭിച്ച ഉപകരണങ്ങൾ സന്നദ്ധ സംഘങ്ങൾക്ക് ലഭ്യമാക്കിയതിനൊപ്പം, വീടുകളിലെ ചെളി നീക്കം ചെയ്യാൻ 'റെയ്ഡ്കോ'യിൽ നിന്ന് 50 ഹൈപ്രഷർ വാട്ടർ പമ്പുകൾ അടിയന്തരമായി എത്തിച്ചു. ഇതിനുപുറമെ സംഭാവനയായി ലഭിച്ച നൂറുകണക്കിന് പ്രഷർ പമ്പുകളും മോട്ടോറുകളും വിവിധ ജില്ലകളിലേക്ക് വിതരണം ചെയ്തുകൊണ്ടുള്ള ഈ കൃത്യമായ ഏകോപനം ശുചീകരണ ദൗത്യം വേഗത്തിലാക്കാൻ വളരെ യധികം സഹായിച്ചു.

പ്രളയാനന്തര കാലത്ത് കിണറുകളിലെ കുടിവെള്ള സുരക്ഷ ഉറപ്പാക്കുന്നതിനായി ഹരിതകേ രളം മിഷന്റെ നേതൃത്വത്തിൽ വിപുലമായ ശാസ്ത്രീയ ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കി. ആരോഗ്യവകുപ്പിന്റെ ക്ലോറിനേഷന് പുറമെ, മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, എൻ.എസ്.എസ്, ഭക്ഷ്യസുരക്ഷാ വകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചാണ് ഈ ദൗത്യം പൂർത്തിയാക്കിയത്. ആദ്യഘട്ടത്തിൽ ആറ് ജില്ലകളിലെ 12 തദ്ദേശഭരണ സ്ഥാപനങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ ഈ പരിശോധനയിൽ, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ വികസിപ്പിച്ച മൊബൈൽ ആപ്പ് വഴി കിണറുകളുടെ കൃത്യമായ ഡാറ്റാബേസ് തയ്യാറാക്കി. പരിശീലനം ലഭിച്ച എൻ.എസ്. എസ്. വോളന്റിയർമാർ വീടുകളിൽ നിന്ന് ശേഖരിച്ച ജലസാമ്പിളുകൾ പ്രാദേശിക ലാബുക ളിൽ പരിശോധിച്ചതിലൂടെ ലക്ഷ്യമിട്ട പതിനാറായിരത്തോളം കിണറുകളിൽ ഭൂരിഭാഗത്തിലും ഗുണനിലവാര പരിശോധന വിജയകരമായി പൂർത്തിയാക്കി. വിവിധ വകുപ്പുകളുടെ ഈ മികച്ച ഏകോപനം പകർച്ചവ്യാധി ഭീഷണി ഒഴിവാക്കുന്നതിലും കുടിവെള്ള സ്രോതസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിലും നിർണ്ണായക പങ്കുവഹിച്ചു.

നവകേരള നിർമ്മാണത്തിലെ ഏറ്റവും വലിയ വെല്ലുവിളിയായിരുന്ന പ്രളയാനന്തര മാലിന്യ സംസ്കരണം ഹരിതകേരളം മിഷന്റെയും വിവിധ ഏജൻസികളുടെയും ഏകോപിതമായ പ്രവർ ത്തനത്തിലൂടെ ശാസ്ത്രീയമായി പൂർത്തിയാക്കി. ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് മൃഗങ്ങളുടെ ശവശരീരങ്ങൾ മറവുചെയ്യുന്നതിന് മുൻഗണന നൽകുകയും, ദുരിതാശ്വാസ

ക്യാമ്പുകളിലെ ശുചിമുറികൾ വൃത്തിയാക്കാൻ മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ലഭ്യമാക്കുകയും ചെയ്തു. ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ താത്ക്കാലിക തുമ്പൂർമുഴി പ്ലാന്റുകളും കമ്പോസ്റ്റ് പിറ്റുകളും യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിച്ചപ്പോൾ, അജൈവ-ഇ-മാലിന്യങ്ങൾ നീക്കം ചെയ്യാൻ ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക ദൗത്യസംഘങ്ങൾ രൂപീകരിച്ചു. സ്വകാര്യ ഏജൻസികളെയും സ്ക്രാപ്പ് മെർച്ചന്റ്സ് അസോസിയേഷനെയും പങ്കാളികളാക്കി വയനാട്, ആലപ്പുഴ, പത്തനംതിട്ട ഉൾപ്പെടെയുള്ള ജില്ലകളിലെ ഭീമമായ മാലിന്യക്കൂമ്പാരങ്ങൾ വേഗത്തിൽ നീക്കം ചെയ്യാനും പുനചംക്രമണത്തിനായി കൈമാറാനും സാധിച്ചു. ശുചിത്വപൂർണ്ണമായ ഈ പ്രവർത്തനങ്ങളിലൂടെ മഹാദുരന്തത്തെ അതിജീവിച്ച കേരളത്തിന്റെ മാതൃക ദുരന്തനിവാരണ ചരിത്രത്തിലെ തിളക്കമാർന്ന അധ്യായമായി മാറി.

## 2.3.6. ദുരന്തമുഖത്തെ കൈത്താങ്ങായി നൈപുണ്യ കർമ്മസേന

പ്രളയവും ഉരുൾപൊട്ടലും നാശം വിതച്ച മേഖലകളിൽ സാധാരണ ജീവിതം തിരികെ കൊണ്ടുവരുന്നതിനായി ഹരിതകേരളം മിഷനും തൊഴിൽ വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പും സംയുക്തമായി ആവിഷ്കരിച്ച സവിശേഷമായ ഒരു സംവിധാനമായിരുന്നു നൈപുണ്യ കർമ്മസേന. ദുരന്തബാധിത പ്രദേശങ്ങളിലെ വീടുകളിൽ തകരാറിലായ ഗാർഹിക ഉപകരണങ്ങളുടെയും മറ്റ് സാങ്കേതിക സംവിധാനങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുക എന്നതായിരുന്നു ഈ സേനയുടെ പ്രധാന ലക്ഷ്യം. 2018-ലെ പ്രളയാനന്തര കാലഘട്ടത്തിൽ സംസ്ഥാനത്തെ വിവിധ ഐ.ടി.ഐകളിലെ അധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി രൂപീകരിച്ച ഈ സ്ഥിരം സംവിധാനം, ഓരോ ദുരന്തഘട്ടത്തിലും മാതൃകാപരമായ സേവനമാണ് കാഴ്ചവച്ചത്. ഹരിതകേരളം മിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരും ഐ.ടി.ഐകളിലെ നോഡൽ ഓഫീസർമാരും ചേർന്നാണ് ഈ സന്നദ്ധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചത്. വയർമാൻ, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, വെൽഡിംഗ്, കാർപ്പെന്ററി തുടങ്ങിയ ട്രേഡുകളിലെ ട്രെയിനികളും ഇൻസ്ട്രക്ടർമാരും അടങ്ങുന്ന സംഘം ദുരന്തബാധിത സ്ഥലങ്ങളിലെ വീടുകളിലെത്തി നേരിട്ട് സേവനം നൽകുന്ന രീതിയാണ് ഇവിടെ അവലംബിച്ചത്.

മലപ്പുറം, വയനാട്, ഇടുക്കി, കാസർഗോഡ്, കോഴിക്കോട്, ആലപ്പുഴ, തൃശൂർ, എറണാകുളം എന്നീ എട്ട് ജില്ലകളിൽ ഈ സേനയുടെ പ്രവർത്തനം അതീവ സജീവമായിരുന്നു. വൈദ്യുതീകരണ പ്രവർത്തനങ്ങൾ, തകരാറിലായ സ്വിച്ച് ബോർഡുകളുടെയും ഡിസ്ട്രിബ്യൂഷൻ ബോർഡുകളുടെയും പുനഃസ്ഥാപനം, പമ്പ് സെറ്റുകൾ പ്രവർത്തനസജ്ജമാക്കൽ, മരപ്പണികൾ തുടങ്ങിയവയെല്ലാം സന്നദ്ധസേവനമായി ഈ സേന പൂർത്തിയാക്കി. ദുരന്തത്തിന് പിന്നാലെ സാമ്പത്തികമായും മാനസികമായും തളർന്ന സാധാരണക്കാർക്ക് വലിയൊരു ആശ്വാസമായി മാറാൻ ഈ ഇടപെടലിലൂടെ സാധിച്ചു. വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിനൊപ്പം സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ സംയോജനത്തിന്റെ നേർചിത്രമായും ഈ പ്രവർത്തനം മാറി.

അതീവ ദുർഘടമായ സാഹചര്യങ്ങളിൽ സാങ്കേതിക സേവനം എത്തിക്കുന്നതിൽ വലിയ

വിജയം കൈവരിച്ചെങ്കിലും, ഉൾപ്രദേശങ്ങളിൽ സ്പെയർ പാർട്സുകളുടെ ലഭ്യത ഉറപ്പാക്കുന്നതിലും ഗതാഗത സൗകര്യങ്ങളുടെ അഭാവത്തിലും ചില പ്രായോഗിക വെല്ലുവിളികൾ നേരിട്ടിരുന്നു. ഇത്തരം പ്രതിസന്ധികളെ പാഠമുൾക്കൊണ്ടുകൊണ്ട്, ഭാവിയിൽ ദുരന്തങ്ങൾ ഉണ്ടാകുന്ന ഘട്ടത്തിൽ പ്രാദേശികമായി തന്നെ ഇത്തരം സേവന സംഘങ്ങളെ വിന്യസിക്കാനുള്ള വിപുലമായ ഡാറ്റാ ബാങ്ക് തയ്യാറാക്കേണ്ടതുണ്ട്. ഓരോ തദ്ദേശ സ്ഥാപന പരിധിയിലും നൈപുണ്യ കർമ്മ സേനയെ കൂടുതൽ ശാക്തീകരിക്കുന്നതിലൂടെ ഭാവിയിലെ ദുരന്ത അതിജീവന പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കാൻ സാധിക്കും.

## 2.3.7. ശുചിത്വ പദവി ക്യാമ്പയിൻ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ വ്യാപകമായതിന്റെ ഫലമായി സംസ്ഥാനത്തെ ബഹുഭൂരിപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ ശേഖരണത്തിനും സംഭരണത്തിനുമുള്ള സംവിധാനങ്ങളും സുസജ്ജമായ ഹരിതകർമ്മ സേനാ സംവിധാനവും ഉണ്ടായി വന്ന സാഹചര്യത്തിലാണ് മാലിന്യ ശേഖരണം, സംസ്കരണം, കൈമാറ്റം, ശുചിത്വ സ്ഥിതി തുടങ്ങിയ വിവിധ ഘടകങ്ങൾ പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നൽകുന്ന പ്രവർത്തനം നടപ്പാക്കിയത്. മത്സര സ്വഭാവത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായതിലൂടെ മാലിന്യ സംസ്കരണ സംവിധാനങ്ങളിലും പൊതു ശുചിത്വ നിലയിലും വലിയ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞു.

## 2.3.8. വൃത്തിയുള്ള കേരളം മുതൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വരെ

കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുക എന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. ഈ ലക്ഷ്യത്തോടെ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തുടങ്ങിയത് പൊതുബോധ്യമായി മാറിയതോടെയാണ്. ഈ പ്രവർത്തനങ്ങളെ സമ്പൂർണതയിലെത്തിക്കാനായി തീവ്ര സ്വഭാവത്തിലുള്ള പ്രവർത്ത നങ്ങൾ നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2023 ൽ വൃത്തിയുള്ള കേരളം ക്യാമ്പയിനും അതിന്റെ തുടർച്ചയായി അതേ വർഷം തന്നെ മാലിന്യമുക്ത നവകേരളം ക്യാമ്പയിനും ആരംഭിച്ചത്. അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ ശേഖരണ സംവിധാനങ്ങൾ, നിയമ നടപടികൾ, യൂസർഫീ കളക്ഷൻ തുടങ്ങിയവയെല്ലാം സമ്പൂർണതയിലെത്തിക്കുക എന്നതായിരുന്നു ഈ ക്യാമ്പയിനുകളുടെ ലക്ഷ്യം. സമയബന്ധിതമായി നടത്തിയ ഈ ക്യാമ്പയിനുകൾ ഫല പ്രാപ്തിയിലെത്തിയതോടെ ഈ നേട്ടങ്ങളെ സുസ്ഥിരമാക്കാനും ജനങ്ങളുടെ ഉത്തരവാദിത്തത്തിലേക്ക് കൊണ്ടുവരാനുമായി മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചത്. 2024 ഒക്ടോബർ 2 (ഗാന്ധി ജയന്തി ദിനം) മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര സിറോ വേസ്റ്റ് ദിനം) വരെ നീളുന്ന സർവതല സ്പർശിയായി പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിനിൽ ഉൾപ്പെട്ടിരുന്നത്.

ഹരിത സ്ഥാപനങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത സുന്ദര ടൗണുകൾ, ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങൾ, ഹരിത ഗ്രന്ഥശാലകൾ, ഹരിത അയൽക്കൂട്ടങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന ഘടകങ്ങൾ ഈ

ക്യാമ്പയിന്റെ ഭാഗമായി. സമൂഹത്തിലെ മുഴുവൻ ജനങ്ങളും ഒറ്റ മനസ്സോടെ ഈ ക്യാമ്പയിൻ ഏറ്റെടുത്തതോടെ കേരളം മാലിന്യമുക്ത പദവിയിലേയ്ക്കും ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമെന്ന മികവിലേയ്ക്കും ഉയർന്നു.

## 2.3.9. ഇറച്ചി മാലിന്യ സംസ്ക്കരണത്തിനായി റെന്ററിംഗ് പ്ലാന്റുകൾ

ഹരിതകേരളം മിഷന്റെ പ്രാരംഭ ഘട്ടത്തിൽ ഇറച്ചി മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ഇവ ജലാശയങ്ങളിലോ പൊതു സ്ഥലങ്ങളിലോ അലക്ഷ്യമായി നിക്ഷേപിക്കുകയായിരുന്നു പതിവ്. ജൈവ- അജൈവ മാലിന്യങ്ങൾക്ക് താരതമ്യേന തൃപ്തികരമായ സംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നതോടെ ഇറച്ചി മാലിന്യങ്ങൾ ഉൾപ്പെടെയുള്ള പ്രത്യേകതരം മാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങളിലേക്ക് ശ്രദ്ധയൂന്നാൻ



തുടങ്ങി. ഇതിന്റെ ഭാഗമായി സ്വകാര്യപങ്കാളിത്തത്തോടെ ചിക്കൻ വേസ്റ്റ് റെന്ററിംഗ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ധാരണയുണ്ടായിവന്നു. ഈ രംഗത്തെ സ്വകാര്യ വ്യക്തികളെ പങ്കെടുപ്പിച്ച് കേരളത്തിൽ 10 ജില്ലകളിലായി 38 റന്ററിംഗ് പ്ലാന്റുകൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുകയാണ്. ഇതിലൂടെ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിമാലിന്യത്തിന്റെ വലിയൊരളവ് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ വന്നു.

## 2.3.10. മാലിന്യ സംസ്കരണ മേഖലയിലെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

വൃത്തിയുള്ള കേരളം സൃഷ്ടിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും കേവലം ഒരു ശുചിത്വ പരിപാടി എന്നതിലുപരി, ജനപങ്കാളിത്തത്തോടെയുള്ള ഒരു സുസ്ഥിര വികസന മാതൃകയായാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്

### കേരളത്തിൽ ഇന്ന്

- **ഹരിതകർമ്മസേന:**
  - 37,894 അംഗങ്ങൾ
  - 95% കെട്ടിടങ്ങളിൽ നിന്നും അജൈവ മാലിന്യ ശേഖരണം
- **അടിസ്ഥാന സൗകര്യങ്ങൾ:**
  - 20,051 മിനി എം.സി.എഫ് (Mini MCF)
  - 1,350 എം.സി.എഫ് (MCF)
  - 192 ആർ.ആർ.എഫ് (RRF)
- **പൊതുസംവിധാനങ്ങൾ:**
  - 26,967 ബോട്ടിൽ ബൂത്തുകൾ
  - 3,13,392 ബിന്നുകൾ
- ദ്രവമാലിന്യ സംസ്കരണ യൂണിറ്റുകൾ - 58
- സാനിറ്ററി മാലിന്യ ശേഖരണ സംവിധാനം ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 33
- സാനിറ്ററി മാലിന്യ സംസ്കരണ പ്ലാന്റുകൾ - 5
- ചിക്കൻ റെൻഡറിങ് പ്ലാന്റുകൾ - 27

ശക്തമായ ഒരു അടിത്തറ പാകാൻ നമുക്ക് സാധിച്ചു. ഈ മുന്നേറ്റത്തിന്റെ ഏറ്റവും വലിയ കരുത്ത് 37,894 അംഗങ്ങൾ അടങ്ങുന്ന ഹരിതകർമ്മസേനയാണ്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന സംവിധാനം ഇന്ന് 95% എന്ന മികച്ച നിലവാരത്തിൽ എത്തിനിൽക്കുന്നു എന്നത് ലോകത്തിന് തന്നെ മാതൃകയാണ്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കാനും സൂക്ഷിക്കാനും പുനഃചംക്രമണത്തിന് അയക്കാനുമായി 20,051 മിനി എം.സി. എഫുകളും, 1,350 മെറ്റീരിയൽ കളക്ഷൻ സെന്ററുകളും, 192 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സംസ്ഥാനത്തുടനീളം പൂർണ്ണതോതിൽ പ്രവർത്തിച്ചു വരുന്നു.

മാലിന്യത്തെ ഒരു വിഭവമായി കാണുന്ന പുതിയൊരു സംസ്കാരം ഇവിടെ ഉടലെടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആർ.ആർ.എഫുകളിൽ പൊടിച്ച 3,709 മെട്രിക് ടൺ പ്ലാസ്റ്റിക് ഉപയോഗിച്ച് 6,964.44 കി.മീ. റോഡുകൾ ടാർ ചെയ്തത് ഇതിന്റെ മികച്ച ഉദാഹരണമാണ്. ജൈവമാലിന്യ നിർമ്മാർജ്ജനത്തിനായി 2,117 കമ്മ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റുകളും 210 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു. ഉറവിട മാലിന്യ സംസ്കരണത്തിനായി 3,13,392 ബിന്നുകളും 26,967 ബോട്ടിൽ ബൂത്തുകളും വിതരണം ചെയ്തു. ഇതിനുപുറമെ, മണ്ണിനും ജലത്തിനും അതീവ ദോഷകരമായ 3,025.382 മെട്രിക് ടൺ ഇ-വേസ്റ്റും 239.292 മെട്രിക് ടൺ ആരോഗ്യഹാനികരമായ മാലിന്യങ്ങളും കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ സമാഹരിച്ച് സുരക്ഷിതമായി കൈമാറി. ദ്രവമാലിന്യ സംസ്കരണത്തിനായി തിരുവനന്തപുരം, എറണാകുളം, കൽപ്പറ്റ എന്നിവിടങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് സൗകര്യങ്ങൾ ഒരുക്കിയതും കോഴി ഇറച്ചി, മുടി തുടങ്ങിയ പ്രത്യേക മാലിന്യങ്ങൾക്കായി സജ്ജീകരിച്ച സംവിധാനങ്ങളും കേരളത്തിന്റെ ദീർഘവീക്ഷണത്തെയാണ് സൂചിപ്പിക്കുന്നത്.

നിയമപരമായ അറിവും ഉത്തരവാദിത്തബോധവും പൗരന്മാരിൽ വളർത്താൻ ഉപമിഷൻ പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതിനെതിരെയുള്ള ശിക്ഷാ നടപടികളെക്കുറിച്ച് ഇരുപത് ലക്ഷം പേരെ ഹരിത നിയമ സാക്ഷരരാക്കി മാറ്റാൻ സാധിച്ചു. ഗ്രീൻ

## ശുചിത്വ പദവി നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

| ഹരിത പദവി | എണ്ണം |
|---|---|
| തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | 1,029 |
| ഹരിത വാർഡുകൾ | 19,356 |
| ഹരിത അയൽക്കൂട്ടങ്ങൾ | 2,97,483 |
| ഹരിത ഗ്രന്ഥശാലകൾ | 3,601 |
| ഹരിത വിദ്യാലയം | 14,483 |
| ഹരിത കലാലയം | 1,434 |
| ഹരിത ടൂറിസം കേന്ദ്രങ്ങൾ | 368 |
| ഹരിത പൊതുസ്ഥലങ്ങൾ/മാർക്കറ്റുകൾ | 3,271 |
| ഹരിത ടൗണുകൾ | 3,095 |

പ്രോട്ടോക്കോൾ അഥവാ ഹരിത ചട്ടം പാലിക്കുന്നതിൽ കേരളം ഇന്ന് മുന്നിലാണ്. 2025-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും 2026-ലെ തദ്ദേശ തിരഞ്ഞെടുപ്പിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയത് ഏറെ ശ്രദ്ധേയമാണ്. 10,010 ഓഫീസുകളും സ്ഥാപനങ്ങളും നിലവിൽ ഹരിത ചട്ടം പാലിക്കുന്നുണ്ട്. ഇതിൽ 10,000 സർക്കാർ ഓഫീസുകൾ 2021 ജനുവരി മുതൽ തന്നെ ഹരിത ഓഫീസുകളായി മാറി. 59,942 സ്ഥാപനങ്ങളും 2,97,483 അയൽക്കൂട്ടങ്ങളും 14,484 വിദ്യാലയങ്ങളും 1,434 കലാലയങ്ങളും ഇന്ന് ഹരിത പദവി അലങ്കരിക്കുന്നു. ടൂറിസം മേഖലയുടെ ഉണർവിനായി 368 ടൂറിസം കേന്ദ്രങ്ങൾക്കും 3,271 മാർക്കറ്റുകൾക്കും 3,095 ടൗണുകൾക്കും ഹരിത പദവി നൽകാൻ സാധിച്ചു. സാംസ്കാരിക മേഖലയിൽ 3,570 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറിയത് ജനകീയ പങ്കാളിത്തത്തിന്റെ ആഴം വ്യക്തമാക്കുന്നു.

ശുചിത്വ പദവി കൈവരിക്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യത്തേക്കാൾ വലിയ നേട്ടമാണ് കൈവരിച്ചത്. മാലിന്യ മുക്തം നവകേരളം ജനകീയ കാമ്പയിനോട് അനുബന്ധിച്ച് 938 ഗ്രാമപഞ്ചായത്തുകളും 86 നഗരസഭകളും ശുചിത്വ പദവി നേടി. ബ്ലോക്ക് പഞ്ചായത്തുകളുടെ ഏകോപനത്തിന് കീഴിൽ ഗ്രാമപഞ്ചായത്തുകൾ ഈ നേട്ടം കൈവരിച്ചത് ഭരണപരമായ ഏകോപനത്തിന്റെ വിജയമാണ്. ഖരമാലിന്യ സംസ്കരണത്തിൽ മികവ് തെളിയിച്ച 113 പഞ്ചായത്തുകളിലും 28 നഗരസഭകളിലും ഇപ്പോൾ സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സജീവമായി നടക്കുന്നു. ചുരുക്കത്തിൽ, കൃത്യമായ ആസൂത്രണവും വിട്ടുവീഴ്ചയില്ലാത്ത നിയമപാലനവും ജനകീയ സേനയുടെ അർപ്പണബോധവും ഒത്തുചേർന്നപ്പോൾ കേരളം ഇന്ന് മാലിന്യമുക്ത നവകേരളം എന്ന സ്വപ്നത്തിലേക്ക് അതിവേഗം നടന്നടുക്കുകയാണ്. ഈ സുസ്ഥിര വികസന മാതൃക വരുംതലമുറയ്ക്ക് ശുചിത്വമുള്ളതും ആരോഗ്യകരവുമായ ഒരു പരിസ്ഥിതി ഉറപ്പാക്കുമെന്നത് തീർച്ചയാണ്.

# 3



## 2016 ഡിസംബർ - 2026 ജനുവരി മിഷൻ പ്രവർത്തനത്തിലെ നാഴികക്കല്ലുകൾ

നവകേരള നിർമ്മിതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനുമായി വിഭാവനം ചെയ്ത ദൗത്യമായ ഹരിതകേരളം മിഷൻ, പ്രകൃതി വിഭവങ്ങളുടെ വീണ്ടെടുപ്പിനും സംരക്ഷണത്തിനുള്ള ഔദ്യോഗികവും വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ രീതിശാസ്ത്രമാണ് മുന്നോട്ടു വയ്ക്കുന്നത്. ഹരിതകേരളം മിഷന്റെ ഇതുവരെയുള്ള നാൾവഴികൾ പരിശോധിക്കുമ്പോൾ, നയപരമായ ഇടപെടലുകളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തിലൂടെയും കൈവരിച്ച നേട്ടങ്ങൾ കേരളത്തിന്റെ വികസന ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലുകളാണ്.

## 2016 ഡിസംബർ 8

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ രൂപീകരിച്ചുകൊണ്ട് 28.09.2016 തീയതി സ.ഉ (പി)നം./41/2016/ആ. സാ.വ തിരുവനന്തപുരം നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാന



ത്തിൽ 2016 ഡിസംബർ 8 ന് തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ കളത്തറയ്ക്കൽ ഏലായിൽ പാടത്ത് വിത്തെറിഞ്ഞ് ഹരിതകേരളം മിഷന്റെ ഉദ്ഘാടനം ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

## 2017 മാർച്ച് 22

2016ലെ വേനൽക്കാലത്ത് സംസ്ഥാനം നേരിട്ട കൊടിയ വരൾച്ചയുടെ പശ്ചാത്തലത്തിൽ ജല സംരക്ഷണവും ജലമിതവ്യയവും ശീലമാക്കാൻ ലക്ഷ്യമിട്ട് 'ജലമാണ് ജീവൻ' ക്യാമ്പയിന് തുടക്കം കുറിച്ചു. 2017 മാർച്ച് 22 ജലദിനത്തിൽ തുടങ്ങി മൂന്ന് ദിവസങ്ങളിലായി 2.75 ലക്ഷം അയൽക്കൂട്ടങ്ങളിൽ ജലമാണ് ജീവൻ അയൽക്കൂട്ടം ജലസഭ സംഘടിപ്പിച്ചു.

## 2017 ജൂൺ 5

മിഷൻ രൂപീകരണത്തിന് ശേഷമുള്ള ആദ്യ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്ത ഈ പ്രവർത്തനം 85% ലക്ഷ്യം നേടി.

## 2017 ആഗസ്റ്റ് 15

മാലിന്യ സംസ്കരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ അടിസ്ഥാനമൊരുക്കാനായി 2017ലെ സ്വാതന്ത്ര്യ ദിനവുമായി ബന്ധിപ്പിച്ച്, 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയിൻ ആരംഭിച്ചു. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിലവിലെ അവസ്ഥ വിശകലനം ചെയ്യലും മാലിന്യ സംസ്കരണ ശീലം



വളർത്തലും ആയിരുന്നു ഈ ക്യാമ്പയിനിന്റെ മുഖ്യ ലക്ഷ്യങ്ങൾ. ക്യാമ്പയിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തി സമഗ്ര ശുചിത്വ പരിപാലനത്തിനുള്ള കർമ്മപരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കി. 15.8.2017 ന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ശുചിത്വ പ്രതിജ്ഞയും ശുചിത്വ സന്ധ്യയും സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങളും സംഘടിപ്പിച്ചു.

## 2017 സെപ്റ്റംബർ 2

### വരട്ടാർ പുനരുജ്ജീവനം-പുഴ നടത്തം

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെമ്പാടും അനേകം നീർച്ചാലുകളും പുഴകളും വീണ്ടെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കെല്ലാം ഊർജ്ജവും വഴികാട്ടിയുമായത് പത്തനംതിട്ട ജില്ലയിലെ



വരട്ടാർ വീണ്ടെടുക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങളാണ്. അനേക വർഷങ്ങളായി ഒഴുക്ക് നിലച്ച് നഷ്ടപ്പെട്ടുപോയ നദി ആയിരുന്നു വരട്ടാർ. ഇത് വീണ്ടെടുക്കുന്നതിനായി ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ തുടക്കം കുറിച്ച ഈ പ്രവർത്തനം വലിയ പിന്തുണ നേടി സംസ്ഥാന ദേശീയ ശ്രദ്ധയിലേയ്ക്കുയരുകയായിരുന്നു. പുഴ വീണ്ടെടുക്കുന്നതിന്റെ മുന്നോടിയായി 2017 സെപ്റ്റംബർ 2 ന് നടത്തിയ പുഴ നടത്തം പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളും ഈ പുഴ നടത്തത്തിന്റെ ഭാഗമായി.

## 2017 സെപ്റ്റംബർ 29

പൊതുവിദ്യാലയങ്ങൾ ഹരിത വിദ്യാലയമാക്കാൻ ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഹരിതോത്സവത്തിന് തുടക്കം. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ



പൊതു വിദ്യാഭ്യാസ മന്ത്രി പ്രൊഫസർ സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.

## 2017 ഒക്ടോബർ 2

ഹരിത വാരാചരണത്തിന് തുടക്കം.

2017 ജൂൺ 05 ന് നട്ട തൈകളുടെ സ്ഥിതി പരിശോധനയും പരിഹാരവും ലക്ഷ്യമിട്ട് ഒക്ടോബർ 2 മുതലുള്ള ഒരാഴ്ചകാലം ഹരിത വാരമായി ആചരിച്ചു.

## 2017 ഒക്ടോബർ 8

മീനച്ചിലാർ മീനന്തറയാർ കൊടൂരാർ നദീ പുനഃസംയോജനം

കോട്ടയം ജില്ലയെ ജലസമൃദ്ധം ആക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന മൂന്ന് പുഴകളാണ് മീനച്ചിലാർ, മീനന്തറയാർ, കൊടൂരാർ എന്നിവ. പരസ്പരബന്ധിതമായ ജലസ്രോതസ്സുകൾ ആയിരുന്നു ഇവ. കൃഷിക്കാവശ്യമായ ജലസേചനത്തിനും ജലഗതാഗതത്തിനും ഇവയുടെ ഈ പരസ്പരബന്ധം പ്രയോജനപ്പെട്ടിരുന്നു. എന്നാൽ കാലക്രമേണ ഇവയുടെ ബന്ധം മുറിയുകയും പ്രത്യേക പുഴകളായി മാറുകയും ചെയ്തു. ഈ പുഴകളെ പുനഃസംയോജിപ്പിക്കുന്നതിനായി വലിയ ജനകീയ കൂട്ടായ്മ ഉണ്ടായി വന്നു. ഈ പ്രവർത്തനത്തിന് 2017 ഒക്ടോബർ 8 ന് തുടക്കം കുറിച്ചു.

## 2017 നവംബർ 1

ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി പുറപ്പെടുവിച്ച 2420/2017/തഃസ്വഃഭഃവ നമ്പർ മാർഗ്ഗരേഖ പ്രകാരമാണ് സംസ്ഥാനത്ത് അജൈവ പാഴ്‌വസ്തു ശേഖരണത്തിനായി ഹരിത കർമ്മസേനകൾ രൂപീകരിച്ചത്. 2017 നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിലാണ് ഹരിത കർമ്മസേ



നകൾക്ക് തുടക്കം കുറിച്ചത്. 300 ഗ്രാമപഞ്ചായത്തുകളിലാണ് ആദ്യഘട്ടത്തിൽ ഹരിത കർമ്മ സേനകൾ നിലവിൽ വന്നത്.

## 2017 നവംബർ 25

ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷന്റെ "സുജലം സുഫലം' പദ്ധതിക്ക് തുടക്കം. നെൽകൃഷി വികസിപ്പിക്കുന്നതിനും വീടുകൾതോറും പച്ചക്കറിയിലും മറ്റ് അടിസ്ഥാന കാർഷിക ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടുകയുമായിരുന്നു സുജലം സുഫലം മാർഗ്ഗരേഖ പ്രധാനമായി ലക്ഷ്യമിട്ടത്.

## 2017 ഡിസംബർ 14

2017 ഡിസംബർ 8 ന് മിഷൻ പ്രവർത്തനങ്ങൾ ഒരു വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ ഒന്നാം വാർഷികം 'ഹരിത സംഗമം' എന്ന പേരിൽ



തിരുവനന്തപുരത്ത് ജിമ്മി ജോർജ് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഈ സംഗമം ഉദ്ഘാടനം ചെയ്തു.

## 2018 ജൂൺ 8

ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് തുടക്കം കുറിച്ചു. സർക്കാർ ഓഫീസിലെ നോഡൽ ഓഫീസർമാർക്ക് ഇതിന്റെ ഭാഗമായി പരിശീലനവും നൽകി.

## 2018 ആഗസ്റ്റ് 20

2018ലെ മഹാപ്രളയത്തിന്റെ ഭാഗമായി വെള്ളത്തിനടിയിലായിപ്പോയ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകി.

(ഗവ. ഉത്തരവ് ത.സ്വ.ഭ.വ നം. 2288 തീയതി 19/08/2018)

സന്നദ്ധ സംഘടനകൾ, വ്യക്തികൾ തുടങ്ങിയവരെ ഓൺലൈൻ രജിസ്ട്രേഷൻ വഴി പങ്കാളികളാക്കിക്കൊണ്ട് അവരെ നിർദിഷ്ട സ്ഥലങ്ങളിൽ മിഷന്റെ നേതൃത്വത്തിൽ തന്നെ എത്തിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്. ഇതിനാവശ്യമായ ശുചീകരണ സാമഗ്രികൾ ഉൾപ്പെടെ സ്പോൺസർഷിപ്പ് വഴി ലഭ്യമാക്കാനും മിഷൻ ഇടപെട്ടു.

## 2018 സെപ്റ്റംബർ 8, 9

പ്രളയദുരന്ത സ്ഥലങ്ങളിൽ കിണർ വെള്ളത്തിന്റെ ഗുണനിലവാര പരിശോധന.

മഹാപ്രളയത്തിന്റെ ഭാഗമായി മലിനജലം കയറിയ കിണറുകളിലെ ജലം കുടിവെള്ള യോഗ്യമാണോ എന്ന് പരിശോധിക്കുന്നതിന് മൊബൈൽ വാട്ടർ ടെസ്റ്റിംഗ് ലാബുകൾ ക്രമീകരിച്ച് പരിശോധനകൾ നടത്തി. തദ്ദേശസ്വയംഭരണ വകുപ്പ്, ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, കേരള വാട്ടർ അതോറിറ്റി തുടങ്ങിയവർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

പൈലറ്റ് അടിസ്ഥാനത്തിൽ നടത്തിയ ഈ പരിശോധനകൾ ലക്ഷ്യമിട്ടതിന്റെ 96% വും പൂർത്തിയാക്കി.

## 2018 സെപ്റ്റംബർ 20-23

പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളിൽ സഹായമെത്തിക്കാനായി സംസ്ഥാനത്തെ ഐ.ടി.ഐ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രൂപീകരിച്ച 'നൈപുണ്യ കർമസേന' പ്രളയദുരന്ത

സ്ഥലങ്ങളിലെ വീടുകളിലെയും ഉപകരണ ങ്ങളുടെയും അറ്റകുറ്റപ്പണികൾ നിർവഹിച്ചു. ഇതിനായി വിദ്യാർത്ഥികളെ ഏകോപിപ്പിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ മുഴുവൻ നടത്തി യത് ഹരിതകേരളം മിഷനാണ്.

## 2018 ഒക്ടോബർ 9

പ്രളയബാധിത പ്രദേശങ്ങളിൽ നടത്തിയ സ്തുത്യർഹമായ സേവനങ്ങൾ മുൻനിർത്തി നൈപുണ്യ കർമസേനയ്ക്ക് അനുമോദനം



നൽകി. ബഹു. മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ VJT ഹാളിൽ (അയ്യങ്കാളി മെമ്മോറിയൽ ഹാൾ) ഉദ്ഘാടനം ചെയ്തു.

## 2018 ഒക്ടോബർ 25

നദികൾ വീണ്ടെടുക്കാനുള്ള കർമപദ്ധതിക്ക് രൂപം നൽകുകയും മാർഗരേഖ തയ്യാറാക്കു കയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ രണ്ട് ദിവസത്തെ നദീ പുനരുജ്ജീവന ശില്പശാലയ്ക്ക് തുടക്കം കുറിച്ചു. സംസ്ഥാന ശാസ്ത്ര സാങ്കേ തിക മ്യൂസിയം ഹാളിൽ ബഹു. മന്ത്രി ശ്രീ. മാത്യു ടി. തോമസ് ഉദ്ഘാടനം ചെയ്തു.

## 2018 നവംബർ 1

ഒന്നാം ഘട്ടത്തിൽ പരിശീലനം നൽകി നോഡൽ ഓഫീസർമാരെ നിയമിച്ച സംസ്ഥാന ത്തെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോ ക്കോൾ നിലവിൽ വന്നു. 10,000-ലധികം ഓഫീ സുകൾ ആദ്യഘട്ടത്തിൽ തന്നെ ഗ്രീൻ പ്രോട്ടോ ക്കോൾ ഓഫീസുകളായി.

## 2018 ഡിസംബർ 8

ഹരിതകേരളം മിഷൻ രണ്ടാം വാർഷികം. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനകീയ പുഴ സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചു കൊണ്ട് 'എല്ലാവരും ജലാശയങ്ങളിലേക്ക്' ക്യാമ്പ യിൻ തുടങ്ങി.

## 2019 ജനുവരി 4

ഹരിതകേരളം മിഷൻ പ്രചാരണ വാഹനം 'ഹരിതായനം' യാത്ര തുടങ്ങി. എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ ഈ വാഹനം എത്തിച്ചേർന്നു.

## 2019 ജനുവരി 26

'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' ക്യാമ്പയി നിന്റെ വിജയത്തെ തുടർന്ന് റിപ്പബ്ലിക് ദിനത്തോ ടനുബന്ധിച്ച് മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം



രണ്ടാംഘട്ടത്തിനും ഹരിത നിയമബോധവൽ ക്കരണ ക്യാമ്പയിനും തുടക്കമായി.

## 2019 ഫെബ്രുവരി 24

ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച് വിദേശത്തുനിന്നുള്ള വിദഗ്ധരെ ഉൾപ്പെടെ പങ്കെടുപ്പിച്ച് ശില്പശാല. സീറോ വേസ്റ്റ് ഇന്റർ നാഷണൽ അലൈൻസ് ചെയർമാനും കാലി ഫോർണിയയിലെ റിസോഴ്സ് റിക്കവറി അസോസിയേഷൻ സ്ഥാപകനുമായ റിച്ചാർഡ് ആന്റണി സീറോ വേസ്റ്റ് ഇൻറർനാഷണൽ അലൈൻസ് ബോർഡ് മെമ്പർ പാൽമാർ ടെൻസൺ, അമേരിക്കയിലെ സീറോ വേസ്റ്റ് ഇന്റർനാഷണൽ അലൈൻസ് ഡയറക്ടർ റൂത് ആബെ എന്നിവർ പങ്കെടുത്തു.

## 2019 മാർച്ച് 6

ഹരിതകേരളം മിഷ്യൻ പ്രവർത്തനങ്ങൾ മാതൃകാപരമായി ഏറ്റെടുത്ത് നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾ പ്രഖ്യാപിച്ചു. 2019 മാർച്ച് 6 ന് മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു.

## 2019 മാർച്ച് 8

ജലസ്രോതസ്സുകളിലെ ജലലഭ്യത അറിയാൻ സ്കെയിലുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക്



തുടക്കം. കാട്ടാക്കട നിയോജക മണ്ഡലത്തിൽ പരിപാടി ഉദ്ഘാടനം ചെയ്തു

## 2019 ഏപ്രിൽ 23

രാജ്യത്തിന് മാതൃകയായി കേരളത്തിൽ ഹരിതചട്ടം പാലിച്ച് പൊതു തിരഞ്ഞെടുപ്പ് (ലോക്സഭ ഇലക്ഷൻ) നടത്തുന്നതുമായി ബന്ധപ്പെട്ട് ഇലക്ഷൻ കമ്മീഷനുമായി സഹകരിച്ച് ഹരിതകേരളം മിഷൻ തയ്യാറാക്കിയ 'ലോക്സഭ തിരഞ്ഞെടുപ്പ് 2019 ഹരിതചട്ടപാലനം' കൈപുസ്തകം പുറത്തിറക്കി.

## 2019 മെയ്

### ജില്ലാതല ജലസംഗമങ്ങൾ

സംസ്ഥാനതല ജലസംഗമത്തിന് മുന്നോടിയായി എല്ലാ ജില്ലകളിലും ജലസംഗമങ്ങൾ സംഘടിപ്പിച്ചു.

## 2019 മെയ് 29,30,31

### ജലസംഗമം 2019

ഹരിതകേരളം മിഷൻ രൂപീകൃതമായതിനു ശേഷം സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. ഇത്തരത്തിൽ



വീണ്ടെടുത്ത ജലസ്രോതസ്സുകളെ ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും സാങ്കേതിക പിന്തുണയോടെയും സുസ്ഥിരമായി നിലനിർത്തുക എന്നതായിരുന്നു 'ജലസംഗമം 2019' എന്ന പരിപാടിയുടെ പ്രധാന ലക്ഷ്യം. ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ജലസംഗമം ഉദ്ഘാടനം ചെയ്തു.

ജലസംരക്ഷണ രംഗത്ത് തദ്ദേശ സ്ഥാപനങ്ങളും വിവിധ സർക്കാർ വകുപ്പുകളും അതുവരെ കൈവരിച്ച മാതൃകാപരമായ നേട്ടങ്ങൾ പരസ്പരം പരിചയപ്പെടുത്തുന്നതിനും, ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ താൽപ്പര്യമുള്ളവർക്ക് വിദഗ്ധ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു വിനിമയ വേദിയായാണ് ഇത് വിഭാവനം ചെയ്തത്.

ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പ് ഒരു താൽക്കാലിക പ്രവർത്തനമായി മാറാതെ, നീർത്തടാടിസ്ഥാനത്തിൽ അവയുടെ ദീർഘകാല സംരക്ഷണം ഉറപ്പാക്കാനുള്ള നൂതനമായ കർ

മ്മപദ്ധതികൾക്ക് ജലസംഗമം രൂപം നൽകി.

### 2019 ജൂൺ 5

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാൻ ലക്ഷ്യമിട്ട് പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട്



ജംഗ്ഷനിലെ തോന്നക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നീർമാതളത്തൈ നട്ട് ആദ്യ പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു.

### 2019 ജൂലൈ 30

മലിനീകരണം സംബന്ധിച്ച കുറ്റകൃത്യങ്ങളെക്കുറിച്ചും അവയുടെ ശിക്ഷകളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കാൻ ലക്ഷ്യമിട്ട് ഹരിത നിയമ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 20 ലക്ഷം പേരിൽ എത്തുന്ന വിപുലമായ ഹരിത നിയമ ബോധവൽക്കരണം ലക്ഷ്യം കണ്ടു.

### 2019 ആഗസ്റ്റ് 7

ഹരിതനിയമ ബോധവൽക്കരണ ക്യാമ്പയിനിനെ തുടർന്ന് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രചാരണം ലക്ഷ്യമിട്ട് 'അരുത്, വലിച്ചെറിയരുത്, കത്തിക്കരുത്' ക്യാമ്പയിന് തുടക്കം കുറിച്ചു.

### 2019 ഓഗസ്റ്റ് 14

ഉരുൾപൊട്ടലും പ്രളയവും നാശം വിതച്ച മലപ്പുറം, കാസർഗോഡ്, വയനാട്, ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഗാർഹിക ഉപകരണ അറ്റകുറ്റപ്പണികൾക്കായി ഹരിതകേരളം മിഷന്റെയും തൊഴിൽ വകുപ്പിന്റെയും സഹായഹസ്തമായി 'നൈപുണ്യ കർമസേന' വീണ്ടും രംഗത്ത്.

### 2019 ഒക്ടോബർ 2

'വഴികാട്ടാൻ വാഗമൺ' എന്ന പേരിൽ ഹരിത ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചു. ഗാന്ധിജയന്തി ദിനത്തിൽ വാഗമണ്ണിൽ മെഗാ ക്ലീനിംഗ് സംഘടിപ്പിച്ചു. വാഗമണ്ണിലേക്കുള്ള നാല് റൂട്ടുകളും ഹരിത ഇടനാഴികളാക്കി മാറ്റി.



### 2019 നവംബർ 1

സംസ്ഥാനത്തെ ഐടിഐകളെ ഹരിത ഐടിഐകൾ ആക്കി മാറ്റുന്നതിനായി നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത ഐ.ടി.ഐ. ക്യാമ്പസ് ആദ്യഘട്ട പ്രഖ്യാപനം നടത്തി. ആദ്യഘട്ടത്തിൽ 14 ഐ.ടി.ഐ. കളെ ഹരിത ഐടിഐ കളായി പ്രഖ്യാപിച്ചു.

### 2019 നവംബർ 22

ഒറ്റത്തവണ മാത്രം ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കാനും ബദൽ മാർഗങ്ങളുടെ പ്രചാരണത്തിനുമായി ക്യാമ്പയിൻ ആരംഭിച്ചു.

## 2019 ഡിസംബർ 6

മുഖ്യമന്ത്രിയുടെ ഹരിത അവാർഡുകൾ പ്രഖ്യാപിച്ചു. ബഹു. മന്ത്രി ശ്രീ. എ.സി. മൊയ്തീൻ പ്രഖ്യാപനം നടത്തി.

## 2019 ഡിസംബർ 14

നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പിനായി ഹരിതകേരളം നടപ്പിലാക്കിയ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ഏറെ ശ്രദ്ധേയമായ ക്യാമ്പയിനിന് തുടക്കം കുറിച്ചു എല്ലാ ജില്ലയിലും ഓരോ നീർച്ചാലുകൾ വീതം ഏറ്റെടുത്തുകൊ



ണ്ടാണ് കാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നത്.

## 2020 ജനുവരി 15

മാലിന്യ സംസ്കരണത്തിലെ വിജയ മാതൃകകളുമായി ശുചിത്വ സംഗമം തിരുവനന്തപുരത്ത് ആരംഭിച്ചു. പ്രദർശന വിപണന മേള ശ്രദ്ധേയമായി.

## 2020 ജനുവരി 21,22

ശുചിത്വ സംഗമം : ഔപചാരിക ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ



നിർവഹിച്ചു. ദേശീയ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചു.

കേരളത്തിലെ മാലിന്യസംസ്കരണ മേഖലയിൽ 2017 മുതൽ 2020 വരെയുള്ള കാലയളവിൽ കൈവരിച്ച നേട്ടങ്ങളും ആർജ്ജിച്ച അനുഭവങ്ങളും പങ്കുവെക്കുന്നതിനായി ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ബൃഹത്തായ പരിപാടിയായിരുന്നു 'ശുചിത്വ സംഗമം'. സംസ്ഥാനത്തെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധം നൽകുക എന്ന ലക്ഷ്യത്തോടെ ഈ സംഗമം സംഘടിപ്പിച്ചത്. വികേന്ദ്രീകൃത മാലിന്യസംസ്കരണം, പുനഃചംക്രമണം, മനോഭാവ വ്യതിയാനം എന്നീ വിഷയങ്ങളിൽ ദേശീയ-അന്തർദേശീയ തലത്തിലുള്ള വിദഗ്ധരെയും തദ്ദേശ സ്ഥാപന പ്രതിനിധികളെയും ഒരു വേദിയിൽ അണിനിരത്തിക്കൊണ്ടുള്ള വിജ്ഞാന വ്യാപന സമീപനമാണ് ഇതിനായി സ്വീകരിച്ചത്.

രണ്ടായിരത്തിലധികം പ്രതിനിധികൾ പങ്കെടുത്ത രണ്ട് ദിവസത്തെ ശില്പശാലകളും സെമിനാറുകളും സംഗമത്തെ വൻ വിജയമാക്കി. 53 ഗ്രാമപഞ്ചായത്തുകളും 14 മുനിസിപ്പാലിറ്റികളും 2 കോർപ്പറേഷനുകളും തങ്ങളുടെ മികച്ച പ്രവർത്തന മാതൃകകൾ ഇവിടെ അവതരിപ്പിച്ചു. കൂടാതെ കേരളത്തിന് പുറത്തുള്ള ശ്രദ്ധേയമായ മാലിന്യസംസ്കരണ രീതികളും ചർച്ചകളിൽ ഇടംപിടിച്ചു. ഹരിതകേരളം മിഷൻ നേതൃത്വം നൽകിയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള 'മുഖ്യമന്ത്രിയുടെ ഹരിത അവാർഡ്' വിതരണവും ഇതോടൊപ്പം നടന്നു. ഇതിനു പുറമെ നൂതന മാലിന്യസംസ്കരണ സാങ്കേതിക വിദ്യകളുടെയും പ്ലാസ്റ്റിക്കിന് ബദലായ ഉൽപ്പന്നങ്ങളുടെയും വിപ

ലമായ പ്രദർശന-വിപണന മേളയും സംഘ ടിപ്പിച്ചിരുന്നു.

## 2020 ജനുവരി 21

### ബദൽ ഉൽപ്പന്ന പ്രദർശന വിപണന മേള

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് 2020 ജനുവരി ഒന്നുമുതൽ സർക്കാർ നിരോധനം ഏർപ്പെടുത്തിയ പശ്ചാത്തലത്തിൽ, പൊതുജനങ്ങൾക്ക് പ്രായോഗികമായ ബദൽ മാർഗങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ശ്രദ്ധേയമായ പദ്ധതിയായിരുന്നു 'ബദൽ ഉൽപ്പന്ന പ്രദർശന വിപണന മേള'. വെറും നിരോധനത്തിലൂടെ മാത്രം മാറ്റം സാധ്യമല്ലെന്നും പ്ലാസ്റ്റിക്കിന് പകരമായി ഉപയോഗിക്കാവുന്ന പരിസ്ഥിതി സൗഹൃദ വസ്തുക്കളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണമെന്നും അത്തരം ഉൽപന്നങ്ങൾ വിപണിയിൽ സജീവമാക്കണമെന്നുമുള്ള ശാസ്ത്രീയമായ സമീപനമാണ് ഈ പ്രദർശനത്തിന് പിന്നിലുണ്ടായിരുന്നത്. തുണി സഞ്ചികൾ, പേപ്പർ ബാഗുകൾ, മൺപാത്രങ്ങൾ, ചണ ഉൽപ്പന്നങ്ങൾ തുടങ്ങി പ്ലാസ്റ്റിക്കിന് ബദലായി ഉപയോഗിക്കാവുന്ന വൈവിധ്യമാർന്ന വസ്തുക്കളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഇതിൽ നടത്തി.

തിരുവനന്തപുരത്ത് 2020 ജനുവരി 21 ന് ആരംഭിച്ച് എട്ടു ദിവസം നീണ്ടുനിന്ന പ്രധാന മേളയിൽ മാത്രം 110 സ്റ്റാളുകൾ അണിനിരന്നു. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 150 കേന്ദ്രങ്ങളിൽ സമാനമായ പ്രദർശന മേളകൾ സംഘടിപ്പിക്കപ്പെട്ടു. പ്രചാരണ ജാഥകളും ഉൽപ്പന്നങ്ങളുടെ വിപണനത്തിനൊപ്പം അവ കുറഞ്ഞ ചെലവിൽ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തിയ സെമിനാറുകളും ഈ പ്രദർശനത്തിന്റെ ഭാഗമായി നടന്നു.

## 2020 മാർച്ച് 1

കുടിവെള്ളമായി ഉപയോഗിക്കുന്ന കിണർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രാദേശിക തലത്തിൽ ലാബുകൾ സ്ഥാപിക്കുന്നതിന് ഹരിതകേരളം മിഷൻ ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായി സ്കൂൾ ഹയർസെക്കൻഡറി ലാബുകളുമായി ബന്ധി



പ്പിച്ചുള്ള പ്രാഥമിക ജല ഗുണനിലവാര പരിശോധനാ ലാബുകൾക്ക് തുടക്കം കുറിച്ചു. ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി ഹയർസെക്കൻഡറി സ്കൂളിലാണ് ആദ്യ ലാബ് സ്ഥാപിച്ചത്.

## 2020 മാർച്ച് 7

സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കിയതിന്റെ തുടക്ക പ്രവർത്തനമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത ഓഡിറ്റിംഗ്, ഹരിത പെരുമാറ്റച്ചട്ട പാലന പരിശോധന എന്നിവയ്ക്ക് തുടക്കം കുറിച്ചു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ഇതിന് നേതൃത്വം നൽകി.

## 2020 മാർച്ച് 29

കോവിഡ് മാലിന്യങ്ങളുടെ സംസ്കരണത്തിന് പ്രത്യേക മാർഗ നിർദ്ദേശങ്ങൾ പുറത്തിറക്കി

## 2020 മാർച്ച് 30

കോവിഡ് കാലത്ത് വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹനവുമായി ഹരിതകേരളം

മിഷൻ പ്രവർത്തനങ്ങൾ സജ്ജമാക്കി.

### 2020 ഏപ്രിൽ 4

കോവിഡ് കാല ഭക്ഷ്യക്ഷാമം നേരിടുന്നതിനായി മൈക്രോ ഗ്രീൻ കൃഷി- വീഡിയോ തയ്യാറാക്കി പ്രചരിപ്പിച്ചു.

### 2020 ഏപ്രിൽ 5

ഭക്ഷ്യവസ്തുക്കളുടെ ലഭ്യത കുറയാതിരിക്കുന്നതിനായി കോവിഡ്കാല പച്ചക്കറി കൃഷി സംബന്ധിച്ച് സംശയ നിവാരണത്തിന് ഹരിത കേരളം മിഷൻ എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ഏപ്രിൽ 12

കോവിഡ് കാലത്ത് വീടുകൾ ശുചിയായി സംരക്ഷിക്കുന്നത് സംബന്ധിച്ച് 'വീട് മാലിന്യ മുക്തമാക്കാം: സംശയനിവാരണം' എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ഏപ്രിൽ 18

'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട്' ക്യാമ്പയിൻ ആരംഭിച്ചു- ലോക്ഡൗൺ കാലത്തെ മാലിന്യ സംസ്കരണവും കോവിഡിനൊപ്പം മറ്റു പകർച്ച വ്യാധികളെ തടയലുമായിരുന്നു മുഖ്യ ലക്ഷ്യം.

### 2020 ഏപ്രിൽ 20

കോവിഡ് കാലത്ത് ജലക്ഷാമം ഉണ്ടാകാതിരിക്കാനായി 'ജലസംരക്ഷണം വീട്ടിലും നാട്ടിലും' - എന്ന പേരിൽ എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ഏപ്രിൽ 27

കോവിഡ്കാല ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനായി 'കിഴങ്ങുവിളകളുടെ കൃഷിരീതി' എന്ന പേരിൽ എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 മെയ് 7

കോവിഡ് കാലത്തെ നേരിടാനായി 'സംയോജിത കൃഷി' - എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 മെയ് 9

കോവിഡ് കാലത്ത് 'വീട്ടുവളപ്പിലെ പച്ചക്കറി കൃഷി' - എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ജൂൺ 5

പച്ചത്തുരുത്ത് പദ്ധതി തുടക്കം കുറിച്ചതിന്റെ ഒന്നാം വാർഷിക ദിനത്തിൽ, കോവിഡ് നിയന്ത്രണങ്ങൾ നിമിത്തം പൊതുപരിപാടികൾ സംഘടിപ്പിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ 'പച്ചത്തുരുത്തും ജൈവവൈവിധ്യവും'- എന്നപേരിൽ എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ജൂൺ 16

തെങ്ങിനൊപ്പം മറ്റു വിളകളുടെ കൃഷിയും ഉൽപാദന വർദ്ധനയും - എഫ് ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ജൂലൈ 1

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജൈവമാലിന്യ സംസ്കരണ വിജയ മാതൃകകൾ വെബിനാർ സംഘടിപ്പിച്ചു.

### 2020 ജൂലൈ 2

ലോക്ക് ഡൗൺ കാലത്തും കർമനിരതരായ ഹരിത കർമസേന- എഫ്ബി ലൈവ് സംഘടിപ്പിച്ചു.

### 2020 ജൂലൈ 4

വൃത്തിയുള്ള നാടൊരുക്കാൻ ഹരിത കർമസേന - എഫ് ബി ലൈവ് പരമ്പരയ്ക്ക് തുടക്കം.

### 2020 ജൂലൈ 8

തദ്ദേശ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ സംസ്കരണം വിജയ മാതൃകകൾ വെബിനാർ സംഘടിപ്പിച്ചു.

## 2020 ജൂലൈ 11

ഹരിതകർമസേനയെ പങ്കെടുപ്പിച്ച് എഫ് ബി ലൈവ് പരമ്പര 3-ാം ഭാഗം.

## 2020 ജൂലൈ 22

ഹരിതചട്ടവും ബദൽ ഉൽപന്ന ഉപയോഗവും മാലിന്യത്തിന്റെ അളവ് കുറയ്ക്കും- വെബിനാർ സംഘടിപ്പിച്ചു.

## 2020 സെപ്റ്റംബർ 7

ജലഗുണനിലവാര പരിശോധന ലാബ് സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു (കണ്ണൂർ അഞ്ചരക്കണ്ടി എച്ച് എസ് എസ്., ധർമ്മടം മണ്ഡലം)

## 2020 ഒക്ടോബർ 10

സംസ്ഥാനത്തെ 588 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി പ്രഖ്യാപനം ബഹു.മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു.

## 2020 ഒക്ടോബർ 15

ആയിരം പച്ചത്തുരുത്തുകൾ പൂർത്തിയായതിന്റെ പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. (1261 പച്ചത്തുരുത്തുകൾ പൂർത്തിയായി)

'അതിജീവനത്തിന്റെ ആയിരം പച്ചത്തുരുത്തുകൾ' പുസ്തകം പ്രകാശനം ചെയ്തു.



## 2020 ഒക്ടോബർ 17

പരിസ്ഥിതി പുനഃസ്ഥാപനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ പങ്ക്- പച്ചത്തുരുത്തുകളെ ആധാരമാക്കി വെബിനാർ സംഘടിപ്പിച്ചു.

## 2020 ഒക്ടോബർ 21

'വഴികാട്ടാൻ വാഗമൺ' പദ്ധതിയുടെ ഭാഗമായി വാഗമണ്ണിൽ ഹരിത ചെക്ക് പോസ്റ്റ് സ്ഥാപിച്ചു.

## 2020 ഒക്ടോബർ 30

സംസ്ഥാനത്തെ ഐടിഐ ക്യാമ്പസുകൾ ഹരിത ക്യാമ്പസുകൾ ആയതിന്റെ ആദ്യഘട്ട പ്രഖ്യാപനം ബഹു. മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ നിർവഹിച്ചു.

## 2020 നവംബർ 2

ചിറ്റൂർ മണ്ഡലത്തിൽ 11 ജലഗുണ നിലവാര പരിശോധന ലാബ് ബഹു. മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം നിർവഹിച്ചു.

## 2021 ജനുവരി 26

1000 സർക്കാർ ഓഫീസുകൾ ഹരിത ചട്ടത്തിലേക്ക്. പ്രഖ്യാപനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു. (ഓൺലൈൻ)




## 2021 ഫെബ്രുവരി 3

ജലഗുണനിലവാര പരിശോധന ലാബുകളുടെ പരിശീലന വീഡിയോ പ്രകാശനവും സംസ്ഥാനതല പരിശീലനവും സംഘടിപ്പിച്ചു.

## 2021 ഫെബ്രുവരി 24

50 തദ്ദേശ സ്ഥാപനങ്ങളിൽ 'വഴിയിടം' ടേക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങൾ പ്രഖ്യാപനം.

## 2021 ഡിസംബർ 18

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമ പഞ്ചായത്തിൽ 'പുഴയൊഴുകും മാണിക്കൽ' പദ്ധതിക്ക് തുടക്കം

## 2022 മാർച്ച് 22

ലോക ജലദിനത്തിൽ 'ഇനി ഞാനൊഴുകട്ടെ' രണ്ടാം ഘട്ടത്തിന് തുടക്കം. മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. പുഴയൊഴുകും മാണിക്കലിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ബഹു.



മന്ത്രി ശ്രീ. ജി.ആർ. അനിൽ നിർവഹിച്ചു. സ്ഥലം - വെമ്പായം, കൈരളി ഓഡിറ്റോറിയം

## 2022 ഏപ്രിൽ 1

ഹരിതകേരളം മിഷൻ തുടക്കം കുറിച്ച 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിനിന്റെ നിർവഹണ രൂപരേഖ തയ്യാറാക്കലിനായി ദ്വിദിന ശിൽപ്പശാല സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ഗവേഷണ




സ്ഥാപനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള വിദഗ്ധർ ഇതിൽ പങ്കാളികളായി.

## 2022 മേയ് 21

ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി പശ്ചിമഘട്ട മേഖലയിലെ 11 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ യുഎൻഡിപി പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശത്തെ യുവാക്കൾക്ക് ദൃശ്യമാധ്യമ രംഗത്ത് പരിശീലനം നൽകിയിരുന്നു. യു.എൻ.ഡി.പി. പദ്ധതിയിൽ ആദിവാസി മേഖലയിലെ യുവജനങ്ങൾക്കുള്ള ഈ ദൃശ്യമാധ്യമ പരിശീലനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റ് വിതരണം മെയ് 21ന് നടന്നു.

## 2022 ജൂൺ 5

പച്ചത്തുരുത്ത് പദ്ധതിയുടെ വ്യാപനത്തിനായി തുടക്കം കുറിച്ച നവകേരളം പച്ചത്തുരുത്ത് പദ്ധതി, കണ്ണൂർ മുഴക്കുന്ന് പഞ്ചായത്തിലെ പാലപ്പുഴ അയ്യപ്പൻ കാവിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

## 2022 ജൂൺ 8

ശംഖുംമുഖത്ത് ഹരിതടൂറിസം പദ്ധതിക്ക് തുടക്കം. സമുദ്രതീര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹരിതടൂറിസം ക്യാമ്പയിന് തുടക്കം

## 2022 ജൂൺ 29, 30

ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്റ്റ് (UNDP) അനുഭവ വിജ്ഞാന വ്യാപന ശിൽപ്പശാല സംഘടിപ്പിച്ചു.

## 2022 ജൂലൈ 16

സംസ്ഥാന സർക്കാരിന് കീഴിലുള്ള ഓഫീസുകൾ ഹരിത ഓഫീസുകളാക്കി മാറ്റുന്ന പ്രവർത്തനത്തോട് കൈകോർത്ത് തൃശ്ശൂർ ജില്ലയിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ ഹരിത ഓഫീസ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു. തൃശൂർ ജില്ലയിലെ

113 കെ.എസ്.ഇ.ബി. ഓഫീസുകൾ ജൂലൈ 16ന് ഹരിത ഓഫീസുകളായി പ്രഖ്യാപിച്ചു.

## 2022 നവംബർ 10

മൂന്നാറിൽ മാലിന്യ പരിപാലനം സമഗ്രമാക്കാനുള്ള മെഗാ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം

## 2022 നവംബർ 17

മൂന്നാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ ബഹു. മന്ത്രി ശ്രീ. എം.ബി. രാജേഷ് നാടിനു സമർപ്പിച്ചു

## 2022 നവംബർ 24

സംസ്ഥാന നീരുറവ് പദ്ധതി പ്രഖ്യാപനവും ജലാഞ്ജലി നീരുറവ്-സമഗ്ര നീർത്തട പദ്ധതി രേഖ പ്രകാശനവും മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു.

## 2022 ഡിസംബർ 24

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - ജില്ലാ കോർ ഗ്രൂപ്പ് ശിൽപ്പശാല സംഘടിപ്പിച്ചു.

## 2023 ജനുവരി 21

പശ്ചിമഘട്ട പ്രദേശത്ത് തുടരെത്തുടരെ ഉണ്ടാകുന്ന മണ്ണിടിച്ചിലും ഉരുൾപൊട്ടലും ലഘൂകരിക്കുന്നതിന് പ്രസ്തുത പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖല വീണ്ടെടുക്കലിന് മുഖ്യ പ്രാധാന്യമുണ്ടെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'സുരക്ഷിതമാക്കാം പക്ഷിമഘട്ടം' എന്ന പേരിൽ ക്യാമ്പയിനിന് തുടക്കം കുറിച്ചു. സുരക്ഷിതമാക്കാം പശ്ചിമഘട്ടം-നീർച്ചാൽ മാപ്പിംഗ് പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഇടുക്കി ജില്ലയിൽ നിർവഹിച്ചു.



## 2023 ജനുവരി 26

വൃത്തിയുള്ള നവകേരളം, വലിച്ചെറിയൽ മുക്ത ക്യാമ്പയിൻ- മാലിന്യത്തിൽ നിന്നു സ്വാതന്ത്ര്യം ക്യാമ്പയിൻ മൂന്നാംഘട്ടം എന്നിവയ്ക്ക് തുടക്കം

## 2023 ഫെബ്രുവരി 21-22

ഒരു പ്രദേശത്തെ ജലലഭ്യതയും ജലാവശ്യങ്ങളും പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ജല ബജറ്റ് തയ്യാറാക്കൽ പ്രവർത്തനം ഏറ്റെടുക്കാൻ ഹരിത കേരളം മിഷൻ തീരുമാനിച്ചതിന്റെ ഭാഗമായി ജലബജറ്റ് സംസ്ഥാനതല സാങ്കേതിക ശിൽപ്പശാല സംഘടിപ്പിച്ചു. വിവിധ ഗവേഷണ സ്ഥാപനങ്ങളിലെയും വകുപ്പുകളിലെയും വിദഗ്ധർ പങ്കെടുത്തു.

## 2023 ഫെബ്രുവരി 26

രാജ്യത്താദ്യമായി എല്ലാ തദ്ദേശ ഭരണ സ്ഥാപന പരിധിയിലും ജലബജറ്റ് തയ്യാറാക്കാനുള്ള പദ്ധതിക്ക് തുടക്കം

## 2023 ഏപ്രിൽ 17

ഇനി ഞാനൊഴുകട്ടെ മൂന്നാംഘട്ട പ്രഖ്യാപനം, 94 തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കിയ



ജലബജറ്റ് പ്രകാശനം തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

## 2023 മേയ് 10

നീരുറവ് പദ്ധതിയുടെ ഡി.പി.ആർ. പ്രകാശനവും നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും ബഹു. മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവഹിച്ചു.

## 2023 മേയ് 13

പച്ചത്തുരുത്തുകളുടെ വിസ്തൃതി 700 ഏക്കറിലേക്ക് – പ്രഖ്യാപനം ബഹു. മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവഹിച്ചു.



## 2023 മേയ് 17

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ– സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് തുടക്കം

## 2023 സെപ്റ്റംബർ 23

യുഎൻഡിപി പദ്ധതിയുടെ ഭാഗമായി ഇടുക്കി അടിമാലി ഗവ: ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച 'ഹരിതകേരളം നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം,



നാടിന് സമർപ്പിച്ചു – ബഹു. മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ പ്രഖ്യാപനം നടത്തി.

## 2023 ഒക്ടോബർ 21

ഹരിത ഊർജ്ജം ഉപയോഗിച്ച് പാറക്വാറികളിലെ ജലം ജലസേചനത്തിന് പ്രയോജനപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം കരീപ്ര ഗ്രാമപഞ്ചായത്ത് ഉളവ്കോട് നടപ്പാ



ക്കിയ പദ്ധതി. ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്തു.

## 2024 ഫെബ്രുവരി 13

'ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക്' ക്യാമ്പയിൻ ആരംഭിച്ചു.

## 2024 ഫെബ്രുവരി 15

റെയിൽവേ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട കണ്ടൽ വനങ്ങൾക്ക് പകരം കണ്ടൽക്കാടുകൾ സൃഷ്ടിക്കുന്നതിനായി ദക്ഷിണ റെയിൽവേ ഹരിതകേരളം മിഷനുമായി കൈകോർത്ത് പദ്ധതി ആവിഷ്കരിച്ചു. ദക്ഷിണ റെയിൽവേയുമായി ചേർന്ന് കണ്ടൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കാനുള്ള ഈ പ്രവർത്തനങ്ങൾക്ക് ഫെബ്രുവരി 15ന് തുടക്കം കുറിച്ചു.

## 2024 ജൂലായ് 27

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പ്രവർത്തനങ്ങൾ എറണാകുളം ജില്ലയിലെ ഗോശ്രീ ദ്വീപുകളിലേക്ക് വ്യാപിപ്പിക്കുന്ന

തിന് തുടക്കം കുറിച്ചു.

### 2024 സെപ്റ്റംബർ 4

'തെങ്ങിനുതടം മണ്ണിനുജലം' ക്യാമ്പയിന് തുടക്കം



### 2024 ഒക്ടോബർ 2

കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ടു നടത്തിയ തീവ്ര യജ്ഞ ക്യാമ്പയിനായ 'മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനു' തുടക്കമായി. കൊട്ടാരക്കരയിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

### 2024 നവംബർ 1

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കേരളപ്പിറവി ദിനത്തിൽ ആദ്യഘട്ട ഹരിത പ്രഖ്യാപനങ്ങൾ നടന്നു. 916 ടൗണുകൾ ഹരിതസുന്ദര ടൗണുകളായി പ്രഖ്യാപിക്കപ്പെട്ടു.

### 2024 നവംബർ 14

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കുട്ടികളുടെ ഹരിതസഭ.

### 2024 നവംബർ 16

ചവറ KMML ൽ ഖനനം കഴിഞ്ഞു തരിശു കിടന്ന 30 ഏക്കറിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം.

### 2024 ഡിസംബർ 9

വെള്ളായണി കായൽ ശുചീകരണം നടത്തുന്ന ശ്രീ. ബിനു പുഞ്ചക്കരിക്ക് ഫൈബർ ബോട്ട് കൈമാറി.

### 2024 ഡിസംബർ 15

ഇനി ഞാനൊഴുകട്ടെ 3-ാം ഘട്ടം പാലക്കാട് തൃത്താലയിൽ ബഹു.മന്ത്രി ശ്രീ. എം.ബി. രാജേഷ് ഉദ്ഘാടനം ചെയ്തു.



### 2025 ജനുവരി 26

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൽ റിപ്പബ്ലിക് ദിനത്തിൽ കൂടുതൽ ഹരിത പ്രഖ്യാപനങ്ങൾ.

### 2025 ഫെബ്രുവരി 15

സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക് പദ്ധതിക്ക് തുടക്കം.

### 2025 മാർച്ച് 3

കേരളത്തിൽ ജലസേചനത്തിന് ഉപയോഗിക്കാവുന്ന പാറക്വാറികൾ സംബന്ധിച്ച സമഗ്ര പഠന റിപ്പോർട്ട് ബഹു. മന്ത്രി ശ്രീ. വി.എൻ. വാസവൻ പ്രകാശനം ചെയ്തു.

### 2025 മാർച്ച് 24, 25

#### പരിസ്ഥിതി സംഗമം 2025

2025 ലോക ജലദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടന്ന 'പരി



സ്ഥിതി സംഗമം' കേരളത്തിന്റെ പരിസ്ഥിതി സൗഹൃദ വികസന കാഴ്ചപ്പാടിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ഈ ദ്വിദിന സംഗമം, കേവലം ചർച്ചകൾക്കപ്പുറം പ്രായോഗികമായ പരിസ്ഥിതി മാതൃകകളുടെയും ജനകീയ വിദ്യാഭ്യാസത്തിന്റെയും വലിയൊരു വേദിയായി മാറി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ഈ സംഗമത്തിൽ, കേരളത്തിന്റെ ഭാവിയിലേക്കുള്ള 'ജലസുരക്ഷാ സമീപന രേഖ' പ്രകാശനം ചെയ്തു. വികസനവും പരിസ്ഥിതി സംരക്ഷണവും പരസ്പര വിരുദ്ധമല്ലെന്നും, ഇവ രണ്ടിനെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ വികസന മാതൃകയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി അടിവരയിട്ടു പറഞ്ഞു.

പ്രാദേശിക തലത്തിൽ ജലലഭ്യത ഉറപ്പാക്കാൻ 673 ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ 'ജല ബജറ്റ്' ഈ സംഗമത്തിലെ പ്രധാന ചർച്ചാവിഷയമായി. ഇതിനൊപ്പം നെറ്റ് സീറോ കാർബൺ കേരളം ലക്ഷ്യമിട്ടുള്ള മൊബൈൽ ആപ്പും ക്യാമ്പയിൻ മാർഗരേഖയും പുറത്തിറക്കി. വിവിധ സെഷനുകളിലായി അവതരിപ്പിക്കപ്പെട്ട 78-ഓളം പ്രബന്ധങ്ങൾ കേരളത്തിലുടനീളം നടക്കുന്ന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ നേർച്ചിത്രമായി. മാലിന്യ സംസ്കരണം, കാർബൺ കുറയ്ക്കൽ, പച്ചത്തുരുത്തുകൾ എന്നീ മേഖലകളിൽ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന മികച്ച രീതികൾ പരസ്പരം പങ്കുവെക്കാൻ ഈ വേദി അവസരമൊരുക്കി.

രണ്ട് ദിവസം നീണ്ടുനിന്ന സംഗമത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നായി ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു. ജലസുരക്ഷ, മാലിന്യപരിപാലനം, നെറ്റ് സീറോ കാർബൺ ലക്ഷ്യം, പരിസ്ഥിതി പുനസ്ഥാപനം എന്നീ മേഖലകളിൽ സംസ്ഥാനതലത്തിൽ കൈവരിച്ച പുരോഗതികളെ ഏകോപിപ്പിച്ചും അനുഭവങ്ങൾ പങ്കുവെച്ചും ഭാവി പ്രവർത്തനങ്ങൾക്ക് ദിശാനിർദ്ദേശം നൽകുവാനും പരിസ്ഥിതി സംഗമത്തിലൂടെ സാധിച്ചു.

## 2025 മാർച്ച് 30

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ ഖരമാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപനം
- മാലിന്യമുക്ത കേരളം യാഥാർത്ഥ്യത്തിലേക്ക്
- എല്ലാ ജില്ലകളിലും പ്രഖ്യാപനങ്ങൾ.

## 2025 ജൂൺ 5

ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള 'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിനു തുടക്കം. ക്ലിഫ് ഹൗസ് അങ്കണത്തിൽ കുളമാവ് തൈനട്ട്



ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ക്യാമ്പയിനിലൂടെ 1.09

കോടി തൈകൾ നട്ടു.

## 2025 ആഗസ്റ്റ് 3

ഒരു തൈനടാം ക്യാമ്പയിനിലുൾപ്പെടുത്തി ലോകസൗഹൃദ ദിനത്തിൽ കൂട്ടുകാർ തമ്മിൽ വൃക്ഷത്തൈകൾ കൈമാറുന്ന 'ചങ്ങാതിക്കൊരു



തൈ' ക്യാമ്പയിൻ. 10 ലക്ഷത്തിലധികം തൈകൾ ഇപ്രകാരം കൈമാറി.

## 2025 ആഗസ്റ്റ് 30, 31

അമിതിക് മസ്തിഷ്ക ജ്വരം വ്യാപിക്കുന്ന സാഹചര്യത്തിൽ ജലമാണ് ജീവൻ ക്യാമ്പയിന്റെ ഭാഗമായി ജലജന്യ രോഗങ്ങളെ പ്രതി രോധിക്കാനായി സംസ്ഥാനത്തെ കിണറുകളിൽ ക്ലോറിനേഷൻ പരിപാടി നടപ്പാക്കി. സംസ്ഥാ



നത്തെ 86%ലധികം കിണറുകളിൽ ക്ലോറിനേഷൻ നടത്തി.

## 2025 സെപ്റ്റംബർ 10

സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾ കണ്ടെത്താനുള്ള സ്ക്രീനിംഗ് നടന്നു

## 2025 സെപ്റ്റംബർ 15

സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾ പ്രഖ്യാപിച്ചു.

## 2025 സെപ്റ്റംബർ 16

മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാര വിതരണം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിച്ചു.



## 2025 സെപ്റ്റംബർ 20

കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിരേഖ പ്രകാശനം മന്ത്രി പി. രാജീവ് നിർവഹിച്ചു.

## 2025 ജനുവരി 20

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ മെൻസ്ട്രുവൽ കപ്പും സാനിറ്ററി നാപ്കിൻ സംസ്കരണത്തിനുള്ള ഇൻസിനറേറ്ററും വിതരണം ചെയ്യുന്ന പദ്ധതി കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിലുള്ള മുട്ടറ ഹയർ സെക്കൻഡറി & വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നിർവഹിച്ചു.

## 2026 ഫെബ്രുവരി 23-25

ഹരിതകേരളം മിഷൻ ദേശീയ പരിസ്ഥിതി സമ്മേളനം ഫെബ്രുവരി 23 മുതൽ 25 വരെ, പ്രദർശനം 23 മുതൽ 25 വരെ. സമ്മേളനം ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

കേരളത്തിന്റെ പാരിസ്ഥിതിക ഭദ്രത ഉറപ്പാക്കുന്നതിനായുള്ള നിരന്തരമായ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നടത്തി



വരുന്നത്. കഴിഞ്ഞ കാലയളവിൽ കൈവരിച്ച ഭൗതികമായ നേട്ടങ്ങൾക്കപ്പുറം, പ്രകൃതിയോട് പ്രതിബദ്ധതയുള്ള ഒരു പൗരസമൂഹത്തെ വാർത്തെടുക്കാൻ ഈ മിഷന് സാധിച്ചു എന്നത് ശ്രദ്ധേയമാണ്. മാലിന്യമുക്തവും ഹരിതാഭവുമായ ഒരു കേരളം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഇനിയും കരുത്തോടെ തുടരേണ്ടതുണ്ട്. സാങ്കേതിക വിദ്യയുടെ നവീന സാധ്യതകളും ജനകീയ പ്രവർത്തനങ്ങളും ഇതിൽ സുപ്രധാന ഘടകങ്ങളാണ്.

4



# ശേഷി വികസനവും പിന്തുണാ സംവിധാനങ്ങളും

## 4. പരിശീലനം, കാര്യശേഷി വികസനം

ജനകീയാസൂത്രണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക പിന്തുണ നൽകിയും ശുചിത്വ-മാലിന്യ സംസ്കരണം, ജലസംരക്ഷണം, ജൈവകൃഷി രീതിയിലധിഷ്ഠിതമായുള്ള കാർഷിക വികസനം എന്നീ മേഖലകളിൽ കൃത്യമായ വികസന ലക്ഷ്യങ്ങൾ നേടുന്നതിന് പരിശീലനവും കാര്യശേഷി വികസനവും നിർണായകമാണ്. ആദ്യ ഘട്ടത്തിൽ ഇതിനായി മുഖ്യ പങ്കുവഹിച്ചത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ആണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിവിധ വകുപ്പുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറിയ ഘടക സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, സാങ്കേതിക വകുപ്പിലെ ഉദ്യോഗസ്ഥർക്കും, സാമൂഹ്യപ്രവർത്തകർക്കും പരിശീലനം നൽകുന്ന പ്രധാന ഉത്തരവാദിത്തമാണ് കില നിർവ്വഹിച്ചത്. ഇതി

നാവശ്യമായ പരിശീലന മൊഡ്യൂളുകൾ വികസിപ്പിക്കുക, പരിശീലകരെ സജ്ജമാക്കുക തുട ങ്ങിയ കാര്യങ്ങൾ ഹരിതകേരളം മിഷൻ നിർവഹിച്ചു.

പരിശീലനത്തിന്റെ ആദ്യഘട്ടമായി തദ്ദേശഭരണസ്ഥാപനതല മിഷനുകൾ രൂപീകരിക്കുന്നതിനും അവയുടെ പ്രസക്തി പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനും വേണ്ട പരിശീലനം സംസ്ഥാന ആസൂത്രണ ബോർഡും ഹരിത കേരളം മിഷനുമായി ചേർന്ന് കില നിർവഹിക്കു കയുണ്ടായി. കിലയോടൊപ്പം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ് മെന്റ് ഇൻ ഗവണ്മെന്റ് (ഐ.എ. ജി), കേരള നീർത്തട പരിപാലന വികസന പരിശീലന കേന്ദ്രം (IWDMK), ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയുടെ പിന്തുണയോടെയും പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.

## 4.1 കിലയുടെ പിന്തുണയോടെ നടത്തിയ പരിശീലനങ്ങൾ

ആറ് തരത്തിലുള്ള കാര്യശേഷി വികസന പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട് കില നിർവഹിച്ചത്.

- ബോധവത്ക്കരണം
- ക്യാമ്പയിൻ പ്രവർത്തനങ്ങൾ
- സാങ്കേതിക നൈപുണ്യ പരിശീലനങ്ങൾ
- പ്രാദേശിക കാര്യശേഷി വികസനം
- പഠന പ്രവർത്തനങ്ങൾ
- ഡോക്യുമെന്റേഷൻ

### 4.1.1 ബോധവത്ക്കരണം

2017 മാർച്ച് മുതൽ നവകേരള കർമ്മ പരിപാടിയിലെ വിവിധ മിഷനുകളെക്കുറിച്ചുള്ള വ്യാപ കമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് ജനകീയാസൂത്രണ സെല്ലിലെ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG) യുമായി ചേർന്ന കില തുടക്കം കുറിച്ചു. അഞ്ഞൂറിലധികം പരിശീലകരെ സജ്ജ മാക്കിക്കൊണ്ടായിരുന്നു തുടക്കം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ഏതാണ്ട് 22000 പേരെ നാല് മിഷനുകളുടെ ഉദ്ദേശ്യങ്ങളും പ്രവർത്തനപരിപാടികളും എന്തെന്നറിയിക്കുവാൻ സാധ്യമായ വികേന്ദ്രിത പരിശീലന പരിപാടിയാണ് സംഘടിപ്പിച്ചത്. ഇതിനായി ഒരു കൈപു സ്തകവും തയ്യാറാക്കി നൽകുകയുണ്ടായി

### 4.1.2 ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ നേതൃത്വം നൽകുന്ന വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് വേണ്ട പിന്തുണാ സംവിധാനമൊരുക്കുന്നതിൽ പ്രധാനപ്പെട്ട പങ്കാണ് കില വഹിച്ചുവരുന്നത്. സംസ്ഥാന സർക്കാർ 2027 ആഗസ്റ്റ് 15 ന് പ്രഖ്യാപിച്ച 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' പരിപാടിയ്ക്കായി ഏതാണ്ട് 21500 പേരെ പരിശീലിപ്പിക്കുവാനും പരിശീലകർക്കുള്ള കൈപുസ്തകം തയ്യാറാക്കി വിതരണം ചെയ്യുവാനും പ്രാദേശികതല പ്രവർത്തനങ്ങളുടെ ഏകോപനത്തിൽ ഹരിതകേരളം മിഷന് പിന്തുണ നൽകി സഹായിക്കുന്നതിനും  കിലയ്ക്ക് കഴിഞ്ഞു.

### 4.1.3 സാങ്കേതിക നൈപുണ്യവികസന പരിശീലനങ്ങൾ

ബോധവത്ക്കരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കു ശേഷം ഹരിതകേരളം മിഷന്റെ വിവിധ ഉപമിഷനുകളുമായി ബന്ധപ്പെട്ട പ്രത്യേക സാങ്കേതിക നൈപുണ്യ വികസന പരിശീലനങ്ങൾക്കാണ് ശ്രദ്ധ നൽകിയത്. ഓരോ ഉപമിഷന്റേയും വിദഗ്ധരുടെ നേതൃത്വത്തിലും ജലവിഭവ വകുപ്പ്, കൃഷിവകുപ്പ്, മഹാത്മഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി,, കുടുംബശ്രീ മിഷൻ തുടങ്ങിയവയുമായി ചേർന്നാണ് ഈ പരിശീലനങ്ങൾ സംഘടിപ്പിച്ചത്. ജലസംരക്ഷണ പ്രവർത്തനങ്ങളെ നീർത്തടാധിഷ്ഠിത ആസൂത്രണവുമായും ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായും സംയോജപ്പിക്കുക എന്ന ശ്രമകരമായ ഇടപെടലിന്റെ രീതിശാസ്ത്രമാണ് ആദ്യഘട്ട പരിശീലനങ്ങളുടെ ഉള്ളടക്കം. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പ് മിഷനിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് 250 ഓളം പരിശീലകരെ ഇതിനായി സജ്ജമാക്കുകയുണ്ടായി.

ഈ പരിശീലനങ്ങളുടെ ഭാഗമായി വിദൂര പഠനരീതി (വെർച്ചൽ ക്ലാസ്സുകൾ) ഉപയോഗിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലെയും അധ്യക്ഷൻമാർ, സെക്രട്ടറി, വികസനസ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻമാർ എന്നിവർക്ക് വേണ്ടിയും പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ശുചിത്വ-മാലിന്യ സംസ്കരണ ഉപദൗത്യത്തിനായും ഒട്ടേറെ പരിശീലനങ്ങൾ സംഘടിപ്പിച്ചു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, ആസൂത്രണ സമിതി വൈസ് ചെയർമാൻമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ളവർക്ക് പരിശീലനം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

### 4.1.4 തദ്ദേശീയ കാര്യശേഷി വികസനം

“പരിശീലനങ്ങളിൽ നിന്നും കാര്യശേഷി വികസനത്തിലേയ്ക്ക്” എന്നതായിരുന്നു പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. കേവലം ക്ലാസുമുറികൾ കേന്ദ്രീകരിച്ച പരിശീലന പരിപാടികൾക്കപ്പുറം പ്രാദേശികതലത്തിൽ വൈദഗ്ധ്യമെത്തിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഹരിതകേരളം മിഷന്റേയും കിലയുടേയും ആഭിമുഖ്യത്തിൽ ഇതിനായി ചില ഇടപടലുകൾ നടത്തുകയുണ്ടായി. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമൃദ്ധി പദ്ധതി, വടക്കാഞ്ചേരി പുഴ സംരക്ഷണ പരിപാടി, ഭാരതപ്പുഴ സംരക്ഷണപരിപാടി, ആലപ്പുഴ പ്രദേശത്തെ പാരിസ്ഥിതിക ഇടപെടൽ എന്നിവയിലെ കാര്യശേഷി വികസന പരിപാടികൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി.

### 4.1.5 പഠന പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ചില പഠന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചതും കാര്യശേഷി വികസന പരിപാടിയുടെ ഭാഗമായാണ്. ആലപ്പുഴ നഗരസഭയിലെ വിവിധ കനാലുകളെ സംബന്ധിച്ച പഠന പ്രവർത്തനങ്ങളും വടക്കാഞ്ചേരി പുഴ എന്നിവ ശുചീകരിക്കണമെങ്കിൽ ആവശ്യമായ അടിസ്ഥാന വിവരശേഖരണവും, ഇതിന്റെ ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സാങ്കേതിക പരിഹാരങ്ങൾ കണ്ടെത്തുന്നതിനുമുള്ള പഠനപ്രവർത്തനങ്ങൾ ഇത്തരത്തിൽ സംഘടിപ്പിക്കുകയുണ്ടായി. മുംബൈയിലെ ഐ.ഐ.ടി യുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയത്.

### 4.1.6 ഡോക്യുമെന്റേഷൻ

ഹരിതകേരളം മിഷന്റെ ഭാഗമായുള്ള പ്രാദേശികതല പ്രവർത്തനങ്ങളിൽ ചിലതെങ്കിലും മറ്റു പ്രദേശങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉപയോഗപ്രദമാക്കണമെന്ന ലക്ഷ്യത്തോടെയാണ് ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇങ്ങനെ തയ്യാറാക്കപ്പെടുന്ന വിവിധ തരത്തിലുള്ള ഡോക്യുമെന്റുകൾ മിഷന്റെ പരിശീലന പരിപാടികളിൽ ഉപയോഗിക്കുകയാണ് ലക്ഷ്യം. ആദ്യ ഘട്ടത്തിൽ വരട്ടാർ, കുട്ടമ്പേരൂർ പുഴ പുനരുജ്ജീവനം, കാട്ടാക്കട ജലസമൃദ്ധി പദ്ധതി എന്നിവയുടെ ഡോക്യുമെൻഷൻ പ്രവർത്തനങ്ങൾക്ക് കിലയുടെ സഹായം ലഭിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തുടക്കം മുതൽ സി-ഡിറ്റ് മുഖ്യ പിന്തുണാസ്ഥാപനമായി പ്രവർത്തിച്ചു വരുന്നു.

- കിലയുടെ പിന്തുണയോട്ടെ ആദ്യഘട്ടത്തിൽ നടത്തിയ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.
- ഹരിതകേരളം മിഷനു വേണ്ടി നടത്തിയ വിവിധ പരിശീലനങ്ങൾക്കായുള്ള പരിശീലക പരിശീലനങ്ങൾ
- ഹരിത കേരളം മിഷനുൾപ്പെടെ നാല് വികസന മിഷനുകളെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് വേണ്ടി നടത്തിയ ബോധവൽക്കരണ പരിശീലനങ്ങൾ
- നീർത്തട വികസനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതി വൈസ് ചെയർ പേർസൺമാർ, ആസൂത്രണ വിദഗ്ധർ ,സന്നദ്ധ പ്രവർത്തകർ, റിസോർസ് പേർസൺമാർ തുടങ്ങിയവർക്ക് നടത്തിയ ശിൽപശാലകളും പരിശീലനങ്ങളും.
- മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിൻ ജില്ലാ-ബ്ലോക്ക് തല പരിശീലനങ്ങൾ .
- ശുചിത്വ-മാലിന്യ സംസ്കരണം നിർവഹണ മാർഗരേഖ സംബന്ധിച്ച് സംസ്ഥാന-ജില്ലാ-ബ്ലോക്ക് തല പരിശീലനങ്ങൾ.
- ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട മികച്ച വികസന പ്രോജക്ടുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനങ്ങൾ.
- ജലസംരക്ഷണം ഉപമിഷൻ നിർവഹണ മാർഗരേഖ സംബന്ധിച്ച് സംസ്ഥാന - ജില്ലാ-ബ്ലോക്ക് തല പരിശീലനങ്ങൾ.
- മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓവർസിയർമാർക്ക് കിണർ റീചാർജിംഗ് പരിശീലനം.
- ജലസേചന വകുപ്പിലേയും കൃഷിവകുപ്പിലേയും ഉദ്യോഗസ്ഥർക്ക് കാർഷിക കർമ്മസേന പരിശീലനം.
- ഭാരതപ്പുഴ സംരക്ഷണം, വടക്കാഞ്ചേരി പുഴ സംരക്ഷണം, വരട്ടാർ പുഴ പുനരുജ്ജീവനം സംബന്ധിച്ച പരിശീലനങ്ങൾ.

## 4.2 കേരള നീർത്തട പരിപാലന വികസന പരിശീലന കേന്ദ്രത്തിന്റെ (IWDMK) പിന്തുണയോടെ നടത്തിയ പരിശീലനങ്ങൾ

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നിരവധി പരമ്പരാഗത ജലസ്രോതസ്സുകളും തോടുകളും ഉപനദികളും പുനരുജ്ജീവിപ്പിക്കുന്ന ജനകീയ പ്രവർത്തനങ്ങൾ സംസ്ഥാന

ത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുകയുണ്ടായി. ഇതിൽ പ്രധാനപ്പെട്ട മൂന്നു ഉപനദികളാണ് ആദിപമ്പ, വരട്ടാർ, പള്ളിക്കലാർ എന്നിവ. ജനകീയ യജ്ഞത്തിലൂടെ പുനരുജ്ജീവിപ്പിച്ച ഈ മൂന്നു ഉപനദികളുടെയും സുസ്ഥിരത ഈ ഉപനദീതടങ്ങളിലെ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളെ ആശ്രയിച്ചാണുള്ളത്. ആയതിനാൽ ഈ ഉപനദീതടത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ചെറുനീർത്തട അടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തല ത്തിൽ ഹരിതകേരളം മിഷനും മണ്ണുസംരക്ഷണ - മണ്ണ് പര്യവേഷണ വകുപ്പിനു കീഴിൽ ചടയ മംഗലത്തു പ്രവർത്തിക്കുന്ന സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രവും (IWDMK) സംയുക്തമായി നടത്തിയ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

- വരട്ടാർ നദീതടത്തിൽ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്ര തിനിധികൾക്ക് വേണ്ടി 22-09-2017 ന് ചെങ്ങന്നൂർ മുനിസിപ്പൽ ടൗൺ ഹാളിൽ വച്ചും, പള്ളിക്കലാറിന്റെ വൃഷ്ടിപ്രദേശത്ത് സ്ഥിതിചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് വേണ്ടി 23-09-2017 ന് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വെച്ചും ഏകദിന പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി.
- ഇതിനു തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതി അംഗങ്ങൾ ക്കുള്ള ദ്വിദിന പരിശീലനങ്ങൾ 2017 ഒക്ടോബർ 20, 21 തീയതികളിലും 30,31 തീയതികളി ലുമായി സംഘടിപ്പിച്ചു.

## 4.3 ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ. എം. ജി) പിന്തുണയോടെയുള്ള പരിശീലനങ്ങൾ

ജല ഉപമിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ്, ഭൂജല വകുപ്പ്, മണ്ണ്-പര്യവേക്ഷണ-മണ്ണ്-സംരക്ഷണ വകുപ്പ് എന്നിവയിലേയും മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെയും ഉദ്യോഗസ്ഥർക്ക് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിന് 90 ഓളം മുഖ്യ പരിശീലകർക്ക് മൂന്ന് ബാച്ചുകളിലായി ത്രിദിന പരിശീലനം സംഘടിപ്പിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ, നീർത്തട പ്ലാൻ, നീർത്തട പരിപാലനാസൂത്രണം, സ്ഥലപരമായ ആസൂത്രണം, സംയോജിത ജലവിഭവ പരിപാലനം, ജലസേചന പദ്ധതികളുടെ പരിപാലനം, ജലവിനിയോഗ കാര്യക്ഷമതാ വർദ്ധന, വെള്ളപ്പൊക്കം, വെള്ളക്കെട്ട് തുടങ്ങിയ പ്രശ്നങ്ങളുടെ പരിഹാരം, കുളങ്ങളുടെ പരിരക്ഷ ഉറ പ്പാക്കൽ, ഭൂജല പരിപോഷണം, പരിശീലന സങ്കേതങ്ങൾ തുടങ്ങിയ വിഷയങ്ങളിലൂന്നിയാണ് പരിശീലനം നടത്തിയത്. തുടർന്ന് ഈ പരിശീലകരുടെ സഹായത്തോടെ എല്ലാ ജില്ലകളിലു മായി ഏകദേശം 900 ത്തിലധികം ജില്ലാതല ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുകയുണ്ടായി.

## 4.4 ശുചിത്വമിഷൻ പിന്തുണയോടെയുള്ള പരിശീലനങ്ങൾ

ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ജനപ്രതിനിധി കൾ, സെക്രട്ടറിമാർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ, പൊതുപ്രവർത്തകർ എന്നിവർ ക്ക് ശുചി ത്വമിഷന്റെ ആഭിമുഖ്യത്തിലും, ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC)

സോഷ്യോ, എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, (SEVF) എക്സ്റ്റൻഷൻ ട്രെയ്നിംഗ് സെന്റർ എന്നിവയുമായി ചേർന്നും നിരവധി വിദഗ്ധ പരിശീലനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ മേഖലയിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് സഹായകരമായ രീതിയിൽ പദ്ധതികളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും അറിവും പരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിൽ ഊന്നിയായിരുന്നു പരിശീലനം സംഘടിപ്പിച്ചത്. ഈ മേഖലയിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തി മാലിന്യ മുക്ത ഹരിതകേരളം എന്ന ലക്ഷ്യപ്രാപ്തിക്കായി വിവിധങ്ങളായ ശേഷി വികസന പരിപാടികൾ ശുചിത്വമിഷന്റെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ വിവിധ തലങ്ങളിൽ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്ക് പ്രത്യേകം പ്രത്യേകം പരിശീലങ്ങൾ നൽകി. ആരോഗ്യ വകുപ്പിനും, നഗരകാര്യ വകുപ്പിനും കീഴിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, തദ്ദേശ സ്ഥാപനതല എഞ്ചിനീയർമാർ, പ്ലാൻ ക്ലർക്കുമാർ തുടങ്ങിയ ഉദ്യോഗസ്ഥർക്കും, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുമാണ് പ്രധാനമായും പരിശീലനങ്ങൾ നൽകിയത്. ഹരിതകർമ്മസേന രൂപീകരണത്തിന് ശേഷം അവർക്കായി നടത്തിയ പരിശീലനങ്ങൾ, ഹരിതദൃഷ്ടി മൊബൈൽ ആപ്പുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, കുട്ടികൾക്കായി നടത്തിയ ജാഗ്രതോത്സവം, പെൻസിൽ ക്യാമ്പുകളിലെ പരിശീലനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ നടത്തുന്നതിനായുള്ള പരിശീലനങ്ങൾ, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലെ പരിശീലനങ്ങൾ തുടങ്ങിയവയിലും ശുചിത്വ മിഷൻ പിന്തുണ നൽകുകയുണ്ടായി.

## 4.5 കുടുംബശ്രീ പിന്തുണയോടെയുള്ള പരിശീലനങ്ങൾ

ഹരിതകേരളം മിഷന്റെ രൂപീകരണത്തിന് ശേഷം മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി നടത്തിയ ജാഗ്രതോത്സവങ്ങൾ, പെൻസിൽ ക്യാമ്പുകൾ എന്നിവയിൽ കുടുംബശ്രീ ബാലസഭയിലെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനും ഇതിനായി സംസ്ഥാന - ജില്ലാ പരിശീലനങ്ങളിലും ക്യാമ്പുകളുടെ നടത്തിപ്പിലും കുടുംബശ്രീയുടെ പിന്തുണ ഉണ്ടായി. ഹരിതകർമ്മസേനയുടെ രൂപീകരണത്തിന് ശേഷം അതുമായി ബന്ധപ്പെട്ട പരിശീലനങ്ങളിലും കുടുംബശ്രീയുടെ പിന്തു ണയുണ്ടായി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ കുടുംബശ്രീ അയൽ കൂട്ടങ്ങളുടെ പങ്കാളിത്തവും ഇതിനായുള്ള പരിശീലനവും കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

## 4.6 ഹരിതകേരളം മിഷൻ നേരിട്ടും വിവിധ ഏജൻസികൾ സംയോജിതമായും നടത്തിയ ശേഷി വികസനം, പരിശീലനം

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബ്ലോക്ക്- നഗരസഭാതലത്തിൽ പ്രവർത്തിക്കുന്ന റിസോർഡ് പേർസൺമാർക്കും (റിസോർസ് പേർസൺമാരുടെ പേര് പിന്നീട് ബ്ലോക്ക് കോർഡിനേറ്റർമാർ എന്ന് മാറ്റുകയുണ്ടായി) ഇന്റേൺഷിപ്പ് അടിസ്ഥാനത്തിൽ നിയോഗിച്ച ഇന്റേൺഷിപ്പ് ട്രെയിനിമാർക്കും സംസ്ഥാന-ജില്ലാതലങ്ങളിൽ മിഷന്റെ ഉദ്ദേശ

ലക്ഷ്യങ്ങൾ പ്രവർത്തനങ്ങൾ എന്നിവയിൽ പരിശീലനം നൽകുകയുണ്ടായി. സ്കൂളുകളെ ഹരിതവിദ്യാലയമാക്കി മാറ്റുന്നതിന് സഹായകമായ 'ഹരിതോത്സവം കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും വിദ്യാഭ്യാസ വകുപ്പിന്റെ പരിശീലനത്തിൽ ഉൾപ്പെടുത്തുകയും മുഴുവൻ അധ്യാപകർക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിൽ ഇന്റേൺഷിപ്പിനായി ആറ് മാസത്തെ കാലയളവിലേക്ക് എല്ലാ ജില്ലകളിലും ട്രെയിനിമാരെ തെരഞ്ഞെടുക്കുകയും അവരെ വിവിധ ജില്ലകളിലും സംസ്ഥാന മിഷൻ ഓഫീസിലും നിയോഗിക്കുകയും ചെയ്തു. ഇവരിൽ ആദ്യ ബാച്ചിനുള്ള പരിശീലനം 2018 ഏപ്രിൽ 4, 5 തീയതികളിൽ ഐ.എം.ജി.യിലും രണ്ടാമത് ബാച്ച് പരിശീലനം 2019 ജനുവരി 4, 5, 6 തീയതികളിൽ കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിലും സംഘടിപ്പിച്ചു. തുടർന്നുള്ള വർഷങ്ങളിലും ഇന്റേൺഷിപ്പ് ട്രെയിനിയായി നിയോഗിച്ചവർക്ക് പരിശീലനം നൽകി. ഈ പരിശീലനങ്ങൾക്ക് പുറമേ വരട്ടാർ, കാനാമ്പുഴ നദികളുടെ പുനരുജ്ജീവനത്തിനായി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി പ്രത്യേക ശിൽപ്പശാലകളും സംഘടിപ്പിച്ചു.

മാലിന്യ സംസ്കരണത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത നിയമ ബോധവൽക്കരണ കാമ്പയിൻ, ഹരിത ഓഡിറ്റ് എന്നിവയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ശ്രദ്ധേയമായ രീതിയിൽ നടന്നു. ഹരിതനിയമ ബോധവൽക്കരണ കാമ്പ യിനുമായി ബന്ധപ്പെട്ട് നിരവധി പരിശീലനങ്ങളാണ് സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി സംസ്ഥാന ഫാക്കൽറ്റിമാർ, എൻ.സി.സി. പ്രോഗ്രാം ഓഫീസർമാർ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ, ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് കോ-ഓർഡിനേറ്റർമാർ, ഹരിതകേരളം മിഷൻ റിസോർഡ് പേർസൺമാർ എന്നിവർക്ക് പ്രത്യേക പരിശീലനങ്ങളാണ് നടത്തിയത്. 2019-20 കാലഘട്ടത്തിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനായി വികസിപ്പിച്ച ഹരിത ദ്രഷ്ടി മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് ഫാക്കൽറ്റിമാർക്കുള്ള പരിശീലനങ്ങളും സംഘടിപ്പിച്ചു. കോവിഡ് കാലത്ത് ചില പരിശീലനങ്ങൾ ഓൺലൈനായും സംഘടിപ്പിച്ചു.

2021-26 കാലയളവിൽ നടന്ന പരിശീലനങ്ങൾ ഹരിതകേരളം മിഷന്റെ നേരിട്ടുള്ള നേതൃത്വത്തിലും കിലയുടെ പിന്തുണയോടെയുമാണ നടത്തിയത്. ഹരിതകേരളം മിഷൻ നേരിട്ടും വിവിധ ഏജൻസികളുടെ പിന്തുണയോടെയും നടത്തിയ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

- ഹരിത കർമ്മ സേനയ്ക്കുള്ള പരിശീലനം (കുടുംബശ്രീ )
- ഗ്രീൻ പോട്ടോക്കോൾ പരിശീലനങ്ങൾ (കില, ശുചിത്വ മിഷൻ)
- ജാഗ്രതോത്സവം (കില, കുടുംബശ്രീ)
- പെൻസിൽ - കുട്ടികളുടെ അവധിക്കാല ക്യാമ്പ് പരിശീലനം (ശുചിത്വമിഷൻ, കെ.എസ്.ഐ. എച്ച്.എഫ്.ഡബ്ല്യു തൈക്കാട്)
- സംയോജിത നീർത്തട പരിപാലനം (ഐ. എം. ജി, ജലസേചന വകുപ്പ്)
- ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ പരിശീലനം (IIITMK)
- പച്ചത്തുരുത്ത് മാപ്പത്തോൺ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തുന്നതിനുള്ള പരിശീലനം (ഹരിത കേരളം മിഷൻ)

- ഐ. ടി. ഐ പ്രിൻസിപ്പൽമാർക്കും നോഡൽ ഓഫീസർമാർക്കും നൽകിയ ഉദ്യാന നിർമാണ പരിശീലനം (ഹരിത കേരളം മിഷൻ)
- സർക്കാർ ഓഫീസുകളിൽ ഹരിത ഓഡിറ്റിംഗ് നടത്തുന്നതിനായി ജില്ലാ കോർഡിനേറ്റർമാർക്കും റിസോർസ് പേഴ്സൺമാർക്കും നടത്തിയ പരിശീലനം (ഹരിത കേരളം മിഷൻ)
- എൻ.സി.സി, നാഷണൽ സർവീസ് സ്കീം, സ്കൗട്ട് & ഗൈഡ് പ്രോഗ്രാം കോർഡിനേറ്റർമാർക്ക് നൽകിയ പരിശീലനം (ഹരിത കേരളം മിഷൻ)
- ജലബജറ്റ് തയ്യാറാക്കുന്നതിൽ ജില്ലാ കോർഡിനേറ്റർമാർക്കും റിസോഴ്സ്പേഴ്സൺമാർക്കും നൽകിയ പരിശീലനം (ഹരിത കേരളം മിഷൻ)
- മാപ്പത്തോൺ പ്രവർത്തനത്തിൽ റിസോഴ്സ്പേഴ്സൺമാർക്കും ഇന്റേൺഷിപ്പ് ട്രെയിനിമാർക്കും നടത്തിയ പരിശീലനം (ഹരിത കേരളം മിഷൻ)
- നെറ്റ് സീറോ സ്ഥാപനങ്ങളിൽ എമിഷൻ സർവെ നടത്തി നെറ്റ്സീറോ വിവരശേഖരണം നടത്തുന്നതിനുള്ള പരിശീലനം (ഹരിത കേരളം മിഷൻ)
- മെൻസ്ട്രുവൽ കപ്പ് വിതരണം നടത്തുന്ന സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കൾക്കും നടത്തുന്ന പരിശീലനത്തിന്റെ ഭാഗമായി ജില്ലാ കോർഡിനേറ്റർമാർക്കും  ബ്ലോക്ക് കോർഡിനേറ്റർമാർക്കും ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും പരിശീലക പരിശീലനം (എച്ച്. എൽ. എൽ ലൈഫ് കെയർ ലിമിറ്റഡ്, ഹരിതകേരളം മിഷൻ)
- ജില്ലാ പരിസ്ഥിതി പുസ്തകം തയ്യാറാക്കുന്നതിനായി ജില്ലാ കോർഡിനേറ്റർമാർ, ബ്ലോക്ക് കോർഡിനേറ്റർമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർക്ക് നൽകിയ പരിശീലനം (ഹരിതകേരളം മിഷൻ)
-

## 4.7. ഹരിതകേരളം മിഷന് ലഭിച്ച പിന്തുണാ സംവിധാനങ്ങൾ

കൃഷി, ജലസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ ശാസ്ത്രീയമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും അപ്രകാരം നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക എന്നുള്ളതാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം. ഈ പ്രവർത്തനങ്ങൾ സാധ്യമാക്കുന്നതിന് സർക്കാരിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും സർക്കാർ ഇതര സ്ഥാപന/ ഏജൻസികളിൽ നിന്നും ലഭിച്ച പിന്തുണയും സഹകരണവും എടുത്തുപറയേണ്ടതാണ്.

സർക്കാരിലെ പദ്ധതി നിർവഹണ നിരീക്ഷണ  വിലയിരുത്തൽ വകുപ്പ് ഹരിതകേരളം മിഷന്റെ നോഡൽ വകുപ്പായി പ്രവർത്തിക്കുകയും ഭരണപരമായ പിന്തുണ ലഭ്യമാക്കുകയും ചെയ്യുന്നു.

ഹരിതകേരളം മിഷന്റെ ഒന്നാം ഘട്ടത്തിൽ (2016-21) കാലയളവിൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായും തദ്ദേശ സ്വയംഭരണം, കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ സഹ അദ്ധ്യക്ഷൻമാരായും ധനകാര്യം, ആരോഗ്യം, വനം വകുപ്പ് മന്ത്രിമാരും ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ എന്നിവർ ഉപാദ്ധ്യക്ഷൻമാരുമായുള്ള സംസ്ഥാനമിഷൻ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും മേൽനോട്ടവും നൽകിവന്നിരുന്നു. ഇതുകൂടാതെ മിഷൻ പ്രവർത്തനങ്ങൾ ജനകീയമായും വകുപ്പുകളുടെ ഏകോപനത്തോടെയും സാധ്യമാക്കുന്നതിന് ജില്ലാതലത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനായും ജില്ലാ കളക്ടർ മിഷൻ സെക്രട്ടറിയായും

ജില്ലയിൽ നിന്നുള്ള ജനപ്രതിനിധികളും, വിവിധ വകുപ്പുകളുടെയും സർക്കാർ ഏജൻസിക ളുടേയും ജില്ലാ ഓഫീസർമാർ അംഗങ്ങളായും, ജില്ലാ മിഷൻ നിലവിൽ ഉണ്ടായിരുന്നു. ഇതു കൂടാതെ ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി എന്നീ ഉപമിഷനുകൾക്ക് പ്രത്യേക ടാസ്ക്ഫോഴ്സും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സ്റ്റേറ്റ് ലവൽ എംപവേർഡ് കമ്മിറ്റി, മിഷൻ മീറ്റിംഗിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് അധികാരപ്പെട്ട കമ്മിറ്റിയായി പ്രവർത്തിച്ചു. കൂടാതെ മിഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വിദഗ്ധർ അംഗങ്ങളായ മിഷൻ മോണിട്ടറിംഗ് ടീമും പ്രവർത്തിച്ചിരുന്നു.

ഹരിതകേരളം മിഷന്റെ  രണ്ടാം ഘട്ടത്തിൽ 2021 മുതലുള്ള കാലയളവിൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ ഉപാദ്ധ്യക്ഷൻമാ രുമായുള്ള സംസ്ഥാന മിഷൻ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നട പ്പിലാക്കിവന്നു.  ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ, ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, കൃഷി-പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ എന്നിവ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ തദ്ദേശ സ്ഥാപന തലത്തിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെ നടത്താൻ കഴിഞ്ഞു എന്നുള്ളത് ശ്രദ്ധേയമാണ്.

## 4.7.1. ജലസംരക്ഷണ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ യോഗങ്ങളിൽ ആസൂത്രണം ചെയ്യുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് ജല വിഭവ വകുപ്പ്, ഭൂജല വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടെയാണ്. ജലസംരക്ഷണ വകുപ്പ്, മണ്ണ്-പര്യവേ ക്ഷണ മണ്ണ്-സംരക്ഷണ വകുപ്പ്, ഭൂജല വകുപ്പ്, തുടങ്ങിയ വകുപ്പുകളിൽനിന്നുൾപ്പെടെയുള്ള അംഗങ്ങൾ ഉൾപ്പെട്ട 13 അംഗ സാങ്കേതിക സമിതി ത്രിതല പഞ്ചായത്തുകളിൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാങ്കേതിക സഹായം നൽകി. നീർച്ചാലുകൾ ഓപ്പൺസ്ട്രീറ്റ് മാപ്പിൽ അടയാ ളപ്പെടുത്തുന്ന പദ്ധതിയായ മാപ്പത്തോൺ പദ്ധതി നടപ്പിലാക്കുന്നതിന് ഐ.ടി. മിഷൻ, ICFOSS എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക പിന്തുണ ലഭ്യമായി. മാപ്പത്തോൺ പ്രവർത്തനങ്ങൾക്കും ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ ജലപരിശോധനാ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും കേരള പുനർ നിർമ്മാണ പദ്ധതിയിൽ നിന്നും (RKI) ധനസഹായം ലഭ്യമായിരുന്നു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജലബജറ്റ് തയ്യാറാക്കുന്നതിനായി ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ CWRDM -ന്റെ സാങ്കേതിക സഹായം ലഭ്യമായിട്ടുണ്ട്. പാറക്വാറിയിൽ നിന്നുള്ള ജലം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതിക്ക് കേരള സ്റ്റേറ്റ് ഹൈഡ്രോഗ്രാഫിക് സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ  സാങ്കേതിക പിന്തുണ ലഭ്യമായി. അതോടൊപ്പം അനർട്ടിന്റെ സൗരോർജ്ജ സ്കീമുകളുടെ സംയോജനവും ഈ പദ്ധതിയിൽ സാധ്യമായിട്ടുണ്ട്

## 4.7.2. ശുചിത്വ-മാലിന്യ സംസ്കരണം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ രൂപീകരിച്ചതും ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് ശ്രദ്ധേയമായ മാറ്റമുണ്ടാക്കാൻ വഴിവച്ചതുമായ ഹരിതകർമ്മസേനയുടെ രൂപീകരണത്തിലും പ്ര

വർത്തനത്തിലും  കുടുംബശ്രീ മിഷന്റെ പിന്തുണ ലഭ്യമായിട്ടുണ്ട്. ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ് (കെ.എസ്.ഡബ്ല്യു.എം.പി). എന്നീ ഏജൻസികൾ, മാലിന്യ-സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ആർത്തവ ശുചിത്വം ഉറപ്പാക്കുന്നതിനുമായി കോളേജ്, ഹയർസെക്കന്ററി തലത്തിലുള്ള പെൺകുട്ടികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും സർക്കാർ ബജറ്റ് വിഹിതമായി വകയിരുത്തിയ ഫണ്ട് വിനിയോഗിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മെൻസ്ട്രൽ കപ്പ് വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ സാനിട്ടറി നാപ്കിനുകളുടെ ശാസ്ത്രീയ സംസ്കരണത്തിനായി സ്കൂളുകളിൽ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മെൻസ്ട്രൽ കപ്പുകൾ, ഇൻസിനറേറ്ററുകൾ എന്നിവ പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നാണ് വാങ്ങിയത്. ആർത്തവ ശുചിത്വം സംബന്ധിച്ച പരിശീലനത്തിന് ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽനിന്നുള്ള ആരോഗ്യ പ്രവർത്തകരുടെ സേവനവും ലഭ്യമായി. മാലിന്യ സംസ്കരണത്തിനുള്ള പുതിയ സാങ്കേതിക വിദ്യകൾ പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്ന കാര്യത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രത്യേക ശ്രദ്ധപുലർത്തി.  അനുയോജ്യമായ മാലിന്യ സംസ്കരണ ഉപാധികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ നേതൃത്വം നൽകി. അമീബിക് മസ്തിഷ്ക ജ്വരം പടർന്ന് പിടിക്കുന്നതിനെതിരെ, കിണർ വെള്ളം ശുദ്ധീകരണം ലക്ഷ്യമിട്ടുകൊണ്ട് നടത്തിയ ജലമാണ് ജീവൻ ക്യാമ്പയിന് ആരോഗ്യവകുപ്പിന്റെ സഹകരണം ലഭിച്ചിരുന്നു.

## 4.7.3. കൃഷിയും പരിസ്ഥിതി പുനഃസ്ഥാപനവും

കൃഷി വ്യാപന പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് തരിശുരഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ് എന്നീ പദ്ധതികൾ കാർഷികവികസന കർഷകക്ഷേമ വകുപ്പിന്റെ സഹകരണത്തോടെയും വിവിധ സ്കീമുകളുടെ സംയോജനത്തോടെയുമാണ് നടപ്പിലാക്കിയത്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനും വകുപ്പിൽനിന്നും പൂർണ്ണ പിന്തുണ ലഭിച്ചു. തിരുവിതാംകൂർ-മലബാർ ദേവസ്വം ബോർഡുമായി ചേർന്ന് ദേവാലയങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനും പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞു. 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ, ഏജൻസികൾ, പരിസ്ഥിതി രംഗത്തെ വിദഗ്ധർ, കൃഷിവകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് നടന്നത്. കാർഷിക സർവകലാശാല, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ (ജെ.എൻ.റ്റി.ബി.ജി.ആർ.ഐ.), കേരള കിഴങ്ങ് വിള ഗവേഷണ കേന്ദ്രം, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വേൾഡ് റിസോർഡ് ഇൻസ്റ്റിറ്റ്യൂട്ട് (ഡബ്ല്യു.ആർ.ഐ)., എനർജി മാനേജ്മെന്റ് സെന്റർ  തുടങ്ങിയ വിവിധ ഏജൻസികൾ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. തദ്ദേശ സ്ഥാപന തലത്തിൽ നെറ്റ്സീറോ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന് അനർട്ടിന്റെ സോളാർ സ്കീമുകളും സംയോജിപ്പിക്കുന്നതിന് കഴിഞ്ഞു. റെയിൽവേ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെടുന്നതിനു പകരമായി കണ്ടൽ കാടുകൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദക്ഷിണ റെയിൽവേയും ഹരിതകേരളം മിഷനുമായി ചേർന്ന് നടത്തി. നഷ്ടപ്പെടുന്ന കണ്ടൽ കാടുകൾക്ക് പകരമായി അനുയോജ്യമായ സ്ഥലത്ത് കണ്ടൽ വച്ചു പിടിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റയിൽവേയിൽനിന്ന് ധനസഹായവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

### 4.7.4 വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ക്യാമ്പയിനുകളും

വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ മിഷന്റെ പ്രവർത്തനങ്ങൾക്ക് പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഹരിതകേരളം മിഷൻ വികസിപ്പിച്ചിട്ടുള്ള ഹരിതദൃഷ്ടി ആപ്പ്, ജലപരിശോധനാ ലാബിലെ പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തുന്നതിനും വിശകലനം ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ, നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ എന്ന പദ്ധതിയിൽ കാർബൺ എമിഷൻ കണക്കാക്കുന്നതിനുള്ള ആപ്ലിക്കേഷൻ എന്നിവ വികസിപ്പിച്ചത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ്.

സർക്കാർ സ്ഥാപനമായ സി-ഡിറ്റ് ഹരിതകേരളം മിഷനുവേണ്ടി മിഷന്റെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കാവശ്യമായ വീഡിയോകൾ, ഗ്രാഫിക്സുകൾ എന്നിവ തയ്യാറാക്കി നവമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണവും, പ്രചാരണവും സാധ്യമാക്കുന്നു. കൂടാതെ മിഷന്റെ വെബ്സൈറ്റ്, ഫെയ്സ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവയ്ക്ക് സി-ഡിറ്റിന്റെ സാങ്കേതിക പിന്തുണയുണ്ട്.

മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ മാർഗ്ഗരേഖകൾ, റിപ്പോർട്ടുകൾ, കൈപ്പുസ്തകങ്ങൾ, ന്യൂസ്‌ലെറ്ററുകൾ, പുസ്തകങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിലാണ് അച്ചടിക്കുന്നത്. തദ്ദേശ വകുപ്പിന്റെ കീഴിലുള്ള പരിശീലന സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രഷൻ (KILA), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ് (IMG) എന്നിവ പരിശീലനങ്ങളിൽ പങ്കാളികളായി.

ഇതിന് പുറമെ ജലവിഭവ വകുപ്പിന്റെയും കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലേയും, കാർഷിക സർവകലാശാലകളിലേയും വിഷയ വിദഗ്ധരും, പരിസ്ഥിതിയുമായി ബന്ധപ്പെട്ട മേഖലകളിലെ വിദഗ്ധരും, മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരവധി മീറ്റിംഗുകളിൽ പങ്കെടുക്കുകയും അവരുടെ വൈദഗ്ധ്യം പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത് പരിസ്ഥിതി മേഖലയിലെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിന് സഹായകരമായിട്ടുണ്ട്.

സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടേയും, എൻ.എസ്.എസിന്റേയും വിവിധ കോളേജുകളുടെ നേച്ചർ ക്ലബ്ബുകളുടേയും പങ്കാളിത്തം മിഷൻ ക്യാമ്പയിനുകൾക്ക് ലഭ്യമായിട്ടുണ്ട്. റോട്ടറി ക്ലബ്ബ്, യംഗ് ഇന്ത്യൻസ്, വിവിധ സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവർ മിഷൻ മുന്നോട്ടുവച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ പ്രത്യേക താൽപ്പര്യം കാണിച്ചു.

സർക്കാർ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി, വിവിധ സ്കീമുകളുടെ സംയോജനത്തിലൂടെ ശാസ്ത്രീയമായ രീതിയിൽ ജനപങ്കാളിത്തത്തോടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തുന്നതിൽ മുൻ മാതൃകകളില്ലാത്ത വിജയകരമായ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നടപ്പിലാക്കിയത്.

## 4.8 തദ്ദേശസ്വയംഭരണ ശാക്തീകരണവും പിന്തുണയും ഹരിതകേരളം മിഷനിലൂടെ

മാലിന്യ സംസ്കരണം, ജല സംരക്ഷണം, കൃഷി, വൃക്ഷവൽക്കരണം തുടങ്ങി പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെല്ലാം മുഖ്യമായി ഇടപെടേണ്ടി വരുന്നത് പ്രാദേശിക സർക്കാരുകൾ ആയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ്. ജലസ്രോതസ്സുകളുടെ സംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതിയെ ആരോഗ്യകരമായി സൂക്ഷിക്കൽ തുടങ്ങിയവയെല്ലാം 1994ലെ കേരള പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളിൽ പ്രാദേശിക സർക്കാരുകളുടെ അനിവാര്യ ചുമതലകളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൂക്ഷ്മതല ആസൂത്രണവും നിർവഹണവും ആവശ്യമുള്ള ഈ മേഖലകളിലെ പ്രവർത്തനങ്ങൾക്ക് പര്യാപ്തമായ രീതിയിൽ ഉദ്യോഗസ്ഥ കൈമാറ്റമോ വകുപ്പുകളുടേയും ഏജൻസികളുടേയും പിന്തുണയോ താഴെത്തട്ടിൽ ലഭ്യമായിരുന്നില്ല. ഈ വിടവുകൾ കൂടി പരിഹരിക്കാൻ കഴിയും വിധമാണ് ഹരിതകേരളം മിഷൻ വിഭാവനം ചെയ്യപ്പെട്ടിരുന്നത്. ഹരിതകേരളം മിഷനിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ ശാക്തീകരണവും പിന്തുണാ സംവിധാനങ്ങളും ചുവടെ ചേർക്കുന്നു

### 4.8.1. ജലസംരക്ഷണ മേഖല

നീർച്ചാലുകളും കുളങ്ങളും തോടുകളും ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിൽ ബഹുഭൂരിപക്ഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് വരുന്നത്. കുടിവെള്ളം, കൃഷിക്ക് ആവശ്യമായ ജലം തുടങ്ങി വിവിധ ആവശ്യങ്ങൾക്കുള്ള ജല ലഭ്യതയ്ക്ക് ക്ഷാമമുണ്ടാകുമ്പോൾ ജനങ്ങൾ ആദ്യം സഹായം തേടുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആണ്. അധിക മഴകൊണ്ടു ഉണ്ടാകുന്ന വെള്ളപ്പൊക്ക പ്രശ്നങ്ങൾ, പ്രളയദുരന്തങ്ങൾ, ജല മലിനീകരണം കൊണ്ടുള്ള പ്രശ്നങ്ങൾ, ജലജന്യ രോഗങ്ങളുടെ പ്രശ്നങ്ങൾ തുടങ്ങി ജല മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രശ്നങ്ങളുടെ ഒരു നിര തന്നെയുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി ജല മേഖലയുമായി ബന്ധപ്പെട്ട ഇത്തരം ഉത്തരവാദിത്തങ്ങളിൽ ഏറിയപങ്കും ത്രിതല പഞ്ചായത്ത്-നഗരസഭാ സംവിധാനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവ കൈകാര്യം ചെയ്യാൻ കഴിയും വിധത്തിൽ തദ്ദേശസ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിൽ ചാലക ശക്തിയായി മാറാൻ ഹരിതകേരളം മിഷന് സാധിച്ചിട്ടുണ്ട്. പദ്ധതികൾ നേരിട്ട് നടപ്പാക്കുന്നതിന് പകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതിന് പ്രാപ്തരാക്കി മാറ്റുന്ന ഒരു Enabling Mission ആയാണ് ഹരിതകേരളം മിഷൻ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ജല മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സാങ്കേതിക പിന്തുണയും സാമ്പത്തിക പിന്തുണയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെത്തിക്കുന്നതിന് ഹരിതകേരളം മിഷൻ വഴിതുറന്നിട്ടുണ്ട്.

ജലമേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് പ്രാദേശിക സർക്കാർ തലത്തിൽ ഉദ്യോഗസ്ഥ സംവിധാനം നിലവിൽ ഇല്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനായി ഹരിതകേരളം മിഷന്റെ ഭാഗമായി രൂപീകരിച്ച ജല സാങ്കേതിക സമിതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പിന്തുണയായി മാറിയിട്ടുണ്ട്. ജലസേചന വകുപ്പ് അസി. എഞ്ചിനീയർ കൺവീനറായുള്ള ഈ 13 അംഗ സാങ്കേതിക സമിതികൾ മണ്ണ്-ജലസംരക്ഷണ

മേഖലയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച സാങ്കേതിക ഉപദേശം നൽകുന്നതിൽ നിർണായകമായി മാറിയിട്ടുണ്ട്.

നീർച്ചാലുകൾ, തോടുകൾ, കുളങ്ങൾ, തുടങ്ങിയ ജല സ്രോതസ്സുകളുടെ നവീകരണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വലിയ സാധ്യതകളാണ് ഉണ്ടായിരുന്നതെങ്കിലും ഇവ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത സ്ഥിതിയാണ് 2016 വരെ ഉണ്ടായിരുന്നത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതോടെ ഈ സാധ്യത തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വലിയതോതിൽ  പ്രയോജനപ്പെടുത്താൻ തുടങ്ങി. സംസ്ഥാനതലത്തിൽ തൊഴിലുറപ്പ് മിഷനും ഹരിതകേരളം മിഷനും ഒരുമിച്ച് ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ താഴേ തലത്തിൽ നടപ്പാക്കാൻ വേണ്ട പിന്തുണാ സംവിധാനങ്ങൾ നൽകുകയും ചെയ്തു. ഇതുവഴി ജല സംരക്ഷണ മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചു. നീരുറവ് പോലുള്ള സവിശേഷ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഇത്തരത്തിൽ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചത് ഹരിതകേരളം മിഷൻ പിന്തുണയിലൂടെയാണ്. ഹരിതകേരളം മിഷന്റെ പിന്തുണയിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ജലബജറ്റ് തയ്യാറാക്കൽ പ്രവർത്തനം ദേശീയ തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചതാണ്. 580 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം തങ്ങളുടെ ജലബജറ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇത് കൂടാതെ  110 ഇടത്ത് കരട് റിപ്പോർട്ടും പൂർത്തിയായിട്ടുണ്ട്. അവശേഷിക്കുന്ന സ്ഥലങ്ങളിൽ ഈ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

ഒരു പ്രദേശത്തെ ജല ലഭ്യതയും ജലാവശ്യങ്ങളും കൃത്യമായി നിർണയിച്ച് അവ തമ്മിലുള്ള അന്തരം കണക്കാക്കുന്ന സങ്കീർണമായ പ്രക്രിയയാണ് ജലബജറ്റ് തയ്യാറാക്കുന്നതിൽ നടക്കുന്നത്. ശാസ്ത്രീയമായ ഇടപെടലുകളും സാങ്കേതിക പിന്തുണയും ആവശ്യമായ ഈ പ്രവർത്തനം വിജയകരമാക്കാൻ ഹരിതകേരളം മിഷനോടൊപ്പം കൈകോർത്തത് ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള ഗവേഷണ സ്ഥാപനമായ CWRDM ആണ്. സാധാരണഗതിയിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇത്തരത്തിൽ ഒരു ഗവേഷണ സ്ഥാപനത്തിന്റെ പിന്തുണ ലഭ്യമാക്കുന്നത് ബുദ്ധിമുട്ടേറിയ പ്രവർത്തനമാണ്. ഹരിതകേരളം മിഷനിലൂടെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഈ പിന്തുണ ലഭ്യമാക്കാനായി. ജലബജറ്റ് തയ്യാറാക്കൽ പോലുള്ള സാങ്കേതിക വൈദഗ്ധ്യം വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുംവിധത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കപ്പെടുന്ന സ്ഥിതി ഇതുവഴി ഉണ്ടായി വന്നു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി നടത്തിയ ഏറ്റവും ശ്രദ്ധേയമായ ഒരു ക്യാമ്പയിനാണ് സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിൻ. കാലാവസ്ഥാ മാറ്റത്തിന്റെ ഭാഗമായുണ്ടാകുന്ന അതിതീവ്രമഴ സംസ്ഥാനത്തെമ്പാടും ചെറുതും വലുതുമായ പ്രകൃതി ദുരന്തങ്ങൾക്ക് വഴിതെളിക്കുന്നത് കഴിഞ്ഞ കുറേക്കാലമായി ആവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രതിഭാസമാണ്. പശ്ചിമഘട്ട മേഖലയിലെ മണ്ണി

ടിച്ചിലുകളും ഉരുൾപൊട്ടലുകളും ഇവയിൽ വലിയ നാശനഷ്ടം വിതയ്ക്കുന്നവയാണ്. പെയ്യുന്ന മഴ സ്വാഭാവിക നീർച്ചാലുകൾ അടഞ്ഞു പോകുക വഴി സുഗമമായി ഒഴുകി പോകാനാകാതെ അധിക മായി മണ്ണിൽ താഴുന്നത് ഈ ദുരന്തങ്ങളുടെ പ്രധാന കാരണങ്ങളിലൊന്നായി കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് പശ്ചിമഘട്ട പ്രദേശത്തെ നീർച്ചാൽ ശൃംഖല മുഴുവൻ ശാസ്ത്രീയമായി മാപ്പ് ചെയ്ത് അവ വീണ്ടെടുക്കുന്ന പ്രവർത്തനത്തിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ ക്യാമ്പയിനും നടത്തിയത്. എന്നാൽ നീർച്ചാലുകളുടെ മാപ്പിംഗ് എന്നത് സാങ്കേതിക പിന്തുണ ആവശ്യമുള്ള പ്രക്രിയയായിരുന്നു. മാത്രമല്ല നിലവിൽ ലഭ്യമായ സാറ്റലൈറ്റ് മാപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭി ക്കാൻ വഴിയുണ്ടായിരുന്നുമില്ല. ഈ രണ്ട് പ്രശ്നങ്ങളും പരിഹരിച്ചത് ഹരിതകേരളം മിഷൻ വഴിയാണ്. ICFOSS ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന സാറ്റലൈറ്റ് മാപ്പുകൾ പൂർണമായും സൗജന്യമായി ലഭ്യമാക്കി. സംസ്ഥാന ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർക്ക് നീർച്ചാൽ മാപ്പിംഗിനുള്ള സാങ്കേതിക പരിശീലനം നൽകുകയും ഈ റിസോഴ്സ് പേഴ്സൺമാർ പശ്ചിമഘട്ട പ്രദേശത്തെ 230 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും മാപ്പിംഗ് നടത്തി. മിഷന്റെ നേതൃത്വത്തിൽ നീർച്ചാൽ മാപ്പുകൾ തയ്യാറാക്കി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്തു. ഈ പ്രക്രിയയ്ക്ക് ആവശ്യമായ തുക മുഴുവൻ ഹരിതകേരളം മിഷന് കേരള പുനർ നിർമ്മാണ പദ്ധതി (Rebuild Kerala Initiative) ലഭ്യമാക്കി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ സാമ്പത്തിക സാങ്കേതിക സ്ഥിതി ഉപയോഗിച്ച് നടപ്പാക്കാൻ കഴിയാത്ത ഈ മാതൃകാ പ്രവർത്തനം ഏറ്റെടുത്ത് വിജയിപ്പിക്കാൻ ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധ്യമായി.

'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിന്റെ ഭാഗമായി അടയാളപ്പെടുത്തിയ നീർച്ചാലുക ളുടെ വീണ്ടെടുപ്പിനായി RKI വഴി ലഭ്യമായ ഫണ്ട് ഉപയോഗിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട നീർച്ചാൽ/തോട് തിരഞ്ഞെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനായി സംസ്ഥാനതലത്തിൽ ഒരു വിദഗ്ധ സമിതി രൂപീകരിച്ച് അവരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതും ഹരിതകേരളം മിഷൻ വഴി സാധ്യമായ ശാക്തീകരണമാണ്.

കുടിവെള്ളമായി ഉപയോഗിക്കുന്ന കിണർ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം നടപ്പാക്കി വരുന്നുണ്ട്. ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്ര ലാബുകളോടനുബന്ധിച്ചാണ് ഈ ലാബുകൾ സ്ഥാപിച്ചിട്ടുള്ളത്. ഈ ലാബുകൾ സ്ഥാപിക്കുന്നതിനാവശ്യമായ തുക പ്രധാനമായും ലഭ്യമാക്കിയിട്ടുള്ളത് എം.എൽ.എ. ഫണ്ട്, RKI ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് എന്നിവയാണ്. ജലഗു ണനിലവാര പരിശോധനാഫലം തയ്യാറാക്കുന്നതിനാവശ്യമായ സോഫ്റ്റ്വെയർ വികസിപ്പിച്ച് നൽകിയത് കേരള ഡിജിറ്റൽ സർവകലാശാലയാണ്. ഈ സോഫ്റ്റ് വെയറിലെ വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആരോഗ്യ വിഭാഗത്തിനും ലഭ്യമാകുന്നതിനാൽ ജലജ ന്യരോഗങ്ങൾ തടയുന്നതുൾപ്പെടെയുള്ള ഇടപെടലുകൾ കൂടുതൽ ശാസ്ത്രീയമായി നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ആരോഗ്യ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഡിജിറ്റൽ സർവ്വകലാശാല, RKI, MLA ഫണ്ട് തുടങ്ങിയ വിവിധ ഘടകങ്ങളുടെ സഹായമാണ്

ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചത്.

ഹരിതകേരളം മിഷന്റെ രൂപീകരണത്തിനുശേഷം ജലവിഭവ വകുപ്പ്, ഭൂജലവകുപ്പ്, മണ്ണ് സംരക്ഷണ-മണ്ണ് പര്യവേക്ഷണ വകുപ്പ് തുടങ്ങി പല വകുപ്പുകൾക്കും സംസ്ഥാന ബജറ്റിൽ ഹരിതകേരളം മിഷൻ എന്ന ഹെഡിൽ തുക അനുവദിക്കാൻ തുടങ്ങി. ഈ തുക ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾ അധികമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷൻ മുന്നോട്ട് വച്ച ജലസംരക്ഷണ മാതൃകകളിൽ ശ്രദ്ധേയമായ ഒന്നാണ് പാറക്വാറികളിലെ ജലസംഭരണികൾ പ്രയോജനപ്പെടുത്തിയുള്ള ജലസേചന പദ്ധതികൾ. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉപേക്ഷിക്കപ്പെട്ട ക്വാറിയിലെ വലിയ ജല സംഭരണിയിലാണ് പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കിയത്. അനർട്ടിന്റെ സഹായത്തോടെ സോളാർ പമ്പ് സെറ്റാണ് ഇവിടെ സ്ഥാപിച്ചത്. ഇതിലൂടെ കർഷകർക്ക് ജലം ലഭിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന് ഗ്രിഡിലേയ്ക്ക് നൽകുന്ന വൈദ്യുതിക്കുള്ള പണം ലഭിക്കുന്നു എന്ന നേട്ടം കൂടി ഉണ്ടാകുന്നു. വിജയകരമായ ഈ മാതൃക കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ 2025-26 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയ്ക്ക് നടപ്പാക്കാൻ സാധിക്കാതിരുന്ന ഒരു നവീന പദ്ധതിയാണ് ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ സാധ്യമായി വന്നത്.

കേരള പുനർനിർമ്മാണ പദ്ധതി, സംസ്ഥാന ബജറ്റ് എന്നിവയിലൂടെയും വിവിധ വകുപ്പുകളും ഏജൻസികളും വഴിയും വിവിധ പദ്ധതികളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള സാമ്പത്തിക സഹായം ഹരിതകേരളം മിഷൻ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ വിവിധ സ്ഥാപനങ്ങളുടെ CSR ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകാനും ഹരിതകേരളം മിഷൻ വഴിയൊരുക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ തോട്ടറപ്പുഞ്ചയിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കൊച്ചിൻ ഷിപ്പ്യാർഡിന്റെ CSR ഫണ്ട് ലഭ്യമാക്കിയത് ഇതിന് ഉദാഹരണമാണ്.

### 4.8.2. ശുചിത്വ-മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണെങ്കിലും അതിനായുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകൾക്ക്, വലിയ പരിമിതി നിലനിന്നിരുന്നു. അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനോ സംഭരിക്കുന്നതിനോ കൈമാറുന്നതിനോ ഉള്ള സൗകര്യങ്ങൾ ഒന്നും നിലവിലുണ്ടായിരുന്നില്ല. ജൈവ മാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങളും പരിമിതമായിരുന്നു. ഇ-വേസ്റ്റ്, സാനിട്ടറി മാലിന്യങ്ങൾ, ഇറച്ചി മാലിന്യങ്ങൾ തുടങ്ങിയവ മിക്കപ്പോഴും പരിഗണനയിൽ പോലും വന്നിരുന്നില്ല. ഈ സാഹചര്യങ്ങൾ മൂലം ഓരോ ദിവസം കഴിയുന്തോറും പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും റോഡ് അരികുകളുമെല്ലാം പ്ലാസ്റ്റിക് കവറുകളിലും ചാക്കുകളിലും കെട്ടിയ മാലിന്യങ്ങൾക്കൊണ്ട് കൂടുതൽ കൂടുതൽ നിറയുന്ന സ്ഥിതിയായിരുന്നു. 2016 വരെ ഈ സ്ഥിതിയാണ് ഉണ്ടായിരുന്നത്. ഈ അവസ്ഥ തുടർന്നാൽ കേരളം ഒരു മാലിന്യക്കൂനയായി മാറും എന്ന് തിരിച്ചറിഞ്ഞാണ് സംസ്ഥാന സർക്കാർ മാലിന്യ

സംസ്കരണ ഉപമിഷൻ ഹരിതകേരളം മിഷന്റെ ഘടകമായി ഉൾപ്പെടുത്തിയത്. ഹരിതകേരളം മിഷന്റെ മാലിന്യ സംസ്കരണ ഉപമിഷന്റെ 2420/2017/തഃസ്വഃഭഃവ നമ്പരായി 15/07/2017 ന് പുറത്തിറക്കിയ മാർഗ്ഗരേഖയിലാണ് ഹരിത കർമസേന രൂപീകരണം, വാതിൽപ്പടി അജൈവ പാഴ് വസ്തു ശേഖരണം, എം.സി.എഫ്., ആർ.ആർ.എഫ്. തുടങ്ങിയ സംഭരണ സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം നിർദ്ദേശിക്കപ്പെട്ടത്. ഇത് സംബന്ധിച്ച് തുടർ ഉത്തരവുകളും സർക്കുലറുകളും ഉണ്ടാവുകയും കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ഹരിത കർമസേനാ രൂപീകരണത്തിനും പരിശീലനത്തിനും പിന്തുണ ലഭ്യമാക്കുകയും ശുചിത്വമിഷന്റെ സാമ്പത്തിക സാങ്കേതിക പിന്തുണകൾ ലഭ്യമാവുകയും ചെയ്തതോടെ മാലിന്യ സംസ്കരണ മേഖലയിൽ ഒരു കുതിച്ചുചാട്ടം തന്നെ നടത്താൻ കഴിയും വിധത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശാക്തീകരിക്കപ്പെടുകയായിരുന്നു. ശേഖരിക്കപ്പെടുന്ന പാഴ് വസ്തുക്കൾ സുരക്ഷിത പുനചംക്രമണത്തിന് കൈമാറാനായി ക്ലീൻ കേരള കമ്പനിയെക്കൂടി നിയോഗിച്ചതോടെ മാലിന്യ സംസ്കരണ മേഖലയിലെ വലിയ പ്രശ്നങ്ങൾ മറികടക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാപ്തിനേടി. നഗരപ്രദേശങ്ങളിലെ വലിയ മാലിന്യക്കൂനകൾ മാറ്റാനും ഖരമാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പാക്കാനും KSWMP (കേരള ഖരമാലിന്യ പരിപാലന പദ്ധതി)യുടെ പിന്തുണയും ലഭ്യമായി.

മാലിന്യ സംസ്കരണ മേഖലയിൽ ജനങ്ങളുടെ അവബോധ നിർമ്മിതിക്കും ശീലവത്ക്കരണത്തിനും വലിയ പ്രാധാന്യമുണ്ട്. ഇതിനായി ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ എന്നിവർക്കെല്ലാം വലിയ തോതിൽ പരിശീലനം നൽകേണ്ടതുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി ഏറ്റെടുത്ത എല്ലാ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും KILAയുടെ പിന്തുണയോടെ വിപുലമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. ഇത് ഈ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പിന്തുണയായി മാറിയിട്ടുണ്ട്.

വാതിൽപ്പടി പാഴ് വസ്തു ശേഖരണം ഒരു ഘട്ടം പിന്നിട്ടപ്പോൾ അത് കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 'ഹരിതമിത്രം' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുകയുണ്ടായി. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, കെൽട്രോൺ എന്നിവയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത ഈ മൊബൈൽ ആപ്ലിക്കേഷൻ, മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണയേകി.

ചിക്കൻ വേസ്റ്റ് സംസ്കരണത്തിനുള്ള റെന്ററിംഗ് പ്ലാന്റുകൾ സ്വകാര്യ പങ്കാളിത്തത്തിൽ സ്ഥാപിക്കപ്പെട്ടതിലൂടെ അറവ് മാലിന്യ പ്രശ്നത്തിന് വലിയ പരിഹാരമുണ്ടായി വന്നു.

മാലിന്യ സംസ്കരണ മേഖലയിൽ ഹരിതകേരളം മിഷൻ വഴി നടപ്പാക്കിയ ക്യാമ്പയിനുകളിലെല്ലാം ജനപങ്കാളിത്തം വലിയ തോതിൽ പ്രയോജനപ്പെടുത്തിയിരുന്നു. 2024 ഒക്ടോബർ 2 മുതൽ 2025 മാർച്ച് 30 വരെ കാലയളവിൽ നടപ്പാക്കിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും പൂർണ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ തന്നെ ഇടപെടലുകൾ നടന്നിരുന്നു. സ്കൂളുകൾ, കോളേജുകൾ, പൊതുവിടങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ടൗണുകൾ, ഗ്രന്ഥശാലകൾ, ഓഫീസുകൾ എന്നിങ്ങനെ മുഴുവൻ പ്രദേശങ്ങളുമായും ബന്ധപ്പെട്ട ജനങ്ങളെല്ലാം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കൈകോർത്തതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

ഈ മേഖലയിലുണ്ടായിരുന്ന വലിയ വെല്ലുവിളികളാണ് അനായാസം പരിഹരിക്കാനായത്.

### 4.8.3. കൃഷിയും പരിസ്ഥിതി പുനസ്ഥാപനവും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ തുടക്കകാലം മുതൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായി ഇടപെടുന്ന മേഖലയാണ് കൃഷി. എന്നാൽ 20 വർഷത്തിലധികം കാലം ഇത്തരം ഇടപെടലുകൾ നടത്തിയിട്ടും ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിൽ നിന്ന് നമ്മൾ വളരെ ദൂരം പിന്നിലാണെന്ന തിരിച്ചറിവിലാണ് ഹരിതകേരളം മിഷന്റെ ഭാഗമായി കൃഷി ഉപമിഷൻ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയത്. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളും ഈ ഉപമിഷന്റെ ഭാഗമാക്കി മാറ്റി. തരിശ് ഭൂമി മുഴുവൻ കൃഷി യോഗ്യമാക്കുക, പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുക, സുരക്ഷിത ഭക്ഷണം എന്ന കാഴ്ചപ്പാട് വളർത്തുക, കാർബൺ പാദമുദ്ര കുറയ്ക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക എന്നിവയായിരുന്നു ഈ ഉപമിഷന്റെ പ്രധാന പ്രവർത്തന മേഖലകളായി നിശ്ചയിച്ചത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കാർഷിക സർവകലാശാല, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഈ മേഖലകളിൽ വലിയ പിന്തുണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ ഹരിതകേരളം മിഷൻ വഴിയൊരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വ്യവസായ സ്ഥാപനങ്ങളിലെ തരിശ് ഭൂമിയിൽ കൃഷിയിറക്കുന്നതിനായി വ്യവസായ വകുപ്പിന്റെ സഹകരണം ലഭ്യമാക്കാനും ആരാധനാലയങ്ങളിലെ ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിന് വിവിധ ദേവസ്വം ബോർഡുകളുടേയും മത സ്ഥാപനങ്ങളുടേയും പിന്തുണ ലഭ്യമാക്കാനും ഹരിതകേരളം മിഷൻ സഹായമൊരുക്കി.

പച്ചത്തുരുത്ത്, ഒരു തൈ നടാം തുടങ്ങിയ വൃക്ഷവൽക്കരണ ക്യാമ്പയിനുകളുമായി ബന്ധപ്പെട്ട നിരവധി വകുപ്പുകളുടേയും ഏജൻസികളുടേയും ഗവേഷണ സ്ഥാപനങ്ങളുടേയും വിദഗ്ധരുടേയും സാങ്കേതിക പിന്തുണയും സാമ്പത്തിക സഹായങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായി. കാർഷിക സർവകലാശാല, പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, സാമൂഹ്യ വനവൽക്കരണ വിഭാഗം എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. കണ്ടൽ വന വ്യാപനത്തിനും സംരക്ഷണത്തിനും ഹരിതകേരളം മിഷനിലൂടെ പിന്തുണ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടൽ വിദഗ്ധരുടെ ഒരു സംഘത്തെ ഇതിനായി ഏകോപിപ്പിക്കുകയും അവരിലൂടെ കണ്ടൽ തൈകളും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേ വികസനത്തിന്റെ ഭാഗമായി നഷ്ടപ്പെട്ട കണ്ടലുകളുടെ പുനഃസ്ഥാപനത്തിനായി ദക്ഷിണ റെയിൽവേ അനുവദിച്ച തുകയും ഹരിതകേരളം മിഷൻ വഴിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെത്തിയത്.

കാർബൺ പാദമുദ്ര കുറയ്ക്കുകയും നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്തുകയും ചെയ്യാൻ ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തുടക്കം കുറിച്ച ക്യാമ്പയിന്റെ ഭാഗമായും വലിയതോതിലുള്ള പിന്തുണാ സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ, കെ.എസ്.ഇ.ബി., ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്, വേൾഡ് റിസോഴ്സ് ഇൻസ്റ്റിട്യൂട്ട് (WRI) അനെർട്ട്, ജിഡ തുടങ്ങിയവയുടെ പിന്തുണയോടൊപ്പം വിദഗ്ധരുടെ വലിയ പിന്തുണയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു.

## 4.9. മറ്റ് പിന്തുണകൾ

യു.എൻ.ഡി.പി. പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ ഇന്ത്യാ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് (IHRML) പദ്ധതി നടപ്പാക്കാനാകാതെ മുടങ്ങിക്കിടന്ന ഘട്ടത്തിലാണ് ഹരിതകേരളം മിഷനെ ഈ പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തുന്നത്. തുടർന്ന് ഈ പദ്ധതി നടപ്പാക്കിയ ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലെ 11 തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങളിൽ വലിയ പിന്തുണാ സംവിധാനങ്ങളാണ് ഹരിതകേരളം മിഷൻ വഴി സാധ്യമായത്. അടിമാലി ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളുടെ വീണ്ടെടുപ്പ്, മറയൂർ ഗ്രാമപഞ്ചായത്തിലെ സുസ്ഥിര കരിമ്പ് കൃഷി, പുൽതൈല ഉൽപാന യൂണിറ്റ്, മൂന്നാർ ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റ്, വനം വന്യജീവി വകുപ്പുമായി ചേർന്ന് വന പ്രദേശങ്ങളിൽ സ്വാഭാവിക പുൽമേടുകൾ, ചോലവനങ്ങൾ, നീലക്കുറിഞ്ഞി വ്യാപന പ്രവർത്തനങ്ങൾ തുടങ്ങി സുസ്ഥിരമായ അനേകം നേട്ടങ്ങൾ കൈവരിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണയായത് യു.എൻ.ഡി.പി പദ്ധതിയിലൂടെ ഹരിതകേരളം മിഷൻ നൽകിയ സഹായങ്ങളാണ്.

കൃഷി, ജലസംരക്ഷണം, മാലിന്യ നിർമാർജ്ജനം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലകളിൽ ശാസ്ത്രീയമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി ജനപങ്കാളിത്തത്തോടെ നടപ്പാക്കുകയും അവയുടെ സുസ്ഥിരത ഉറപ്പു വരുത്തുകയും ചെയ്യുക എന്നതാണ് ഹരിത കേരളം മിഷന്റെ ദൗത്യം. ഇതിനായി മേൽ സൂചിപ്പിച്ച പ്രകാരം വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നുമെല്ലാമുള്ള വലിയ പിന്തുണയും സഹകരണവും ഹരിതകേരളം മിഷന് ലഭിച്ചിട്ടുണ്ട്. ഈ പിന്തുണയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനാണ് വഴിതെളിച്ചത്.

5

# സവിശേഷ പ്രവർത്തനങ്ങൾ



പരിസ്ഥിതിയെ സംരക്ഷിക്കാനും നഷ്ടപ്പെട്ട പരിസ്ഥിതിയെ പുനഃസ്ഥാപിക്കാനുമുള്ള പ്രവർത്തനങ്ങൾ സർക്കാർതല ഇടപെടലുകൾ കൊണ്ടുമാത്രം സാധ്യമാകുന്നതല്ല. ദിശാബോധം നൽകാനുള്ള സർക്കാർ സംവിധാനങ്ങളും അവയോട് കൈകോർക്കുന്ന ജനങ്ങളും ഒത്തുചേരുന്ന ഇടങ്ങളിൽ മാത്രമാണ് പരിസ്ഥിതി ഇടപെടലുകൾ ഗുണഫലം ചെയ്യുന്ന സ്ഥിതിയിലേയ്ക്കും സുസ്ഥിരതയിലേയ്ക്കും വളർന്നിട്ടുള്ളത്. പ്രാദേശിക സർക്കാരുകൾ മുതൽ യൂണിയൻ ഗവൺമെന്റിന്റെ വിവിധ വിഭാഗങ്ങൾ വരെയുള്ളവയെ ഇതിനായി കൂട്ടിയിണക്കേണ്ടി വരും. സുസാധ്യമല്ലെന്ന് തോന്നുന്ന ഈ ചുമതല ഏറ്റെടുക്കാൻ കഴിയും വിധത്തിലാണ് 2016ൽ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷനെ രൂപപ്പെടുത്തിയത്. വിഭാവനം ചെയ്യപ്പെട്ട രീതിയിൽ ജനകീയ ക്യാമ്പയിനുകളായാണ് മിഷന്റെ പ്രവർത്തനങ്ങളിൽ ഏറിയ പങ്കും നടന്നത്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷൻ നടപ്പിലാക്കിവരുന്ന ഈ ക്യാമ്പയിൻ പ്രവർത്തനങ്ങളിൽ ഏറ്റവും സവിശേഷമായ ഇടപെടലുകളെയാണ് ഈ അധ്യായത്തിൽ അടയാളപ്പെടുത്തുന്നത്.

ഗ്രാമതലങ്ങളിൽ മാറ്റത്തിന്റെ വിത്തുകൾ പാകിക്കൊണ്ട്, പരിസ്ഥിതി സൗഹൃദ വികസനം എങ്ങനെ പ്രായോഗികമാക്കാം എന്നതിന്റെ ഉത്തമ മാതൃകകളാണ് ഈ പ്രവർത്തനങ്ങൾ ഓരോന്നും.

കുളങ്ങളിലെ ജലനിരപ്പ് അളക്കുന്ന ലളിതമായ ജലമാപിനികൾ മുതൽ പെരളശ്ശേരിയിലെ സോളാർ പാടം പോലുള്ള ആധുനിക ഊർജ്ജ മാതൃകകൾ വരെ ഈ സവിശേഷ ദൗത്യങ്ങളുടെ പരിധിയിൽ വരുന്നു. വാഗമണ്ണിനെപ്പോലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കുന്ന ഹരിത ചെക്ക് പോസ്റ്റുകളും, നമ്മുടെ വഴിയോരങ്ങളിലെ മാലിന്യ തുരുത്തുകളെ ഉന്മൂലനം ചെയ്ത ജനകീയ കാമ്പയിനുകളും കേരളത്തിന്റെ പരിസ്ഥിതി ബോധത്തെ പുതിയ തലങ്ങളിലേക്ക് ഉയർത്തി. ശാസ്ത്രീയമായ സമീപനവും ജനങ്ങളുടെ നേരിട്ടുള്ള ഇടപെടലും ഒത്തുചേരുമ്പോൾ ഉണ്ടാകുന്ന വലിയ മാറ്റങ്ങളാണ് ഇവിടെ നാം കാണുന്നത്.

മാറുന്ന കാലാവസ്ഥയുടെയും പ്രകൃതി ദുരന്തങ്ങളും, പകർച്ച വ്യാധികളും, വറ്റിവരളുന്ന ജലസ്രോതസ്സുകളുടെയും കാലത്ത് നാളെയുടെ അതിജീവനത്തിനായുള്ള കരുതലുകളാണ് ഈ സവിശേഷ പ്രവർത്തനങ്ങൾ. വരുംതലമുറയ്ക്കായി വിഷമില്ലാത്ത മണ്ണും തെളിനീരും ശുദ്ധവായുവും കരുതിവെക്കാൻ പ്രേരിപ്പിക്കുന്ന, കേരളത്തിന്റെ ഹരിതഭൂപടത്തിൽ അടയാളപ്പെടുത്തിയ ഈ ശ്രദ്ധേയമായ ഇടപെടലുകൾ നമുക്ക് വിശദമായി പരിശോധിക്കാം.

## 5.1. ജലസംരക്ഷണ മേഖലയിലെ സവിശേഷപ്രവർത്തനങ്ങൾ

### 5.1.1. ജലമാണ് ജീവൻ

ഹരിതകേരളം മിഷന്റെ കഴിഞ്ഞ 10 വർഷത്തോളമുള്ള പ്രവർത്തന കാലയളവിൽ 'ജലമാണ് ജീവൻ' എന്ന പേരിൽ രണ്ട് ക്യാമ്പയിനുകൾ സംസ്ഥാന വ്യാപകമായി നടത്തിയിരുന്നു. 2016-ൽ കേരളത്തിലുണ്ടായ രൂക്ഷമായ വരൾച്ചയെ നേരിടുന്നതിനായി ജല മിതോപയോഗം, ജല പുനരുപയോഗം, ജല സംരക്ഷണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പാക്കിയതായിരുന്നു ആദ്യ ക്യാമ്പയിൻ. ബഹുഭൂരിപക്ഷം പേരും കരുതുന്നതുപോലെ ജല സമൃദ്ധമായ ഒരു സംസ്ഥാനമല്ല കേരളം എന്നതും കൃത്യമായ ആസൂത്രണത്തിലൂടെ ജലസംരക്ഷണവും ജല ലോപയോഗ ശീലവും ഉണ്ടായി വന്നില്ലെങ്കിൽ ആവശ്യങ്ങൾക്കെല്ലാം വേണ്ടത്ര ജലം വർഷം മുഴുവൻ ലഭ്യമാകാത്ത സ്ഥിതി ഉണ്ടാകുമെന്നുള്ള ബോധം സൃഷ്ടിക്കാൻ ഈ ക്യാമ്പയിൻ വലിയ തോതിൽ സഹായിച്ചു.

2025ൽ സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ 'ജലമാണ് ജീവൻ' എന്ന പേരിൽ തന്നെ പുതിയൊരു ക്യാമ്പയിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകി. സംസ്ഥാനത്തെ മുഴുവൻ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യൽ, മുഴുവൻ വാട്ടർ ടാങ്കുകളും വൃത്തിയാക്കൽ, കുളങ്ങളിലെ മാലിന്യങ്ങൾ നീക്കൽ, നദികളിലും കുളങ്ങളിലും കുളിക്കുമ്പോൾ പാലിക്കേണ്ട മുൻകരുതലുകൾ ജാഗ്രതപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങൾ ആയിരുന്നു ഈ ക്യാമ്പയിനിൽ ഉണ്ടായിരുന്നത്. ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ വലിയൊരു പങ്ക് വിജയിപ്പിച്ചാണ് ആ ക്യാമ്പയിൻ അവസാനിപ്പിച്ചത്.

| ജില്ല | സ്വകാര്യ കിണറുകൾ | | | പൊതുസ്ഥാപന കിണറുകൾ | | | പൊതു കിണറുകൾ | | | ആകെ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എണ്ണം | ക്ലോറിനേഷൻ നടത്തിയത് | % | എണ്ണം | ക്ലോറിനേഷൻ നടത്തിയത് | % | എണ്ണം | ക്ലോറിനേഷൻ നടത്തിയത് | % | എണ്ണം | ക്ലോറിനേഷൻ നടത്തിയത് | % |
| തിരുവനന്തപുരം | 600299 | 518902 | 86.44% | 2861 | 2533 | 88.54% | 3146 | 2231 | 70.92% | 606306 | 523666 | 86.37% |
| കൊല്ലം | 628695 | 560602 | 89.17% | 3998 | 2927 | 73.21% | 2662 | 2364 | 88.81% | 635355 | 565893 | 89.07% |
| പത്തനംതിട്ട | 290005 | 213361 | 73.57% | 1634 | 1347 | 82.44% | 1311 | 1110 | 84.67% | 292950 | 215818 | 73.67% |
| ആലപ്പുഴ | 283140 | 239302 | 84.52% | 2375 | 1823 | 76.76% | 1537 | 1306 | 84.97% | 287052 | 242431 | 84.46% |
| കോട്ടയം | 375578 | 333421 | 88.78% | 2197 | 1816 | 82.66% | 1344 | 1223 | 91.00% | 379119 | 336460 | 88.75% |
| ഇടുക്കി | 76666 | 72079 | 94.02% | 1435 | 1127 | 78.54% | 1595 | 1499 | 93.98% | 79696 | 74705 | 93.74% |
| എറണാകുളം | 455097 | 453674 | 99.69% | 5646 | 5625 | 99.63% | 3154 | 3128 | 99.18% | 463897 | 462427 | 99.68% |
| തൃശ്ശൂർ | 588171 | 546198 | 92.86% | 3719 | 3278 | 88.14% | 4127 | 3980 | 96.44% | 596017 | 553456 | 92.86% |
| പാലക്കാട് | 320821 | 279492 | 87.12% | 2239 | 1917 | 85.62% | 5547 | 4974 | 89.67% | 328607 | 286383 | 87.15% |
| മലപ്പുറം | 727289 | 536158 | 73.72% | 5517 | 4600 | 83.38% | 5540 | 4510 | 81.41% | 738346 | 545268 | 73.85% |
| കോഴിക്കോട് | 607175 | 529551 | 87.22% | 4151 | 3669 | 88.39% | 3591 | 3330 | 92.73% | 614917 | 536550 | 87.26% |
| വയനാട് | 103962 | 81490 | 78.38% | 1306 | 939 | 71.90% | 1072 | 1040 | 97.01% | 106340 | 83469 | 78.49% |
| കണ്ണൂർ | 526324 | 481695 | 91.52% | 3178 | 2466 | 77.60% | 5615 | 4653 | 82.87% | 535117 | 488814 | 91.35% |
| കാസർഗോഡ് | 148615 | 125482 | 84.43% | 1729 | 1547 | 89.47% | 947 | 894 | 94.40% | 151291 | 127923 | 84.55% |
| ആകെ | 5731837 | 4971407 | 86.73% | 41985 | 35614 | 84.83% | 41188 | 36242 | 87.99% | 5815010 | 5043263 | 86.73% |

## 5.1.2. ഇനി ഞാൻ ഒഴുകട്ടെ

ഭൂമിയിൽ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ മൂലം മാലിന്യക്കൂമ്പാരങ്ങൾക്കിടയിൽ ശ്വാസംമുട്ടി, കയ്യേറ്റങ്ങൾ മൂലം നിശ്ചലമായിപ്പോയ നമ്മുടെ നീർച്ചാലുകൾ തടസ്സം കൂടാതെ ഒഴുകുന്നതിനായി ഹരിതകേരളം മിഷൻ നടപ്പിലാക്കിയ മുന്നേറ്റമാണ് 'ഇനി ഞാൻ ഒഴുകട്ടെ'. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ ക്യാമ്പയിൻ, കേരളം കണ്ട ഏറ്റവും വലിയ ജനകീയ പാരിസ്ഥിതിക ദൗത്യങ്ങളിൽ ഒന്നാണ്. മാലിന്യങ്ങൾ അടിഞ്ഞുകൂടിയും കയ്യേറ്റങ്ങൾ മൂലവും നിശ്ചലമായിപ്പോയ തോടുകളെയും പുഴകളെയും പുനരുജ്ജീവിപ്പിക്കുക വഴി നാടിന്റെ ജലസുരക്ഷ ഉറപ്പാക്കുക എന്നതായിരുന്നു ഇതിന്റെ പരമമായ ലക്ഷ്യം.

വീഡിയോ കാണാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലവിഭവ വകുപ്പും തൊഴിലുറപ്പ് പദ്ധതിയും സന്നദ്ധ സംഘടനകളും ഒരേ മനസ്സോടെ കൈകോർത്തപ്പോൾ അത് വികസനത്തിന്റെ പുതിയൊരു



ജനകീയ മാതൃകയായി. ഓരോ പ്രദേശത്തെയും പ്രധാന നീർച്ചാലുകളെ തിരഞ്ഞെടുത്തു നടത്തിയ ശാസ്ത്രീയമായ ഇടപെടലുകൾ ജലസംരക്ഷണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് കൊണ്ടുവന്നത്.

ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ഡിസംബർ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 54,770 കിലോമീറ്റർ നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു. (കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 1,00,506 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).

കയർ ഭൂവസ്ത്രം (Geo-textile) ഉപയോഗിച്ചുള്ള പാർശ്വ സംരക്ഷണം ഈ ദൗത്യത്തിന് ശാസ്ത്രീ




യവും പ്രകൃതി സൗഹൃദവുമായ ഒരു മുഖം നൽകി. നീരൊഴുക്ക് സുഗമമായതോടെ പ്രളയസാധ്യതകൾ കുറയുകയും വരൾച്ചാ സമയത്ത് ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുകയും ചെയ്തു. കാർഷിക മേഖലയ്ക്ക് ഈ തെളിനീർ ഒഴുക്ക് പുതിയൊരു ഉണർവാണ് നൽകിയത്.

**ജലസംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി**

**(2021 ഏപ്രിൽ മുതൽ 2025 ഡിസംബർ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമ്മിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 7661.26 | 712 | 571 | 1183 | 3684 | 111 | 19870 |
| കൊല്ലം | 5458.72 | 242 | 499 | 755 | 3702 | 8 | 17321 |
| പത്തനംതിട്ട | 2142.22 | 203 | 213 | 634 | 1018 | 29 | 5677 |
| ആലപ്പുഴ | 2841.36 | 99 | 56 | 374 | 391 | 19 | 4208 |
| കോട്ടയം | 1647.11 | 65 | 270 | 460 | 630 | 56 | 2087 |
| ഇടുക്കി | 4605.36 | 258 | 321 | 293 | 351 | 63 | 1617 |
| എറണാകുളം | 3878.91 | 186 | 298 | 902 | 531 | 22 | 6 |
| തൃശ്ശൂർ | 4119.93 | 183 | 188 | 494 | 1311 | 15 | 353 |
| പാലക്കാട് | 9179.86 | 820 | 988 | 763 | 1852 | 26 | 16398 |

| | | | | | | | |
|---|---|---|---|---|---|---|---|
| മലപ്പുറം | 2096.92 | 532 | 569 | 345 | 1996 | 290 | 1266 |
| കോഴിക്കോട് | 2771.54 | 213 | 200 | 425 | 1097 | 45 | 416 |
| വയനാട് | 2350.72 | 90 | 838 | 147 | 400 | 95 | 2795 |
| കണ്ണൂർ | 4036.93 | 606 | 565 | 2905 | 1631 | 113 | 11486 |
| കാസർഗോഡ് | 1979.75 | 167 | 479 | 1043 | 1460 | 86 | 2651 |
| ആകെ | 54770.59 | 4376 | 6055 | 10723 | 20054 | 978 | 86151 |

വീണ്ടെടുത്ത ഈ ജലസമൃദ്ധി വീണ്ടും മാലിന്യങ്ങളാൽ മലിനമാകാതെ സംരക്ഷിക്കുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. തദ്ദേശ സ്ഥാപനങ്ങളുടെ നിരന്തരമായ നിരീക്ഷണവും ജലഗുണനിലവാര പരിശോധനയും ഉറപ്പാക്കുന്നതിലൂടെ മാത്രമേ ഈ നീരൊഴുക്കിനെ നമുക്ക് സുസ്ഥിരമായി നിലനിർത്താൻ സാധിക്കൂ. നമ്മുടെ പുഴകളും തോടുകളും എന്നും തെളിനീരോടെ ഒഴുകട്ടെ; വരുംതലമുറയ്ക്കായി നമുക്ക് ഈ ഉറവകൾ കാത്തുസൂക്ഷിക്കാം.

## 5.1.3. ജലഗുണനിലവാരപരിശോധന ലാബുകൾ

നമ്മുടെ സംസ്ഥാനത്തെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്ന കിണറുകൾ ഉൾപ്പെടെയുള്ള സ്രോതസ്സുകൾ ഇന്ന് വിവിധ കാരണങ്ങളാൽ മലിനമായിക്കൊണ്ടിരിക്കുന്നു. മലിനജലത്തിന്റെ ഉപയോഗം ജലജന്യരോഗങ്ങൾക്ക് കാരണമാകുമ്പോൾ, ഇതിന് പരിഹാരമായി പ്രാദേശികതലത്തിൽ തന്നെ ജലപരിശോധനാ സൗകര്യങ്ങൾ ഒരുക്കുകയാണ് ഹരിതകേരളം മിഷൻ. സ്കൂൾ ലാബുകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്ന ഈ ജനകീയ പദ്ധതിയിൽ കുട്ടികളെ കൂടി പങ്കാളികളാക്കുന്നതിലൂടെ ഒരു പുതിയ പാരിസ്ഥിതിക സംസ്കാരം സമൂഹത്തിൽ വളർത്തിയെടുക്കാൻ ലക്ഷ്യമിടുന്നു.

വീഡിയോ കാണാം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്തമായ ഈ സംരംഭം ശാസ്ത്രീയമായ രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിദഗ്ധരുടെ നിർദ്ദേശപ്രകാരം രൂപപ്പെടുത്തിയ രീതിശാസ്ത്രവും കൈപ്പുസ്തകങ്ങളും അധ്യാപ



കർക്കും വിദ്യാർത്ഥികൾക്കും ഇതിനായി സഹായകമാകുന്നു. ഹയർ സെക്കൻഡറി കെമിസ്ട്രി അധ്യാപകർക്ക് പുറമെ ഓരോ സ്കൂളിലെയും അഞ്ച് കുട്ടികൾക്ക് വീതം ഇതിനായി പ്രത്യേക പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ പ്രത്യേക സോഫ്റ്റ്‌വെയർ വഴി പരിശോധനാ ഫലങ്ങൾക്കൊപ്പം തന്നെ പ്രശ്നപരിഹാര മാർഗ്ഗങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

പ്രധാനമായും നിറം, ഗന്ധം, pH മൂല്യം, ചാലകത, ലവണ സാന്നിദ്ധ്യം, ഖര പദാർത്ഥങ്ങൾ (TDS), നൈട്രേറ്റ്, അമോണിയ, ടോട്ടൽ ക്വാളിഫോം എന്നിങ്ങനെ എട്ട് ഘടകങ്ങളാണ് ഈ ലാബുകളിൽ പരിശോധിക്കുന്നത്. ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്. ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നാണ് ബാക്കിയുള്ള ലാബുകൾ സ്ഥാപിക്കുന്നത്. സംസ്ഥാനത്തു 337 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 144 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 193 ലാബുകൾ ബന്ധപ്പെട്ട MLA ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. സംസ്ഥാനത്താകെ 48,971 ജലസാമ്പിളുകൾ ഇതുവരെ പരിശോധിച്ചു. 197 ലാബുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

| ജില്ല | സ്ഥാപിച്ച ലാബുകളുടെ എണ്ണം | നടത്തിയ പരിശോധനകളുടെ എണ്ണം (2026 ഫെബ്രുവരി വരെ) |
|---|---|---|
| TVM | 13 | 1,602 |
| KLM | 11 | 1,973 |
| PTA | 21 | 5,624 |
| ALP | 28 | 977 |
| KYM | 31 | 4,035 |
| IDK | 51 | 3,191 |
| ERM | 54 | 3,899 |
| TSR | 54 | 21,700 |
| PKD | 12 | 280 |
| KZD | 29 | 2,263 |
| KNR | 21 | 2,244 |
| KSD | 12 | 1,183 |
| Total | 337 | 48,971 |

ഈ ലാബുകൾ നൽകുന്ന വിവരങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്കും ആരോഗ്യവകുപ്പിനും ലഭ്യമാകുന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ സജ്ജീകരിച്ചിട്ടുള്ളത്. ഇത് കൂടുതൽ മലിനീകരണമുള്ള പ്രദേശങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്താൻ അധികാരികളെ സഹായിക്കുന്നു.

സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുന്നതിലൂടെ സമൂഹത്തിന്റെ ആരോഗ്യം സംരക്ഷിക്കാനും ആശങ്കകൾ അകറ്റാനും ഈ കൊച്ചു ലാബുകൾ നമുക്ക് വലിയൊരു കരുത്തായി മാറിയിരിക്കുന്നു.

## 5.1.4. കുളങ്ങളിൽ ജലലഭ്യതാ നിർണ്ണയ സ്കെയിലുകൾ - ജലമാപിനി പദ്ധതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള പൊതു ജലസ്രോതസ്സുകളിലെ, പ്രത്യേകിച്ച് കുളങ്ങളിലെ, ജലലഭ്യതയും ജലനിരപ്പും കൃത്യമായി മനസ്സിലാക്കി ശാസ്ത്രീയമായ ജലപരിപാലനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ശ്രദ്ധേയമായ ഒരു പദ്ധതിയാണിത്. ജലസ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ് സീസൺ അനുസരിച്ച് എങ്ങനെ മാറുന്നു എന്ന് നിരീക്ഷിക്കാനും അത് കൃത്യമായി രേഖപ്പെടുത്താനുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമിട്ടത്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സ്കൂൾ വിദ്യാർത്ഥികളെയും ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പ്രവർത്തനം വിജയകരമായി നടപ്പിലാക്കിയത്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ജലമാപിനി പദ്ധതി, ശാസ്ത്രീയമായ ജലപരിപാലനത്തെ സാധാരണക്കാരുടെ ജീവിതവുമായി ബന്ധിപ്പിച്ച മനോഹരമായ ഒരു കാൽവെപ്പാണ്.

തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള നൂറോളം കുളങ്ങളിൽ ജലമാപിനികൾ സ്ഥാപിച്ചുകൊണ്ട് തുടങ്ങിയ ഈ പ്രവർത്തനം വലിയൊരു ജനകീയ മുന്നേറ്റമായിരുന്നു. ഓരോ സീസണിലും കുളങ്ങളിലെ ജലനിരപ്പ് ഉയരുന്നതും താഴുന്നതും കൃത്യമായി രേഖപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. വെറുമൊരു സർക്കാർ പദ്ധതിയെന്നതിലുപരി, സ്കൂൾ കുട്ടികളെയും പ്രാദേശിക സന്നദ്ധ പ്രവർത്തകരെയും ഇതിന്റെ ഭാഗമാക്കിയതാണ് ഈ ഉദ്യമത്തെ വേറിട്ടുനിർത്തുന്നത്. കുളക്കടവുകളിൽ ചെന്ന് ജലനിരപ്പ് അളക്കുന്ന കുട്ടികൾക്ക് അത് കേവലം ഒരു കണക്കെടുപ്പല്ല, മറിച്ച് തങ്ങളുടെ പ്രകൃതിയെ തൊട്ടറിയാനുള്ള അവസരമായിരുന്നു. ഈ നിരീക്ഷണങ്ങളിലൂടെ ലഭിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയൊരു മുതൽക്കൂട്ടായി മാറി. ഭൂഗർഭജലത്തിന്റെ അളവ് ശാസ്ത്രീയമായി മനസ്സിലാക്കാനും അതനുസരിച്ച് ഭാവിയിലെ കുടിവെള്ള-ജലസേചന പദ്ധതികൾ കൂടുതൽ



കൃത്യതയോടെ ആസൂത്രണം ചെയ്യാനും ഈ കണക്കുകൾ സഹായിച്ചു. ജലസംരക്ഷണം എന്നത് മുദ്രാവാക്യങ്ങളിൽ ഒതുങ്ങേണ്ട ഒന്നല്ലെന്നും, അത് നാടിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട ഒന്നാണെന്നും നേമത്തെ ഈ മാതൃക നമ്മെ പഠിപ്പിക്കുന്നു. ഓരോ കുളവും സംരക്ഷിക്കപ്പെടേണ്ടത് നമ്മുടെ കടമയാണെന്ന ബോധം ഈ പദ്ധതിയിലൂടെ ജനങ്ങളിൽ വളർന്നു. വരുംതലമുറയ്ക്കായി കരുതിവെക്കേണ്ട ഏറ്റവും വലിയ സമ്പാദ്യം ശുദ്ധജലമാണെന്ന തിരിച്ചറിവ് നൽകാൻ ഇത്തരം ജനകീയ ഇടപെടലുകൾക്ക് സാധിക്കുന്നു. ഒരു നാട് മുഴുവൻ ഒത്തൊരുമിച്ച് തങ്ങളുടെ ജലസ്രോതസ്സുകളെ കാത്തുസൂക്ഷിക്കുന്ന ഈ രീതി മാതൃകാപരവും ഏറെ പ്രതീക്ഷ നൽകുന്നതുമാണ്.

### 5.1.5. നീർത്തട പ്ലാനുകൾ

ആവശ്യത്തിനു മഴ ലഭിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ വളരെ ശാസ്ത്രീയമായി ആസൂത്രണം ചെയ്യുകയും യോജിച്ച സ്ഥലത്ത് അവ യഥാസമയത്ത് നിർവഹിക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണമാണ് ഇതിനുള്ള കൃത്യമായതും ശാസ്ത്രീയവുമായ മാർഗ്ഗം. ഇതിനു സഹായകരമായ രീതിയിൽ ശാസ്ത്രീയമായി നീർത്തട പ്ലാനുകൾ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന പ്രവർത്തനമാണ് ഹരിതകേരളം മിഷന്റെ ഭാഗമായി ഏറ്റെടുത്തത്. കുന്നിൻ മുകളിൽ നിന്നും താഴേയ്ക്ക് എന്ന മുൻഗണന നൽകിക്കൊണ്ട് ഓരോ പ്രവൃത്തിയും ഏറ്റെടുത്ത് നിർവഹിക്കുക എന്നതാണ് ശാസ്ത്രീയ മാർഗ്ഗം.

ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും ഇത്തരത്തിൽ നീർത്തട പ്ലാൻ തയ്യാറാക്കി. ജലസേചന വകുപ്പ് എഞ്ചിനീയർമാർ കൺവീനർമാരായി ജില്ലാ , ബ്ലോക്ക്, തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികളിൽ ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളും പ്രാദേശിക വിദഗ്ധരും അംഗങ്ങളാണ്. സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നീർത്തടപ്ലാൻ തയ്യാറാക്കിയത്. ഇതിനാവശ്യമായ മാപ്പുകൾ സംസ്ഥാന ഭൂവിനിയോഗ ബോർഡ്. മണ്ണ് പര്യവേക്ഷണ വകുപ്പ് എന്നിവ ലഭ്യമാക്കി. ഈ മാപ്പുകളെ കൂടി അടിസ്ഥാനമാക്കികൊണ്ട് മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിപുലമായ നീർത്തട നടത്തം സംഘടിപ്പിച്ചു. മാപ്പുകൾ ഉപയോഗിച്ച് പ്രദേശത്തെ നീർത്തടങ്ങളായി തിരിച്ച ശേഷമാണ് നീർത്തട നടത്തം സംഘടിപ്പിച്ചത്. വിദഗ്ധരോടൊപ്പം ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും ചേർന്ന് ഓരോ നീർത്തടത്തിലൂടെയും നടന്ന് അവിടുത്തെ പ്രശ്നങ്ങളും സാധ്യതകളും നേരിട്ട് മനസ്സിലാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളും നീർത്തട നടത്തത്തിലൂടെ നേരിട്ട് ശേഖരിച്ച വിവരങ്ങളും നീർത്തടപ്ലാൻ തയ്യാറാക്കുന്നതിനായി പ്രയോജനപ്പെടുത്തി. തദ്ദേശ സ്വയം ഭരണ സ്ഥാപന തലങ്ങളിൽ തയ്യാറാക്കിയ നീർത്തട പ്ലാനുകളെ സംയോജിപ്പിച്ച് ബ്ലോക്കടിസ്ഥാനത്തിൽ നീർത്തട മാസ്റ്റർ പ്ലാനും തയ്യാറാക്കി. നീർത്തട മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ഭൂഗർഭ ജലനിരപ്പ് ഉയർത്തുക, മണ്ണൊലിപ്പ് തടയുക, ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവൃത്തികൾ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖയും തയ്യാറാക്കി.

തുടർന്ന് ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കൽ, മഴവെള്ളം മണ്ണിലേക്ക് ഇറക്കിവിടുന്ന

തിനായി മഴക്കുഴികൾ, തടയണകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണം, മണ്ണ് സംരക്ഷണ ത്തിനായി കയർ ഭൂവസ്ത്രം വിരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റടുത്തു. ഉറവിട മാലിന്യ സംസ്കരണത്തിലൂടെ ജലസ്രോതസ്സുകളിലെ മലിനീകരണം വലിയ തോതിൽ കുറയ്ക്കാനായി. തരിശുഭൂമികൾ കൃഷിയോഗ്യമാക്കുകയും ജലലഭ്യത ഉറപ്പാക്കി ഉത്പാദനം വർദ്ധിപ്പിക്കുന്ന തിനും സാധിച്ചു.

**നീർത്തടപ്ലാൻ തയ്യാറാക്കിയത് സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | |
|---|---|---|---|---|
| | | ആകെ | നീർത്തടപ്ലാൻ തയ്യാറാക്കിയവ | നീർത്തടപ്ലാൻ തയ്യാറാ ക്കാത്തവ |
| | | എണ്ണം | എണ്ണം | എണ്ണം |
| 1 | തിരുവനന്തപുരം | 78 | 78 | 0 |
| 2 | കൊല്ലം | 73 | 73 | 0 |
| 3 | പത്തനംതിട്ട | 57 | 57 | 0 |
| 4 | ആലപ്പുഴ | 78 | 78 | 0 |
| 5 | കോട്ടയം | 77 | 77 | 0 |
| 6 | ഇടുക്കി | 54 | 54 | 0 |
| 7 | എറണാകുളം | 96 | 96 | 0 |
| 8 | തൃശൂർ | 94 | 89 | 5 |
| 9 | പാലക്കാട് | 95 | 95 | 0 |
| 10 | മലപ്പുറം | 106 | 106 | 0 |
| 11 | കോഴിക്കോട് | 78 | 68 | 10 |
| 12 | വയനാട് | 26 | 21 | 5 |
| 13 | കണ്ണൂർ | 81 | 80 | 1 |
| 14 | കാസർഗോഡ് | 41 | 41 | 0 |
| | ആകെ | 1034 | 1013 | 21 |

## 5.1.6. ഹരിത ഊർജ്ജ ജലസേചന പദ്ധതികൾ

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മഴയുടെ ലഭ്യതയും മഴ ദിനങ്ങളും കേരളത്തിൽ കൂടുതലാണ്. എന്നാൽ ഭൂപ്രകൃതിയുടെ പ്രത്യേകതയും മഴയുടെ ലഭ്യതയിലുള്ള സ്ഥല-കാല വ്യതിയാനവുമെല്ലാം ചേർന്ന് സംസ്ഥാനത്ത് പല പ്രദേശങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഭൂജല നിരപ്പ് താഴുന്നതാണ് പ്രധാനമായും ജലസ്രോതസ്സുകൾ വറ്റിപ്പോകുന്നതിനും ജല ലഭ്യത കുറയുന്നതിനും കാരണമാകുന്നത്. ഈ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് സംരക്ഷിക്കുന്നതിനോടൊപ്പം മറ്റ് സ്രോതസ്സുകളുടെ സാധ്യതയും പരിശോ

ധിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിൽ വലിയതോതിൽ ശേഖരിക്കപ്പെട്ടിട്ടുള്ള വെള്ളം ജലസേചനത്തിനായി ഉപയോഗിക്കുന്നതിന്റെ സാധ്യത ഹരിതകേരളം മിഷൻ മുന്നോട്ട് വച്ചത്. ഇത്തരത്തിൽ സംഭരിക്കപ്പെട്ട ജലം, സോളാർ പാനലുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന വൈദ്യുതി പ്രയോജനപ്പെടുത്തി പമ്പ് ചെയ്ത് കൃഷിയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയ്ക്കാണ് രൂപം കൊടുത്തത്.

വീഡിയോ കാണാം

ഇതിന്റെ ആദ്യഘട്ടമായി കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളകോട് പ്രദേശത്തെ വിശാലമായ പാറക്വാറിയിലെ ജലം സോളാർ പമ്പുകൾ സ്ഥാപിച്ച് കൃഷിയ്ക്ക് ലഭ്യമാക്കുന്ന പദ്ധതി വളരെ വിജയകരമായി പൂർത്തിയാക്കാനായി. അനെർട്ടിന്റെ സാങ്കേതിക പിന്തുണയോടെ നടപ്പിലാക്കിയ ഈ പദ്ധതി 5 വാർഡുകളിലെ കൃഷിയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നു. ഈ പദ്ധതിയുടെ വിജയത്തെ തുടർന്ന് സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ച തുക വിനിയോഗിച്ച് 5 ജില്ലകളിൽ ഇത്തരത്തിൽ ജലസേചന പദ്ധതികൾ സ്ഥാപിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. ഒപ്പം ഇരുപതോളം ക്വാറികളിൽ ഈ പ്രവർത്തനത്തിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

## 5.1.7. സെമി ക്രിട്ടിക്കൽ ക്രിട്ടിക്കൽ ബ്ലോക്കുകളിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് ഉപരിതല ജല ലഭ്യത കൂടുതലാണെങ്കിലും മലിനീകരണം ഉൾപ്പെടെ പല കാരണങ്ങൾ കൊണ്ടും വേനൽക്കാല ജലലഭ്യതയിലെ കുറവുകൊണ്ടും കൃഷി ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഭൂജലം ഉപയോഗിക്കുന്നത് കൂടി വരുന്നുണ്ട്. ഭൂജല ഉപയോഗം കണക്കിലെടുത്ത് കേന്ദ്ര ഭൂജല ബോർഡ് സംസ്ഥാനത്തെ 3 ബ്ലോക്കുകളെ ക്രിട്ടിക്കൽ ബ്ലോക്കുകളായും 30 ബ്ലോക്കുകളെ സെമി-ക്രിട്ടിക്കൽ ബ്ലോക്കുകളായും കണ്ടെത്തിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഈ ബ്ലോക്കുകളിൽ ഭൂജല നിരപ്പ് ഉയർത്താൻ സഹായിക്കുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനായിട്ടുണ്ട്. ആദ്യഘട്ടമായി ഈ ബ്ലോക്കുകളിലെ ജല ബജറ്റ് തയ്യാറാക്കി. നീർച്ചാലുകൾ ഡിജിറ്റൽ മാപിൽ രേഖപ്പെടുത്തുന്ന ജനകീയ മാപത്തോൺ പ്രക്രിയ ആരംഭിച്ചു. ഈ സ്ഥലങ്ങളിലെ ഇടപെടൽ സാധ്യതകൾ സംബന്ധിച്ച് വിദഗ്ധരുമായി ചർച്ച നടത്തി തീരുമാനങ്ങളെടുത്തു. ഭൂജല ഉപയോഗം കുറയ്ക്കുന്നതിന് പ്രധാനമായും ഉപരിതല ജലത്തെ കൂടുതൽ ആശ്രയിക്കുകയാണ് വേണ്ടത്. ഇത് സാധ്യമാകണമെങ്കിൽ ഉപരിതല ജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും വർദ്ധിപ്പിക്കണം. അതോടൊപ്പം ജല പുനഃരുപയോഗത്തിന്റേയും പുനഃചംക്രമണത്തിന്റേയും സാധ്യതകളും പ്രയോജനപ്പെടുത്താനാകണം. ഇതിനനുഗുണമായ പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ ആരംഭകാലം മുതലേ നടത്തി വരുന്നത്.

ക്രിട്ടിക്കൽ സെമി-ക്രിട്ടിക്കൽ ബ്ലോക്കുകളിൽ പ്രത്യേക പരിഗണന കൊടുത്ത് പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫലമായി കുളങ്ങളുടെ പുനരുജ്ജീവനം, കുളങ്ങളുടെ നിർമാണം, കിണർ റീചാർജ്ജിംഗ്, നീർച്ചാൽ പുനരുജ്ജീവനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ മാലിന്യ സംസ്കരണ രംഗത്തെ ഇടപെടൽ മലിനീകരണം കുറയ്ക്കാനും ജലത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

### 5.1.8. നീരുറവ്: മണ്ണ് സംരക്ഷണ ജലസംരക്ഷണ പ്രവർത്തനങ്ങൾ

വറ്റിപ്പോയ നീർച്ചാലുകളെ പുനരുജ്ജീവിപ്പിക്കാനും മണ്ണും ജലവും ശാസ്ത്രീയമായി സംരക്ഷിക്കാനുമുള്ള ഒരു വലിയ ദൗത്യമാണ് നീരുറവ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഓരോ നീർത്തട പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകൾ മണ്ണൊലിപ്പ് തടഞ്ഞും മഴവെള്ളത്തെ ഭൂമിയിലേക്ക് ഇറക്കിയുമുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് അതിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളാണ് നീരുറവിലൂടെ നടപ്പിലാക്കുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം



മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവു മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ ചുള്ളാളം നീർത്തടത്തിൽ നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനങ്ങളിൽ നിന്നാണ് ഈ പദ്ധതിയുടെ തുടക്കം. ആ വിജയഗാഥ ഇന്ന് സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. ശാസ്ത്രീയമായ നീർത്തട പ്ലാനുകൾ സമഗ്രമായി പരിഷ്കരിച്ചുകൊണ്ട് ഓരോ



പ്രദേശത്തിനും അനുയോജ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് ഇവിടെ രൂപം നൽകുന്നത്. ഭരണനിർവ്വഹണത്തിനപ്പുറം, ജനങ്ങളുടെ സജീവമായ പങ്കാളിത്തമാണ് നീരുറവ് പദ്ധതിയുടെ കരുത്ത്. പ്രാദേശിക ജനവിഭാഗങ്ങളെ ഉൾപ്പെടുത്തി നടത്തുന്ന പഠനങ്ങളിലൂടെയും ആസൂത്രണങ്ങളിലൂടെയും തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകൾ വികസനത്തിന്റെ പുതിയൊരു ജനകീയ മാതൃകയാകുന്നു. മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം ഭൂമിയിലേക്ക് ഇറക്കിവിടുന്നതിനും പുറമെ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ദുരന്തങ്ങളെ ലഘൂകരിക്കാനും പരിസ്ഥിതി പുനഃസ്ഥാപിക്കാനും ഈ ദൗത്യം സഹായകമാകും.

## 5.1.9. സുരക്ഷിതമാക്കാം പശ്ചിമഘട്ടം - 'മാപത്തോൺ പ്രവർത്തനങ്ങൾ'

പശ്ചിമഘട്ടം പോലുള്ള മലനിരകളിൽ മണ്ണിടിച്ചിലുകൾ ഉണ്ടാകുന്നതിനുള്ള പ്രധാന സ്വാഭാവിക കാരണങ്ങളിലൊന്നായി മലഞ്ചരിവുകളിലെ സ്വാഭാവിക ജലശൃംഖലകളുടെ തടസ്സങ്ങളാണെന്നത് ശാസ്ത്ര സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്. കാലക്രമേണ മനുഷ്യ ഇടപെടലുകൾ മൂലം തടസ്സപ്പെടുകയോ വഴിമാറുകയോ അപ്രത്യക്ഷമാകുകയോ ചെയ്യുന്ന ചെറുതും വലുതുമായ നീർച്ചാലുകൾ, ശക്തമായ മഴക്കാലങ്ങളിൽ ചരിവുകളിലെ ജലസമാഹാരത്തെ വർധിപ്പിച്ച് മണ്ണിടിച്ചിലുകൾക്കും ഉരുൾപൊട്ടലുകൾക്കും വഴിയൊരുക്കുന്നു. സംസ്ഥാനത്തുണ്ടായ തുടർച്ചയായ പ്രളയങ്ങൾ കൃത്യതയുള്ള മാപിംഗിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതായിരുന്നു. അതിനാൽ, പശ്ചിമഘട്ടത്തിലെ സമ്പൂർണ്ണ നീർച്ചാൽ ശൃംഖലയെ ശാസ്ത്രീയമായി മാപിൽ രേഖപ്പെടുത്തി വീണ്ടെടുക്കേണ്ടവ പുനഃസ്ഥാപിക്കുന്നതിലൂടെ, ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള പ്രായോഗികവും ഫലപ്രദവുമായ പരിഹാരമായി മാറുന്നു. ഈ സമീപനം പ്രദേശവാസികളുടെ ജീവനും ഉപജീവനവും സംരക്ഷിക്കുന്നതിനൊപ്പം പശ്ചിമഘട്ടത്തിന്റെ സൂക്ഷ്മമായ പരിസ്ഥിതി സമതുലിതാവസ്ഥ നിലനിർത്തുന്നതിനും സഹായകമാണ്.

ഈ പശ്ചാത്തലത്തിൽ, ഹരിതകേരളം മിഷൻ പശ്ചിമഘട്ടത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ നീർച്ചാൽ ശൃംഖലകളെ തിരിച്ചറിഞ്ഞ് നവീകരിക്കുന്നതിനായി ഒരു നവീന ഇടപെടലിന് തുടക്കം കുറിച്ചു. പശ്ചിമഘട്ടത്തിന്റെ സമീപപ്രദേശങ്ങളിലായി സ്ഥിതിചെയ്യുന്ന 230 ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചിരിക്കുന്ന 46,880 കിലോമീറ്റർ നീളമുള്ള ജലധാരകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. ശക്തമായ മഴക്കാലങ്ങളിൽ സ്വാഭാവികമായി ഒഴുകേണ്ട ജലം സുരക്ഷിതമായി നദികളിലേക്കെത്തിക്കുന്ന നീർച്ചാലുകൾ പുനഃസ്ഥാപിച്ച്, ചരിവുകളിലെ ജലസമ്മർദ്ദം കുറയ്ക്കുക എന്നതാണ് ഈ ഇടപെടലിന്റെ മുഖ്യലക്ഷ്യം.

വീഡിയോ കാണാം

| ജില്ലകൾ | പഞ്ചായത്തുകളുടെ എണ്ണം | മാപത്തോൺ നടത്തിയ പഞ്ചായത്തുകളിലെ നീർച്ചാലുകളുടെ നീളം (കിലോമീറ്ററിൽ) |
|---|---|---|
| കൊല്ലം | 7 | 3341 |
| പത്തനംതിട്ട | 16 | 5778 |
| കോട്ടയം | 32 | 4480 |
| ഇടുക്കി | 49 | 13793 |
| എറണാകുളം | 17 | 2263 |
| പാലക്കാട് | 51 | 6649 |
| കോഴിക്കോട് | 14 | 2406 |
| വയനാട് | 26 | 5281 |
| കണ്ണൂർ | 18 | 2889 |
| ആകെ | 230 | 46880 |

ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരളം മിഷൻ, സംസ്ഥാന ഐടി മിഷന്റെ സഹകരണത്തോടെ ശാസ്ത്രീയമായ ഒരു മാപിംഗ് രീതിശാസ്ത്രം വികസിപ്പിച്ചു. പ്രത്യേകമായി തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷനും GIS സോഫ്റ്റ്‌വെയറും ഉപയോഗിച്ച് പരിശീലനം നേടിയ ഉദ്യോഗസ്ഥർ ഓരോ ജലധാരയുടെയും പാതയിലൂടെ നേരിട്ട് സഞ്ചരിച്ച് നിലവിലെ അവസ്ഥ രേഖപ്പെടുത്തി. ഇതുവഴി കാലക്രമത്തിൽ നശിച്ചുപോയതോ, തടസ്സപ്പെട്ടതോ, വഴിമാറിയതോ, പൂർണ്ണമായും അപ്രത്യക്ഷമായതോ ആയ നീർച്ചാൽ ഭാഗങ്ങൾ കൃത്യമായി തിരിച്ചറിയാൻ സാധിച്ചു. ഒരു പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് അവിടെയുള്ള ചെറിയ സവിശേഷതകൾ പോലും ഭൂപടത്തിലൂടെ കൃത്യമായി അറിയാനും കൂടാതെ അവരുടെ പ്രാദേശിക അറിവുകൾ ഭൂപടത്തിൽ രേഖപെടുത്താനാകും എന്നതാണ് ഇതിന്റെ പ്രത്യേകത. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ മനസ്സിലാക്കി വിഭവ ഭൂപടം ഏറ്റവും സ്പഷ്ടതയുള്ള ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്ന പദ്ധതിയാണ് മാപത്തോൺ.

മലയോര പഞ്ചായത്തുകളിലെ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ മാപത്തോൺ

പ്രവർത്തനങ്ങൾ കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്കിലാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കിയത്. ഈ പ്രവർത്തനത്തിന്റെ മാതൃകയിൽ വയനാട് ജില്ലയിലെ കബനി നദിയുടെ വൃഷ്ടി പ്രദേശത്തെ നീർച്ചാലുകൾ മാപത്തോണിൽ രേഖപ്പെടുത്തുന്ന പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇതിന്റെ ഗുണഫലങ്ങൾ മനസിലാക്കിയതിനെ തുടർന്നാണ് പശ്ചിമഘട്ട പ്രദേശത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും നീർച്ചാലുകൾ മാപത്തോണിൽ രേഖപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചത്. ഇതിന് കേരള പുനർനിർമാണ പദ്ധതി (RKI) സാമ്പത്തിക സഹായം ഒരുക്കി. ലക്ഷ്യമിട്ട 230 ഗ്രാമപഞ്ചായത്തുകളിലുടനീളം ശാസ്ത്രീയ മാപിംഗ് വിജയകരമായി പൂർത്തിയാക്കി. ഏകദേശം 11,160 മനുഷ്യദിനങ്ങൾ ആവശ്യമായ ഈ വിപുലമായ പരിശ്രമത്തിലൂടെ തയ്യാറാക്കിയ വിശദമായ നീർച്ചാൽ മാപുകൾ, തുടർപ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി. പദ്ധതിയുടെ രണ്ടാംഘട്ടം, നീർചാലുകളുടെ പുനരുജ്ജീവനമാണ്, ഇത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), സന്നദ്ധ സംഘടനകൾ, പ്രാദേശിക സന്നദ്ധപ്രവർത്തകർ എന്നിവരുടെ ഏകോപിത പ്രവർത്തനത്തിലൂടെയാണ് ഈ ഘട്ടം പുരോഗമിക്കുന്നത്. ഇതിന്റെ ഭാഗമായി ഇതിനകം 179 ഗ്രാമപഞ്ചായത്തുകളിലായി 5259.70 കിലോമീറ്റർ നീളമുള്ള ജലധാരകൾ വിജയകരമായി പുനഃസ്ഥാപിക്കുകയും സജീവമാക്കുകയും ചെയ്തിട്ടുണ്ട്.

പുനഃസ്ഥാപിച്ച നീർച്ചാലുകളിലൂടെ ശക്തമായ മഴക്കാലത്തുപോലും ജലം തടസ്സമില്ലാതെ ഒഴുകുമ്പോൾ, അധിക ജലം സ്വാഭാവികമായി നദികളിലേക്ക് എത്തുന്നു. ഇതുവഴി ഭൂഗർഭജല ജലനിരപ്പ് മെച്ചപ്പെടുകയും, മണ്ണിലെ ഈർപ്പം സമതുലിതമായി നിലനിൽക്കുകയും, മണ്ണിടിച്ചിലും ഉരുൾപൊട്ടലും സംഭവിക്കാനുള്ള സാധ്യത ഗണ്യമായി കുറയുകയും ചെയ്യുന്നു. ശാസ്ത്രീയ മാപിംഗ്, ജനപങ്കാളിത്തം, പരിസ്ഥിതി പുനഃസ്ഥാപനം എന്നിവയെ ഏകോപിപ്പിച്ചു കൊണ്ട്, മാപത്തോൺ പദ്ധതി ദുരന്തസാധ്യത കുറയ്ക്കുന്നതിനുള്ള സമഗ്രമായ ഒരു വാട്ടർഷെഡ് മാനേജ്മെന്റ് മാതൃകയായി മാറുന്നു. മലനിരകളിലെ നീർച്ചാൽ ശൃംഖലകളെ സമഗ്രമായി രേഖപ്പെടുത്തുന്ന ഇന്ത്യയിലെ ആദ്യത്തെ വലിയ ശ്രമങ്ങളിലൊന്നാണ് ഇത്. മണ്ണിടിച്ചിലിന് സാധ്യതയുള്ള ഇന്ത്യയിലെ മറ്റ് പ്രദേശങ്ങൾക്കും അനുയോജ്യമായി പുനരാവർത്തിക്കാവുന്ന ഈ സമീപനം, ജലസുരക്ഷയും മണ്ണുസ്ഥിരതയും ജൈവവൈവിധ്യ സംരക്ഷണവും ഒരേസമയം ഉറപ്പാക്കുന്ന ഒരു ദീർഘകാല വികസന മാതൃകയാണ്. 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന കാമ്പയിനിലൂടെ പശ്ചിമഘട്ട പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് തങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിച്ചു കൊണ്ട് അവിടെ തന്നെ സുരക്ഷിതമായി ജീവിക്കാനുള്ള അവസരവും വിഭാവനം ചെയ്യുന്നു.

### 5.1.10. ജല ബജറ്റ്: ജലസമൃദ്ധമായ നാളേയ്ക്കൊരു കരുതൽ

തദ്ദേശ സ്വയംഭരണ അടിസ്ഥാനത്തിൽ രാജ്യത്ത് ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രകാശനം ചെയ്ത സംസ്ഥാനമായി കേരളം മാറി (2023 ഏപ്രിൽ 12). ഓരോ പ്രദേശത്തെയും ജലലഭ്യതയും ഉപഭോഗവും കൃത്യമായി കണക്കാക്കി, ജലദൗർലഭ്യവും അധിക ലഭ്യതയും ശാസ്ത്രീയമായി വിശകലനം ചെയ്യുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ജൂൺ ഒന്നിന് ആരംഭിച്ച് മെയ് 31-ന് അവസാനിക്കുന്ന ഒരു 'ജലവർഷം' കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കുന്നത്. ഇതിനായി

ഉപരിതല ജലം, ഭൂജലം, മഴ എന്നിവയോടൊപ്പം ഗാർഹികം, കൃഷി, മൃഗസം രക്ഷണം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ ജലാവശ്യകതയും പരിഗണിക്കുന്നു. വിവരശേഖരണത്തിനും ഗുണമേന്മാ പരിശോധനയ്ക്കും ശേഷം തയ്യാറാക്കുന്ന കരട് റിപ്പോർട്ടുകൾ ഉദ്യോഗസ്ഥ സാങ്കേതിക സമിതികളും ഭരണസമിതികളും ചർച്ച ചെയ്താണ് അന്തിമമാക്കുന്നത്. ലഭ്യമായ ജലം ആവശ്യത്തിനേക്കാൾ കുറവാണെങ്കിൽ, ലഭ്യത വർദ്ധിപ്പി ക്കാനും ഉപയോഗം ക്രമപ്പെടുത്താനുമുള്ള ശാസ്ത്രീയമായ ഇടപെടലുകൾ ഇതിലൂടെ സാധ്യമാകുന്നു.

വീഡിയോ കാണാം

ഈ ദൗത്യം വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും സജീവ പങ്കാളിത്തമുള്ള ഒരു കൂട്ടായ പ്രവർത്തനമാണ്. ജലസേചന വകുപ്പ്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്,



ഭൂജല വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ സഹ കരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്. CWRDM-ന്റെ (Centre for Water Resources Development and Management) സാങ്കേതിക നിർദ്ദേശങ്ങൾ ഇതിന് കരുത്ത് പകരുന്നു. ഈ പ്രവർത്തനത്തിൽ ജനപ്രതിനിധികളുടെ വലിയ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. വിവര ശേഖരണത്തിലും തുടർന്ന് ജലബജറ്റ് അവതരിപ്പിച്ച് തുടർ പരിപാടികൾക്കുള്ള സാധ്യതകൾ പങ്കുവെക്കുന്നതിലും ബന്ധപ്പെട്ട ജനപ്രതിനിധികളാണ് മുന്നിൽ നിന്നത്.

സംസ്ഥാനത്തെ 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച ഈ പ്രവർത്തനത്തിൽ 706 സ്ഥാപനങ്ങൾ ഇതിനകം റിപ്പോർട്ടുകൾ തയ്യാറാക്കി പങ്കാളികളാ യിക്കഴിഞ്ഞു. ഇതിൽ 535 ഇടങ്ങളിൽ റിപ്പോർട്ട് അവതരണം പൂർത്തിയായി. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഈ ദൗത്യത്തിൽ നൂറു ശതമാനം നേട്ടം കൈവരിച്ചു എന്നത് ശ്രദ്ധേയവും അഭിമാനകരവുമായ നേട്ടമാണ്. വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിൽ പൈലറ്റടിസ്ഥാനത്തിൽ തുടങ്ങിയ ഈ പ്രവർത്തനം ഇന്ന് ദേശീയതലത്തിൽ

ശ്രദ്ധയാകർഷിക്കുകയും, വിവിധ സംസ്ഥാനങ്ങളുടെ ആവശ്യപ്രകാരം ഇതിന്റെ മാർഗ്ഗരേഖ ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ജല കമ്മീഷന്റെ പരിശീലന വിഭാഗമായ നാഷണൽ വാട്ടർ അക്കാദമി പ്രതിനിധികൾ 'കേരളീയം' സെമിനാറിൽ ഉൾപ്പെടെ കേരളത്തിന്റെ ഈ മാതൃകയെ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

ജല ബജറ്റ് തയ്യാറാക്കുന്നത് ജലസുരക്ഷാ പ്ലാനിന്റെ ആദ്യ ഘട്ടം എന്ന നിലയിലാണ് കണ്ടിരുന്നത്. ഇതിന്റെ രണ്ടാം ഘട്ടമെന്ന നിലയിൽ ജലസുരക്ഷാ പ്ലാനുകളിലേക്കാണ് സംസ്ഥാനം ഇപ്പോൾ കടക്കുന്നത്. ജലബജറ്റ് റിപ്പോർട്ടുകൾ ഭരണസമിതികളിൽ അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ച ശേഷം പഞ്ചായത്തുതല ആക്ഷൻ പ്ലാനുകൾ തയ്യാറാക്കിക്കഴിഞ്ഞു. 'നീരുറവ്' എന്ന പ്രത്യേക ക്യാമ്പയിനിലൂടെ തൊഴിലുറപ്പ് പദ്ധതിയെയും നീർത്തട മാസ്റ്റർ പ്ലാനുകളെയും മറ്റ് വകുപ്പുകളുടെ ജലസംരക്ഷണ പ്രവർത്തനങ്ങളെയും സംയോജിപ്പിച്ചാണ് രണ്ടാം ഘട്ടം നടപ്പിലാക്കുന്നത്.

ഭൂജല ലഭ്യത കുറഞ്ഞ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകൾക്ക് മുൻഗണന നൽകുന്നതിലൂടെ പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാണോ എന്ന് പരിശോധിക്കാനും തരിശുഭൂമികളെ കൃഷിഭൂമികളാക്കി മാറ്റാനും ഈ ശാസ്ത്രീയ ഇടപെടലുകൾ സഹായിക്കുന്നു. ശാസ്ത്രീയമായ അടിത്തറയുള്ള ഈ ജനകീയ പ്രവർത്തനം നമ്മുടെ നാടിന്റെ ജലസമൃദ്ധി വീണ്ടെടുക്കാനും വരുംതലമുറയ്ക്ക് സുരക്ഷിതമായ ഒരു ഭാവി ഉറപ്പാക്കാനും നിർണ്ണായക പങ്ക് വഹിക്കുമെന്നതിൽ സംശയമില്ല.

**ജല ബജറ്റ്**

| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണത്തിന് സജ്ജമായിട്ടുള്ളത് | ഇതിൽ റിപ്പോർട്ട് അവതരണം നടത്തിയത് |
|---|---|---|---|
| തിരുവനന്തപുരം | 78 | 50 | 6 |
| കൊല്ലം | 73 | 67 | 51 |
| പത്തനംതിട്ട | 57 | 26 | 15 |
| ആലപ്പുഴ | 78 | 16 | 11 |
| കോട്ടയം | 77 | 63 | 30 |
| ഇടുക്കി | 54 | 38 | 19 |
| എറണാകുളം | 96 | 41 | 16 |
| തൃശ്ശൂർ | 94 | 81 | 29 |
| പാലക്കാട് | 95 | 43 | 43 |
| മലപ്പുറം | 106 | 55 | 22 |

| | | | |
|---|---|---|---|
| കോഴിക്കോട് | 78 | 78 | 68 |
| വയനാട് | 26 | 26 | 21 |
| കണ്ണൂർ | 81 | 81 | 74 |
| കാസർഗോഡ് | 41 | 41 | 36 |
| ആകെ | 1034 | 706 | 535 |

# 5.2. മാലിന്യ സംസ്കരണ മേഖലയിലെ സവിശേഷപ്രവർത്തനങ്ങൾ

## 5.2.1. മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

ഹരിതകേരളം മിഷന്റെ രൂപീകരണം നടന്ന 2016 ഡിസംബർ 8 ന് സംസ്ഥാനവ്യാപകമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ യജ്ഞങ്ങളും ബോധവൽക്കരണ റാലികളുമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. സംസ്ഥാനത്തെ മാലിന്യ പ്രശ്നങ്ങൾ അനുദിനം രൂക്ഷമായി കൊണ്ടിരിക്കുകയാണെന്നും അടിയന്തരമായി ഇടപെടലുകൾ ആവശ്യമാണെന്നുമുള്ള തിരിച്ചറിവുണ്ടാകാനുമുൾപ്പെടെ ഈ പ്രവർത്തനങ്ങൾ വഴിതെളിച്ചു. ഇതിന്റെ തുടർച്ചയായാണ് 2017 ഓഗസ്റ്റ് 15ന് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന ക്യാമ്പയിൻ നടത്തിയത്.

വീഡിയോ കാണാം

ഗാർഹിക തലത്തിലും സ്ഥാപന തലത്തിലും രൂപപ്പെടുന്ന മാലിന്യത്തിന്റെ അളവും തരവും നിശ്ചയിക്കുക, മാലിന്യ സംസ്കരണ ഉപാധികളുടെ എണ്ണം തിട്ടപ്പെടുത്തുക, നിലവിൽ മാലിന്യം



കൈകാര്യം ചെയ്യുന്ന രീതികൾ തിരിച്ചറിയുക തുടങ്ങിയവയാണ് ഈ ക്യാമ്പയിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ ഉൾപ്പെടുത്തിയിരുന്നത്. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെ ടുത്തിയാണ് ഈ ക്യാമ്പയിൻ നടത്തിയത്. സർവ്വേയുടെ അടിസ്ഥാനത്തിൽ 2017 സെപ്റ്റംബർ 15 ന് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ശുചിത്വമല്ല സംസ്കരണ പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കാനും ഇതിന്റെ ഭാഗമായി ലക്ഷ്യമിട്ടു. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അവസ്ഥ തിരിച്ചറിയാനും ശുചിത്വമാലിന്യ സംസ്കരണ പ്ലാനുകളുടെ ആദ്യ ചുവടുവയ്പ്പ് നടത്താനും ഈ ക്യാമ്പയിൻ വഴിതെളിച്ചു.

## 5.2.2. ശുചിത്വ കേരളം ജനകീയ ക്യാമ്പയിൻ

മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം ക്യാമ്പയിന്റെ തുടർച്ചയായി മാലിന്യ സംസ്കരണത്തിലെ ശീലവത്കരണം ലക്ഷ്യമിട്ട് നടത്തിയ ക്യാമ്പയിനാണ് ശുചിത്വ കേരളം ക്യാമ്പയിൻ. ജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിച്ച് സ്ഥലത്ത് തന്നെ സംസ്കരിക്കാ ജൈവമാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിച്ച് സുരക്ഷിത സംസ്കരണത്തിനായി കൈമാറുക, വലിച്ചെറിയലും കത്തിക്കലും ഉപേക്ഷിക്കുക തുടങ്ങിയ ശീലവത്കരണ പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിനിൽ ലക്ഷ്യമിട്ടത്. ഹരിതകർമസേനകൾ രൂപീകരിച്ച് തുടങ്ങിയ കാലത്ത് നടന്ന ഈ ക്യാമ്പയിനുകൾ ജനങ്ങൾക്ക് ഹരിതകർമ്മ സേനയോടുള്ള മോശം മനോഭാവം മാറ്റിയെടുക്കുന്നതിനുള്ള അടിസ്ഥാന പ്രവർത്തനമായി മാറി.

## 5.2.3. ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതചട്ടം)

മാലിന്യസംസ്കരണ രംഗത്തെ ആഗോള സങ്കല്പങ്ങളായ 'റെഡ്യൂസ്' (Reduce), 'റീയൂസ്' (Reuse), 'റിസൈക്കിൾ' (Recycle) എന്നിവയിൽ ഏറ്റവും പ്രധാനപ്പെട്ട 'റെഡ്യൂസ്' (മാലിന്യത്തിന്റെ അളവ് കുറയ്ക്കുക) എന്ന ആശയം നടപ്പിലാക്കുന്നതിനായി രൂപപ്പെടുത്തിയതാണ് ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിതചട്ടം. ഒറ്റത്തവണ ഉപയോഗിച്ചു കളയുന്ന വസ്തുക്കൾ ഒഴിവാക്കി, വീണ്ടും ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതിസൗഹൃദ വസ്തുക്കളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ അടിസ്ഥാന തത്വം. ജോലിസ്ഥലങ്ങളിലും നിത്യേനയുള്ള പരിപാടികളിലും പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കി, ആഹാരം വിളമ്പുന്നതിനും അലങ്കാരങ്ങൾക്കും മറ്റും പുനരുപയോഗ സാധനങ്ങൾ ശീലമാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറക്കുന്നതിന് ഈ ഉദ്യമം ലക്ഷ്യമിട്ടു.

2015-ൽ കേരളം ആതിഥ്യം വഹിച്ച ദേശീയ ഗെയിംസ് വേളയിലാണ് ഗ്രീൻ പ്രോട്ടോക്കോൾ എന്ന ആശയം ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ശുചിത്വമിഷൻ, കേരള തായ്ക്വോണ്ടോ അസോസിയേഷൻ, പെലിക്കൻ ഫൗണ്ടേഷൻ, തണൽ എന്നീ സംഘടനകളുടെ നേതൃത്വത്തിലാണ് ഈ വിപ്ലവകരമായ നീക്കം ആരംഭിച്ചത്. ഏകദേശം 800 ടൺ മാലിന്യം രൂപപ്പെടാൻ സാധ്യതയുണ്ടായിരുന്ന കായികമേളയിൽ, പ്ലാസ്റ്റിക് നിരോധിച്ചും കഴുകി ഉപയോഗിക്കാവുന്ന പാത്രങ്ങൾ ഏർപ്പെടുത്തിയും മാലിന്യം ഗണ്യമായി കുറയ്ക്കാൻ സാധിച്ചു.

ദേശീയ ഗെയിംസിലെ ഹരിതചട്ടപാലനത്തിലെ വിജയം പിന്തുടർന്ന് സർക്കാർ ഓഫീസുകൾ, ശബരിമല തീർത്ഥാടനം, സ്കൂൾ കലോത്സവങ്ങൾ, മതപരമായ ഉത്സവങ്ങൾ, വിവാഹങ്ങൾ എന്നിവയിലേക്കും ഈ മാതൃക വ്യാപിച്ചു. മാലിന്യസംസ്കരണത്തിന് സാങ്കേതിക സംവിധാന

ങ്ങളെക്കാൾ ഉപരിയായി മനുഷ്യന്റെ സ്വഭാവരൂപീകരണത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന തിരിച്ചറിവ് ഇതിലൂടെ സംസ്ഥാനത്ത് ശക്തമായി.



2016-ൽ സർക്കാർ, നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതചട്ടത്തിന് വലിയ പ്രാധാന്യം നൽകി. സർക്കാർ ഓഫീസുകളിലും പൊതുപരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമാക്കിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. 2017-ൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പതിനായിരത്തിലധികം സർക്കാർ ഓഫീസുകൾ ഹരിതചട്ടത്തിലേക്ക് മാറി. ഓഫീസുകളിൽ രൂപപ്പെടുന്ന ജൈവമാലിന്യം അവിടെത്തന്നെ വളമാക്കുന്നതിനും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി പോലുള്ള സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനും സംവിധാനമൊരുക്കി.

സർക്കാർ ഓഫീസുകളിൽ തുടക്കം കുറിച്ച ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ ക്രമേണ സമൂഹത്തിലെ ഇതര മേഖലകളിലേക്കും വിജയകരമായി വ്യാപിപ്പിക്കുകയുണ്ടായി. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നൽകിക്കൊണ്ട് ഭരണതലത്തിലും, എൻ.എസ്.എസ് (NSS), എൻ.സി.സി (NCC) തുടങ്ങിയ വിദ്യാർത്ഥി സംഘടനകളിലൂടെ വിദ്യാഭ്യാസ മേഖലയിലും ഹരിതചട്ടം നടപ്പിലാക്കി. ഉത്സവ നഗരികളിലും തീർത്ഥാടന കേന്ദ്രങ്ങളിലും പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ച് മാലിന്യ പരിപാലനം ഉറപ്പാക്കിയതിനൊപ്പം മതപുരോഹിതർ, രാഷ്ട്രീയ-സാമൂഹിക സംഘടനകൾ, വ്യാപാരികൾ എന്നിവരുമായി ചേർന്നുള്ള വിപുലമായ ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തിയിരുന്നു. കൂടാതെ, സർക്കാർ ഓഫീസുകളിലെ ഹരിതചട്ട പാലനം വിലയിരുത്തുന്നതിനായി ശുചിത്വ ഗ്രേഡിംഗ് സംവിധാനവും പരിശോധക സമിതികളും പ്രവർത്തനക്ഷമമാക്കി ഗ്രീൻ പ്രോട്ടോക്കോളിനെ ഒരു സമ്പൂർണ്ണ ജനകീയ മുന്നേറ്റമായി മാറ്റിയെടുക്കുകയാണ് ചെയ്തത്.

ഗ്രീൻ പ്രോട്ടോക്കോൾ കേരളീയ സമൂഹത്തിൽ വലിയൊരു മനോഭാവ മാറ്റത്തിന് വഴിതെളിച്ചു. പ്ലാസ്റ്റിക് ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം പുനരുപയോഗിക്കാവുന്ന പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്ന ശീലം പൊതുപരിപാടികളിലും വിദ്യാലയങ്ങളിലും ഓഫീസുകളിലും ഇന്ന് സർവ്വസാധാരണമായി മാറി. മാലിന്യസംസ്കരണം എന്നത് കേവലം സർക്കാർ ഉത്തരവാദിത്വം മാത്രമല്ല, മറിച്ച് മനുഷ്യന്റെ സ്വഭാവരൂപീകരണത്തിലൂടെ സാധ്യമാകേണ്ട ഒന്നാണെന്ന വലിയ തിരിച്ചറിവ് സമൂഹത്തിൽ വളർത്താൻ ഈ മുന്നേറ്റത്തിന് സാധിച്ചു. പൊതുജനങ്ങളും വിവിധ സംഘടനകളും ഏകോപിതമായി പ്രവർത്തിച്ചതോടെ, മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കാനും ശാസ്ത്രീയമായി സംസ്കരിക്കാനുമുള്ള ഒരു സാമൂഹിക സംസ്കാരം കേരളത്തിലെ പൊതുവിടങ്ങളിലും പരിപാടികളിലും രൂപപ്പെട്ടുവന്നു എന്നതാണ് ഈ ഉദ്യമത്തിന്റെ ഏറ്റവും വലിയ നേട്ടം.

## 5.2.4. കുട്ടികൾക്കായുള്ള ക്യാമ്പയിനുകൾ

സമൂഹത്തെ ഏറ്റവും സ്വാധീനിക്കാൻ കഴിയുന്നത് കുട്ടികൾക്കാണ് എന്ന തിരിച്ചറിവിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിരവധി ക്യാമ്പയിനുകൾ സ്കൂൾ കോളേജ് വിദ്യാർഥികളുടെ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. പരിസ്ഥിതി പ്രാധാന്യമുള്ള പത്ത് ദിനങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന 'ഹരിതോത്സവം' ആണ് അവയിൽ ആദ്യത്തേത്. ഓരോ ദിനാചരണത്തിന്റെയും ഭാഗമായി നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വിശദമായ കൈപ്പുസ്തകവും അധ്യാപകർക്കുള്ള പരിശീലനവുമെല്ലം ഇതിന്റെ ഭാഗമായി നടപ്പാക്കി. തുടർന്ന് 2018ലെ മധ്യവേനൽ അവധി കാലത്ത് നടത്തിയ 'ജാഗ്രതോത്സവം', 2019 ൽ നടത്തിയ 'പെൻസിൽ ക്യാമ്പ്' 2023-24 വർഷങ്ങളിൽ നടത്തിയ 'ഹരിതസഭ', 2025-26 ൽ നടത്തിയ 'ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം' ക്യാമ്പയിൻ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടത്തിയിരുന്നു. കുട്ടികളുടെ മേഖലയിൽ സവിശേഷമായ തനത് ക്യാമ്പയിനുകൾ നടപ്പിലാക്കിയിട്ടുണ്ട്.

### 5.2.4.1. ഹരിതോത്സവം

പരിസ്ഥിതി സംരക്ഷണം പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിൽ കുട്ടികൾ വലിയ പങ്ക് വഹിക്കാനാകും. ഈ തിരിച്ചറിവാണ് 2018 മുതൽ ജില്ലയിലെ വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് 'ഹരിതോത്സവങ്ങൾ' സംഘടിപ്പിക്കാൻ കാരണമായത്. കുട്ടികളിലൂടെ പരിസ്ഥിതി സൗഹൃദമായ ഒരു ജീവിതശൈലി സമൂഹത്തിലേക്ക് എത്തിക്കുകയായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള 10 ദിനങ്ങൾ കണ്ടെത്തി. ഈ ദിവസങ്ങൾ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ആഘോഷമാക്കി മാറ്റുന്ന രീതിയിലാണ് ഹരിതോത്സവങ്ങൾ വിഭാവനം ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് വിശദമായ കൈപ്പുസ്തകം  പുറത്തിറക്കുകയും ചെയ്തിരുന്നു. 2018ൽ ആരംഭിച്ചുവെങ്കിലും തുടർന്നുള്ള വർഷങ്ങളിലും ഇത്തരം പാരിസ്ഥിതിക പ്രാധാന്യമുള്ള ദിവസങ്ങൾ ചിട്ടയായ രീതിയിൽ ആഘോഷിക്കുന്ന തരത്തിലേക്ക് ഹരിതോത്സവങ്ങൾ മാറി. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലും ഹരിതോത്സവ പ്രവർത്തനങ്ങൾ മുടങ്ങാതെ മുന്നോട്ട് കൊണ്ടുപോകാൻ ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി. വാട്സാപ്പ് ഗ്രൂപ്പുകൾ വഴി കുട്ടികളെ ഏകോപിപ്പിക്കുകയും വീടുകളിൽ പച്ചക്കറി കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്കരണം മേഖലകളിൽ ലഘുവായ പ്രവർത്തനങ്ങൾ  നടപ്പിലാക്കുകയും ചെയ്തു. കുട്ടികൾ ചെയ്യുന്ന പ്രവർത്തനങ്ങൾ തത്സമയം നിരീക്ഷിക്കാനും ഗ്രൂപ്പുകളിൽ പങ്കുവെക്കാനും സാധിച്ചത് ഈ പരിപാടിയുടെ പ്രധാന വിജയ ഘടകമായി.

### 5.2.4.2. ജാഗ്രതോത്സവം: മാലിന്യ സംസ്കരണത്തിലെ പുതുതലമുറ മുന്നേറ്റം

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കേവലം ഒരു ഔദ്യോഗിക കൃത്യനിർവ്വഹണമെന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറ്റിയെടുക്കുന്നതിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച 'ജാഗ്രതോത്സവം' വലിയ പങ്കുവഹിച്ചു. കുട്ടികളിലൂടെ ശുചിത്വ സന്ദേശം മുതിർന്നവരിലേക്ക് എത്തിക്കുക എന്ന നൂതനമായ ആശയമാണ് ഈ കാമ്പയിനെ ശ്രദ്ധേയമാക്കിയത്. 2018-ലെ വേനൽ അവധിക്കാലത്ത് മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ഈ

പദ്ധതിയിലൂടെ കൊതുകുജന്യ രോഗങ്ങൾ, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള ബോധവൽക്കരണം സമൂഹത്തിന്റെ അടിത്തട്ടിലെത്തിക്കാൻ സാധിച്ചു. 'കൊതുകുകളുടെ ലോകം', 'എലിവാഴും കാലം' തുടങ്ങിയ പഠനവിഷയങ്ങളിലൂടെ കുട്ടികൾക്ക് ലളിതവും എന്നാൽ ശാസ്ത്രീയവുമായ അറിവുകൾ പകർന്നു നൽകി.

കുടുംബശ്രീ മിഷന്റെ സജീവ സഹകരണത്തോടെ 2018 മെയ് മാസത്തിൽ സംസ്ഥാനത്തെ 15,000 വാർഡുകളിലായി നടന്ന ജാഗ്രതോത്സവത്തിൽ 4,01,238 കുട്ടികളാണ് അണിനിരന്നത്. മാലിന്യം ഉറവിടത്തിൽ തന്നെ തരംതിരിക്കേണ്ടതിന്റെ പ്രാധാന്യം ഈ കുട്ടിപ്പടയിലൂടെ അയൽ പക്കങ്ങളിലേക്ക് പടർന്നു.

പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച 'ഹരിതോത്സവ'ത്തിലൂടെ സ്കൂൾ അസംബ്ലികളെ ശുചിത്വ സന്ദേശത്തിനുള്ള വേദികളാക്കി മാറ്റി. സ്വന്തം വീട്ടിലെയും വിദ്യാലയത്തിലെയും മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാൻ ശീലിച്ച കുട്ടികൾ നാടിന്റെ തന്നെ ഹരിത അംബാസഡർമാരായി മാറി.

ഇത്തരം ബോധവൽക്കരണ പ്രവർത്തനങ്ങളുടെ സ്വാധീനത്തോടെ മാർക്കറ്റുകൾ, നീർച്ചാലുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യാനും അവിടെ സ്ഥിരം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കാനും പദ്ധതിയിലൂടെ സാധിച്ചു.

### 5.2.4.3. പെൻസിൽ ക്യാമ്പ്

വിദ്യാർത്ഥികളിൽ ശാസ്ത്രീയമായ മാലിന്യസംസ്കരണ ശീലം വളർത്തുന്നതിനായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പുകളായിരുന്നു 'പെൻസിൽ 2019'. മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, അവ ഉറവിടത്തിൽത്തന്നെ തരംതിരിക്കുക, ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക തുടങ്ങിയ ശീലങ്ങൾ സമൂഹത്തിന്റെ പൊതുബോധമായി മാറ്റാൻ കുട്ടികൾക്ക് സാധിക്കുമെന്ന് ഈ ക്യാമ്പുകൾ തെളിയിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ, കുടുംബശ്രീ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനത്തോടെയാണ് ഈ സംരംഭം നടപ്പിലാക്കിയത്. കിലയുടെ മേൽനോട്ടത്തിൽ സംസ്ഥാനതലത്തിലും തദ്ദേശതലത്തിലുമായി ആറായിരത്തിലധികം റിസോഴ്സ് പേഴ്സൺമാർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകി. കൂടാതെ, ഹരിതനിയമങ്ങളെക്കുറിച്ച് ലളിതമായി പ്രതിപാദിക്കുന്ന ഒരു കാർട്ടൂൺ പുസ്തകവും തയ്യാറാക്കിയിരുന്നു.

വാർഡ് തലത്തിൽ സംഘടിപ്പിക്കപ്പെട്ട 12,000-ത്തോളം ക്യാമ്പുകളിലായി ആറ് ലക്ഷത്തോളം കുട്ടികളാണ് ഈ മുന്നേറ്റത്തിന്റെ ഭാഗമായത്. ഈ കുട്ടികളെ അതത് വാർഡുകളിലെ 'ശുചിത്വ അംബാസഡർമാരായി' ഉയർത്തിക്കൊണ്ട് ബാലസഭകളുടെ നേതൃത്വത്തിൽ തുടർപ്രവർത്തനങ്ങളും ഉറപ്പുവരുത്തി. തങ്ങളുടെ ചുറ്റുപാടുകളിൽ നടക്കുന്ന ഹരിത നിയമലംഘനങ്ങൾ കണ്ടെത്താനും അവ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താനും ഈ കുട്ടികൾക്ക് കഴിഞ്ഞു. ക്യാമ്പുകളിൽ നിന്ന് ലഭിച്ച പാഠങ്ങൾ വീടുകളിലേക്കും അതുവഴി സമൂഹത്തിലേക്കും എത്തിക്കുന്നതിൽ 'പെൻസിൽ ക്യാമ്പുകൾ' നിർണ്ണായകമായ പങ്കാണ് വഹിച്ചത്.

## 5.2.5. ഹരിതനിയമ ബോധവൽക്കരണം : ശുചിത്വ സംസ്കാരത്തിന് നിയമത്തിന്റെ കരുത്ത്

ശാസ്ത്രീയമായ മാലിന്യപരിപാലന രീതികളോട് പൗരന്മാരിൽ അനുകൂലമായ മനോഭാവവും ശീലങ്ങളും വളർത്തിയെടുത്ത് ഒരു പുതിയ മാലിന്യപരിപാലന സംസ്കാരം സൃഷ്ടിക്കുക എന്നതാണ് ഹരിതകേരളം മിഷന്റെ മാലിന്യ സംസ്കരണ മേഖലയിലെ ഇടപെടലുകളുടെ പ്രധാന ലക്ഷ്യം. മലിനീകരണവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെക്കുറിച്ചും അവയ്ക്കുള്ള ശിക്ഷകളെക്കുറിച്ചും പൊതുജനങ്ങൾക്ക് മാത്രമല്ല അധികാരികൾക്കു പോലും വേണ്ടത്ര ധാരണയില്ല എന്ന സാഹചര്യമാണ് അന്ന് നിലവിൽ ഉണ്ടായിരുന്നത്. മണ്ണും വായുവും ജലവും സംരക്ഷിക്കുന്നതിന് ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായ നിയമനടപടികളും അനിവാര്യമാണെന്ന തിരിച്ചറിവാണ് ഹരിതനിയമ ബോധവൽക്കരണ ക്യാമ്പയിനിലേക്ക് നയിച്ചത്. മലിനീകരണം പലപ്പോഴും നിയമപരമായി കുറ്റകരമാണെന്ന അറിവില്ലായ്മയാണ് നിയമലംഘനങ്ങൾക്ക് കാരണമാകുന്നത് എന്ന തിരിച്ചറിവിനെത്തുടർന്ന്, പൊതുജനങ്ങളെ നിയമപരമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഉദ്യമം ആരംഭിച്ചത്. ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, പോലീസ്, കില (KILA) എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടുള്ള വിപുലമായ പരിശീലന പരിപാടികൾ ആരംഭിച്ചു.

ക്യാമ്പയിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ നിയമം, കേരളാ മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്തീരാജ് ആക്ട്, കേരള പോലീസ് നിയമം, ഖരമാലിന്യ പരിപാലന ചട്ടങ്ങൾ തുടങ്ങിയ വിവിധ നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകൾ ഉൾപ്പെടുത്തി 'ഹരിതനിയമങ്ങൾ' എന്ന പേരിൽ പ്രത്യേക കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. കിലയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും സന്നദ്ധ പ്രവർത്തകർക്കും പ്രത്യേക പരിശീലനം നൽകുകയും ഈ അറിവ് സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് എത്തിക്കുകയും ചെയ്തു. സംസ്ഥാനത്തുടനീളം 21,000 കേന്ദ്രങ്ങളിലായി നടന്ന ക്ലാസ്സുകളിൽ ഏകദേശം 20 ലക്ഷത്തോളം പേർ പങ്കെടുത്തു എന്നത് ഈ ഉദ്യമത്തിന്റെ വലിയൊരു നേട്ടമായിരുന്നു. നിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കേണ്ട ആവശ്യകത ബോധ്യപ്പെടാനും ഈ ക്യാമ്പയിൻ സഹായകമായി. കേരള പഞ്ചായത്ത് രാജ്-മുനിസിപ്പൽ നിയമങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മേഖലയിൽ വരുത്തിയ ഭേദഗതികൾക്ക് വഴിതെളിച്ചത് ഈ ക്യാമ്പയിൻ ആയിരുന്നു.

സമൂഹത്തിൽ വലിയ മനോഭാവ മാറ്റം കൊണ്ടുവരാൻ ഈ ക്യാമ്പയിന് കഴിഞ്ഞിട്ടുണ്ട്. നിയമം കർശനമാണെന്ന ബോധം ഉണ്ടായതോടെ പൊതുവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത കുറയുകയും നിയമലംഘനങ്ങൾക്കെതിരെ പ്രതികരിക്കാൻ പൊതുസമൂഹം സന്നദ്ധമാവുകയും ചെയ്തു. ഇത് തദ്ദേശ സ്ഥാപനങ്ങൾക്ക് എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കുന്നതിന് വലിയ പിൻബലമേകി. എന്നിരുന്നാലും, താഴെത്തട്ടിൽ നിയമങ്ങൾ നടപ്പിലാക്കുമ്പോൾ നേരിടുന്ന പ്രാദേശിക തടസ്സങ്ങളും നിരന്തരമായ പരിശോധനകളുടെ കുറവും ചില പരിമിതികളായി നിലനിൽക്കുന്നുണ്ട്. ഭാവിയിൽ ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിച്ച് നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യാനും നടപടികൾ വേഗത്തിലാക്കാനും ഇടപെടലുകൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

## 5.2.6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വപദവി

മാലിന്യസംസ്കരണ രംഗത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സമ്പൂർണ്ണ ശുചിത്വപദവിയിൽ എത്തിക്കുക എന്നതായിരുന്നു സർക്കാരിന്റെ പ്രധാന ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും ഖരമാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാനും വാതിൽപ്പടി ശേഖരണവും ഉറവിട മാലിന്യസംസ്കരണവും ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ പ്രത്യേകമായി ഏറ്റെടുത്തിരുന്നു. മികച്ച പ്രവർത്തനം കാഴ്ചവെച്ച 570 ഗ്രാമപഞ്ചായത്തുകളെയും 53 നഗരസഭകളെയും പഞ്ചായത്ത്/നഗരസഭ്കളായി നിശ്ചയിച്ച് മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

ഉറവിട മാലിന്യസംസ്കരണം, അജൈവ മാലിന്യങ്ങൾക്കായി ആവശ്യമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും (RRF) ഒരുക്കുക, ഹരിതകർമ്മസേനയുടെ സേവനവും അവർക്കുള്ള വരുമാനവും ഉറപ്പാക്കുക തുടങ്ങിയവ ശുചിത്വപദവിയുടെ പ്രധാന മാനദണ്ഡങ്ങളായിരുന്നു. കൂടാതെ പൊതുനിരത്തുകളും ജലാശയങ്ങളും വൃത്തിയായി സൂക്ഷിക്കുക, മാലിന്യക്കൂനകൾ ഒഴിവാക്കുക, പൊതുശൗചാലയങ്ങൾ ഉറപ്പാക്കുക, ഹരിതചട്ടങ്ങൾ പാലിക്കുക തുടങ്ങി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള 20 നിബന്ധനകൾ കൂടി പൂർത്തിയാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ശുചിത്വപദവിക്കായി തിരഞ്ഞെടുത്തത്.

കേരള സർക്കാരിന്റെ 2020 മാർച്ചിൽ പ്രഖ്യാപിച്ച 12 ഇന പരിപാടിയുടെ ഭാഗമായി 2021 മാർച്ച് 31-നകം 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും ശുചിത്വപദവി കൈവരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യത്തെ മറികടന്നുകൊണ്ട് തന്നെ 597 ഗ്രാമപഞ്ചായത്തുകളും 60 നഗരസഭകളും ഈ പദവി കൈവരിക്കുകയുണ്ടായി. ജില്ലാ കളക്ടർമാർ നിയോഗിച്ച പ്രത്യേക വിലയിരുത്തൽ സംഘങ്ങൾ ഓരോ സ്ഥാപനത്തിലും നേരിട്ടെത്തി പരിശോധന നടത്തിയാണ് ഈ അംഗീകാരം നൽകിയത്.

### ശുചിത്വ പദവി ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം

### (2021 ഫെബ്രുവരി വരെ)

| ക്രമ നം. | ജില്ല | ഗ്രാമപഞ്ചായത്ത് | | നഗരസഭ | | കോർപ്പറേഷൻ | | ബ്ലോക്ക് | |
|---|---|---|---|---|---|---|---|---|---|
| | | ആകെ | ശുചിത്വ പദവി ലഭിച്ചവ | ആകെ | ശുചിത്വ പദവി ലഭിച്ചവ | ആകെ | ശുചിത്വ പദവി ലഭിച്ചവ | ആകെ | ശുചിത്വ പദവി ലഭിച്ചവ |
| 1 | തിരുവനന്തപുരം | 73 | 67 | 4 | 4 | 1 | 1 | 11 | 5 |
| 2 | കൊല്ലം | 68 | 68 | 4 | 4 | 1 | 1 | 11 | 11 |
| 3 | പത്തനംതിട്ട | 53 | 42 | 4 | 2 | - | - | 8 | 2 |
| 4 | ആലപ്പുഴ | 72 | 57 | 6 | 6 | - | - | 12 | 3 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 5 | കോട്ടയം | 71 | 70 | 6 | 6 | - | - | 11 | 6 |
| 6 | ഇടുക്കി | 52 | 38 | 2 | 2 | - | - | 8 | 1 |
| 7 | എറണാ കുളം | 82 | 44 | 13 | 9 | 1 | - | 14 | 1 |
| 8 | തൃശ്ശൂർ | 86 | 45 | 7 | 7 | 1 | - | 16 | 3 |
| 9 | പാലക്കാട് | 88 | 64 | 7 | 5 | - | - | 13 | 2 |
| 10 | മലപ്പുറം | 94 | 56 | 12 | 10 | - | - | 15 | 1 |
| 11 | കോഴി ക്കോട് | 70 | 46 | 7 | 5 | 1 | 1 | 12 | 2 |
| 12 | വയനാട് | 23 | 22 | 3 | 2 | - | - | 4 | 1 |
| 13 | കണ്ണൂർ | 71 | 66 | 9 | 7 | 1 | - | 11 | 2 |
| 14 | കാസർ ഗോഡ് | 38 | 30 | 3 | 2 | - | - | 6 | 2 |
| | ആകെ | 941 | 715 | 87 | 71 | 6 | 3 | 152 | 42 |

## 5.2.7. വലിച്ചെറിയൽ മുക്ത കേരളം

2022-2023 കാലഘട്ടത്തിൽ നമ്മുടെ വഴിയോരങ്ങളിലൂടെയോ തോടുകളുടെ വശങ്ങളിലൂടെയോ നടന്നുപോവുക എന്നത് ഏറെ പ്രയാസകരമായ ഒന്നായിരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് കവറുകളിൽ കെട്ടിപ്പൊതിഞ്ഞ് വലിച്ചെറിയുന്ന മാലിന്യങ്ങൾ ചീഞ്ഞഴുകി ദുർഗന്ധം വമിക്കുന്ന കാഴ്ച സർവ്വസാധാരണമായിരുന്നു. തെരുവ് നായകളുടെയും പകർച്ചവ്യാധി പരത്തുന്ന കീടങ്ങളുടെയും താവളങ്ങളായി മാറിയ ഈ മാലിന്യ തുരുത്തുകൾ നാടിന്റെ ആരോഗ്യത്തിനും സൗന്ദര്യത്തിനും വലിയൊരു ഭീഷണിയായിരുന്നു. മനോഹരമായ പ്രകൃതിക്കു മേൽ വീണ കറുത്ത പാടുകൾ പോലെ ഈ ഇടങ്ങൾ നമ്മുടെ പൊതുബോധത്തെ തന്നെ ചോദ്യം ചെയ്തിരുന്നു. പ്രകൃതി നേരിടുന്ന വലിയൊരു പ്രതിസന്ധിക്കുള്ള പരിഹാരമായിരുന്നു 'വലിച്ചെറിയൽമുക്ത കേരളം' എന്ന ജനകീയ ക്യാമ്പയിൻ. മാലിന്യമുക്തം നവകേരളം കാമ്പയിന് മുൻപ് തന്നെ, സംസ്ഥാനത്തെ മാലിന്യ തുരുത്തുകൾ (Dump spots) ഉണ്ടാക്കുന്ന വലിയ വെല്ലുവിളികൾ നേരിടാൻ ഹരിതകേരളം മിഷൻ പ്രത്യേക ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരുന്നു.



2023-ന്റെ ആദ്യ മാസങ്ങളിൽ

കേരളം സമാനതകളില്ലാത്ത ഒരു ജനകീയ മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചു. ഏകദേശം 2.8 ലക്ഷത്തിലധികം സന്നദ്ധ സേവകരാണ് ഈ ദൗത്യത്തിൽ പങ്കാളികളായത്. സ്വന്തം നാടിനെ മാലിന്യമുക്തമാക്കാൻ ഇറങ്ങിത്തിരിച്ച ഇവർ പരിസ്ഥിതിയുടെ കാവൽക്കാരായി മാറി. സംസ്ഥാനത്തെ 852 പഞ്ചായത്തുകളിലായി വ്യാപിച്ച ഈ പ്രവർത്തനം ആയിരക്കണക്കിന് വാർഡുകളെ ശുചിത്വത്തിന്റെ പുതിയ പാതയിലേക്ക് നയിച്ചു.

വർഷങ്ങളായി മാലിന്യം കുമിഞ്ഞുകൂടി കിടന്നിരുന്ന ഒൻപതിനായിരത്തിലധികം ഇടങ്ങൾ ഈ കാലയളവിൽ ശുദ്ധീകരിക്കപ്പെട്ടു. ഏകദേശം 2,817 ടൺ മാലിന്യമാണ് നമ്മുടെ മണ്ണിൽ നിന്നും നീക്കം ചെയ്തത്. ഇതിലൂടെ ഏതാണ്ട് 67,97,776 ചതുരശ്ര മീറ്റർ ഭൂമി മാലിന്യമുക്തമായി മാറി. 243 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും വലിച്ചെറിയൽ മുക്തമായി പ്രഖ്യാപിക്കപ്പെട്ടു എന്നത് ഈ കൂട്ടായ പരിശ്രമത്തിന്റെ വലിയ വിജയമാണ്.

മാലിന്യം വലിച്ചെറിയുന്നത് ഒരു ശീലമല്ലാതാക്കി മാറ്റാനും, ഉത്തരവാദിത്തമുള്ള ഒരു ജനതയായി മാറാനും ഈ ക്യാമ്പയിൻ നമ്മെ പഠിപ്പിച്ചു. ഓരോ വ്യക്തിയും മനസ്സുവെച്ചാൽ നമ്മുടെ നാടിനെ വീണ്ടും സുന്ദരമാക്കാം എന്ന വലിയ പാഠമാണ് ഈ പ്രവർത്തനം നൽകുന്നത്. ശുചിത്വമുള്ള ഒരു കേരളം യാഥാർത്ഥ്യമാക്കാൻ ഇത്തരം ജനകീയ ഇടപെടലുകൾ ഇനിയും തുടരേണ്ടതുണ്ട്.

### 5.2.8. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ സംസ്ഥാനത്തു നടന്നു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കിയത്. ശുചിത്വം, മാലിന്യ സംസ്കരണം, ഹരിതചട്ടപാലനം തുടങ്ങിയ വിഷയങ്ങളിൽ വർധിച്ചു വരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി നിരവധി ടൗണുകൾ ഹരിത പദവിയിലെത്തി. ചെറുതും വലുതുമായ കവലകൾ ഉൾപ്പെടുന്ന ഈ ടൗണുകളിൽ നടന്ന സൗന്ദര്യവൽക്കരണവും ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതതു പ്രദേശങ്ങളിൽ കാതലായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.



സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ട് സമയബന്ധിതമായി നടപ്പാക്കിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നിർവഹിച്ചത് ഹരിതകേരളം മിഷനാണ്. കേരളം സമ്പൂർണ ഖര മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടതിനു പിന്നിൽ ശ്രദ്ധേയമായതും നൂതനവുമായ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഏകോപ നത്തിൽ നടന്നു. ഹരിത സ്ഥാപനങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത ടൗണുകൾ, ഹരിത അയൽക്കൂട്ടം, ഹരിത ഓഫീസുകൾ, ഹരിത ഗ്രന്ഥശാലകൾ തുടങ്ങിയവ ഇതിൽ പ്രധാനം.

**മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ**

| ജില്ല | ഹരിത ടൗണുകൾ | ഹരിത മാർക്കറ്റ് / പൊതുസ്ഥലം | ഹരിത അയൽക്കൂട്ടങ്ങൾ | ഹരിത സ്ഥാപനങ്ങൾ | ഹരിത വിദ്യാലയങ്ങൾ | ഹരിത കലാലയങ്ങൾ | ഹരിത ടൂറിസം ഡെസ്റ്റിനേഷൻ | ഹരിത ഗ്രന്ഥശാലകൾ |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 94 | 123 | 29944 | 4839 | 1163 | 163 | 20 | 194 |
| കൊല്ലം | 162 | 73 | 25517 | 5216 | 1081 | 114 | 21 | 619 |
| പത്തനംതിട്ട | 137 | 73 | 10165 | 2621 | 801 | 47 | 3 | 13 |
| ആലപ്പുഴ | 98 | 157 | 22277 | 2218 | 865 | 63 | 14 | 314 |
| കോട്ടയം | 135 | 77 | 15202 | 4370 | 1051 | 128 | 20 | 44 |
| ഇടുക്കി | 232 | 181 | 11153 | 3441 | 552 | 58 | 53 | 59 |
| എറണാകുളം | 344 | 420 | 24809 | 5148 | 1226 | 106 | 20 | 12 |
| തൃശൂർ | 538 | 301 | 25977 | 6473 | 1176 | 122 | 42 | 323 |
| പാലക്കാട് | 291 | 268 | 29046 | 4968 | 1092 | 111 | 37 | 320 |
| മലപ്പുറം | 328 | 187 | 33532 | 5860 | 1686 | 156 | 37 | 13 |
| കോഴിക്കോട് | 276 | 808 | 27618 | 5468 | 1381 | 120 | 29 | 275 |
| വയനാട് | 57 | 140 | 9824 | 1025 | 339 | 50 | 23 | 258 |
| കണ്ണൂർ | 369 | 276 | 20244 | 5650 | 1415 | 131 | 34 | 840 |
| കാസർഗോഡ് | 34 | 182 | 12175 | 2519 | 656 | 65 | 14 | 300 |
| ആകെ | 3095 | 3266 | 297483 | 59942 | 14484 | 1434 | 367 | 3584 |

## 5.2.8.1. ഹരിത വിദ്യാലയം

കുട്ടികളിൽ സാമൂഹിക മൂല്യങ്ങളും പരിസ്ഥിതി ബോധവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും വളർത്തുന്നതിനായി ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഹരിത വിദ്യാലയം'. വിദ്യാലയം ശുചിത്വത്തിന്റെയും പച്ചപ്പിന്റെയും മാതൃകയായി മാറുമ്പോൾ, അത് കുട്ടികളുടെ മനസ്സിലും ജീവിതശൈലിയിലും ദീർഘകാല സ്വാധീനം ചെലുത്തുന്നു.

ശാസ്ത്രീയ മാലിന്യസംസ്കരണം, ജല-മണ്ണ് സംരക്ഷണം, ഊർജസംരക്ഷണം, ജൈവവൈവിധ്യ പരിപാലനം എന്നിവയെ വിദ്യാഭ്യാസ പ്രക്രിയയുമായി സംയോജിപ്പിച്ച് വിദ്യാലയങ്ങളെ

സുസ്ഥിര വികസനത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യവും സാമൂഹിക ഉത്തരവാദിത്വബോധവും ശക്തിപ്പെടുത്തുന്നതും ഈ പദ്ധതിയുടെ അവിഭാജ്യ ഘടകമാണ്.

പാഠ്യപദ്ധതിയുമായി ഉദ്ഗ്രഥിച്ചാണ് ഹരിത വിദ്യാലയം നടപ്പാക്കുന്നത്. ഇതിനായിട്ടുള്ള മാർഗ്ഗരേഖയും പരിശീലനവും അവലോകനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. വീട്ടിലും വിദ്യാലയത്തിലും പരിസ്ഥിതി സൗഹൃദ ജീവിതശൈലിയിലേക്ക് കുട്ടികളെ നയിക്കുക, ജൈവവും അജൈവവുമായ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കൽ, വെള്ളം പാഴാക്കാതെ ഉപയോഗിക്കൽ, വൈദ്യുതി ലാഭിക്കൽ തുടങ്ങിയ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുക സ്കൂൾ പരിസരം എപ്പോഴും ശുചിയായി സൂക്ഷിക്കുന്നതിനും പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ എന്നിവ ഈ പദ്ധതിയുടെ ലക്ഷ്യമാണ്. വിദ്യാർത്ഥികൾക്ക് ശുദ്ധജലം, വൃത്തിയുള്ള ശുചിമുറികൾ, ആരോഗ്യകരമായ അന്തരീക്ഷം എന്നിവ ഉറപ്പാക്കന്നതും, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ, ചെറിയ തോട്ടം ഒരുക്കൽ, മഴവെള്ള സംഭരണം പോലുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളിത്തം ഉറപ്പാക്കന്നതും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അധ്യാപകർ, രക്ഷാകർത്താക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ നേതൃത്വത്തിലുള്ള സംയുക്ത പ്രവർത്തനങ്ങളിലൂടെ ഹരിത വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നു. വിദ്യാലയങ്ങളിൽ രൂപപ്പെടുന്ന ഹരിത ആശയങ്ങൾ വീടുകളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുന്നതിലൂടെ വിപുലമായ സാമൂഹിക മാറ്റത്തിന് പദ്ധതിയിലൂടെ സാധ്യത സൃഷ്ടിക്കപ്പെടുന്നു.

അടിസ്ഥാന സൗകര്യ വികസന രംഗത്ത് മഴവെള്ളസംഭരണി സംവിധാനങ്ങൾ, വൃക്ഷവൽക്കരണം, പച്ചക്കറി-ഔഷധ-ഫലവൃക്ഷത്തോട്ടങ്ങൾ, ശുചിത്വപൂർണമായ ശൗചാലയ സൗകര്യങ്ങൾ, ജൈവ-അജൈവ മാലിന്യസംസ്കരണ ഉപാധികൾ, ഊർജസംരക്ഷണ സൗകര്യങ്ങളുള്ള അടുക്കളയും ഭക്ഷണശാലയും എന്നിവ സ്ഥാപിക്കുന്നത് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. പ്ലാസ്റ്റിക് ഉപഭോഗം കുറച്ച് പ്രകൃതിസൗഹൃദ ബദൽ ഉൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നു. ജലഗുണനിലവാര പരിശോധന, മണ്ണ് പരിശോധന, ശുചിത്വ സർവേകൾ എന്നിവ ശാസ്ത്രീയ സമീപനം ഉറപ്പാക്കുന്നു.

ആരോഗ്യം, പോഷണം, ശുചിത്വം എന്നീ മേഖലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, കായികക്ഷമത വർധിപ്പിക്കുന്ന പരിപാടികൾ, പോഷകാഹാരത്തെ പ്രോത്സാഹിപ്പിക്കുന്ന കാർഷിക പ്രവർത്തനങ്ങൾ എന്നിവ സമഗ്രമായി നടപ്പാക്കുന്നു. വ്യക്തി ശുചിത്വം, പരിസ്ഥിതി ശുചിത്വം, ജീവിതശൈലി രോഗങ്ങൾ, ലഹരിവിരുദ്ധ ബോധവൽക്കരണം എന്നിവയും പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് വിദ്യാർഥികളിൽ നേതൃഗുണങ്ങളും ഉത്തരവാദിത്വബോധവും വളർത്തുന്നു.

എന്നിരുന്നാലും, ചില മേഖലകളിൽ കൂടുതൽ ശക്തീകരണം ആവശ്യമാണ്. ചില വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, തുടർച്ചയായ നിരീക്ഷണ സംവിധാ



നങ്ങളുടെ അഭാവം, രക്ഷാകർത്താക്കളുടെയും പ്രാദേശിക സമൂഹത്തിന്റെയും സ്ഥിരമായ പങ്കാളിത്തത്തിലെ കുറവ് എന്നിവ പദ്ധതിയുടെ ഫലപ്രാപ്തിയെ ബാധിക്കുന്ന ഘടകങ്ങളാണ്. ഇവ പരിഹരിക്കുന്നതിനായി സ്ഥിരതയാർന്ന മേൽനോട്ട സംവിധാനങ്ങളും ശേഷിവികസന പരിശീലനങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഹരിത വിദ്യാലയം പദ്ധതി വിദ്യാലയങ്ങളെ പരിസ്ഥിതി ഉത്തരവാദിത്വമുള്ള പഠനകേന്ദ്രങ്ങളാക്കി മാറ്റുന്ന ദീർഘദർശിയായ ഇടപെടലാണ്.

ഭാവിയിൽ ഹരിത വിദ്യാലയം പദ്ധതി സാങ്കേതികവിദ്യയുടെ കൂടുതൽ പ്രയോജനപ്പെടുത്തലിലൂടെ വികസിപ്പിക്കാനുള്ള സാധ്യതകളുണ്ട്. സൗരോർജ സംവിധാനങ്ങൾ, ഡിജിറ്റൽ നിരീക്ഷണ ഉപാധികൾ, വിദ്യാർഥി നയിക്കുന്ന പരിസ്ഥിതി ക്ലബ്ബുകൾ, സമൂഹപങ്കാളിത്തത്തോടെ നടപ്പാക്കുന്ന ഹരിത സംരംഭങ്ങൾ എന്നിവ പദ്ധതിയുടെ കാര്യക്ഷമത വർധിപ്പിക്കും. വിദ്യാലയങ്ങളെ പരിസ്ഥിതി സൗഹൃദ ജീവിതശൈലിയുടെ മാതൃകകളാക്കി മാറ്റുന്നതിലൂടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ ഈ പദ്ധതി നിർണായക പങ്ക് വഹിക്കുന്നു.

'ഹരിത വിദ്യാലയങ്ങൾ' ക്യാമ്പയിൻ വഴി സംസ്ഥാനത്തെ ഭൂരിഭാഗം വിദ്യാലയങ്ങളിലും ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ സംരക്ഷണം, പരിസ്ഥിതി സൗഹൃദ ശീലങ്ങൾ എന്നിവ വിജയകരമായി നടപ്പിലാക്കിയതായി വ്യക്തമാകുന്നു. വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധവും ഉത്തരവാദിത്വബോധവും വളർത്തുന്നതിനും ശുചിത്വ സംസ്കാരം വിദ്യാലയതലത്തിൽ ഉറപ്പാക്കുന്നതിനും ഈ പ്രവർത്തനം നിർണായക പങ്കുവഹിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സുസ്ഥിര വികസനത്തിന്റെ മാതൃകകളാക്കി മാറ്റുന്നതിൽ ഈ നേട്ടം ശക്തമായ അടിത്തറ സൃഷ്ടിച്ചിരിക്കുകയാണ്.

### 5.2.8.2. ഹരിത സ്ഥാപനം

മാലിന്യമുക്തവും പരിസ്ഥിതി സൗഹൃദവുമായ നവകേരളം സൃഷ്ടിക്കാനുള്ള വലിയ ശ്രമത്തിന്റെ ഭാഗമായാണ് സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ ഹരിത സ്ഥാപനം എന്ന പദ്ധതി രൂപംകൊണ്ടത്. സ്വകാര്യ ഓഫീസുകളിലേക്കും പദ്ധതി വ്യാപിച്ചിട്ടുണ്ട്. ഓരോ ഓഫീസും സ്വന്തം പ്രവർത്തനത്തോടൊപ്പം പ്രകൃതിയോട് കരുതൽ കാണിക്കുമ്പോൾ, അത് ഒരു ശീലം മാത്രമല്ല ഒരു സംസ്കാരവുമാകുന്നു.

ഹരിത സ്ഥാപനത്തിനായിട്ടുള്ള മാർഗ്ഗരേഖയും പരിശീലനവും അവലോകനവും ഹരിത കേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. ഹരിത സ്ഥാപനത്തിന്റെ തുടക്കം വളരെ ലളിതമായ മാറ്റങ്ങളിൽ നിന്നാണ്. ജൈവ-അജൈവ മാലിന്യങ്ങളെ തരംതിരിച്ച് ശേഖരിക്കുന്ന ബിന്നുകൾ, ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്ന സംവിധാനങ്ങൾ, അജൈവ പാഴ്‌വസ്തുക്കൾ ഉത്തരവാദിത്തത്തോടെ ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്ന രീതികൾ ഇവയെല്ലാം ചേർന്ന് ഒരു ശുചിത്വപരമായ പ്രവർത്തനാന്തരീക്ഷം സൃഷ്ടിക്കുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കി പുനരുപയോഗിക്കാവുന്ന പാത്രങ്ങൾ എല്ലാപേർക്കും ലഭ്യമാക്കുന്നത് വഴി മാലിന്യങ്ങൾ ഗണ്യമായി കുറയുന്നു. പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് പൊതു ജനങ്ങൾക്ക് ഒരു ബോധവത്കരണം കൂടി ആകുന്നു.

ശുചിത്വമുള്ള പരിസരവും ജോലി ചെയ്യുവാനുള്ള നല്ല അന്തരീക്ഷവും ആരോഗ്യ പ്രധാനമായ പ്രവർത്തനങ്ങളും ഹരിത സ്ഥാപനത്തിന്റെ അടയാളങ്ങളാണ്. വൃത്തിയായ ശുചിമുറികൾ, സുരക്ഷിതമായ ദ്രവമാലിന്യ സംസ്കരണം, ജലസംരക്ഷണ ശീലങ്ങൾ എന്നിവ ജീവനക്കാർക്ക് ആരോഗ്യകരമായ അന്തരീക്ഷം ഒരുക്കുന്നു. മഴവെള്ളസംഭരണി, പച്ചത്തുരുത്തുകൾ, പൂന്തോട്ടങ്ങൾ എന്നിവ ഓഫീസ് പരിസരത്തെ സജീവമാക്കുന്നു. സോളാർ പാനലുകൾ, ഊർജക്ഷമ ഉപകരണങ്ങൾ, ഇ-ഫയലിംഗ് സംവിധാനം എന്നിവ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിലേക്കുള്ള ബോധപൂർവ്വമായ ചുവടുവയ്പുകളാണ്.

ഹരിത സ്ഥാപനം ഒരു കൂട്ടായ ശ്രമമാണ്. ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുമ്പോൾ, ഓരോ ജീവനക്കാരനും ഈ മാറ്റത്തിന്റെ പങ്കാളിയാകുന്നു. മിഷന്റെ ഗ്രേഡിംഗ് സംവിധാനവും അംഗീകാര സർട്ടിഫിക്കറ്റും സ്ഥാപനങ്ങൾക്ക് പ്രചോദനമാകുന്നു. എന്നാൽ ഇതിന്റെ യഥാർത്ഥ വിജയമെന്നത് ബോർഡുകളിലോ സർട്ടിഫിക്കറ്റുകളിലോ അല്ല മറിച്ച് ദിവസേനയുടെ പ്രവർത്തനങ്ങളിൽ പതിയുന്ന കൂട്ട് ഉത്തരവാദിത്വബോധത്തിലാണ്.

ഹരിത സ്ഥാപനം യഥാർത്ഥത്തിൽ ഒരു പദ്ധതി മാത്രമല്ല — അത് ഒരു മനോഭാവമാണ്. ഓരോ ഓഫീസ് മുറിയിലും ഹരിതമായ ചുറ്റുപാട് നിലനിൽക്കുമ്പോൾ ഓഫീസ് പ്രവർത്തനങ്ങളിൽ ഒരു പുതു ഊർജം വന്നു ചേരുന്നു. വിവിധ അവശ്യങ്ങൾക്കായി വന്നു ചേരുന്ന പൊതു ജനങ്ങൾ ഈ മാറ്റം ഉൾകൊള്ളുന്നതോടു കൂടി സമൂഹത്തിലേക്കുള്ള ഒരു നിശബ്ദ സന്ദേശമായി ഹരിത സ്ഥാപനം മാറുന്നു. നാം പ്രകൃതിയോടൊപ്പം ജീവിക്കാൻ പഠിക്കുകയാണ്. ഭാവി തലമുറയ്ക്ക് ശുചിത്വവും സുസ്ഥിരവുമായ ഒരു ലോകം സമ്മാനിക്കാനുള്ള കൂട്ടായ പ്രതിജ്ഞയാണ് ഹരിത സ്ഥാപനം. ആ പ്രതിജ്ഞയുടെ പച്ചപ്പിൽ തന്നെയാണ് നവകേരളത്തിന്റെ

പ്രതീക്ഷ നിറഞ്ഞ ഭാവി.

ഇതിനൊപ്പം ചില വെല്ലുവിളികളും നിലനിൽക്കുന്നു. ചില ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, സ്ഥിരമായ പരിപാലനത്തിലെ വീഴ്ചകൾ, ജീവനക്കാരുടെ പങ്കാളിത്തത്തിലെ അസമത്വം എന്നിവ പദ്ധതിയുടെ വേഗത കുറയ്ക്കുന്നു. ചിലപ്പോൾ ഹരിത പ്രവർത്തനങ്ങൾ ഔപചാരികതയായി ചുരുങ്ങുന്ന പ്രവണതയും കാണാം. ഈ വിടവുകൾ നികത്താൻ തുടർച്ചയായ പരിശീലനം, സൃഷ്ടിപരമായ ബോധവൽക്കരണം, ജീവനക്കാരുടെ സജീവ പങ്കാളിത്തം എന്നിവ അനിവാര്യമാണ്.

അതേസമയം, മുന്നിലുള്ള സാധ്യതകൾ അതിരുകളില്ലാത്തവയാണ്. സ്മാർട്ട് മാലിന്യ നിരീക്ഷണ സംവിധാനങ്ങൾ, ജീവനക്കാരുടെ ഹരിത കൂട്ടായ്മകൾ, സമൂഹവുമായി ചേർന്നുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ എന്നിവ ഹരിത സ്ഥാപനത്തെ കൂടുതൽ സജീവമാക്കും. ഹരിത കെട്ടിട സങ്കൽപ്പങ്ങൾ, ജല പുനരുപയോഗ സാങ്കേതികവിദ്യകൾ, ഡിജിറ്റൽ പ്രവർത്തനരീതികൾ എന്നിവ ഭാവിയിലെ വികസനപാത തുറക്കുന്നു.

'ഹരിതസ്ഥാപനങ്ങൾ' ക്യാമ്പയിൻ വഴി സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണ രംഗത്ത് വലിയ മുന്നേറ്റമായി വിലയിരുത്താം. ആകെ 60,538 സ്ഥാപനങ്ങളിൽ 59,795 എണ്ണം ഹരിത പദവി നേടിയതിലൂടെ ശുചിത്വം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ സംരക്ഷണം, പ്ലാസ്റ്റിക് കുറവ് തുടങ്ങിയ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ സ്ഥാപനതലത്തിൽ വ്യാപകമായി നടപ്പിലാക്കിയതായി വ്യക്തമാകുന്നു. സർക്കാർ-സ്ഥാപന ഏകോപനം ശക്തിപ്പെട്ടതും മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വബോധം ഉയർന്നതും ഈ നേട്ടം തെളിയിക്കുന്നു. സമൂഹത്തിൽ പരിസ്ഥിതി അവബോധം വർധിപ്പിക്കുന്നതിനും ദീർഘകാല സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഈ പ്രവർത്തനം ശക്തമായ അടിത്തറ സൃഷ്ടിച്ചിട്ടുണ്ട്.

### 5.2.8.3. ഹരിത ടൂറിസം

വിനോദസഞ്ചാരകേന്ദ്രങ്ങൾ സഞ്ചാരികളുടെ ശേഷിപ്പ് സൂക്ഷിക്കുന്ന കേന്ദ്രങ്ങളായി മാറുന്ന അവസ്ഥയിൽ നിന്നുമാണ് ഹരിത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. വിനോദസഞ്ചാര കേന്ദ്രങ്ങളെ പരിസ്ഥിതി സൗഹൃദ ഇടങ്ങളാക്കി മാറ്റി, പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് വികസനം സാധ്യമാക്കുക എന്ന വലിയ ദൗത്യമാണ് ഹരിത ടൂറിസം മുന്നോട്ട് വെക്കുന്നത്.

വീഡിയോ കാണാം

ഹരിത ടൂറിസത്തിന്റെ അടിസ്ഥാനം ശാസ്ത്രീയ മാലിന്യ സംസ്കരണത്തിലാണ്. ഹരിത ടൂറിസത്തിന്റെ മാർഗ്ഗരേഖയും പരിശീലനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തിയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നത്. ജൈവ-അജൈവ മാലിന്യങ്ങളെ തരംതിരിച്ച് ശേഖരിക്കുന്ന സംവിധാനങ്ങൾ, ജൈവമാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കൽ, അജൈവ പാഴ്വസ്തുക്കൾ അംഗീകൃത ഏജൻസികൾക്ക് കൈമാറൽ എന്നിവ ടൂറിസം കേന്ദ്രങ്ങളെ ശുചിത്വപരമാക്കുന്നു. മാലിന്യം വലിച്ചെറിയൽ, കത്തിക്കൽ തുടങ്ങിയ ദോഷകരമായ

പ്രവണതകൾ നിയന്ത്രിക്കുന്നതിലൂടെ പ്രകൃതിയുടെ സ്വാഭാവിക സൗന്ദര്യം സംരക്ഷിക്കപ്പെടുന്നു. ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളും വൃത്തിയായ ടോയ്‌ലറ്റുകളും സന്ദർശകർക്കും പ്രദേശവാസികൾക്കും ആരോഗ്യകരമായ അന്തരീക്ഷം ഒരുക്കുന്നു.




ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഹരിത ടൂറിസത്തിന്റെ പ്രധാന അടയാളമാണ്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഒഴിവാക്കി ബദൽ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നത്തിനുള്ള സംവിധാനം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒരുക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണം, മഴവെള്ള സംഭരണം, ജലം പുനരുപയോഗിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ജലക്ഷാമത്തെ ചെറുക്കുന്നതിനൊപ്പം ജല ആവാസ വ്യവസ്ഥയും സംരക്ഷിക്കുന്നു.

ഹരിത ടൂറിസം പരിസ്ഥിതി സംരക്ഷണത്തിൽ മാത്രം ഒതുങ്ങുന്നില്ല; അത് പ്രാദേശിക സാമ്പത്തിക വികസനത്തിനും വഴിയൊരുക്കുന്നു. തദ്ദേശീയർക്ക് വരുമാനം ലഭ്യമാക്കുന്ന സംരംഭങ്ങളുടെ പ്രോത്സാഹനം, തദ്ദേശീയ ഉത്പന്നങ്ങളുടെ നിർമ്മാണം, പ്രാദേശിക കലാരൂപങ്ങളുടെ പ്രോത്സാഹനം, നാട്ടുകാരെ ഗൈഡുകളായി നിയമിക്കൽ, ഹോംസ്റ്റേ സംരംഭങ്ങൾ എന്നിവ പ്രദേശവാസികൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഇതിലൂടെ ടൂറിസം ഒരു സമൂഹകേന്ദ്രിത വികസന മാതൃകയായി മാറുന്നു.

എന്നിരുന്നാലും ചില വെല്ലുവിളികൾ ശ്രദ്ധിക്കപ്പെടുന്നു. ചില കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിപാലനത്തിലെ വീഴ്ചകൾ, സന്ദർശകരുടെ ബോധവൽക്കരണത്തിലെ കുറവ് എന്നിവ ഹരിത ലക്ഷ്യങ്ങൾക്ക് തടസ്സമാകുന്നു. ഇവ പരിഹരിക്കാൻ കർശനമായ നിരീക്ഷണ സംവിധാനങ്ങളും തുടർച്ചയായ ബോധവൽക്കരണവും അനിവാര്യമാണ്.

ഹരിത ടൂറിസത്തിന് മുന്നിൽ വിശാലമായ സാധ്യതകളുണ്ട്. ഇക്കോ-ഫ്രണ്ട്ലി ഇൻഫ്രാസ്ട്രക്ചർ, സോളാർ എനർജി ഉപയോഗിച്ചിട്ടുള്ള വാഹന സംവിധാനം, സന്ദർശക നിയന്ത്രണ സംവിധാനം, സമൂഹ പങ്കാളിത്തത്തോടെ നടത്തുന്ന പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികൾ എന്നിവ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തും. ഉത്തരവാദിത്തപരമായ ടൂറിസം സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ കേരളത്തിന് ആഗോള തലത്തിൽ ഒരു മാതൃക സൃഷ്ടിക്കാൻ കഴിയും.

ഹരിത ടൂറിസം ഒരു യാത്ര/സന്ദർശനം മാത്രമല്ല — അത് ഒരു തിരിച്ചറിവാണ്. പ്രകൃതിയോടൊപ്പം സഹജീവനം സാധ്യമാക്കുന്നതാണ് ഓരോ യാത്രകളും. സന്ദർശകർ ഒരു സ്ഥലത്തിന്റെ സൗന്ദര്യം ആസ്വദിക്കുന്നതോടൊപ്പം അതിനെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വവും ഏറ്റെടുക്കുമ്പോൾ, ടൂറിസം ഒരു സുസ്ഥിര ഭാവിയിലേക്കുള്ള പാലമായി മാറുന്നു.

ഭൂരിഭാഗം വിനോദസഞ്ചാരകേന്ദ്രങ്ങളും “ഹരിത ടൂറിസം” കേന്ദ്രങ്ങളായതോടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങൾ വ്യാപകമായി നടപ്പിലാക്കിയതായി വിലയിരുത്താം. മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിയന്ത്രണം, ശുചിത്വ പരിപാലനം, ജല-ഊർജ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം തുടങ്ങിയ നടപടികൾ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ശക്തിപ്പെട്ടു. ഇതിലൂടെ ടൂറിസം മേഖലയിൽ സുസ്ഥിര വികസന മാതൃക രൂപപ്പെടുകയും സന്ദർശകർക്ക് ശുചിത്വവും പരിസ്ഥിതി സൗഹൃദവുമായ അനുഭവം ഉറപ്പാക്കുകയും ചെയ്തു. കൂടാതെ, പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുകയും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഉത്തരവാദിത്വബോധം ശക്തിപ്പെടുത്തുകയും ചെയ്തതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന നേട്ടം.

### 5.2.8.4. ഹരിതകലാലയം

കലാലയങ്ങൾ ജീവിതത്തെ രൂപപ്പെടുത്തുന്ന പാഠശാലകളാണ്. പഠിക്കുന്ന സിദ്ധാന്തങ്ങൾ മണ്ണിൽ പ്രവർത്തിയായി മാറുമ്പോഴാണ് വിദ്യാഭ്യാസം പൂർണമാകുന്നത്. ഹരിതകേരളം മിഷന്റെ “ഹരിതകലാലയം” എന്ന ആശയം അത്തരമൊരു പച്ചപ്പിന്റെ ദർശനമാണ് — പരിസ്ഥിതി ബോധം ദിനചര്യയാക്കി മാറ്റുന്ന ഒരു കൂട്ടായ ശ്രമം. ഹരിത കലാലയത്തിന്റെ മാർഗ്ഗരേഖയും പരിശീലനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തിയാണ് കലാലയങ്ങളെ ഹരിത കലാലയങ്ങളായി പ്രഖ്യാപിക്കുന്നത്.

ഹരിതകലാലയത്തിന്റെ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വമുള്ള കൂട്ടുനേതൃത്വമാണ് പ്രധാനം. ക്യാമ്പസിലെ മാലിന്യസംസ്കരണ, ശുചിത്വ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നടപ്പിലാക്കുവാനും സജീവമായ ഒരു സ്റ്റുഡന്റ് ടീമിനെ സജ്ജമാക്കുമ്പോൾ, വിദ്യാർത്ഥികളിൽ പങ്കാളിത്തബോധം വളർത്തുന്ന ജനാധിപത്യ പരിശീലനമാണ് നടപ്പിലാക്കുന്നത്. ശുചിത്വപരമായ പ്രവർത്തനാന്തരീക്ഷം, വൃത്തിയായ ശുചിമുറികൾ, സുരക്ഷിതമായ മാലിന്യ സംസ്കരണം, ജലസംരക്ഷണ ശീലങ്ങൾ എന്നിവ സ്വന്തം വീടുകളിൽ നടപ്പിലാക്കുവാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നു. ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുള്ള പരിപാടികൾ നടത്തുന്നതും, സ്റ്റീൽ, ഗ്ലാസ് പോലുള്ള പുനരുപയോഗയോഗ്യമായ പാത്രങ്ങൾ ഉപയോഗിക്കുന്നതും ചുവടു വയ്പുകളാണ്. കാലത്തിന് അനുസൃതമായി പേപ്പർ ഉപയോഗം കുറച്ച് ഇ-പഠനം പ്രോത്സാഹിപ്പിക്കുമ്പോൾ, കലാലയം സാങ്കേതിക വിദ്യയും പരിസ്ഥിതിയും കൈകോർക്കുന്ന ഒരു മാതൃകയാകുന്നു.

ജൈവവും അജൈവവുമായ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം ഹരിതകലാലയത്തിന്റെ അടിസ്ഥാന ഘടകമാണ്. കമ്പോസ്റ്റിംഗ് സംവിധാനങ്ങളോ ബയോഗ്യാസ് പ്ലാന്റുകളോ വഴി ജൈവമാലിന്യം വിഭവമാകുമ്പോൾ, ക്യാമ്പസിലെ കൃഷിക്ക് അതു വളമാകുന്നു. ലാബുകളിൽ നിന്നുള്ള ഹസാർഡസ് മാലിന്യങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നത് പരിസ്ഥിതി ഉത്തരവാദിത്വത്തിന്റെ ഉയർന്ന മാനദണ്ഡമാണ്. പച്ചത്തുരുത്തുകൾ, പൂന്തോട്ടങ്ങൾ, വെർട്ടിക്കൽ

ഗാർഡനുകൾ എന്നിവ ക്യാമ്പസിനെ ജീവനുള്ളതാക്കുന്നു. പല ഹരിതകലാലയങ്ങളും ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നുണ്ട്. ക്യാമ്പസിലെ കൃഷി – കൃഷിയിലേക്കുള്ള തിരിച്ചു പോക്കിന്റെ ഒരു പ്രായോഗിക പാഠമാണ്.

ജലസംരക്ഷണ പ്രവർത്തനങ്ങൾ ഹരിതകലാലയത്തിന്റെ ദീർഘദർശിത്വം പ്രകടിപ്പിക്കുന്നു. മഴവെള്ള സംഭരണം, മലിനജല പുനരുപയോഗം, ജലഗുണനിലവാര പരിശോധന എന്നിവ വിദ്യാർത്ഥികളെ ഭാവിയിലെ ജലസുരക്ഷയുടെ രക്ഷകരാക്കുന്നു. ഓരോ വിദ്യാർത്ഥിയും ഒരു ചെടി നട്ടുപിടിപ്പിക്കുമ്പോൾ, ഓരോ തുള്ളി വെള്ളവും സംരക്ഷിക്കുമ്പോൾ, ഓരോ മാലിന്യവും ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യുമ്പോൾ, ഒരു പുതിയ സംസ്കാരം പിറക്കുന്നു. പഠനത്തിനപ്പുറം ജീവിതത്തെ സ്നേഹിക്കാൻ പഠിപ്പിക്കുന്ന ഈ പച്ചപ്പിന്റെ പാഠശാലകൾ നാളെയുടെ കേരളത്തെ കൂടുതൽ സുസ്ഥിരവും സുന്ദരവുമാക്കുമെന്ന് വിശ്വസിക്കാം.

സംസ്ഥാനത്തെ ഭൂരിഭാഗം കലാലയങ്ങളും "ഹരിത കലാലയങ്ങൾ" ആയതു വഴി പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ സുസ്ഥിരമായി നടപ്പിലാക്കിയതായി വിലയിരുത്താം. ആകെ 1,455 കലാലയങ്ങളിൽ 1,433 എണ്ണം ഹരിത കലാലയങ്ങളായി മാറിയതിലൂടെ ശുചിത്വ പരിപാലനം, ശാസ്ത്രീയ മാലിന്യ സംസ്കരണം, ജല-ഊർജ സംരക്ഷണം, ഹരിത കാമ്പസ് വികസനം തുടങ്ങിയ നടപടികൾ വ്യാപകമായി നടപ്പിലാക്കി. വിദ്യാർത്ഥികളിലും അധ്യാപകരിലും പരിസ്ഥിതി ഉത്തരവാദിത്വബോധം വർധിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ സുസ്ഥിര വികസനത്തിന്റെ മാതൃകകളായി മാറുകയും ചെയ്തതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന നേട്ടം.

എങ്കിലും, പല കലാലയങ്ങളിലും ദീർഘകാല പരിപാലനത്തിനുള്ള വ്യക്തമായ സംവിധാനങ്ങൾ ഇല്ലാത്തത് പ്രവർത്തനങ്ങളുടെ തുടർച്ചയെ ബാധിക്കുന്നു. സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിച്ചാലും അവയുടെ പരിപാലനത്തിനുള്ള പരിശീലനം കുറവായിരിക്കുന്നു. ചിലപ്പോൾ പ്രവർത്തനങ്ങൾ പ്രത്യേക വ്യക്തികളിൽ ആശ്രയിച്ചിരിക്കുകയും അവർ മാറുമ്പോൾ ആവേശം മങ്ങുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ തിരക്കേറിയ അക്കാദമിക് ജീവിതത്തിനിടയിൽ സ്ഥിരമായ പങ്കാളിത്തം ഉറപ്പാക്കുന്നതും ഒരു വെല്ലുവിളിയാണ്.



ഹരിതകലാലയങ്ങൾ ഗവേഷണത്തിന്റെയും നവോത്ഥാനത്തിന്റെയും കേന്ദ്രങ്ങളാക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് മാലിന്യസംസ്കരണ സാങ്കേതിക വിദ്യകളിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുള്ള സാധ്യതയുണ്ട്. ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനങ്ങൾ, സ്മാർട്ട് വാട്ടർ മാനേജ്മെന്റ്, റിന്യൂവബിൾ എനർജി ഉപയോഗം എന്നിവ ഭാവി വികസനത്തിന്റെ

പ്രധാന ദിശകളാണ്. പ്രാദേശിക സമൂഹങ്ങളുമായി കൈകോർത്തുള്ള ഔട്ട് റീച്ച് പ്രവർത്തനങ്ങൾ കലാലയങ്ങളെ പ്രാദേശിക പരിസ്ഥിതി പ്രസ്ഥാനങ്ങളുടെ ഹൃദയകേന്ദ്രമാക്കും.

## 5.2.8.5. ഹരിത സുന്ദര ടൗണുകൾ

കേരളത്തിന്റെ ചെറുപട്ടണങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഹൃദയഭാഗങ്ങളാണ്. ആളുകൾ കൂടിച്ചേരുന്ന വഴികളും വിപണികളും പൊതുസ്ഥലങ്ങളും ചേർന്ന ഈ ടൗണുകൾ ഒരു പ്രദേശത്തിന്റെ സംസ്കാരവും ജീവിതരീതിയും പ്രതിഫലിപ്പിക്കുന്നു. ഹരിതകേരളം മിഷന്റെ "ഹരിത സുന്ദര ടൗണുകൾ" സംരംഭം ഈ ഇടങ്ങളെ ശുചിത്വവും സൗന്ദര്യവും സുസ്ഥിരതയും ഒത്തുചേർന്ന മാതൃകാ നഗരങ്ങളാക്കി മാറ്റാനുള്ള ശ്രമമാണ്.

ഹരിത സുന്ദര ടൗണുകളുടെ മാർഗ്ഗരേഖയും പരിശീലനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. ടൗണുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തിയാണ് ഹരിത സുന്ദര ടൗണുകളായി പ്രഖ്യാപിക്കുന്നത് ഹരിത സുന്ദര ടൗണുകളുടെ പ്രത്യേകത ജനപങ്കാളിത്തത്തിലാണ്. സന്നദ്ധ സേവകരെ ഉപയോഗപെടുത്തിയുള്ള ജനകീയ ശുചിത്വ യജ്ഞത്തിലൂടെ നഗരത്തെ തിരിച്ചുപിടിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ടൗൺ പരിപാലന സമിതികൾ രൂപീകരിക്കുന്നത് ഈ പദ്ധതിക്ക് സാമൂഹിക അടിത്തറ നൽകുന്നു. മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ വിജയകരമായി നടപ്പിലാക്കിയ മാതൃകകൾ പങ്കുവെച്ച് പരസ്പര പഠനത്തിനും പ്രചോദനത്തിനും അവസരം സൃഷ്ടിക്കുന്നു. ഇതിലൂടെ ഒരു പട്ടണത്തിന്റെ മാറ്റം മറ്റൊന്നിനും വഴികാട്ടിയാകുന്നു.

ക്യാമ്പയിന്റെ ആദ്യഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രധാനപ്പെട്ട ടൗണുകൾ തിരിച്ചറിയുകയും, ജനസാന്ദ്രത, വ്യാപാരപ്രാധാന്യം, മാലിന്യസാന്ദ്രത എന്നിവ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിക്കുകയും ചെയ്തു. ഓരോ ടൗണിലെയും പ്രധാന മാലിന്യ ഉൽപാദകരെയും ബൾക്ക് വേസ്റ്റ് ജനറേറ്റർമാരെയും കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി. ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മാർക്കറ്റുകൾ, ആശുപത്രികൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാരകേന്ദ്രങ്ങൾ തുടങ്ങിയവയിൽ വിശദമായ പരിശോധന നടത്തി അവരുടെ നിലവിലെ മാലിന്യസംസ്കരണ സംവിധാനങ്ങൾ വിലയിരുത്തി. ശാസ്ത്രീയ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് നിർദ്ദേശങ്ങളും നിർബന്ധിത പരിഷ്കരണ നടപടികളും നിർദേശിച്ചു. ടൗണുകളുടെ ജൈവമാലിന്യത്തിന്റെയും അജൈവമാലിന്യത്തിന്റെയും വേർതിരിച്ചുള്ള പ്രതിമാസ കണക്കുകൾ തയ്യാറാക്കി സംസ്കരണ ശേഷിയുമായി താരതമ്യം ചെയ്ത് ഗ്യാപ്പ് അനാലിസിസ് നടത്തി. ഗ്യാപ്പ് അനാലിസിസ് അടിസ്ഥാനമാക്കി തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി. പ്രധാന ടൗണുകളിലെ റോഡുകൾ, ജലാശയങ്ങൾ, തുറസ്സായ ഇടങ്ങൾ എന്നിവിടങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിനായി പ്രത്യേക നിരീക്ഷണ സംവിധാനങ്ങൾ സജ്ജമാക്കി. ബൾക്ക് വേസ്റ്റ് ജനറേറ്റർമാരിൽ ഓൺസൈറ്റ് കമ്പോസ്റ്റിംഗ്, ബയോഗ്യാസ് യൂണിറ്റുകൾ, അജൈവമാലിന്യ വേർതിരിക്കൽ സംവിധാനം എന്നിവ നടപ്പിലാക്കാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ക്യാമ്പയിന്റെ പ്രധാന ഘടകമായി ടൗൺ സൗന്ദര്യവൽക്കരണം വിപുലമായി നടപ്പിലാക്കി. പ്രധാന റോഡുകൾ, മാർക്കറ്റ് മേഖലകൾ, ബസ് സ്റ്റാൻഡുകൾ, പൊതു കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ചിത്രങ്ങൾ വരച്ചു. പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങളോടു കൂടിയ ആർട്ടിസ്റ്റിക് പെയിന്റിംഗ് പ്രവർത്തനങ്ങളിൽ വിദ്യാർ



ത്ഥികൾ, ക്ലബ്ബുകൾ, യുവജനസംഘടനകൾ എന്നിവർ പങ്കാളികളായി. പഴയ മതിലുകൾക്ക് പുതുവർണ്ണം നൽകി. പുനരുപയോഗ സാധനങ്ങൾ ഉപയോഗിച്ച് ആർട്ട് ഇൻസ്റ്റലേഷനുകൾ സ്ഥാപിച്ചു. പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നുള്ള ശിൽപ്പങ്ങൾ, ഹരിത സന്ദേശ ശിൽപ്പങ്ങൾ, പ്രാദേശിക സാംസ്കാരിക പൈതൃകം പ്രതിഫലിപ്പിക്കുന്ന കലാസൃഷ്ടികൾ എന്നിവ ടൗണിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു. ഇത് ശുചിത്വ സന്ദേശം ദൃശ്യരൂപത്തിൽ ജനങ്ങളിലേക്കെത്തിക്കാൻ സഹായിച്ചു.

പൂച്ചെടി-മരം നട്ടുപിടിപ്പിക്കൽ വ്യാപകമായി നടപ്പിലാക്കി . റോഡുകളുടെ ഇരുവശങ്ങളിലും പൂച്ചെടികൾ നട്ട് പരിപാലന ചുമതല നൽകപ്പെട്ടു. സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ തണൽമരങ്ങൾ നട്ടുപിടിപ്പിച്ചു. പച്ചപ്പിന്റെ വർദ്ധനവ് ടൗണിന്റെ ദൃശ്യസൗന്ദര്യം മെച്ചപ്പെടുത്തി . ജനകീയ ജാഗ്രത സമിതികൾ രൂപീകരിച്ചു. ക്ലബ്ബുകൾ, ഗ്രന്ഥശാലകൾ, സാംസ്കാരിക സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ടൗൺ പരിപാലന സമിതികൾ പ്രവർത്തനം ആരംഭിച്ചു. ശുചിത്വ പ്രതിജ്ഞ ക്യാമ്പയിനുകൾ, വാർഡ് തല മത്സരങ്ങൾ, വിവരവിജ്ഞാന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. പൊതുസ്ഥലങ്ങൾ സംരക്ഷിക്കുന്നതിൽ ജനങ്ങൾ സ്വമേധയാ പങ്കാളികളായി.

കരട് ആക്ഷൻ പ്ലാൻ തദ്ദേശ സ്ഥാപനങ്ങളിൽ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അന്തിമ ആക്ഷൻ പ്ലാൻ രൂപപ്പെടുത്തി. വകുപ്പുതല ചുമതലകൾ നിശ്ചയിക്കുകയും ആവശ്യമായ ഫണ്ട് സ്രോതസ്സുകൾ പ്രാപ്യമാക്കുകയും ചെയ്തു. വിവിധ വകുപ്പുകളുമായുള്ള ഏകോപന യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി.

ക്യാമ്പയിന്റെ ഫലമായി പ്രധാന ടൗണുകളിൽ മാലിന്യ നിക്ഷേപം ഗണ്യമായി കുറഞ്ഞു, ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കൽ വർദ്ധിച്ചു, പൊതുസ്ഥലങ്ങളുടെ ദൃശ്യസൗന്ദര്യം വർദ്ധിച്ചു. ജനങ്ങളിൽ ഉടമസ്ഥതാ ബോധവും ശുചിത്വ ഉത്തരവാദിത്വവും ശക്തിപ്പെട്ടു.

മൊത്തത്തിൽ, ഹരിത സുന്ദര ടൗണുകൾ ക്യാമ്പയിൻ ശാസ്ത്രീയ മാലിന്യസംസ്കരണം, സൗന്ദര്യവൽക്കരണം, ജനപങ്കാളിത്തം എന്നിവ ഏകോപിപ്പിച്ച സമഗ്ര മാതൃകയായി രൂപപ്പെട്ടു. തുടർച്ചയായ നിരീക്ഷണവും ജനകീയ പങ്കാളിത്തവും ഉറപ്പാക്കിയാൽ ഈ നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്താൻ സാധിക്കും.

എന്നിരുന്നാലും, പദ്ധതിയുടെ പ്രാവർത്തികതയിൽ ചില വെല്ലുവിളികൾ നിലനിൽക്കുന്നു. നഗരവത്കരണത്തിന്റെ വേഗത, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, തുടർച്ചയായ പരിപാലനത്തിലെ വീഴ്ചകൾ, ജനപങ്കാളിത്തത്തിലെ അസമത്വം എന്നിവ പ്രവർത്തനങ്ങളെ ബാധിക്കുന്നു. ചില സ്ഥലങ്ങളിൽ മാലിന്യസംസ്കരണം ഇപ്പോഴും താൽക്കാലിക പരിഹാരങ്ങളിൽ ഒതുങ്ങുന്ന സാഹചര്യം കാണാം. ഈ വിടവുകൾ മറികടക്കാൻ ദീർഘകാല കാഴ്ചപ്പാടോടെയുള്ള ആസൂത്രണവും ശക്തമായ മേൽനോട്ട സംവിധാനവും ആവശ്യമാണ്.

അതേസമയം, മുന്നിലുള്ള സാധ്യതകൾ പ്രതീക്ഷ നിറഞ്ഞവയാണ്. സ്മാർട്ട് മാലിന്യ മാനേജ്മെന്റ് സംവിധാനങ്ങൾ, യുവജനങ്ങളുടെ സജീവ പങ്കാളിത്തം, പൊതുസ്ഥലങ്ങളുടെ ഹരിത സൗന്ദര്യവത്കരണം എന്നിവ ടൗണുകളുടെ രൂപഭാവം മാറ്റാൻ കഴിയും. പ്രാദേശിക സംരംഭങ്ങളെയും ഹരിത തൊഴിൽ അവസരങ്ങളെയും പ്രോത്സാഹിപ്പിക്കുന്നത് സാമ്പത്തിക വളർച്ചക്കും സഹായകരമാകും. പരിസ്ഥിതി വിദ്യാഭ്യാസം ടൗൺ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ, മാറ്റം കൂടുതൽ സ്ഥിരത നേടും.

“ഹരിത സുന്ദര ടൗൺ” ക്യാമ്പയിൻ വഴി സംസ്ഥാനത്തെ ഭൂരിഭാഗം നഗരങ്ങളും പട്ടണങ്ങളും ശുചിത്വവും പരിസ്ഥിതി സൗഹൃദ മാനദണ്ഡങ്ങളും പാലിക്കുന്ന ഹരിത ടൗണുകളായി മാറിയതായി വിലയിരുത്താം. നഗര പരിസ്ഥിതി നിലവാരം മെച്ചപ്പെടുകയും പൗരന്മാരിൽ പരിസ്ഥിതി ഉത്തരവാദിത്വബോധം വർധിക്കുകയും ചെയ്തു. നഗരങ്ങളെ സുസ്ഥിരവും മാതൃകാപരവുമായ വികസന പാതയിലേക്ക് നയിച്ചതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന നേട്ടം.

## 5.2.8.6. റെസിഡന്റ്സ് അസോസിയേഷനുകളുടെ ഹരിത ഇടപെടലുകൾ

കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ശക്തമായ സാന്നിധ്യമാണ് റെസിഡന്റ്സ് അസോസിയേഷനുകൾ. സമൂഹത്തിന്റെ ഉത്തരവാദിത്വബോധം നിലനിർത്തുന്ന സജീവ വേദികളാണ് റെസിഡന്റ്സ് അസോസിയേഷനുകൾ. ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ റെസിഡന്റ്സ് അസോസിയേഷനുകൾ വഹിക്കുന്ന പങ്ക് ഏറെ നിർണായകമാണ്. പ്രത്യേകിച്ച് മാലിന്യ സംസ്കരണ രംഗത്ത്, ഈ കൂട്ടായ്മകൾ പല പ്രദേശങ്ങളിലും ഇതിനകം തന്നെ മാതൃകാപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

വീടുതോറും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ബക്കറ്റ് കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയ സംവിധാനങ്ങൾ അസോസിയേഷനുകൾ പ്രോത്സാഹിപ്പിക്കുന്നു. ഫ്ലാറ്റ് സമുച്ചയങ്ങളിലും ടൗൺഷിപ്പുകളിലും കേന്ദ്രീകൃത

മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് അസോസിയേഷനുകൾ തന്നെ അതിന്റെ നടത്തിപ്പ് ഏറ്റെടുക്കുന്നത് സുസ്ഥിര മാതൃകകളിലേക്ക് നയിക്കുന്നു.

മാലിന്യ സംസ്കരണം മാത്രമല്ല, പരിസര സൗന്ദര്യവൽക്കരണവും ഈ ഇടപെടലുകളുടെ അവിഭാജ്യ ഘടകമാണ്. വഴിയോരങ്ങൾ പൂന്തോട്ടങ്ങളാക്കുകയും പൊതുഇടങ്ങൾ ചെറു പാർക്കുകളാക്കി മാറ്റുകയും ചെയ്യുമ്പോൾ, അത് വെറും ദൃശ്യസൗന്ദര്യം മാത്രമല്ല സൃഷ്ടിക്കുന്നത്; മറിച്ച് സമൂഹത്തിന്റെ ആത്മവിശ്വാസവും കൂട്ടായ്മയും വളർത്തുന്നു. "ഡ്രൈ ഡേ" പോലുള്ള കൂട്ടായ ശുചീകരണ പ്രവർത്തനങ്ങൾ കുടുംബങ്ങളെ ഒരുമിപ്പിക്കുകയും പരിസ്ഥിതി ബോധം ജീവിതശൈലിയായി മാറ്റുകയും ചെയ്യുന്നു. നഗരകൃഷി, ടെറസ് ഗാർഡനിംഗ്, മഴവെള്ള സംഭരണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കൂടി ചേർന്നപ്പോൾ അസോസിയേഷൻ പ്രവർത്തനങ്ങൾ സമഗ്ര സുസ്ഥിര മാതൃകകളായി വികസിക്കുന്നു.

എന്നിരുന്നാലും, ഈ യാത്ര വെല്ലുവിളികളില്ലാത്തതല്ല. സാങ്കേതിക അറിവിന്റെ കുറവ്, ദീർഘകാല പരിപാലനത്തിനുള്ള സാമ്പത്തിക പരിമിതികൾ, യുവജനങ്ങളുടെ സ്ഥിരമായ പങ്കാളിത്തക്കുറവ് എന്നിവ പലപ്പോഴും പദ്ധതികളുടെ തുടർച്ചയെ ബാധിക്കുന്നു. ചില ഇടങ്ങളിൽ ആവേശത്തോടെ ആരംഭിച്ച പ്രവർത്തനങ്ങൾ തുടർച്ച ഉറപ്പാക്കാനാകാതെ മന്ദഗതിയിലാകുന്നുവെന്നതും സത്യമാണ്. വിവരവിനിമയത്തിലെ അപാകതകളും മികച്ച മാതൃകകൾ പരസ്പരം പങ്കുവയ്ക്കാത്തതും വളർച്ചയെ നിയന്ത്രിക്കുന്നു.

എങ്കിലും, വലിയ അവസരങ്ങളും ഈ മേഖലയിലുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ മാലിന്യ നിരീക്ഷണ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി ആപ്പുകൾ വഴി വിവരപങ്കിടൽ, സ്കൂളുകളും യുവജനകൂട്ടായ്മകളും ഉൾപ്പെടുത്തി പരിസ്ഥിതി വിദ്യാഭ്യാസ പരിപാടികൾ എന്നിവ ഭാവിയുടെ ദിശകൾ വ്യക്തമാക്കുന്നു. മഴവെള്ള സംഭരണം, നഗരകൃഷി, ഊർജസംരക്ഷണം തുടങ്ങിയ മേഖലകളെ അസോസിയേഷൻ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുമ്പോൾ, പ്രാദേശിക തലത്തിൽ തന്നെ സുസ്ഥിര വികസനത്തിന്റെ ശക്തമായ മാതൃകകൾ സൃഷ്ടിക്കാനാകും.

## 5.2.8.7. ഹരിത അയൽക്കൂട്ടം

പ്രകൃതിയോട് ചേർന്നുനിൽക്കുന്ന ജീവിതശൈലി പ്രോത്സാഹിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നടപ്പിലാക്കുന്നത് . ജലസംരക്ഷണം, ശുചിത്വ- മാലിന്യ സംസ്കരണവും, ജൈവകൃഷി അധിഷ്ഠിത കാർഷിക വികസനം, എന്നിവയെ കേന്ദ്രീകരിച്ചാണ് ഹരിത അയൽക്കൂട്ടം എന്ന ആശയം രൂപം കൊണ്ടത്. കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങളെ ഈ ഹരിത ദൗത്യവുമായി ബന്ധിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് .

കേരളത്തിലെ ലക്ഷക്കണക്കിന് അയൽക്കൂട്ടങ്ങൾ ഹരിത അയൽക്കൂട്ടങ്ങളായി മാറുമ്പോൾ അതിലൂടെ ഉണ്ടാകുന്ന സാമൂഹികവും പാരിസ്ഥിതികവുമായ മാറ്റം അനന്തസാധ്യതകളുള്ളതാണ്. ഹരിത അയൽക്കൂട്ടങ്ങളുടെ മാർഗ്ഗരേഖയും പരിശീലനവും ഹരിതകേരളം മിഷൻ സാധ്യമാക്കിയിട്ടുണ്ട്. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കുന്നത് ഓരോ വീട്ടിലും ജലസംരക്ഷണ ശീലങ്ങൾ വളർത്തുകയും, മാലിന്യങ്ങളെ ശാസ്ത്രീയമായി തരംതിരിച്ച് കൈമാറുന്നതും ചെയ്യുന്നത് ആരോഗ്യകരമായ ജീവിതത്തിനുള്ള അടിത്തറ പാകുന്നു. സ്ഥലലഭ്യത അനുസരിച്ച് കൃഷി

പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ഭക്ഷ്യസുരക്ഷയ്ക്കൊപ്പം പ്രകൃതിയോടുള്ള അടുപ്പവും വർധിപ്പിക്കുന്നു. അതോടൊപ്പം ഊർജ്ജസംരക്ഷണ നടപടികൾ സ്വീകരിക്കുന്നത് ഭാവി തലമുറയോടുള്ള ഉത്തരവാദിത്തത്തിന്റെ പ്രകടനമാണ്.

ഹരിത അയൽക്കൂട്ടത്തിന്റെ ഏറ്റവും വലിയ ശക്തി സമൂഹത്തിന്റെ കൂട്ടായ ഇടപെടലിലാണ്. പ്രദേശത്തെ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിലും, പൊതു ചടങ്ങുകളിലും സ്ഥാപനങ്ങളിലുമെല്ലാം ഹരിത പെരുമാറ്റച്ചട്ടം പാലിക്കുന്നതിലും അയൽക്കൂട്ടങ്ങൾ സജീവ പങ്കാളികളാകുന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് പകരം പ്രകൃതി സൗഹൃദ ബദലുകൾ സ്വീകരിക്കുന്നതും മലിനജലം പുറത്തേക്ക് ഒഴുക്കാതിരിക്കുന്നതുമെല്ലാം ഒരു മാറ്റത്തിന്റെ സൂചനകളാണ്. ചെറിയ ചർച്ചകളിലൂടെ ആരംഭിക്കുന്ന ബോധവൽക്കരണം, ആഴ്ചകളുടെ പരിശ്രമത്തിലൂടെ ജീവിതശൈലിയിലെ സ്ഥിരമായ മാറ്റങ്ങളായി വളരുന്നു.

എല്ലാ ഹരിത അയൽക്കൂട്ടത്തിനും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു. ചില പ്രദേശങ്ങളിൽ ബോധവൽക്കരണത്തിന്റെ അഭാവം കാരണം പ്രവർത്തനങ്ങളുടെ ഏകോപനം കുറയുന്നത് കാണാം. മാലിന്യസംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും സാങ്കേ തിക പരിജ്ഞാനത്തിന്റെ അപര്യാപ്തതയും ചിലപ്പോൾ മുന്നേറ്റത്തെ മന്ദഗതിയിലാക്കുന്നു. കൂടാതെ, പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പാക്കുന്നതിനുള്ള നിരന്തരമായ നിരീക്ഷണവും പ്രോത്സാഹനവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും സമാന പങ്കാളിത്തം ഉറപ്പാക്കുക എന്നതും ശ്രദ്ധിക്കേണ്ട ഒരു പ്രധാന മേഖലയാണ്.

ഈ വെല്ലുവിളികൾക്കൊപ്പം അനവധി അവസരങ്ങളും ഹരിത അയൽക്കൂട്ടം മുന്നോട്ടുവയ്ക്കുന്നു. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായി ശക്തമായ കൂട്ടുകെട്ട് രൂപപ്പെടുത്തുന്നതിലൂടെ സ്ഥിരതയാർന്ന വികസന മാതൃകകൾ സൃഷ്ടിക്കാനാകും. യുവജനങ്ങളെയും വിദ്യാർഥികളെയും കൂടുതൽ ഉൾപ്പെടുത്തുന്നത് നവീന ആശയങ്ങളും സാങ്കേതിക വിദ്യകളും പ്രായോഗികമാക്കാൻ സഹായിക്കും. സമൂഹകൃഷി, ഹരിത സംരംഭങ്ങൾ, പുനരുപയോഗ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം പ്രാദേശി

സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 2,97,483 അയൽക്കൂട്ടങ്ങളിൽ മുഴുവൻ എണ്ണവും “ഹരിത അയൽക്കൂട്ടങ്ങൾ” എന്ന നേട്ടം കൈവരിച്ചതോടെ സംസ്ഥാനത്തെ മുഴുവൻ പ്രദേശങ്ങളിലും ഹരിത പ്രവർത്തനങ്ങൾ സമഗ്രമായി നടപ്പിലാക്കിയതായി വിലയിരുത്താം. വീടുകളിലെ മാലിന്യം വേർതിരിക്കൽ, ശാസ്ത്രീയ മാലിന്യ സംസ്കരണം, ശുചിത്വ പരിപാലനം, ജലസംരക്ഷണം, എന്നീ ഹരിത പ്രവർത്തനങ്ങളിൽ അയൽക്കൂട്ട അംഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു. പ്രാദേശിക തലത്തിൽ പരിസ്ഥിതി സംരക്ഷണ സംസ്കാരം ശക്തിപ്പെട്ടതോടൊപ്പം സമൂഹത്തിൽ ഉത്തരവാദിത്വബോധവും കൂട്ടായ പ്രവർത്തന ശേഷിയും വർധിച്ചു. സുസ്ഥിര വികസനത്തിനുള്ള ശക്തമായ സാമൂഹിക അടിത്തറ സൃഷ്ടിച്ചതാണ് ഈ പ്രവർത്തനത്തിന്റെ പ്രധാന നേട്ടം.

## 5.3. കാർഷിക മേഖലയിലെ സവിശേഷപ്രവർത്തനങ്ങൾ

### 5.3.1. തരിശുരഹിത ഗ്രാമം: സുരക്ഷിത ഭക്ഷണത്തിലേക്കുള്ള കാർഷിക മുന്നേറ്റം

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മുഴുവൻ തരിശു ഭൂമിയും ജനകീയമായി കണ്ടെത്തി അതിൽ കൃഷിയോഗ്യമായതും കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ വിളകൾ കൃഷി ചെയ്ത് ആ പ്രദേശത്തെ തരിശുരഹിതമാക്കുന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം. വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കർഷകരുടെയും കുടുംബ ശ്രീയുടെയും മറ്റ് സന്നദ്ധപ്രവർത്തകരുടെയും സഹായത്തോടെ ലഭ്യമായ ആകെ തരിശുഭൂമി കണ്ടെത്തുകയും അതിൽ ഉടനടി അല്ലെങ്കിൽ ചെറിയതോതിലുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൊണ്ട് കൃഷിയോഗ്യമാക്കി യോജിച്ച വിള കൃഷി ചെയ്യുക എന്ന തായിരുന്നു ലക്ഷ്യം. വലിയ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൊണ്ടുമാത്രം വീണ്ടെടുക്കാൻ കഴിയുന്ന തരിശുഭൂമികൾ, വന്യമൃഗ ശല്യം കൊണ്ട് കൃഷി ചെയ്യാനാ കാത്ത കൃഷിസ്ഥലങ്ങൾ, ഉടമസ്ഥർ സ്വയം കൃഷി ചെയ്യുന്നതിനോ മറ്റുള്ളവർക്ക് കൃഷി ചെയ്യാൻ നൽകുന്നതിന് തയ്യാറാകാത്തതോ ആയ ഭൂമി എന്നിവ ഒഴിവാക്കിയിട്ടാണ് കൃഷിയോഗ്യമായ തരിശുഭൂമി കണക്കാക്കുന്നത്. ഇങ്ങനെ ഒഴിവാക്കപ്പെട്ട ഭൂമി ഒഴികെയുള്ള തരിശുഭൂമിയിൽ ആവശ്യമെങ്കിൽ കൃഷിയോഗ്യമാക്കാൻ വേണ്ട ചെറിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയോ വിവിധ വകുപ്പുകളുടെയോ പദ്ധതികളിലൂടെ സഹകരണ സ്ഥാപന ങ്ങളുടെ സഹായത്തോടെയോ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ, കുടുംബശ്രീ, ഹരിത കർമസേന, കർഷകസംഘടനകൾ, യുവജനങ്ങൾ, മറ്റു സന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹായത്തോടെ നടപ്പിലാക്കി ആ ഭൂമിയെ കൃഷിയോഗ്യമാക്കുകയും അതിനുശേഷം കൃഷി ചെയ്യുകയുമാണ് ചെയ്തത്.

സംയോജിത ഇടപെടലുകളുടെ ഫലമായി സംസ്ഥാനത്തെ 103 തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങൾ ഇതിനകം തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആകെ 28,900 ഹെക്ടർ തരിശുഭൂമിയാണ് ഇത്തരത്തിൽ കൃഷിയോഗ്യമാക്കിയത്; ഇതിൽ 19,626 ഹെക്ടറിലധികം സ്ഥലത്ത് നിലവിൽ സജീവമായി കൃഷി നടന്നുവരുന്നു. തൃശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ സ്ഥലം (22,081 ഹെക്ടർ) കൃഷിക്കായി വിനിയോഗിച്ചത്.

മിക്കവാറും പ്രദേശങ്ങളിൽ ഓരോ ഭൂമിയിലേയ്ക്കും അനുയോജ്യമായ വിള ഏതെന്ന് നിശ്ച യിച്ച ശേഷം ഒരു നിശ്ചിത ദിവസം നടീൽ ഉത്സവമായി സംഘടിപ്പിച്ച് നടീൽ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന രീതിയാണ് അവലംബിച്ചത്. തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമ പഞ്ചായത്താണ് 2018 മാർച്ച് 8-ാം തീയതി ആദ്യമായി ഹരിതകേരളം മിഷന്റെ ക്യാമ്പയിന്റെ ഭാഗമായി തരിശുരഹിത ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ടത്. തുടർന്ന് സംസ്ഥാനത്തൊട്ടാകെ നാളി തുവരെ 103 ഗ്രാമപഞ്ചായത്തുകളാണ് ഈ ക്യാമ്പയിന്റെ ഭാഗമായി തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിക്കപ്പെട്ടത്.

തിരുവനന്തപുരം ജില്ലയിലെ പാറശാല നിയോജകമണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളും 2019 ആഗസ്റ്റ് 8-ാം തീയതിയിൽ തരിശുരഹിത ഗ്രാമമാക്കികൊണ്ട് തരിശുരഹിത മണ്ഡലമാക്കി

പ്രഖ്യാപിച്ചു. തളിര് എന്ന പേര് നൽകിയ പ്രത്യേക ക്യാമ്പയിന്റെ ഭാഗമായിട്ടാണ് പാറശാല തരിശുരഹിത മണ്ഡലമായി മാറ്റിയത് എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ആദ്യ ഘട്ടത്തിൽ തരിശുരഹിത ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിക്കപ്പെട്ടതിൽ ആ അവസ്ഥ നില നിർത്താനുള്ള ശ്രമവും ഹരിതകേരളം മിഷൻ നടത്തിവരുന്നു. ഇതേ രീതിയിൽ ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിൽ ഉറവ്, കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ ജൈവസമൃദ്ധി എന്നീ പേരുകളിൽ തരിശുരഹിത ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നുവെങ്കിലും പ്രകൃതിദുരന്തങ്ങളും കോവിഡും കാരണം പൂർത്തീകരിക്കാൻ സാധിച്ചില്ല.

**ഹരിതകേരളം മിഷൻ**
**തരിശൂരഹിത ഗ്രാമം (2016-2026)**

| ക്രമ നം | ജില്ല | തരിശൂരഹിത പ്രഖ്യാപനം നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ എണ്ണം | ആകെ കണ്ടെത്തിയ തരിശ് ഭൂമി (ഏക്കറിൽ) | കൃഷി ചെയ്ത തരിശ് ഭൂമി (ഏക്കറിൽ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 17 | 918.03 | 893.203 |
| 2 | കൊല്ലം | 12 | 734.16 | 718 |
| 3 | പത്തനംതിട്ട | 4 | 306.075 | 236.889 |
| 4 | ആലപ്പുഴ | 2 | 375.75 | 375.75 |
| 5 | കോട്ടയം | 3 | 200 | 180 |
| 6 | ഇടുക്കി | 2 | 69 | 54 |
| 7 | എറണാകുളം | 2 | 121 | 81 |
| 8 | തൃശൂർ | 7 | 22081.18 | 13263.68 |
| 9 | പാലക്കാട് | 12 | 478.05 | 473.05 |
| 10 | മലപ്പുറം | 1 | 9.3 | 6.5 |
| 11 | കോഴിക്കോട് | 0 | 0 | 0 |
| 12 | വയനാട് | 8 | 681.81 | 652.906 |
| 13 | കണ്ണൂർ | 15 | 1019.91 | 989.84 |
| 14 | കാസറഗോഡ് | 18 | 1906.09 | 1701.93 |
| ആകെ | | 103 | 28900.355 | 19626.748 |

## 5.3.2. ഹരിതസമൃദ്ധി വാർഡ്: പ്രാദേശിക ഭക്ഷ്യസുരക്ഷ പദ്ധതി

കേരളത്തെ കാർഷിക സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച മികച്ച പദ്ധതിയാണ് 'ഹരിതസമൃദ്ധി വാർഡ്'. എല്ലാ വീടുകളിലും ഏതെങ്കിലും പച്ചക്കറി ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് കൃഷി ചെയ്യുക എന്നതാണ് ഈ ക്യാമ്പയിന്റെ ലക്ഷ്യം.

സംസ്ഥാനമൊട്ടാകെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഇതിനകം 3322 വാർഡുകൾ ഹരിതസമൃദ്ധി പദവിയിലേക്ക് ഉയർത്തപ്പെട്ടു. ലഭ്യമായ കണക്കുകൾ പ്രകാരം തിരുവനന്ത പുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ വാർഡുകൾ (727) ഈ നേട്ടം കൈവരിച്ചത്. വയനാട്, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളും മികച്ച പുരോഗതി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി യുടെ ഭാഗമായി സംസ്ഥാനത്തുടനീളം 14,61,449 വീടുകളിലായി ഏകദേശം 91,27,361 പച്ചക്കറി തൈകൾ വിതരണം ചെയ്തു.

തരിശുരഹിത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന ഈ പദ്ധതി പ്രാദേശിക ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കാണ് ആദ്യത്തെ സമ്പൂർണ്ണ ഹരിതസമൃദ്ധി ബ്ലോക്കായി പ്രഖ്യാ പിക്കപ്പെട്ടത്. ബ്ലോക്ക് പരിധിയിലെ 48,433 വീടുകളിൽ 41,380 വീടുകളിലും പച്ചക്കറി കൃഷി ഉറപ്പുവരുത്തിയാണ് ഈ നേട്ടം കൈവരിച്ചത്. മാടപ്പള്ളി ബ്ലോക്കിലെ തൃക്കൊടിത്താനം (8969 വീടുകൾ), വാഴപ്പള്ളി (8644 വീടുകൾ), പായിപ്പാട് (6192 വീടുകൾ) എന്നീ പഞ്ചായത്തുകൾ ഹരി തസമൃദ്ധി വാർഡ് പദവിയിലൂടെ മികച്ച കാർഷിക മുന്നേറ്റമുണ്ടാക്കി. ഹരിതകർമ്മ സേനയുടെ ഹരിത സേവന കേന്ദ്രങ്ങൾ വഴി തൈകളും വളവും ലഭ്യമാക്കുന്നത് ഈ പ്രവർത്തനങ്ങൾക്ക് കരുത്തേകി. ജനകീയ പങ്കാളിത്തത്തോടെയുള്ള ഇത്തരം സമീപനങ്ങൾ കേരളത്തിന്റെ കാർഷിക സംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും പരിസ്ഥിതി സൗഹൃദമായ ഒരു ജീവിതശൈലി കെട്ടിപ്പടുക്കുന്നതിനും സഹായിക്കും.

**ഹരിതസമൃദ്ധി വാർഡ് (2016-2026)**

| ക്രമ നം | ജില്ല | പ്രഖ്യാപനം നടത്തിയ തദ്ദേശസ്വയം ഭരണ സ്ഥാപങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം | ഹരിതസമൃദ്ധി പ്രഖ്യാപനം നടത്തിയ വാർഡുകളിലെ ആകെ വീടുകളുടെ എണ്ണം | ആകെ വിതരണം ചെയ്ത തൈകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 47 | 727 | 355513 | 2356018 |
| 2 | കൊല്ലം | 26 | 402 | 142783 | 856698 |
| 3 | പത്തനംതിട്ട | 73 | 362 | 143393 | 981170 |
| 4 | ആലപ്പുഴ | 1 | 3 | 960 | 4800 |
| 5 | കോട്ടയം | 23 | 117 | 53861 | 282387 |
| 6 | ഇടുക്കി | 6 | 6 | 2818 | 6025 |
| 7 | എറണാകുളം | 39 | 160 | 74872 | 28730 |
| 8 | തൃശൂർ | 105 | 617 | 302078 | 1509595 |

| | | | | | |
|---|---|---|---|---|---|
| 9 | പാലക്കാട് | 7 | 59 | 26181 | 395481 |
| 10 | മലപ്പുറം | 12 | 60 | 24258 | 44693 |
| 11 | കോഴിക്കോട് | 26 | 118 | 59367 | 537012 |
| 12 | വയനാട് | 52 | 329 | 130492 | 1423494 |
| 13 | കണ്ണൂർ | 26 | 156 | 58261 | 407432 |
| 14 | കാസറഗോഡ് | 82 | 206 | 86612 | 293826 |
| ആകെ | | 525 | 3322 | 1461449 | 9127361 |

## 5.3.3. പച്ചത്തുരുത്ത്: പ്രകൃതിയോടുള്ള ഉത്തരവാദിത്വത്തിന്റെ പ്രഖ്യാപനം

വീഡിയോ കാണാം

കേരളത്തിൽ സംരക്ഷിത വനങ്ങൾക്ക് പുറമേയുള്ള സസ്യാവരണതോത് ഉയർന്ന നിലയിലാണെങ്കിൽകൂടി വർദ്ധിച്ചുവരുന്ന വികസന പ്രവർത്തനങ്ങളുടെയും നഗരവൽക്കരണത്തിന്റെയും വെല്ലുവിളികളെ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ പ്രതിരോധിക്കുന്നതിന് ലഭ്യമായ സ്ഥലങ്ങളിലെല്ലാം തന്നെ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടത് അനിവാര്യമാണെന്നുള്ളത് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. സംസ്ഥാനത്തിന്റെ ആളോഹരി ഭൂമി ലഭ്യത പരിമിതമായതുകൊണ്ടും ഉള്ള ഭൂമിയിൽ തന്നെ വിവിധ ആവശ്യങ്ങൾക്കായുള്ള സമ്മർദ്ദം കൂടുതലായതു കൊണ്ടും തന്നെ വൃക്ഷവൽക്കരണത്തിന് മതിയായ സ്ഥലം ലഭിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള ഒരു വസ്തുതയായി അവശേഷിക്കുന്നു. വിവിധ തലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കപ്പെട്ട വൃക്ഷവൽക്കരണ പരിപാടികളുടെ നേട്ടവും കോട്ടവും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് മിഷൻ പച്ചത്തുരുത്ത് എന്ന ക്യാമ്പയിനിലേക്ക് എത്തുന്നത്. ഒറ്റയ്ക്ക് ഒറ്റയ്ക്ക് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിലുപരി ചെറിയ വിസ്തൃതിയിലാണെങ്കിലും വൃക്ഷങ്ങൾ അവയുടെ തലപ്പിന് ആനുപാതികമായി അകലത്തിൽ ഒരുമിച്ച് നടുന്നത് കൂടുതൽ പാരിസ്ഥിതികമായ പ്രയോജനങ്ങൾക്ക് കാരണമാകുമെന്നത് കണ്ടാണ് ഹരിതകേരളം മിഷൻ പച്ചത്തുരുത്ത് ക്യാമ്പയിൻ ഏറ്റെടുക്കുന്നത്. അതിനുപുറമേ ഒറ്റപ്പെട്ട വൃക്ഷത്തൈകൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും കൂട്ടമായി നിൽക്കുന്ന തൈകൾക്ക് ലഭിക്കുമെന്നത് അവയുടെ തുടർ പരിപാലനത്തിനും സംരക്ഷണത്തിനും സൗകര്യപ്രദമാകുമെന്നും കണ്ടു.

പച്ചത്തുരുത്ത് ക്യാമ്പയിൻ ആരംഭിക്കുന്നതിനു മുന്നോടിയായി സാമൂഹ്യ വനവൽക്കരണ വകുപ്പ്, കൃഷിവകുപ്പ്, കേരള കാർഷിക സർവ്വകലാശാല, ഫോറസ്ട്രി കോളേജ്, ജവഹർലാൽ നെഹ്റു ട്രൊപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, മലബാർ ബോട്ടാണിക്കൽ ഗാർഡൻ, കെ. എഫ്. ആർ. ഐ, കേരള സർവകലാശാല ബോട്ടണി വിഭാഗം, സംസ്ഥാന

ഔഷധസസ്യ ബോർഡ്, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രതിനിധികൾ, വനവൽക്കരണ രംഗത്ത് പ്രത്യേക ഇടപെടൽ നടത്തിയ വ്യക്തികൾ, കണ്ടൽക്കാടുകളുടെ വ്യാപന രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു കൈപ്പുസ്തകം തയ്യാറാക്കുകയും ചെയ്തു. 'അതിജീവനത്തിനായുള്ള ചെറുവനങ്ങൾ' എന്ന രീതിയിലാണ് പച്ചത്തുരുത്തുകളെ വിഭാവനം ചെയ്തത്.

മുൻപ് പരാമർശിച്ച സ്ഥലപരിമിതി പരിഗണിച്ചാണ് അരസെന്റ് മുതൽ മുകളിലോട്ടുള്ള വിസ്തൃതിയിൽ വൃക്ഷത്തൈകൾ ഒരുമിച്ച് നടുന്നതിനെ പച്ചത്തുരുത്തുകളായി കണക്കാക്കാം എന്ന നിഗമനത്തിലേക്ക് എത്തിയത്. പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനോടൊപ്പം നിലവിലുള്ള വൃക്ഷകൂട്ടങ്ങളിൽ അധികമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുക, കാവുകളുടെ പുനരുജ്ജീവനവും വിസ്തൃതി വ്യാപനവും, കണ്ടൽക്കാടുകളുടെ സ്ഥാപനവും വിസ്തൃതി വ്യാപനവും തുടങ്ങിയവയും പച്ചത്തുരുത്ത് ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2019 ലോക പരിസ്ഥിതി ദിനമായ ജൂൺ 5ന് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് കുടുംബാരോഗ്യകേന്ദ്രത്തിന് സമീപത്തുള്ള 5 സെന്റ് വിസ്തൃതിയിലുള്ള ഭൂമിയിൽ 92 ലധികം ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിച്ചുകൊണ്ട് പച്ചത്തുരുത്ത് പരിപാടിക്ക് തുടക്കമിട്ടു. ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നീർമാതള തൈ നട്ടുകൊണ്ടാണ് പച്ചത്തുരുത്ത് ക്യാമ്പയിന് തുടക്കം കുറിച്ചത്. അന്നത്തെ കൃഷിവകുപ്പ് മന്ത്രി ശ്രീ. സുനിൽകുമാർ ഒരു നീർമരുത് തൈയും നടുകയുണ്ടായി. പച്ചത്തുരുത്തുകൾക്ക് വേണ്ട ഒരു പ്രധാന ഘടകമായ ജൈവവേലിയും ഈ മാതൃകാപച്ചത്തുരുത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഒരു ഭാഗത്തു മുളയും ചെമ്പരത്തിയും വേറൊരു ഭാഗത്ത് മൈലാഞ്ചിയും ലഭ്യമായ മൂന്നാമത്തെ വശത്ത് ആടലോടകവും കരിനൊച്ചിയും ഉപയോഗിച്ചാണ് ജൈവവേലി സ്ഥാപിച്ചത്. ഏഴ് വർഷമാകാൻ പോകുന്ന ഈ പച്ചത്തുരുത്ത് ഇപ്പോൾ നല്ലൊരു ചെറു വനമായി മാറുകയും അതിന് അനുയോജ്യമായ ഒരു ആവാസവ്യവസ്ഥ ഇവിടെ രൂപം കൊള്ളുകയും ചെയ്തിരിക്കുന്നു.

സംസ്ഥാനത്ത് നാളിതുവരെ 4304 പച്ചത്തുരുത്തുകൾ ഈ ക്യാമ്പയിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ അര സെന്റ് മുതൽ 136 ഏക്കർ വിസ്തൃതിയുള്ള കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിലെ അയ്യപ്പൻകാവ് പച്ചത്തുരുത്തും ഉൾപ്പെടുന്നു. ഇതിൽ തന്നെ മുളംതൈകൾ കൊണ്ട് മാത്രം നിർമ്മിച്ച 25 പച്ചത്തുരുത്തുകളും 54 കണ്ടൽ പച്ചത്തുരുത്തുകളും വിവിധ ദേവാലയങ്ങളുടെ ഭൂമിയിൽ സ്ഥാപിച്ച 103 ദേവഹരിതം പച്ചത്തുരുത്തുകളുമുണ്ട്.

| പച്ചത്തുരുത്ത് | | | |
|---|---|---|---|
| ക്രമ നം | ജില്ല | സ്ഥാപിച്ച പച്ചത്തുരുത്തിന്റെ എണ്ണം | വിസ്തൃതി (ഏക്കർ) |
| 1 | തിരുവനന്തപുരം | 562 | 69.73 |
| 2 | കൊല്ലം | 315 | 88.49 |
| 3 | പത്തനംതിട്ട | 208 | 36.54 |

| | | | |
|---|---|---|---|
| 4 | ആലപ്പുഴ | 158 | 31.82 |
| 5 | കോട്ടയം | 306 | 38.72 |
| 6 | ഇടുക്കി | 115 | 45.66 |
| 7 | എറണാകുളം | 198 | 28.66 |
| 8 | തൃശ്ശൂർ | 256 | 53.19 |
| 9 | പാലക്കാട് | 413 | 140.78 |
| 10 | മലപ്പുറം | 211 | 94.99 |
| 11 | കോഴിക്കോട് | 300 | 84.67 |
| 12 | വയനാട് | 78 | 25.71 |
| 13 | കണ്ണൂർ | 310 | 342.93 |
| 14 | കാസർഗോഡ് | 874 | 266.44 |
| | ആകെ | 4304 | 1348.33 |

പച്ചത്തുരുത്തുകളുടെ പ്രാരംഭഘട്ടത്തിൽ ലക്ഷ്മിതരു, കൊങ്ങിണി, അക്കേഷ്യ ഉൾപ്പെടെയുള്ള പല അധിനിവേശ സസ്യങ്ങളും നട്ടുപിടിപ്പിക്കപ്പെട്ടിരുന്നു. 2021 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എല്ലാ ജില്ലകളിലും തെരെഞ്ഞെടുക്കപ്പെട്ട പച്ചത്തുരുത്തുകളിൽ വിദഗ്ധരുടെ സേവനം ഉപയോഗിച്ചുകൊണ്ട് ഒരു അവസ്ഥാ വിശകലന പഠനം സംഘടിപ്പിച്ചിരുന്നു. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പച്ചത്തുരുത്ത് ക്യാമ്പയിൻ ആവശ്യമായ മാറ്റങ്ങളോടെ മുന്നോട്ടു കൊണ്ടുപോയി. ഇതിന്റെ ഭാഗമായി പുതിയ പച്ചത്തുരുത്തുകളിൽ അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനും പ്രാദേശിക ജൈവവൈവിധ്യത്തിന്റെ ഭാഗമായുള്ള വൃക്ഷത്തൈകൾ നടുന്നതിനും ഊന്നൽ നൽകുന്നതിനും ശ്രമമുണ്ടായി. ഇത് കൂടാതെ നിലവിലുണ്ടായിരുന്നതും പുതുതായി സ്ഥാപിക്കപ്പെടുന്നതുമായ പച്ചത്തുരുത്തുകളിൽ ഹരിതകേരളം മിഷൻ പ്രതിനിധികൾ കൃത്യമായ ഇടവേളകളിൽ പുനഃസന്ദർശനം നടത്തുകയും തൈകൾ നഷ്ടപ്പെട്ടിട്ടുണ്ട് എങ്കിൽ അവിടെ പുതിയ തൈകൾ നട്ടു പിടിപ്പിക്കുന്നതിനും ജൈവവേലി സാധ്യമായ ഇടങ്ങളിൽ അത് നട്ടുപിടിപ്പിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു ഇതനുസരിച്ചാണ് പച്ചത്തുരുത്തുകളുടെ നിലവിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തിയുടെ ഭാഗമായിട്ടാണ് ബഹുഭൂരിപക്ഷം പച്ചത്തുരുത്തുകളും സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഇതുകൂടാതെ നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളുടെ സേവനവും പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്നതിനും തുടർ പരിപാലനത്തിനും ലഭ്യമാക്കപ്പെട്ടിട്ടുണ്ട്. ഈ ക്യാമ്പയിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഉയർന്ന ഉദ്യോഗസ്ഥരുൾപ്പെടെ പങ്കെടുത്ത നിരവധി ആശയ വിനിമയ പരിപാടികൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രായോഗിക തലത്തിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരമാവധി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

പച്ചത്തുരുത്തുകളുടെ കൈപുസ്തകത്തിൽ തന്നെ പച്ചത്തുരുത്തുകളുടെ സ്ഥാപനത്തിനും

അവയുടെ പരിപാലനത്തിനും തുടർസംരക്ഷണത്തിനും ഒരു സംഘാടക സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അത് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പൊതു സമൂഹത്തിന് ഉപകാരപ്രദമായി മാറ്റുന്നതിന് സഹായകരമായിരിക്കും. ഇത് പ്രാവർത്തികമായ സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ അത് ഉദ്ദേശിച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്.

സാമൂഹ്യ വനവൽക്കരണ വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ ഭാഗമായുള്ള നഴ്സറികൾ, ജെ.എൻ.ടി.ബി.ജി.ആർ.ഐ., മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, കെ.എഫ്.ആർ.ഐ, സംസ്ഥാന ഔഷധ സസ്യബോർഡ് എന്നീ ഏജൻസികൾ മുഖേനയാണ് പച്ചത്തുരുത്തുകൾക്ക് ആവശ്യമായ തൈകൾ സൗജന്യമായി ലഭ്യമാക്കിയത്. ചിലയിടങ്ങളിൽ കൃഷിവകുപ്പിൽ നിന്നും മറ്റ് സ്വകാര്യ ഏജൻസികളിൽ നിന്നും സ്വകാര്യ വ്യക്തികൾ നൽകിയ തൈകൾ ഉപയോഗിച്ചും പച്ചത്തുരുത്തുകൾ തയ്യാറാക്കിയിട്ടുണ്ട്.

മിക്ക പച്ചത്തുരുത്തുകളും പൊതുസ്ഥലങ്ങളിലാണ് സ്ഥാപിക്കപ്പെട്ടതെങ്കിലും 70 പച്ചത്തുരുത്തുകൾ സ്വകാര്യ ഭൂമിയിൽ സ്ഥാപിക്കപ്പെട്ടവയാണ്. ജെ.എൻ.ടി.ബി.ജി.ആർ.ഐ., മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, കെ.എഫ്.ആർ.ഐ എന്നീ ഏജൻസികളിൽ നിന്നും അപൂർവവും വംശനാശ ഭീഷണിയുള്ളതുമായ സസ്യങ്ങൾ (RET Rare, Endangered, and Threatened plants) വിഭാഗത്തിലുള്ള തൈകൾ പച്ചത്തുരുത്തുകളിലേക്ക് ലഭ്യമാക്കി.

സ്ഥാപിക്കപ്പെട്ട പച്ചത്തുരുത്തുകളിൽ ഭൂരിഭാഗവും നല്ല അവസ്ഥയിൽ നിലനിൽക്കുന്നുണ്ട് എന്നാലും ചെറിയ ശതമാനം പച്ചത്തുരുത്തുകൾ വെള്ളപ്പൊക്കം, വരൾച്ച, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ മതിയായ പരിചരണം നൽകുന്നതിൽ ഉണ്ടായിട്ടുള്ള വീഴ്ച എന്നിവ കാരണം വീണ്ടെടുക്കാനാകാത്ത രീതിയിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ചില തദ്ദേശഭരണ സ്ഥാപന പ്രദേശങ്ങളിൽ സാമൂഹ്യ വിരുദ്ധരുടെ ആക്രമണം കൊണ്ട് വൃക്ഷതൈകൾക്ക് നാശം സംഭവിക്കുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ട്.

പച്ചത്തുരുത്ത് ക്യാമ്പയിന്റെ ഭാഗമായി കണ്ടൽകാടുകളുടെ വിസ്തൃതി വ്യാപനവും സംരക്ഷണവും നടപ്പിലാക്കി വരുന്നു. റെയിൽവേ വികസനത്തിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നിന്നും നഷ്ടപ്പെടുന്ന കണ്ടൽ കാടുകൾക്ക് പകരം മൂന്നിരട്ടി വിസ്തൃതിയിൽ പുതിയ കണ്ടലുകൾ വച്ചുപിടിപ്പിക്കണം എന്ന ആവശ്യവുമായി ദക്ഷിണ റെയിൽവേ ഹരിതകേരളം മിഷനെ സമീപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ടൽ വ്യാപന രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് രണ്ട് ശില്പശാലകൾ സംഘടിപ്പിക്കുകയും കണ്ടൽ സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ സ്ഥലങ്ങളിൽ വിദഗ്ധർ സന്ദർശിക്കുകയും അവിടെ അനുയോജ്യമായ കണ്ടൽ ഇനങ്ങൾ ഏതൊക്കെയെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത് രേഖപ്പെടുത്തി വിശദമായൊരു പ്രോജെക്റ്റ് പ്രൊപ്പോസൽ ഹരിതകേരളം മിഷൻ തയ്യാറാക്കി റെയിൽവേയ്ക്ക് നൽകുകയും അത് റയിൽവേ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ കണ്ടൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

| സതേൺ റയിൽവേയുടെ ധനസഹായത്തോടെ സ്ഥാപിക്കുന്ന കണ്ടൽ പച്ചത്തുരുത്തുകൾ | | | |
|---|---|---|---|
| ക്രമ നം | ജില്ല | തെരഞ്ഞെടുക്കപ്പെട്ട ത.സ്വ.ഭ സ്ഥാപനത്തിന്റെ പേര് | കണ്ടെത്തിയ സ്ഥലത്തിന്റെ വിസ്തൃതി (കി.മി) |
| 1 | കൊല്ലം | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 12 |
| 2 | | നെടുമ്പന ഗ്രാമപഞ്ചായത്ത് | 0.5 |
| 3 | | ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് | 1 |
| 4 | | തേവലക്കര ഗ്രാമപഞ്ചായത്ത് | 1 |
| 5 | | നീണ്ടകര ഗ്രാമപഞ്ചായത്ത് | 0.2 |
| 6 | | കരുനാഗപ്പള്ളി നഗരസഭ | 1.5 |
| 7 | ആലപ്പുഴ | പുറക്കാട് ഗ്രാമപഞ്ചായത്ത് | 2 |
| 8 | | അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്ത് | 2 |
| 9 | | അമ്പലപ്പുഴ നോർത്ത് ഗ്രാമപഞ്ചായത്ത് | 1 |
| 10 | | പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് | 2 |
| 11 | | പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്ത് | 2 |
| 12 | എറണാകുളം | ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | 2 |

ഹരിതകേരളം മിഷന്റെ ഭാഗമായി സ്ഥാപിച്ച മികച്ച പച്ചത്തുരുത്തുകൾക്ക് ആദരവ് നൽകുന്നതിനായി 8 വിഭാഗങ്ങളിലെ മികച്ച പച്ചത്തുരുത്തുകൾക്ക് ആദരവ് നൽകുന്നതിന് തീരുമാനിച്ചു. ഇതിനായി ഒരു മാനദണ്ഡം തയ്യാറാക്കുകയും ഈ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തികൊണ്ട് ജില്ലാതലത്തിൽ ഒരു ആദരവ് നിർണ്ണയ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ജില്ലകളിൽ നിന്നും തെരെഞ്ഞെടുത്ത മികച്ച പച്ചത്തുരുത്തുകളെ സംസ്ഥാനതലത്തിൽ നടക്കുന്ന സ്ക്രീനിങ്ങിലേക്ക് പരിഗണിക്കുകയും സംസ്ഥാനതല ജൂറിയുടെ മുൻപാകെ അവതരണം നടത്തുകയും തെരെഞ്ഞെടുത്ത മികച്ച പച്ചത്തുരുത്തുകൾക്ക് ബഹു.മുഖ്യമന്ത്രി 2025 സെപ്റ്റംബർ 16നു അവാർഡ് നൽകുകയും ചെയ്തു.

## 5.3.4. ദേവഹരിതം -ആരാധനാലയങ്ങളിലെ കൃഷി

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആരാധനാലയങ്ങളുമായി സഹകരിച്ച് നടപ്പിലാക്കുന്ന സുപ്രധാനമായ കാർഷിക പദ്ധതിയാണ് 'ദേവഹരിതം'. ദേവാലയങ്ങളുടെ ഉടമസ്ഥതയിലുള്ള ഏകദേശം 3,000 ഏക്കറോളം വരുന്ന തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ഉദ്യമം ആരംഭിച്ചത്. 2019-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ തുടക്കം കുറിച്ച ഈ ക്യാമ്പയിൻ, ക്രമേണ മലബാർ ദേവസ്വം

ബോർഡിന്റെ പരിധിയിലുള്ള ക്ഷേത്രങ്ങളിലേക്കും ഇതര മതസ്ഥരുടെ ആരാധനാലയങ്ങളിലേക്കും വ്യാപിച്ചു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 140 ദേവാലയങ്ങളിലായി 136.11 ഏക്കർ വിസ്തൃതിയിൽ കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി 103 ദേവഹരിതം പച്ചത്തുരുത്തുകളും സ്ഥാപിക്കപ്പെട്ടു. 2025 ജൂലൈ 17-ന് ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ ചെറുതും വലുതുമായ 47 ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി നടത്തിയ സമ്പൂർണ്ണ ദേവഹരിത പ്രഖ്യാപനം പദ്ധതിയുടെ ശ്രദ്ധേയമായ നേട്ടമാണ്.

ആരാധനാലയങ്ങളിലെ പൂജയ്ക്കും നിവേദ്യത്തിനുമായി ഉപയോഗിക്കുന്ന പൂച്ചെടികൾ, ഔഷധ സസ്യങ്ങൾ എന്നിവയ്ക്ക് പുറമെ പച്ചക്കറികൾ, കരനെല്ല്, വാഴ, തെങ്ങ്, എള്ള് തുടങ്ങിയ വിളകളും ഈ പദ്ധതിയിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ വനവൽക്കരണ വകുപ്പ്, സഹകരണ വകുപ്പ് എന്നിവയുടെയും പൊതുജനങ്ങളുടെയും ഏകോപിത ശ്രമത്തിലൂടെയാണ് പദ്ധതി മുന്നേറുന്നത്. ചെടികൾ നട്ടുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെയും വനംവകുപ്പിന്റെയും സേവനം വലിയ തോതിൽ പ്രയോജനപ്പെടുത്തുന്നുണ്ട്.

ആലപ്പുഴ ജില്ലയിലെ മേജർ പത്തിയൂർ ശ്രീ മഹാ ദുർഗ്ഗാ ക്ഷേത്രത്തിൽ നടത്തിയ പ്രവർത്തനങ്ങൾ പദ്ധതിയുടെ വിജയഗാഥകളിൽ ഒന്നാണ്. ഇവിടെ രണ്ടേക്കർ സ്ഥലത്ത് കായംകുളം ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നുള്ള ‘ഭാഗ്യ’ എന്ന നെൽവിത്ത് ഉപയോഗിച്ച് നടത്തിയ കരനെല്ല് കൃഷി മികച്ച വിളവ് നൽകി. ശാസ്ത്രീയമായ വളപ്രയോഗത്തിലൂടെയും കീടനിയന്ത്രണത്തിലൂടെയും പൂർണ്ണമായും ജൈവരീതിയിലാണ് ഈ കൃഷി പൂർത്തിയാക്കിയത്. ആരാധനാലയങ്ങളെ കേവലം പ്രാർത്ഥനാ കേന്ദ്രങ്ങൾ എന്നതിലുപരി കാർഷിക ഉൽപ്പാദന കേന്ദ്രങ്ങളാക്കി മാറ്റാനും പരിസരങ്ങൾ ഹരിതാഭമാക്കാനും ദേവഹരിതം ക്യാമ്പയിൻ വഴി സാധിച്ചു.

**ദേവഹരിതം**

| ക്രമ നം | ജില്ല | ദേവഹരിതം പദ്ധതിയ്ക്കായി തെരെഞ്ഞെടുത്ത ക്ഷേത്രങ്ങളുടെ എണ്ണം | കൃഷി യോഗ്യമാക്കിയ ഭൂമി (ഏക്കറിൽ ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 55 | 8.67 |
| 2 | കൊല്ലം | 19 | 42.3 |
| 3 | പത്തനംതിട്ട | 6 | 7.8 |
| 4 | ആലപ്പുഴ | 8 | 30.7 |
| 5 | കോട്ടയം | 1 | 0.04 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 5 | 3.2 |

| | | | |
|---|---|---|---|
| 8 | തൃശ്ശൂർ | 5 | 5.25 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 4 | 7.3 |
| 11 | കോഴിക്കോട് | 4 | 5.3 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 10 | 9.73 |
| 14 | കാസർഗോഡ് | 23 | 15.82 |
| | ആകെ | 140 | 136.11 |

## 5.3.5. വ്യവസായ സ്ഥാപനങ്ങളിലെ കൃഷി

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തരിശുഭൂമി ഹരിതാഭമാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച ക്യാമ്പയിനാണിത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സഹകരണ സംഘങ്ങൾ, ട്രേഡ് യൂണിയനുകൾ എന്നിവരുടെ സഹായത്തോടെയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കി വരുന്നത്. നിലവിൽ 42 സ്ഥാപനങ്ങളിലായി 125.1 ഏക്കർ സ്ഥലത്ത് ഈ കാമ്പയിനിന്റെ ഭാഗമായി കൃഷി ചെയ്യാൻ സാധിച്ചു. വ്യവസായ സ്ഥാപനങ്ങളിൽ കാർഷിക വിളകളുടെ പരിചരണത്തിനായി തൊഴിലാളികളുടെ അഭാവം ഈ ക്യാമ്പയിന്റെ പ്രചാരണ ത്തിന് തടസ്സമായി. എന്നാൽ പരിമിതികൾക്കിടയിൽ നിന്ന് കാസറഗോഡ് ജില്ലയിലെ കെ.സി. സി.പി.എൽ കരിന്തളത്ത് 6 ഏക്കറിൽ നടത്തിയ പാഷൻ ഫ്രൂട്ട് ,കുറ്റിയാട്ടൂർ മാവ് എന്നിവയുടെ കൃഷി ശ്രദ്ധേയമാണ്. തിരുവനന്തപുരം ജില്ലയിലെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ 2019ൽ ഈ ക്യാമ്പയിൻ ആരംഭിച്ചത് മുതൽ തുടങ്ങിയ കാർഷിക സംരക്ഷണ പ്രവർത്തനങ്ങൾ ഇപ്പോൾ വളരെയധികം വിസ്തൃതിയിൽ വ്യാപകമായിട്ടുണ്ട്. വളരെ മാതൃകാപ രമായ ഈ പ്രവർത്തനത്തിന്റെ ഭാഗമായി ഏകദേശം 10 ഏക്കറിലധികം സ്ഥലത്ത് കരനെല്ല്, വാഴ, പച്ചക്കറി, ഫലവൃക്ഷങ്ങൾ, ഡ്രാഗൺ ഫ്രൂട്ട് തുടങ്ങിയവ നല്ല രീതിയിൽ കൃഷി ചെയ്ത് വിളവെടുക്കാൻ സാധിക്കുന്നു. കൂടാതെ ടൈറ്റാനിയത്തിലെ തൊഴിലാളികൾ തന്നെ നിർമ്മിച്ച പടുതാക്കുളങ്ങളിൽ മത്സ്യകൃഷിയും ചെയ്തു വരുന്നു. പുതുതായി കോഴി വളർത്തലും ടൈറ്റാ നിയത്തിൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ ഹരിതാഭമാക്കിയ പ്രവർത്തനങ്ങൾക്ക് ട്രാവൻകൂർ ടൈറ്റാനിയം ഒരു മാതൃക തന്നെയാണ്. രണ്ട് ഏക്കറിലധികം വിസ്തൃതിയിൽ പച്ചത്തു രുത്തും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ടൈറ്റാനിയത്തെ മാതൃകയാക്കി കൊല്ലം ജില്ലയിലെ കേരള മിനറൽസ് ആൻഡ് മെറ്റൽസ് മൈനിങ് കമ്പനിയും, ഇന്ത്യൻ റെയർ എർത്ത് ലിമിറ്റഡും ഹരിതകേരളം മിഷനെ സമീപിക്കുകയും ടൈറ്റാനിയം മോഡലിൽ പ്രവർ ത്തനങ്ങൾ നടപ്പിലാക്കണമെന്ന് അറിയിക്കുകയും ചെയ്തു. ആദ്യഘട്ടമെന്ന നിലയിൽ ഇവിടെ ഖനനം കഴിഞ്ഞ ഭൂമിയിൽ യഥാക്രമം 20 ഏക്കറിലും 30 ഏക്കറിലുമായി പച്ചത്തുരുത്തുകൾ ആരംഭിക്കുകയും ചെയ്തു.

| വ്യവസായ സ്ഥാപന കൃഷി | | | |
|---|---|---|---|
| ക്രമ നം | ജില്ല | വ്യവസായ സ്ഥാപന കൃഷിയ്ക്കായി തെരെഞ്ഞെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | കൃഷി യോഗ്യമാക്കിയ ഭൂമി (ഏക്കറിൽ ) |
| 1 | തിരുവനന്തപുരം | 7 | 12.45 |
| 2 | കൊല്ലം | 8 | 42.75 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 3 | 10.1 |
| 5 | കോട്ടയം | 3 | 7 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 5 | 9 |
| 8 | തൃശ്ശൂർ | 4 | 11.7 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 4 | 7.05 |
| 11 | കോഴിക്കോട് | 4 | 7.05 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 3 | 12 |
| 14 | കാസർഗോഡ് | 1 | 6 |
| | ആകെ | 42 | 125.1 |
| | | | |

## 5.3.6. 'തെങ്ങിന് തടം മണ്ണിന് ജലം': ജലസംരക്ഷണത്തിനും കാർഷിക പുനരുജ്ജീവനത്തിനും ഒരു ജനകീയ ക്യാമ്പയിൻ

കേരളത്തിന്റെ മുഖ്യവിളയായ തെങ്ങിന് പരമ്പരാഗതമായി ചെയ്തിരുന്ന ഒരു വാർഷിക കാർഷിക പ്രവർത്തനമാണ് തടമെടുക്കൽ. കേരളത്തിലെ കാലവർഷ തുലാവർഷ മഴകളെ അടിസ്ഥാനമാക്കി ചെയ്തു വന്നിരുന്ന ഈ പ്രവർത്തനം മഴവെള്ള സംഭരണം, തെങ്ങിന്റെ വളർച്ച എന്നിവയ്ക്ക് ഉപകാരപ്രദമായിരുന്നു. എന്നാൽ കാലക്രമേണ ആളോഹരി ഭൂമിയുടെ വിസ്തൃതി കുറഞ്ഞതും അതുവഴി നാളികേരത്തിൽ നിന്നുള്ള വരുമാനം ഒരു മുഖ്യ വരുമാന സ്രോതസല്ലാതെ മാറിയതും, തൊഴിലാളികളുടെ ലഭ്യതക്കുറവും ഉൾപ്പെടെയുള്ള വിവിധ കാരണങ്ങൾ കൊണ്ട് തെങ്ങിന് യഥാക്രമം തടമെടുക്കുന്ന പ്രവർത്തനം നിലച്ച മട്ടാണ്. ആവശ്യമായ ജലലഭ്യത തെങ്ങിന്റെ ഉൽപാദനത്തെ

നേരിട്ട് ബാധിക്കുന്ന ഒരു ഘടകമാണ്. അതുകൊണ്ട് തന്നെ ജലസേചന സൗകര്യമില്ലാത്ത തെങ്ങുകൾക്ക് യഥാസമയം തടമെടുത്ത് അവയ്ക്ക് മഴ വെള്ളം ലഭ്യമാക്കാതിരിക്കുന്നത് അവയുടെ ഉൽപാദന ക്ഷമതയെ ബാധിക്കുമെന്നത് ഒരു വസ്തുതയാണ്. തടമെടുക്കുന്നതിനോടൊപ്പം ചെയ്യുന്ന പ്രവർത്തനമായ തൊണ്ടും ഓലയും കരിയിലയും കൊണ്ട് പുതയിടൽ ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ മണ്ണിന്റെ ജൈവാംശം കൂട്ടി അതുവഴി ജല ആഗിരണ ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല ബാഷ്പീകരണം പരിമിതപ്പെടുത്തുന്നതിനും സഹായിക്കും എന്ന ആശയം പ്രചരിപ്പിക്കാനാണ് ഹരിതകേരളം മിഷൻ ശ്രമിച്ചത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാർജിനൽ ബണ്ട്, ഫീൽഡ് ബണ്ട് എന്നിവ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ സാധ്യമായ ഇടങ്ങളിൽ ആ പദ്ധതിയുടെ ഭാഗമായിട്ടും സന്നദ്ധ പ്രവർ ത്തനം ഉൾപ്പെടെയുള്ള പരമാവധി ജനപങ്കാളിത്തത്തോടും കൂടിയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കിയത്. ഈ ക്യാമ്പയിനിൽ ശ്രദ്ധേയ പ്രവർത്തനം കാഴ്ച വച്ചത് കാസറഗോഡ്, വയനാട്, കോഴിക്കോട്, തൃശൂർ ജില്ലകളാണ്. വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ദാസനക്കര വാർഡിൽ 2000 തെങ്ങുകൾ പൂർണ്ണമായും സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ തടമെടുത്തത് മാതൃകാപരമായ പ്രവർത്തനമാണ്. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധപ്രവർത്തകർ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവരുടെ ഭാഗമായാണ് ഈ പ്രവർത്തനം നടപ്പിലാക്കിയത്.

**തെങ്ങിന് തടം മണ്ണിനു ജലം**

| ക്രമ നം | ജില്ല | പദ്ധതി നടപ്പിലാക്കിയ വാർഡുകളുടെ എണ്ണം | ആദരിക്കപ്പെട്ട കർഷക തൊഴിലാളികളുടെ എണ്ണം | പങ്കെടുത്ത സന്നദ്ധ പ്രവർത്തകരുടെ ആകെ എണ്ണം | സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ തടമെടുത്ത തെങ്ങുകളുടെ എണ്ണം | തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപെടുത്തി തടമെടുത്ത തെങ്ങുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 27 | 26 | 2516 | 2760 | 61 |
| 2 | കൊല്ലം | 7 | 1 | 515 | 1346 | 914 |
| 3 | പത്തനംതിട്ട | 7 | 39 | 215 | 83 | 0 |
| 4 | ആലപ്പുഴ | 2 | 6 | 3 | 266 | 0 |
| 5 | കോട്ടയം | 0 | 0 | 0 | 0 | 0 |
| 6 | ഇടുക്കി | 0 | 0 | 0 | 0 | 0 |
| 7 | ഏറണാകുളം | 8 | 57 | 269 | 475 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 8 | തൃശൂർ | 9 | 1 | 393 | 8663 | 0 |
| 9 | പാലക്കാട് | 4 | 9 | 138 | 67 | 33 |
| 10 | മലപ്പുറം | 8 | 49 | 248 | 163 | 0 |
| 11 | കോഴിക്കോട് | 18 | 0 | 853 | 11523 | 0 |
| 12 | വയനാട് | 1 | 1 | 204 | 2000 | 0 |
| 13 | കണ്ണൂർ | 11 | 48 | 1031 | 541 | 1994 |
| 14 | കാസറഗോഡ് | 47 | 0 | 3161 | 67193 | 12003 |
| | | 149 | 237 | 9546 | 95080 | 15005 |

## 5.3.7. ഒരു തൈ നടാം – ജനകീയമായ വൃക്ഷവത്കരണം

ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ ഫലപ്രദമായി സംഘടിപ്പിച്ച ക്യാമ്പയിനാണ് ഒരു തൈ നടാം. ബഹു.മുഖ്യമന്ത്രിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം സംഘടിപ്പിച്ച ക്യാമ്പയിനാണിത്. ഈ ക്യാമ്പയിനാവശ്യമായ ഒരു മാർഗ്ഗരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് ക്യാമ്പയിൻ സംഘടിപ്പിക്കപ്പെട്ടത്. ക്യാമ്പയിൻ വിഭാവനം ചെയ്ത സന്ദർഭത്തിൽ ആവശ്യമായ വൃക്ഷതൈകൾ സർക്കാർ ഏജൻസികളിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ 60 ലക്ഷം തൈകൾ ജനങ്ങളുടെ ഇടയിൽ നിന്നും തന്നെ ശേഖരിച്ച് കൈമാറുന്നതിനും ബാക്കി 40 ലക്ഷം തൈകളിൽ 20 ലക്ഷം വീതം തൈകൾ മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയും, സാമൂഹ്യ വനവൽക്കരണ വകുപ്പ് വഴിയും ലഭ്യമാക്കുന്നതിനും ധാരണയായി. തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വകുപ്പിന് പ്രത്യേകം ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും ഉണ്ടായി.

2025 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ ബഹു.മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ്ഹൗസ് വളപ്പിനുള്ളിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ബോട്ടണി വിഭാഗം പ്രത്യേകം തയ്യാറാക്കിയ ആർ.ഇ.ടി വിഭാഗത്തിലുള്ള കുളമാവ്, ആറ്റുപുന്ന, ഉണ്ടപൈൻ, കമ്പകം, പൊന്നുഞാവൽ എന്നീ തൈകൾ നട്ടുകൊണ്ടാണ് ബഹു.മുഖ്യമന്ത്രി ഒരു തൈ നടാം ക്യാമ്പയിൻ ഉദ്ഘാടനം ചെയ്തത്. തുടർന്ന് സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമ്മസേനാ പ്രവർത്തകർ, സർക്കാർ ജീവനക്കാർ, റഡിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൾ, വായനശാലകൾ, സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ എന്നിവരെല്ലാം ചേരുന്ന ഒരു ക്യാമ്പയിനിലൂടെ നിശ്ചിത സമയത്ത് ലക്ഷ്യം നേടാനാണ് തീരുമാനിച്ചത്.

വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭ്യമാക്കുന്ന തൈകൾക്ക് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പൊതുജനങ്ങളിൽ നിന്നും ജനകീയമായി തൈകൾ ശേഖരിക്കുന്ന രീതിയിലാണ് ക്യാമ്പയിൻ ആസൂത്രണം ചെയ്തത്.

കൂടാതെ സ്കൂളുകളിൽ കുട്ടികൾ ശേഖരിച്ചുകൊണ്ടുവരുന്ന വൃക്ഷത്തൈകളുടെ കൈമാറ്റം 'ചങ്ങാതിക്കൊരു തൈ' എന്ന പേരിൽ ഉപ ക്യാമ്പയിനായും സംഘടിപ്പിച്ചു.

60 ലക്ഷം തൈകളാണ് ജനകീയമായി കൈമാറാൻ ഉദ്ദേശിച്ചത് എങ്കിലും 71,92,925 തൈകൾ ജനകീയമായി സംസ്ഥാനത്ത് ശേഖരിച്ചിട്ടുണ്ട്. ഇതോടൊപ്പം 10,45,704 തൈകൾ സർക്കാർ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ ശേഖരിച്ച 82,38,629 തൈകൾ വിവിധ ഇടങ്ങളിൽ നട്ടിട്ടുണ്ട്. അതോടൊപ്പം തന്നെ സാമൂഹ്യ വനവൽക്കരണ വകുപ്പിൽ നിന്നും 13,21,690 തൈകളും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 10,98,47 തൈകളും ലഭ്യമാക്കി. ഈ ക്യമ്പയിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 1,06,58,790 തൈകൾ നടാൻ സാധിച്ചു.

**ഒരു തൈ നടാം**

| ജില്ലാ | ജനകീയം | | | ക്യാമ്പയിനായി സർക്കാർ തുക നൽകി ലഭ്യമായ തൈകളുടെ എണ്ണം | | | ആകെ ശേഖരണം / നട്ട തൈകൾ |
|---|---|---|---|---|---|---|---|
| | ജനകീയം | മറ്റ് വകുപ്പ് / ഏജൻസി | ആകെ | സാമൂഹ്യ വനവൽക്കരണം | തൊഴിലുറപ്പ് | ആകെ | |
| തിരുവനന്തപുരം | 792769 | 81767 | 874536 | 55060 | 62755 | 117815 | 992351 |
| കൊല്ലം | 55880 | 276079 | 331959 | 74750 | 47889 | 122639 | 454598 |
| പത്തനംതിട്ട | 199524 | 53610 | 253134 | 79800 | 61553 | 141353 | 394487 |
| ആലപ്പുഴ | 366106 | 650 | 366756 | 76543 | 347281 | 423824 | 790580 |
| കോട്ടയം | 321905 | 101308 | 423213 | 107000 | 14886 | 121886 | 545099 |
| ഇടുക്കി | 476997 | 36380 | 513377 | 48660 | 33618 | 82278 | 595655 |
| എറണാകുളം | 718338 | 112450 | 830788 | 150000 | 45028 | 195028 | 1025816 |
| തൃശ്ശൂർ | 774014 | 92069 | 866083 | 100000 | 29659 | 129659 | 995742 |
| പാലക്കാട് | 830506 | 89580 | 920086 | 97461 | 35000 | 132461 | 1052547 |
| മലപ്പുറം | 777064 | 79027 | 856091 | 108314 | 27308 | 135622 | 991713 |
| കോഴിക്കോട് | 583989 | 50234 | 634223 | 130490 | 57296 | 187786 | 822009 |
| വയനാട് | 103625 | 40450 | 144075 | 18370 | 222777 | 241147 | 385222 |
| കണ്ണൂർ | 713,995 | 112,074 | 826,069 | 22,100 | 98190 | 120,290 | 946,359 |
| കാസർഗോഡ് | 302829 | 95410 | 398239 | 253142 | 15231 | 268373 | 666612 |
| ആകെ | 7192925 | 1045704 | 8238629 | 1321690 | 1098471 | 2420161 | 10658790 |

ഒരു കോടി വൃക്ഷതൈകളുടെ നടീൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം തൃശൂർ ടൗൺ ഹാളിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു ഇപ്പോഴും ചുരുക്കം സ്ഥലങ്ങളിൽ ഈ ക്യാമ്പയിന്റെ ഭാഗമായ വൃക്ഷത്തൈ വിതരണം ചെറിയ തോതിൽ നടക്കുന്നുണ്ട്.

ഈ ക്യാമ്പിയിന്റെ ഭാഗമായി നട്ട വൃക്ഷത്തൈകളിൽ 10% തൈകളിൽ ജിയോടാഗിംഗ് നടത്തുന്നതിന് സാങ്കേതിക സർവ്വകലാശാലയിലെ നാഷണൽ സർവ്വീസ് സ്കീം പ്രവർത്തകർ മുന്നോട്ട് വന്നിരുന്നു. അവർ തന്നെ വികസിപ്പിച്ച സോഫ്റ്റ് വെയറിന്റെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ജിയോടാഗിംഗ് പ്രവർത്തനം പുരോഗമിച്ചു വരുന്നു. ഒരു തൈ നടാം ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് നട്ട വൃക്ഷങ്ങളെല്ലാം ഒരുമിച്ചായിരുന്നെങ്കിൽ അവ നൽകുന്ന വൃക്ഷമേലാപ്പ് (ട്രീ കവർ) കണക്കാക്കിയാൽ 21,000 ഏക്കർ മരം വച്ച് പിടിപ്പിച്ചതിന് തുല്യമായിരിക്കും.

## 5.3.8. 'ചങ്ങാതിക്കൊരു തൈ'

'ഒരു തൈ നടാം' ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഹൃദയസ്പർശിയായ ഉപക്യാമ്പയിനായിരുന്നു 'ചങ്ങാതിക്കൊരു തൈ'. വിദ്യാർത്ഥികൾ തമ്മിൽ വൃക്ഷത്തൈകൾ കൈമാറി, സൗഹൃദത്തോടൊപ്പം പരിസ്ഥിതി സ്നേഹവും പങ്കുവെച്ച ഈ പ്രവർത്തനം, പ്രകൃതിബോധം ബാല്യത്തിലേ ഉറപ്പിക്കാൻ സഹായിച്ചു.

ഇതിൽ പങ്കെടുത്ത വിദ്യാർത്ഥികൾ എല്ലാം തന്നെ വളരെ താൽപര്യപൂർവ്വവും ഉത്സാഹത്തോടുകൂടിയും പങ്കെടുത്തു എന്നതു തന്നെ ഈ ക്യാമ്പയിൻ ലക്ഷ്യം കൈവരിച്ചു എന്ന നിഗമനത്തിലെത്തുന്നിന് വസ്തുതാപരമായ ഘടകമാണ്. വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണെന്നും അവ സംരക്ഷിക്കേണ്ടതാണെന്നുമുള്ള ഉപദേശം കുട്ടികളിലേക്ക് എത്തിക്കുന്നതിന് ഈ ക്യാമ്പയിൻ കൊണ്ട് കഴിഞ്ഞു എന്നത് നിസ്സംശയം പറയാം.

സംസ്ഥാനത്തുടനീളം 28,330 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'ചങ്ങാതിക്കൊരു തൈ' ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇതിലൂടെ 22,23,334 വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ പരസ്പരം കൈമാറി. കേരളത്തിലെ 10,985 വിദ്യാലയങ്ങളിൽ (74.42%) 'ചങ്ങാതിക്കൊരു തൈ' ക്യാമ്പയിനിലൂടെ 19,33,817 തൈകൾ കൈമാറി. ഇതോടൊപ്പം, 505 കോളേജുകളിൽ 68,927 തൈകളും, 16,840



അങ്കണവാടികളിലൂടെ 2,20,590 തൈകളും വിദ്യാർത്ഥികൾ തമ്മിൽ കൈമാറി. ഒരു തൈ കൈമാറുമ്പോൾ, അത് വെറും ഒരു ചെടിയെന്നതിലപ്പുറം സൗഹൃദത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും നാളെയോടുള്ള വാഗ്ദാനമായി അത് മാറി.

# 5.4. മറ്റ് സവിശേഷ പ്രവർത്തനങ്ങൾ

## 5.4.1. 'നീലക്കുറിഞ്ഞി' ജൈവ വൈവിധ്യ പഠനോത്സവ ക്യാമ്പ്

പ്രകൃതിയുമായി മനുഷ്യന്റെ ബന്ധം ഇന്ന് പുതിയൊരു തിരിച്ചറിവിന്റെ വഴിത്തിരിവിലാണ്. പ്രകൃതിയെ മനസ്സിലാക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പുതിയ തലമുറയെ വളർത്തിയെടുക്കേണ്ടത് കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ലോക ജൈവ വൈവിധ്യ ദിനത്തോടനുബന്ധിച്ച് നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'നീലക്കുറിഞ്ഞി' ജൈവ വൈവിധ്യ പഠനോത്സവ ക്യാമ്പ് 2024ലിലും 2025 ലും സംഘടിപ്പിച്ചത്.

ഈ പഠനോത്സവം പ്രകൃതിയെ നേരിട്ട് അനുഭവിക്കുകയും പഠിക്കുകയും ചെയ്യുന്നതിനുള്ള ഒരു ക്യാമ്പ് ആയി മാറിയിട്ടുണ്ട്. എല്ലാ ബ്ലോക്കുകളിലും ജൈവ വൈവിധ്യ വിജ്ഞാനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന മെഗാക്വിസ് പരിപാടിയാണ് ഈ സംരംഭത്തിന്റെ ആദ്യഘട്ടം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് ജൈവ വൈവിധ്യത്തെക്കുറിച്ചുള്ള അറിവ് വികസിപ്പിക്കാനും അവരുടെ കൗതുകം ഉണർത്താനും ഈ ക്വിസ് വേദിയാകും. ഈ മത്സരത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 60 കുട്ടികൾക്ക് നീലക്കുറിഞ്ഞി പഠനോത്സവ ക്യാമ്പിൽ പങ്കെടുക്കാനുള്ള അപൂർവ്വ അവസരമാണ് ലഭിക്കുന്നത്.

പഠനോത്സവ ക്യാമ്പിന്റെ പ്രധാന ലക്ഷ്യം കുട്ടികളിൽ പ്രകൃതിയോടുള്ള അടുപ്പവും ഉത്തര



വാദിത്തബോധവും വളർത്തുകയെന്നതാണ്. കേരളത്തിന്റെ സമ്പന്നമായ ജൈവ വൈവിധ്യം പശ്ചിമഘട്ടത്തിന്റെ അപൂർവ സസ്യജാലങ്ങളും ജീവജാലങ്ങളും, നീലക്കുറിഞ്ഞിപോലുള്ള അതുല്യമായ അത്ഭുതങ്ങളും കുട്ടികൾക്ക് നേരിട്ട് പരിചയപ്പെടുത്തുകയാണ് ഈ ക്യാമ്പിന്റെ സവിശേഷത. ക്ലാസ് മുറികളിലെ പാഠപുസ്തകങ്ങൾക്കപ്പുറം, കാടുകളും മലകളും പുഴകളും തന്നെയാണ് ഇവിടെ അധ്യാപകർ.

ക്യാമ്പിൽ പ്രകൃതി പഠനയാത്രകൾ, വിദഗ്ധരുടെ ക്ലാസുകൾ, ഫീൽഡ് നിരീക്ഷണങ്ങൾ, ജൈവ വൈവിധ്യ രേഖപ്പെടുത്തൽ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടും. കുട്ടികൾക്ക് സസ്യങ്ങളെയും പക്ഷികളെയും കീടങ്ങളെയും തിരിച്ചറിയാൻ പരിശീലനം നൽകുകയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രായോഗിക മാർഗങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യും. കൂടാതെ, കൂട്ടായ പ്രവർത്തനങ്ങളിലൂടെ നേതൃത്വഗുണങ്ങളും പ്രവർത്തനശേഷിയും വളർത്താൻ ഈ ക്യാമ്പ് സഹായിക്കും.

ഈ സംരംഭത്തിന്റെ വലിയ ശക്തി ഇതിൽ പങ്കെടുക്കുന്ന കുട്ടികൾ നാളെയുടെ പരിസ്ഥിതി സംരക്ഷകരായി മാറുമെന്ന പ്രതീക്ഷയാണ്. ജൈവ വൈവിധ്യം സംരക്ഷിക്കുന്നത് സർക്കാർ സംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്വമല്ല, ഓരോ പൗരന്റെയും കടമയാണെന്ന ബോധം ചെറുപ്പത്തിൽ തന്നെ വളർത്തിയെടുക്കാൻ ഈ പഠനോത്സവം സഹായിക്കും.

ഭാവിയിൽ ഈ പഠനോത്സവത്തെ കൂടുതൽ വിപുലീകരിക്കാനുള്ള സാധ്യതകളും വലുതാണ്. സ്കൂളുകളുമായി ചേർന്ന് സ്ഥിരമായ ജൈവ വൈവിധ്യ ക്ലബ്ബുകൾ രൂപീകരിക്കൽ, കുട്ടികൾ തയ്യാറാക്കുന്ന പ്രാദേശിക ജൈവ വൈവിധ്യ രജിസ്റ്ററുകൾ സൂക്ഷിക്കൽ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി പഠന വിഭവങ്ങൾ പങ്കിടൽ എന്നിവ പോലുള്ള വികസന ദിശകൾ ഈ സംരംഭത്തെ കൂടുതൽ ശക്തിപ്പെടുത്തും. ഗ്രാമീണ മേഖലകളിലെ കുട്ടികൾക്കും സമാനമായ അവസരങ്ങൾ ഉറപ്പാക്കുന്നതിലൂടെ പരിസ്ഥിതി വിദ്യാഭ്യാസം കൂടുതൽ ഉൾക്കൊള്ളുന്നതാകാം.

'നീലക്കുറിഞ്ഞി' ജൈവ വൈവിധ്യ പഠനോത്സവം പ്രകൃതിയെ അറിയാനുള്ള ഒരു അവസരമാണ്. ഓരോ കുട്ടിയുടെയും മനസ്സിൽ ഒരു ചെറു വിത്തായി നട്ടുപിടിപ്പിക്കുന്ന പരിസ്ഥിതി ബോധം, ഭാവിയിൽ വലിയ ഹരിതവൃക്ഷങ്ങളായി വളരുമെന്ന പ്രത്യാശയാണ് ഈ സംരംഭം നൽകുന്നത്. പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സമൂഹം സൃഷ്ടിക്കാനുള്ള ഈ യാത്രയിൽ, ഇത്തരം പഠനോത്സവങ്ങൾ പ്രകാശമേകുന്ന വഴികാട്ടികളായി മാറുന്നു.

## 5.4.2. കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനം ലോക്ക്ഡൗൺ നിയന്ത്രണങ്ങളിലേക്ക് നീങ്ങിയപ്പോൾ, ഡിജിറ്റൽ സാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഹരിതകേരളം മിഷൻ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി 'ബ്രേക്ക് ദ ചെയിൻ' സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനൊപ്പം, വീട്ടിലിരിക്കുന്ന പൊതുജനങ്ങളെ കൃഷിയിലേക്കും മാലിന്യ സംസ്കരണത്തിലേക്കും ജലസംരക്ഷണത്തിലേക്കും തിരിച്ചുവിടാൻ മിഷന് സാധിച്ചു. ഇതിനായി ഫേസ്ബുക്ക് ലൈവ്, വെബിനാറുകൾ, വാട്സ്ആപ്പ് പോസ്റ്ററുകൾ, ലഘു വീഡിയോകൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു നൂതനമായ വിവര വിനിമയ രീതിയാണ് (IEC) അവലംബിച്ചത്. കോവിഡ്

കാലത്തെ കൃഷി, ഗാർഹിക മാലിന്യ സംസ്കരണം, കിഴങ്ങുവിളകളുടെ കൃഷിരീതി എന്നിവയെക്കുറിച്ച് വിദഗ്ധർ നയിച്ച ക്ലാസ്സുകൾ ജനങ്ങൾക്കിടയിൽ വലിയ താൽപ്പര്യം സൃഷ്ടിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ച ദേശീയ വെബിനാറുകളും ഫേസ്ബുക്ക് ലൈവ് പരമ്പരകളും ഈ കാലഘട്ടത്തിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങളായിരുന്നു. കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച വിവിധ പഞ്ചായത്തുകളെയും നഗരസഭകളെയും (ഉദാഹരണത്തിന് തില്ലങ്കേരി, കാട്ടാക്കട, കുന്നംകുളം) ഈ ചർച്ചകളിൽ ഉൾപ്പെടുത്തിക്കൊണ്ട് അവയുടെ വിജയഗാഥകൾ സംസ്ഥാനതലത്തിൽ പങ്കുവെച്ചു. കൂടാതെ, 'പച്ചത്തുരുത്ത്' പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ ലോക്ക്ഡൗൺ കാലത്തും തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഇത്തരം ഡിജിറ്റൽ ഇടപെടലുകൾ വലിയ കരുത്തേകി.

ജനങ്ങൾ വീടുകളിൽ ചെലവഴിക്കുന്ന സമയം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ഹരിതകേരളം മിഷൻ 'ലോക്ക്ഡൗൺ കാലത്തെ പച്ചക്കറി കൃഷി' എന്ന വിപുലമായ പദ്ധതി ആവിഷ്കരിച്ചു. ഈ ഉദ്യമത്തിലൂടെ ഓരോ വീടിന്റെയും മുറ്റത്തും മട്ടുപ്പാവിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് മിഷൻ സജീവമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിനൊപ്പം, മികച്ച രീതിയിൽ കൃഷി ചെയ്യുന്നവരുടെ ചിത്രങ്ങൾ മിഷന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെ പങ്കുവെച്ച് മറ്റുള്ളവർക്ക് പ്രചോദനം നൽകുകയും ചെയ്തു. എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിൽ എല്ലാ വീടുകളിലും പച്ചക്കറി കൃഷി ആരംഭിച്ചത് ഈ കാമ്പയിന്റെ വലിയ വിജയമായി മാറി.

ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും ഹരിതകർമ്മ സേനാംഗങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമാണ്. വീടുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുക, അവ തരംതിരിക്കുക, പുനഃചംക്രമണത്തിനായി നൽകുക തുടങ്ങിയ സുപ്രധാന ജോലികൾ ഇക്കാലയളവിലും മുടക്കം കൂടാതെ നടന്നു. വീടുകളിലെ ജൈവമാലിന്യ സംസ്കരണത്തിനുള്ള സാങ്കേതിക



സഹായവും മാർഗ്ഗനിർദ്ദേശങ്ങളും സേനാംഗങ്ങൾ കൃത്യമായി നൽകിപ്പോന്നു. ഇവരുടെ സുരക്ഷയും ആരോഗ്യവും മുൻനിർത്തി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ മിഷൻ പുറപ്പെടുവിക്കുകയും, ഫേസ്ബുക്ക് പോലുള്ള മാധ്യമങ്ങളിലൂടെ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

മാലിന്യ സംസ്കരണ മേഖലയിലെ മുൻനിര പോരാളികളായ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ആദരിക്കാനും അവരുടെ അനുഭവങ്ങൾ പൊതുസമൂഹത്തിന് മുന്നിലെത്തിക്കാനും മിഷൻ പ്രത്യേക ശ്രദ്ധ നൽകി. സംസ്ഥാനത്തെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ഹരിതകർമ്മസേനാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച ഫേസ്ബുക്ക് ലൈവ് പരിപാടികൾ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും മാലിന്യ സംസ്കരണത്തിലെ നൂതന മാതൃകകൾ മറ്റുള്ളവർക്ക് പകർന്നു നൽകാൻ സഹായിക്കുകയും ചെയ്തു. ലോക്ക്ഡൗൺ പരിമിതികൾക്കിടയിലും ആകാശവാണി, ദൂരദർശൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നിരന്തരമായി നടത്തിയ ഈ ഇടപെടലുകൾ കേരളത്തിന്റെ ഹരിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

ഈ പ്രതിസന്ധി ഘട്ടത്തിലും കാർഷിക മേഖലയ്ക്കും മാലിന്യ സംസ്കരണത്തിനും ഹരിതകേരളം മിഷൻ നൽകിയ മുൻഗണന കേരളത്തിന്റെ ഭക്ഷ്യസുരക്ഷയിലും ആരോഗ്യ സംരക്ഷണത്തിലും വലിയ സ്വാധീനം ചെലുത്തി. ഉദാഹരണമായി, കണ്ണൂർ ജില്ലയിൽ മികച്ച രീതിയിൽ വീട്ടുപച്ചക്കറി കൃഷി നടത്തിയവർക്ക് മിഷൻ സമ്മാനങ്ങൾ നൽകി ആദരിച്ചത് പ്രാദേശികമായ കാർഷിക സംസ്കാരം ശക്തിപ്പെടുത്തുന്നതിന് സഹായകമായി. ഒപ്പം, ഇത്തരത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള മിഷന്റെ ഇടപെടലുകൾ പ്രതിസന്ധികളെ അതിജീവിച്ച് സുസ്ഥിരമായ ഒരു ജീവിതശൈലി കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

## 5.4.3. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ലോകമെമ്പാടും പ്രത്യക്ഷത്തിൽ തന്നെ പ്രതിഫലിക്കുന്ന സാഹചര്യമാണിന്നുള്ളത്. പാരീസ് ഉടമ്പടി പ്രകാരം ഭൗമ അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് 1850 കളുടേതിൽ നിന്നും $1.5^{\circ}C$ അല്ലെങ്കിൽ ഈ നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ പരമാവധി $2^{\circ}C$-ൽ പരിമിതപ്പെടുത്താൻ ഉടമ്പടിയിൽ ഒപ്പിട്ട രാഷ്ട്രങ്ങൾ ബാധ്യസ്ഥരാണ്. ഇതുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും നിരവധിയായ ഇടപെടലുകൾ പ്രാവർത്തികമാക്കി വരികയാണ്. യൂണിയൻ ഗവൺമെന്റ് ദേശീയതലത്തിൽ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥ കൈവരിക്കുന്നതിനുള്ള ലക്ഷ്യമായി പ്രഖ്യാപിച്ചിരിക്കുന്നത് 2070 ആണ്. അതേ സമയം കേരള സർക്കാർ നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥ 2050 ഓടു കൂടി എത്തിച്ചേരാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**വീഡിയോ കാണാം**

കാർബൺ എമിഷൻ കുറയ്ക്കുന്നതിനും കാലാവസ്ഥ അനുരൂപണ (Adaptation) പ്രവർത്തനങ്ങൾക്കും കേന്ദ്രസർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹന ഉപയോഗത്തിന് നൽകുന്ന പ്രോത്സാഹനങ്ങൾ, പെട്രോളിൽ 20% എഥനോൾ കലർത്തി വിപണനം നടത്തുന്നത് എന്നിവയെല്ലാം ഇതിന് ചില ഉദാഹരണങ്ങൾ ആണ്.

നമ്മുടെ സംസ്ഥാനത്തും സംസ്ഥാന സർക്കാരിന്റെയും വൈദ്യുതി ബോർഡിന്റെയും അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ തുടങ്ങിയ ഏജൻസികളുടേയും പലതരത്തിലുള്ള ഇടപെടലുകൾ പ്രത്യക്ഷമായും പരോക്ഷമായും ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടത്തുന്ന വിവിധ ക്യാമ്പയിനുകൾ ഇതുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങളാണ്. വൈദ്യുതി ബോർഡ് എൽ.ഇ.ഡി. ബൾബുകളുടെ ഉപയോഗം വ്യാപകമാക്കുന്നതിനുവേണ്ടി നടത്തിയ ഇടപെടൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും അതിന്റെ ഫലമായി സംസ്ഥാത്തിന് പുറമേ നിന്നും വാങ്ങുന്ന വൈദ്യുതിമൂലമുണ്ടാകുന്ന കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനും കാരണമായിട്ടുണ്ട്. അനർട്ട്, ഇ.എം.സി. എന്നീ ഏജൻസികൾ നടത്തി വരുന്ന പ്രവർത്തനങ്ങളും ഇതേ രീതിയിൽ ഫോസിൽ ഇന്ധനാധിഷ്ഠിത വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്.




ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ കാർബൺ ഉദ്വമനം കുറയ്ക്കുന്നതിനുള്ള പ്രത്യക്ഷ പ്രവർത്തനങ്ങളൊന്നും ഏറ്റെടുത്തിരുന്നില്ല. അതേ സമയം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് പൊതുജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എല്ലാം തന്നെ കാർബൺ ഉദ്വമനം കുറയ്ക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങളാണ്. വെള്ളം, വൃത്തി, വിളവ് എന്നീ മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങൾ ഇതിനുദാഹരണങ്ങളാണ്. ജലാശയങ്ങളെയും നീർച്ചാലുകളെയും പുഴകളെയും മാലിന്യമുക്തമാക്കുന്നതിനും നീർച്ചാലുകളുടെ ഒഴുക്ക് വീണ്ടെടുക്കുന്നതിനുംവേണ്ടി നടത്തിയ ഇടപെടലുകൾ അവയിലെ മാലിന്യനിക്ഷേപം പരമാവധി കുറയ്ക്കുന്നതിനും അതിലൂടെ ആഗോളതാപനത്തിന് കാരണമായ ഹരിതഗൃഹ വാതകങ്ങളിൽ പ്രധാനപ്പെട്ട മീഥേൻ വാതകത്തിന്റെ ഉൽപാദനം കുറയ്ക്കുന്നതിനും സഹായകരമായിട്ടുണ്ട്. മാലിന്യ സംസ്കരണ രംഗത്ത് ഒരു ദശാബ്ദം മുൻപ് നഗര-ഗ്രാമ വ്യത്യാസമില്ലാതെ എല്ലാ പ്രദേശത്തും ജൈവമാലിന്യ കൂമ്പാരങ്ങൾ സർവ്വസാധാരണമായിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെയും മറ്റും പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ വിപുലവും നിരന്തരവുമായ പ്രവർത്തനങ്ങൾ ഈ മാലിന്യകൂമ്പാരങ്ങളെ ഏതാണ്ട് പൂർണമായും ഒഴുവാക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഏവർക്കും അറിയുന്നപോലെ ഈ ജൈവ മാലിന്യകൂമ്പാരങ്ങൾ തീവ്ര ആഗോളതാപനശേഷിയുള്ള ഹരിതഗൃഹ വാതകമായ മീഥെയ്ന്റെ സ്രോതസ്സുകളാണ്. അതുകൊണ്ട് തന്നെ മാലിന്യ സംസ്കരണ

രംഗത്ത് കഴിഞ്ഞ ഒരു ദശാബ്ദക്കാലം സംസ്ഥാനത്ത് നടന്ന വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടലായി തന്നെ വിശേഷിപ്പിക്കാവുന്നതാണ്.

കാർഷിക രംഗത്ത് ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളായ തരിശുരഹിതഗ്രാമം, ഹരിതസമൃദ്ധി വാർഡ് എന്നീ ക്യാമ്പയിനുകൾ ഹരിത ഗൃഹവാതക ഉദ്വമനത്തെ ചെറിയ തോതിലെങ്കിലും പരിമിതപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. ജൈവമാലിന്യങ്ങൾ കുന്നുകൂടിയ തരിശുഭൂമികളിൽ കൃഷി ഇറക്കിയതോടുകൂടി മാലിന്യത്തിൽ നിന്നുള്ള ഉദ്വമനം കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. അതുപോലെ ഗാർഹികതലത്തിൽ ഉറവിടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യം പ്രയോജനപ്പെടുത്തി നടന്നുവരുന്ന പച്ചക്കറികൃഷിയും ഇത്തരത്തിൽ മാലിന്യത്തിൽ നിന്നുള്ള ഉദ്വമനം കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. നിലവിൽ കരയിൽ അന്തരീക്ഷത്തിലെ കാർബൺ നീക്കം ചെയ്യൽ പ്രക്രിയയിൽ പ്രധാന പങ്ക് വഹിക്കുന്നത് വൃക്ഷങ്ങളാണ്. താരതമ്യേന എളുപ്പത്തിലും വലിയ ചെലവില്ലാതെയും കാർബൺ നീക്കം ചെയ്യാൻ സഹായിക്കുന്ന ഒരു മനുഷ്യസാധ്യമായ ഇടപെടലാണ് വൃക്ഷവത്കരണം. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഒരു കോടി വൃക്ഷത്തൈ നടീൽ, പച്ചത്തുരുത്ത് എന്നീ ക്യാമ്പയിനുകളിലൂടെ ഗണ്യമായ ഒരു ഇടപെടൽ ഈ മേഖലയിൽ നടത്തുന്നതിന് മിഷന് സാധ്യമായിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള ഒരു ക്യാമ്പയിൻ ആവശ്യമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിന് ഹരിതകേരളം മിഷൻ തുടക്കമിട്ടത്. ഇതിനുവേണ്ടി ആദ്യമായി കാലാവസ്ഥ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയുന്ന പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടേയും ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി കൊണ്ടുള്ള ശില്പശാല സംഘടിപ്പിച്ചിരുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ നെറ്റ് സീറോ എമിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സഹായകരമാകുന്ന രീതിയിൽ ഒരു നിർവ്വഹണ രൂപരേഖയുടെ കരട് ശില്പശാലയിൽ തയ്യാറാക്കുകയും തുടർന്ന് നടന്ന ചർച്ചകളുടെയും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച ആശയ സ്വാംശീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ നിർവ്വഹണ രൂപരേഖ അന്തിമമാക്കുകയും 2024 മാർച്ച് 24, 25 തീയതികളിൽ നടന്ന പരിസ്ഥിതി സംഗമത്തിൽ പ്രകാശനം ചെയ്യുകയും ചെയ്തു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ എന്ന ക്യാമ്പയിന് തുടക്കമിടുന്ന സമയത്ത് ഈ മേഖലയുമായി ബന്ധപ്പെട്ട് മുൻപരിചയമുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടേയും അഭാവമുള്ളത് കൊണ്ട് തന്നെ ഈ ക്യാമ്പയിൻ വിപുലമായ തോതിൽ ഏറ്റെടുക്കുന്നത് ക്ലേശകരമായിരുന്നു. അതുകൊണ്ട് തന്നെ ഓരോ ജില്ലയിൽ നിന്നും നെറ്റ് സീറോ പ്രവർത്തനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ താൽപര്യമുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രത്യേകം കണ്ടെത്തി അവരിലൂടെയാണ് പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ മുന്നോട്ട് കൊണ്ടുപോയത്. വടകര നഗരസഭയും 91 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടെ ആകെ 92 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് തുടക്കത്തിൽ ഈ ക്യാമ്പയിനുമായി സഹകരിക്കുന്നതിന് മുന്നോട്ട് വന്നത്.

തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളെയും പൊതുസ്ഥാപന

ങ്ങളെയും കെട്ടിടങ്ങളെയും വ്യത്യസ്ത ഭൂപ്രദേശങ്ങളെയും വ്യത്യസ്ത സ്വഭാവങ്ങളുള്ള യൂണിറ്റു കളടങ്ങുന്ന വിവിധ മേഖലകളായി തിരിക്കുകയും ഇത്തരത്തിലുള്ള വ്യത്യസ്ത മേഖലകളിലെ ഓരോ യൂണിറ്റിനേയും പ്രത്യേകം കണക്കിലെടുത്ത് ആ ഓരോ യൂണിറ്റിന്റേയും കാർബൺ ഡയോക്സൈഡ് നീക്കം ചെയ്യുന്നതിന് സാധ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യലാ യിരുന്നു ക്യാമ്പയിന്റെ പ്രവർത്തന രീതി.

ഹരിത ഗൃഹവാതക അക്കൗണ്ടിംഗ് പ്രവർത്തനത്തിൽ ആഗോളതലത്തിൽ തന്നെ പ്രമുഖ രായ വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (WRI)യുമായി ഹരിതകേരളം മിഷൻ ഒരു ധാരണ പത്രം ഒപ്പുവയ്ക്കുകയും മിഷന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിൽ WRI ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ വിവരങ്ങൾ എക്സൽ ഫോർമാറ്റിൽ രേഖപ്പെടുത്തി കാർബൺ അക്കൗണ്ടിംഗ് നടത്തുന്ന ശ്രമമാണ് നടന്നത്. ഇതിന്റെ തുടർച്ചയായി ഫീൽഡ്തല ത്തിൽ ഇപ്രകാരമുള്ള വിവരശേഖരണം നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു മൊബൈൽ ആപ് വികസിപ്പിക്കുന്നതിന് തീരു മാനിച്ചു. തുടർന്ന് കേരള ഡിജിറ്റൽ സർവ്വകലാശാലയുമായി ഇതിനുള്ള ധാരണയിൽ ഏർപ്പെ ടുകയും തുടർന്ന് ഹരിതകേരളം മിഷന്റെ ക്യാമ്പയിന് അനുയോജ്യമായ രീതിയിലുള്ള ഒരു മൊബൈൽ ആപ്പ് വികസിപ്പിക്കുകയും ചെയ്തു.

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനുമായി സഹകരിക്കുന്നതി നുവേണ്ടി WRI ഒരു ഊർജ്ജ ഓഡിറ്റ് നടത്തുകയുണ്ടായി. ക്യാമ്പയിന്റെ ആദ്യഘട്ടത്തിൽ പങ്കാളികളായ 92 (സംസ്ഥാനത്തെ മൊത്തം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 10%) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ പുരപ്പുറ സോളാർ സ്ഥാപിക്കുന്നതിന് സാധ്യതയുള്ള 1120 കെട്ടിടങ്ങളിൽ ഇതിനാവശ്യമായ സാധ്യതാ പഠനം WRI നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഇവയിൽ 883 കെട്ടിടങ്ങൾ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഈ റിപ്പോർട്ടിന്റെ പകർപ്പും അവർക്ക് പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഏതൊക്കെ സ്രോതസ്സുകളിൽ നിന്ന് ഏതൊക്കെ രീതിയിലുള്ള സഹായം ലഭ്യമാക്കാമെന്ന വിവരവും പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള ടെംപ്ലേറ്റും നൽകി.

ഈ ക്യാമ്പയിനിൽ പങ്കാളികളായ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി)മായി സഹക രിച്ചും ചില പ്രവർത്തനങ്ങൾ ഈ ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 2395 അങ്കണവാടികൾക്ക് ഇ.എം.സി. യുടെ അംഗൻജ്യോതി പരിപാടി പ്രകാരം ഊർജ്ജ കാര്യക്ഷമതാ പാചകോപകരണങ്ങൾ ലഭ്യ മാക്കി. അങ്കണവാടികൾ എല്ലാംതന്നെ പകൽ സമയത്താണ് പ്രവർത്തിക്കുന്നത് എന്നത് കൊണ്ട് ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ ഉപയോഗിക്കുന്ന വൈദ്യുതി മിക്കപ്പോഴും സംസ്ഥാന ത്തെ പവർഗ്രിഡിൽ പകൽ സമയത്ത് ലഭ്യമായിട്ടുള്ള സൗരോജർജ്ജത്തിൽ നിന്നുള്ള വൈദ്യുതി തന്നെയാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതുകൂടാതെ ഇ.എം.സി.യുടെ സഹായ ത്തോടെ 653 ഹരിതകർമ്മസേന അംഗങ്ങൾക്ക് എൽ.ഇ.ഡി ബൾബ് റിപ്പയറിംഗിൽ ഏകദിന ശിൽപശാലയും നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഊർജ്ജകാര്യക്ഷമതയുമായി ബന്ധപ്പെട്ട

പരിശീലനവും ക്യാമ്പയിന്റെ ഭാഗമായി ഇ.എം.സി.യുടെ സഹായത്തോടെ ലഭ്യമാക്കിയിട്ടുണ്ട്.

ആദ്യഘട്ടത്തിൽ 92 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളാണ് ഈ ക്യാമ്പയിനുമായി സഹകരിക്കാൻ തയ്യാറായി വന്നതെങ്കിലും തുടർന്ന് ഗോശ്രീ ഐലന്റ് ഡെവലപ്‌മെന്റ് അതോറിറ്റിയുടെ (GIDA) പരിധിയിൽ ഉൾപ്പെടുന്ന 8 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ കൂടുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ക്യാമ്പയിന്റെ ഭാഗമായിട്ടുണ്ട്. ഇപ്പോൾ വടകര, കൊയിലാണ്ടി, ഒറ്റപ്പാലം നഗരസഭകളും 148 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടെ 152 തദ്ദേശഭരണ സ്ഥാപനങ്ങൾ ക്യാമ്പയിനിൽ പങ്കാളികളാണ്.

ഗ്രോശ്രീ ദ്വീപുകളിലെ 8 ഗ്രാമപഞ്ചായത്തുകളിലെയും മുഴുവൻ കാർബൺ അക്കൗണ്ടിംഗ് പ്രക്രിയ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആ പ്രദേശത്തെ നിലവിലെ കാർബൺ ഉദ്വമനാവസ്ഥയും ഘട്ടംഘട്ടമായി നെറ്റ് സീറോ ഉദ്വമനാവസ്ഥ കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങളുമടങ്ങുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് GIDA ക്ക് കൈമാറിയിട്ടുണ്ട്.

വിവിധ ജില്ലകളിലെ സ്കൂളുകളും കോളേജുകളും വിവിധ സ്വകാര്യ സർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടെ ഇതുവരെ 1959 സ്ഥാപനങ്ങളിൽ കാർബൺ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 31 സ്ഥാപനങ്ങളാണ് നെറ്റ് സീറോ കാർബൺ എമിഷൻ അവസ്ഥ കൈവരിച്ചിട്ടുള്ളത്. ഇവയുൾപ്പെടെ എല്ലാ സ്ഥാപനങ്ങൾക്കും നിലവിലെ കാർബൺ ഉദ്വമനം പരമാവധി കുറയ്ക്കുന്നതിനും കാർബൺ നീക്കം ചെയ്യൽ പരമാവധി ആക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളടങ്ങിയ റിപ്പോർട്ടും നൽകുന്നുണ്ട്.

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനായി 2025-2026 ബഡ്ജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ അനുവദിച്ചിരുന്നു. ഇതിന്റെ ഭാഗമായി ഓരോ ജില്ലയിൽ നിന്നും തെരെഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള ഒരു സർക്കാർ-പൊതുമേഖലാ സ്ഥാപന കെട്ടിടങ്ങളിൽ 3kWp ശേഷിയുള്ള പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയിൽ ദിവസം ഒരു ടൺ ജൈവ മാലിന്യ സംസ്കരണശേഷിയുള്ള ബയോ മെഥനൈസേഷൻ പ്ലാന്റും, പൊതു വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനും സ്ഥാപിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. ഇതു കൂടാതെ 2025-2026 ബഡ്ജറ്റ് പ്രസംഗത്തിൽ മെനുസ്ട്രൂവൽ കപ്പ് വിതരണം, ഇൻസിനറേറ്റർ സ്ഥാപിക്കൽ എന്നിവ നടത്തുന്നതിനായും ഹരിതകേരളം മിഷന് ബഡ്ജറ്റ് വിഹിതം അനുവദിച്ചു. ഈ പ്രവർത്തനങ്ങളും നെറ്റ് സീറോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത് പുരോഗമിക്കുകയാണ്.

### 5.4.4. ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്റ്റ് (2018-2022): സുസ്ഥിര വികസനവും പരിസ്ഥിതി സംരക്ഷണവും

ദക്ഷിണ പശ്ചിമഘട്ടത്തിലെ അതീവ പ്രാധാന്യമുള്ള ഹൈറേഞ്ച് മലനിരകളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനൊപ്പം പ്രാദേശിക ജനതയ്ക്ക് സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്റ്റ്

വിഭാവനം ചെയ്തത്. 2018 മുതൽ 2022 വരെയുള്ള കാലയളവിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഏകോപനച്ചുമതല (Special Purpose Vehicle) ഹരിതകേരളം മിഷനായിരുന്നു. പശ്ചിമഘട്ടത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ ആറ് ശതമാനത്തിൽ താഴെ മാത്രമാണ് ഈ പദ്ധതി പ്രദേശം. എങ്കിലും ഇന്ത്യയിലെ ആകെ സ്പീഷീസുകളുടെ 30 ശതമാനത്തോളം ഇവിടെ അധിവസിക്കുന്നു എന്ന സവിശേഷത മുൻനിർത്തിയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. മൂന്നാർ, അഞ്ചുനാട്, കുട്ടമ്പുഴ, ഇടമലക്കുടി എന്നീ നാല് ക്ലസ്റ്ററുകളിലായി വ്യാപിച്ചു കിടക്കുന്ന 11 ഗ്രാമപഞ്ചായത്തുകളിലും (മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി), ഇരവികുളം ദേശീയോദ്യാനം, ചിന്നാർ വന്യജീവി സങ്കേതം എന്നിവയുൾപ്പെടെ ആറ് സംരക്ഷിത വനമേഖലകളിലുമാണ് പദ്ധതി പ്രധാനമായും കേന്ദ്രീകരിച്ചത്.

സുസ്ഥിരമായ കൃഷിരീതികൾ, പരമ്പരാഗത വിത്തുകളുടെ പുനരുജ്ജീവനം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഉത്തരവാദിത്ത ടൂറിസം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടപ്പിലാക്കിയത്. ഇതിലൂടെ 1160 കർഷകരിലൂടെ 345 ഏക്കറിലധികം സ്ഥലത്ത് പരമ്പരാഗത വിളകളുടെ കൃഷി വീണ്ടെടുക്കാൻ സാധിച്ചു. മൂന്നാറിലെ സ്ട്രോബെറി പാർക്ക്, പാഷൻ ഫ്രൂട്ട് കൃഷിയുടെ വ്യാപനം, ഊർജ്ജ കാര്യക്ഷമതയുള്ള പുൽതൈല ഉത്പാദന യൂണിറ്റ്, വനവിഭവങ്ങളുടെ ബ്രാൻഡിംഗ് എന്നിവ ഉപജീവന മേഖലയിൽ വരുത്തിയത് വിപ്ലവാത്മകമായ മാറ്റങ്ങളാണ്.

ഇതിനുപുറമെ, വംശനാശഭീഷണി നേരിടുന്ന സസ്യങ്ങൾക്കായി ഇരവികുളത്ത് ഒരുക്കിയ ഓർക്കിഡേറിയം, അതിരപ്പിള്ളിയിലെ മാതൃകാ പരിസ്ഥിതി സൗഹൃദ ഇടനാഴി (Green Corridor), സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'ഗ്രീൻ ഇന്നൊവേഷൻ ഫണ്ട്' എന്നിവയിലൂടെ പരിസ്ഥിതി സംരക്ഷണത്തെ ആധുനിക വികസന കാഴ്ചപ്പാടുകളുമായി പദ്ധതി വിജയകരമായി സംയോജിപ്പിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനങ്ങളെയും ഒരുപോലെ പങ്കാളികളാക്കിയ ഈ കൂട്ടായ പ്രവർത്തനം, കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കാനും പ്രകൃതിവിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കാനും വലിയ തോതിൽ സഹായിച്ചിട്ടുണ്ട്.

### 5.4.4.1. അതിരപ്പിള്ളി ഗ്രീൻ കോറിഡോർ: ഉത്തരവാദിത്ത ടൂറിസത്തിന്റെ മാതൃക

പാരിസ്ഥിതിക വൈവിധ്യത്താൽ സമ്പന്നമായ അതിരപ്പിള്ളിയിൽ പ്രതിദിനം എത്തുന്ന ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾക്കായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും 'ഉത്തരവാദിത്ത ടൂറിസം' (Responsible Tourism) പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ഈ ഹരിത ഇടനാഴി വിഭാവനം ചെയ്തത്. വിനോദസഞ്ചാരികളുടെ വർദ്ധനവ് മൂലം പ്രദേശത്തുണ്ടായ ശൗചാലയങ്ങളുടെ കുറവ്, മാലിന്യ നിക്ഷേപത്തിലെ പോരായ്മകൾ, ഭക്ഷണശാലകളുടെ പരിമിതി എന്നിവയ്ക്ക് ശാശ്വത പരിഹാരം കാണുക എന്നതായിരുന്നു പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെയും സാങ്കേതിക വിദഗ്ദ്ധരുടെയും പിന്തുണയോടെ പ്രാദേശിക ജനതയുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ചാണ് ഈ മാതൃകാ പദ്ധതിക്ക് രൂപം നൽകിയത്.

പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത്, തിരഞ്ഞെടുത്ത കേന്ദ്രങ്ങളെ 'നോഡുകൾ' (Nodes) ആയി വികസിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി അരൂർമുഴി കമ്മ്യൂണിറ്റി ഹാളിനെ ഒരു മാതൃകാ നോഡായും, പഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 'ഇടം' എന്ന പേരിൽ ഒരു ഹരിത സാക്ഷരതാ കേന്ദ്രവും സ്ഥാപിച്ചു. കുടുംബശ്രീ സംരംഭവുമായി ഒത്തുചേർന്നാണ് അരൂർമുഴി കമ്മ്യൂണിറ്റി ഹാളിൽ 'ഇടം' എന്ന കേന്ദ്രം സ്ഥാപിച്ചത്. പരമ്പരാഗത ഭക്ഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുന്ന കഫെ അടവി, അജൈവ ഭക്ഷണ മാലിന്യനിർമാർജ്ജന സൗകര്യം, ഫീഡിങ് റൂം, കൊണ്ടുവന്ന ഭക്ഷണം കഴിക്കാനുള്ള സൗകര്യം, വാട്ടർ എ ടി എം എന്നിവ ഉൾപ്പെടുത്തിയാണ് 'ഇടം' തുടങ്ങിയത്.

പരിസ്ഥിതി സൗഹൃദപരമായ നിർമ്മാണ രീതികൾക്കാണ് ഈ നോഡുകളിൽ മുൻഗണന നൽകിയത്. പുനരുപയോഗ വസ്തുക്കൾ കൊണ്ട് നിർമ്മിച്ച 'ജങ്ക് മതിൽ', മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന 'ബാംബൂ കിയോസ്കുകൾ', ജൈവവേലികൾ എന്നിവ നോഡുകളുടെ പ്രത്യേകതയാണ്. കൂടാതെ, തദ്ദേശീയ വിഭവങ്ങൾ ലഭ്യമാക്കുന്ന കഫറ്റീരിയകൾ, സസ്യത്തൈകൾ വിതരണം ചെയ്യുന്ന നഴ്സറികൾ എന്നിവയും ഇതിന്റെ ഭാഗമായി സജ്ജീകരിച്ചു. ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി വാട്ടർ എ ടി എം കിയോസ്കുകളും സ്ഥാപിച്ചു. വിനോദ സഞ്ചാരികളിൽ പ്രകൃതി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണം സൃഷ്ടിക്കുന്നതിനൊപ്പം, ടൂറിസത്തിലൂടെ പ്രാദേശിക ജനതയ്ക്ക് സുസ്ഥിരമായ തൊഴിലവസരങ്ങൾ ഉറപ്പാക്കാനും ഈ ഹരിത ഇടനാഴിയിലൂടെ സാധിച്ചു.

### 5.4.4.2. വനസമുദായങ്ങൾക്കായുള്ള നൈപുണ്യ വികസന പദ്ധതികൾ

വനത്തെയും വനവിഭവങ്ങളെയും മാത്രം ആശ്രയിച്ചു കഴിയുന്ന ആദിവാസി സമുദായങ്ങളിലെ യുവതലമുറയെ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ തൊഴിൽ മേഖലകളിലേക്ക് കൈപിടിച്ചുയർത്തുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരമ്പരാഗതമായ ഉപജീവന രീതികളിൽ നിന്ന് മാറി പുതിയ കാലത്തെ തൊഴിൽ നൈപുണ്യം ഇവർക്ക് ലഭ്യമാക്കാൻ വിവിധ ഇടപെടലുകൾ നടത്തി. ഇതിന്റെ ഭാഗമായി തിരഞ്ഞെടുത്ത ആദിവാസി യുവാക്കൾക്ക് ബെംഗളൂരുവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ (IWST) ഒരു വർഷത്തെ 'അഡ്വാൻസ് വുഡ് വർക്കിങ് ഡിപ്ലോമ' (Advanced Woodworking Diploma) കോഴ്സിൽ വിദഗ്ധ പരിശീലനം നൽകി. മികച്ച രീതിയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് പ്രമുഖ സ്വകാര്യ സ്ഥാപനങ്ങളിൽ ക്യാമ്പസ് പ്ലെയ്സ്മെന്റ് ഉറപ്പാക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചു.

സാങ്കേതിക പ്രാവീണ്യമുള്ള തൊഴിലിടങ്ങളിൽ ഗോത്രവർഗ യുവാക്കളെ പ്രാപ്തരാക്കുന്നതിനൊപ്പം തന്നെ, അവരുടെ പരമ്പരാഗത മേഖലകളിലും പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചു. കുട്ടമ്പുഴ പോലുള്ള പ്രദേശങ്ങളിലെ ഗോത്രസമൂഹങ്ങൾക്ക് ശാസ്ത്രീയമായ രീതിയിൽ തേൻ ശേഖരിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും പ്രത്യേക പരിശീലനം നൽകി. ഇത്തരത്തിൽ ആധുനിക സാങ്കേതികവിദ്യയും പരമ്പരാഗത അറിവുകളും സമന്വയിപ്പിച്ചുകൊണ്ടുള്ള ഇടപെടലുകൾ ഗോത്രവർഗ ജനതയുടെ സാമ്പത്തിക സ്ഥിതിയും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചു.

### 5.4.4.3. ഗ്രീൻ ഇന്നൊവേഷൻ ഫണ്ട് (GIF): പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്കുള്ള കൈത്താങ്ങ്

കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ നാശം തുടങ്ങിയ ആഗോള പരിസ്ഥിതി വെല്ലുവിളികൾക്ക് പ്രാദേശികവും സാങ്കേതികവുമായ പരിഹാരങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് 'ഗ്രീൻ ഇന്നൊവേഷൻ ഫണ്ട്' (GIF) വിഭാവനം ചെയ്തത്. ഹരിതകേരളം മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, യു.എൻ.ഡി.പി. (UNDP) എന്നിവർ സംയുക്തമായി നടപ്പിലാക്കിയ ഈ പദ്ധതി, സാമൂഹിക പ്രതിബദ്ധതയുള്ള സ്റ്റാർട്ടപ്പുകളെയാണ് (Social Impact Startups) പ്രധാനമായും ലക്ഷ്യമിട്ടത്.

ആറുമാസം നീളുന്ന 'ഫണ്ട് ലിങ്ക്ഡ് സ്റ്റാർട്ടപ്പ് ആക്സിലറേറ്റർ' പ്രോഗ്രാമായിരുന്നു പദ്ധതിയുടെ പ്രധാന ആകർഷണം. സുസ്ഥിര കൃഷി, മാലിന്യ സംസ്കരണം, കുടിവെള്ള സംരക്ഷണം, പുനരുപയോഗ ഊർജം തുടങ്ങിയ മേഖലകളിൽ നൂതന ആശയങ്ങളുമായി എത്തിയ സ്റ്റാർട്ടപ്പുകളെ ഇതിലൂടെ കണ്ടെത്തി. തിരഞ്ഞെടുക്കപ്പെട്ട ഓരോ സംരംഭത്തിനും തങ്ങളുടെ ആശയങ്ങൾ വികസിപ്പിക്കുന്നതിനായി (Product Development) ഏഴ് ലക്ഷം രൂപ വരെ സീഡ് ഗ്രാൻഡ് ആയി നൽകി.

സാമ്പത്തിക സഹായത്തിന് പുറമെ, കൃത്യമായ ബിസിനസ് മെന്ററിങ്ങും സാങ്കേതിക പരിശീലനവും സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കി. മലയോര മേഖലകളിലെ മനുഷ്യ-വന്യജീവി സംഘർഷം പോലുള്ള അതീവ പ്രാധാന്യമുള്ള പ്രാദേശിക പ്രശ്നങ്ങൾക്ക് സാങ്കേതികവിദ്യയിലൂടെ പരിഹാരം കാണാൻ സംരംഭകരെ പ്രോത്സാഹിപ്പിച്ചു എന്നതായിരുന്നു പദ്ധതിയുടെ സവിശേഷത. ഇൻകുബേഷൻ പിന്തുണ നൽകി സ്റ്റാർട്ടപ്പുകളെ വളർത്തിയെടുക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണവും നൂതന വികസനവും ഒരേപോലെ മുന്നോട്ട് കൊണ്ടുപോകാൻ ഈ ഇടപെടലിലൂടെ സാധിച്ചു.

### 5.4.4.4. ഇരവികുളം ഓർക്കിഡേറിയം: പ്രകൃതിയുടെ വിസ്മയങ്ങൾക്കായി ഒരു സംരക്ഷണ കേന്ദ്രം

ഇരവികുളം ദേശീയോദ്യാനത്തിലെ അപൂർവ്വമായ ഓർക്കിഡ് വൈവിധ്യങ്ങളെ രേഖപ്പെടുത്തുന്നതിനും അവയുടെ ജനിതക ശേഖരം വരുംതലമുറയ്ക്കായി സംരക്ഷിക്കുന്നതിനുമായാണ് യു.എൻ.ഡി.പി. (UNDP) പദ്ധതിയുടെ ഭാഗമായി ഒരു ഓർക്കിഡേറിയവും 'ഓർക്കിഡ് ഇന്റർപ്രെട്ടേഷൻ സെന്ററും' സ്ഥാപിച്ചത്. പശ്ചിമഘട്ടത്തിന്റെ തനിമയായ പ്രാദേശിക ഓർക്കിഡ് ഇനങ്ങൾ ഇന്ന് നേരിടുന്ന വംശനാശഭീഷണി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. പാരിസ്ഥിതിക മാറ്റങ്ങൾ, അമിതമായ ചൂഷണം, ഔഷധ നിർമ്മാണത്തിനായുള്ള കടത്തൽ എന്നിവ മൂലം നാശത്തിന്റെ വക്കിലെത്തിയ സസ്യവർഗങ്ങളെ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യത ഈ കേന്ദ്രം വായനക്കാരോടും സന്ദർശകരോടും സംവദിക്കുന്നു.

ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI), ആനമുടി വനവികസന ഏജൻസി എന്നിവയുടെ സാങ്കേതിക സഹകരണത്തോടെയാണ് ഈ കേന്ദ്രം യാഥാർത്ഥ്യമാക്കിയത്. ദേശീയോദ്യാനത്തിന്റെ പ്രവേശന കവാടത്തിൽ

തന്നെ സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം, ഓർക്കിഡുകളെയും അവയുടെ സങ്കീർണ്ണമായ ആവാസവ്യവസ്ഥയെയും കുറിച്ചുള്ള ആഴത്തിലുള്ള അറിവ് നൽകുന്ന ഒരു വിവരശേഖരമാണ്. 2021 ഫെബ്രുവരി 15-ന് പ്രവർത്തനമാരംഭിച്ച ഈ ഓർക്കിഡേറിയം, പരിസ്ഥിതി പഠനത്തിനും വിനോദസഞ്ചാരത്തിനുമായി ഇന്ന് തുറന്നുനൽകിയിരിക്കുകയാണ്.

### 5.4.4.5. വനമേഖലയിലെ സ്വാഭാവിക ആവാസവ്യവസ്ഥാ പുനഃസ്ഥാപനം

മൂന്നാർ മേഖലയിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതി വഴി നടത്തിയ ഇടപെടലുകൾ എടുത്തു പറയേണ്ടതാണ്. വനത്തിനകത്തും പുറത്തുമായി ഏകദേശം 750 ഹെക്ടർ ഭൂമിയിൽ സ്വാഭാവിക ആവാസവ്യവസ്ഥ തിരിച്ചുപിടിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ പദ്ധതിക്ക് സാധിച്ചു. ഇതിൽ 138 ഹെക്ടർ വനഭൂമിയിലെ അധിനിവേശ സസ്യങ്ങളെയും (Invasive species) പ്ലാന്റേഷനുകളെയും നീക്കം ചെയ്ത് സ്വാഭാവിക വനവത്ക്കരണം നടത്തി. ഇതിനായി മൂന്നാർ മലനിരകളിലെ സ്വാഭാവിക ചോല-പുൽമേട് സസ്യങ്ങൾക്കായി ഒരു പ്രത്യേക സെൻട്രൽ നഴ്സറി സ്ഥാപിച്ച് തൈകൾ വികസിപ്പിച്ചെടുത്തു. ആനമുടി, മൂന്നാർ, മറയൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെയും പ്രാദേശിക ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ അധിനിവേശ സസ്യങ്ങളെ നിയന്ത്രിതമായി നീക്കം ചെയ്തു. ആനമുടി ചോലയിൽ 'ഹരിതവസന്തം' എന്ന പേരിൽ രൂപീകരിച്ച ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി വഴി 140 ഓളം പ്രദേശവാസികളെ അണിനിരത്തി നടത്തിയ ബൃഹത്തായ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ വിജയത്തിന് അടിത്തറ പാകി.

ഇതിലെ സുപ്രധാന ഇടപെടൽ ആയിരുന്നു ഇരവികുളം നാഷണൽ പാർക്കിനകത്ത് പ്ലാന്റേഷൻ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക പുൽമേടുകൾ പുനഃസ്ഥാപിച്ചത്. പുൽമേടുകൾ പുനഃസ്ഥാപിച്ചതോടെ സ്വാഭാവിക ആവാസ വ്യവസ്ഥ പുനഃസ്ഥാപിക്കപ്പെടുകയും നീലഗിരി പിപ്പിറ്റ്, ചുറ്റീന്തൽക്കിളി തുടങ്ങിയ പക്ഷികൾക്കും; കാട്ടുപോത്ത്, കലമാൻ, കേഴമാൻ, മ്ലാവ് തുടങ്ങിയ മൃഗങ്ങൾക്കും ആഹാരലഭ്യത ഉറപ്പുവരുത്താനായി. പുനഃസ്ഥാപിക്കപ്പെട്ട പുൽമേടുകളിൽ നിന്ന് പുതിയ നീർച്ചാലുകൾ ഉത്ഭവിച്ചത് വനമേഖലയിലും താഴെയുള്ള ജനവാസ കേന്ദ്രങ്ങളിലും ജലസമൃദ്ധി ഉറപ്പാക്കാൻ സഹായിച്ചു.

### 5.4.4.6. കമ്മ്യൂണിറ്റി ടൂറിസവും ഗോത്രജീവിതത്തിന്റെ പുരോഗതിയും

ജൈവവൈവിധ്യ സംരക്ഷണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും തുല്യ പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സുസ്ഥിര വിനോദസഞ്ചാര മാതൃകയാണ് മാങ്കുളം, കുട്ടമ്പുഴ, പഞ്ചായത്തുകളിൽ വികസിപ്പിച്ചെടുത്തത്. പ്രാദേശിക സമൂഹങ്ങൾക്ക് നേരിട്ട് തൊഴിലവസരങ്ങൾ ഉറപ്പാക്കുന്ന ഈ പദ്ധതിയിലൂടെ നാട്ടുകാരെ കൺസർവേഷൻ ഗൈഡുകളായി (സംരക്ഷണ സഹായികൾ) പരിശീലിപ്പിക്കുകയും മാറ്റുകയും ചെയ്തു. പ്രാദേശിക ജനസമൂഹത്തിന്റെ സജീവ പങ്കാളിത്തത്തോടെയുള്ള സുസ്ഥിര ടൂറിസത്തിനും ഉപജീവന പ്രവർത്തനങ്ങൾക്കുമാണ് മുൻഗണന നൽകിയത്. വനത്തെയും വന്യജീവികളെയും സംരക്ഷിച്ചുകൊണ്ട് തന്നെ ജനങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന ഒരു സമഗ്ര വികസന മാതൃകയാണ് ഇവിടെ ആവിഷ്കരിച്ചത്.

ഇത്തരത്തിലുള്ള വിനോദസഞ്ചാര പ്രവർത്തനങ്ങൾ വഴി ഏകദേശം 120 കുടുംബാംഗങ്ങൾക്ക് നേരിട്ട് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദപരമായ ടൂറിസത്തിലൂടെ

ഗ്രാമീണ മേഖലയുടെ സാമ്പത്തിക ഉന്നമനം എങ്ങനെ സാധ്യമാക്കാം എന്നതിന്റെ മികച്ച ഉദാഹരണമാണ് ഈ സംരംഭം.

കൂടാതെ, വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി സമൂഹങ്ങൾക്കായി പ്രത്യേക പൈലറ്റ് പ്രോജക്റ്റുകൾക്ക് തുടക്കം കുറിച്ചു. കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ രണ്ട് ആദിവാസി ഊരുകളിൽ നിന്നുള്ള 40 അംഗങ്ങളെ തിരഞ്ഞെടുത്ത് തേൻ ശേഖരണം, സംസ്കരണം, വിപണനം എന്നിവയിൽ വിദഗ്ധ പരിശീലനം നൽകിയതാണ് ഒന്നാം ഘട്ടത്തിലെ പ്രധാന പ്രവർത്തനം. വനവിഭവങ്ങൾക്ക് മികച്ച വിപണി മൂല്യം ലഭ്യമാക്കുന്നതിനായി 'വനശ്രീ' (Vanasree) ബ്രാൻഡിനെ നൂതനമായ രീതിയിൽ റീബ്രാൻഡ് ചെയ്തു. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണമില്ലാതെ ഗോത്രസമൂഹത്തിന് നേരിട്ട് വരുമാനം ഉറപ്പാക്കുന്ന കമ്മ്യൂണിറ്റി അധിഷ്ഠിത വിപണന രീതി വികസിപ്പിക്കാൻ സാധിച്ചു.

### 5.4.4.7. ദേവിയാർ തീരത്തെ ഹരിതകവചം: നദീതീര സംരക്ഷണവും ജൈവ പുനരുദ്ധാരണവും

ദേവിയാർ നദിയുടെ സ്വാഭാവികമായ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള വിപുലമായ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചത്. നദീതീരങ്ങളുടെ ദൃഢത വർദ്ധിപ്പിക്കുന്നതിലൂടെ പ്രദേശത്തെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ 2.5 കിലോമീറ്റർ ദൂരത്തിൽ നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കി. തീരങ്ങൾ ദൃഢപ്പെടുത്തുന്നതിനായി തദ്ദേശീയമായ സസ്യജാലങ്ങൾ വെച്ചുപിടിപ്പിക്കുകയും അവ കൃത്യമായി പരിപാലിക്കുകയും ചെയ്തു. തുടർന്ന് 2021-ൽ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (KFRI) സാങ്കേതിക സഹായത്തോടെ ഈ പ്രവർത്തനങ്ങൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിച്ചു. ഇതിന്റെ ഭാഗമായി നദീതീരത്തെ ദുർബലമായ പ്രദേശങ്ങൾ ശാസ്ത്രീയമായി തിരിച്ചറിയുന്നതിനായി വിശദമായ മാപ്പിംഗ് (Mapping) പ്രക്രിയയും പൂർത്തിയാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രാദേശിക ജനവിഭാഗങ്ങളെയും ഇത്തരം പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുക എന്നതിനാണ് പദ്ധതി സവിശേഷമായ പ്രാധാന്യം നൽകിയത്. ജനകീയ പങ്കാളിത്തത്തോടെയുള്ള ഈ ഇടപെടലുകൾ വഴി നദീതീരത്തെ മണ്ണൊലിപ്പ് തടയാനും, പുഴയുടെ ആവാസവ്യവസ്ഥയെ അതിന്റെ തനിമയോടെ നിലനിർത്താനും സാധിച്ചു.

### 5.4.4.8. പരമ്പരാഗത കൃഷിയുടെ വീണ്ടെടുപ്പും സുസ്ഥിര ഉപജീവനവും

ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്റ്റിന്റെ സുപ്രധാന നേട്ടങ്ങളിലൊന്ന് തനത് കാർഷിക സംസ്കാരത്തിന്റെ പുനരുജ്ജീവനമാണ്. കൃഷിവകുപ്പ്, തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കിയ ഈ വിപുലമായ പ്രവർത്തനങ്ങൾ ഇതിനകം 1200-ഓളം കർഷകരിലേക്ക് എത്തിച്ചേർന്നു. 11 ഗ്രാമപഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന 345

ഏക്കറിലധികം ഭൂമിയിലാണ് പദ്ധതിയുടെ ഭാഗമായി കൃഷി വ്യാപിപ്പിച്ചത്.

മലനിരകളുടെ തനിമ വിളിച്ചോതുന്ന മത്തലമനി, കുറുമ്പ, വെളുത്ത കുറുമ്പ, ഐക്കിക്കൊടിച്ചി തുടങ്ങിയ അപൂർവ്വമായ പരമ്പരാഗത നെല്ലിനങ്ങളെ സംരക്ഷിക്കുന്നതിനും അവയുടെ കൃഷി വ്യാപകമാക്കുന്നതിനും പദ്ധതി സവിശേഷമായ പ്രാധാന്യം നൽകി. ഇതിനുപുറമെ, ഗുണമേന്മയുള്ള ഇഞ്ചി, മഞ്ഞൾ വിത്തുകൾ വിതരണം ചെയ്തതിലൂടെ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും സാധിച്ചു. പതിറ്റാണ്ടുകളായി തരിശുകിടന്ന ഏക്കർ കണക്കിന് ഭൂമി കൃഷിക്ക് അനുയോജ്യമാക്കി മാറ്റിയത് ഈ പദ്ധതിയുടെ വലിയൊരു വിജയമാണ്.

ആദിവാസി വിഭാഗങ്ങളുടെയും ചെറുകിട കർഷകരുടെയും സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ജൈവകൃഷി രീതികൾ, ജൈവവള നിർമ്മാണം, കീടനിയന്ത്രണം, രോഗപരിപാലനം എന്നിവയിൽ ശാസ്ത്രീയമായ പരിശീലനം നൽകി. ആധുനിക കൃഷി വിദ്യകളും പരമ്പരാഗത അറിവുകളും സമന്വയിപ്പിച്ചുകൊണ്ട് കർഷകർക്ക് വിദഗ്ധ പിന്തുണ ഉറപ്പാക്കാൻ പദ്ധതിക്കായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും മികച്ച ഏകോപനത്തിലൂടെ ഹൈറേഞ്ച് മേഖലയിൽ ഒരു പുതിയ ഹരിത വിപ്ലവത്തിന് ഈ ഇടപെടലുകൾ തുടക്കം കുറിച്ചു.

### 5.4.4.9. ഔഷധ ഗ്രാമം പദ്ധതി

ജൈവവൈവിധ്യ സംരക്ഷണത്തിലൂടെ പ്രാദേശിക ജനവിഭാഗങ്ങളുടെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ മറയൂർ, ദേവികുളം, അടിമാലി ഗ്രാമ പഞ്ചായത്തുകളിൽ നാഗാർജുന ആയുർവേദ എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് UNDP - IHRML പ്രൊജക്റ്റിലൂടെ പുരയിട ഔഷധസസ്യകൃഷി പ്രോത്സാഹന പദ്ധതി നടപ്പിലാക്കി. ഇതിന്റെ ഭാഗമായി 2892 കുടുംബങ്ങളെ പുരയിട ഔഷധസസ്യകൃഷിയിലേക്ക് കൊണ്ടുവരാനായി. ഇതിലൂടെ 2021ലെ നാഗാർജുന ആയുർവേദയുടെ സമ്പൂർണ്ണ ഔഷധ ഗ്രാമം അവാർഡ് മറയൂർ ഗ്രാമപഞ്ചായത്തിന് ലഭിക്കുകയും ചെയ്തു. ജൈവവൈവിധ്യ സംരക്ഷണം സാധ്യമാക്കുന്നതിലൂടെ വൈവിധ്യമാർന്ന രീതിയിൽ പ്രാദേശിക ജനവിഭാഗങ്ങൾക്ക് അതിൻറെ ഫലപ്രാപ്തി ലഭ്യമാക്കിയ ഈ പദ്ധതി ജൈവവൈവിധ്യ സംരക്ഷണത്തിന് പുതിയ മാനങ്ങൾ നൽകുകയും ഈ പ്രവർത്തനങ്ങൾക്ക് സുസ്ഥിരമായ മാതൃകയായി നിലകൊള്ളുകയും ചെയ്തു.

### 5.4.4.10. ജൈവ മാങ്കുളം പദ്ധതി

അമിതമായ കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം മൂലം ഇടുക്കിയിലെ കാർഷിക മേഖലയിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി സുസ്ഥിര കാർഷിക രീതികൾ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യത്തോടെ ഇടുക്കിയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിനെ മാതൃക ജൈവ ഗ്രാമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് UNDP-IHRML സാധ്യതയിലൂടെ തുടക്കമിട്ടു. കേരള അഗ്രികൾച്ചർ ഡെവലപ്മെൻറ് സൊസൈറ്റി (KADS) എന്ന പ്രാദേശിക കാർഷിക സംഘത്തിന്റെ സഹായത്തോടെ സാങ്കേതികവും സാമ്പത്തികവുമായ പിന്തുണ നൽകുകയും 1000 കർഷകരെ സുസ്ഥിര കാർഷിക രീതികളിലേക്ക് മാറ്റുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്തു. ഇതിൽ 318 കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ ഉറപ്പാക്കിക്കൊണ്ട് ഇവരെ ജൈവ വിപണിയുമായി ബന്ധിപ്പിച്ചു. അനിയന്ത്രിതമായി കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്ന ഏലം കൃഷിക്ക് പ്രത്യേക പരിഗണന നൽകി. 100 ജൈവ കർഷകരെ കണ്ടെത്തുകയും മാതൃക ജൈവ ഏലം തോട്ടങ്ങൾ

സ്ഥാപിച്ചുകൊണ്ട് ജൈവ ഏലം ക്യാമ്പയിൻ ആരംഭിച്ചു

### 5.4.4.11. പാഷൻ ഫ്രൂട്ട് മൂല്യ ശൃംഖല

മലയോര കർഷകരുടെ ഉപജീവന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പാഷൻഫ്രൂട്ട് കൃഷിക്ക് മൂല്യ ശൃംഖല വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ UNDP-IHRML പദ്ധതിയിലൂടെ ആരംഭിച്ചിരുന്നു. ഉയർന്ന ഉൽപാദനശേഷിയുള്ള പാഷൻ ഫ്രൂട്ട് ഇനങ്ങളുടെ കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി 800 പാഷൻഫ്രൂട്ട് തൈകൾ വിതരണം ചെയ്തിരുന്നു. മാങ്കുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാങ്കുളം അഗ്രികൾച്ചറൽ മൾട്ടിപർപ്പസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് (മാംപ്കോ) എന്ന കർഷക സംഘത്തിന്റെ പിന്തുണയോടെ പാഷൻഫ്രൂട്ട് സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ വിപണനം സാധ്യമാക്കുകയും ചെയ്തു. ഇതിലൂടെ 60ലധികം കർഷകരുടെ ലാഭം 20 ശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചു.

### 5.4.4.12. ഹരിത പദ്ധതികൾക്കായുള്ള രീതിശാസ്ത്രം

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത പ്ലാനുകൾ വികസിപ്പിച്ചെടുക്കുന്നതിനും അവ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനും മാർഗ്ഗ നിർദ്ദേശിയാകുന്ന ഹരിത പദ്ധതികൾക്കുള്ള രീതിശാസ്ത്രം വികസിപ്പിച്ചെടുത്തു. പരീക്ഷണാടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്ന 9 പഞ്ചായത്തുകളുടെ വാർഷിക പ്ലാനുകളിൽ ഹരിത ഘടകങ്ങൾ ഉൾപ്പെടുത്തി. ഹരിത പദ്ധതികൾക്കായുള്ള രീതിശാസ്ത്രം സംബന്ധിച്ച കൈപ്പുസ്തകം മലയാളത്തിലും തമിഴിലും പുറത്തിറക്കിയിരുന്നു. കിലയുടെ ലേണിങ് മാനേജ്മെൻറ് സെൻററിൽ ലഭ്യമായ കമ്മ്യൂണിറ്റി അധിഷ്ഠിത ഓർഗനൈസേഷനുകൾക്കായുള്ള ഗ്രീൻ പ്ലാനുകളെ കുറിച്ചുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാമും ഇക്കാലയളവിൽ ആരംഭിച്ചു.

### 5.4.4.13. ഉത്തരവാദിത്ത്വ ടൂറിസം പ്രോട്ടോകോൾ

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുടെ സഹകരണത്തോടെ ഇടുക്കിയിലെ മലയോര വിനോദസഞ്ചാര മേഖലകളിൽ ഉത്തരവാദിത്ത ടൂറിസം നടപ്പിലാക്കുന്നതിനുള്ള സമഗ്രമായ പ്രോട്ടോക്കോളും പ്രവർത്തന ചട്ടക്കൂടും വികസിപ്പിച്ചു. കേരളത്തിലെ മുഴുവൻ മലയോര വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ടൂർ ഓപ്പറേറ്റർമാർ, താമസസൗകര്യം ഒരുക്കുന്നവർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ പാലിക്കേണ്ട കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ പ്രോട്ടോക്കോൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പത്ത് മാതൃകാ യൂണിറ്റുകൾ സജ്ജമാക്കുകയും ചെയ്തു. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ തുടർച്ചയായാണ് 2023-ലെ മികച്ച ഗ്രാമീണ വിനോദസഞ്ചാര പദ്ധതിക്കുള്ള 'ഗോൾഡ് പുരസ്കാരം' കാന്തല്ലൂർ ഗ്രാമപഞ്ചായത്തിന് ലഭിച്ചത്.

### 5.4.4.14. മൂന്നാർ മാലിന്യ സംസ്കരണം

കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രവും പരിസ്ഥിതി ലോല പ്രദേശവുമായ മൂന്നാർ മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നമായി മാലിന്യ സംസ്കരണം മാറികൊണ്ടിരിക്കുന്ന സാഹ

ചര്യത്തിൽ ആണ് ഇതുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ UNDP- IHRML പദ്ധതി കാലയളവിൽ നടപ്പിലാക്കിയത്. അജൈവ മാലിന്യസംസ്കരണത്തിനായി വിവിധ യന്ത്രസാമഗ്രികൾ സ്ഥാപിച്ച് മൂന്നാർ RRF പ്രവർത്തനക്ഷമമാക്കി. അജൈവ മാലിന്യം തരം തിരിക്കുന്നതിനുള്ള കോൺവെയെർ ബെൽറ്റ്, ബെയ്‌ലിങ് മെഷീൻ, ഡസ്റ്റ് റിമൂവർ, വെയ്ങ് മെഷീൻ, ജൈവ മാലിന്യം ചെറു കഷ്ണങ്ങൾ ആക്കുന്നതിനുള്ള കട്ടിങ് മെഷീൻ, കോഴിമാലിന്യങ്ങൾ പ്രോസെസ് ചെയ്യുന്നതിനുള്ള ഗ്രൈൻഡർ എന്നിവയാണ് പദ്ധതിയുടെ ഭാഗമായി മൂന്നാർ RRF-ൽ സ്ഥാപിച്ചത്. ജൈവ മാലിന്യ സംസ്കരണത്തിനായി മൂന്നാറിലെ പ്രാദേശിക കാലാവസ്ഥക്കു യോജിച്ച രീതിയിൽ ബയോവേസ്റ്റ് പ്രോസസ്സിംഗ് യൂണിറ്റും സ്ഥാപിച്ചു. 2022 ജനുവരിയിൽ പ്രവർത്തനമാരംഭിച്ച പ്ലാന്റിലൂടെ വെറും അഞ്ചുമാസത്തിനുള്ളിൽ 10 ടണ്ണിലധികം പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് വിൽക്കുകയും ചെയ്തു. മൂന്നാറിലെ കുറഞ്ഞ താപനിലയിൽ ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ആകാൻ താമസമെടുക്കും എന്ന പ്രതിസന്ധി പരിഹരിക്കാൻ IRTC (Integrated Rural Technology Centre)-യുമായി ചേർന്ന് പ്രത്യേക 'ഇനോക്കുലം' വികസിപ്പിച്ചു. പ്രതിദിനം 5 ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് ഇന്ന് കല്ലാറിൽ സജീവമാണ്.

ഒപ്പം വാതിൽപ്പടി ശേഖരണം ശക്തമാക്കുന്നതിനായി പഞ്ചായത്തിന്റെ പിന്തുണയോടെ ഹരിത കർമ്മസേനയെ രൂപീകരിക്കുകയും വിവിധ പരിശീലനങ്ങൾ നൽകുകയും ചെയ്തു. മാലി ന്യങ്ങൾ തരംതിരിച്ചു നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചു മനസിലാക്കുന്നതിനായി മൂന്നാറിലെ ജനങ്ങൾക്കായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകളും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി.

### 5.4.4.15. മൂന്നാർ ഗ്രീൻ കോറിഡോർ

മൂന്നാറിലേക്ക് എത്തുന്ന വിനോദസഞ്ചാരികൾ വഴിയരികിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് മൂന്നാർ ഗ്രീൻ കോറിഡോർ. മൂന്നാറിലേയ്ക്കുള്ള പ്രധാന റോഡുകൾ കേന്ദ്രീകരിച്ച് സഞ്ചാരികൾക്കുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ, ഗ്രീൻ ചെക്ക് പോസ്റ്റ്, കുറ്റമറ്റ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗ്രീൻ പെട്രോളിങ് എന്നിവ ഉൾപ്പെടുന്ന ഒരു ഗ്രീൻ കോറിഡോർ ഒരുക്കുന്ന പ്രവർത്തനങ്ങൾക്ക് UNDP- IHRML പദ്ധതിയുടെ ഭാഗമായി തുടക്കം കുറിച്ചിരുന്നു. ഗ്രീൻ കോറിഡോർ ഉൾക്കൊള്ളുന്ന പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളുടെ ഉൾപ്പെടെ പ്രാതിനിധ്യം ഉറപ്പുവരുത്തിയുള്ള ഒരു സൊസൈറ്റി രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ നടത്താനാണ് ലക്ഷ്യമിട്ടിരുന്നത്. ഇത് സംബന്ധിച്ച ബൈലോ തയ്യാറാക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

### 5.4.4.16. അപ്സൈക്കിൾ പാർക്ക്, മൂന്നാർ

യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ആദ്യത്തെ അപ്സൈക്കിൾ പാർക്ക് മൂന്നാറിൽ സജ്ജമായി. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച വൈവിധ്യമാർന്ന ത്രിമാന രൂപങ്ങൾ, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, അലങ്കാരവസ്തുക്കൾ എന്നിവ ഈ പാർക്കിന്റെ പ്രധാന ആകർഷണങ്ങളാണ്. പൂർണ്ണമായും പാഴ്‌വസ്തുക്കൾ പുനരുപയോഗിച്ച് നിർമ്മിച്ച ഈ പാർക്ക്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് മാലിന്യസംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അപ്സൈക്ലിംഗിന്റെ അനന്തസാധ്യതകളെക്കുറിച്ചും കൃത്യമായ അവബോധം നൽകുന്നു.



## 5.4.5. തുടർ പ്രവർത്തനങ്ങൾ (ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്റ്റ്: സുസ്ഥിര വികസനവും പരിസ്ഥിതി സംരക്ഷണവും)

2022-ൽ പദ്ധതിയുടെ കാലാവധി ഔദ്യോഗികമായി അവസാനിച്ചുവെങ്കിലും, അതുണ്ടാക്കിയ വലിയ ചലനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്താൻ സർക്കാർ സജീവമായി ഇടപെട്ടു. പദ്ധതി വഴി ആരംഭിച്ച വിപ്ലവാത്മകമായ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഹരിതകേരളം മിഷന്റെ കീഴിൽ 2023 ഒക്ടോബർ മുതൽ ഒരു 'പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്' (PMU) പ്രവർത്തനം ആരംഭിച്ചു. പ്രോജക്ട് കോർഡിനേറ്റർ, ലാൻഡ്സ്കേപ്പ്-സ്റ്റേറ്റ് തലങ്ങളിലെ പ്രോജക്ട് അസിസ്റ്റന്റുമാർ എന്നിവർ ഉൾപ്പെടുന്ന ഈ യൂണിറ്റാണ് നിലവിൽ ഏകോപന ചുമതലകൾ വഹിക്കുന്നത്.

പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി 2024 ഏപ്രിൽ 9-ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് മേധാവികളുടെ യോഗം ചേർന്നു. പദ്ധതിയുടെ ഭാഗമായി തുടക്കമിട്ട മൂന്നാർ മാലിന്യ സംസ്കരണം, ഹരിത ഇടനാഴികൾ, സുസ്ഥിര കൃഷി, ഉത്തരവാദിത്ത ടൂറിസം തുടങ്ങിയ ഇടപെടലുകൾ ദീർഘകാലാടിസ്ഥാനത്തിൽ നിലനിർത്തുന്നതിനായുള്ള കർമ്മപദ്ധതികൾ ഈ യോഗത്തിൽ ആവിഷ്കരിച്ചു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സർക്കാർ വകുപ്പുകളുടെ സംയോജന സാധ്യതകൾ ചർച്ച ചെയ്യുകയും ഓരോ പ്രവർത്തനത്തിന്റെയും ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പുകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒന്നിലധികം മേഖലകളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ 'ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്ടിന് സാധിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളുടെ സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട്, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിപുലമായ തുടർപ്രവർത്തനങ്ങളുമായാണ് നിലവിൽ ഹരിതകേരളം മിഷൻ മുന്നോട്ട് പോകുന്നത്.

### 5.4.5.1. മലയോര തണ്ണീർത്തടങ്ങളുടെ വീണ്ടെടുപ്പ്

മലയോര മേഖലയിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്ന തണ്ണീർത്തടങ്ങൾ പലതും നാണ്യ വിളകളായും കരഭൂമിയായും മാറുന്ന സാഹചര്യം നിലനിന്നിരുന്നു. ഇത് തടയുന്നതിനായി യു.എൻ.ഡി.പി - ഐ.എച്ച്.ആർ.എം.എൽ (UNDP-IHRML) പദ്ധതിയുമായി സഹകരിച്ച് സലിം അലി ഫൗണ്ടേഷന്റെ സാങ്കേതിക സഹായത്തോടെ അടിമാലി ഗ്രാമപഞ്ചായത്തിൽ ബൃഹത്തായ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

വീണ്ടെടുത്ത പാടശേഖരങ്ങൾ: പതിറ്റാണ്ടുകളായി തരിശിട്ടിരുന്ന കൊരങ്ങാട്ടി (28 ഏക്കർ), ഒഴുവത്തടം (6 ഏക്കർ), പെട്ടിമുടി (5 ഏക്കർ), കട്ടമുടി (15 ഏക്കർ) എന്നിങ്ങനെ അടിമാലി പഞ്ചായത്തിൽ മാത്രം 55 ഏക്കർ പാടശേഖരം കൃഷിയോഗ്യമാക്കി.

തുടർപ്രവർത്തനം: 2022-ൽ പദ്ധതി അവസാനിച്ചപ്പോൾ കൃഷിയിൽ ഉണ്ടായ തിരിച്ചടി പരിഹരിക്കാൻ ഹരിതകേരളം മിഷൻ വീണ്ടും ഇടപെടുകയും, വെറും രണ്ട് വർഷത്തിനുള്ളിൽ 7 ഏക്കറിലേക്ക് ചുരുങ്ങിപ്പോയ കൃഷിയെ തിരികെ 55 ഏക്കറിലേക്ക് എത്തിക്കുകയും ചെയ്തു.

### 5.4.5.2. സുസ്ഥിര കരിമ്പ് കൃഷി (SSI): മറയൂരിന്റെ മധുരം കൂട്ടിയ പദ്ധതി

മറയൂർ, കാന്തല്ലൂർ മേഖലകളിലെ കരിമ്പ് കൃഷിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി നടപ്പിലാക്കിയ സുസ്ഥിര കരിമ്പ് കൃഷി (Sustainable Sugarcane Initiative - SSI) പദ്ധതി കാർഷിക രംഗത്ത് വലിയൊരു ചുവടുമാറ്റമാണ് സൃഷ്ടിച്ചത്. പരമ്പരാഗത രീതികളിൽ നിന്ന് മാറി ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ പരിചയപ്പെടുത്തുന്നതിനായി 11 പരീക്ഷണത്തോട്ടങ്ങളും പ്രത്യേക നഴ്സറികളും പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചു. അഗ്രോനേച്ചർ, അഗ്രിശ്രീ, കെ.വി.കെ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, അഞ്ചുനാട് കരിമ്പ് ഉൽപ്പാദന വിതരണ സംഘം തുടങ്ങിയ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള വിപുലമായ ഇടപെടലുകളാണ് ഇതിനായി നടത്തിയത്. കൂടാതെ, വ്യാജ മറയൂർ ശർക്കരയുടെ വിപണനം തടയുന്നതിനായി ലീഗൽ സർവീസ് അതോറിറ്റിയുടെ നിയമസഹായം കൂടി ലഭ്യമാക്കിയത് ഈ മേഖലയ്ക്ക് വലിയ സുരക്ഷയേകി. ഈ ഇടപെടലുകളുടെ പ്രധാന നേട്ടങ്ങൾ ചുവടെ നല്കുന്നു.

- കുറഞ്ഞ ചെലവ്: പരമ്പരാഗത രീതിയിൽ 35,000 കരിമ്പിൻ തണ്ടുകൾ വേണ്ടിടത്ത് SSI രീതിയിൽ 6,000 തൈകൾ മതി. ഇത് മനുഷ്യാധ്വാനവും വിത്തിന്റെ ചെലവും ഗണ്യമായി കുറച്ചു.
- കൂടിയ വിളവ്: ഏക്കറിന് 40 ടൺ ലഭിച്ചിരുന്നത് 60 ടൺ വരെയായി വർദ്ധിച്ചു.
- പരിസ്ഥിതി സൗഹൃദം: വെള്ളത്തിന്റെയും വളത്തിന്റെയും ഉപയോഗം കുറഞ്ഞതും ഉണങ്ങിയ ഇലകൾ പുതയായി നൽകുന്നത് വഴി മണ്ണിലെ കാർബൺ സാന്നിധ്യം വർദ്ധിപ്പിക്കാനായതും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനുള്ള മികച്ച രീതിയായി ഇതിനെ മാറ്റുന്നു.

### 5.4.5.3. വൈവിധ്യവൽക്കരണവും മൂല്യവർദ്ധനവും

പരമ്പരാഗത കൃഷിരീതികളിൽ നിന്ന് മാറി, കാർഷിക മേഖലയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ വൈവിധ്യമാർന്ന പദ്ധതികൾ കർഷകർക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നവയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം തന്നെ

വിളകൾക്ക് മികച്ച വിപണന സാധ്യതകൾ ഒരുക്കുന്നതിനായി ഔഷധകൃഷി, ജൈവ സർട്ടിഫിക്കേഷൻ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് ജില്ലയിൽ നടന്നുവരുന്നത്. ഔദ്യോഗിക സംവിധാനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും സംയോജിതമായ പ്രവർത്തനം വഴി കാർഷിക മേഖലയെ ലാഭകരവും പരിസ്ഥിതി സൗഹൃദവുമാക്കാനാണ് ഈ പദ്ധതികൾ ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ നൽകുന്നു.

### 5.4.5.4. തെരുവപ്പുൽ കൃഷി

കാന്തല്ലൂർ, മറയൂർ, അടിമാലി ഗ്രാമപഞ്ചായത്തുകളിലായി വന്യമൃഗ സംഘർഷവും മറ്റു കാരണങ്ങളാലും കൃഷി സാധ്യമല്ലാത്ത സ്ഥലങ്ങളിൽ കർഷകർക്ക് വരുമാനം ഉറപ്പു വരുത്തുന്നതിനായി UNDP-IHRML പദ്ധതിയുടെ ഭാഗമായി തെരുവപ്പുൽ കൃഷി നടപ്പിലാക്കിയിരുന്നു. CIMAP (Central Institute of Medicinal and Aromatic Plants) ന്റെ സാങ്കേതിക സഹായത്തോടെ കൂടുതൽ ഉൽപ്പാദന ശേഷിയുള്ള 'കൃഷ്ണ' ഇനത്തിലുള്ള തെരുവപ്പുൽ കൃഷിയാണ് പ്രോത്സാഹിപ്പിച്ചത്. പ്രദേശത്തെ വിവിധ ട്രൈബൽ സെറ്റിൽമെന്റുകളിലായി 20 ഏക്കറിൽ അത്യുല്പാദനശേഷിയുള്ള ഈ തെരുവപ്പുൽ നട്ടുപിടിപ്പിച്ചിരുന്നു. തെരുവപ്പുൽ വാറ്റി എടുക്കുന്നതിനായി ആധുനിക രീതിയിലുള്ള 3 ഡിസ്റ്റിലേഷൻ യൂണിറ്റുകൾ മറയൂർ, അടിമാലി ഗ്രാമപഞ്ചായത്തുകളിലായി സ്ഥാപിച്ചിരുന്നു. യൂണിറ്റുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന പുൽത്തൈലത്തിനായി വിപണി ബന്ധങ്ങളും വികസിപ്പിച്ചെടുത്തു.

ഇതിൽ മറയൂർ ഗ്രാമപഞ്ചായത്തിലെ പുതുക്കുടിയിലെ പുൽതൈലം ഡിസ്റ്റിലേഷൻ യൂണിറ്റ് ഒരു പൊതു സംവിധാനം ആയിട്ടാണ് പ്രവർത്തിക്കുന്നത്. യുവാക്കളുടെ പ്രത്യേക സംഘമാണ് ഇതിനു മേൽനോട്ടം വഹിക്കുന്നത്. 2025 വരെ ഈ യൂണിറ്റ് 300 ലിറ്ററിൽ അധികം പുൽതൈലം ഉല്പാദിപ്പിച്ചുകൊണ്ട് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മറ്റു 2 യൂണിറ്റുകളും അത്രകണ്ട് കാര്യക്ഷമമായില്ല. ഈ 2 യൂണിറ്റുകളും കൃഷിയിടങ്ങളിൽ നിന്നും ദൂരെ സ്ഥിതി ചെയ്യുന്നവയാണ്. അതുകൊണ്ടുതന്നെ ചരക്ക് നീക്കം, കൂലി എന്നീ ഇനങ്ങളിൽ വന്ന അധിക ചെലവുകൾ ഈ യൂണിറ്റുകൾക്ക് സാമ്പത്തികമായി നഷ്ടമുണ്ടാക്കി. ഇതിൽ അടിമാലി ഗ്രാമപഞ്ചായത്തിലെ ഡിസ്റ്റിലേഷൻ യൂണിറ്റ് പ്രാവർത്തികമാക്കുന്നതിനായി നടത്തിയ ശ്രമങ്ങളുടെയും പരിശീലനങ്ങളുടെയും ഫലമായി ഉൽപാദനശേഷിയുള്ള കൃഷ്ണ, CIM ശിക്കാർ ഇനങ്ങളിൽ പെട്ട 100000 തെരുവപ്പുൽ തൈകൾ ലഭ്യമാക്കുകയും 8 കർഷകർ പുതുതായി കൃഷി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2 തവണ ട്രയൽ റൺ നടത്തിയിട്ടും യൂണിറ്റ് ലാഭകരമാക്കാൻ സാധിച്ചില്ല.

### 5.4.5.5. പ്രാദേശിക കാര്യശേഷി വികസനം

പ്രാദേശിക ജനസമൂഹത്തിന്റെ നൈപുണ്യ വികസനത്തിലൂടെ സുസ്ഥിരമായ ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹൈറേഞ്ച് മൗണ്ടൻ ലാൻഡ്സ്കേപ്പ് പ്രോജക്ടിന്റെ ഭാഗമായി ചെറുവാട് കുടിയിൽ 'തേൻമെഴുക് മൂല്യവർദ്ധിത യൂണിറ്റ്' ആരംഭിച്ചത്. ഹിൽപുലയ വിഭാഗത്തിൽപ്പെട്ട അഞ്ച് ആദിവാസി സ്ത്രീകൾ ചേർന്നാണ് ഈ യൂണിറ്റ് നടത്തുന്നത്. 'ആദിമലൈ പഴങ്കുടിനാർ പ്രൊഡ്യൂസർ കമ്പനി'യിലെ വിദഗ്ധരുടെ നേതൃത്വത്തിൽ നൽകിയ തീവ്രപരിശീലനവും ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും യൂണിറ്റിന്റെ

പ്രവർത്തനങ്ങൾക്ക് പുതുജീവൻ പകർന്നു. ഇടക്കാലത്ത് നിർജീവമായിരുന്ന ഈ സംരംഭം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ (PMU) സജീവമായ ഇടപെടലിലൂടെ ഇന്ന് ലാഭകരമായ രീതിയിൽ പ്രവർത്തിക്കുന്നു.

നിലവിൽ മുല്ല, കറ്റാർവാഴ, തുളസി എന്നിവ ഉപയോഗിച്ചുള്ള തേൻമെഴുക് സോപ്പുകൾക്ക് പുറമെ, മറയൂരിന്റെ തനിമയാർന്ന പുൽതൈലം (Lemongrass oil), മറയൂർ ശർക്കര എന്നിവ ചേർത്തുള്ള സോപ്പുകളുടെ ഉൽപ്പാദനവും ഇവിടെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓറഞ്ച് തേൻ മെഴുക് ലിപ് ബാം, പുൽതൈലം ഉപയോഗിച്ചുള്ള കൊതുക് നിയന്ത്രണ ക്രീം എന്നിവയും യൂണിറ്റ് വിപണിയിലെത്തിക്കുന്നു. ഇതിനകം നാനൂറോളം സോപ്പുകളും ലിപ് ബാമുകളും യൂണിറ്റ് നിർമ്മിച്ചുകഴിഞ്ഞു എന്നത് പ്രവർത്തനക്ഷമതയുടെ തെളിവാണ്.

ഉൽപ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി മറയൂർ ട്രൈബൽ വെൽഫെയർ സൊസൈറ്റിയുടെ ഇക്കോ ഷോപ്പുമായി യൂണിറ്റിനെ ബന്ധിപ്പിച്ചിട്ടുണ്ട്. എം.എസ്. സ്വാമി നാഥൻ റിസർച്ച് ഫൗണ്ടേഷനുമായി (MSSRF) സഹകരിച്ച് ഇക്കോ ഷോപ്പിന്റെ വിപുലീകരണ പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു. സൊസൈറ്റിയുടെ 15 ഓളം ഉൽപ്പന്നങ്ങളുടെ ലേബലുകൾ ആകർഷകമായ രീതിയിൽ പുനർരൂപകൽപ്പന ചെയ്തത് വിപണി മൂല്യം വർദ്ധിപ്പിക്കാൻ സഹായിച്ചു. പാക്കിംഗ് വസ്തുക്കൾ ഉൾപ്പെടെയുള്ള അസംസ്കൃത വിഭവങ്ങൾ ലഭ്യമാകുന്ന ഉറവിടങ്ങളുമായി സൊസൈറ്റിയെ നേരിട്ട് ബന്ധിപ്പിക്കുക വഴി പ്രവർത്തനങ്ങളിലെ സുസ്ഥിരത ഉറപ്പാക്കാനും ഈ ഇടപെടലുകളിലൂടെ സാധിച്ചു.

### 5.4.5.6. മൂന്നാർ മാലിന്യ സംസ്കരണം

മൂന്നാറിലെ മാലിന്യ സംസകരണം കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടു കൊണ്ട് പോകുന്നതിനും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാനും സ്കീം മാപ്പിംഗ് ചെയ്യാനുമായി ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് ചേർക്കുകയും ഇതിനായി ടീം രൂപീകരിക്കാനും അവസ്ഥാ പഠനം നടത്തുന്നതിനും തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്നാർ സന്ദർശിച്ച് നേരിട്ട് സ്ഥിതി വിലയിരുത്തി അവസ്ഥാ പഠന റിപ്പോർട്ട് തയ്യാറാക്കി. മൂന്നാർ ഗ്രാമപഞ്ചായത്തിലെ 9158 കുടുംബങ്ങളും 950 വ്യാപാരസ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്ന മാലിന്യത്തിനു പുറമെ സഞ്ചാരികൾ വഴി പൊതു സ്ഥലങ്ങളിൽ ഉൾപ്പെടെ രൂപപ്പെടുന്ന വലിയ തോതിലുള്ള മാലിന്യം പാരിസ്ഥിതിക പ്രശ്നത്തിന്റെ പ്രധാന കാരണമായി നിലനിൽക്കുന്നുണ്ട്. നിലവിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുള്ള നിർദേശങ്ങളും പദ്ധതികൾക്കായുള്ള സ്കീം മാപ്പിങ്ങും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

### 5.4.5.7. ഹരിതകേരളം നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം : പശ്ചിമഘട്ടത്തിന്റെ നേർക്കാഴ്ച

ജൈവവൈവിധ്യ സംരക്ഷണത്തിന് കൃത്യമായ ജൈവവൈവിധ്യ വിജ്ഞാനം അത്യാവശ്യമാണെന്ന ബോധ്യത്തിൽ നിന്നാണ് 2023-ൽ ഹരിതകേരളം മിഷൻ മൂന്നാറിൽ വിജ്ഞാന കേന്ദ്രം ആരംഭിച്ചത്. മൂന്നാറിന്റെ പ്രവേശന കവാടമായ അടിമാലിയിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രം,

അത്യപൂർവ്വമായ സസ്യ-ജന്തുജാലങ്ങളുടെ കലവറയായ പശ്ചിമഘട്ടത്തെക്കുറിച്ച് വിനോദസഞ്ചാരികൾക്കും തദ്ദേശീയർക്കും വിദ്യാർത്ഥികൾക്കും ആഴത്തിലുള്ള അറിവ് പകർന്നുനൽകുന്നു. മൂന്നാർ സന്ദർശനം വെറും കാഴ്ചകൾക്കപ്പുറം അനുഭവാധിഷ്ഠിതമായ ഒരു പഠനമാക്കി മാറ്റുക എന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം.

വീഡിയോ കാണാം

ഏകദേശം 45 മിനിറ്റ് നീളുന്ന ഒരു വിജ്ഞാനയാത്രയാണ് സന്ദർശകർക്കായി ഇവിടെ ഒരുക്കിയിട്ടുള്ളത്. മൂന്നാറിലെ സവിശേഷമായ നിത്യഹരിത വനങ്ങൾ, ഷോല വനങ്ങൾ, പുൽമേടുകൾ എന്നിവയെ നേരിട്ട് കണ്ടറിയാൻ സഹായിക്കുന്ന ത്രിമാന (3D) മാതൃകകൾ ഇവിടെയുണ്ട്. കൂടാതെ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യത്തെ വിശദീകരിക്കുന്ന 25 ഡിസ്പ്ലേ പാനലുകൾ, ഇന്ററാക്ടീവ് ടച്ച് സ്ക്രീൻ കിയോസ്കുകൾ, ഭീമൻ ചിതൽപുറ്റിന്റെ മാതൃക എന്നിവ സന്ദർശകർക്ക് വ്യത്യസ്തമായ അനുഭവം നൽകുന്നു. മൂന്നാറിലെ 15 പ്രധാന ജൈവവൈവിധ്യ ഹോട്ട്സ്പോട്ടുകൾ രേഖപ്പെടുത്തിയ ത്രിമാന ഭൂപടം സഞ്ചാരികൾക്ക് ഏറെ ഉപകാരപ്രദമാണ്. കേന്ദ്രത്തിന്റെ പുറംചുവരുകളിൽ വരച്ചുചേർത്തിട്ടുള്ള മൂന്നാർ മലനിരകളിലെ അപൂർവ്വയിനം പക്ഷികൾ, ഉരഗങ്ങൾ, സസ്തനികൾ, ചിത്രശലഭങ്ങൾ, ഓർക്കിഡുകൾ, തുടങ്ങിയവയുടെ ചിത്രങ്ങൾ കാഴ്ചക്കാരെ ആകർഷിക്കുന്നതിനൊപ്പം വിജ്ഞാനം പകരുകയും ചെയ്യുന്നു.



പ്രവർത്തനം ആരംഭിച്ച് ചുരുങ്ങിയ കാലയളവിനുള്ളിൽ 19,244-ലധികം സഞ്ചാരികൾ ഈ കേന്ദ്രം സന്ദർശിച്ചു കഴിഞ്ഞു. ജൈവവൈവിധ്യ വിജ്ഞാന വ്യാപനത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സംസ്ഥാനതലത്തിൽ 'നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന പഠനോത്സവം' സംഘടിപ്പിച്ചു വരുന്നു. അയ്യായിരത്തിലധികം കുട്ടികൾ പങ്കെടുത്ത ഈ മത്സരങ്ങളിൽ വിജയികളായവർക്കായി കേന്ദ്രത്തിൽ വച്ച് ത്രിദിന പഠന ക്യാമ്പുകൾ സംഘടിപ്പിച്ചു. ഈ ക്യാമ്പുകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 120 വിദ്യാർത്ഥികളെ 'ഗ്രീൻ അംബാസഡർമാരായി' പ്രഖ്യാപിച്ചു. ഇവരുടെ നേതൃത്വത്തിൽ കൂടുതൽ വിപുലമായ പരിസ്ഥിതി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിലവിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി.

# 6



# അനുകരണീയ മാതൃകകൾ
# ജലസംരക്ഷണം

## 6.1. കാനാമ്പുഴ:
## പുഴ വീണ്ടെടുക്കലിന്റെ പുതുചരിത്രം

മാലിന്യക്കൂമ്പാരങ്ങൾക്കിടയിൽ ശ്വാസംമുട്ടി, കയ്യേറ്റങ്ങൾ മൂലം നിശ്ചലമായിപ്പോയ ഒരു പുഴ എങ്ങനെ ഒരു നാടിന്റെ പ്രതീക്ഷയായി മാറുന്നു എന്നതിന്റെ വിസ്മയകരമായ കാഴ്ചയാണ് ഇന്ന് കണ്ണൂരിലെ കാനാമ്പുഴ. ഒരു കാലത്ത് നഗരത്തിലെ ഓടകളിൽ നിന്നുള്ള അഴുക്കുവെള്ളം പേറി ജലവും മത്സ്യസമ്പത്തും നശിച്ച ഈ പുഴ, ഇന്ന് തെളിനീരോടെ ഒഴുകിത്തുടങ്ങുന്നത് ഒരു വലിയ ജനകീയ മുന്നേറ്റത്തിന്റെ ഫലമായാണ്.

2017-ൽ കണ്ണൂർ നിയോജക മണ്ഡലം വികസന സെമിനാറിലൂടെയാണ് കാനാമ്പുഴയെ വീണ്ടെടുക്കാനുള്ള ആലോചനകൾക്ക് ചിറക് മുളച്ചത്. വിദഗ്ധർ പങ്കെടുത്ത നീർത്തട നടത്തവും പുഴയോര പഠനങ്ങളും ചേർന്ന് ഈ ദൗത്യത്തിന് ശാസ്ത്രീയമായ അടിത്തറ നൽകി. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് വെച്ച് 'കാനാമ്പുഴ അതിജീവന സപ്ലിമെന്റ്' പ്രകാശനം ചെയ്തതോടെ

ഈ പോരാട്ടം സംസ്ഥാനത്തിന്റെ ശ്രദ്ധാകേന്ദ്രമായി. ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത 'പുഴ അറിയാൻ' പദയാത്രയും 2017 മെയ് 14-ന് അന്നത്തെ ധനകാര്യമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ജനകീയ ശുചീകരണ യജ്ഞവും പുഴയോരത്ത് തെളിഞ്ഞ ദീപങ്ങളും ഒരു ജനതയുടെ നിശ്ചയദാർഢ്യത്തിന്റെ അടയാളങ്ങളായിരുന്നു.

വീഡിയോ കാണാം

ഹരിതകേരളം പദ്ധതിയുടെ ഭാഗമായും രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചും നടന്ന വിപുലമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാനാമ്പുഴയ്ക്ക് പുതിയൊരു മുഖം നൽകി. പുഴയിലെ ചെളി നീക്കം ചെയ്തും പാർശ്വഭിത്തികൾ നിർമ്മിച്ചും പുതിയ റെഗുലേറ്ററുകൾ (VCB) സ്ഥാപിച്ചും പുഴയുടെ സ്വാഭാവിക ഒഴുക്ക് തിരികെക്കൊണ്ടുവന്നു. ഈ പുനർജനി പുഴയിൽ



മാത്രം ഒതുങ്ങുന്നില്ല. എളയാവൂർ, പെരിങ്ങളായി മേഖലകളിലെ 165 ഏക്കറോളം വരുന്ന നെൽപ്പാടങ്ങളിൽ ഇന്ന് കാർഷിക സംസ്കൃതിയുടെ പച്ചപ്പ് തിരികെ വന്നിരിക്കുന്നു. പുഴയിലെ ജലനിരപ്പ് നിയന്ത്രിക്കാൻ സാധിച്ചതോടെ കർഷകർക്ക് രണ്ടാം വിളയും മൂന്നാം വിളയായി പച്ചക്കറിയും ചെയ്യാൻ സാധിക്കുന്നു. വേനൽക്കാലത്ത് സമീപത്തെ 250-ലധികം കിണറുകളിൽ ജലനിരപ്പ് ഉയർന്നത് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമാണ്.

പുഴയോരത്തെ മനോഹരമായ നടപ്പാതകളും തെരുവ് വിളക്കുകളും വിനോദസഞ്ചാരികളെയും പ്രകൃതി സ്നേഹികളെയും ഇവിടേക്ക് ആകർഷിക്കുന്നു. ഒരു നഗരപ്രദേശത്ത് എങ്ങനെ ശാസ്ത്രീയമായി നീർത്തട സംരക്ഷണം നടത്താം എന്നതിന് കാനാമ്പുഴ ഇന്ന് ലോകത്തിന് മുന്നിൽ ഒരു മാതൃകയാണ്. ഒരു കൂട്ടം യുവാക്കളുടെ കർഷക കൂട്ടായ്മയും ജനകീയ സമിതികളും ചേർന്ന് രചിച്ച ഈ അതിജീവന ഗാഥ വരുംതലമുറയ്ക്കുള്ള വലിയൊരു പാഠപുസ്തകമാണ്.

## 6.2. മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനസംയോജനം

കോട്ടയം ജില്ലയുടെ ജീവനാഡികളായ മീനച്ചിലാറും മീനന്തറയാറും കൊടൂരാറും തമ്മിലുള്ള സ്വാഭാവിക ബന്ധം അറ്റുപോയപ്പോൾ, അത് ആ നാടിന്റെ ജലസമൃദ്ധിക്കും കൃഷിക്കും

വലിയൊരു ആഘാതമായിരുന്നു. എന്നാൽ ഈ നദികളെയും അവയുടെ നൂറുകണക്കിന് കൈവഴികളെയും വീണ്ടും ഒന്നിപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ 'പുനഃസംയോജന പദ്ധതി' ഇന്ന് ലോകത്തിന് തന്നെ മാതൃകയായ ഒരു ജനകീയ പരിസ്ഥിതി പുനസ്ഥാപന ദൗത്യമാണ്.

വീഡിയോ കാണാം

രാഷ്ട്രീയ-സാമുദായിക വേർതിരിവുകൾ മറന്ന്, ഭരണകൂടവും പൗരസമൂഹവും ഒന്നിച്ചുനിന്നപ്പോൾ പിറന്നത് അതിശയിപ്പിക്കുന്ന നേട്ടങ്ങളാണ്. 2017 ഓഗസ്റ്റ് 28-ന് ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്ത ഈ ദൗത്യത്തിൽ കോട്ടയം നഗരസഭയും അയ്മനം, ആർപ്പൂക്കര, കുമരകം ഉൾപ്പെടെയുള്ള നിരവധി ഗ്രാമപഞ്ചായത്തുകളും പതിനഞ്ചോളം സന്നദ്ധ സംഘടനകളും തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു.

കേവലം കണക്കുകളല്ല, മറിച്ച് 1500 കിലോമീറ്ററോളം വരുന്ന ജലപാതകളിലൂടെ ഒഴുകുന്ന തെളിനീരാണ് ഈ പദ്ധതിയുടെ വിജയം വിളിച്ചോതുന്നത്. ജില്ലയിലെ 283 തോടുകൾ വീണ്ടെടുത്തതോടെ പത്ത് വർഷമായി തരിശുകിടന്നിരുന്ന അയർക്കുന്നം, മണർകാട് തുടങ്ങിയ പ്രദേശങ്ങളിലെ 4500 ഏക്കർ പാടശേഖരങ്ങളിൽ വീണ്ടും നെൽക്കതിരുകൾ വിരിഞ്ഞു. കോട്ടയത്തിന്റെ വിവിധ ഭാഗങ്ങളിലായി ആകെ 5650 ഏക്കറോളം സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കാൻ ഈ ജനകീയ ഇടപെടലിലൂടെ സാധിച്ചു എന്നത് അഭിമാനകരമായ നേട്ടമാണ്.

ഈ ദൗത്യം കേവലം ജലലഭ്യത ഉറപ്പാക്കുക മാത്രമല്ല, മറിച്ച് അവഗണിച്ചു തള്ളിയ ജലസ്രോതസ്സുകൾ നമ്മുടെ വിലപ്പെട്ട സമ്പത്താണെന്ന വലിയൊരു ബോധ്യം സമൂഹത്തിൽ വളർത്തുകയും ചെയ്തു. കൈയേറ്റങ്ങളും മാലിന്യ നിക്ഷേപവും പോലുള്ള വെല്ലുവിളികൾ ഇന്നും നിലനിൽക്കുന്നുണ്ടെങ്കിലും, ഈ ജലശൃംഖലയെ സുസ്ഥിരമായി നിലനിർത്താനുള്ള നിശ്ചയദാർഢ്യം നമുക്കുണ്ട്. ടൂറിസവും ഉൾനാടൻ മത്സ്യബന്ധനവും ഉൾപ്പെടെയുള്ള മേഖലകളുമായി ഈ പദ്ധതിയെ ബന്ധിപ്പിക്കുന്നതിലൂടെ പ്രാദേശിക ഉപജീവനം മെച്ചപ്പെടുത്താനുള്ള പുതിയ പ്രതീക്ഷകളിലാണ് കോട്ടയം.

## 6.3 കരീപ്ര മോഡൽ: ക്വാറിയിലെ പാഴ്ജലം കൃഷിഭൂമിയ്ക്ക് ദാഹജലം

ജലസംരക്ഷണവും ഹരിത ഊർജ്ജവും സമന്വയിപ്പിച്ചുകൊണ്ട് ഹരിതകേരളം മിഷന്റെ പിന്തുണയിൽ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിപ്ലവകരമായ പദ്ധതിയാണ് ക്വാറിയിലെ ജലം കൃഷിയിടങ്ങളിലേയ്ക്ക്. ഹരിതകേരളം മിഷന്റെയും അനെർട്ടിന്റെയും (ANERT) സഹകരണത്തോടെ യാഥാർത്ഥ്യമാക്കിയ ഈ പദ്ധതി, വേനൽക്കാലത്തെ കടുത്ത ജലക്ഷാമത്തിന് പ്രകൃതിസൗഹൃദപരമായ പരിഹാരമാണ് മുന്നോട്ടുവെക്കുന്നത്. ഉപയോഗശൂന്യമായി കിടന്നിരുന്ന, ഏതാണ്ട് 20 ഏക്കറോളം വിസ്തൃതിയുള്ള ഉളവുകോട് പാറക്വാറിയിലെ വൻ ജലശേഖരത്തെ കൃഷിക്കായി പ്രയോജനപ്പെടുത്തുകയാണ് ഇതിലൂടെ ചെയ്തത്. പമ്പിംഗിനായി സോളാർ പ്ലാന്റും പമ്പ് സെറ്റും അനെർട്ട് സ്ഥാപിച്ചു നൽകി. സംസ്ഥാന ഹൈഡ്രോഗ്രാഫിക് വകുപ്പിന്റെ സഹായത്തോടെ നടത്തിയ ബാത്തിമെട്രിക് (Bathymetric survey) സർവെയിലൂടെ

ക്വാറിയിലെ ജലത്തിന്റെ അളവ് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയാണ് പദ്ധതി ആസൂത്രണം ചെയ്തത്.

വീഡിയോ കാണാം

പൂർണ്ണമായും സോളാർ ഊർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സംവിധാനം വഴി ആറ് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന 400 ഏക്കറോളം കൃഷിഭൂമിയിലേക്ക് ജലസേചനം സാധ്യമാക്കി. ഇതിന്റെ ഗുണഫലമായി 250-ഓളം കർഷകർക്ക് വർഷം മുഴുവൻ കൃഷി ചെയ്യാനുള്ള സാഹചര്യം ഒരുങ്ങുകയും 40 ഏക്കറോളം നെൽവയലുകളിൽ ദീർഘകാല കൃഷി സാധ്യമാകുകയും ചെയ്തു. ജലം കൃഷിയിടങ്ങളിലേയ്ക്ക് എത്തിയതോടെ പ്രദേശത്തെ കിണറുകളിലും കുളങ്ങളിലും ഭൂജല റീചാർജിംഗിലൂടെ ജലനിരപ്പ് ഗണ്യമായി ഉയരുകയും വരൾച്ചാ ഭീഷണി കുറയുകയും ചെയ്തു. പമ്പിംഗിന് ശേഷം അധികം വരുന്ന സോളാർ വൈദ്യുതി കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകുന്നതിലൂടെ പഞ്ചായത്തിന് അധിക വരുമാനം നേടാനും സാധിക്കുന്നു.



തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യത്തിലേക്കുള്ള ഈ മാതൃക സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചു എന്നത് വലിയൊരു അംഗീകാരമാണ്. നശീകരണത്തിന്റെ അടയാളങ്ങളായിരുന്ന ഇടങ്ങൾ പോലും പുനരുജ്ജീവനത്തിന്റെ കേന്ദ്രങ്ങളാക്കാൻ കഴിയുമെന്ന് ഈ പദ്ധതി തെളിയിക്കുന്നു. അതുകൊണ്ടുതന്നെ, സംസ്ഥാനത്തുടനീളം കണ്ടെത്തിയ 286 ഉപേക്ഷിക്കപ്പെട്ട ക്വാറികളുടെ സാധ്യത പ്രയോജനപ്പെടുത്താൻ സർക്കാർ മുൻഗണന നൽകുന്നു. ഭാവിയിൽ വിനോദസഞ്ചാര സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തി ഈ പ്രദേശം വിപുലീകരിക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളോട് (SDGs) ചേർന്നുനിൽക്കുന്ന ഈ സമീപനം നമ്മുടെ നാളെയെ സംരക്ഷിക്കാനുള്ള ഉറച്ച ചുവടുവയ്പ്പാണ്.

## 6.4. നീർച്ചാൽ വീണ്ടെടുക്കലിന്റെ അലയമൺ മാതൃക

പശ്ചിമഘട്ടത്തിലെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റവും മാതൃകാപരമായി നടപ്പിലാക്കിയ ഗ്രാമപഞ്ചായത്താണ് അലയമൺ. ശാസ്ത്രീയമായ ആസൂത്രണവും ജനകീയ പങ്കാളിത്തവും സമന്വയിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നത്. ക്യാമ്പയിനിന്റെ ഭാഗമായി പഞ്ചായത്തിലെ നീർച്ചാലുകളെക്കുറിച്ച് നടത്തിയ വിശദമായ മാപിംഗ് ആണ് ഈ പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടത്. മാപിംഗിന് ശേഷം തൊഴിലുറപ്പ് പദ്ധതിയെ (MGNREGS) കൃത്യമായി പ്രയോജനപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിലെ മുഴുവൻ (ആകെ 52) നീർച്ചാലുകളിലെയും തടസ്സങ്ങൾ സമയബന്ധിതമായി നീക്കി സ്വാഭാവികമായ ഒഴുക്ക് പുനഃസ്ഥാപിച്ചു. വർഷങ്ങളായി മാലിന്യങ്ങളും എക്കലും അടിഞ്ഞ് നീരൊഴുക്ക് നിലച്ചിരുന്ന തോടുകളും തോടുകളുടെ കൈവഴികളും ഇതോടെ പുനർജനിച്ചു. പ്രാദേശിക ജലലഭ്യത ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ, കനത്ത മഴക്കാലങ്ങളിൽ വെള്ളപ്പൊക്ക സാധ്യത ഇല്ലാതാക്കാനും ഇത്തരം ഇടപെടലുകൾ സഹായിച്ചു. പ്രകൃതി ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കാനും മലയോര മേഖലയിലെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കാനും അലയമൺ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ഈ രീതി മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും പിന്തുടരാവുന്ന മികച്ചൊരു മാതൃകയാണ്.



## 6.5. ഇനി ഞാൻ ഒഴുകട്ടെ: വടക്കാഞ്ചേരി മാതൃക

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കിയ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. നഗരസഭയിലെ 18 പാടശേഖരങ്ങളിലായി വ്യാപിച്ചുകിടക്കുന്ന 31 നീർച്ചാലുകൾ ശുചീകരിക്കാനും അവയുടെ സ്വാഭാവികമായ ഒഴുക്ക് വീണ്ടെടുക്കാനും ഈ ക്യാമ്പയിനിലൂടെ സാധിച്ചു. ഏതാണ്ട് 24.2 കിലോമീറ്റർ നീളത്തിൽ നീർച്ചാലുകളിലെ തടസ്സങ്ങളും മാലിന്യങ്ങളും നീക്കിയതോടെ നാടിന്റെ ജലധമനികൾക്ക് പുതുജീവൻ ലഭിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾ, കുടുംബശ്രീ അംഗങ്ങൾ, വിദ്യാർത്ഥികൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങി 2200-ഓളം പേരുടെ സജീവമായ ജനകീയ പങ്കാളിത്തമാണ് ഈ ബൃഹദ്പദ്ധതിയെ



വിജയത്തിലെത്തിച്ചത്. നഗരസഭയുടെ വിവിധ ഫണ്ടുകൾക്കും എം.എൽ.എ ഫണ്ടിനും പുറമെ ജനകീയ അധ്വാനം കൂടി ചേർത്തപ്പോൾ 11.45 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ജലാശയങ്ങളിൽ പ്രതിഫലിച്ചു. തോടുകളും കുളങ്ങളും ശാസ്ത്രീയമായി പുനരുജീവിപ്പിച്ചതിലൂടെ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഗണ്യമായി ഉയരുകയും കാർഷിക ഉൽപ്പാദനത്തിൽ വലിയ മുന്നേറ്റം ഉണ്ടാവുകയും ചെയ്തു. പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഹരിതകർമ്മ സേനയുടെ സഹായത്തോടെ മാസാവലോകനം നടത്തി ജലസ്രോതസ്സുകൾ നിരന്തരം സംരക്ഷിക്കുന്നു എന്നത് വടക്കാഞ്ചേരിയുടെ സവിശേഷതയാണ്. വരും വർഷങ്ങളിൽ കൂടുതൽ ജലാശയങ്ങൾ ഈ ഹരിതശൃംഖലയുടെ ഭാഗമാക്കാനും നഗരസഭ ലക്ഷ്യമിടുന്നു. സമ്പൂർണ്ണ ശുചിത്വ നഗരസഭ എന്ന ലക്ഷ്യത്തിലേക്കുള്ള വടക്കാഞ്ചേരിയുടെ ഈ പ്രയാണം ജലസംരക്ഷണവും മാലിന്യ സംസ്കരണവും എങ്ങനെ സംയോജിപ്പിക്കാം എന്നതിന് മികച്ചൊരു ദിശാസൂചികയാണ്.

## 6.6. ജലഗുണനിലവാര പരിശോധന: തൃശ്ശൂർ ജില്ലയുടെ മാതൃക

തൃശ്ശൂർ ജില്ലയിലെ 54 ഗ്രാമപഞ്ചായത്തുകളിലെ ഹയർ സെക്കൻഡറി സ്കൂളുകൾ കേന്ദ്രീകരിച്ച് ഹരിതകേരളം മിഷൻ നടപ്പിലാക്കിയ ജലഗുണനിലവാര നിർണ്ണയ ലാബുകൾ കുടിവെള്ള സുരക്ഷാ രംഗത്തെ വിപ്ലവകരമായ ഒരു ചുവടുവെപ്പാണ്. എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 83 ലക്ഷം രൂപ വിനിയോഗിച്ച് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേനയാണ് അത്യാധുനികമായ ഈ ലാബുകൾ സജ്ജമാക്കിയത്. സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം നൽകിക്കൊണ്ട്, ജലത്തിലെ പി.എച്ച് മൂല്യം, ലവണാംശം, ബാക്ടീരിയ സാന്നിധ്യം തുടങ്ങി എട്ടോളം പ്രധാന ഘടകങ്ങൾ പരിശോധിക്കാനുള്ള സംവിധാനമാണ് ഓരോ സ്കൂളിലും ഒരുക്കിയത്. എൻ.എസ്.എസ് വോളന്റിയർമാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവമായ സഹകരണത്തോടെ വാർഡ് തലത്തിൽ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചാണ് ജനങ്ങളിൽ നിന്ന് ജല സാമ്പിളുകൾ ശേഖരിച്ചത്.

പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 19,009 കിണറുകളിലെ ജലം ഇതിനോടകം ശാസ്ത്രീയമായി പരിശോധിക്കുകയും അതിന്റെ ഗുണനിലവാരം കൃത്യമായി രേഖപ്പെടുത്തിയ ‘വാട്ടർ കാർഡുകൾ’ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. മരത്തംകോട്, എരുമപ്പെട്ടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകൾ ഈ ദൗത്യത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ലാബുകളുടെ സുസ്ഥിരമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി ജില്ലയിലെ 35 തദ്ദേശ സ്ഥാപനങ്ങൾ ഇതിനോടകം തന്നെ തങ്ങളുടെ ബജറ്റിൽ ആവശ്യമായ ഫണ്ട് വകയിരുത്തിക്കഴിഞ്ഞു. കുട്ടികളിൽ ശാസ്ത്രീയമായ അന്വേഷണ ത്വര വളർത്തുന്നതിനൊപ്പം പൊതുജനങ്ങൾക്ക് വിശ്വസനീയവും സൗജന്യവുമായ ജലപരിശോധന സ്വന്തം ഗ്രാമങ്ങളിൽ തന്നെ ലഭ്യമാക്കുന്ന ഈ പദ്ധതി, ജനകീയ ആരോഗ്യ സംരക്ഷണത്തിൽ സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന മികച്ചൊരു ഇടപെടലാണ്.

## 6.7. ജലാഞ്ജലി:
## പേരാവൂരിന്റെ മാതൃകാ ജലസംരക്ഷണ പ്രവർത്തനം

പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിൽ നിന്ന് ഉത്ഭവിച്ച് രണ്ടായിരത്തി ഇരുപതോളം നീർച്ചാലുകളുടെ കരുത്തിൽ ഒഴുകുന്ന ബാവലിപ്പുഴ പേരാവൂർ ബ്ലോക്കിന്റെ ആവാസവ്യവസ്ഥയിലെ പുണ്യവാഹിനിയാണ്. വയനാടൻ മലനിരകളിൽ നിന്ന് ഉദ്ഭവിച്ച് ഒഴുകുന്ന ചെകുത്താൻ തോട് ശ്രീലങ്കൻ തോടുമായി ചേർന്ന് രൂപംകൊള്ളുന്ന ബാവലി, പിന്നീട് ചീങ്കണ്ണിപ്പുഴയെയും കാഞ്ഞിരപ്പുഴയെയും നെഞ്ചിലേറ്റിയാണ് കണ്ണൂരിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ കാക്കുന്നത്. കൊട്ടിയൂർ മുതൽ മാലൂർ വരെയുള്ള ആറ് പഞ്ചായത്തുകളിലൂടെ ഈ പുഴ നടത്തുന്ന പ്രയാണം കേവലം ഒരു നീരൊഴുക്കല്ല, മറിച്ച് മലയോരത്തിന്റെ ദാഹം തീർക്കുന്ന ജീവിതരേഖയാണ്. വളപട്ടണം പുഴയുടെ ഈ പ്രധാന ശാഖ നാടിന്റെ ജലസമൃദ്ധിയിലും കാർഷിക സംസ്കൃതിയിലും നിർണ്ണായകമായ സ്വാധീനമാണ് ചെലുത്തുന്നത്.

വീഡിയോ കാണാം

മലിനീകരണത്തിന്റെ പിടിയിലായിരുന്ന ബാവലിയെ വീണ്ടെടുക്കാൻ 2020-ൽ യുവജനതയും ഹരിതകേരളം മിഷനും കൈകോർത്തപ്പോൾ പിറന്നത് ഒരു പുതിയ ചരിത്രമായിരുന്നു. മൂവായിരത്തഞ്ഞൂറോളം സന്നദ്ധപ്രവർത്തകർ ഒരൊറ്റ ദിവസം കൊണ്ട് പതിനെട്ട് ലോഡ് മാലിന്യം നീക്കം ചെയ്ത 'ഗ്രീൻ മലയോര മിഷൻ' എന്ന ജനകീയ യജ്ഞം സംസ്ഥാനത്തിന് തന്നെ മാതൃകയായി. ഈ മുന്നേറ്റത്തെ ഏറ്റുപിടിച്ചുകൊണ്ട് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് 'ജലാഞ്ജലി'. ഈ പദ്ധതിയുടെ ഭാഗമായി MGNRESന്റെ സഹകരണത്തോടെ സംസ്ഥാനത്ത് ആദ്യമായി ഒരു ബ്ലോക്ക് പ്രദേശത്ത് നീരുറവ് പദ്ധതി നടപ്പാക്കാനും ഇവിടെ സാധ്യമായി. മാലിന്യമെല്ലാം നീക്കി ഇന്ന് തെളിനീരുമായി ഒഴുകുന്ന ബാവലി, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഇഴപിരിയാത്ത ബന്ധത്തിന്റെ അടയാളമായി മാറിയിരിക്കുന്നു.

## 6.8. സുസ്ഥിര തൃത്താല: സമഗ്രവികസന മാതൃക

ഭാരതപ്പുഴയുടെ തീരത്തുള്ള തൃത്താല മണ്ഡലത്തിന്റെ സാംസ്കാരികവും പ്രകൃതിദത്തവുമായ തനിമ നിലനിർത്തിക്കൊണ്ട് സമഗ്രമായ വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന മാതൃകാപരമായ പദ്ധതിയാണ് 'സുസ്ഥിര തൃത്താല'. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ പദ്ധതി, വിവിധ സർക്കാർ വകുപ്പുകളുടെയും ജനങ്ങളുടെയും ഏകോപിത പ്രവർത്തനത്തിലൂടെ കേരളത്തിന് പുതിയൊരു വികസന മാതൃകയാണ് കാഴ്ചവെക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ ശാസ്ത്രീയമായ പരിപാലനം, ഭാരതപ്പുഴയുടെ പുനരുജ്ജീവനം, മണ്ണ്-ജല സംരക്ഷണം, തരിശുരഹിത മണ്ഡലം, ശാസ്ത്രീയ മാലിന്യ സംസ്കരണം എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നേതൃസ്ഥാനം നൽകിക്കൊണ്ട്, ചെലവ് കുറഞ്ഞ ജൈവ മാർഗ്ഗങ്ങളിലൂടെ പരിസ്ഥിതിയെ പുനരുദ്ധരിക്കാനാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്.

കഴിഞ്ഞ മൂന്ന് വർഷത്തെ തീവ്രമായ പ്രവർത്തനങ്ങൾ വഴി മണ്ഡലത്തിന്റെ ഭൂപ്രകൃതിയിൽ

വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സുസ്ഥിര തൃത്താല പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. ജലസംരക്ഷണ മേഖലയിൽ 62 പുതിയ കാർഷിക കുളങ്ങൾ നിർമ്മിക്കുകയും 50 പൊതുകുളങ്ങൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തത് ഇതിന്റെ ഭാഗമായാണ്. കൂടാതെ 544 കിണറുകളിൽ റീചാർജിംഗ് സംവിധാനം ഏർപ്പെടുത്തിയത് പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഗണ്യമായി ഉയർത്താൻ സഹായിച്ചു. കാർഷിക മേഖലയിൽ 556 ഹെക്ടറിലധികം സ്ഥലത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കുകയും 'പത്തിന കർമ്മ പരിപാടി'യിലൂടെ വീടുകളിൽ തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തത് കാർഷിക സംസ്കാരത്തിലേക്കുള്ള മടങ്ങിപ്പോക്കായി മാറി.



പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മണ്ഡലത്തിൽ 21 പച്ചത്തുരുത്തുകൾ നിർമ്മിക്കുകയും 4 കിലോമീറ്റർ നീർച്ചാലുകൾ പൂർവ്വസ്ഥിതിയിലാക്കി വീണ്ടെടുക്കുകയും ചെയ്തു. എട്ട് പഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കിയതും സ്കൂളുകൾ കേന്ദ്രീകരിച്ച് ജലഗുണനിലവാര ലാബുകൾ ആരംഭിച്ചതും പദ്ധതിയുടെ ശാസ്ത്രീയമായ കാഴ്ചപ്പാടിനെ അടിവരയിടുന്നു. വിവിധ വകുപ്പുകളുടെയും ഫണ്ടുകളുടെയും കൃത്യമായ ഏകോപനം വഴി ഒരു മണ്ഡലത്തെ എങ്ങനെ സുസ്ഥിര വികസനത്തിന്റെ പാതയിലേക്ക് നയിക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമായി സുസ്ഥിര തൃത്താല പദ്ധതി ഇന്ന് മാറിക്കഴിഞ്ഞു.

## 6.9. കബനിയ്ക്കായി വയനാട്: വയനാടിന്റെ പുനരുജ്ജീവന മാതൃക

വയനാട് ജില്ലയുടെ ജീവനാഡിയായ കബനി നദിയുടെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കുന്നതിനായി ഹരിതകേരളം മിഷൻ വിഭാവനം ചെയ്ത ദീർഘകാല ക്യാമ്പയിനാണ് 'കബനിയ്ക്കായി വയനാട്'. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനൊപ്പം നദിയെയും അതിന്റെ കൈവഴികളെയും സംരക്ഷിച്ച് കൃഷി, ടൂറിസം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കബനിയുടെ ഉത്ഭവസ്ഥാനമായ വൈത്തിരി ഗ്രാമപഞ്ചായത്തിലാണ് ഈ ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിയത്. പദ്ധതിയുടെ



ഭാഗമായി വൈത്തിരിയിലെ മുഴുവൻ നീർച്ചാലുകളെയും 'മാപ്പത്തോൺ' (Mapathon) വഴി ഓപ്പൺ സ്ട്രീറ്റ് മാപ്പിൽ രേഖപ്പെടുത്തിയത് ശാസ്ത്രീയമായ ആസൂത്രണത്തിന് ശക്തമായ അടിത്തറ പാകി.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് ചേലോട് അമ്മാറ തോട്, വൈത്തിരി പുഴ, ശ്രീപുരം തോട് എന്നിവയുടെ കിലോമീറ്ററുകളോളം വരുന്ന ഭാഗം നവീകരിക്കുകയും കയർ ഭൂവസ്ത്രം വിരിച്ച് അവ സംരക്ഷിക്കുകയും ചെയ്തു. കൂടാതെ, 500 ബ്രഷ് വുഡ് ചെക്ക് ഡാമുകളും (Brush wood check dam) 150 ലൂസ് ബോർഡർ ചെക്ക് ഡാമുകളും നിർമ്മിച്ച് സ്വാഭാവികമായ ജലസംരക്ഷണം ഉറപ്പാക്കാൻ ഈ ഇടപെടലുകളിലൂടെ സാധിച്ചു. പൂക്കോട് വെറ്ററിനറി കോളേജുമായി സഹകരിച്ച് വൈത്തിരിപ്പുഴയിലെ ആവാസവ്യവസ്ഥയെക്കുറിച്ച് നടത്തുന്ന പഠനം പുഴയോരത്തെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു.

പരിസ്ഥിതി സൗഹൃദ ടൂറിസത്തിന് പ്രാധാന്യം നൽകിക്കൊണ്ട് 'എൻ ഊര്', 'പൂക്കോട് തടാകം' എന്നിവയെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതും വിനോദസഞ്ചാരികൾക്കായി 'ഔറോറ ഫുഡ് കോർട്ട്' എന്ന ഗ്രീൻ പ്രോട്ടോക്കോൾ അധിഷ്ഠിത ലഘുഭക്ഷണ കേന്ദ്രം ആരംഭിച്ചതും പദ്ധതിയുടെ സവിശേഷതയാണ്. ദേശീയപാതയുടെ ശുചീകരണവും ടൗണുകളെ ഹരിത ടൗണുകളായി മാറ്റിയതും ഹരിതകേരളം മിഷന്റെ ശുചിത്വ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നത് വഴി കബനി നദിയുടെ നിലനിൽപ്പ് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണെന്ന സന്ദേശം സമൂഹത്തിന് നൽകാൻ ഈ ക്യാമ്പയിന് സാധിച്ചു. വരും വർഷങ്ങളിൽ വൈത്തിരി പുഴയെ പൂർണ്ണമായും വീണ്ടെടുക്കാനും ഗ്രാമീണ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താനുമാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്.

## 6.10. ജലസംരക്ഷണത്തിലെ അപൂർവ്വ മാതൃക: മരിയൻ കോളേജ് കുട്ടിക്കാനം

ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്കിൽ പീരുമേട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മരിയൻ കോളേജ് കുട്ടിക്കാനം, ജലസംരക്ഷണത്തിലും അതിന്റെ ശാസ്ത്രീയമായ പുനരുപയോഗത്തിലും ജില്ലയിലെ തന്നെ ഏറ്റവും മികച്ച മാതൃകകളിൽ ഒന്നാണ്. സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരത്തിൽ 27 ഏക്കറിലായി വ്യാപിച്ചു കിടക്കുന്ന ഈ കലാലയത്തിൽ വിദ്യാർത്ഥികളും ജീവനക്കാരുമടക്കം മൂവായിരത്തോളം പേർക്ക് ആവശ്യമായ ജലം പൂർണ്ണമായും സുസ്ഥിരമായ രീതിയിലാണ് ഉറപ്പാക്കുന്നത്.

ഉയർന്ന പ്രദേശമായതിനാൽ വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന കുട്ടിക്കാനത്ത്, മഴവെള്ളം സംഭരിച്ചാണ് കോളേജ് ഈ പ്രതിസന്ധിയെ മറികടന്നത്. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ളം പ്രത്യേക പൈപ്പുകൾ വഴി ശേഖരിച്ച് രണ്ട് കൂറ്റൻ റിസർവോയറുകളിൽ സംഭരിക്കുന്നു. ഈ ജലം ആധുനികമായ ശുദ്ധീകരണ സംവിധാനങ്ങളിലൂടെ ശുദ്ധീകരിച്ചാണ് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നത്.

മലിനജലം ഒഴുക്കിക്കളയാതെ അത് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനായി ആധുനികമായ എസ്.ടി.പി (Sewage Treatment Plant) സംവിധാനം കോളേജിലുണ്ട്. ഹോസ്റ്റലുകൾ, അടുക്കള,



വാഷ് റൂമുകൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം ശേഖരിച്ച് ശുദ്ധീകരണത്തിന് ശേഷം ജലസേചനത്തിനും ശുചിമുറി ആവശ്യങ്ങൾക്കുമായി വീണ്ടും ഉപയോഗിക്കുന്നു. ജലം പാഴാക്കുന്നത് തടയാനും ജലത്തിന്റെ അമിത ഉപഭോഗം കുറയ്ക്കാനും പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ മേലുള്ള സമ്മർദ്ദം ലഘൂകരിക്കാനും ഇതുവഴി സാധിക്കുന്നു.

മരിയൻ കോളേജ് നടപ്പിലാക്കിയ ഈ പദ്ധതികൾ കലാലയത്തിനുള്ളിലെ ജലക്ഷാമം പരിഹരിക്കുക മാത്രമല്ല, സമീപപ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ട്. പ്രദേശവാസികൾക്കിടയിൽ ജലസംരക്ഷണത്തെക്കുറിച്ച് വലിയ രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ ഈ മാതൃകയ്ക്ക് കഴിഞ്ഞു. പാരിസ്ഥിതിക സന്തുലനത്തിന് കോട്ടം തട്ടാത്ത രീതിയിലുള്ള ഈ പ്രവർത്തനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള വലിയൊരു പോരാട്ടം കൂടിയാണ്. സമ്പൂർണ്ണ ഹരിതചട്ടം (Green Protocol) പാലിക്കുന്ന ഈ കലാലയം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജലമാനേജ്മെന്റിൽ പിന്തുടരാവുന്ന മികച്ച ഉദാഹരണമാണ്.

## 6.11. കാസർഗോഡ്: ജല ബജറ്റിൽ നിന്ന് ജലസുരക്ഷാ പ്ലാനിലേക്ക്

കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഇടങ്ങളിലൊന്നായിട്ടും വേനൽക്കാലത്ത് കടുത്ത വരൾച്ച അനുഭവിക്കുന്ന ജില്ലയാണ് കാസർഗോഡ്. സംസ്ഥാനത്തിലെ 44 നദികളിൽ 9 എണ്ണം ഈ ജില്ലയിലുണ്ടെങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നേരിടുന്ന വരൾച്ച രൂക്ഷമാണ്. തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് ജില്ലയിൽ ലഭിക്കുന്ന മഴ സംസ്ഥാന ശരാശരിയിലും അധികമാണ്. എന്നാൽ തൽസ്ഥല ജലസംരക്ഷണ സംവിധാനങ്ങളുടെ കുറവും ഭൂതലത്തിന്റെ പ്രത്യേകതയും ഭൂജലനിരപ്പ് ഉയരുന്നതിന് സഹായകമാവുന്നില്ല. എന്നാൽ ഈ പ്രതിസന്ധിയെ മറികടക്കാനായി സ്വീകരിച്ച കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ പുതിയ ജലനയം സംസ്ഥാനത്തിന് തന്നെ മാതൃകയാവുകയാണ്. ഹരിതകേരളം മിഷന്റെയും ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റേയും (CWRDM) സാങ്കേതിക സഹായത്തോടെ ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കുകയും, അതിനെ അടി



സ്ഥാനമാക്കി സമഗ്രമായ ഒരു ജലസുരക്ഷാ പ്ലാൻ ആവിഷ്കരിക്കുകയും ചെയ്തിരിക്കുകയാണ്.

ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് പെയ്യുന്ന മഴ മണ്ണിലേക്ക് ഇറങ്ങാതെ കടലിലേക്ക് ഒഴുകിപ്പോകുന്നതാണ് കാസർഗോഡ് നേരിടുന്ന പ്രധാന വെല്ലുവിളി. 6 ബ്ലോക്കുകൾ ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിൽ ഭൂജല ലഭ്യതയുടെ കാര്യത്തിൽ ഒരു ബ്ലോക്ക് ക്രിട്ടിക്കൽ മേഖലയിലും ഒരു ബ്ലോക്ക് സെമി ക്രിട്ടിക്കൽ മേഖലയിലുമാണ്. ഈ സാഹചര്യം മുൻനിർത്തിയാണ് ശാസ്ത്രീയമായ കണക്കെടുപ്പുകളിലൂടെ ജലത്തിന്റെ ലഭ്യതയും ആവശ്യകതയും താരതമ്യം ചെയ്യുന്ന ജലബജറ്റിന് രൂപം നൽകിയത്.

## ജലബജറ്റിലെ കണ്ടെത്തലുകൾ

| ബ്ലോക്ക് | ജല ആവശ്യം (ദശലക്ഷം ഘനമീറ്ററിൽ) | ജല ലഭ്യത (ദശലക്ഷം ഘനമീറ്ററിൽ) | ജലമിച്ചം (ദശലക്ഷം ഘനമീറ്ററിൽ) |
|---|---|---|---|
| കാറഡുക്ക | 271.8969 | 486.1023 | 214.2054 |
| കാസർഗോഡ് | 232.6760 | 1089.6869 | 857.0109 |
| പരപ്പ | 224.7270 | 1698.6590 | 1473.9320 |
| മഞ്ചേശ്വരം | 204.2376 | 429.6847 | 225.4471 |
| കാഞ്ഞങ്ങാട് | 159.0809 | 250.9490 | 91.8681 |
| നീലേശ്വരം | 86.0385 | 203.4980 | 117.4595 |
| മുനിസിപ്പാലിറ്റി | 43.5414 | 102.7432 | 59.2018 |

ജല ബജറ്റിലെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി വരും വർഷങ്ങളിലേക്കുള്ള പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയതാണ് ജലസുരക്ഷാ പ്ലാൻ. ഓരോ നദീതടങ്ങളെയും നീർത്തടങ്ങളെയും അടിസ്ഥാനമാക്കി 'നീരുറവ്' പദ്ധതിയുടെ ഭാഗമായി സമഗ്രമായ മാസ്റ്റർ പ്ലാനുകൾ ഇതിനായി രൂപപ്പെടുത്തിയിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണു-ജല സംരക്ഷണം, കാസർഗോഡിന്റെ സവിശേഷതയായ സുരംഗങ്ങളുടെ സംരക്ഷണം, കുഴൽക്കിണർ റീചാർജിംഗ്, ഉപ്പുവെള്ള പ്രതിരോധത്തിനായി റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ നിർമ്മാണം എന്നിവയാണ് ഇതിലെ പ്രധാന പ്രവർത്തനങ്ങൾ. ജനകീയ ചർച്ചകളിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും നടപ്പിലാക്കുന്ന ഈ പദ്ധതി, വരുന്ന അഞ്ചുവർഷത്തിനുള്ളിൽ ജില്ലയെ ജലസമൃദ്ധിയിലേക്ക് നയിക്കാനാണ് ലക്ഷ്യമിടുന്നത്.

# 6.12. ഗുഡ്ബൈ ടാങ്കർ വാട്ടർ: കൊണ്ടോട്ടിയുടെ ജലസംരക്ഷണ മാതൃക



മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് ജലക്ഷാമത്തിനെതിരെ നടപ്പിലാക്കുന്ന സമഗ്രമായ അതിജീവന പദ്ധതിയാണ് KISWAN. ചാലിയാറും പുല്ലിപ്പുഴയും അതിരിടുന്നുണ്ടെങ്കിലും, ഭൂപ്രകൃതിയുടെ പ്രത്യേകതയാൽ വേനൽക്കാലത്ത് കടുത്ത വരൾച്ച നേരിട്ടിരുന്ന പ്രദേശമാണിത്. 'സെമി ക്രിട്ടിക്കൽ' വിഭാഗത്തിൽപ്പെടുത്തിയ ഈ മേഖലയെ ജലസമൃദ്ധിയിലേക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 2021-22 കാലയളവിലാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. 'ഗുഡ്ബൈ ടാങ്കർ വാട്ടർ' എന്ന ശ്രദ്ധേയമായ മുദ്രാവാക്യത്തിലൂടെ അഞ്ചുവർഷം കൊണ്ട് കുടിവെള്ളത്തിനായി ടാങ്കർ ലോറികളെ ആശ്രയിക്കാത്ത ഒരു ബ്ലോക്കായി മാറാനാണ് കൊണ്ടോട്ടി ലക്ഷ്യമിടുന്നത്.

ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (നീരുറവ്), ഭൂജല വകുപ്പ് എന്നിവയുടെ ഏകോപനത്തിലൂടെയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെയുള്ള ജലസഭകൾ, വാർഡുതല ബോധവൽക്കരണങ്ങൾ എന്നിവയിലൂടെ ജലസംരക്ഷണത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ കഴിഞ്ഞു. തോടുകളുടെ ആഴം കൂട്ടൽ, 54 പുതിയ തടയണകളുടെ നിർമ്മാണം, 650-ലധികം കാർഷിക കിണറുകൾ, കിണർ റീചാർജിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ജലവിതാനം ഉയർത്തുന്നതിൽ വലിയ മാറ്റമുണ്ടാക്കി.

## മികച്ച ഇടപെടലുകൾ

| ചെലവിനം | തുക (ലക്ഷത്തിൽ) | സാമ്പത്തിക സ്രോതസ് |
|---|---|---|
| ബോധവൽക്കരണ പ്രവർത്തനങ്ങൾ, ജല സഭ നടത്തിപ്പ് | 0.93 | ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ട് |
| തോടുകൾ,കനാലുകൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം<br>ആകെ പ്രവർത്തികൾ - 99 | 452 | ജില്ല/ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം |
| കുളം നിർമ്മാണം/പുനരുദ്ധാരണം.<br>ആകെ പ്രവർത്തികൾ - 22 | 116 | ബ്ലോക്ക്,ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം |

| | | |
|---|---|---|
| കാർഷികാവശ്യങ്ങൾക്കുള്ള കിണർ നിർമ്മാണം.- 653 എണ്ണം | 211.30 | MGNREGS |
| കാർഷികാവശ്യങ്ങൾക്കുള്ള കുളം നിർമ്മാണം,പു നരുദ്ധാരണം- 75 എണ്ണം | 198.825 | MGNREGS |
| തോട് പുനരുദ്ധാരണം-240 എണ്ണം | 948.768 | MGNREGS |
| കിണർ റീചാർജിംഗ്- 282 എണ്ണം | 42.30 | MGNREGS |
| മരം നട്ടുപിടിപ്പിക്കൽ(കശുമാവിൻതൈകൾ ഉൾപ്പെടെ) | 75.25 | സോഷ്യൽഫോറസ്ട്രി, MGNREGS, കശുമാവ് വികസന പദ്ധതി |
| തടയണകൾ- 54 എണ്ണം | 106.65 | MGNREGS |

പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം വേനൽക്കാലത്ത് ടാങ്കർ വെള്ളത്തെ ആശ്രയിക്കുന്നവരുടെ എണ്ണം നാലിലൊന്നായി കുറയ്ക്കാൻ സാധിച്ചു എന്നതാണ്. തരിശായി കിടന്ന 75 ഏക്കർ ഭൂമിയിലേക്ക് വെള്ളമെത്തിച്ച് കൃഷിയോഗ്യമാക്കാനും ഇതിലൂടെ സാധിച്ചു. ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ വെള്ളം കൃഷിക്കായി പ്രയോജനപ്പെടുത്തുന്നതും, കയർ ഭൂവസ്ത്രം ഉപയോഗിച്ച് മണ്ണിടിച്ചിൽ തടയുന്നതും പദ്ധതിയുടെ സവിശേഷ പ്രവർത്തനങ്ങളായി. വരും വർഷങ്ങളിൽ ഓരോ വീട്ടിലും കിണർ റീചാർജിംഗ് വ്യാപിപ്പിക്കാനും ജലഗുണനിലവാര പരിശോധന ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങളുമായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് മുന്നോട്ട് പോവുകയാണ്.

## 6.13. ജനകീയ നീർച്ചാൽ മാപ്പിങ്: നെല്ലിയാമ്പതി മാതൃക

പശ്ചിമഘട്ടത്തിന്റെ ഹൃദയഭാഗമായ നെല്ലിയാമ്പതിയിലെ നീർച്ചാൽ ശൃംഖലകളെ വീണ്ടെടുക്കാനും സംരക്ഷിക്കാനുമായി നടപ്പിലാക്കിയ മാതൃകാപരമായ പ്രവർത്തനമാണ് 'ജനകീയ മാപ്പിങ്'. ഹരിതകേരളം മിഷനും ഐ.ടി. മിഷനും സംയുക്തമായി സംഘടിപ്പിച്ച 'മാപ്പത്തോൺ' കാമ്പയിന്റെ ഭാഗമായാണ് ഈ ദൗത്യം പൂർത്തിയാക്കിയത്. പാലക്കാട് ജില്ലയിലെ പശ്ചിമഘട്ട മലനിരകളോട് ചേർന്നുനിൽക്കുന്ന 51 തദ്ദേശസ്ഥാപനങ്ങളിൽ നടന്ന ഈ പ്രവർത്തനങ്ങളിൽ



ഏറ്റവും ശ്രമകരവും ശ്രദ്ധേയവുമായത് നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലേതായിരുന്നു.

കടൽനിരപ്പിൽ നിന്ന് 467 മുതൽ 1572 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന നെല്ലിയാമ്പതി, അനേകം പുഴകളുടെ ഉത്ഭവസ്ഥാനവും ജൈവവൈവിധ്യ കലവറയുമാണ്. വനംവകുപ്പിന്റെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹകരണത്തോടെ റിസോഴ്സ് പേഴ്സൺമാരും ഇന്റേൺസും അടങ്ങുന്ന സംഘം മൂന്നു ദിവസത്തെ തീവ്രശ്രമത്തിലൂടെയാണ് ഉൾക്കാടുകളിലും തേയിലത്തോട്ടങ്ങളിലും ചിതറിക്കിടന്ന ഇവിടുത്തെ 222 നീർച്ചാലുകളെ ഡിജിറ്റൽ ഭൂപടത്തിൽ അടയാളപ്പെടുത്തിയത്.

ആധുനിക മൊബൈൽ ആപ്ലിക്കേഷനുകളുടെയും സോഫ്റ്റ്‌വെയറുകളുടെയും സഹായത്തോടെ നീർച്ചാലുകളുടെ ഉത്ഭവവും ഒഴുക്കും കൃത്യമായി രേഖപ്പെടുത്തി. ഇങ്ങനെ തയ്യാറാക്കിയ ഭൂപടങ്ങൾ കേവലം രേഖകളല്ല, മറിച്ച് പ്രകൃതിക്ഷോഭങ്ങളെ പ്രതിരോധിക്കാനുള്ള ശാസ്ത്രീയ ആയുധങ്ങൾ കൂടിയാണ്. ഈ നീർച്ചാലുകളിലെ തടസ്സങ്ങൾ നീക്കി സുഗമമായ ഒഴുക്ക് ഉറപ്പാക്കുന്നതിലൂടെ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവയുടെ സാധ്യത കുറയ്ക്കാൻ സാധിക്കും.

മാപ്പിങ്ങിലൂടെ കണ്ടെത്തിയ വിവരങ്ങൾ അടിസ്ഥാനമാക്കി 2024-25 വർഷത്തിൽ 17 നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായി 42.6 ലക്ഷം രൂപയുടെ പരിപാടികൾ തൊഴിലുറപ്പ് പദ്ധതി വഴി നെല്ലിയാമ്പതിയിൽ ആരംഭിച്ചുകഴിഞ്ഞു. ഭാവിയിൽ വെള്ളപ്പൊക്ക നിയന്ത്രണം, ജലസുരക്ഷ, സുസ്ഥിരമായ നിർമ്മാണ ആസൂത്രണം എന്നിവയ്ക്ക് ഈ ഡിജിറ്റൽ ഭൂപടങ്ങൾ അടിസ്ഥാന രേഖയായി മാറും. പശ്ചിമഘട്ടത്തിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനൊപ്പം മലയോര ജനതയുടെ സുരക്ഷിതത്വം ഉറപ്പാക്കാനും നെല്ലിയാമ്പതിയിലെ ഈ ജനകീയ മാപ്പിങ് മാതൃകയാകുന്നു.

## 6.14. പുല്ലമ്പാറയുടെ 'നീരുറവ്': കേരളത്തിന്റെ ജലസംരക്ഷണ മാതൃക

കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപന ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ച പദ്ധതിയാണ് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ 'നീരുറവ്'. ശാസ്ത്രീയമായ നീർത്തടാധിഷ്ഠിത ആസൂത്രണവും ജനകീയ പങ്കാളിത്തവും എങ്ങനെയൊരു നാടിനെ മാറ്റിയെടുക്കുമെന്ന് പുല്ലമ്പാറ തെളിയിച്ചു. 288 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന ചുള്ളാളം നീർത്തടത്തിലാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്. ജി.ഐ.എസ് (GIS) സാങ്കേതികവിദ്യയും കാർഷിക എഞ്ചിനീയറിംഗും പാരമ്പര്യ അറിവുകളും സമന്വയിപ്പിച്ച് നടത്തിയ വിവിധ പ്രവർത്തനങ്ങളിലൂടെ 2024-ൽ രാഷ്ട്രപതിയിൽ നിന്നും 'ദേശീയ ജല അവാർഡ്' ഏറ്റുവാങ്ങാൻ ഈ പഞ്ചായത്തിന് സാധിച്ചു.

കേരളത്തിന് അധികം പരിചിതമല്ലാത്ത 'സ്പ്രിംഗ് ഷെഡ്' (Springshed) അഥവാ ഉറവത്തട വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ ആദ്യ പഞ്ചായത്തുകൂടിയാണ് പുല്ലമ്പാറ. ഭൂമിക്കടിയിലെ ജലശേഖരത്തിൽ നിന്നും ഉപരിതലത്തിലേക്ക് പ്രകൃത്യാ ജലം ഒഴുകുന്ന ഉറവകളെ ശാസ്ത്രീയമായി സംരക്ഷിക്കുന്ന രീതിയാണിത്. ഇതിനൊപ്പം ശ്രദ്ധേയമായ മറ്റൊരു പ്രവർത്തനമാണ് 'അക്ഷരത്തുരുത്ത്'. നാശോന്മുഖമായി കിടന്ന ഒരു കുളത്തെ സാംസ്കാരിക കേന്ദ്രമാക്കി മാറ്റിയ ഈ പദ്ധതി, പരിസ്ഥിതി സംരക്ഷണത്തെ എങ്ങനെ സാമൂഹിക ഉന്നമനവുമായി ബന്ധി

പ്പിക്കാം എന്നതിന്റെ മികച്ച ഉദാഹരണമാണ്.



തൊഴിലുറപ്പ് പദ്ധതിയുടെ (MGNREGS) സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് 4 കോടിയോളം രൂപയുടെ പ്രവർത്തനങ്ങൾ ഇവിടെ നടന്നത്. 50 വീടുകൾ വീതമുള്ള നീർത്തട അയൽക്കൂട്ടങ്ങളും നീർത്തട കമ്മിറ്റികളും രൂപീകരിച്ച് ഓരോ പൗരനെയും ഈ പദ്ധതിയുടെ ഭാഗമാക്കി.

- കളരിവനം: വാമനപുരം നദിയുടെ തീരത്തെ വൃക്ഷവൽക്കരണ പദ്ധതി.
- മാലിന്യ സംസ്കരണം: സോക്ക്പിറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ എന്നിവയിലൂടെ ജലമലിനീകരണം കുറച്ചു.
- കിണർ റീചാർജിങ്ങിലൂടെ കുടിവെള്ള ലഭ്യത ഉറപ്പാക്കി.
- കൃഷി: തരിശുനിലങ്ങൾ നെൽകൃഷിക്ക് അനുയോജ്യമാക്കിയും തട്ടുതട്ടായി തിരിക്കൽ (Terracing) നടത്തിയുമുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ.

ഇതിനായി പുതിയ ധനസ്രോതസ്സുകൾ തേടുന്നതിന് പകരം നിലവിലുള്ള പദ്ധതികളെ ഏകോപിപ്പിച്ചുകൊണ്ട് ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ ഏതൊരു പഞ്ചായത്തിനും ഈ വിജയം കൈവരിക്കാമെന്ന് 'നീരുറവ്' കാണിച്ചുതരുന്നു. സ്വന്തം നാടിന്റെ മണ്ണും ജലവും സംരക്ഷിക്കേണ്ടത് തന്റെ കൂടി ഉത്തരവാദിത്തമാണെന്ന ബോധം ഓരോ പുല്ലമ്പാറ നിവാസിയിലും വളർത്താൻ ഈ പദ്ധതിക്ക് കഴിഞ്ഞു.

## 6.15. ജലസംരക്ഷണത്തിന്റെ തുരുത്തിക്കര മാതൃക

തുരുത്തിക്കരയുടെ ജലസംരക്ഷണ ചരിത്രം ആരംഭിക്കുന്നത് 'മനയ്ക്കമല' എന്ന ചെമ്മൺ കുന്നിനെ സംരക്ഷിക്കാനുള്ള ജനകീയ കൂട്ടായ്മയിൽ നിന്നാണ്. നാടിന്റെ ജലലഭ്യത ഉറപ്പാക്കുന്ന ഈ കുന്നിനെ മണ്ണെടുപ്പിൽ നിന്ന് രക്ഷിക്കാൻ 26 സംഘടനകൾ ചേർന്ന് വലിയൊരു കാമ്പയിൻ നടത്തി. ശാസ്ത്രീയ പഠനങ്ങളുടെ കരുത്തിൽ നടത്തിയ ഈ പോരാട്ടം വിജയിക്കുകയും, ഇന്ന് ആ മല 400-ലധികം ഫലവൃക്ഷങ്ങളാൽ സമൃദ്ധമായ ഒരു ഹരിതവനമായി മാറുകയും ചെയ്തു. ഈ കൂട്ടായ്മയാണ് പിന്നീട് 'ഊർജ നിർമ്മല ഹരിതഗ്രാമം' എന്ന സുസ്ഥിര വികസന മാതൃകയ്ക്ക് ജന്മം നൽകിയത്. മാലിന്യ പരിപാലനം, ഊർജസംരക്ഷണം, ജലസുരക്ഷ, ശാസ്ത്രീയ കൃഷിരീതികളുടെ വ്യാപനം തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പരിപാടി ആസൂത്രണം ചെയ്തത്. 100 ദിവസം നീണ്ടുനിന്ന ഈ പരിപാടിയിലൂടെ ഗ്രാമീണ ജനതയുടെ പൊതുബോധത്തിൽ ഉറച്ചുപോയ പല ധാരണകളേയും തിരുത്താനായി.

ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റേയും (CWRDM), കൊച്ചി ശാസ്ത്ര സാങ്കേതിക

സർവ്വകലാശാല (CUSAT) എന്നിവയുടെ സഹ കരണത്തോടെ നടത്തിയ പഠനങ്ങളിൽ നിന്ന് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. പ്രദേശത്തെ ഭൂഗർഭ ജലവിതാനം പ്രതിവർഷം ഒരു മീറ്റർ വീതം താഴുന്നുവെന്നും കിണർ വെള്ള ത്തിൽ ലവണാംശം കൂടുതലാണെന്നും കണ്ടെത്തി. ഇതോടെ, 50 സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകി ഗ്രാമത്തിലെ മുഴുവൻ കിണറുകളിലെയും വെള്ളം ഒരൊറ്റ ദിവസം കൊണ്ട് പരിശോധിച്ചു. ഓരോ വീട്ടുകാർക്കും തങ്ങളുടെ കിണറിലെ ജല ത്തിന്റെ ഗുണനിലവാര റിപ്പോർട്ട് നൽകി അവരെ ജലസാക്ഷരരാക്കി.



മഴവെള്ളം പാഴാക്കാതെ കിണറുകളിലേക്ക് നേരിട്ട് എത്തിക്കുന്ന 'കിണർ റീചാർജിംഗ്' പദ്ധതി പ്രാദേശികമായി അവതരിപ്പിക്കപ്പെട്ടു. ആയിരം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടിന്റെ മുകളിൽ നിന്ന് വർഷം തോറും ലഭിക്കുന്ന മൂന്ന് ലക്ഷം ലിറ്റർ മഴവെള്ളം മണ്ണിലൂടെയും ഫിൽട്ട റുകളിലൂടെയും അരിച്ചെടുത്ത് കിണറിലേക്ക് ഇറക്കി വിടുന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രദേശത്തെ സയൻസ് സെന്ററിന്റെ നേതൃത്വത്തിൽ കുറഞ്ഞ ചെലവിൽ നിർമ്മിക്കാ വുന്ന പൈപ്പ് ഫിൽട്ടറുകളും ടാങ്ക് ഫിൽട്ടറുകളും ജനങ്ങൾക്ക് പരിചയപ്പെടുത്തി. ചുരുങ്ങിയ കാലയളവിനുള്ളിൽ നൂറിലധികം കിണറുകൾ റീചാർജ് ചെയ്തു.

ഇന്ന് തുരുത്തിക്കരയിൽ പുതിയ വീടുകൾ പണിയുമ്പോൾ കിണർ റീചാർജിംഗ് എന്നത് ഒരു ജീവിതചര്യയുടെ ഭാഗമായി മാറിയിരിക്കുന്നു. കുടിവെള്ളത്തിലെ മൈക്രോ പ്ലാസ്റ്റിക് സാന്നി ധ്യം വരെ പഠനവിധേയമാക്കുന്ന ഈ ഗ്രാമം, ശാസ്ത്ര സാങ്കേതിക വിദ്യകളെ ജനകീയമാക്കിയും പ്രകൃതിസംരക്ഷണത്തിന് പ്രത്യേക പരിഗണന നൽകിയും വരുംതലമുറയ്ക്ക് വലിയൊരു പാഠ പുസ്തകമായി മാറുകയാണ്.

# ശുചിത്വ - മാലിന്യ സംസ്കരണം

## 6.16. മൂന്നുപെരിയ: ചെറുപട്ടണങ്ങളെ ഹരിതസുന്ദരമാക്കുന്ന പെരളശ്ശേരി മാതൃക

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലുള്ള മൂന്നുപെരിയ എന്ന ചെറുപട്ടണം, ജനകീയ പങ്കാളിത്തത്തിലൂടെ ഒരു പ്രദേശത്തിന്റെ മുഖച്ഛായ എങ്ങനെ മാറ്റിയെടുക്കാം എന്നതിന് മികച്ച ഉദാഹരണമാണ്. കണ്ണൂർ-കൂത്തുപറമ്പ് സംസ്ഥാന പാതയോരത്തുള്ള ഈ ടൗണിനെ ശുചിത്വത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീകമാക്കി മാറ്റിയത് നാട്ടു കാരുടെയും വ്യാപാരികളുടെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ പ്രവർത്തനമാണ്. പഞ്ചായത്ത് ആവിഷ്കരിച്ച 'എന്റെ പെരളശ്ശേരി ശുചിത്വ

വീഡിയോ കാണാം

സുന്ദരം' ക്യാമ്പയിന്റെ ഭാഗമായി രൂപീകരിച്ച പ്രത്യേക ശുചിത്വ ടീം, എല്ലാ ദിവസവും പുലർച്ചെ അഞ്ച് മണി മുതൽ ടൗൺ ശുചീകരിച്ച് പരിപാലിക്കുന്നു എന്നത് ഈ മുന്നേറ്റത്തിന്റെ പ്രത്യേകതയാണ്.



റോഡ് സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ഓവുചാലുകളും കൈവരികളോടു കൂടിയ നടപ്പാതകളും നിർമ്മിച്ചതിനൊപ്പം പാതയോരങ്ങളിൽ ഇരുവശങ്ങളിലും ഇരുന്നൂറിലധികം പൂച്ചെടികളാണ് നട്ടുപിടിപ്പിച്ചിരിക്കുന്നത്. പൂക്കൊട്ടയുടെ ആകൃതിയിലുള്ള ആൾമറയോടു കൂടിയ പൊതുക്കിണർ, ആകർഷകമായ ബസ് കാത്തിരിപ്പ് കേന്ദ്രം, റേഡിയോ സൗകര്യം, കുട്ടി ലൈബ്രറി, ഫസ്റ്റ് എയ്ഡ് ബോക്സ്, വാട്ടർ പ്യൂരിഫയർ എന്നിവ മൂന്നുപെരിയ ടൗണിനെ ഒരു വിനോദസഞ്ചാര കേന്ദ്രത്തിന് സമാനമായ പ്രതീതിയിലാക്കുന്നു. സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയ ഫണ്ട് പ്രയോജനപ്പെടുത്തി സെൽഫി പോയിന്റും അക്വേറിയവും വരെ ഇവിടെ ഒരുക്കിയിട്ടുണ്ട്.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതിനും വ്യാപാരികളും പൊതുജനങ്ങളും പൂർണ്ണമായി സഹകരിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നത്. എ.കെ.ജി വായനശാലയുടെ നേതൃത്വത്തിലുള്ള സന്നദ്ധ പ്രവർത്തകർക്ക് പുറമെ, പ്രദേശത്തെ വീടുകളിലെ വനിതകൾ ശുചിത്വ ടീമിന് ലഘുഭക്ഷണം നൽകി ഈ പ്രവർത്തനത്തിൽ പങ്കാളികളാകുന്നത് ഗ്രാമീണ കൂട്ടായ്മയുടെ ഉത്തമ മാതൃകയാണ്. മൂന്നുപെരിയയുടെ വിജയം കണ്ടറിഞ്ഞ് പെരളശ്ശേരി പഞ്ചായത്തിലെ വെള്ളച്ചാൽ, കീഴറ തുടങ്ങിയ മറ്റ് കേന്ദ്രങ്ങളും ഇന്ന് ഹരിത ടൗണുകളായി മാറിക്കഴിഞ്ഞു. വികസനത്തോടൊപ്പം കൃത്യമായ പരിപാലനവും ജനപങ്കാളിത്തവും ചേർന്നാൽ ഏതൊരു പട്ടണത്തെയും ഹരിതസുന്ദരമാക്കാം എന്ന് മൂന്നുപെരിയ ലോകത്തിന് കാട്ടിക്കൊടുക്കുന്നു.

## 6.17. ഖരമാലിന്യ സംസ്കരണത്തിലെ ഇരട്ടയാർ മോഡൽ

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഖരമാലിന്യ സംസ്കരണ രംഗത്ത് കൈവരിച്ച നേട്ടം അതിശയിപ്പിക്കുന്നതാണ്. ഒരു കാലത്ത് മാലിന്യ സംസ്കരണത്തിൽ ഏറെ പിന്നിലായിരുന്ന ഈ പ്രദേശം, കൃത്യമായ ആസൂത്രണത്തിലൂടെ 2025-ലെ കേന്ദ്ര സാമ്പത്തിക സർവേ റിപ്പോർട്ടിൽ വരെ ഇടംപിടിച്ചുകൊണ്ട് രാജ്യത്തിന് തന്നെ മാതൃകയായി മാറി. പഞ്ചായത്തിലെ 14 വാർഡുകളിലായി 26 അംഗങ്ങളുള്ള ഹരിതകർമ്മ സേനയാണ് ഈ വിപ്ലവത്തിന് പിന്നിൽ പ്രവർത്തിക്കുന്നത്. 100 ശതമാനം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാതിൽപടി ശേഖരണം ഉറപ്പാക്കുന്നതിലൂടെ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന രീതി ഇവർ പൂർണ്ണമായും ഇല്ലാതാക്കി. ഹരിതമിത്രം ആപ്പ് ഉപയോഗിച്ച് ഡിജിറ്റൽ സംവിധാനത്തി

ലൂടെ സേവനങ്ങൾ ഏകോപിപ്പിക്കുന്ന ഇരട്ടയാറിൽ, ശേഖരിക്കുന്ന പാഴ്‌വസ്തുക്കളെ 28 ഇനങ്ങളായി തരംതിരിക്കുകയും പുനചക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു. 3000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അത്യാധുനിക മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും (MCF), ജില്ലയിലെ ആദ്യത്തെ ആധുനിക വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റും ഇരട്ടയാറിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

ഈ പദ്ധതിയിലൂടെ 26 വനിതകൾക്ക് സ്ഥിരമായ തൊഴിലും മാന്യമായ വരുമാനവും ഉറപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചു എന്നത് സാമൂഹികമായ വലിയൊരു നേട്ടമാണ്. സേനാംഗങ്ങൾക്ക് പ്രതിമാസം 10,000 രൂപ മുതൽ 20,000 രൂപയ്ക്ക് മുകളിൽ വരെ വേതനം ലഭിക്കുന്നുണ്ട്. കൂടാതെ, എല്ലാ അംഗങ്ങൾക്കും രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പോളിസിയും പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി യൂണിറ്റുകൾക്ക് പുറമെ കുടുംബശ്രീ സംരംഭമായി പ്രവർത്തിക്കുന്ന വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റും ഇവിടെ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. 2025-ലെ സ്വരാജ് ട്രോഫി കരസ്ഥമാക്കിയ ഇരട്ടയാർ, ഇന്ന് മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് പരിശീലനം നൽകുന്ന വിജ്ഞാന കേന്ദ്രമായി ഉയർന്നിരിക്കുകയാണ്. മാലിന്യത്തെ വെറുമൊരു പാഴ്‌വസ്തുവായല്ല, മറിച്ച് മൂല്യവർദ്ധിത വിഭവമായാണ് ഇരട്ടയാർ കാണുന്നത്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും ഐക്യത്തോടെയുള്ള പ്രവർത്തനം എങ്ങനെ ഒരു ഗ്രാമത്തെ ഹരിതസുന്ദരമാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് ഈ 'ഇരട്ടയാർ മോഡൽ'.



## 6.18. ഒറിജിനൽ കുന്നംകുളം: മാലിന്യസംസ്കരണത്തിന്റെ കുന്നംകുളം മോഡൽ

പതിറ്റാണ്ടുകളോളം കുന്നംകുളം നഗരത്തിന്റെ ശാപമായിരുന്ന 'കുറുക്കൻപാറ' ട്രെഞ്ചിങ് ഗ്രൗണ്ടിനെ ഒരു വിനോദസഞ്ചാര കേന്ദ്രത്തിന് സമാനമായ 'ഗ്രീൻ പാർക്ക്' ആക്കി മാറ്റിയ ചരിത്രമാണ് കുന്നംകുളം നഗരസഭയ്ക്ക് പറയാനുള്ളത്. അഞ്ച് ഏക്കറിൽ പടർന്നുകിടന്ന മാലിന്യക്കൂമ്പാരങ്ങളെ ശാസ്ത്രീയമായി സംസ്കരിച്ച്, ഇന്ന് അവിടെ പച്ചപ്പും കൃഷിയും കളിയരങ്ങും നിറഞ്ഞ വിജ്ഞാന കേന്ദ്രമായി മാറ്റിയിരിക്കുന്നു. 2021 ഡിസംബറിൽ കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഖരമാലിന്യ വിമുക്ത നഗരസഭയായി കുന്നംകുളത്തെ പ്രഖ്യാപിച്ചത് ഈ ജനകീയ മുന്നേറ്റത്തിന്റെ വിജയമാണ്.

മാലിന്യക്കൂനകൾ നീക്കം ചെയ്യുന്നതിന് മുൻഗണന നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടായിവന്നു. പണ്ട് ദുർഗന്ധം വമിച്ച് പ്രദേശവാസികളെ രോഗികളാക്കിയിരുന്ന ട്രെഞ്ചിങ്

ഗ്രൗണ്ട് ഇന്ന് ഒരു 'ഗ്രീൻ ടെക്നോളജി സെന്ററാണ്'.

- ജൈവമാലിന്യ സംസ്കരണം: ഐ.ആർ.ടി.സി (IRTC) വികസിപ്പിച്ചെടുത്ത അത്യാധുനികമായ എയറോബിക് കമ്പോസ്റ്റിംഗ് രീതിയിലൂടെ പ്രതിദിനം 10 ടൺ മാലിന്യം ഇവിടെ സംസ്കരിച്ച് ജൈവവളമാക്കി മാറ്റുന്നു.
- ചകിരി മില്ല്: കമ്പോസ്റ്റ് നിർമ്മാണത്തിന് ആവശ്യമായ ചകിരിച്ചോർ ഉത്പാദിപ്പിക്കാൻ 5,000 ചകിരിത്തൊണ്ട് സംസ്കരിക്കാൻ ശേഷിയുള്ള സ്വന്തം മില്ല് ഇവിടെ പ്രവർത്തിക്കുന്നു.



- അജൈവമാലിന്യ പരിപാലനം: പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ്, എം.സി.എഫ് (MCF), ആർ.ആർ.എഫ് (RRF) എന്നിവ വഴി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ വേർതിരിച്ച് പുനഃചംക്രമണം ചെയ്യുന്നു.

അടിസ്ഥാന - യന്ത്രസംവിധാനങ്ങൾ ഒരുക്കുന്നതോടൊപ്പം ജനങ്ങളുടെ ശീലങ്ങളിൽ മാറ്റം വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് 'നല്ല വീട് നല്ല നഗരം' ജനകീയ ക്യാമ്പയിൻ നടപ്പിലാക്കിയത്.

- ഉറവിട മാലിന്യ സംസ്കരണം: 13,000-ത്തിലധികം വീടുകളിൽ ബയോ കമ്പോസ്റ്റർ ബിന്നുകളും നൂറോളം ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു. "നല്ല വീട് നല്ല നഗരം" എന്ന സന്ദേശം ഓരോ കുടുംബത്തിലും എത്തിക്കാൻ ഡിജിറ്റൽ സർവ്വേയും വാർഡുതല സമിതികളും സഹായിച്ചു.
- ഹരിതകർമ്മസേന: 80-ലധികം കുടുംബങ്ങൾക്ക് സ്ഥിരവരുമാനം നൽകുന്ന ഒരു തൊഴിൽ മേഖലയായി മാലിന്യ സംസ്കരണം മാറി. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ 63 അംഗങ്ങളുള്ള ഹരിതകർമ്മസേന സജീവമായി പ്രവർത്തിക്കുന്നു.

മാലിന്യത്തെ ഒരു സമ്പത്തായി കണ്ട കുന്നംകുളം മാതൃക ഇന്ന് വിദേശീയരും സ്വദേശീയരും സന്ദർശിക്കുന്ന ഒരു പഠന ടൂറിസം കേന്ദ്രമാണ്. ദ്രവമാലിന്യ സംസ്കരണത്തിനായി പാക്കേജ്ഡ് FSTP സംവിധാനം ആരംഭിച്ചതും, സാനിറ്ററി മാലിന്യങ്ങൾ നീക്കം ചെയ്യാൻ 'ആക്രി ആപ്പിന്റെ' സേവനം ഉറപ്പാക്കിയതും ഈ നഗരത്തിന്റെ ശുചിത്വ പ്രതിബദ്ധത വ്യക്തമാക്കുന്നു. വരും വർഷങ്ങളിൽ ഉപയോഗശൂന്യമായ വസ്തുക്കളെ പുനരുപയോഗ്യമാക്കുന്ന 'അപ്സൈക്ലിങ് യൂണിറ്റുകൾ' ആരംഭിക്കാനും, പൊതു ശൗചാലയങ്ങൾ ഹൈടെക് ആക്കി മാറ്റാനും നഗരസഭ ലക്ഷ്യമിടുന്നു. കുന്നുകളും കുളങ്ങളും നിറഞ്ഞ കുന്നംകുളത്തിന്റെ സ്വാഭാവിക ഭംഗി നില നിർത്തിക്കൊണ്ട്, ഇക്കോ ടൂറിസത്തിനും സ്പോർട്സ് ഹബ്ബിനും അനുയോജ്യമായ ഒരു സുന്ദര നഗരമായി ഇത് പരിണമിച്ചു കഴിഞ്ഞു.

## 6.19. മാലിന്യ സംസ്കരണത്തിന്റെ പെരിന്തൽമണ്ണ മാതൃക

മലപ്പുറം ജില്ലയിലെ അതിവേഗം വളരുന്ന വാണിജ്യ നഗരമായ പെരിന്തൽമണ്ണ, ജനസാന്ദ്രതയേറിയ നഗരപ്രദേശങ്ങളിലെ മാലിന്യപ്രശ്നങ്ങളെ എങ്ങനെ ക്രിയാത്മകമായി നേരിടാം എന്നതിന് ലോകത്തിന് തന്നെ മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. വർദ്ധിച്ചുവരുന്ന ജനസംഖ്യ സൃഷ്ടിക്കുന്ന വെല്ലുവിളികളെ ശാസ്ത്രീയവും നൂതനവുമായ പദ്ധതികളിലൂടെ മറികടക്കുന്ന നഗരസഭയുടെ ഈ ഹരിത വിപ്ലവത്തിന് പിന്നിൽ 84 അംഗങ്ങളുള്ള സജീവമായ ഹരിതകർമ്മസേനയാണ് പ്രവർത്തിക്കുന്നത്. കളത്തിലക്കരയിൽ 13.5 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന അത്യാധുനിക മാലിന്യസംസ്കരണ പ്ലാന്റ് ഈ നഗരത്തിന്റെ ശുചിത്വ ദർശനത്തിന്റെ പ്രധാന കേന്ദ്രമായി ഇന്ന് മാറിയിരിക്കുന്നു.

വീഡിയോ കാണാം

ജൈവമാലിന്യങ്ങളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ ആദ്യത്തെ നഗരസഭാ സംരംഭമായ 'ബയോശക്തി' പ്ലാന്റ് പെരിന്തൽമണ്ണയുടെ കിരീടത്തിലെ പൊൻതൂവലാണ്. പ്രതിദിനം രണ്ട് ടൺ ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഈ പ്ലാന്റിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ചാണ് പ്ലാന്റ് വളപ്പിലെ എം.സി.എഫ് (MCF), ആർ.ആർ.എഫ് (RRF) യൂണിറ്റുകൾ പ്രവർത്തിക്കുന്നത് എന്നത് ഈ പദ്ധതിയെ പൂർണ്ണമായും ഊർജ്ജ സ്വയംപര്യാപ്തവും സുസ്ഥിരവുമാക്കുന്നു. കൂടാതെ, അജൈവ മാലിന്യങ്ങൾക്കായി വിപുലമായ പുനചക്രമണ സംവിധാനങ്ങളും മൂന്ന് ടൺ ശേഷിയുള്ള വിൻഡ്രോ കമ്പോസ്റ്റ് യൂണിറ്റും ഇവിടെ സജ്ജമാണ്. കേവലം മാലിന്യ സംസ്കരണത്തിൽ ഒതുങ്ങാതെ, ഈ മേഖലയെ ഒരു പാഠ്യവിഷയമായി മാറ്റിയ കേരളത്തിലെ ആദ്യ നഗരസഭ എന്ന പദവിയും പെരിന്തൽമണ്ണയ്ക്കാണ്. പ്ലാന്റ് വളപ്പിലെ അക്കാഡമിക് സെന്റർ വഴി ഒരേസമയം 120 പേർക്ക് പരിശീലനം നൽകുന്നതിലൂടെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഇതൊരു വിജ്ഞാന കേന്ദ്രമായി മാറുന്നു. മാലിന്യക്കൂമ്പാരങ്ങളെക്കുറിച്ചുള്ള പേടി മാറ്റി പ്ലാന്റ് പരിസരം മനോഹരമായ ഒരു പൂന്തോട്ടമാക്കി മാറ്റുന്നതിനായി 28 ലക്ഷം രൂപ ചെലവിൽ ഒരു 'ബയോപാർക്ക്' നിർമ്മിച്ചു വരുന്നതും നഗരസഭയുടെ ദീർഘവീക്ഷണത്തെ കാട്ടുന്നു.

ജൈവവൈവിധ്യ സംരക്ഷണ രംഗത്തും പെരിന്തൽമണ്ണ ശ്രദ്ധേയമായ ചുവടുവെപ്പുകളാണ് നടത്തുന്നത്. ഇരുപതാം വാർഡിലെ താഴെപ്പറ്റകുന്നിലെ 6.5 ഏക്കർ വരുന്ന തരിശുഭൂമിയെ 600-ഓളം ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും വളരുന്ന മനോഹരമായ പച്ചത്തുരുത്താക്കി മാറ്റിയെടുക്കാൻ നഗരസഭയ്ക്ക് സാധിച്ചു. ഇത്തരം വിപ്ലവകരമായ പ്രവർത്തനങ്ങൾ പരിഗണിച്ച് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ രണ്ടാം സ്ഥാനവും, മികച്ച ഹരിതകർമ്മസേനയ്ക്കുള്ള പുരസ്കാരവും പെരി



ന്തൽമണ്ണയെ തേടിയെത്തി. ശുചിത്വപൂർണ്ണമായ പൊതുയിടങ്ങൾക്കായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച 18 'ബ്യൂട്ടി സ്പോട്ടുകൾ' പെരിന്തൽമണ്ണയുടെ ഹരിതസുന്ദരമായ പുതിയ മുഖത്തെ അടയാളപ്പെടുത്തുന്നു.

## 6.20. ആലപ്പുഴയുടെ മാലിന്യസംസ്കരണ മാതൃകകൾ

കേരളത്തിലെ ഏറ്റവും ജനസാന്ദ്രതയേറിയ നഗരങ്ങളിലൊന്നായ ആലപ്പുഴ, മാലിന്യസംസ്കരണ രംഗത്ത് ലോകത്തിന് തന്നെ മാതൃകയാക്കാവുന്ന വിപ്ലവകരമായ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഉറവിട മാലിന്യസംസ്കരണത്തിനൊപ്പം വിപുലമായ കമ്മ്യൂണിറ്റി സംവിധാനങ്ങളെയും സമന്വയിപ്പിച്ചു കൊണ്ടുള്ള നഗരസഭയുടെ ഈ മുന്നേറ്റം ഏറെ ശ്രദ്ധേയമാണ്. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന 37 എയ്റോബിക് കമ്പോസ്റ്റ് പ്ലാന്റുകൾ പ്രതിമാസം ടൺ കണക്കിന് ജൈവമാലിന്യമാണ് സംസ്കരിച്ച് വളമാക്കി മാറ്റുന്നത്. ഇതിന് പുറമെ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള 18,000 ബയോ ബിന്നുകളും 21,000 ബയോ ഗ്യാസ് പ്ലാന്റുകളും ഈ മാലിന്യസംസ്കരണ ശൃംഖലയുടെ കരുത്ത് വർദ്ധിപ്പിക്കുന്നു. അജൈവ മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കാൻ 52 വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനയുടെ സേവനം നഗരസഭ ഉറപ്പാക്കിയിട്ടുണ്ട്. 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന ആലപ്പുഴയുടെ ജീവനാഡിയായ കനാലുകളുടെ നവീകരണത്തിനായി 'അമൃത്' പദ്ധതിയിലൂടെ 40 കിലോമീറ്ററോളം വരുന്ന കനാൽ ശൃംഖല ശുചീകരിക്കുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തത് നഗരത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിലെ സുപ്രധാന നാഴികക്കല്ലാണ്.



ദ്രവമാലിന്യ സംസ്കരണ രംഗത്ത് ആലപ്പുഴ നടപ്പിലാക്കിയ നൂതന പദ്ധതികൾ ശാസ്ത്രീയമായ മികവ് പുലർത്തുന്നവയാണ്. ചാത്തനാട് കോളനിയിൽ നടപ്പിലാക്കിയ 'DEWATTS' പദ്ധതി ഇതിൽ ഏറെ ശ്രദ്ധേയമാണ്. കോളനിയിലെ 52 വീടുകളിൽ നിന്നുള്ള മലിനജലം പൊതു ടാങ്കിൽ ശേഖരിച്ച് ശാസ്ത്രീയമായി ശുദ്ധീകരിക്കുന്നത് വഴി ആ പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാൻ സാധിച്ചു. കൂടാതെ, ജനറൽ ആശുപത്രിയിൽ സ്ഥാപിച്ച 240 KLD ശേഷിയുള്ള എസ്.ടി.പി (STP) പ്ലാന്റും, ഹൗസ് ബോട്ടുകളിലെയും വീടുകളിലെയും സെപ്റ്റേജ് മാലിന്യം സംസ്കരിക്കാൻ ഉപയോഗിക്കുന്ന മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും (MTU) ദ്രവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നു. മണിക്കൂറിൽ 6000 ലിറ്റർ മാലിന്യം ശുദ്ധീകരിക്കാൻ ശേഷിയുള്ള ഈ മൊബൈൽ യൂണിറ്റുകൾ കേരളത്തിലെ തന്നെ ആദ്യത്തെ പരീക്ഷണമായിരുന്നു. കൃത്യമായ ബോധവൽക്കരണത്തിലൂടെയും കർശനമായ നിരീക്ഷണത്തിലൂടെയും പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്ന ആലപ്പുഴ നഗരസഭ, വരും വർഷങ്ങളിൽ കൂടുതൽ കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിച്ച് സമ്പൂർണ്ണ ശുചിത്വ നഗരമെന്ന ലക്ഷ്യത്തിലേക്ക് കുതിക്കുകയാണ്.

## 6.21. എളവള്ളി മോഡൽ സാനിറ്ററി നാപ്കിൻ/ ഡയപ്പർ ഡിസ്ട്രോയർ യൂണിറ്റ്

വീഡിയോ കാണാം

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ സാനിറ്ററി നാപ്കിൻ/ഡയപ്പർ ഡിസ്ട്രോയർ യൂണിറ്റ്, ആധുനിക അജൈവ മാലിന്യ സംസ്കരണ രംഗത്ത് കേരളം മുന്നോട്ട് വെക്കുന്ന ഏറ്റവും ശാസ്ത്രീയമായ മാതൃകകളിലൊന്നാണ്. മണ്ണിൽ അലിഞ്ഞുചേരാത്തതും സാധാരണ രീതിയിൽ കത്തിച്ചാൽ അന്തരീക്ഷത്തിലേക്ക് മാരകമായ വിഷവാതകങ്ങൾ പുറത്തുവിടുന്നതുമായ നാപ്കിനുകളും ഡയപ്പറുകളും പരിസ്ഥിതിക്ക് ഒട്ടും ദോഷകരമാകാത്ത രീതിയിൽ സംസ്കരിക്കാൻ ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. കണ്ണൂർ റെയ്ഡ്കോയുടെ (RAIDCO) കീഴിലുള്ള '4R ടെക്നോളജീസി'ന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ വിപ്ലവകരമായ പദ്ധതി പഞ്ചായത്ത് യാഥാർത്ഥ്യമാക്കിയത്.

ഈ യൂണിറ്റിന്റെ ഏറ്റവും വലിയ സവിശേഷത അതിൽ ഉപയോഗിച്ചിരിക്കുന്ന 'ഡബിൾ ഇൻസിനറേഷൻ' (Double Incineration) എന്ന സാങ്കേതികവിദ്യയാണ്. രണ്ട് ചേമ്പറുകളിലായി നടക്കുന്ന ഈ പ്രക്രിയയിൽ, ആദ്യത്തെ ചേമ്പറിൽ 800 മുതൽ 850 ഡിഗ്രി സെൽഷ്യസ് വരെ താപനിലയിൽ മാലിന്യം ദഹിപ്പിക്കുന്നു. ഇവിടെനിന്നുണ്ടാകുന്ന വാതകങ്ങളെ രണ്ടാമത്തെ ചേമ്പറിൽ എത്തിച്ച് 1000 ഡിഗ്രിക്ക് മുകളിലുള്ള ഉയർന്ന താപനിലയിൽ വീണ്ടും ദഹിപ്പിക്കുന്നതിലൂടെ മാരകമായ ഡയോക്സിനുകൾ (Dioxins) രൂപപ്പെടുന്നത് പൂർണ്ണമായും തടയാൻ സാധിക്കുന്നു. തുടർന്ന് സൈക്ലോണിക് സെപ്പറേറ്ററിലൂടെയും വാട്ടർ സ്ക്രബ്ബിംഗ് സിസ്റ്റത്തിലൂടെയും വാതകങ്ങളെ ശുദ്ധീകരിച്ച് 30 മീറ്റർ ഉയരമുള്ള ചിമ്മിനിയിലൂടെയാണ് പുറന്തള്ളുന്നത്. പുറത്തു വരുന്ന വാതകങ്ങൾ അന്തരീക്ഷ ഊഷ്മാവിനോട് സമാനമാണെന്നതും മലിനജല സംസ്കരണത്തിനായി പ്രത്യേക സോക്ക് പിറ്റ് സംവിധാനം ഒരുക്കിയിട്ടുണ്ടെന്നതും ഈ പദ്ധതിയുടെ പരിസ്ഥിതി സൗഹൃദപരമായ കാഴ്ചപ്പാട് വ്യക്തമാക്കുന്നു.



സാമ്പത്തികമായി നോക്കിയാൽ സ്വകാര്യ മേഖലയേക്കാൾ പകുതിയിലധികം ചെലവ് കുറച്ച് (ഒരു കിലോയ്ക്ക് 20 രൂപ നിരക്കിൽ) മാലിന്യം സംസ്കരിക്കാൻ എളവള്ളി മോഡലിന് സാധിക്കുന്നുണ്ട്. പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന്റെ ചിമ്മിനി പ്രയോജനപ്പെടുത്തിയത് വഴി നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കാൻ ഇവർക്ക് കഴിഞ്ഞു. ധനകാര്യ കമ്മീഷൻ ഗ്രാന്റും പഞ്ചായത്തിന്റെ വികസന ഫണ്ടും ഉൾ

പ്പെടെ ഏതാണ്ട് 38 ലക്ഷം രൂപ വിനിയോഗിച്ചാണ് ഈ സംരംഭം പൂർത്തിയാക്കിയത്. ഹരിത കർമ്മസേന ഇ-ഓട്ടോകൾ ഉപയോഗിച്ച് ഓരോ വാർഡുകളിൽ നിന്നും നേരിട്ട് ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിലൂടെ പൊതുവിടങ്ങളിലും ജലാശയങ്ങളിലും ഡയപ്പറുകൾ വലിച്ചെറിയുന്ന ശീലം പഞ്ചായത്തിൽ പൂർണ്ണമായും ഇല്ലാതായി. കിടപ്പുരോഗികൾക്കും കുഞ്ഞുങ്ങൾക്കും സ്ത്രീകൾക്കും ഒരുപോലെ ആശ്വാസമായ ഈ പദ്ധതി, വരും കാലത്ത് സമീപ പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ഒരു പ്രാദേശിക സംസ്കരണ കേന്ദ്രമായി വികസിപ്പിക്കാനാണ് എളവള്ളി ലക്ഷ്യമിടുന്നത്.

## 6.22. ബയോപാർക്ക്: ഗുരുവായൂർ നഗരസഭയുടെ മാലിന്യസംസ്കരണ മാതൃക

ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിലൊന്നായ ഗുരുവായൂർ, പ്രതിവർഷം എത്തുന്ന മൂന്നരക്കോടിയോളം വരുന്ന സന്ദർശകർ സൃഷ്ടിക്കുന്ന ഭീമമായ മാലിന്യപ്രശ്നത്തെ അതിജീവിച്ച് ഇന്ന് ലോകത്തിന് തന്നെ മാതൃകയാവുകയാണ്. നഗരത്തിലെ മാലിന്യങ്ങൾ അശാസ്ത്രീയമായി തള്ളിയിരുന്നതുകാരണം ദുർഗന്ധം വമിച്ചിരുന്ന 'ചൂൽപ്പുറം ട്രഞ്ചിംഗ് ഗ്രൗണ്ട്' എന്ന പ്രദേശം ഇന്ന് 'ബയോ പാർക്ക്' എന്ന പേരിൽ മനോഹരമായ ഒരു പഠന കേന്ദ്രമായും പൂന്തോട്ടമായും മാറിയിരിക്കുന്നു. വർഷങ്ങളായി അവിടെ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ (Legacy Waste) ശാസ്ത്രീയമായി നീക്കം ചെയ്തുകൊണ്ടായിരുന്നു ഈ വിപ്ലവകരമായ മാറ്റത്തിന്റെ തുടക്കം. ഐ.ആർ.ടി.സി. (IRTC) എന്ന ഗവേഷണ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ജനപ്രതിനിധികളെയും സന്നദ്ധ പ്രവർത്തകരെയും വിദ്യാർത്ഥികളെയും അണിനിരത്തി നഗരസഭ നടത്തിയ വലിയൊരു ജനകീയ മുന്നേറ്റമാണിത്. പ്രതിഷേധങ്ങളും സമരങ്ങളും നിലനിന്നിരുന്ന ഒരു പ്രദേശത്തെ ജനങ്ങളുടെ മനോഭാവം ബോധവൽക്കരണത്തിലൂടെ മാറ്റിയെടുക്കാൻ സാധിച്ചു



എന്നത് ഈ പദ്ധതിയുടെ ഏറ്റവും വലിയ സാമൂഹിക നേട്ടമാണ്.

ജൈവമാലിന്യ സംസ്കരണത്തിനായി 11,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് (Windrow Composting) യൂണിറ്റാണ് ഈ ബയോ പാർക്കിൽ സജ്ജീകരിച്ചിരിക്കുന്നത്. പ്രതിദിനം 5 മുതൽ 7 ടൺ വരെ ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ഈ സംവിധാനത്തിൽ, ഹോട്ടലുകളിൽ നിന്നും മണ്ഡപങ്ങളിൽ നിന്നും ലഭിക്കുന്ന വാഴയിലകൾ പൊടിക്കുന്നതിനായി പ്രത്യേക 'ചോപ്പിംഗ് ഷെഡർ' യന്ത്രങ്ങളും ഉപയോഗിക്കുന്നു. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ജൈവവളം 'ഹരിതം' എന്ന ബ്രാൻഡിൽ കിലോയ്ക്ക് 12 രൂപ നിരക്കിൽ വിപണനം ചെയ്യുന്നതിലൂടെ 108 കുടുംബങ്ങൾക്കാണ് സ്ഥിരമായ വരുമാനം ലഭിക്കുന്നത്. ജൈവ-അജൈവ മാലിന്യങ്ങൾക്കായി 'ഗ്രീൻ ആർമി', 'ഗ്രീൻ വാരിയേഴ്സ്' എന്നീ രണ്ട് പ്രത്യേക ഹരിതകർമ്മ സേനകൾ പ്രവർത്തിക്കുന്നു എന്നത് ഗുരുവായൂരിന്റെ മാത്രം സവിശേഷതയാണ്. ഓരോ സ്ഥാപനത്തിൽ നിന്നും ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവിനനുസരിച്ച് യൂസർഫീ ഈടാക്കുന്നതിനാൽ നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യതയില്ലാതെ ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നു.

ഇന്ന് ചൂൽപ്പുറം വെറുമൊരു മാലിന്യ സംസ്കരണ പ്ലാന്റല്ല; മറിച്ച് കുട്ടികളുടെ പാർക്ക്, ഫലവൃക്ഷ നഴ്സറി, കൈമാറ്റക്കട (Swap Shop), ആധുനിക വാതക ശ്മശാനം, ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം എന്നിവ ഉൾക്കൊള്ളുന്ന വിപുലമായ ഒരു ഹരിത സമുച്ചയമാണ്. മാലിന്യക്കൂനകൾക്കിടയിൽ മനോഹരമായ പൂന്തോട്ടം തീർക്കാമെന്ന് തെളിയിച്ച ഗുരുവായൂർ നഗരസഭ, സംരംഭകർക്ക് ഇൻഷ്വറൻസും പലിശരഹിത വായ്പയും കൃത്യമായ ആരോഗ്യ പരിശോധനകളും ഉറപ്പാക്കിക്കൊണ്ട് പദ്ധതിയുടെ സുസ്ഥിരത കാത്തുസൂക്ഷിക്കുന്നു. ഭാവിയിൽ സോളാർ ഊർജ്ജം പ്രയോജനപ്പെടുത്തി ഈ പാർക്കിനെ പൂർണ്ണമായും കാർബൺ ന്യൂട്രൽ ആക്കി മാറ്റാനാണ് നഗരസഭ ലക്ഷ്യമിടുന്നത്. മാലിന്യ സംസ്കരണം എങ്ങനെ ഒരു നാടിന്റെ വികസന മാതൃകയായി മാറ്റാം എന്നതിന്റെ മികച്ച ഉദാഹരണമായി ചൂൽപ്പുറം ബയോ പാർക്ക് ചരിത്രത്തിൽ ഇടംപിടിക്കുന്നു.

## 6.23. ഹരിത ഗ്രന്ഥാലയ മാതൃക: കുതിരുംചാൽ മാതൃക

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അഭിമന്യു കലാസാംസ്കാരിക സമിതിയും ഗ്രന്ഥാലയവും, മാലിന്യസംസ്കരണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും ഒരു വിജ്ഞാനകേന്ദ്രം എങ്ങനെ ജനകീയ മാതൃകയാകാം എന്ന് തെളിയിച്ചിരിക്കുകയാണ്. 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി വായനശാലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ഗ്രീൻ കുതിരുംചാൽ' പ്രോജക്ട് ഒരു ഗ്രാമത്തെ മുഴുവൻ സുസ്ഥിര വികസനത്തിന്റെ പാതയിലേക്ക് നയിക്കുന്നു. പ്രദേശത്തെ 150 വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി മാലിന്യമുക്തവും ഹരിതാഭവുമായ ഒരു മാതൃകാ ഗ്രാമം സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വാർഡ് മെമ്പർ ചെയർമാനായും ഗ്രന്ഥാലയം സെക്രട്ടറി കൺവീനറുമായും രൂപീകരിച്ച സംഘാടക സമിതിയിൽ കുടുംബശ്രീ, ഹരിതകർമ്മ സേന, സാംസ്കാരിക പ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളും അണിനിരക്കുന്നു എന്നത് ഈ മുന്നേറ്റത്തിന്റെ കരുത്ത് വർദ്ധിപ്പിക്കുന്നു. സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയ തുക പ്രയോജനപ്പെടുത്തിയാണ് പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്.

പദ്ധതിയുടെ ഭാഗമായി പൊതുയിടങ്ങൾ, മൈതാനങ്ങൾ, ജലസ്രോതസ്സുകൾ എന്നിവ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കുകയും എല്ലാ വീടുകളിലും 'ക്ലീൻ കുതിരുംചാൽ' സ്റ്റിക്കറുകൾ പതിപ്പിച്ച് ശുചിത്വ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. ഹരിതകർമ്മ സേനയെ ആദരിച്ചും കൃത്യമായ യൂസർ ഫീ ഉറപ്പാക്കിയും അജൈവ മാലിന്യ ശേഖരണം ഇവിടെ കുറ്റമറ്റ രീതിയിൽ നടക്കുന്നു. മാലിന്യ സംസ്കരണത്തോടൊപ്പം തന്നെ ഹരിത കൃഷിക്കും പദ്ധതി വലിയ പ്രാധാന്യം നൽകുന്നുണ്ട്. കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ബോധവൽക്കരണവും വിത്തുവിതരണവും നടത്തി എല്ലാ വീടുകളിലും പച്ചക്കറി കൃഷി ഉറപ്പാക്കിയതിനൊപ്പം ഗ്രന്ഥാലയത്തിന്റെ നേരിട്ടുള്ള നേതൃത്വത്തിൽ വഴിയോര പച്ചക്കറി കൃഷിയും ആരംഭിച്ചിട്ടുണ്ട്. ഹരിത പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പരിപാടികൾ സംഘടിപ്പിക്കുകയും ബോട്ടിൽ ബൂത്തുകളും ഐ.ഇ.സി. (IEC) ബോർഡുകളും സ്ഥാപിക്കുകയും ചെയ്തത് പ്രദേശവാസികളിൽ വലിയൊരു പരിസ്ഥിതി അവബോധം സൃഷ്ടിച്ചു.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിൽ 'എ ഗ്രേഡ്' നേടിയ ഈ ഗ്രന്ഥാലയം, ജനങ്ങളുടെ മനോഭാവത്തിൽ വിപ്ലവകരമായ മാറ്റമാണ് കൊണ്ടുവന്നത്. മാലിന്യം വലിച്ചെറിയുന്നതും കത്തിക്കുന്നതും ഗണ്യമായി കുറഞ്ഞ കുതിരുംചാലിൽ, മൈതാനത്ത് പച്ചത്തുരുത്ത് നിർമ്മിക്കുക, കൂടുതൽ വീടുകളിൽ കിണർ റീചാർജിംഗും സോളാർ പാനലുകളും സ്ഥാപിക്കുക, തൊഴിലുറപ്പ് പദ്ധതി വഴി സോക്പിറ്റുകൾ നിർമ്മിക്കുക തുടങ്ങിയ വിപുലമായ തുടർപ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. കയ്യൂർ-ചീമേനി പഞ്ചായത്തിലെ മറ്റ് വായനശാലകൾക്കും മാതൃകയായ അഭിമന്യു ഗ്രന്ഥാലയം, അറിവിനൊപ്പം അക്ഷരങ്ങൾ മണ്ണിൽ പച്ചപ്പായി പടരുന്ന പുതിയൊരു സംസ്കാരത്തിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.

## 6.24. ചാൽ ബീച്ച്: ഹരിത വിനോദ സഞ്ചാര കേന്ദ്രം

കണ്ണൂർ ജില്ലയുടെ തീരദേശ വിനോദസഞ്ചാര ഭൂപടത്തിൽ സുസ്ഥിര വികസനത്തിന്റെയും പാരിസ്ഥിതിക ജാഗ്രതയുടെയും ഉത്തമ മാതൃകയാണ് അഴീക്കോട്ടെ ചാൽ ബീച്ച്. അന്താരാഷ്ട്ര തലത്തിൽ പരിസ്ഥിതി സൗഹൃദ ബീച്ചുകൾക്ക് നൽകുന്ന 'ബ്ലൂ ഫ്ലാഗ്' (Blue Flag) സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയ ഭാരതത്തിലെ ചുരുക്കം ബീച്ചുകളിൽ ഒന്ന് എന്ന ഖ്യാതി ഈ തീരത്തിന് ആഗോള ശ്രദ്ധ നേടിക്കൊടുക്കുന്നു. അഴീക്കോടിന്റെ വികസന സാധ്യതകൾ തിരിച്ചറിഞ്ഞ പ്രാദേശിക കൂട്ടായ്മകളുടെയും ജനപ്രതിനിധികളുടെയും ദീർഘവീക്ഷണത്തോടെയുള്ള ശ്രമഫലമായാണ് ചാൽ ബീച്ച് ഇന്ന് കാണുന്ന രീതിയിൽ പരിവർത്തനപ്പെട്ടത്. 2005-ൽ ആരംഭിച്ച വികസന പ്രവർത്തനങ്ങൾ 2006-ൽ ബീച്ച് പാർക്ക് യാഥാർത്ഥ്യമായതോടെ പുതിയ ഘട്ടത്തിലേക്ക് കടക്കുകയും, ആധുനിക സൗകര്യങ്ങളോടൊപ്പം പ്രകൃതി സംരക്ഷണത്തിന് തുല്യ പ്രാധാന്യം നൽകുന്ന ഹരിത ടൂറിസം കേന്ദ്രമായി മാറുകയും ചെയ്തു.

വീഡിയോ കാണാം

വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വൈവിധ്യമാർന്ന കാഴ്ചകളോടൊപ്പം പ്രകൃതിയെ തൊട്ടറിയാനുള്ള സൗകര്യങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. ഹരിതകേരളം മിഷന്റെ ഭാഗമായുള്ള പച്ചത്തുരുത്തുകൾ, അപൂർവ്വ ഇനം ചിത്രശലഭങ്ങൾക്കായുള്ള ഉദ്യാനം, ഇരുന്നൂറോളം



ഔഷധസസ്യങ്ങൾ അണിനിരക്കുന്ന ഉദ്യാനം എന്നിവ പ്രകൃതിസ്നേഹികൾക്ക് വലിയൊരു മുതൽക്കൂട്ടാണ്. അപകടരഹിതമായ കടൽത്തീരമെന്ന പ്രത്യേകതയുള്ള ഇവിടെ ലൈഫ് ഗാർഡുകളുടെ സേവനത്തോടെയുള്ള സുരക്ഷിത നീന്തൽ മേഖലയും സജ്ജമാണ്. പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനായി സ്ഥാപിച്ച വാട്ടർ എ.ടി.എമ്മുകൾ, മാലിന്യങ്ങളിൽ നിന്ന് സർഗ്ഗാത്മകമായി നിർമ്മിച്ച 'വേസ്റ്റ് ടു ആർട്ട്' സെൽഫി പോയിന്റുകൾ, കടലാമ സംരക്ഷണ ബോധവൽക്കരണ കേന്ദ്രം എന്നിവ വിനോദസഞ്ചാരത്തെ പരിസ്ഥിതി ബോധവുമായി സമന്വയിപ്പിക്കുന്നു. കൂടാതെ ഭിന്നശേഷി സൗഹൃദമായ അടിസ്ഥാന സൗകര്യങ്ങളും വിപുലമായ പാർക്കിംഗ് സംവിധാനങ്ങളും ചാൽ ബീച്ചിന്റെ പ്രത്യേകതയാണ്.

കുടുംബശ്രീയുടെ 'ക്ലീൻ ഗ്രൂപ്പ്' എന്ന കൂട്ടായ്മയും 'നക്ഷത്ര' എന്ന പ്രാദേശിക സന്നദ്ധ സംഘടനയും ചേർന്നാണ് ബീച്ചിന്റെ ദൈനംദിന നടത്തിപ്പും ശുചിത്വ പരിപാലനവും നിർവ്വഹിക്കുന്നത്. പരോക്ഷമായും പ്രത്യക്ഷമായും നൂറോളം പേർക്ക് തൊഴിൽ നൽകുന്നതിനൊപ്പം പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളുടെ വിപണനത്തിനും ചാൽ ബീച്ച് വേദിയാകുന്നു. ഭാവിയിൽ മീൻകുന്ന് ബീച്ച് മുതൽ ഗ്രീൻ പോർട്ട് വരെയുള്ള പ്രദേശങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വാട്ടർ സ്പോർട്സ്, വാച്ച് ടവർ, കടലാമ സംരക്ഷണ കേന്ദ്രത്തിന്റെ വിപുലീകരണം എന്നിവ നടപ്പിലാക്കാൻ അധികൃതർ ലക്ഷ്യമിടുന്നു. സുരക്ഷിതത്വവും ശുചിത്വവും ഒത്തിണങ്ങിയ ചാൽ ബീച്ച്, ആഗോള വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തിന്റെ അഭിമാനമായ ഒരു സുസ്ഥിര വികസന മാതൃകയായി ഇന്ന് തിളങ്ങി നിൽക്കുന്നു.

## 6.25. മാലിന്യമല മാറി മനോഹരമായ പൊതുയിടം വന്നു: കൊച്ചി ചുള്ളിക്കൽ മാതൃക

കൊച്ചി കോർപ്പറേഷന്റെ പത്താം ഡിവിഷനിലെ ചുള്ളിക്കൽ പ്രദേശം, ഒരു കാലത്ത് നഗരത്തിലെ പ്രധാന മാലിന്യനിക്ഷേപ കേന്ദ്രമായിരുന്നു. എന്നാൽ, 2021-2024 കാലയളവിൽ ജനപ്രതിനിധികളുടെയും കോർപ്പറേഷന്റെയും നിശ്ചയദാർഢ്യത്തോടെയുള്ള ഇടപെടലുകൾ ഈ പ്രദേശത്തെ കൊച്ചിയുടെ അഭിമാനമായ ഒരു ഹരിത പൊതുയിടമാക്കി മാറ്റിയിരിക്കുകയാണ്.

ദുർഗന്ധം വമിച്ചിരുന്ന ഇടത്തുനിന്ന് 47 ലോഡ് മാലിന്യം പൂർണ്ണമായും നീക്കം ചെയ്തുകൊണ്ടായിരുന്നു ഈ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ചത്. ഇന്ന് ഒന്നര ഏക്കറോളം വരുന്ന ഈ ഭൂമിയിൽ അത്യാധുനിക ഫുട്ബോൾ ടർഫ്, ക്വീൻസ് പാർക്ക്, ഓപ്പൺ ജിം, സിന്തറ്റിക് ബാഡ്മിന്റൺ കോർട്ട്, ആർ.കെ. പിള്ള കലാകായിക കേന്ദ്രം എന്നിവ സജീവമായി പ്രവർത്തിക്കുന്നു. നഗരമധ്യത്തിലെ പ്രദേശത്തിന്റെ ചീത്തപ്പേര് മായ്ച്ചുകളഞ്ഞുകൊണ്ട് കായിക-വിനോദ സൗകര്യങ്ങൾ ഒത്തുചേരുന്ന ഒരിടമായി ചുള്ളിക്കൽ പുനർജനിച്ചു.

വീഡിയോ കാണാം

കൊച്ചി നഗരസഭയുടെ തനത് ഫണ്ട്, ജനകീയാസൂത്രണ വിഹിതം, ഹൈബി ഈഡൻ എം .പിയുടെ ഇടപെടലിലൂടെ ലഭ്യമായ കൊച്ചിൻ ഷിപ്പ്യാർഡിന്റെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund)എന്നിവ സംയോജിപ്പിച്ചാണ് ഈ ബൃഹദ് പദ്ധതി യാഥാർത്ഥ്യമാക്കിയത്. ഏകദേശം 85 ലക്ഷം രൂപ ഫുട്ബോൾ ടർഫിനായും, 22 ലക്ഷത്തോളം രൂപ പാർക്കിനുമായും ഇതിനായി വിനിയോഗിച്ചു. കേവലം നിർമ്മാണ പ്രവർത്തനങ്ങളിൽ ഒതുങ്ങാതെ, പ്രദേശത്തെ റസിഡൻസ് അസോസിയേഷനുകളുടെ സഹകരണത്തോടെ മാലിന്യം വലിച്ചെറിയുന്നത് പൂർണ്ണമായും തടയാനും ജാഗ്രതാ സമിതികൾ രൂപീകരിക്കാനും കഴിഞ്ഞു എന്നത് പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നു. ഭരണസമിതിയുടെ ഇച്ഛാശക്തിയും ജനകീയ പങ്കാളിത്തവും ഒത്തുചേർന്നാൽ നഗരങ്ങളിലെ മാലിന്യക്കൂനകളെ എങ്ങനെ വികസന മാതൃകകളാക്കാം എന്നതിന് ചുള്ളിക്കൽ ഇന്ന് ഉത്തമമായ മാതൃകയാണ്.

## 6.26. മാർമല അരുവി വെള്ളച്ചാട്ടം: ഹരിത ടൂറിസത്തിന്റെ അനുകരണനീയ മാതൃക

കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടയ്ക്കടുത്ത് തീക്കോയി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മാർമല അരുവി വെള്ളച്ചാട്ടം, പ്രകൃതിഭംഗിയാൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതോടൊപ്പം തന്നെ അപകടസാധ്യതകളാൽ ഒരുകാലത്ത് 'മരണക്കയം' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഒരിടമായിരുന്നു. വെള്ളച്ചാട്ടത്തിന് താഴെയുള്ള തടാകത്തിലെ അദൃശ്യമായ ചുഴികളിൽ അകപ്പെട്ട് 37-ഓളം പേർക്ക് ജീവൻ നഷ്ടപ്പെട്ട പശ്ചാത്തലത്തിലാണ്, തീക്കോയി ഗ്രാമപഞ്ചായത്ത് ഹരിതകേരളം മിഷന്റെ സഹായത്തോടെ ഈ പ്രദേശത്തെ സുരക്ഷിതമായ ഒരു ഹരിത ടൂറിസം കേന്ദ്രമാക്കി മാറ്റാൻ തീരുമാനിച്ചത്. ശാസ്ത്രീയമായ ആസൂത്രണത്തിലൂടെയും ഭരണ-പ്രതിപക്ഷ ഭേദമന്യേയുള്ള ജനകീയ ഇടപെടലിലൂടെയുമാണ് ഈ വിപ്ലവകരമായ മാറ്റം സാധ്യമായത്.



പദ്ധതിയുടെ ഭാഗമായി വെള്ളച്ചാട്ടത്തിലേക്കുള്ള

നടപ്പാതകൾ വീതികൂട്ടി സഞ്ചാരയോഗ്യമാക്കുകയും തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്തോടെ പൂച്ചെടികൾ നട്ടുപിടിപ്പിച്ച് പ്രദേശം സൗന്ദര്യവൽക്കരിക്കുകയും ചെയ്തു. സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ തടാകത്തിൽ ഇറങ്ങുന്നത് കർശനമായി നിരോധിക്കുകയും പകരം അല്പം താഴെയായി സുരക്ഷിതമായ കുളിസ്ഥലം ഒരുക്കുകയും ചെയ്തു. ഇതിനോടൊപ്പം നാല് സുരക്ഷാ ജീവനക്കാരെയും പ്രവേശന കവാടത്തിൽ ഹരിത ചെക്ക് പോസ്റ്റും സ്ഥാപിച്ചു. മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാൻ ബിന്നുകൾ സ്ഥാപിച്ചും ശുചീകരണ തൊഴിലാളികളെ നിയമിച്ചും പ്രദേശം പ്ലാസ്റ്റിക് വിമുക്തമാക്കി നിലനിർത്തുന്നു.

നിലവിൽ പഞ്ചായത്തിന് തനത് വരുമാനം ലഭ്യമാകുന്ന ജില്ലയിലെ ആദ്യ ഹരിത ടൂറിസം കേന്ദ്രമായി മാർമല അരുവി മാറിയിരിക്കുകയാണ്. വിനോദസഞ്ചാരികളിൽ നിന്ന് ഈടാക്കുന്ന 30 രൂപ പ്രവേശന ഫീസ് ഉപയോഗിച്ച് ജീവനക്കാരുടെ ശമ്പളവും മറ്റ് പരിപാലന ചെലവുകളും കണ്ടെത്താൻ പഞ്ചായത്തിന് സാധിക്കുന്നു. ഭാവിയിൽ കുട്ടികളുടെ പാർക്ക്, ബയോ ടോയ്‌ലറ്റുകൾ, വ്യൂ പോയിന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനൊപ്പം വെള്ളച്ചാട്ടത്തിലെ നീരൊഴുക്ക് പ്രയോജനപ്പെടുത്തി 7 മെഗാവാട്ട് ശേഷിയുള്ള ചെറുകിട വൈദ്യുതി പദ്ധതി സ്ഥാപിക്കാനും പഞ്ചായത്ത് ലക്ഷ്യമിടുന്നു. അശാസ്ത്രീയമായ വിനോദസഞ്ചാരം സൃഷ്ടിക്കുന്ന അപകടങ്ങളെയും മാലിന്യപ്രശ്നങ്ങളെയും ജനകീയ ഇടപെടലിലൂടെ എങ്ങനെ മറികടക്കാം എന്നതിന് മികച്ചൊരു ഉദാഹരണമാണ് മാർമല അരുവിയിലെ ഈ ഹരിത ടൂറിസം മാതൃക.

## 6.27. കണ്ണപുരം: റെയിൽവേയിലെ ഹരിതഇടപെടൽ

റെയിൽവേ സ്റ്റേഷനുകളെക്കുറിച്ചുള്ള പരമ്പരാഗതമായ മടുപ്പിക്കുന്ന കാഴ്ചകളെ തിരുത്തിക്കുറിച്ചുകൊണ്ടാണ് കണ്ണപുരം റെയിൽവേ സ്റ്റേഷൻ 'ഹരിത റെയിൽവേ സ്റ്റേഷൻ' എന്ന ഖ്യാതി നേടിയത്. 'മാലിന്യമുക്ത നവകേരളം' ക്യാമ്പയിന്റെ ഭാഗമായി നടന്ന ഈ മാറ്റം, കൃത്യമായ ആസൂത്രണത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമാണ്.

ജൈവമാലിന്യങ്ങൾക്കായി റിംഗ് കമ്പോസ്റ്റുകളും പ്ലാസ്റ്റിക് മാലിന്യങ്ങൾക്കായി പ്രത്യേക ബോട്ടിൽ ബൂത്തുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. സ്റ്റേഷൻ പരിസരം വെറുമൊരു കാത്തിരിപ്പ് കേന്ദ്രമല്ല, മറിച്ച് മനോഹരമായ ഒരു പൂന്തോട്ടം കൂടിയാണെന്ന് അധികൃതർ തെളിയിച്ചു. ദിവസേനയുള്ള ശുചീകരണവും അജൈവ മാലിന്യങ്ങൾ സംഭരിക്കാൻ പ്രത്യേക മുറികളും സജ്ജീകരിച്ചതോടെ, ഹരിതകേരളം മിഷൻ ഈ റെയിൽവേ സ്റ്റേഷനെ ഒരു 'അനുകരണീയ മാതൃക'യായി പ്രഖ്യാപിച്ചു. 2025 മാർച്ചിൽ ലഭിച്ച ഈ അംഗീകാരം പ്രകൃതിസ്നേഹികളായ യാത്രക്കാർക്ക് നൽകുന്ന ആശ്വാസം ചെറുതല്ല.

## 6.28. വടകര നഗരസഭയിലെ മാതൃകാ ഹരിതഓഫീസ്

വടകര നഗരസഭയിൽ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്ന് ജില്ലയിലെ തന്നെ മാതൃക ഹരിത ഓഫീസ് ആയി മാറിയിട്ടുണ്ട്. നേരത്തെ ശോചനീയ അവസ്ഥയിലായിരുന്ന ഓഫീസ് കെട്ടിടം നഗരസഭയുടെ സഹകരണത്തോടെ ജനകീയ പിന്തുണയും ഉറപ്പാക്കി കൊണ്ട് നവീകരണം നടത്തിയിരുന്നു. തുടർന്ന് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഹരിതകേരളം മിഷൻ ഇടപെടലിൽ സിവിൽ സ്റ്റേഷ നിലെ




മുഴുവൻ ഓഫീസുകളും ഹരിത ഓഫീസ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഈ പദ്ധതി പൂർണ്ണമായും ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജീവനക്കാർ ഏറ്റെടുത്തു. നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ ഓഫീസിൽ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാ ജീവനക്കാർക്കും പദ്ധതിയുടെ പ്രാധാന്യം പറഞ്ഞു മനസ്സിലാക്കി. മുഴുവൻ ജീവനക്കാരും വെള്ളം കൊണ്ടുവരുന്നത് സ്റ്റീൽ ബോട്ടിലിലേക്ക് മാറി. ഓഫീസിൽ ചായ തുടങ്ങിയ ആവശ്യത്തിന് സ്റ്റീൽ പ്ലേറ്റുകളും ഗ്ലാസ്സുകളും വാങ്ങിവെച്ചു. ടേബിൾ സീറ്റിനു പകരം തുണി വിരിയിലേക്ക് മാറി. ഫയലുകൾ അടുക്കും ചിട്ടയോടും കൂടി മാറ്റിവെച്ചു. എല്ലാ ടേബിളിന്റെ സമീപവും വേസ്റ്റ് ബിൻ സ്ഥാപിച്ചു. ഓഫീസിനുള്ളിൽ ഇൻഡോർ പ്ലാന്റ്സ് ഒരുക്കി. ഓഫീസിന്റെ വരാന്തയിൽ പൂച്ചട്ടികൾ ഭംഗിയോടെ സ്ഥാപിച്ചു. പഴയ മരത്തിന്റെ ഫർണിച്ചറുകൾ ഉപയോഗിച്ച് ഷൂ റാക്കും തയ്യാറാക്കി. ഓഫീസിൽ എത്തുന്നവർക്ക് മരത്തടി കൊണ്ടുള്ള ഇരിപ്പിടങ്ങൾ സ്ഥാപിച്ചു. ഹരിത നിർദ്ദേശക ബോർഡുകൾ ഓഫീസിന്റെ പ്രവേശന കവാടത്തിൽ സ്ഥാപിച്ചു. ജൈവ അജൈവ മാലിന്യ ശേഖരണത്തിനുള്ള ബിന്നുകൾ സ്ഥാപിച്ചു. ജൈവമാലിന്യ സംസ്കരണ സംവിധാനവും ഒരുക്കി. ഓഫീസ് ടോയ്‌ലറ്റ് ശുചിയോടു കൂടി പരിപാലിച്ചു. ടോയ്‌ലറ്റിൽ ആവശ്യമായ ഹാൻഡ് വാഷിംഗ് സോപ്പ് സംവിധാനവും വെച്ചു. മാലിന്യ സംസ്കരണം പോലെ തന്നെ ഊർജ്ജ സംരക്ഷണത്തിലും പ്രാധാന്യം നൽകിക്കൊണ്ട് സോളാർ സംവിധാനവും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഹരിത ഓഫീസ് എങ്ങനെയാവണം എന്ന് ആശയം മുഴുവൻ ജീവനക്കാരും ഏറ്റെടുത്തു മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നു. ഹരിതചട്ടം പാലനം എങ്ങനെയാവണം എന്നതിന്റെ മാതൃക ഈ ഓഫീസ് മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നു. നഗരസഭയുടെ ഏറ്റവും മികച്ച ഹരിത സ്ഥാപനമായ ഈ ഓഫീസ് ജില്ലാ - സംസ്ഥാനതലത്തിലും ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

## 6.29. ചേലൊത്ത ചേർത്തല 2.0: ദ്രവമാലിന്യസംസ്കരണ മാതൃക

സമ്പൂർണ്ണ ഖരമാലിന്യ മുക്ത പദവി നേടിയ ശേഷം ചേർത്തല നഗരസഭ ലക്ഷ്യമിട്ടത് ശാസ്ത്രീയമായ ദ്രവമാലിന്യ സംസ്കരണമാണ്. വീടുകളിലെ ഉപയോഗജലം (Used Water), ശുചിമുറി മാലിന്യം (Septage) എന്നിവ പുഴകളിലേക്കോ കായലുകളിലേക്കോ കലരാതെ സംസ്കരിക്കുക എന്നതാണ് ഈ രണ്ടാം ഘട്ട പദ്ധതിയുടെ കാതൽ. നഗരത്തിലെ ജലാശയങ്ങളെയും വേമ്പനാട് കായലിനെയും മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കാൻ ഈ ദൗത്യം അത്യന്താപേക്ഷിതമാണ്.

ആനതറ വെളിയിൽ 7.7 കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തിയാക്കിയ അത്യാധുനിക

എഫ്.എസ്.ടി.പി. (Faecal Sludge Treatment Plant) ഈ പദ്ധതിക്ക് വലിയ മുന്നേറ്റമായി മാറി. പ്രതിദിനം 250 KLD (2.5 ലക്ഷം ലിറ്റർ) മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഈ പ്ലാന്റ് ആലപ്പുഴ ജില്ലയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ശുചിമുറി മാലിന്യത്തിന്റെ പകുതിയോളം കൈകാര്യം ചെയ്യാൻ പ്രാപ്തമാണ്. പൂർണ്ണമായും മൊബൈൽ ആപ്പ്, ജി.പി.എസ് (GPS) എന്നിവ വഴി നിരീക്ഷിക്കപ്പെടുന്ന ഈ സംവിധാനം ടാങ്കർ ലോറികൾ വഴിയുള്ള അനധികൃത മാലിന്യ നിക്ഷേപത്തിന് ശാശ്വത പരിഹാരമാകും.

ഒരു വ്യക്തി പ്രതിദിനം ശരാശരി 108 ലിറ്റർ ഉപയോഗജലം പുറന്തള്ളുന്നു എന്നാണ് കണക്ക്. ചേർത്തല നഗരത്തിൽ പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന 50 ലക്ഷം ലിറ്റർ (5 MLD) ദ്രവമാലിന്യം സംസ്കരിക്കാൻ വൻകിട പ്ലാന്റുകൾക്ക് പകരം വികേന്ദ്രീകൃത മാർഗ്ഗങ്ങൾക്കാണ് നഗരസഭ പ്രാധാന്യം നൽകിയത്.

- ആധുനിക സോക് പിറ്റുകൾ: നഗരത്തിലെ 14,000 വീടുകളിൽ ശാസ്ത്രീയമായ സോക് പിറ്റുകൾ സ്ഥാപിച്ച് ഉപയോഗജലം മണ്ണിലേക്ക് സുരക്ഷിതമായി ഇറക്കിവിടുന്നു. ഇത് വലിയ പ്ലാന്റുകൾക്കായുള്ള കോടിക്കണക്കിന് രൂപയുടെ ബാധ്യത ഒഴിവാക്കാൻ സഹായിക്കുന്നു.
- DEWATS മാതൃക: ജനസാന്ദ്രതയേറിയ ഇടങ്ങളിൽ വീടുകളെയും സ്ഥാപനങ്ങളെയും കോർത്തിണക്കി വികേന്ദ്രീകൃത ദ്രവമാലിന്യ സംസ്കരണ (DEWATS) സംവിധാനങ്ങൾ ഏർപ്പെടുത്തി.

നഗരത്തിലൂടെ കടന്നുപോകുന്ന 5 കിലോമീറ്റർ എ.എസ്. കനാലിനെ വീണ്ടെടുക്കാനുള്ള ബൃഹദ് പദ്ധതിയാണ് സേവ് എ.എസ്. കനാൽ പദ്ധതി. കനാൽ നടത്തം, അന്താരാഷ്ട്ര സെമിനാറുകൾ, 5,000 പേർ പങ്കെടുത്ത മെഗാ ക്ലീനിംഗ് എന്നിവയിലൂടെ കനാലിലെ മാലിന്യങ്ങൾ നീക്കം ചെയ്തു. കനാലിനെ ജി.ഐ.എസ് (GIS) മാപ്പിംഗിന് വിധേയമാക്കുകയും 'കനാൽ കമ്മറ്റികൾ' രൂപീകരിച്ച് സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നു. കനാലിനെ ഗതാഗത യോഗ്യമാക്കി ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താനും നഗരസഭ ലക്ഷ്യമിടുന്നു.

'തോടുത്സവം' പോലുള്ള പരിപാടികളിലൂടെ കുട്ടികളെ ജലാശയങ്ങളുടെ കാവൽക്കാരായി മാറ്റുകയാണ് നഗരസഭ. ബാലസഭകൾ വഴി കുട്ടികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിലൂടെ വരുംതലമുറയ്ക്കും ശുചിത്വമുള്ള ഒരു നഗരം ഉറപ്പാക്കാൻ സാധിക്കുന്നു.

## 6.30. കൊയിലാണ്ടിയുടെ ജനകീയ ശുചിത്വ മാതൃക

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കൊയിലാണ്ടി നഗരസഭ കൈവരിച്ച നേട്ടങ്ങൾ സമാനതകളില്ലാത്തതാണ്. നഗരഹൃദയത്തിലെ മാലിന്യക്കൂനകളെ മാറ്റി വിസ്മയിപ്പിക്കുന്ന വിശ്രമകേന്ദ്രങ്ങളാക്കി മാറ്റിയ 'ഹാപ്പിനസ് പാർക്കുകളും', സർക്കാർ സ്ഥാപനങ്ങളെ ഹരിതാഭമാക്കിയ 'ഹരിത സിവിൽ സ്റ്റേഷൻ' പദ്ധതിയും കൊയിലാണ്ടിയുടെ മുഖച്ഛായ തന്നെ മാറ്റിമറിച്ചു. ജനപങ്കാളിത്തത്തോടെയും സ്പോൺസർഷിപ്പിലൂടെയും നടപ്പിലാക്കിയ ഈ പ്രവർത്തനങ്ങൾ ശുചിത്വ പരിപാലനം എങ്ങനെ ഒരു നാടിന്റെ സംസ്കാരമായി മാറ്റാം എന്നതിന് മികച്ച ഉദാഹരണമാണ്.

വീഡിയോ കാണാം

നഗരത്തിലെ പ്രധാന ബസ് സ്റ്റാൻഡുകൾക്കും റെയിൽവേ സ്റ്റേഷനും

സമീപം മാലിന്യങ്ങൾ കുന്നുകൂടിക്കിടന്നിരുന്ന ഇടങ്ങളാണ് ഇന്ന് നഗരസഭയുടെ ഹാപ്പിനസ് പാർക്കുകൾ. 37 ലക്ഷത്തോളം രൂപ സ്പോൺസർഷിപ്പിലൂടെ സമാഹരിച്ചാണ് ഈ നാല് പാർക്കുകൾ നിർമ്മിച്ചത്.

- ചരിത്ര പാർക്ക്: കൊയിലാണ്ടിയുടെ ചരിത്രം വിളിച്ചോതുന്ന സിമന്റ് ശില്പങ്ങളും ചിത്രങ്ങളും കൊണ്ട് മനോഹരമാക്കിയ ഇടം.
- സാംസ്കാരിക പാർക്ക്: പഴയ ബസ് സ്റ്റാൻഡിന് മുൻവശം വൈഫൈ, റേഡിയോ, ടി.വി സൗകര്യങ്ങളോടെ ഒരുക്കിയ ആധുനിക വിശ്രമകേന്ദ്രം. യു.എ. ഖാദറിന്റെ പേരിൽ അറിയപ്പെടുന്ന ഈ പാർക്ക് സാംസ്കാരിക കൂട്ടായ്മകളുടെ വേദിയാണ്.
- ജൈവവൈവിധ്യ പാർക്ക്: കൊടുക്കാട്ടുംമുറിയിലെ നെല്യാടി പുഴയോരത്ത് കണ്ടൽക്കാടുകളും പക്ഷികളും നിറഞ്ഞ പ്രകൃതിരമണീയമായ ഇടം. മലീമസമായിരുന്ന പുഴയോരത്തെ വീണ്ടെടുത്ത് ജൈവവൈവിധ്യ ബോർഡിന്റെ സഹായത്തോടെയാണ് ഇത് നിർമ്മിച്ചത്.




രണ്ടേക്കറിലധികം വിസ്തൃതിയിലുള്ള മിനി സിവിൽ സ്റ്റേഷനിലെ 13 ഓഫീസുകളെ മാലിന്യമുക്തമാക്കി 'ഹരിത ഓഫീസുകളായി' മാറ്റാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. ജീവനക്കാരുടെ കളക്ടീവ് ഫണ്ടിംഗിലൂടെ 80,000 രൂപ സമാഹരിച്ചാണ് ഇവിടുത്തെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയത്. മാസ് ക്ലീനിംഗ് ഡ്രൈവുകൾ, ഇൻഡോർ-ഔട്ട്ഡോർ ചെടികൾ, കൃത്യമായ മാലിന്യ സംസ്കരണ ഉപാധികൾ എന്നിവ വഴി സിവിൽ സ്റ്റേഷന്റെ അന്തരീക്ഷം പൂർണ്ണമായും മാറി. തഹസിൽദാറുടെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടന്ന ഈ പ്രവർത്തനം ജീവനക്കാരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകളെക്കുറിച്ചുള്ള മതിപ്പ് കൂട്ടുകയും ചെയ്തു.

മാലിന്യം വലിച്ചെറിയുന്ന രീതിക്ക് ശാശ്വത പരിഹാരം കാണാൻ 26 പ്രധാന കേന്ദ്രങ്ങളിൽ 10 ലക്ഷം രൂപ ചെലവിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചു. ഓരോ പാർക്കിന്റെയും സിവിൽ സ്റ്റേഷന്റെയും സംരക്ഷണത്തിനായി നോഡൽ ഓഫീസർമാരെയും പ്രത്യേക സമിതികളെയും നിശ്ചയിച്ചിട്ടുണ്ട്. 'വേസ്റ്റ് ടു ആർട്ട്' (Waste to Art) പദ്ധതിയിലൂടെ പഴയ വാഹനങ്ങളെ കലാസൃഷ്ടികളാക്കി മാറ്റാനും, സ്മാർട്ട് ഫിൽട്ടറേഷൻ വഴി ശുദ്ധജലം ഉറപ്പാക്കാനുമുള്ള പ്രവർത്തനങ്ങൾ കൊയിലാണ്ടിയിൽ തുടർന്നു വരുന്നു. വ്യക്തമായ ഭരണപരമായ കാഴ്ചപ്പാടും ജനങ്ങളുടെ സഹകരണവും ഒത്തുചേർന്നപ്പോൾ കൊയിലാണ്ടി കേരളത്തിന് തന്നെ മാതൃകയാവുന്ന ഒരു 'ഗ്രീൻ സിറ്റി'യായി മാറുകയാണ്.

## 6.31. ജാനകിക്കാട്: കോഴിക്കോടിന്റെ ഹരിത ടൂറിസം മാതൃക

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിൽ 133 ഹെക്ടറിലായി വ്യാപിച്ചുകിടക്കുന്ന ജാനകിക്കാട്, ഇന്ന് കേരളത്തിലെ മാതൃകാപരമായ ഒരു ഹരിത ടൂറിസം കേന്ദ്രമാണ്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി 2024 നവംബർ ഒന്നിനാണ് ഈ വനപ്രദേശത്തെ ഹരിതടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചത്. പ്രതിവർഷം നാൽപ്പതിനായിരത്തിലധികം സന്ദർശകർ എത്തുന്ന ഇവിടെ, വനത്തിന്റെ ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ട് വിനോദസഞ്ചാരം എങ്ങനെ സാധ്യമാക്കാം എന്ന് ജാനകിക്കാട് കാണിച്ചുതരുന്നു.

വനത്തിനുള്ളിലേക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ കടക്കുന്നത് തടയാൻ ശാസ്ത്രീയമായ സംവിധാനങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്.

- ഹരിത ചെക്ക്പോസ്റ്റ്: സന്ദർശകർ പ്ലാസ്റ്റിക് കുപ്പികളുമായി വരുമ്പോൾ കൗണ്ടറിൽ ഫീസ് ഈടാക്കുകയും, തിരികെ വരുമ്പോൾ കുപ്പി ഏൽപ്പിക്കുന്ന മുറയ്ക്ക് ഫീസ് മടക്കി നൽകുകയും ചെയ്യുന്നു.
- തുണിസഞ്ചി വിതരണം: പ്ലാസ്റ്റിക് കവറുകൾക്ക് പകരം സാധനങ്ങൾ കൊണ്ടുപോകാൻ സന്ദർശകർക്ക് തുണിസഞ്ചികൾ നൽകുന്നു.
- സംസ്കരണ സംവിധാനങ്ങൾ: ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ മിനി എം.സി.എഫും (MCF) ജൈവമാലിന്യ സംസ്കരണത്തിനായി റിംഗ് കമ്പോസ്റ്റുകളും കാമ്പസിൽ സ്ഥാപിച്ചു.

വനസംരക്ഷണ സമിതി (VSS), കുടുംബശ്രീ, എൻ.എസ്.എസ് വോളന്റിയർമാർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന വിപുലമായ ശുചീകരണ പ്രവർത്തനങ്ങളാണ് ജാനകിക്കാടിന്റെ മുഖച്ഛായ മാറ്റിയത്. മദ്യപാനികളുടെയും സാമൂഹ്യവിരുദ്ധരുടെയും ശല്യം ഒഴിവാക്കി വനപ്രദേശം പൂർണ്ണമായും സുരക്ഷിതമാക്കി. സന്ദർശകർക്കായി ഇന്റർപ്രട്ടേഷൻ സെന്റർ നവീകരിക്കുകയും വനത്തെക്കുറിച്ചുള്ള അറിവ് പകർന്നുനൽകാൻ പ്രത്യേക ക്ലാസ്സ്റൂം സജ്ജമാക്കുകയും ചെയ്തു. വനം വകുപ്പിന്റെയും തദ്ദേശസ്ഥാപനത്തിന്റെയും സംയുക്തമായ ഈ ഇടപെടൽ വനത്തിലെ ജീവജാലങ്ങളുടെ സംരക്ഷണത്തിന് വലിയ കരുത്തായി.

പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കാൻ തഹസിൽദാറുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ പ്രതിമാസ അവലോകനങ്ങളും സ്ക്വാഡ് പരിശോധനകളും നടക്കുന്നു. വരും വർഷങ്ങളിൽ പുഴയോര നടപ്പാതകൾ നവീകരിക്കുക, ബയോ-സി.എൻ.ജി പ്ലാന്റ് സ്ഥാപിക്കുക, പക്ഷി നിരീക്ഷണം, ട്രെക്കിംഗ് തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി ജാനകിക്കാടിനെ ലോകോത്തര നിലവാരത്തിലുള്ള ഇക്കോ ടൂറിസം കേന്ദ്രമാക്കാനാണ് ലക്ഷ്യമിടുന്നത്. പ്രകൃതിയെ നോവിക്കാതെ വിനോദസഞ്ചാരം സാധ്യമാകുന്ന ഈ ഹരിത മാതൃക വരുംതലമുറയ്ക്കുള്ള വലിയൊരു നിക്ഷേപമാണ്.

## 6.32. പായത്തെ ഹരിത പാർക്കുകൾ

കുടക് മലനിരകളോട് ചേർന്ന്, പഴശ്ശി ജലസംഭരണിയുടെ സാമീപ്യത്താൽ അനുഗ്രഹീതമാണ് പായം ഗ്രാമപഞ്ചായത്ത്. മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങളെ കണ്ടെത്തി അവയെ മനോഹരമായ പാർക്കുകളാക്കി മാറ്റുന്ന 'അഴുക്കിൽ നിന്നും അഴകിലേക്ക്' എന്ന സന്ദേശമാണ് പായത്തെ

വേറിട്ടു നിർത്തുന്നത്. പഞ്ചായത്ത് ഭരണസമിതിക്കൊപ്പം ഒരുമ റെസ്ക്യൂ ടീം, ഗ്രീൻ ലീഫ് സൊസൈറ്റി, ഹരിത കർമ്മസേന തുടങ്ങിയ സംഘടനകളും പ്രാദേശിക ജനങ്ങളും കൈകോർത്തപ്പോൾ 14 പൊതുയിടങ്ങളാണ് ഇതിനകം ഹരിത പാർക്കുകളായി മാറിയത്. ഇവയിൽ രണ്ട് പാർക്കുകളെ ഹരിതകേരളം മിഷൻ 'ഹരിത ടൂറിസം കേന്ദ്രങ്ങളായി' പ്രഖ്യാപിച്ചിട്ടുണ്ട്.

വീഡിയോ കാണാം

പായം പഞ്ചായത്തിലെ ഓരോ പാർക്കും വ്യത്യസ്തമായ ജനകീയ ഇടപെടലുകളുടെ കഥയാണ് പറയുന്നത്:

- ഇരിട്ടി ഇക്കോ-പാർക്ക് (പെരുമ്പറമ്പ്): സോഷ്യൽ ഫോറസ്ട്രിയുടെ വനവൽക്കരണ മേഖലയിൽ മരങ്ങൾക്ക് പോറലേൽപ്പിക്കാതെ നിർമ്മിച്ച ഈ പാർക്ക് പ്രകൃതിരമണീയമാണ്. ഒക്ടോബർ 2-ന് ഇത് ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടു. സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും ഒരുപോലെ പ്രിയപ്പെട്ട ഇടമാണിത്.
- ജബ്ബാർ കടവ് സ്നേഹാരാമം: മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി ജനകീയ കൂട്ടായ്മയിലൂടെ വീണ്ടെടുത്ത ഈ പ്രദേശം ഇന്ന് ഹരിത ടൂറിസം ഭൂപടത്തിൽ ഇടംനേടിക്കഴിഞ്ഞു. വായനശാലകളും ക്ലബ്ബുകളും സാംസ്കാരിക പ്രവർത്തകരും ഒത്തുചേർന്നാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.
- ഇരിട്ടി ഗ്രീൻ ലീഫ് പാർക്ക്: ഗ്രീൻ ലീഫ് സൊസൈറ്റി എട്ടു ലക്ഷത്തോളം രൂപ ചെലവഴിച്ച് പുഴയോരത്ത് നിർമ്മിച്ച ഈ പാർക്ക്, നടപ്പാതകളും മനോഹര മായ ഇരിപ്പിടങ്ങളും കൊണ്ട് ആകർഷകമാണ്.
- ഹരിതാരാമം (കല്ലുമുട്ടി): ഹരിത കർമ്മസേനാംഗങ്ങൾ തങ്ങളുടെ ജോലി കഴിഞ്ഞ് ലഭിക്കുന്ന ഒഴിവുസമയങ്ങളിൽ അധ്വാനിച്ച് നിർമ്മിച്ചതാണ് ഈ പാർക്ക്. റോഡരികിലെ മാലിന്യക്കൂമ്പാരമായിരുന്ന സ്ഥലം ഇന്ന് ഊഞ്ഞാലുകളും ചെടികളും നിറഞ്ഞ സുന്ദരമായ ഇടമാണ്.

ഇരിട്ടി ഇക്കോ പാർക്ക് ഒഴികെയുള്ള മറ്റെല്ലാ പാർക്കുകളും സർക്കാരിന്റെയോ പഞ്ചായത്തിന്റെയോ ഫണ്ട് ഉപയോഗിക്കാതെ പൂർണ്ണമായും ജനങ്ങളുടെ അധ്വാനവും പണവും ഉപയോഗിച്ചാണ് നിർമ്മിച്ചത് എന്നത് പായം മാതൃകയുടെ വലിയ സവിശേഷതയാണ്. 15-ാമത്തെ പാർക്കിന്റെ നിർമ്മാണം കിളിയന്തറയിൽ പുരോഗമിച്ചുവരുന്നു. ഓരോ പാർക്കിനും പ്രത്യേക സംരക്ഷണ സമിതികൾ രൂപീകരിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്. എല്ലാ വാർഡുകളിലും ഓരോ പാർക്ക് എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്ന പായം ഗ്രാമപഞ്ചായത്ത്, ശുചിത്വ പരിപാലനത്തിലും നഗര സൗന്ദര്യവൽക്കരണത്തിലും ഹരിതകേരളം മിഷന്റെ പിന്തുണയോടെ പുതിയൊരു വികസന സംസ്കാരം കെട്ടിപ്പടുത്തിരിക്കുകയാണ്.



# 6.33. സുന്ദരപെരുനാടിനായ് നാട് കൈകോർത്തപ്പോൾ

ശബരിമല തീർത്ഥാടന കാലത്ത് കോടിക്കണക്കിന് ഭക്തർ എത്തുന്ന റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാലിന്യനിർമ്മാർജ്ജനമാണ്. പമ്പാനദിയുടെയും കക്കാട്ട് ആറിന്റെയും തീരത്തുള്ള ഈ പ്രദേശം മലിനമാകാതെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്ത് നടപ്പിലാക്കിയ വേറിട്ട പ്രവർത്തനങ്ങൾ ഇന്ന് കേരളത്തിന് തന്നെ മാതൃകയാണ്. കേവലം ഒരു സർക്കാർ പദ്ധതിയെന്നതിലുപരി, ഓരോ വീട്ടുകാരെയും ശുചിത്വത്തിന്റെ കാവൽക്കാരാക്കി മാറ്റിയ 'ഗൃഹസദസ്സുകൾ' ഈ മുന്നേറ്റത്തിന്റെ ജീവനാഡിയായി മാറി.



വീഡിയോ കാണാം

2024 സെപ്റ്റംബറിൽ അത്തം മുതൽ 10 ദിവസങ്ങളിലായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി 5000 ഗൃഹസദസ്സുകൾ സംഘടിപ്പിച്ചു. 10 വീടുകൾക്ക് ഒരാൾ എന്ന നിലയിൽ 500 റിസോഴ്സ് പേഴ്സൺമാരാണ് ഇതിന് നേതൃത്വം നൽകിയത്. മുതിർന്നവരും കുട്ടികളും ഒരുപോലെ പങ്കെടുത്ത ഈ സദസ്സുകളിൽ ശുചിത്വം, ജൈവവൈവിധ്യം, ലഹരി വിരുദ്ധത എന്നിവ ചർച്ച ചെയ്യപ്പെടുകയും ഓരോ വീടിന്റെയും ഗൃഹനാഥന്റെ അധ്യക്ഷതയിൽ ശുചിത്വ പ്രതിജ്ഞ ചൊല്ലുകയും ചെയ്തു. ഒരു തദ്ദേശസ്ഥാപനം ഇത്രയും വിപുലമായ രീതിയിൽ ജനങ്ങളിലേക്ക് നേരിട്ടെത്തുന്നത് ഇതാദ്യമായായാകാം.

വർഷങ്ങളായി മാലിന്യക്കൂമ്പാരമായി കിടന്നിരുന്ന മഠത്തുംമൂഴി വലിയ പാലത്തിന്റെ അടിഭാഗം ഇന്ന് ശുചിത്വത്തിന്റെ പ്രതീകമാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ പ്രത്യേക അധികാരങ്ങൾ ഉപയോഗിച്ച് ഭരണസമിതി നടത്തിയ ഇടപെടലിലൂടെ ഇവിടുത്തെ മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്തു. തുടർന്ന് മാലിന്യം തള്ളാതിരിക്കാൻ ഇരുമ്പുവേലികളും നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചു. ഇതോടൊപ്പം തന്നെ പെരുനാട് മാർക്കറ്റിലെ അവശിഷ്ടങ്ങൾ നീക്കം ചെയ്ത് അവിടെ പൂച്ചെടികൾ വെച്ചുപിടിപ്പിച്ച് 'സ്നേഹാരാമം' തീർത്തതും ശ്രദ്ധേയമായ പ്രവർത്തനമാണ്.

നാടിന്റെ 'ഗ്രീൻ ആർമി'യായ ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാൻ പഞ്ചായത്ത് മുൻകൈ എടുത്തു. ശുചിത്വമിഷന്റെ സഹായത്തോടെ എം.സി.എഫിൽ (MCF) ബെയിലിംഗ് മെഷീൻ സ്ഥാപിക്കുകയും മാലിന്യ നീക്കം വേഗത്തിലാക്കാൻ സ്വന്തമായി ട്രാക്ടർ വാങ്ങുകയും ചെയ്തു. ഓരോ പൗരന്റെയും പിന്തുണയോടെ പ്ലാസ്റ്റിക് മുക്ത പെരുനാട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഈ സംവിധാനങ്ങൾ വലിയ കരുത്തായി.




ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഒരു 'ഹരിത കലണ്ടർ' തയ്യാറാക്കിയിട്ടുണ്ട്.

- ശുചിത്വ ചങ്ങല: 2025 മാർച്ച് 25-ന് മഠത്തുംമൂഴി മുതൽ മാർക്കറ്റ് വരെ ശുചിത്വ ചങ്ങല തീർത്തുകൊണ്ട് മാലിന്യമുക്ത പഞ്ചായത്ത് പ്രഖ്യാപനം നടത്തി.
- മെഗാ തിരുവാതിര: വനിതാ ദിനത്തിൽ ആയിരം കുടുംബശ്രീ പ്രവർത്തകർ അണിനിരന്ന ശുചിത്വ സന്ദേശ മെഗാ തിരുവാതിര ജനശ്രദ്ധയാകർഷിച്ചു..

ജാതിമത രാഷ്ട്രീയ ഭേദമന്യേ കൈകോർത്ത ഒരു ജനതയുടെ കഠിനാധ്വാനമാണ് റാന്നി പെരുനാടിനെ ഇന്ന് സുന്ദരമാക്കി മാറ്റുന്നത്. വരുംതലമുറയ്ക്കായി പ്രകൃതിയെ കരുതിവെക്കുന്ന ഈ ഹരിത വിപ്ലവം സുസ്ഥിരമായ ഒരു വികസന മാതൃകയാണ്.

## 6.34. സുൽത്താൻ ബത്തേരിയുടെ ശുചിത്വ മാതൃക

ചരിത്രപ്രസിദ്ധമായ വയനാടൻ മണ്ണിൽ അതിവേഗം വളരുന്ന സുൽത്താൻ ബത്തേരി ഇന്ന് അറിയപ്പെടുന്നത് 'വൃത്തിയുടെ സുൽത്താൻ' എന്നാണ്. നഗരസഭയുടെ മുഖമുദ്ര ശുചിത്വമായിരിക്കണമെന്ന ദൃഢനിശ്ചയത്തോടെ ഭരണസമിതിയും ഉദ്യോഗസ്ഥരും ജനങ്ങളും കൈകോർത്തപ്പോൾ രൂപപ്പെട്ട 'ക്ലീൻ സിറ്റി - ഗ്രീൻ സിറ്റി - ഫ്ലവർ സിറ്റി' പദ്ധതി ബത്തേരിയെ കേരളത്തിലെ തന്നെ ഏറ്റവും വൃത്തിയുള്ള നഗരമാക്കി മാറ്റി. പാതയോരങ്ങളിൽ പൂത്തുനിൽക്കുന്ന ചെടികളും മാലിന്യമുക്തമായ തെരുവുകളും ഇന്ന് ബത്തേരിയുടെ അഭിമാനമാണ്.

നഗര സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ടൗണിലെ നടപ്പാതകളുടെ കൈവരികളിൽ വ്യാപകമായി പൂച്ചെടികൾ സ്ഥാപിച്ചു. ആദ്യഘട്ടത്തിൽ ചെടികളുടെ സംരക്ഷണം അതാത് വ്യാപാരികളെയും സ്ഥാപനങ്ങളെയും ഏൽപ്പിച്ചു. ഏറ്റവും നന്നായി ചെടികൾ വളർത്തുന്നവർക്ക് പുരസ്കാരങ്ങൾ നൽകിയത് വ്യാപാരികൾക്കിടയിൽ ആരോഗ്യകരമായ മത്സരബുദ്ധി വളർത്തി. രണ്ടാം ഘട്ടത്തിൽ നഗരസഭ നേരിട്ട് ചെടിച്ചട്ടികൾ സ്ഥാപിക്കുകയും ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് ദിവസവും രണ്ടുനേരം നനയ്ക്കാനുള്ള സംവിധാനം ഒരുക്കുകയും ചെയ്തു. ഇതിനുപുറമെ സോഷ്യൽ ഫോറസ്ട്രിയുമായി ചേർന്ന് പാതയോരങ്ങളിൽ നട്ടുപിടിപ്പിച്ച 'മണിമരുത്' തൈകൾ ഇന്ന് പൂവിട്ടുനിൽക്കുന്നത് നഗരത്തിന് പ്രകൃതിഭംഗി പകരുന്നു.

നഗരമധ്യത്തിൽ മാലിന്യങ്ങൾ കൂട്ടിയിടുന്നത് ഒഴിവാക്കാൻ 'ബിൻ ഫ്രീ' നഗരസഭ എന്ന ലക്ഷ്യം നടപ്പിലാക്കി. അജൈവ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ സംസ്കരിക്കാൻ വ്യാപാരികൾക്ക് നിർദ്ദേശം നൽകി. രാത്രികാല സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിയതോടെ പൊതുയിടങ്ങളിൽ മാലിന്യം തള്ളുന്നത് ഇല്ലാതായി. 2016 മുതൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് കർശന നിരോധനം ഏർപ്പെടുത്തി. നിയമലംഘകർക്കെതിരെ കനത്ത പിഴ ഈടാക്കിയതോടെ പ്രതിദിനം ശേഖരിച്ചിരുന്ന മാലിന്യത്തിന്റെ അളവ് ഒന്നര ടണ്ണിൽ നിന്നും അര ടണ്ണായി കുറഞ്ഞു.

പരസ്യബോർഡുകളും കൊടിതോരണങ്ങളും നഗരത്തിന്റെ ഭംഗി കെടുത്താതിരിക്കാൻ രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും സഹകരണത്തോടെ മാതൃകാപരമായ ഒരു തീരുമാനം നടപ്പിലാക്കി. പരിപാടികൾക്ക് 48 മണിക്കൂർ മുമ്പ് മാത്രം 5 ബോർഡുകൾ സ്ഥാപിക്കാമെന്നും പരിപാടി കഴിഞ്ഞ് 24 മണിക്കൂറിനകം അവ നീക്കം ചെയ്യണമെന്നുമുള്ള തീരുമാനം ബത്തേരിയിലെ ജനങ്ങൾ ഇന്നും അച്ചടക്കത്തോടെ പാലിക്കുന്നു.

പായലും പൂപ്പലും പിടിച്ച ചുവരുകളും മതിലുകളും ഇന്ന് 'നിറക്കൂട്ട്' പദ്ധതിയിലൂടെ മാലി



ന്യസംസ്കരണ സന്ദേശങ്ങൾ വിളിച്ചോതുന്ന മനോഹരമായ ചിത്രങ്ങളായി മാറിക്കഴിഞ്ഞു. മണിച്ചിറ ജലാശയത്തിന് ചുറ്റും ഒരുക്കിയ പച്ചത്തുരുത്തും പാർക്കും നഗരവാസികൾക്ക് മാനസികോല്ലാസം നൽകുന്നു. ദീർഘവീക്ഷണമുള്ള ഭരണസമിതിയും ആത്മാർത്ഥതയുള്ള ഉദ്യോഗസ്ഥരും ബോധവൽക്കരിക്കപ്പെട്ട ജനതയും ഒത്തുചേർന്നാൽ ഒരു നാടിനെ സ്വർഗ്ഗതുല്യമാക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് സുൽത്താൻ ബത്തേരി.

## 6.35. വയ്യാങ്കരച്ചിറ: ഹരിത വിനോദസഞ്ചാര മാതൃക

നൂറ്റിപ്പത്ത് ഏക്കറിലധികം വ്യാപിച്ചുകിടക്കുന്ന ജലാശയവും അതിനോട് ചേർന്നുള്ള ഹരിതാഭമായ പരിസരവുമാണ് വയ്യാങ്കരച്ചിറയുടെ പ്രധാന ആകർഷണം. 2024 നവംബർ ഒന്നിന് ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട ഈ പദ്ധതി, ടൂറിസവും പരിസ്ഥിതി സംരക്ഷണവും എങ്ങനെ കൈകോർക്കാം എന്നതിന് മികച്ച ഉദാഹരണമാണ്. ഹരിതകേരളം മിഷൻ, താമരക്കുളം ഗ്രാമപഞ്ചായത്ത്, ഡി.ടി.പി.സി (DTPC), പച്ചക്കാട് ഫാർമേഴ്സ് ക്ലബ് എന്നിവയുടെ സംയുക്തമായ പരിശ്രമത്തിലൂടെയാണ് കാടുപിടിച്ചു കിടന്ന ഈ പ്രദേശം വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുത്തത്. ഏകദേശം 2 കോടി രൂപ ചെലവഴിച്ചാണ് ഈ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്.

വീഡിയോ കാണാം

സന്ദർശകർക്ക് പ്രകൃതിയുടെ ശാന്തത ആസ്വദിക്കുന്നതിനൊപ്പം വൈവിധ്യമാർന്ന വിനോദ ഉപാധികളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

- വാട്ടർ സ്പോർട്സ്: ബോട്ടിംഗ്, കയാക്കിംഗ്, പാഡിൽ ബോട്ടിംഗ് എന്നിവയ്ക്കായി അത്യാധുനികമായ ബോട്ട് ജെട്ടിയും സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.
- ആംഗ്ലിംഗ് & ഓപ്പൺ ജിം: വിനോദത്തിനായി മത്സ്യബന്ധന സൗകര്യവും (Angling) ആരോഗ്യ സംരക്ഷണത്തിനായി ഓപ്പൺ ജിമ്മും കുട്ടികൾക്കായി പ്രത്യേക പാർക്കും ഇവിടെയുണ്ട്.
- ഹരിത ചട്ടം: ടൂറിസം കേന്ദ്രത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നിയന്ത്രിക്കുന്നതിനായി അജൈവ മാലിന്യ ശേഖരണ ബിന്നുകളും കർശനമായ ഹരിത മാർഗ്ഗനിർദ്ദേശങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രാദേശിക ജനതയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനമാണ് വയ്യാങ്കരച്ചിറയുടെ വിജയം. പദ്ധതിയുടെ ഭാഗമായി തദ്ദേശവാസികൾക്ക് നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഗ്രാമസഭകളിലെ ചർച്ചകളിലൂടെ രൂപപ്പെട്ട ഈ പദ്ധതിയിൽ നീരൊഴുക്ക് വർദ്ധിപ്പിക്കുക, പച്ചത്തുരുത്തുകൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ നാട്ടുകാർ സജീവമായി

പങ്കെടുത്തു. ദിവസേന ശരാശരി 250-ഓളം സന്ദർശകർ എത്തുന്നതിലൂടെ പ്രദേശത്തെ ചെറുകിട സംരംഭകർക്കും മികച്ച വരുമാനം ലഭിക്കുന്നുണ്ട്.



വയ്യാങ്കരച്ചിറയെ ഇരപ്പൻപാറ ടൂറിസവുമായി സംയോജിപ്പിച്ച് ഒരു ബൃഹത്തായ വിനോദസഞ്ചാര സർക്യൂട്ട് നിർമ്മിക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വില്ലേജ് ടൂറിസം, തദ്ദേശീയ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ, മാലിന്യ സംസ്കരണ സംശയനിവാരണത്തിനായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ എന്നിവ വരും വർഷങ്ങളിൽ യാഥാർത്ഥ്യമാകും. പരിസ്ഥിതിയെ നോവിക്കാതെ സാമ്പത്തിക വളർച്ച കൈവരിക്കാമെന്ന് തെളിയിക്കുന്ന വയ്യാങ്കരച്ചിറ, കേരളത്തിലെ ഹരിത ടൂറിസം ഭൂപടത്തിൽ തിളക്കമാർന്ന ഒരധ്യായമാണ്.

# കൃഷി - പരിസ്ഥിതി പുനഃസ്ഥാപനം

## 6.36. 136 ഏക്കറിൽ നവകേരളം പച്ചത്തുരുത്തുമായി മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

ധീരദേശാഭിമാനി പഴശ്ശിരാജാവിന്റെയും കഥകളിയുടെയും കളരിമുറകളുടെയും ഗതകാല സ്മരണകൾ ഇരമ്പുന്ന മണ്ണാണ് കണ്ണൂർ ജില്ലയിലെ മുഴക്കുന്ന്. പശ്ചിമഘട്ട സാനുക്കളിൽ നിന്നുത്ഭവിക്കുന്ന ബാവലിപ്പുഴയും ചീങ്കണ്ണിപ്പുഴയും അതിരിടുന്ന ഈ ഗ്രാമപഞ്ചായത്ത് ഇന്ന് പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിലും ലോകത്തിന് മാതൃകയാവുകയാണ്. ബാവലിപ്പുഴയുടെ തീരത്ത് പായംകടവ് വരെ വ്യാപിച്ചുകിടക്കുന്ന 136 ഏക്കർ ഭൂമിയിലാണ് സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ ഈ പച്ചത്തുരുത്ത് ഒരുക്കിയിരിക്കുന്നത്. ഹരിതകേരളം മിഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരം 2020-ൽ അയ്യപ്പൻകാവിൽ ഏഴ് ഏക്കറിൽ തുടക്കം കുറിച്ച ഈ വനവൽക്കരണ പദ്ധതി ഇന്ന് ജൈവവൈവിധ്യങ്ങളുടെ വലിയൊരു കലവറയായി മാറിക്കഴിഞ്ഞു.

വീഡിയോ കാണാം

മണൽവാരലും ഭൂമി കയ്യേറ്റവും മരംമുറിയും മൂലം നശിച്ചുകൊണ്ടിരുന്ന പുഴയോരത്തെ വീണ്ടെടുക്കാൻ 2010 മുതൽ വിവിധ ഭരണസമിതികൾ നടത്തിയ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടലുകളാണ് ഈ വിജയത്തിന് പിന്നിൽ. തൊഴിലുറപ്പ് പദ്ധതിയെയും സോഷ്യൽ ഫോറസ്ട്രിയെയും സംയോജിപ്പിച്ചുകൊണ്ട് 27,000-ത്തിലധികം മരങ്ങളും ആയിരക്കണക്കിന് കുറ്റിച്ചെടികളും വള്ളിച്ചെടികളും ഇവിടെ നട്ടുപിടിപ്പിച്ചു. പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന അപൂർവ്വ സസ്യജാലങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം വംശനാശം നേരിടുന്ന പുഴമത്സ്യങ്ങൾക്കും പക്ഷികൾക്കും പൂമ്പാറ്റകൾക്കും സുരക്ഷിതമായ ആവാസവ്യവസ്ഥ ഒരുക്കാനും ഇതിലൂടെ സാധിച്ചു. ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സംഘടിപ്പിച്ച പുഴയോര പഠനയാത്രകളും ക്യാമ്പുകളും പദ്ധതിയെ ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റി.



ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മരങ്ങളെ തിരിച്ചറിയാൻ ഡിജിറ്റൽ സൈൻ ബോർഡുകളും ക്യു.ആർ (QR) കോഡ് സംവിധാനവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ജൈവ വൈവിധ്യ ബോർഡിന്റെയും ത്രിതല പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്തോടെ വികസിപ്പിക്കുന്ന ഈ പ്രദേശം വരുംകാലങ്ങളിൽ ഒരു വലിയ ജൈവവൈവിധ്യ പഠനകേന്ദ്രമായും 'മുളഗ്രാമമായും' മാറ്റാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ അടയാളമായി മുഴക്കുന്ന് പച്ചത്തുരുത്ത് ഇന്ന് തലയുയർത്തി നിൽക്കുന്നു.

## 6.37. ഗോത്രമേഖലയിലെ നെൽകൃഷി പുനഃസ്ഥാപന പ്രവർത്തനങ്ങൾ

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിലെ കൊരങ്ങാട്ടി, കുഞ്ചിപ്പെട്ടിക്കുടി എന്നീ ഗോത്രമേഖലകൾ കേന്ദ്രീകരിച്ച് തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിലൂടെ വലിയ കാർഷിക മുന്നേറ്റം ഉണ്ടാക്കാനായിട്ടുണ്ട്. പതിറ്റാണ്ടുകളായി തരിശിട്ടിരുന്ന പാടശേഖരങ്ങളെ ഹരിതകേരളം മിഷൻ, കൃഷി വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ജലസേചന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപിത പ്രവർത്തനത്തിലൂടെ വീണ്ടെടുക്കാൻ സാധിച്ചു. വന്യമൃഗശല്യം, കാലാവസ്ഥാ വ്യതിയാനം, ജലസേചന സൗകര്യങ്ങളിലെ അപാകതകൾ എന്നിവ കാരണം കൃഷി ഉപേക്ഷിച്ച ഗോത്രസമൂഹത്തെ തിരികെ മണ്ണിലേക്കെത്തിക്കാൻ ഈ പദ്ധതികൾക്ക് കഴിഞ്ഞു. 2018 ൽ ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നടപ്പിലാക്കിയ UNDP-IHRML പദ്ധതിയിലൂടെയാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 2022 ഈ പദ്ധതി അവസാനിച്ചെങ്കിലും ഹരിതകേരള മിഷൻ തുടർപ്രവർത്തനങ്ങൾ ഏറ്റെടുത്തു പോന്നു.

വീഡിയോ കാണാം

2023-ൽ ഹരിതകേരളം മിഷൻ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ അടിമാലി ഗ്രാമപഞ്ചായത്തിൽ വെറും 9 ഏക്കറിൽ മാത്രമുണ്ടായിരുന്ന നെൽകൃഷി, സജീവമായ സംയോജിത ഇടപെടലുകളിലൂടെ ഇന്ന് 55 ഏക്കറിലേക്ക് വ്യാപിച്ചിരിക്കുന്നു എന്നത് ഈ മുന്നേറ്റത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

കൊരങ്ങാട്ടി പാടശേഖരത്തിൽ ഏകദേശം 100 ഏക്കറോളം വരുന്ന തരിശുഭൂമി ഘട്ടം ഘട്ടമായി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉടമസ്ഥതയിലുള്ള ഈ പാടശേഖരത്തിലെ വെള്ളക്കെട്ടും വരൾച്ചയും പരിഹരിക്കുന്നതിനായി ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ രണ്ട് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി. ഇതോടെ പതിറ്റാണ്ടുകൾക്ക് ശേഷം രണ്ടാംവിള കൃഷിയും ഇവിടെ സാധ്യമായി. വന്യമൃഗശല്യം തടയാൻ വനംവകുപ്പിന്റെ സൗരോർജ്ജ ഫെൻസിങ്, തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള നിലമൊരുക്കൽ

എന്നിവയ്ക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. നെൽകൃഷിക്കൊപ്പം പച്ചക്കറി, പൂകൃഷി, മത്സ്യം, താറാവ് വളർത്തൽ എന്നിവ ഉൾപ്പെടുത്തിയുള്ള സംയോജിത കൃഷിരീതിയും വിനോദസഞ്ചാര സാധ്യതകളുമാണ് ഇവിടെ വിഭാവനം ചെയ്തിട്ടുള്ളത്. സലിം അലി ഫൗണ്ടേഷൻ, കെ.വി.കെ തുടങ്ങിയ ഏജൻസികളുടെ സാങ്കേതിക സഹായവും ഈ പ്രവർത്തനങ്ങൾക്ക് കരുത്തേകുന്നു.

സമാനമായ രീതിയിൽ കുഞ്ചിപ്പെട്ടിക്കുടി പാടശേഖരത്തിൽ നടന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. 40 വർഷത്തിലേറെ തരിശുകിടന്ന 20 ഏക്കർ പാടശേഖരം UNDP-IHRML പദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും ഇടപെടലിലൂടെ പച്ചപ്പണിഞ്ഞു. 2023-ൽ 5 ഏക്കറിൽ താഴെ മാത്രം കൃഷി നടന്ന സ്ഥാനത്ത്, 2025 ആയപ്പോഴേക്കും 16 ഏക്കറിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകളുടെയും വ്യക്തിഗത കർഷകരുടെയും കൂട്ടായ പരിശ്രമമാണിവിടെ നടന്നത്. കൃഷി യന്ത്രവൽക്കരിച്ചതിലൂടെ ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കാനും "കുഞ്ചിപ്പെട്ടി അരി" എന്ന ബ്രാൻഡിലൂടെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും കർഷകർക്ക് സാധിച്ചു. കുഞ്ചിപ്പെട്ടിക്കുടിയിലെ വിജയം അയൽപ്രദേശങ്ങളായ കട്ടമുടിക്കുടിയിലേക്കും വ്യാപിക്കുകയും അവിടെയും 30 വർഷത്തെ ഇടവേളയ്ക്ക് ശേഷം 10 ഏക്കറിൽ കൃഷി പുനരാരംഭിക്കുകയും ചെയ്തു. തണ്ണീർത്തട സംരക്ഷണത്തോടൊപ്പം ഗോത്രവിഭാഗങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന സുസ്ഥിര കാർഷിക മാതൃകയാണ് ഈ മേഖലകളിൽ ദൃശ്യമാകുന്നത്. കൃഷിയും പ്രാദേശിക ഭൂമിശാസ്ത്ര-സാംസ്കാരിക പ്രത്യേകതകൾ കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് കമ്മ്യൂണിറ്റി ടൂറിസത്തിനും മേഖലയിൽ തുടക്കമായിട്ടുണ്ട്. മാത്രവുമല്ല ഈ പാടശേഖരങ്ങൾ സ്ഥിതിചെയ്യുന്നത് ഉയർന്ന മലമ്പ്രദേശങ്ങൾ ആയതുകൊണ്ട് തന്നെ ഈ പ്രദേശങ്ങളിൽ തണ്ണിത്തടങ്ങൾ പുനസ്ഥാപിച്ചത് താഴ്‌വാരങ്ങളിലെ ജലലഭ്യതയെ സ്വാധീനിക്കുകയും ചെയ്യുന്നു.

## 6.38. ജനകീയതയിലൂന്നിയ കൃഷി പുനഃസ്ഥാപന പ്രവത്തനങ്ങൾ: മാണിക്കൽ ഗ്രാമപഞ്ചായത്തിന്റെ മാതൃക

തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കി വരുന്ന 'പുഴയൊഴുകും മാണിക്കൽ' എന്ന പദ്ധതി, ജനകീയ പങ്കാളിത്തത്തോടെയുള്ള പാരിസ്ഥിതിക പുനഃസ്ഥാപനത്തിന്റെയും കാർഷിക മുന്നേറ്റത്തിന്റെയും മികച്ചൊരു മാതൃകയാണ്. മാമം പുഴയുടെ പുനരുജ്ജീവനത്തോടൊപ്പം പഞ്ചായത്തിലെ തരിശുഭൂമികളെ ഉൽപ്പാദനക്ഷമമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പുഴയുടെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനൊപ്പം, പഞ്ചായത്തിനെ 'കാർബൺ തുലിത' പദവിയിലേക്ക് നയിക്കാനുള്ള തീവ്രശ്രമത്തിലാണ് ഭരണസമിതി. പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'പുഴനടത്തം' വഴി ഓരോ പ്രദേശത്തെയും പാരിസ്ഥിതിക പ്രശ്നങ്ങളും കൃഷി സാധ്യതകളും നേരിട്ട് മനസ്സിലാക്കാൻ സാധിച്ചു. ഈ കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തിയാണ് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചത്.

വീഡിയോ കാണാം

കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് 'പുഴയൊഴുകും മാണിക്കൽ' വഴി

സാധ്യമായത്. ഏതാണ്ട് 30 വർഷമായി തരിശായി കിടന്ന ഏറകട്ടക്കാൽ പ്രദേശത്തെ പത്തേക്കർ വയലിൽ നാല് വനിതാ ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ നെൽകൃഷി പുനഃസ്ഥാപിച്ചത് ഈ ദൗത്യത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ഇതിനു പുറമെ, നെൽകൃഷിക്ക് അനുയോജ്യമല്ലാത്തതും മണ്ണെടുത്തതുമായ കുഴികളിൽ സംസ്ഥാനത്ത് ആദ്യമായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ താമരക്കൃഷി ആരംഭിച്ചു. ഇത് പ്രദേശത്തെ വനിതകൾക്ക് പുതിയൊരു വരുമാനമാർഗ്ഗമായി മാറി. 15 ഹെക്ടറോളം തരിശുഭൂമിയിൽ പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ കൃഷി ചെയ്തതിലൂടെ 'തരിശുരഹിത പഞ്ചായത്ത്' എന്ന ലക്ഷ്യത്തിലേക്ക് മാണിക്കൽ ഒരുപടി കൂടി അടുത്തു.



പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട്, തനത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, തൊഴിലുറപ്പ് പദ്ധതി എന്നിവ സംയോജിപ്പിച്ചാണ് ഈ പ്രവർത്തനങ്ങൾക്കായുള്ള തുക കണ്ടെത്തിയത്. നെൽകൃഷിക്ക് 3.6 ലക്ഷം രൂപയും താമരക്കൃഷിക്ക് 64,000 രൂപയും മുളന്തൈകൾ നടുന്നതിന് വിവിധ ഫണ്ടുകളിലായി 16 ലക്ഷത്തിലധികം രൂപയും ഇതിനോടകം വിനിയോഗിച്ചു കഴിഞ്ഞു.

കൃഷി പുനഃസ്ഥാപിച്ചതിലൂടെ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയരുകയും കിണറുകളിൽ ജലലഭ്യത വർദ്ധിക്കുകയും ചെയ്തു എന്നത് ഈ പദ്ധതിയുടെ പ്രത്യക്ഷമായ നേട്ടമാണ്. വനിതാ ശാക്തീകരണത്തിന് വലിയ ഊന്നൽ നൽകിയതിലൂടെ നിരവധി സ്ത്രീകൾ സ്വയം തൊഴിൽ കണ്ടെത്തുകയും കാർഷിക മേഖലയുടെ നേതൃനിരയിലേക്ക് വരികയും ചെയ്തു. കാർബൺ ആഗിരണം വർദ്ധിപ്പിക്കുന്നത് വഴി കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും മാണിക്കലിന് സാധിക്കുന്നു. പഞ്ചായത്ത്, കൃഷിഭവൻ, പുഴയൊഴുകും മാണിക്കൽ സംഘാടക സമിതി എന്നിവരുടെ നിരന്തരമായ മേൽനോട്ടം പദ്ധതിയുടെ സുസ്ഥിരത ഉറപ്പാക്കുന്നു. തരിശ് രഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കുള്ള മാണിക്കലിന്റെ ഈ പ്രയാണം മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയൊരു പ്രചോദനമാണ്.

## 6.39. ഖനന ഭൂമിയിലെ പച്ചത്തുരുത്ത് - ഐ.ആർ.ഇ.എൽ. (ഇന്ത്യ) ലിമിറ്റഡ്, ചവറ

കൊല്ലം ജില്ലയിലെ ചവറയിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ. (ഇന്ത്യ) ലിമിറ്റഡ്, ഖനനം കഴിഞ്ഞ ഭൂമിയിലെ പരിസ്ഥിതി പുനഃസ്ഥാപനത്തിനായി നടപ്പിലാക്കുന്ന 'പച്ചത്തുരുത്ത്' പദ്ധതി സുസ്ഥിര വികസനത്തിന്റെ വിസ്മയിപ്പിക്കുന്ന ഒരു മാതൃകയാണ്. ധാതുമണൽ ഖനനത്തിന് ശേഷം തരിശായി മാറുന്ന ഭൂമിയെ ഹരിതാഭമാക്കാനും അവിടുത്തെ ജൈവവൈവിധ്യം വീണ്ടെടുക്കാനുമാണ് ഹരിതകേരളം മിഷന്റെ സാങ്കേതിക



സഹായത്തോടെ ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഭൂവുടമകളിൽ നിന്ന് ഏറ്റെടുത്ത് ഖനനം നടത്തുന്ന ഭൂമി, ധാതുക്കൾ നീക്കം ചെയ്ത മണൽ ഉപയോഗിച്ച് ശാസ്ത്രീയമായി നികത്തിയ ശേഷം ഉടമസ്ഥർക്ക് തന്നെ തിരികെ നൽകുന്ന രീതിയാണ് കമ്പനി പിന്തുടരുന്നത്. ഇത്തരത്തിൽ ഖനനാനന്തരം ലഭിക്കുന്ന ഭൂമിയുടെ ഉൽപ്പാദനക്ഷമത വീണ്ടെടുക്കുന്നതിനായി അവിടെ പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കുന്നത് വലിയൊരു പരിസ്ഥിതി ദൗത്യമായി കമ്പനി ഏറ്റെടുത്തു.

പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ചവറ ഗ്രാമപഞ്ചായത്തിലെ കോവിൽത്തോട്ടം, കരിത്തുറ വാർഡുകളിലായി 15 ഏക്കർ ഭൂമിയിലാണ് പച്ചത്തുരുത്ത് ഒരുക്കിയത്. ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ (JNTBGRI), കശുവണ്ടി വികസന ഏജൻസി, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നിവടങ്ങളിൽ നിന്നുള്ള അത്യുൽപ്പാദന ശേഷിയുള്ളതും തദ്ദേശീയവുമായ തൈകളാണ് ഇവിടെ നട്ടുപിടിപ്പിച്ചത്. ചവറ ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയാണ് നിലം ഒരുക്കലും നടീലും പരിപാലനവും പൂർത്തിയാക്കിയത്. മൂന്ന് ലക്ഷത്തോളം രൂപ തൊഴിലുറപ്പ് പദ്ധതി വഴി വിനിയോഗിച്ചപ്പോൾ, ആവശ്യമായ ചകിരിച്ചോറ്, വളം എന്നിവ ഐ.ആർ.ഇ.എൽ നേരിട്ട് ലഭ്യമാക്കി. വരും വർഷങ്ങളിൽ ഈ ഹരിത വനങ്ങളുടെ സുസ്ഥിരത ഉറപ്പാക്കാനുള്ള പരിപാലന ചുമതലയും തൊഴിലുറപ്പ് തൊഴിലാളികൾക്കാണ് നൽകിയിരിക്കുന്നത്.

പരിസ്ഥിതി സംരക്ഷണത്തോടൊപ്പം സാമൂഹിക പ്രതിബദ്ധതയും ഒത്തുചേരുന്നതാണ് ഈ പദ്ധതിയുടെ നേട്ടങ്ങൾ. വംശനാശഭീഷണി നേരിടുന്ന വൃക്ഷങ്ങൾക്കൊപ്പം കശുമാവ്, തെങ്ങ് എന്നിവ നട്ടുപിടിപ്പിച്ചത് പ്രദേശത്തെ ഹരിതവൽക്കരണത്തിന് വലിയ കരുത്തേകി. അന്തരീക്ഷത്തിലെ കാർബൺ സാന്നിധ്യം കുറയ്ക്കുന്നതിനൊപ്പം ജൈവവൈവിധ്യം പുനഃസ്ഥാപിക്കാനും ഈ വനവൽക്കരണം സഹായിക്കുന്നു. ഖനനത്തിനായി ഭൂമി വിട്ടുനൽകിയ ഉടമകൾക്ക് പൂർണ്ണമായ ഉൽപ്പാദനക്ഷമതയോടെ ഭൂമി തിരികെ നൽകാൻ സാധിക്കുന്നത് വലിയൊരു നേട്ടമായി കണക്കാക്കാം.

ചവറയിലെ വിജയം മുൻനിർത്തി കരുനാഗപ്പള്ളി നഗരസഭയിലും നീണ്ടകര പഞ്ചായത്തിലുമായി പത്ത് ഏക്കർ സ്ഥലത്ത് കൂടി പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കാൻ കമ്പനി ലക്ഷ്യമിടുന്നു. ഇതിനു പുറമെ, കമ്പനിയുടെ സി.എസ്.ആർ. (CSR) ഫണ്ട് വിനിയോഗിച്ച് നീണ്ടകര താലൂക്ക് ആശുപത്രിയിൽ 50 KW സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. ഹരിതകർമ്മസേനയ്ക്ക് വാഹനങ്ങൾ നൽകിയും മിയാവാക്കി വനങ്ങൾ വെച്ചുപിടിപ്പിച്ചും ഐ.ആർ.ഇ.എൽ. തങ്ങളുടെ പരിസ്ഥിതി സൗഹൃദപരമായ വികസന കാഴ്ചപ്പാട് പ്രായോഗികമാക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എങ്ങനെ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാം എന്നതിന് മികച്ച ഉദാഹരണമാണ് ചവറയിലെ ഈ മാറ്റം.

## 6.40. സൗഹൃദ സംഘത്തിന്റെ വിജയഗാഥ - പിരപ്പമൺകാട് പാടശേഖരത്തിലെ കൃഷി, പ്രാദേശിക ടൂറിസം പ്രവർത്തനങ്ങൾ

തിരുവനന്തപുരം ജില്ലയിലെ മുദാക്കൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പിരപ്പമൺകാട് പാടശേഖരം, തരിശുഭൂമികളെ ജനകീയ പങ്കാളിത്തത്തിലൂടെ എങ്ങനെ ഹരിതസമൃദ്ധിയിലേക്കും ടൂറിസം സാധ്യതകളിലേക്കും നയിക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. ഏതാണ്ട് 20 വർഷത്തോളം കൃഷി ഉപേക്ഷിക്കപ്പെട്ടു കിടന്ന 50 ഏക്കർ പാടശേഖരമാണ് ഇന്ന് 'പിരപ്പമൺകാട് സൗഹൃദ സംഘ'ത്തിന്റെ നേതൃത്വത്തിൽ സജീവമായിരിക്കുന്നത്. കൃഷിയെ കേവലം ഒരു ജോലി എന്നതിലുപരി ഒരു സാംസ്കാരിക ഉത്സവമായി മാറ്റിയതാണ് ഈ പദ്ധതിയുടെ വിജയരഹസ്യം. പാടശേഖര സമിതിയും നാട്ടുകാരും ചേർന്നുള്ള കൂട്ടായ്മയിലൂടെ കൃഷി പുനരാരംഭിക്കുകയും വിത്തിടൽ മുതൽ കൊയ്ത്ത് വരെയുള്ള ഓരോ ഘട്ടത്തെയും ആഘോഷമാക്കി മാറ്റുകയും ചെയ്തു.

കൃഷിയെ സ്നേഹിക്കുന്ന നാട്ടുകാരുടെ വലിയൊരു കൂട്ടായ്മ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതാണ് ഈ മുന്നേറ്റത്തിന്റെ കാതൽ. ചേറ്റുത്സവം, കാളപൂട്ട്, വയൽസദ്യ, വയലോണച്ചിന്ത് തുടങ്ങിയ പരിപാടികളിലൂടെ കൃഷിയിടങ്ങളെ സജീവമാക്കിയപ്പോൾ, 'വയലറിവ്' എന്ന പേരിൽ കുട്ടികൾക്കായി സംഘടിപ്പിച്ച കൃഷിപാഠങ്ങൾ പുതിയ തലമുറയ്ക്ക് മണ്ണുമായുള്ള ബന്ധം ദൃഢമാക്കി. ആധുനിക സാങ്കേതികവിദ്യയെ കൃഷിയിൽ കോർത്തിണക്കുന്നതിന്റെ ഭാഗമായി വിത്തു വിതയ്ക്കാനും വളപ്രയോഗത്തിനുമായി ഡ്രോണുകൾ ഉപയോഗിച്ചത് കൃഷിയെ കൂടുതൽ ലാഭകരമാക്കി. കൂടാതെ, പിരപ്പമൺകാട് അരി എന്ന പേരിൽ തനത് കുത്തരി വിപണിയിലെത്തിച്ച് കാർഷിക ഉൽപ്പന്നത്തിന് ബ്രാൻഡിംഗ് നൽകാനും സമിതിക്ക് സാധിച്ചു.

കാർഷിക സമൃദ്ധിക്കൊപ്പം ഹരിത ടൂറിസം സാധ്യതകളും ഈ പ്രദേശം മികച്ച രീതിയിൽ പ്രയോജനപ്പെടുത്തുന്നു. കൃഷിയിടത്തിന്റെ ഭംഗി ആസ്വദിക്കാനെത്തുന്നവർക്കായി വയലിനു നടുവിൽ നിർമ്മിച്ച ഏറുമാടവും, വയലോര ബെഞ്ചുകളും സഞ്ചാരികളെ ആകർഷിക്കുന്നു. ഫോട്ടോ ഷൂട്ടിംഗിനും സായാഹ്ന നടത്തത്തിനുമായി നിരവധി പേർ എത്തുന്നതോടെ ഈ പ്രദേശം ഒരു പ്രാദേശിക വിനോദസഞ്ചാര കേന്ദ്രമായി വളർന്നു കഴിഞ്ഞു. 'വയൽ കരുതൽ' എന്ന പദ്ധതിയിലൂടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്ത് പ്രദേശം മാലിന്യമുക്തമായി നിലനിർത്തുന്നതിൽ നാട്ടുകാർ ശ്രദ്ധാലുക്കളാണ്.



സാമ്പത്തികമായും പാരിസ്ഥിതികമായും പിരപ്പമൺകാട് വലിയ നേട്ടങ്ങളാണ് കൈവരിച്ചത്. ഒരേക്കർ കൃഷിയിൽ നിന്ന് ശരാശരി 30,000 രൂപയോളം ലാഭം കർഷകർക്ക് ലഭിക്കുന്നതിനൊപ്പം പ്രതിവർഷം ഒരു ലക്ഷം കിലോ നെല്ല് സപ്ലൈകോയ്ക്ക് നൽകാനും സാധിക്കുന്നു. തരിശുഭൂമി വീണ്ടെടുത്ത

തോടെ പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ഉയരുകയും ജൈവവൈവിധ്യം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. പാടശേഖരത്തിന് സമീപത്തെ നൂറിലധികം വർഷം പഴക്കമുള്ള തടയണയും രാജഭരണകാലത്തെ വഴിയമ്പലവും സംരക്ഷിക്കാൻ സാധിച്ചു എന്നത് പൈതൃക സംരക്ഷണത്തിലെ വലിയ നേട്ടമാണ്. ഭാവിയിൽ വയലോര പാർക്കും ജല ടൂറിസവും വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്ന ഈ ജനകീയ മാതൃക, കൃഷി അനാദായകരമാണെന്ന വാദങ്ങളെ തിരുത്തിക്കുറിച്ച് മറ്റ് പാടശേഖരങ്ങൾക്ക് വലിയൊരു പ്രചോദനമായി മാറുന്നു.

## 6.41. കുടമാങ്കൽ പച്ചത്തുരുത്ത്; തുമ്പമൺ ഗ്രാമപഞ്ചായത്ത്

വീഡിയോ കാണാം

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്കിൽ ഉൾപ്പെട്ട തുമ്പമൺ ഗ്രാമപഞ്ചായത്ത്, ജൈവവൈവിധ്യ സംരക്ഷണത്തിലും കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിലും കൈവരിച്ച മികച്ച നേട്ടമാണ് കുടമാങ്കൽ പച്ചത്തുരുത്ത്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 78 സെന്റ് തരിശുഭൂമിയെ ഹരിതാഭമായ ഒരു ചെറുവനമാക്കി മാറ്റിയ ഈ പദ്ധതി, ഹരിതകേരളം മിഷന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സംയുക്ത പരിശ്രമഫലമാണ്. അച്ചൻകോവിലാറിന് സമീപം സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ഒരുകാലത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന ഇടമായിരുന്നുവെങ്കിലും, ജനകീയ കൂട്ടായ്മയിലൂടെ അതിനെ വീണ്ടെടുത്ത് അതിജീവനത്തിന്റെ മാതൃകയാക്കാൻ പഞ്ചായത്തിന് സാധിച്ചു.

2020 ജൂലൈ മാസത്തിൽ തുടക്കം കുറിച്ച ഈ പച്ചത്തുരുത്ത് നിർമ്മാണത്തിനായി ഏകദേശം 2.5 ലക്ഷത്തിലധികം രൂപയാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ വിനിയോഗിച്ചത്. ഇത് ഗ്രാമത്തിൽ 900-ലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും കാരണമായി. സാമൂഹ്യ വനവൽക്കരണ വകുപ്പ്, ഔഷധസസ്യ ബോർഡ് എന്നിവയുടെ സഹകരണത്തോടെ നട്ടുപിടിപ്പിച്ച അഞ്ഞൂറിലധികം വൃക്ഷങ്ങളും അൻപതോളം ഇനം ഔഷധസസ്യങ്ങളും ഇന്ന് ഈ തുരുത്തിന് കരുത്തേകുന്നു. ആവൽ, കമ്പകം, കറവേങ്ങ തുടങ്ങിയ അപൂർവ്വ സസ്യങ്ങൾക്കൊപ്പം മഴക്കാടുകളിൽ മാത്രം കാണപ്പെടുന്ന വൃക്ഷങ്ങളും നാല്പമരങ്ങളും ഇവിടെ സമൃദ്ധമായി വളരുന്നു.

കുടമാങ്കൽ പച്ചത്തുരുത്തിലെ സമ്പന്നമായ ആവാസവ്യവസ്ഥ ഇന്ന് നിരവധി പക്ഷിമൃഗാദികളുടെയും ശലഭങ്ങളുടെയും പ്രിയപ്പെട്ട കേന്ദ്രമാണ്. അരിപ്രാവ്, ഓലഞ്ഞാലി, മരതക പ്രാവ് തുടങ്ങിയ വിവിധയിനം പക്ഷികളും അപൂർവ്വ ചിത്രശലഭങ്ങളും ഈ കാടിന്റെ കുളിർമയിൽ വിഹരിക്കുന്നു. തുമ്പമൺ കവലയിൽ നിന്നും വിളിപ്പാടകലെ സ്ഥിതി ചെയ്യുന്ന ഈ വനം കുട്ടികൾക്കും അധ്യാപകർക്കും പ്രകൃതിയെക്കുറിച്ച് പഠിക്കാനുള്ള ഒരു തുറന്ന പാഠശാല കൂടിയാണ്. വയോജന കൂട്ടായ്മകളും റസിഡൻസ് അസോസിയേഷനുകളും കൃത്യമായ ഇടവേളകളിൽ ഇവിടെ സന്ദർശനം നടത്തുകയും പുതിയ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ പക്ഷത്തുരുത്തിനുള്ള 2025 ലെ മുഖ്യമന്ത്രിയുടെ അവാർഡ് സ്വന്തമാക്കാനും ഈ പച്ചത്തുരുത്തിന് സാധിച്ചു. കഴിഞ്ഞ ആറുവർഷമായി ഭരണസമിതിയുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും സന്നദ്ധ പ്രവർത്തകരുടെയും നിരന്തരമായ പരിചരണത്തിലൂടെ തുമ്പമൺ ഗ്രാമത്തിന്റെ അഭിമാനമായി കുടമാങ്കൽ പച്ചത്തുരുത്ത് നിലകൊള്ളുന്നു.

# 6.42. തണ്ണീർവനം കണ്ടൽ പച്ചത്തുരുത്ത്: ദേവികുളങ്ങരയുടെ ജൈവവൈവിധ്യ മാതൃക

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ പുതുപ്പള്ളി ദേശത്ത് സ്ഥിതി ചെയ്യുന്ന തണ്ണീർവനം, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിലൂടെ ഒരു ആവാസവ്യവസ്ഥയെ എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്ന് ലോകത്തിന് കാട്ടിക്കൊടുക്കുന്നു. പ്രകൃതിസ്നേഹിയായ ശ്രീ എം.ആർ. അനിൽകുമാറിന്റെ പന്ത്രണ്ട് വർഷത്തെ അചഞ്ചലമായ പ്രയത്നഫലമായുണ്ടായ ഈ 3.5 ഏക്കർ ജൈവവൈവിധ്യ കേന്ദ്രം, ഇന്ന് ഹരിത ടൂറിസത്തിന്റെയും സംയോജിത കൃഷിയുടെയും ശ്രദ്ധേയമായ മാതൃകയാണ്. പുഴയും കായലും കടലും ചേരുന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറി നെൽകൃഷി അസാധ്യമായ തരിശുഭൂമികളെ കണ്ടൽക്കാടുകളിലൂടെ വീണ്ടെടുക്കുക എന്നതായിരുന്നു ഈ ദൗത്യത്തിന്റെ കാതൽ.



സോഷ്യൽ ഫോറസ്റ്ററി വിഭാഗത്തിന്റെ സഹായത്തോടെ അഞ്ച് കുളങ്ങൾക്ക് ചുറ്റുമായി നട്ടുപിടിപ്പിച്ച കണ്ടൽച്ചെടികൾ ഇന്ന് പതിനായിരത്തിലധികമായി വർദ്ധിച്ചിട്ടുണ്ട്. എട്ടിനം കണ്ടൽ സസ്യങ്ങളാൽ സമൃദ്ധമായ ഈ വനത്തിൽ തെങ്ങ്, കശുമാവ്, ഔഷധ സസ്യങ്ങൾ, വിവിധയിനം കിഴങ്ങ്-പയർ വർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്യുന്നു. ജൈവവൈവിധ്യ സംരക്ഷണത്തോടൊപ്പം സാമ്പത്തിക സ്വയംപര്യാപ്തതയും തണ്ണീർവനം ഉറപ്പാക്കുന്നു എന്നത് ശ്രദ്ധേയമാണ്. അഞ്ചു കുളങ്ങളിലായി നടത്തുന്ന സംയോജിത മത്സ്യകൃഷിയിലൂടെ വർഷം തോറും ശരാശരി 1.5 ടൺ മത്സ്യം വിപണിയിലെത്തുന്നു. ഇതിനു പുറമെ ഹരിത ടൂറിസം, തെങ്ങ്-കശുമാവ് കൃഷി, താറാവ് വളർത്തൽ എന്നിവയിലൂടെ സുസ്ഥിരമായ ഒരു വരുമാന മാർഗ്ഗം കെട്ടിപ്പടുക്കാൻ ഈ സംരംഭത്തിന് സാധിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള പോരാട്ടത്തിൽ കണ്ടൽക്കാടുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. സാധാരണ മഴക്കാടുകളെക്കാൾ അഞ്ചിരട്ടി കാർബൺ ശേഖരിക്കാൻ ശേഷിയുള്ള കണ്ടലുകൾ, ദേവികുളങ്ങര ഗ്രാമപഞ്ചായത്തിനെ 'നെറ്റ് സീറോ കാർബൺ' പദവിയിലേക്ക് നയിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്നു. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഒരു വിജ്ഞാന കേന്ദ്രമായി മാറിയ തണ്ണീർവനത്തിൽ കൂടുതൽ ഇനം കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാനും തീരസംരക്ഷണത്തിനും സഹായിക്കുന്ന ഈ 'ഒറ്റയാൾ വനം', വരുംതലമുറയ്ക്ക് കരുതി വെക്കാവുന്ന വലിയൊരു പാരിസ്ഥിതിക സമ്പത്താണ്.

## 6.43. ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ്: വ്യവസായസ്ഥാപനത്തിലെ പരിസ്ഥിതി സംരക്ഷണ മാതൃക

വീഡിയോ കാണാം

തിരുവനന്തപുരം കൊച്ചുവേളിയിലെ തീരദേശത്ത് സ്ഥിതി ചെയ്യുന്ന പ്രമുഖ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് (TTPL), രാസവ്യവസായവും പരിസ്ഥിതി പരിപാലനവും എങ്ങനെ വിവേകപൂർവ്വം സമന്വയിപ്പിക്കാം എന്നതിന് മികച്ച ഉദാഹരണമാണ്. തീരദേശത്തെ ജൈവാംശം കുറഞ്ഞ മണൽപ്രദേശത്തെ 80 ഏക്കറോളം വരുന്ന ക്യാമ്പസിനെ കാർഷിക-പരിസ്ഥിതി പ്രവർത്തനങ്ങളിലൂടെ ഒരു ഹരിത വനമാക്കി മാറ്റാൻ ടൈറ്റാനിയത്തിന് സാധിച്ചു എന്നത് വിപ്ലവകരമായ മാറ്റമാണ്. 2019-ൽ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കാർഷിക പ്രവർത്തനങ്ങൾ ഇന്ന് 15 ഏക്കറോളം വ്യാപിച്ചു കിടക്കുന്നു. ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി രൂപീകരിച്ച ടൈറ്റാനിയം അഗ്രികൾച്ചർ ആൻഡ് ഫിഷറീസ് സൊസൈറ്റി, വ്യവസായശാലയ്ക്കുള്ളിൽ ഒരു കാർഷിക സംസ്കാരം തന്നെ കെട്ടിപ്പടുത്തിരിക്കുകയാണ്.

പൂർണ്ണമായും ജൈവരീതിയിൽ പച്ചക്കറികളും ധാന്യങ്ങളും വിളയിക്കുന്ന ഇവിടെ, നഗരസഭയുടെ കിച്ചൻ ബിൻ കമ്പോസ്റ്റാണ് വളമായി ഉപയോഗിക്കുന്നത്. 2021-ൽ മികച്ച സ്ഥാപന കൃഷിത്തോട്ടത്തിനുള്ള സംസ്ഥാന പുരസ്കാരം നേടിയ ഈ ക്യാമ്പസിൽ സംയോജിത കൃഷി രീതിയുടെ ഭാഗമായി വിപുലമായ മത്സ്യകൃഷിയും നടക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ നിർമ്മിച്ച കുളങ്ങളിലെ പോഷകസമൃദ്ധമായ വെള്ളം കൃഷിക്കായി പുനരുപയോഗിക്കുന്നത് വഴി പ്രകൃതിവിഭവങ്ങളുടെ ശരിയായ വിനിയോഗം ഇവിടെ ദൃശ്യമാണ്. കൂടാതെ, ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ രണ്ടര ഏക്കറിൽ ഒരുക്കിയ ഡ്രാഗൺ ഫ്രൂട്ട് തോട്ടം സാമ്പത്തികമായും ശാസ്ത്രീയമായും വലിയ വിജയമായി മാറി.

ഹരിതകേരളം മിഷന്റെ സഹായത്തോടെ ആറര ഏക്കറിലായി നിർമ്മിച്ച പച്ചത്തുരുത്തുകൾ ക്യാമ്പസിനൊരു 'ഗ്രീൻ ബെൽറ്റ്' തീർക്കുന്നു. വിവിധ ഫലവൃക്ഷങ്ങളും മണൽ പ്രദേശത്തിന് അനുയോജ്യമായ കശുമാവിൻ തോട്ടവും ഇതിന്റെ ഭാഗമാണ്. വനംവകുപ്പിന്റെ സഹായത്തോടെ 400 ചതുരശ്ര മീറ്ററിൽ തീർത്ത മിയാവാക്കി വനം ഇന്ന് നിരവധി പക്ഷികളുടെയും ജീവജാലങ്ങളുടെയും സ്വാഭാവിക ആവാസകേന്ദ്രമായി മാറിയിരിക്കുന്നു. പരിസ്ഥിതി സൗഹൃദ ഊർജ്ജ ഉൽപ്പാദനത്തിനായി അനർട്ടുമായി (ANERT) ചേർന്ന് 4.5 ഏക്കറിൽ സ്ഥാപിച്ച സൗരോർജ്ജ പ്ലാന്റ് പ്രതിദിനം 8000 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചുകൊണ്ട് ടൈറ്റാനിയത്തെ ഗ്രീൻ എനർജി മേഖലയിലും മുൻനിരയിൽ എത്തിക്കുന്നു.

വ്യവസായശാലകൾ പരിസ്ഥിതിക്ക് ഭീഷണിയാണെന്ന പരമ്പരാഗത ധാരണയെ തിരുത്തിക്കൊണ്ട്, 2050-ഓടെ 'നെറ്റ് സീറോ' കാർബൺ എന്ന ലക്ഷ്യത്തിലേക്കാണ് ട്രാവൻകൂർ ടൈറ്റാനിയം ചുവടുവെക്കുന്നത്. തീരദേശത്തെ മണൽഭൂമിയിൽ കൃഷിയും വനവൽക്കരണവും സാധ്യമാണെന്ന് തെളിയിച്ച ഈ ഹരിത മാതൃക മറ്റ് വ്യവസായ സ്ഥാപനങ്ങൾക്ക് വലിയൊരു പ്രചോദനമാണ്. പ്രകൃതിയെ കരുതിവെച്ചുകൊണ്ടുള്ള വികസനം എങ്ങനെ യാഥാർത്ഥ്യമാക്കാം എന്നതിന്റെ ഉത്തമ സാക്ഷ്യമായി കൊച്ചുവേളിയിലെ ഈ ഹരിത ക്യാമ്പസ് ഇന്ന് നിലകൊള്ളുന്നു.

## 6.44. തരിശുരഹിത ഗ്രാമം: മുതുതല ഗ്രാമപഞ്ചായത്തിന്റെ ഹരിതമുന്നേറ്റം

പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ സ്ഥിതി ചെയ്യുന്ന മുതുതല ഗ്രാമപഞ്ചായത്ത്, കൃഷിയെ ഒരു ജീവിതസംസ്കാരമായി ഏറ്റെടുത്ത് 'തരിശു രഹിത ഗ്രാമം' എന്ന അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുകയാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2022-ൽ ആരംഭിച്ച തീവ്രയജ്ഞത്തി ന്റെ ഫലമായി, 2024-ൽ ഈ പഞ്ചായത്തിനെ സമ്പൂർണ്ണ തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ചു. പാടങ്ങൾ മാത്രമല്ല, വർഷങ്ങളായി തരിശായി കിടന്നിരുന്ന കരഭൂമി കൂടി കൃഷിയോഗ്യമാക്കിയാണ് പഞ്ചായത്ത് ഈ നേട്ടം സ്വന്തമാക്കിയത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിക്കൊപ്പം കൃഷി വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, പാടശേഖര സമിതികൾ, കുടുംബശ്രീ, സാംസ്കാരിക സംഘടന കൾ എന്നിവയുടെ ഏകോപിതമായ പ്രവർത്തനമാണ് ഈ ലക്ഷ്യപ്രാപ്തിക്ക് കരുത്തേകിയത്.

വീഡിയോ കാണാം

പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച സാങ്കേതിക സമിതി നടത്തിയ പരിശോധനയിൽ 70 ഹെക്ടറോളം ഭൂമി കൃഷി ചെയ്യാതെ കിടക്കുന്നുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഇതിനെ രണ്ട് ഘട്ട ങ്ങളായി തിരിച്ച്, ഭൂവുടമകളെ നേരിൽ കണ്ടും പാട്ടക്കരാറുകൾ സുതാര്യമാക്കിയും കൃഷി പു നരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു. നെൽകൃഷിയോട് വൈമുഖ്യം കാണിച്ചയിടങ്ങളിൽ യുവജനങ്ങളെയും കുടുംബശ്രീ അംഗങ്ങളെയും ഉൾപ്പെടുത്തി സംഘകൃഷി (Group Farming) ആരംഭിച്ചതോടെ 25 ഹെക്ടർ സ്ഥലത്ത് നെൽക്കതിരുകൾ തിരിച്ചെത്തി. കൂടാതെ, കരഭൂമിയായി മാറിയ 35 ഹെക്ടറിൽ പച്ചക്കറി കൃഷിയും വ്യാപിപ്പിച്ചു. കാട്ടുപന്നി ശല്യം തടയാൻ വനംവകു പ്പുമായി ചേർന്ന് നടത്തിയ ഇടപെടലുകൾ കർഷകർക്ക് വലിയ ആശ്വാസമായി മാറി.

കർഷകരെ കൃഷിയിലേക്ക് തിരികെ എത്തിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും ഉഴവുകൂലി, സബ്സിഡി നിരക്കിലുള്ള ഹൈബ്രിഡ് പച്ചക്കറി തൈകൾ, വിത്തുകൾ എന്നിവ പഞ്ചായത്ത് ഉറപ്പാക്കി. എക്കോ ഷോപ്പുകൾ വഴി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയതോ



ടെ പ്രാദേശിക വിപണി സജീവമാവുകയും ജനങ്ങൾക്ക് വിഷരഹിതമായ നാടൻ പച്ചക്കറികൾ ലഭ്യമാവുകയും ചെയ്തു. തരിശുഭൂമി കൃഷിയിടങ്ങളായി മാറിയതോടെ മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിക്കുകയും പ്രദേശത്തെ ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുകയും ചെയ്തു എന്നത് ശ്രദ്ധേയമായ പാരിസ്ഥിതിക നേട്ടമാണ്. തരിശുരഹിത പദവി നിലനിർത്തുന്നതിനായി എല്ലാ വർഷവും ഭൂമി പരിശോധനയും കർഷകർക്കുള്ള സാങ്കേതിക സഹായങ്ങളും പഞ്ചായത്ത് തുടരുന്നുണ്ട്. അടുത്ത ഘട്ടത്തിൽ വിള വൈവിധ്യവൽക്കരണത്തിൽ ഊന്നൽ നൽകിക്കൊണ്ട് ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കാനാണ് മുതുതല ലക്ഷ്യമിടുന്നത്.

## 6.45. ചോലപ്പുറം പച്ചത്തുരുത്ത്: മുളന്തുരുത്തുകൾക്കൊരു മാതൃക

വീഡിയോ കാണാം

വയനാട് ജില്ലയിലെ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ ചോലപ്പുറം പുഴയുടെ തീരത്ത് രണ്ട് ഏക്കറോളം സ്ഥലത്ത് തണൽ വിരിച്ചു നിൽക്കുന്ന മുളങ്കാട്, പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ വിസ്മയിപ്പിക്കുന്ന ഉദാഹരണമാണ്. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങളിൽ കരിങ്കൽ ഭിത്തികൾ പോലും തകർന്നു വീണപ്പോൾ, സ്വാഭാവികമായുണ്ടായിരുന്ന മുളങ്കൂട്ടങ്ങൾ പുഴയോരത്തെ സംരക്ഷിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് 'പച്ചത്തുരുത്ത്' എന്ന ആശയം മുളകളുടെ സംരക്ഷണത്തിലേക്ക് വഴിമാറിയത്. 2019-ൽ തുടക്കം കുറിച്ച ഈ പദ്ധതിയിൽ ഹരിതകേരളം മിഷൻ, എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷൻ, സോഷ്യൽ ഫോറസ്ട്രി എന്നിവരുടെ സാങ്കേതിക പിന്തുണയും ജനകീയ പങ്കാളിത്തവും ഒത്തുചേർന്നപ്പോൾ, ഒരു പുഴ പുറമ്പോക്ക് പ്രദേശം ഇന്ന് ജൈവവൈവിധ്യത്തിന്റെ വലിയൊരു കലവറയായി മാറി.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്തി ഏകദേശം എട്ടു ലക്ഷത്തിലധികം രൂപ വിനിയോഗിച്ചാണ് ഈ പ്രദേശം വീണ്ടെടുത്തത്. നിലവിൽ നടത്തിയ കണക്കെടുപ്പ് പ്രകാരം 354 മുളകൾ ഉൾപ്പെടെ 774-ഓളം വിവിധയിനം മരങ്ങളും ചെടികളും ഇവിടെ വളരുന്നുണ്ട്. ഇവയുടെ ശാസ്ത്രീയ നാമം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി ശാസ്ത്രീയമായ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട് എന്നത് പദ്ധതിയുടെ മികവ് കാട്ടുന്നു. പച്ചത്തുരുത്ത് സംരക്ഷണ സമിതിയുടെ നേതൃത്വത്തിലുള്ള ജനകീയ കാവലും തൊഴിലുറപ്പ് തൊഴിലാളികളുടെ നിരന്തരമായ പരിപാലനവുമാണ് ഇതിന്റെ സുസ്ഥിരത ഉറപ്പാക്കുന്നത്. പുഴയോരത്തെ റോഡ് ഇടിഞ്ഞുതാഴുന്ന സാഹചര്യം ഒഴിവാക്കാൻ കഴിഞ്ഞു എന്നതും പ്രദേശവാസികൾക്ക് മനോഹരമായ ഒരു വിശ്രമകേന്ദ്രം ലഭിച്ചു എന്നതും ഈ പദ്ധതിയുടെ വലിയ നേട്ടങ്ങളാണ്.

ഭാവിയിൽ ഈ മുളങ്കാടിനെ ഒരു ബൊട്ടാണിക്കൽ ഗാർഡനായും ഹാപ്പിനസ് പാർക്കായും വികസിപ്പിക്കാനാണ് വെങ്ങപ്പള്ളി പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി നടപ്പ് വർഷം പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുഴയോരത്തെ ചെക്ക്ഡാം പ്രയോജനപ്പെടുത്തി ബോട്ടിംഗ് സംവിധാനവും ഔഷധ സസ്യങ്ങളുടെ പ്രദർശന കേന്ദ്രവും ഒരുക്കുന്നതിലൂടെ പ്രദേശത്തെ വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കാനും സാധിക്കും. പരിസ്ഥിതിക്ക് ആഘാതമില്ലാതെ,

കുറഞ്ഞ ചെലവിൽ പുഴ സംരക്ഷണവും വിനോദവും എപ്രകാരം സാധ്യമാക്കാം എന്നതിന് വെങ്ങപ്പള്ളിയിലെ ഈ മുളങ്കാട് പച്ചത്തുരുത്ത് ഇന്ന് കേരളത്തിന് തന്നെ ഉത്തമ മാതൃകയാണ്.

## 6.46. നാടെങ്ങും പച്ചത്തുരുത്തുകൾ: മടിക്കൈയുടെ അപൂർവ്വ മാതൃക

ഇടനാടൻ ചെങ്കൽക്കുന്നുകളാൽ സമൃദ്ധമായ കാസർഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്ത്, പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ കാര്യത്തിൽ ഇന്ന് സംസ്ഥാനത്തിന് തന്നെ വഴികാട്ടിയാണ്. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ 2019-ൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചപ്പോൾ മുതൽ അത് ഹൃദയപൂർവ്വം ഏറ്റെടുത്ത മടിക്കൈ, നിലവിൽ 155 സജീവ പച്ചത്തുരുത്തുകളുമായി ഈ രംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പൊതുസ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെ പറമ്പുകൾ എന്നിവിടങ്ങളിലെല്ലാം ജനകീയ പങ്കാളിത്തത്തോടെ വച്ചുപിടിപ്പിച്ച ഈ പച്ചപ്പുകൾ ഇന്ന് ചെറുവനങ്ങളായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയെയും വാർഡ് സമിതികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനം മടിക്കൈയെ ഒരു ഹരിത മാതൃകയാക്കി മാറ്റി.

വീഡിയോ കാണാം

വിദ്യാലയങ്ങളിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചതിലൂടെ കുട്ടികൾക്ക് പ്രകൃതിയെ തൊട്ടറിയാനുള്ള പഠനകേന്ദ്രങ്ങൾ ഒരുക്കാൻ സാധിച്ചു. പഞ്ചായത്തിലെ പത്തു വിദ്യാലയങ്ങളിലായി 283 സെന്റ് സ്ഥലത്ത് 94 ഇനങ്ങളിലായി മുന്നൂറിലധികം അപൂർവ്വ സസ്യങ്ങളാണ് വളരുന്നത്. ആരാധനാലയങ്ങളോടും കാവുകളോടും ചേർന്നുള്ള 51 പച്ചത്തുരുത്തുകൾ നാശോന്മുഖമായ കാവുകളെ വീണ്ടെടുക്കാൻ സഹായിച്ചു. കൂടാതെ, ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സ്വകാര്യ വ്യക്തികൾ ഒരുക്കിയ പച്ചത്തുരുത്തുകൾ ഇന്ന് മികച്ച ഇക്കോ-ടൂറിസ്റ്റ് കേന്ദ്രങ്ങളായി വളരുകയാണ്. രാഷ്ട്രീയ-സാംസ്കാരിക സംഘടനകളും ക്ലബ്ബുകളും സ്വന്തം നിലയ്ക്ക് മാന്തോപ്പുകളും ഔഷധത്തോട്ടങ്ങളും നിർമ്മിച്ച് പരിപാലിക്കുന്നത് മടിക്കൈയുടെ മാത്രം പ്രത്യേകതയാണ്.

കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാനും ജലസ്രോതസ്സുകൾ സംരക്ഷിക്കാനും ഈ പച്ചത്തുരുത്തുകൾ വലിയ പങ്ക് വഹിക്കുന്നു. കടുത്ത ചൂടിലും കിണറുകളിലെ ജലനിരപ്പ് നിലനിർത്താനും ജൈവവൈവിധ്യം കാത്തുസൂക്ഷിക്കാനും ഈ ചെറുവനങ്ങളിലൂടെ സാധിച്ചു. മികച്ച പച്ചത്തുരുത്തിനുള്ള ജില്ലാ പഞ്ചായത്തിന്റെ അവാർഡും ഏറ്റവുമധികം വിസ്തൃതിയുള്ള പച്ചത്തുരുത്തിനുള്ള പുരസ്കാരവും മടിക്കൈയെ തേടിയെത്തി. പച്ചത്തുരുത്തുകളുടെ കൃത്യമായ ഡോക്യുമെന്റേഷനും നശിച്ചുപോയവയുടെ പുനരുജ്ജീ



വനവുമായി മടിക്കൈ ഗ്രാമപഞ്ചായത്ത് വരുംതലമുറയ്ക്കായി പ്രകൃതിയെ കരുതിവെക്കുന്ന മഹത്തായ ദൗത്യം തുടരുകയാണ്.

## 6.47. തെങ്ങിന് തടം മണ്ണിന് ജലം: പുൽപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ ജലസംരക്ഷണ മാതൃക

വയനാട് ജില്ലയിലെ വരൾച്ചാബാധിത പ്രദേശമായ പുൽപ്പള്ളിയിൽ, ജലസംരക്ഷണത്തിന്റെ പരമ്പരാഗത രീതികൾ വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ശ്രദ്ധേയമായ ക്യാമ്പയിനാണ് 'തെങ്ങിന് തടം മണ്ണിന് ജലം'. മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറക്കി ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനൊപ്പം, തെങ്ങുകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ഇരട്ട ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വന്യമൃഗശല്യവും രോഗബാധയും മൂലം കൃഷിനാശം നേരിടുന്ന പുൽപ്പള്ളി പഞ്ചായത്തിലെ 19-ാം വാർഡായ പാക്കത്തെയാണ് ഈ ഹരിത ദൗത്യത്തിനായി തിരഞ്ഞെടുത്തത്.

പഞ്ചായത്ത് ഭരണസമിതി, കുടുംബശ്രീ, പാടശേഖര സമിതികൾ, പുൽപ്പള്ളി പഴശ്ശിരാജ കോളേജിലെ എൻ.എസ്.എസ് (NSS) വോളന്റിയർമാർ എന്നിവരെ ഏകോപിപ്പിച്ചുകൊണ്ട് വലിയൊരു ജനകീയ കൂട്ടായ്മയാണ് പദ്ധതിക്കായി രൂപീകരിച്ചത്. ജനകീയ പങ്കാളിത്തവും സന്നദ്ധസേവനവുമാണ് ഈ ദൗത്യത്തിന്റെ കരുത്ത്. സന്നദ്ധ പ്രവർത്തകരെ നാല് ഗ്രൂപ്പുകളായി തിരിച്ച് ഒരു ദിവസം കൊണ്ട് തന്നെ ആയിരത്തോളം തെങ്ങുകളുടെ തടം തുറക്കാൻ സാധിച്ചു. തെങ്ങിൻ ചുവടുകളിൽ ചകിരി അടുക്കി ഈർപ്പം നിലനിർത്താനുള്ള ശാസ്ത്രീയമായ പ്രവർത്തനങ്ങളും ഇതിനൊപ്പം നടപ്പിലാക്കി. സന്നദ്ധ സേവനം പരമാവധി പ്രയോജനപ്പെടുത്തിയതിനാൽ വളരെ കുറഞ്ഞ ചിലവിൽ വലിയൊരു പ്രവൃത്തി പൂർത്തിയാക്കാൻ പഞ്ചായത്തിന് സാധിച്ചു എന്നത് ശ്രദ്ധേയമാണ്.



മഴവെള്ളം പാഴായി ഒഴുകിപ്പോകാതെ തടങ്ങളിൽ സംഭരിക്കപ്പെടുന്നത് വഴി മണ്ണൊലിപ്പ് തടയാനും സമീപത്തെ കിണറുകളിൽ ജലലഭ്യത ഉറപ്പാക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചു. തെങ്ങുകൾക്ക് വളം നൽകുന്നതിനും വേരോട്ടം വർദ്ധിപ്പിക്കുന്നതിനും ഈ തടങ്ങൾ വലിയതോതിൽ സഹായകമാണ്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം കർഷകരിലേക്ക് നേരിട്ട് എത്തിക്കാൻ സാധിച്ചു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ സാമൂഹിക നേട്ടം. വരും വർഷങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേക്കും ഈ ക്യാമ്പയിൻ വ്യാപിപ്പിക്കാനും ജലസമൃദ്ധമായ ഒരു കാർഷിക ഗ്രാമമായി പുൽപ്പള്ളിയെ മാറ്റാനുമാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. ജലസംരക്ഷണം എങ്ങനെ ഒരു ജനകീയ ഉത്സവമാക്കി മാറ്റാം എന്നതിന് പുൽപ്പള്ളി ഇന്ന് മികച്ചൊരു മാതൃകയായി നിൽക്കുന്നു.

# നെറ്റ് സീറോ കാർബൺ കേരളം

## 6.48. ഹരിത സ്പർശം: കണ്ണൂർ സെൻട്രൽ ജയിലിലെ പരിസ്ഥിതി പ്രവർത്തനങ്ങൾ

വീഡിയോ കാണാം

1869-ൽ സ്ഥാപിതമായ കണ്ണൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോം, തടവുകാരെ പാർപ്പിക്കുന്ന ഒരിടം എന്നതിലുപരി പരിസ്ഥിതി സൗഹൃദമായ ഒരു മാതൃകാ തിരുത്തൽ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ‘ഹരിത സ്പർശം’ എന്ന സമഗ്ര പദ്ധതിയിലൂടെ ‘നെറ്റ് സീറോ കാർബൺ’ പദവി നേടുന്ന ഇന്ത്യയിലെ ആദ്യ ജയിലാകാനാണ് ഈ ചരിത്ര സ്ഥാപനം ലക്ഷ്യമിടുന്നത്. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ തുടങ്ങിയ ഏജൻസികളുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ ദൗത്യത്തിൽ ജലസംരക്ഷണം, മാലിന്യ സംസ്കരണം, ഹരിത ഊർജ്ജം എന്നിങ്ങനെ 18 സുപ്രധാന ഘടകങ്ങളാണുള്ളത്. ‘പത്മ തീർത്ഥം’ പദ്ധതിയിലൂടെ ജയിലിനുള്ളിലെ 12 കിണറുകളും കുളങ്ങളും നവീകരിച്ച് പ്രതിമാസ വാട്ടർ ബില്ലിൽ പകുതിയോളം ലാഭിക്കാൻ അധികൃതർക്ക് സാധിച്ചു എന്നത് ജലസംരക്ഷണ മേഖലയിലെ വലിയ നേട്ടമാണ്.

ജയിലിലെ മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് കൃഷിക്ക് ഉപയോഗിക്കുന്ന ‘നിർമ്മാല്യം’ പദ്ധതിയും, അജൈവ മാലിന്യങ്ങൾ തരംതിരിക്കാൻ അന്തേവാസികൾക്കിടയിൽ നിന്ന് തന്നെ രൂപീകരിച്ച ഹരിതകർമ്മ സേനയും ജയിലിനെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. അന്തേവാസികളുടെ മാനസിക പരിവർത്തനത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് പേപ്പർ ബാഗ് നിർമ്മാണം (സുകൃതം), പേപ്പർ പേനകൾ (ഹരിത തൂലിക), പാഴ്മരങ്ങളിൽ നിന്നുള്ള ശില്പങ്ങൾ (OCart) തുടങ്ങിയ സംരംഭങ്ങൾ ഇവിടെ വിജയകരമായി നടപ്പിലാക്കുന്നു. ബ്രിട്ടീഷ് ഭരണകാലം തൊട്ടുള്ള മുന്നൂറിലധികം മാവുകളെ സംരക്ഷിക്കുന്ന ‘എന്റെ മാവ്’ പദ്ധതിയും, ജയിൽ പരിസരം മുല്ലപ്പൂക്കളാൽ സുഗന്ധപൂരിതമാക്കുന്ന ‘സുഗന്ധ വീഥി’യും ജൈവവൈവിധ്യ സംരക്ഷണത്തിന് പുതിയൊരു കാഴ്ചപ്പാട് നൽകുന്നു.

കഴിഞ്ഞ മൂന്ന് മാസത്തിനിടെ ‘ഹരിത വിപ്ലവം 25’ പദ്ധതിയിലൂടെ ആറ് ടൺ ജൈവ പച്ച

ക്കറികളാണ് ജയിലിനുള്ളിൽ ഉൽപ്പാദിപ്പിച്ചത്. ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്ന തടവുകാർക്ക് മടങ്ങുമ്പോൾ ഓരോ മാവിൻ തൈ നൽകുന്ന പദ്ധതിയും, ദേശീയപാതയോരത്ത് 'സ്വാതന്ത്ര്യ ത്തിന്റെ തിരുമുറ്റം' എന്ന പേരിൽ മനോഹരമായ പാർക്ക് ഒരുക്കുന്ന പ്രവർത്തനങ്ങളും ഈ ഹരിത മാതൃകയ്ക്ക് കൂടുതൽ തിളക്കം കൂട്ടുന്നു. ഇരുമ്പഴികൾക്കുള്ളിലും പരിസ്ഥിതി സ്നേഹത്തി ന്റെ വിത്തുകൾ പാകാമെന്ന് തെളിയിച്ച കണ്ണൂർ സെൻട്രൽ ജയിൽ, സുസ്ഥിര വികസനത്തിന്റെ പാതയിൽ ഒരു നവകേരള മാതൃകയായി ഇന്ന് തലയുയർത്തി നിൽക്കുന്നു.

## 6.49. നെറ്റ് സീറോ കാർബൺ - 2035: വടകര നഗരസഭയുടെ സുസ്ഥിര വികസന മാതൃക

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള ആഗോള നീക്കങ്ങൾക്കൊ പ്പം ചേർന്ന്, 2035-ഓടെ 'നെറ്റ് സീറോ കാർബൺ' പദവി ലക്ഷ്യമിടുന്ന കേരളത്തിലെ ആദ്യ നഗ രസഭയായി വടകര മാറിയിരിക്കുകയാണ്. ഹരിതകേരളം മിഷന്റെ സാങ്കേതിക പിന്തുണയോടെ ജനകീയ പങ്കാളിത്തത്തിലൂന്നിയ വിപുലമായ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നത്. മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, ഊർജ്ജം എന്നീ നാല് സുപ്രധാന മേഖലകളി ലായി നഗരസഭയുടെ കർമ്മപദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ ആദ്യത്തെ 'സമ്പൂർണ്ണ ഹരിത അയൽക്കൂട്ട വാർഡായി' കൊക്കഞ്ഞാത്ത് വാർഡ് (വാർഡ് 29) അംഗീകരി ക്കപ്പെട്ടത് ഈ ദൗത്യത്തിലെ വടകരയുടെ ചിട്ടയായ പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ്.

നഗരസഭാ തലത്തിൽ സംസ്ഥാനത്തെ ആദ്യത്തെ 'ജല ബജറ്റ്' തയ്യാറാക്കിയ വടകര, ജല സംരക്ഷണ മേഖലയിൽ പുതിയൊരു ചരിത്രം കുറിച്ചു. ജൂബിലി കുളം, ഇല്ലത്ത് താഴെകുളം എന്നിവ നവീകരിച്ച് കുടിവെള്ള സ്രോതസ്സുകളായും നീന്തൽ പരിശീലന കേന്ദ്രങ്ങളായും മാ റ്റിയതിലൂടെ പ്രായോഗികമായ ജല സാക്ഷരതയാണ് നഗരസഭ ഉറപ്പാക്കിയത്. കൃഷി മേഖല യിൽ 'തരിശുരഹിത നഗരസഭ' എന്ന ലക്ഷ്യത്തോടെ മില്ലറ്റ് കൃഷി, കുറ്റ്യാട്ടൂർ മാവ് സംരക്ഷണം എന്നിവ വ്യാപിപ്പിച്ചപ്പോൾ, 'ചങ്ങാതിക്കൊരു മരം' പദ്ധതിയിലൂടെ ഓരോ വിദ്യാർത്ഥിയുടെയും വീട്ടിൽ ഓരോ പച്ചത്തുരുത്തുകൾ ഉറപ്പാക്കി. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കാൻ സൈക്കിൾ യാത്രകളെ പ്രോത്സാഹിപ്പിക്കുകയും നഗ രസഭാ ഓഫീസിലെ ചെറിയ യാത്രകൾക്ക് സൈക്കിളുകൾ നിർബന്ധമാക്കുകയും ചെയ്തത് ശ്രദ്ധേയമായ ചുവടുവെപ്പാണ്.

സാമ്പത്തികമായി അമൃത് സരോവർ, KSWMP തുടങ്ങിയ പദ്ധതികളെ മികച്ച രീതിയിൽ പ്ര യോജനപ്പെടുത്തുന്നതിനൊപ്പം പൊതു-സ്വകാര്യ പങ്കാളിത്തവും (PPP) വടകര ഉറപ്പാക്കുന്നു. പുതിയാപ്പ ട്രെഞ്ചിങ് ഗ്രൗണ്ട് ബയോമൈനിംഗിലൂടെ വീണ്ടെടുത്ത് അവിടെ 'ഗ്രീൻ പാർക്ക്' നിർ മ്മിക്കുന്ന പ്രവർത്തനങ്ങൾ നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്നതാണ്. 'മ്മളെ വടേരക്കായി ഞങ്ങളും കൂടി' എന്ന ക്യാമ്പിലൂടെ 114 വിദ്യാർത്ഥികളെ 'നെറ്റ് സീറോ അംബാസഡർമാരായി' നിയമിച്ചത് വരുംതലമുറയെ ഈ ദൗത്യത്തിൽ കണ്ണിചേർക്കാൻ സഹായിച്ചു. 219 സർക്കാർ സ്ഥാപനങ്ങളെയും 55 വിദ്യാലയങ്ങളെയും ഇതിനോടകം ഹരിത പദവിയിലേക്ക് ഉയർത്താൻ നഗരസഭയ്ക്ക് സാധിച്ചു.

2025 ആഗസ്റ്റിൽ സംഘടിപ്പിക്കുന്ന 'നെറ്റ് സീറോ കാർബൺ കോൺക്ലേവ്', കണ്ടൽക്കാടുകളുടെ സംരക്ഷണം, പുതിയ സൈക്കിൾ പാതകൾ എന്നിവ വടകരയുടെ ഹരിതയാത്രയുടെ അടുത്ത ഘട്ടങ്ങളാണ്. ഓരോ വാർഡിലും രൂപീകരിച്ചിട്ടുള്ള കോർ കമ്മിറ്റികളുടെ കൃത്യമായ വിലയിരുത്തലിലൂടെ 2035-ഓടെ കാർബൺ പുറന്തള്ളലും ആഗിരണവും തുല്യമാക്കുന്ന അവസ്ഥയിലേക്ക് വടകരയെ എത്തിക്കാനുള്ള ദൃഢനിശ്ചയത്തിലാണ് ഭരണസമിതി. സുസ്ഥിര വികസനവും നഗരവൽക്കരണവും എങ്ങനെ ചേർന്നുപോകണം എന്നതിന് വടകര ഇന്ന് ആധുനിക കേരളത്തിന് ഉത്തമമായ മാതൃകയാണ്.

## 6.50. നിലമ്പൂർ തേക്ക് മ്യൂസിയം: കാർബൺ ന്യൂട്രൽ വിനോദസഞ്ചാര കേന്ദ്രം

ലോകത്തിലെ ആദ്യത്തെ തേക്ക് മ്യൂസിയമായ നിലമ്പൂർ തേക്ക് മ്യൂസിയം, 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിന്റെ ഭാഗമായി ഇന്ന് ശ്രദ്ധേയമായ ഒരു ഹരിത ടൂറിസം കേന്ദ്രമായി മാറിയിരിക്കുകയാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രം, തേക്കിന്റെ ചരിത്രവും പ്രാധാന്യവും വരുംതലമുറയ്ക്ക് പകർന്നു നൽകുന്നതിനൊപ്പം പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന് മികച്ചൊരു മാതൃക കൂടിയാവുന്നു. പ്രതിവർഷം അഞ്ച് ലക്ഷത്തോളം സന്ദർശകരെത്തുന്ന 143 ഹെക്ടറിലധികം വിസ്തൃതിയുള്ള ഈ മ്യൂസിയത്തെ ഹരിത പദവിയിലേക്ക് ഉയർത്താൻ ഹരിതകേരളം മിഷൻ, നിലമ്പൂർ നഗരസഭ, കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (KFRI) എന്നിവർ സംയുക്തമായാണ് പ്രവർത്തിച്ചത്.

ജൈവ-അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനാണ് ഇവിടെ മുഖ്യ പരിഗണന നൽകിയിരിക്കുന്നത്. സന്ദർശകർക്കായി ശുദ്ധജല കിയോസ്കുകൾ സ്ഥാപിച്ചും പ്ലാസ്റ്റിക് കുപ്പികൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തിയും മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാൻ



ഈ ഇടപെടലുകളിലൂടെ സാധിച്ചു. നടപ്പാതകളിൽ അജൈവ മാലിന്യങ്ങൾക്കായി പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചും, ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ തുമ്പൂർമുഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സജ്ജമാക്കിയും മ്യൂസിയം പരിസരം പൂർണ്ണമായും ശുചിത്വപൂർണ്ണമാക്കി നിലനിർത്തുന്നു. മ്യൂസിയം അധികൃതരുടെയും ശുചീകരണ തൊഴിലാളികളുടെയും ചിട്ടയായ പ്രവർത്തനം സന്ദർശകരിൽ ഉത്തരവാദിത്തബോധമുള്ള ഒരു മാലിന്യ പരിപാലന സംസ്കാരം വളർത്താൻ സഹായിച്ചിട്ടുണ്ട്.

സസ്യസമ്പന്നമായ ഈ വലിയ ഭൂപ്രദേശത്ത് കരിയിലകളും മറ്റും കൃത്യമായി സംസ്കരിക്കുന്നതിലൂടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ ഉറപ്പാക്കാനും മ്യൂസിയത്തിന് കഴിയുന്നുണ്ട്. കൂടാതെ, മഴവെള്ള സംഭരണത്തിനായി നിർമ്മിച്ച നിരവധി മഴക്കുഴികൾ ജലസംരക്ഷണ മേഖലയിലെ പ്രധാന ചുവടുവെപ്പാണ്.ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിനിന്റെ ഭാഗമായി നടത്തിയ കാർബൺ അക്കൗണ്ടിങ്ങിൽ കാർബൺ നെഗറ്റീവ് പദവി നേടി നിലമ്പൂർ തേക്ക് മ്യൂസിയം മറ്റൊരു ചരിത്രം കൂടി സൃഷ്ടിച്ചിരിക്കുകയാണ്. സുസ്ഥിര വികസനവും ജൈവവൈവിധ്യ സംരക്ഷണവും ഒത്തിണങ്ങുന്ന ഈ കേന്ദ്രം രാജ്യത്തെ ടൂറിസം മേഖലയ്ക്ക് തന്നെ അഭിമാനകരമായ ഒരു ഹരിത മാതൃകയാണ്.

## 6.51. ഹരിതവാനം: പീലിക്കോടിന്റെ ജനകീയ കാർബൺ ന്യൂട്രൽ പദ്ധതി

കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമപഞ്ചായത്ത്, ജനകീയ വികസന മാതൃകകളിൽ ഭാരതത്തിന് തന്നെ വഴികാട്ടിയായ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. രാജ്യത്തെ പ്രഥമ നിർമ്മൽ പുരസ്കാരം നേടിയ പഞ്ചായത്തെന്ന ഖ്യാതി മുതൽ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് എന്ന പദവി വരെ പിലിക്കോടിന്റെ കിരീടത്തിലെ പൊൻതൂവലുകളാണ്. നിലവിൽ, 'നെറ്റ് സീറോ കാർബൺ ജനങ്ങളിലൂടെ' എന്ന ലക്ഷ്യം മുൻനിർത്തി 'ഹരിതവാനം' എന്ന ബൃഹദ് പദ്ധതിയിലൂടെ കാർബൺ ബഹിർഗമനം കുറയ്ക്കാനും സമ്പൂർണ്ണ പരിസ്ഥിതി സൗഹൃദ ഗ്രാമമായി മാറാനുമുള്ള തീവ്രശ്രമത്തിലാണ് ഈ പഞ്ചായത്ത്.

ഊർജ്ജ സംരക്ഷണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് പിലിക്കോട് നടപ്പിലാക്കിയത്. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും ഫിലമെന്റ്, സി.എഫ്.എൽ (CFL) ബൾബുകൾ മാറ്റി എൽ.ഇ.ഡി (LED) ബൾബുകൾ സ്ഥാപിച്ചതിലൂടെ രണ്ട് മാസം കൊണ്ട് മാത്രം ഒരു ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ ഈ ഗ്രാമത്തിന് സാധിച്ചു. നിലവിൽ പഞ്ചായത്തിന്റെ 44 ഘടകസ്ഥാപനങ്ങളിലും പമ്പ് ഹൗസുകളിലുമായി ആകെ 382 KW സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു എന്നത് ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള വലിയൊരു ചുവടുവെപ്പാണ്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി 32 അംഗങ്ങളുള്ള ഹരിതകർമ്മ സേനയുടെ പ്രവർത്തനം പിലിക്കോടിനെ ശുചിത്വപൂർണ്ണമാക്കുന്നു. ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിച്ചാണ് സേന മാലിന്യ ശേഖരണം നടത്തുന്നത് എന്നത് കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള പഞ്ചായത്തിന്റെ ദൃഢനിശ്ചയം വ്യക്തമാക്കുന്നു.

ജൈവവൈവിധ്യവും ജലസംരക്ഷണവും പിലിക്കോടിന്റെ ഹരിത അജണ്ടയിലെ പ്രധാന

ഭാഗങ്ങളാണ്. 'പൈതൃകം നാട്ടുമാവ്', 'പേരഗ്രാമം' എന്നീ പദ്ധതികളിലൂടെ പഞ്ചായത്തിലുട നീളം വ്യാപകമായ വൃക്ഷവൽക്കരണം നടത്തിക്കഴിഞ്ഞു. 37 ഇനം നാടൻ നെൽവിത്തുകളുടെ സംരക്ഷണം ലക്ഷ്യമിട്ടുള്ള 'വിത്ത് ഗ്രാമം' പദ്ധതിയും, 300 വീടുകളിൽ നടപ്പിലാക്കിയ കിണർ റീചാർജ്ജിംഗും ഗ്രാമത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കാൻ സഹായിച്ചു. പഞ്ചായത്ത് പ്ലാൻ ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വിഹിതം, സി.എസ്.ആർ (CSR) ഫണ്ട് എന്നിവ സംയോജിപ്പിച്ചാണ് ഈ പ്രവർത്തനങ്ങൾക്കായുള്ള തുക കണ്ടെത്തുന്നത്. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ അനർട്ട് (ANERT), ഇ.എം.സി (EMC) തുടങ്ങിയ ഏജൻസികളുടെ സാങ്കേതിക പിന്തുണയോടെ പിലിക്കോട് നടത്തുന്ന ഈ ഹരിതയാത്ര, കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ ഓരോ ഗ്രാമത്തിനും എങ്ങനെ സാധിക്കുമെന്നതിന്റെ ഉത്തമ സാക്ഷ്യമാണ്.

## 6.52. അഹല്യ കാമ്പസ്: ഹരിത ക്യാമ്പസുകൾക്കൊരു മാതൃക

പാലക്കാട്ടെ മഴനിഴൽ പ്രദേശത്ത്, ജലക്ഷാമം രൂക്ഷമായ കഞ്ചിക്കോട് മേഖലയിലാണ് അഹല്യ ഹെൽത്ത് ഹെറിറ്റേജ് ആൻഡ് നോളജ് വില്ലേജ് സ്ഥിതി ചെയ്യുന്നത്. രണ്ട് പതിറ്റാണ്ട് മുമ്പ് വെറും പാറക്കെട്ടുകളും വരണ്ട ഭൂമിയുമായിരുന്ന ഈ പ്രദേശം ഇന്ന് കേരളത്തിലെ ഏറ്റവും വലിയ എഡ്യൂ-ഹെൽത്ത് കാമ്പസായി മാറിയത് കൃത്യമായ ആസൂത്രണത്തിലൂടെയും പരിസ്ഥിതി സൗഹൃദ നിലപാടുകളിലൂടെയുമാണ്.

ജലസംരക്ഷണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഇവിടെ നടപ്പിലാക്കിയിരിക്കുന്നത്. കാമ്പസിനുള്ളിലെ 15 കൃത്രിമ തടാകങ്ങളിലായി ഏകദേശം 330 ദശലക്ഷം ലിറ്റർ മഴവെള്ളം സംഭരിക്കാനുള്ള ശേഷിയുണ്ട്. കെട്ടിടങ്ങളിൽ നിന്നും റോഡുകളിൽ നിന്നും ഒഴുകുന്ന വെള്ളം ശാസ്ത്രീയമായി ഈ തടാകങ്ങളിലെത്തിക്കുന്നത് വഴി കാമ്പസിലെ ജലലഭ്യത ഉറപ്പാക്കുന്നതിനൊപ്പം പ്രദേശത്തെ ഭൂഗർഭ ജലവിതാനം ഉയർത്താനും സാധിക്കുന്നു.

ഊർജ്ജ സ്വയംപര്യാപ്തതയുടെ കാര്യത്തിലും അഹല്യ മാതൃകയാണ്. സ്വകാര്യ മേഖലയിലെ കേരളത്തിലെ ആദ്യത്തെ വലിയ കാറ്റാടിപ്പാടം ഇവിടെയാണുള്ളത്. 8.4 മെഗാവാട്ട് ശേഷിയുള്ള വിൻഡ് എനർജി പ്ലാന്റും, ഒരു മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റും വഴി ഗ്രിഡിലേക്ക് വലിയ തോതിൽ വൈദ്യുതി നൽകാൻ ഇവർക്ക് കഴിയുന്നു. കൂടാതെ, ഇലക്ട്രിക് വാഹനങ്ങൾക്കായി അത്യാധുനിക ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും ഇവിടെ ഒരുക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിനായി ഒൻപതോളം മലിനജല ശുദ്ധീകരണ പ്ലാന്റുകളും ബയോമെഡിക്കൽ വേസ്റ്റ് സംസ്കരിക്കാൻ ഇൻസിനറേറ്ററുകളും കാമ്പസിൽ പ്രവർത്തിക്കുന്നു.

പരിസ്ഥിതി സൗഹൃദമായ ഈ വികസന മാതൃകയിൽ കൃഷിക്കും വലിയ പ്രാധാന്യമാണ് നൽകുന്നത്. നെല്ല്, പച്ചക്കറികൾ എന്നിവയ്ക്ക് പുറമെ അയ്യായിരത്തിലധികം ഔഷധസസ്യങ്ങളും ഇവിടെ വളർത്തുന്നുണ്ട്. പട്ടുനൂൽ പുഴു വളർത്തൽ, മത്സ്യകൃഷി, മൃഗസംരക്ഷണ ഫാമുകൾ എന്നിവയും ഈ ഹരിത കാമ്പസിന്റെ ഭാഗമാണ്. പ്രകൃതിയെ നോവിക്കാതെ എങ്ങനെ ഒരു ബൃഹത്തായ സുസ്ഥിര നോളജ് വില്ലേജ് കെട്ടിപ്പടുക്കാം എന്നതിന് അഹല്യ കാമ്പസ് ഇന്ന് ലോകത്തിന് തന്നെ മികച്ചൊരു ഉദാഹരണമാണ്.

# 6.53. മേലാങ്കോട്ട് ഗവ. യു.പി. സ്കൂൾ: നെറ്റ് സീറോ കാർബൺ മാതൃക

കാഞ്ഞങ്ങാട് നഗരസഭയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിലൊന്നായ എ.സി. കണ്ണൻ നായർ സ്മാരക ഗവ. യു.പി. സ്കൂൾ, മേലാങ്കോട്ട്, പാഠ്യപദ്ധതിക്കൊപ്പം പരിസ്ഥിതി സംരക്ഷണത്തിലും സമാനതകളില്ലാത്ത മാതൃകയാണ് സൃഷ്ടിക്കുന്നത്. വിദ്യാലയത്തെ ഒരു ഹരിത കാമ്പസാക്കി മാറ്റുന്നതിനൊപ്പം അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്ന കാർബണിന്റെ അളവ് പൂജ്യമാക്കുക എന്ന 'നെറ്റ് സീറോ കാർബൺ' പദവിയിലേക്കാണ് ഈ വിദ്യാലയം നടന്നടുക്കുന്നത്. മാലിന്യ സംസ്കരണം, ഊർജ്ജ സ്വയംപര്യാപ്തത, ജലസംരക്ഷണം, ജൈവവൈവിധ്യം എന്നീ മേഖലകളെ കോർത്തിണക്കി അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തെ വേറിട്ടു നിർത്തുന്നു.

ഊർജ്ജ സംരക്ഷണത്തിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഈ സ്കൂൾ കാഴ്ചവെച്ചിട്ടുള്ളത്. എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) സഹായത്തോടെ നടത്തിയ എനർജി ഓഡിറ്റിന് ശേഷം സ്കൂളിലെ മുഴുവൻ ഫാനുകളും ബൾബുകളും ഊർജ്ജക്ഷമതയുള്ളവയാക്കി മാറ്റി. കാഞ്ഞങ്ങാട് എം.എൽ.എയുടെ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച 20 KV പുരപ്പുറ സോളാർ പ്ലാന്റ് വഴി സ്കൂളിനാവശ്യമായ മുഴുവൻ വൈദ്യുതിയും ഇന്ന് സ്വന്തമായി ഉത്പാദിപ്പിക്കുന്നു. ഈ സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന അത്യാധുനിക 'സ്മാർട്ട് കിച്ചൺ' (സ്റ്റീം കുക്കിംഗ്) വഴി പാചകവാതകത്തിന്റെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി അന്തരീക്ഷ മലിനീകരണം കുറയ്ക്കാൻ സാധിച്ചു.

ഓരോ ക്ലാസ് മുറികളിലും പ്ലാസ്റ്റിക്, കടലാസ് മാലിന്യങ്ങൾ വേർതിരിക്കാൻ പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉപയോഗം കഴിഞ്ഞ പേനകൾ ശേഖരിക്കാൻ 'പെൻ ഫ്രണ്ട്' ബോക്സുകൾ സ്ഥാപിച്ചതും ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ റിംഗ് കമ്പോസ്റ്റുകൾ ഉപയോഗിക്കുന്നതും മാലിന്യ സംസ്കരണത്തിൽ കുട്ടികൾക്ക് പ്രായോഗിക പാഠങ്ങൾ നൽകുന്നു. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഒരുക്കിയ ആധുനിക ടോയ്‌ലറ്റ് സമുച്ചയവും പ്രീ-പ്രൈമറി കുട്ടികൾക്കായുള്ള ചൈൽഡ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകളും വിദ്യാലയത്തിലെ ശുചിത്വ നിലവാരം ഉയർത്തുന്നു. മലിനജല സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) സ്ഥാപിക്കാനുള്ള നടപടികൾ നഗരസഭയുടെ സഹായത്തോടെ പുരോഗമിക്കുകയാണ്.

ഫെബ്രുവരി മുതൽ ജലക്ഷാമം നേരിടുന്ന പ്രദേശം എന്ന നിലയിൽ, മഴവെള്ള സംഭരണവും കിണർ റീചാർജിംഗും വഴി ജലസുരക്ഷ ഉറപ്പാക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണിയും ഗ്രൗണ്ട് വാട്ടർ റീചാർജിംഗ് സംവിധാനവും ജലലഭ്യത ഉറപ്പുവരുത്തുന്നു. 30 സെന്റിലായി വ്യാപിച്ചുകിടക്കുന്ന 180-ൽ പരം മരങ്ങളുള്ള പച്ചത്തുരുത്തും, ഔഷധ സസ്യത്തോട്ടവും സ്കൂളിന്റെ ശ്വാസകോശമായി വർത്തിക്കുന്നു. കുട്ടികളുടെ ജന്മദിനങ്ങളിൽ പുസ്തകങ്ങൾക്കൊപ്പം ചെടിച്ചട്ടികൾ കൂടി സമ്മാനമായി നൽകുന്ന രീതിയും ഇവിടെ നിലവിലുണ്ട്.

വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഒരുപോലെ പരിസ്ഥിതി അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. 2026-ഓടെ വാഹന വിനിയോഗം

ഇലക്ട്രിക് അല്ലെങ്കിൽ ഹൈബ്രിഡ് ആക്കി മാറ്റിയും, ജല ഉപഭോഗം പകുതിയായി കുറച്ചും സമ്പൂർണ്ണ നെറ്റ് സീറോ വിദ്യാലയ പദവി കൈവരിക്കാനുള്ള വലിയൊരു ലക്ഷ്യത്തിലാണ് ഈ വിദ്യാലയം ഇന്ന്.

## 6.54. മരിയൻ എഞ്ചിനീയറിംഗ് കോളേജ്: ഹരിത ക്യാമ്പസിൽ നിന്ന് നെറ്റ് സീറോ ക്യാമ്പസിലേക്ക്

ഭാവിയിലെ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനൊപ്പം പ്രകൃതിസംരക്ഷണത്തിലും തങ്ങളുടെ ഉത്തരവാദിത്തം അടയാളപ്പെടുത്തുകയാണ് മരിയൻ എഞ്ചിനീയറിംഗ് കോളേജ്. 2023-ലെ പരിസ്ഥിതി ദിനാചരണത്തിന്റെ തുടർച്ചയായി ആരംഭിച്ച ചിന്തകൾ ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെ ഒരു ബൃഹത്തായ പദ്ധതിയായി പരിണമിച്ചു. കാമ്പസ്സിൽ നിന്നുള്ള കാർബൺ എമിഷൻ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ പ്രവർത്തനങ്ങൾ ഇന്ന് കോളേജിന്റെ സംസ്കാരത്തിന്റെ തന്നെ ഭാഗമായി മാറിയിരിക്കുന്നു. മാനേജ്മെന്റിന്റെ പൂർണ്ണ പിന്തുണയോടെ ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി, എൻ.എസ്.എസ് യൂണിറ്റ്, ഭൂമിത്ര സേന എന്നിവ സംയുക്തമായാണ് ഈ ഹരിതദൗത്യത്തിന് നേതൃത്വം നൽകുന്നത്.

കാമ്പസ്സിലെ ഊർജ്ജ ആവശ്യങ്ങൾക്കായി സോളാർ പാനലുകൾ സ്ഥാപിച്ചതും 20 സെന്റ് സ്ഥലത്ത് നിർമ്മിച്ച മിയാവാക്കി വനവും നെറ്റ് സീറോ ലക്ഷ്യത്തിലേക്കുള്ള പ്രധാന ചുവടുവെപ്പുകളാണ്. നിലവിൽ 150 കെ.വി സോളാർ പ്ലാന്റ് കാമ്പസ്സിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പുതിയതായി നിർമ്മിക്കുന്ന ജൂബിലി ബിൽഡിംഗ് പൂർണ്ണമായും ഹരിത കെട്ടിട (Green Building) സങ്കല്പത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കാർബൺ ആഗിരണം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയും ഊർജ്ജക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങളിലേക്ക് മാറുകയും ചെയ്തതിലൂടെ ഊർജ്ജ ഉപഭോഗത്തിൽ വലിയ ലാഭമുണ്ടാക്കാൻ കോളേജിന് സാധിച്ചു.

ആദ്യഘട്ടത്തിൽ കാന്റീനിലും ഹോസ്റ്റലുകളിലും നിലനിന്നിരുന്ന മാലിന്യ പ്രശ്നങ്ങൾക്ക് ഹരിതകേരളം മിഷന്റെ നിർദ്ദേശപ്രകാരം ശാസ്ത്രീയ പരിഹാരം കണ്ടെത്തി.

- ബയോഗ്യാസ് പ്ലാന്റ്: ലേഡീസ് ഹോസ്റ്റലിലെ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റ് വഴി ജൈവമാലിന്യങ്ങൾ പാചകവാതകമാക്കി മാറ്റുന്നു. പ്രവർത്തനരഹിതമായിരുന്ന മറ്റ് പ്ലാന്റുകൾ നവീകരിച്ചു.
- ഉറവിട വേർതിരിവ്: കാന്റീനിലും കഫെറ്റേറിയയിലും മാലിന്യങ്ങൾ തരംതിരിക്കാൻ പ്രത്യേക ബിന്നുകൾ സ്ഥാപിച്ചു. പ്ലാസ്റ്റിക് റാപ്പറുകളും അലുമിനിയം ഫോയിലുകളും കാമ്പസ്സിൽ നിരോധിച്ചു.
- ജലാശയ സംരക്ഷണം: മുൻപ് മാലിന്യങ്ങൾ നിക്ഷേപിച്ചിരുന്ന കാന്റീന് പിന്നിലെ കുളം നവീകരിച്ച് മനോഹരമാക്കി. ഇ-മാലിന്യങ്ങളും മറ്റ് അപകടകരമായ മാലിന്യങ്ങളും തരംതിരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നു.

2024 ഫെബ്രുവരി ഒന്നിന് മരിയൻ എഞ്ചിനീയറിംഗ് കോളേജിന് 'ഗ്രീൻ കാമ്പസ് സർട്ടിഫിക്കറ്റ് ലഭിച്ചു. കേവലം അടിസ്ഥാന സൗകര്യ വികസനത്തിന് അപ്പുറം വിദ്യാർത്ഥികളുടെയും അധ്യാ

പകരുടെയും മനോഭാവത്തിൽ വന്ന മാറ്റമാണ് ഏറ്റവും വലിയ നേട്ടം. അടുത്ത വർഷത്തോടെ 'നെറ്റ് സീറോ കാർബൺ സർട്ടിഫിക്കേഷൻ' കൈവരിക്കാനായി ഊർജ്ജ ഓഡിറ്റ്, ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷൻ, മരങ്ങളുടെ കാർബൺ സീക്വസ്ട്രേഷൻ (Carbon Sequestration) കണക്കാക്കൽ തുടങ്ങിയ വിപുലമായ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള ആഗോള പോരാട്ടത്തിൽ ഈ കാമ്പസ്സും അവിടുത്തെ വിദ്യാർത്ഥികളും ഇന്ന് മുൻനിരയിലുണ്ട്.

## 6.55. സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്: നെറ്റ് സീറോ കാർബൺ പ്രവർത്തന മാതൃക

മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സാഫി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, ഹരിതകേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിന് കരുത്തുപകരുന്ന മികച്ച ഹരിത കലാലയമാണ്. 70 ഏക്കറോളം വരുന്ന വിശാലമായ ക്യാമ്പസിൽ വെറും മൂന്ന് ഏക്കറിൽ മാത്രം കെട്ടിടങ്ങൾ പരിമിതപ്പെടുത്തി, ബാക്കി പ്രദേശം 20,000-ത്തോളം മരങ്ങളാൽ സമ്പന്നമാക്കി പ്രകൃതിയോടിണങ്ങിയ വികസനമാണ് ഈ സ്ഥാപനം നടപ്പിലാക്കുന്നത്. ചാലിയാർ പുഴയുടെ സാമീപ്യമുള്ള കുന്നിൻമുകളിൽ ഭൂമിയുടെ സ്വാഭാവിക ഘടന നിലനിർത്തിക്കൊണ്ടുള്ള നിർമ്മാണരീതി പരിസ്ഥിതി സൗഹൃദ വികസനത്തിന്റെ ഉത്തമ ഉദാഹരണമാണ്.

ഊർജ്ജ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് സ്ഥാപിച്ച 50 KWA സോളാർ പവർ പ്ലാന്റ്, സോളാർ സ്ട്രീറ്റ് ലൈറ്റുകൾ, ബി.എൽ.ഡി.സി (BLDC) ഫാനുകൾ എന്നിവ ക്യാമ്പസിലെ കാർബൺ എമിഷൻ ഗണ്യമായി കുറയ്ക്കാൻ സഹായിക്കുന്നു. മാലിന്യ സംസ്കരണത്തിനായി മൂന്ന് ബയോ ഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റിംഗ്, ഇ-വേസ്റ്റ് മാനേജ്മെന്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ, മൂന്ന് ഫീകൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (FSTP) വഴി ദ്രവമാലിന്യം ശുദ്ധീകരിച്ച് കൃഷിക്കും കെട്ടിട നിർമ്മാണത്തിനും പുനരുപയോഗിക്കുന്നു. പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിച്ച ക്യാമ്പസിൽ സ്റ്റീൽ, ഗ്ലാസ് പാത്രങ്ങൾ മാത്രമാണ് ഉപയോഗിക്കുന്നത്. ജലസംരക്ഷണത്തിനായി മഴവെള്ള സംഭരണികളും കിണർ റീചാർജിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തി സുസ്ഥിര ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി നക്ഷത്രവനവും ഫലത്തോട്ടങ്ങളും ഒരുക്കിയതിനൊപ്പം ടിഷ്യു കൾച്ചർ സാങ്കേതികവിദ്യയിലൂടെ രോഗമുക്തമായ വാഴത്തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്ന 'കൃഷി പാഠശാല' എന്ന പദ്ധതി ഏറെ ശ്രദ്ധേയമാണ്. എൻ.എസ്.എസ്, എൻ.സി.സി, നേച്ചർ ക്ലബ് എന്നിവയുടെ നേതൃത്വത്തിൽ നടക്കുന്ന നദി ശുചീകരണവും ബോധവൽക്കരണ പരിപാടികളും വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം വളർത്തുന്നു. കൃത്യമായ ഇടവേളകളിൽ ഗ്രീൻ ഓഡിറ്റും എനർജി ഓഡിറ്റും നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സാഫി ഇൻസ്റ്റിറ്റ്യൂട്ട്, വരും വർഷങ്ങളിൽ സോളാർ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കാനും ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുമുള്ള തയ്യാറെടുപ്പിലാണ്. നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തിലേക്ക് നടന്നടുക്കുന്ന സാഫി ഇൻസ്റ്റിറ്റ്യൂട്ട് സുസ്ഥിര വികസനത്തിൽ കേരളത്തിന് തന്നെ ഒരു മാതൃകയാണ്.

## 6.56. ഹരിത ക്യാമ്പസ്: തിരുവല്ല മാർ അത്തനാസിയോസ് കോളേജിന്റെ മാതൃകാ പ്രവർത്തനങ്ങൾ

തിരുവല്ലയിലെ മാർ അത്തനാസിയോസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് (MACFAST), ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എങ്ങനെ ഒരു മികച്ച പരിസ്ഥിതി മാതൃകയാകാം എന്ന് തെളിയിച്ചിരിക്കുകയാണ്. സുസ്ഥിര വികസനവും പ്രകൃതി സംരക്ഷണവും മുൻനിർത്തി കലാലയം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ഇന്ന് സംസ്ഥാനത്തിന് തന്നെ മാതൃകയാണ്. 2011-ൽ 30KW സോളാർ പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് കേരളത്തിലെ ആദ്യ സോളാർ ചാലിത ക്യാമ്പസായി മാറിയ ഈ സ്ഥാപനം, നിലവിൽ 130KW ശേഷിയുള്ള പ്ലാന്റിലൂടെ ഊർജ്ജ സ്വയംപര്യാപ്തതയിലേക്കുള്ള പ്രയാണത്തിലാണ്.

ഊർജ്ജ സംരക്ഷണത്തോടൊപ്പം തന്നെ മാലിന്യ സംസ്കരണത്തിലും ശാസ്ത്രീയമായ സമീപനമാണ് കോളേജ് സ്വീകരിച്ചിരിക്കുന്നത്. ജൈവമാലിന്യങ്ങളിൽ നിന്ന് ഇന്ധനം ഉൽപ്പാദിപ്പിക്കാനായി രണ്ട് ബയോഗ്യാസ് പ്ലാന്റുകളും, മലിനജലം ശുദ്ധീകരിച്ച് തോട്ടം പരിപാലനത്തിനായി പുനരുപയോഗിക്കാനായി ആധുനികമായ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും (STP) ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണത്തിനായി അന്തർബന്ധിത കുളങ്ങളും കിണറുകളും നിർമ്മിച്ച് ജലലഭ്യത ഉറപ്പാക്കുന്നതോടൊപ്പം, ഓരോ ഉറവിടത്തിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും കോളേജിലുണ്ട്. ഇന്ധനരഹിത ഇൻസിനറേറ്റർ വഴി ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതും ഇ-വേസ്റ്റ് കൈകാര്യം ചെയ്യാൻ പ്രത്യേക ഏജൻസികളുമായി സഹകരിക്കുന്നതും പദ്ധതിയുടെ ഗൗരവം വർദ്ധിപ്പിക്കുന്നു.

ക്യാമ്പസിനുള്ളിലെ വാഹന നിയന്ത്രണം, പ്ലാസ്റ്റിക് നിരോധനം എന്നിവയിലൂടെ മലിനീകരണ രഹിത അന്തരീക്ഷം ഉറപ്പാക്കുന്നതിനൊപ്പം വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ഓർഗാനിക് പച്ചക്കറി കൃഷിയും ഇവിടെ സജീവമാണ്. 37-ൽ അധികം ഓർക്കിഡ് സ്പീഷിസുകളുള്ള ഓർക്കിഡേറിയം, ആയുഷ് മന്ത്രാലയത്തിന്റെ സഹായത്തോടെ സ്ഥാപിച്ച ഔഷധോദ്യാനം എന്നിവ പഠനഗവേഷണ മേഖലകൾക്ക് വലിയ മുതൽക്കൂട്ടായി മാറിയിരിക്കുന്നു. കൂടാതെ, തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിലെ ലാൻഡ്സ്കേപ്പിംഗ് പരിപാലിക്കുന്നതും, റേഡിയോ മാക്ഫാസ്റ്റ് 90.4FM വഴി കൃഷി-പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതും കോളേജിന്റെ സാമൂഹിക പ്രതിബദ്ധതയുടെ അടയാളങ്ങളാണ്. എല്ലാ വ്യാഴാഴ്ചകളിലും 'ഹരിത മണിക്കൂർ' ആചരിക്കുന്നതിലൂടെ പരിസ്ഥിതി പ്രവർത്തനങ്ങളെ പഠനത്തിന്റെ ഭാഗമാക്കാൻ ഇവർക്ക് സാധിച്ചു. നെറ്റ് സീറോ കാർബൺ പദവിയിലേക്ക് നീങ്ങുന്ന മാക്ഫാസ്റ്റ്, 2023-ൽ ജില്ലയിലെ ആദ്യ ഹരിത ക്യാമ്പസ് അവാർഡ് കരസ്ഥമാക്കിയതിലൂടെ സുസ്ഥിര വികസനത്തിന്റെ പുതിയൊരു വഴിത്താരയാണ് സമൂഹത്തിന് വെട്ടിത്തുറന്നത്.



7

# വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ

കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണവും സുസ്ഥിര വികസനവും ലക്ഷ്യമാക്കി 2016 ൽ ആരംഭിച്ച ഹരിതകേരളം മിഷൻ ഇതിനകം സംസ്ഥാനത്തെ ശ്രദ്ധേയമായ ജനപങ്കാളിത്ത പ്രസ്ഥാനങ്ങളിൽ ഒന്നായി വളർന്നു. ശുചിത്വം, മാലിന്യ സംസ്കരണം, ജലസുരക്ഷ, കൃഷി വ്യാപനം, ജൈവവൈവിധ്യ സംരക്ഷണം, പരിസ്ഥിതി പുനസ്ഥാപനം, നെറ്റ്സീറോ കാർബൺ എമിഷൻ തുടങ്ങിയ മേഖലകളിൽ ശക്തമായ ഇടപെടലുകൾ നടത്തിയതിനോടൊപ്പം അവയെ കുറിച്ചുള്ള വിവര വിജ്ഞാന വിനിമയം (Information Education Communication - IEC) പ്രാധാന്യമാർന്ന ഘടകമായി മിഷൻ മുന്നോട്ടു കൊണ്ടു പോയി. ജനങ്ങളെ ബോധവൽക്കരിക്കാതെ, അവരെ പങ്കാളികളാക്കാതെ ഒരു പരിസ്ഥിതി പ്രസ്ഥാനം വിജയകരമാകില്ല എന്ന ബോധ്യമാണ് ഹരിതകേരളം മിഷന്റെ വിവര വിനിമയ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനം.

അറിവ് (Knowledge), ബോധ്യം (Conviction), പ്രവൃത്തി

(Action) , സ്ഥിരത (Sustainability) എന്നീ നാല് ഘടകങ്ങളെ ഫലപ്രദമായി ഏകോപിപ്പിച്ചാണ് ഹരിതകേരളം മിഷനിൽ പ്രധാനമായും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിയത്. മിഷന്റെ ക്യാമ്പയിനെക്കുറിച്ചോ, പദ്ധതിയെക്കുറിച്ചോ, വ്യക്തമായ അറിവ് പകർന്നു നൽകുകയാണാദ്യം ചെയ്യുക. അതിനായി സാമൂഹ്യ മാധ്യമങ്ങൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ മാർഗങ്ങൾ ഉപയോഗിക്കും. തുടർന്ന് പദ്ധതി/ക്യാമ്പയിൻ നടപ്പാക്കേണ്ട രീതിശാസ്ത്രത്തെ കുറിച്ച് വ്യക്തമായി ബോധ്യപ്പെടുത്താൻ സെമിനാറുകളോ ക്ലാസ്സുകളോ ശില്പശാലകളോ സംഘടിപ്പിക്കും. അടുത്തഘട്ടം പ്രവൃത്തിയിലേക്കുകടക്കുകയാണ്. കർമ്മ പഥങ്ങൾക്ക് അനുയോജ്യമായ മാർഗം അതിനായി തിരഞ്ഞെടുക്കും. ശുചീകരണയജ്ഞങ്ങൾ, ഹരിതകർമ്മസേന നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ, ജലസ്രോതസ്സുകൾ വീണ്ടെടുക്കൽ, തൈകൾ നട്ടുപിടിപ്പിക്കൽ, ഹരിതചട്ടപാലനം തുടങ്ങിയവ ഉദാഹരണം. ഒടുവിൽ സ്ഥിരതയാണ് ലക്ഷ്യമാക്കുന്നത്. അതായത് കൈവരിച്ച നേട്ടങ്ങൾ സ്ഥായിയായി നിലനിർത്താനുള്ള തീവ്രശ്രമമാണ്. ശുചിയാക്കിയ പുഴ വീണ്ടും മലിനമാകാതിരിക്കാൻ ജനകീയ കർമ്മസമിതി രൂപീകരിക്കുക, ഹരിതചട്ടപാലനത്തിലൂടെ സൃഷ്ടിക്കപ്പെട്ട മാറ്റം സ്ഥായിയായി നിലനിർത്തുക, നേട്ടം കൈവരിച്ചവർക്ക് പുരസ്കാരം നൽകുക തുടങ്ങിയവ ഉദാഹരണമായി ചൂണ്ടിക്കാട്ടാം.

## 7.1. ബോധവൽക്കരണ ക്യാമ്പയിനുകൾ

ഹരിതകേരളം മിഷന്റെ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ബോധവൽക്കരണ ക്യാമ്പയിനുകൾ ആയിരുന്നു. മാലിന്യ സംസ്കരണം, ഗ്രീൻ പ്രോട്ടോക്കോൾ അഥവാ ഹരിതചട്ടപാലനം, ബദൽ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന വസ്തുക്കൾ ഒഴിവാക്കാനുള്ള പ്രചാരണം, ഹരിതനിയമങ്ങൾ, മാലിന്യങ്ങൾ വലിച്ചെറിയാതെയും കത്തിക്കാതെയുമുള്ള ശാസ്ത്രീയ സംസ്കരണം, ഉറവിട ജൈവമാലിന്യങ്ങളുടെ സംസ്കരണം. പുഴ പുനരുജ്ജീവനം, നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ്, മഴവെള്ള സംഭരണം, കിണർ റീചാർജിംഗ്, ഹരിതകർമ്മസേനയുടെ പ്രവർത്തനം, പ്രളയ കാലത്തും കോവിഡ് കാലത്തുമുള്ള പ്രവർത്തനം, ജല ഗുണനിലവാര പരിശോധന, പച്ചത്തുരുത്ത് പദ്ധതി, കുട്ടികളിൽ ആരോഗ്യ ശീലങ്ങൾ വളർത്താൻ ലക്ഷ്യമിട്ട് ജാഗ്രതോത്സവം, ഹരിത ടൂറിസം, ഹരിത ക്യാമ്പസുകൾ, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, നെറ്റ് സീറോ കാർബൺ കേരളം, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, മാപത്തോൺ, ജലബജറ്റ്, ക്വാറിജലം കൃഷിയിടങ്ങളിലേക്ക്, തെങ്ങിനു തടം മണ്ണിനു ജലം, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ, ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ, കിണറുകളിൽ ക്ലോറിനേഷൻ തുടങ്ങിയ പദ്ധതികൾക്കെല്ലാം വിപുലമായ ബോധവൽക്കരണ ക്യാമ്പയിനുകൾ സംഘടിപ്പിച്ചു. ഗ്രാമസഭകൾ, വാർഡ് യോഗങ്ങൾ, സ്കൂൾ കോളേജ് പരിപാടികൾ എന്നിവ വഴി നേരിട്ടുള്ള ആശയവിനിമയം നടന്നു. പരിസ്ഥിതി ദിനം, ജലദിനം, കാർഷിക ദിനം തുടങ്ങിയ ദിനാചരണങ്ങൾ ജനപങ്കാളിത്തത്തോടെ സംഘടിപ്പിച്ചു. പദ്ധതികളെയും ക്യാമ്പയിനുകളെയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും അവരുടെ ശീലങ്ങളിൽ മാറ്റം വരുത്തുകയും ചെയ്യുക എന്ന ലക്ഷ്യം ഇത്തരം പ്രവർത്തനങ്ങൾക്കുണ്ടായിരുന്നു.

മാലിന്യ സംസ്കരണം കേവലം ഒരു സാങ്കേതിക പ്രക്രിയയല്ല മറിച്ച് അതൊരു സംസ്കാരമാണെന്ന് ബോധ്യപ്പെടുത്താനാണ് മിഷൻ ശ്രമിച്ചത്. മാലിന്യ സംസ്കരണത്തിൽ ഏറ്റവും വലിയ വിപ്ലവം സൃഷ്ടിച്ചത് ഹരിത കർമ്മ സേനയുടെ രൂപീകരണമാണ്. വീടുകളിൽ നിന്നും സ്ഥാപന

ങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും അത് തരംതിരിക്കുന്നതിനുമായി കുടുംബശ്രീ അംഗങ്ങളെ പരിശീലിപ്പിച്ചു. വീടുകളിൽ തന്നെ മാലിന്യം തരം തിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കുടുംബശ്രീ വഴി വിപുലമായ പ്രചാരണം നൽകി. ഹരിതകർമ്മസേനയുടെ സേവനത്തിന് പ്രതിഫലം നൽകേണ്ടത് പൗരന്റെ കടമയാണെന്ന ചിന്ത വളർത്താൻ ലഘുലേഖകൾ പ്രചരിപ്പിച്ചു, ഗൃഹസന്ദർശനങ്ങൾ നടത്തി.

ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവാഹങ്ങൾ, പൊതു പരിപാടികൾ എന്നിവയിൽ ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ളവ ഒഴിവാക്കാനായി വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ബദൽ നിർദ്ദേശമായി ഹരിതചട്ടം മുന്നോട്ടുവച്ചു. പ്രകൃതി സൗഹൃദ അലങ്കാരങ്ങൾ പ്രോത്സാഹിപ്പിക്കാൻ സാമൂഹ്യ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രത്യേക ക്യാമ്പയിനുകൾ നടത്തി. പൊതു ചടങ്ങുകളിൽ ഡിസ്പോസബിൾ വസ്തുക്കൾ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാൻ ഗ്രീൻ പ്രോട്ടോക്കോൾ ക്യാമ്പയിൻ സഹായിച്ചു.

ഭാവിതലമുറയെ ബോധവൽക്കരിക്കാൻ പ്രത്യേക ശ്രദ്ധ നൽകി. കലാലയങ്ങളും വിദ്യാലയങ്ങളും ഹരിത പദവിയിലെത്തിക്കാനും വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കാനും തുണി സഞ്ചി ഉപയോഗം പ്രോത്സാഹിപ്പിക്കാനും പദ്ധതികൾ നടപ്പിലാക്കി.

കേരളത്തിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ നിരോധനം കേവലം നിയമപരമായ ഒരു ഉത്തരവിലൊതുങ്ങാതെ, ഒരു ജനകീയ മുന്നേറ്റമായി മാറിയത് ഹരിതകേരളം മിഷന്റെ കൃത്യമായ ഇടപെടലുകൾ മൂലമാണ്. "മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" ക്യാമ്പയിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെക്കുറിച്ച് താഴെത്തട്ടിൽ ബോധവൽക്കരണം നടത്തി, ലഘുലേഖകൾ പോസ്റ്ററുകൾ എന്നിവ വഴി പ്ലാസ്റ്റിക് കത്തുമ്പോഴുണ്ടാകുന്ന മാരകമായ വാതകങ്ങളെ കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തി. പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കു പകരം തുണി സഞ്ചികൾ ഉപയോഗിക്കാൻ കുടുംബശ്രീ വഴി നിർമാണവും വിതരണവും നടത്തി.

വേനൽക്കാലത്ത് ജലക്ഷാമം പരിഹരിക്കാൻ മഴവെള്ളം മണ്ണിലേക്ക് താഴ്ത്തേണ്ടതിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കാൻ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവ നിർമ്മിച്ച് പ്രചരിപ്പിച്ചു. മഴവെള്ളം മണ്ണിലേയ്ക്ക് എന്ന സന്ദേശത്തിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾ വഴി ലക്ഷക്കണക്കിന് മഴക്കുഴികൾ നിർമ്മിച്ചു. ഇത് മണ്ണിലെ ജലനിരപ്പ് ഉയർത്താൻ സഹായിക്കുമെന്ന് ശാസ്ത്രീയമായി വിശദീകരിക്കുന്ന ക്ലാസുകൾ സംഘടിപ്പിച്ചു. ജനകീയ പങ്കാളിത്തത്തോടെ തോടുകളും പുഴകളും വീണ്ടെടുക്കാൻ പ്രാദേശികതലത്തിൽ പുഴ നടത്തങ്ങൾ സംഘടിപ്പിച്ചു. ഇത് ജനങ്ങളിൽ തങ്ങളുടെ പ്രദേശത്തെ ജലസ്രോതസ്സുകളെ കുറിച്ച് അവബോധമുണ്ടാക്കി. പരിസ്ഥിതി പ്രവർത്തകരെയും വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് പുഴകളുടെ ഉത്ഭവം മുതൽ അവസാനം വരെ സഞ്ചരിച്ച് അവിടുത്തെ മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തുകയും അത് ജനശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തു. കേരളത്തിലെ വറ്റി വരണ്ട തോടുകളും പുഴകളും പുനരുജ്ജീവിപ്പിക്കാൻ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച "ഇനി ഞാനൊഴുകട്ടെ" ക്യാമ്പയിൻ ദേശീയ ശ്രദ്ധ നേടി. ഇതോടനുബന്ധിച്ച് നീർച്ചാലുകൾ ശാസ്ത്രീയമായി ഡിജിറ്റൽ മാപിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ സംഘടിപ്പിച്ചു. സാങ്കേതികവിദ്യയും ജനകീയ അറിവും സംയോജിപ്പിച്ചുകൊണ്ട് തോടുകളുടെയും നീർച്ചാലുകളുടെയും വഴി കണ്ടെത്താൻ പ്രാദേശിക കൂട്ടായ്മകൾ രൂപീകരിച്ചു. ഇതിലൂടെ ജലസ്രോതസ്സുകളുടെ പ്രാധാന്യം ജനങ്ങൾക്ക് ബോധ്യ

മായി. ഇതിനുപുറമെ മേൽക്കൂരയിലെ മഴവെള്ളം ഫിൽട്ടർ ചെയ്ത് കിണറുകളിലേക്ക് എത്തിക്കുന്ന രീതി പ്രോത്സാഹിപ്പിക്കാൻ വീഡിയോകളും പോസ്റ്ററുകളും വ്യാപകമായി ഉപയോഗിച്ചു.

വിഷരഹിത പച്ചക്കറി ഉൽപാദനം ലക്ഷ്യമിട്ട് "സുരക്ഷിത ഭക്ഷ്യ ഉത്പാദനം "എന്ന സന്ദേശം ജനങ്ങളിലെത്തിച്ചു. ഇതിലൂടെ ഓരോ വീട്ടിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ വിപുലമായ പ്രചാരണം നൽകി. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുന്നതിലൂടെ പുതിയ തലമുറയിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തി. ഒരു കോടി വൃക്ഷതൈ നട്ടു പിടിപ്പിച്ച "ജനകീയ വൃക്ഷവൽകരണ" ക്യാമ്പയിന് വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി സുഹൃത്തുക്കൾ തമ്മിൽ തൈകൾ കൈമാറുന്ന "ചങ്ങാതിക്കൊരു തൈ " ക്യാമ്പയിനും ശ്രദ്ധ നേടി.

## 7.2. അച്ചടി മാധ്യമവും പ്രസിദ്ധീകരണങ്ങളും

ഹരിതകേരളം മിഷന്റെ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങളിൽ കേരളത്തിലെ പത്ര സ്ഥാപനങ്ങൾ ഏറെ സഹകരിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ മിഷൻ പ്രവർത്തനങ്ങളെ അധികരിച്ചു പത്രക്കുറിപ്പുകൾ ഇറക്കാറുണ്ട്. അത് യഥാവിധി പത്രങ്ങളിൽ അച്ചടിച്ചു വരിക വഴി വിപുലമായ പ്രചാരമാണ് ലഭിച്ചിട്ടുള്ളത്. പത്ര പ്രസിദ്ധീകരണങ്ങളിൽ പരസ്യമായി വരുന്ന ഹരിതകേരളം മിഷന്റെ ബോധവൽക്കരണ സന്ദേശങ്ങളും അറിയിപ്പുകളും IEC പ്രചാരണത്തിൽ മുഖ്യ പങ്കുവഹിച്ചു. ഇതിനു പുറമെ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ ഹരിതകേരളം മിഷൻ 150 ലധികം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ ബോധവൽക്കരണം, പരിശീലനം എന്നിവ ലക്ഷ്യമിട്ടുള്ളവയാണ് പ്രധാനം. കൈപുസ്തകങ്ങൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവയും ഇതിൽ ഉൾപ്പെടുന്നു. പ്രതിമാസ റിപ്പോർട്ടുകൾ വാർഷിക റിപ്പോർട്ടുകൾ എന്നിവയ്ക്കു പുറമേ പഠനഗ്രന്ഥങ്ങളും അവസ്ഥാ പഠന റിപ്പോർട്ടുകളും ഇതിൽ ഉൾപ്പെടുന്നു. ഇവയെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ തുടങ്ങിയവയിലൂടെ പൊതുജനങ്ങളിലെത്തിച്ചു.

## 7.3. ഹരിതകേരളം മിഷൻ - പ്രധാന പ്രസിദ്ധീകരണങ്ങൾ

1. ഹരിതോത്സവം കൈപ്പുസ്തകം - 2017
2. ജലമാണ് ജീവൻ - ഹരിത വീടുകളിലെ ജലസംരക്ഷണം – മാർച്ച് 2017
3. നവകേരളം കർമപദ്ധതി - വികസന മിഷനുകളുടെ മാർഗ്ഗരേഖ ഏപ്രിൽ 2017
4. ഹരിതകേരളം മിഷൻ - ജലസംരക്ഷണ ഉപദൗത്യം പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ – ഒക്ടോബർ 2017
5. ഹരിതകേരളം മിഷൻ വാർഷിക റിപ്പോർട്ട് - 2017
6. പുഴ പുനരുജ്ജീവനം - പ്രവർത്തന രേഖ 2018
7. ഹരിതകേരളം മിഷൻ - കൈപ്പുസ്തകം – ഏപ്രിൽ 2018
8. മീനച്ചിലാർ മീനന്തറയാർ കൊടൂരാർ പുനസംയോജനം – ഒന്നാം വാർഷിക സുവനീർ
9. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കോർഡിനേറ്റർമാർക്കുള്ള കൈപ്പുസ്തകം 2018
10. NAVAKERALAM KARMA PADHATHI Ushering a New Kerala (Hand Book) – 2018

11. ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം - ഹരിത ഓഫീസ് ഗ്രീൻ പ്രോട്ടോക്കോൾ- മാർഗ്ഗരേഖ
12. ഹരിതകേരളം മിഷൻ കൃഷി ഉപമിഷൻ- സുജലം സുഫലം പ്രവർത്തന മാർഗ്ഗരേഖ
13. ഹരിതകേരളം മിഷൻ ജലസമൃദ്ധി ഉപമിഷൻ - 2018 ഒക്ടോബർ
14. നദീ പുനരുജ്ജീവന ശിൽപശാല – 2018 ഒക്ടോബർ 25, 26
15. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കൈപ്പുസ്തകം
16. വാർഷിക റിപ്പോർട്ട് - 2018
17. ലോക്സഭാ തിരഞ്ഞെടുപ്പ് 2019 – ഹരിതചട്ട പാലനം സംശയങ്ങളും മറുപടികളും 2019
18. എല്ലാരും ജലാശയങ്ങളിലേയ്ക്ക് – ഹരിതകേരളം മിഷൻ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങൾ - ഫെബ്രുവരി 2019
19. തെളിനീരിന്റെ വിജയഗാഥ - ജനകീയ ജലസംരക്ഷണ അനുഭവങ്ങൾ - മേയ് 2019
20. പച്ചത്തുരുത്ത് – അതിജീവനത്തിനായി ചെറുവനങ്ങൾ - മേയ് 2019
21. ജലസംരക്ഷണവും പരിപാലനവും – പ്രവർത്തന സഹായി
22. Green protocol – Practice queries & replies – 2019
23. ഹരിതദൃഷ്ടി മൊബൈൽ ആപ്പ് പരിശീലനം കൈപ്പുസ്തകം 2019
24. Green election – Handbook 2019
25. ജനകീയ ജലഗുണനിലവാര പരിശോധന 2019
26. സർക്കാർ ഉത്തരവുകളും സർക്കുലറുകളും 2019
27. ജലസംഗമം 2019 റിപ്പോർട്ട്
28. Now, Let me flow – Report – ജനുവരി 2020
29. ഹരിത നിയമങ്ങൾ- ഹരിതകേരളത്തെ മിലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ട നിയമ നടപടികൾ- തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കുമുള്ള കൈപ്പുസ്തകം - ജൂലൈ 2019
30. സ്കൂൾ ലാബുകൾ പ്രയോജനപ്പെടുത്തി ജല ഗുണനിലവാര പരിശോധന – കൈപ്പുസ്തകം – മേയ് 2020
31. Post flood Pampa river morphology & the ground water scenario of the selected water shed 2020
32. ഹരിതകേരളം മിഷൻ ജില്ലാ റിപ്പോർട്ടുകൾ 2020 - 14 എണ്ണം
33. വായുവും വെള്ളവും മണ്ണും മലിനമാക്കുന്നവർക്കെതിരെ നമുക്ക് കൈകോർക്കാം 2020
34. ഇനി ഞാൻ ഒഴുകട്ടെ – നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - പ്രവർത്തന റിപ്പോർട്ട് രണ്ടാം ഘട്ടം - മേയ് 2020
35. അതിജീവനത്തിന്റെ ആയിരം പച്ചത്തുരുത്തുകൾ - ഒക്ടോബർ 2020
36. ഹരിതകേരളം മിഷൻ വാർഷിക റിപ്പോർട്ട് 2019-2020
37. ഹരിതചട്ടപാലനം സംശയങ്ങളും മറുപടികളും 2021
38. നവകേരളം കർമപദ്ധതി 2- സദ്ഭരണത്തിനായുള്ള ജനകീയ പ്രസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ - പ്രവർത്തന മാർഗ്ഗരേഖ – ഫെബ്രുവരി 2022
39. പച്ചത്തുരുത്ത് അവസ്ഥാ വിശകലന പഠനം - മാർച്ച് 2022 (ഒന്നാം പതിപ്പ്)
40. ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – ഫെബ്രുവരി 2023


ഹരിതായനം
പച്ചത്തുരുത്ത്
നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ
സുജലം സുഫലം-പ്രവർത്തന മാർഗ്ഗരേഖ
ഹരിതോത്സവം
നവകേരളത്തിന്റെ ഹരിത കവാടം
പാഠത്തിനപ്പുറം
ഹരിതനിയമങ്ങൾ
നവകേരളം കർമ്മപദ്ധതി
വാർഷിക റിപ്പോർട്ട് 2019 & 2020
ജില്ലാ പ്രവർത്തന റിപ്പോർട്ട് 2019
വാർഷിക റിപ്പോർട്ട് 2017
വാർഷിക റിപ്പോർട്ട് 2018
ഹരിത ചട്ട പാലനം
ജലബജറ്റ്
ഹരിതമിത്രം
ഹരിതകേരളം മിഷൻ
പരിസ്ഥിതി സ്പർശം
ഹരിതകേരളം പ്രാദേശിക ശുചിത്വ മാതൃകകൾ
പുഴ പുനരുജ്ജീവനം പ്രവർത്തനരേഖ
ഇനി ഞാൻ ഒഴുകട്ടെ
ജല ഗുണനിലവാര പരിശോധന
നവഹരിതം പത്തനംതിട്ട
ഇടുക്കിയുടെ ഹരിതയാത്ര
ഹരിതവഴിയിലൂടെ അനന്തപുരി
കേരള മാതൃക
മലപ്പുറത്തിന്റെ ഹരിത നാൾവഴികൾ
എല്ലാവരും ജലാശയങ്ങളിലേക്ക്
ഹരിത ദശകം
പച്ചപ്പിന്റെ കേരളപാത
ജലബജറ്റ് റിപ്പോർട്ട്

41. സുരക്ഷിതമാക്കാം പശ്ചിമഘട്ടം – പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണ്ണയവും ജനകീയ വീണ്ടെടുപ്പും - ബ്രോഷർ
42. സുരക്ഷിതമാക്കാം പശ്ചിമഘട്ടം – മാപ്പത്തോൺ പ്രവർത്തനം - ഏപ്രിൽ 2023 (ഒന്നാം പതിപ്പ്)
43. Guidelines for Water Budgeting – സെപ്റ്റംബർ 2023
44. ഹരിത ടൂറിസം – പ്രവർത്തന മാർഗരേഖ – ഒക്ടോബർ 2024
45. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ – നിർവഹണ രൂപരേഖ – മാർച്ച് 2025
46. നവകേരളത്തിന്റെ പരിസ്ഥിതി മികവുകൾ - ഹരിതകേരളം മിഷൻ പരിസ്ഥിതി സംഗമം- മാർച്ച് 2025
47. ഹരിത കെ.എസ്.ആർ.ടി.സി. പ്രവർത്തന മികവുകൾ- ജൂലൈ 2025
48. കണ്ടൽ പച്ചത്തുരുത്തുകൾ - സെപ്റ്റംബർ 2025
49. ഓാക്കില – കേളകത്തെ പൂമ്പാറ്റകൾ
50. വേങ്ങോട് ആദ്യ പച്ചത്തുരുത്ത് - സെപ്റ്റംബർ 2025
51. മിഴാവ് കുന്നിന്റെ മികവ് – പച്ചത്തുരുത്ത് മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ
52. ഹരിതകേരളത്തിന്റെ മികവാർന്ന പച്ചത്തുരുത്തുകൾ - സെപ്റ്റംബർ 2025
53. ഹരിതകേരളം മിഷൻ പച്ചപ്പിലേക്കൊരു ജനകീയ പാത – ഫെബ്രുവരി 2026
54. Striding towards a Greener Kerala - ഫെബ്രുവരി 2026
55. ഹരിതകേരളം മിഷൻ – ഹരിത വഴിയിലൂടെ അനന്തപുരി – തിരുവനന്തപുരം ജില്ല – ഫെബ്രുവരി 2026
56. ഹരിതകേരളം മിഷൻ – നാടിന്റെ ഹരിത മുന്നേറ്റം – കൊല്ലം ജില്ല – ഫെബ്രുവരി 2026
57. ഹരിതകേരളം മിഷൻ – നവഹരിതം പത്തനംതിട്ട – പത്തനംതിട്ട ജില്ല – ഫെബ്രുവരി 2026
58. ഹരിതകേരളം മിഷൻ – പരിസ്ഥിതി സ്പർശം – ആലപ്പുഴ ജില്ല – ഫെബ്രുവരി 2026
59. ഹരിതകേരളം മിഷൻ – പച്ചപ്പിന്റെ കേരള പാത – കോട്ടയം ജില്ല – ഫെബ്രുവരി 2026
60. ഹരിതകേരളം മിഷൻ – ഇടുക്കിയുടെ ഹരിത യാത്ര – ഇടുക്കി ജില്ല – ഫെബ്രുവരി 2026
61. ഹരിതകേരളം മിഷൻ – ഹരിത ദശകം – എറണാകുളം ജില്ല – ഫെബ്രുവരി 2026
62. ഹരിതകേരളം മിഷൻ – ഹരിത ദർശനം– തൃശൂർ ജില്ല – ഫെബ്രുവരി 2026
63. ഹരിതകേരളം മിഷൻ – ഹരിതായനം – പാലക്കാട് – ജില്ല – ഫെബ്രുവരി 2026
64. ഹരിതകേരളം മിഷൻ മലപ്പുറത്തിന്റെ ഹരിത നാൾവഴികൾ – മലപ്പുറം – ഫെബ്രുവരി 2026
65. ഹരിതകേരളം മിഷൻ – ഹരിത സാക്ഷ്യം – കോഴിക്കോട് ജില്ല – ഫെബ്രുവരി 2026
66. ഹരിതകേരളം മിഷൻ – വയനാടിന്റെ ഹരിത വഴികൾ – വയനാട് – ഫെബ്രുവരി 2026
67. ഹരിതകേരളം മിഷൻ – പച്ചപ്പിന്റെ കണ്ണൂർ ഗാഥ – കണ്ണൂർ ജില്ല – ഫെബ്രുവരി 2026
68. ഹരിതകേരളം മിഷൻ – നവകേരളത്തിന്റെ ഹരിത കവാടം – കാസർഗോഡ് ജില്ല – ഫെബ്രുവരി 2026
69. പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ കേരള മാതൃക - ഫെബ്രുവരി 2026

## 7.4. ദൃശ്യമാധ്യമങ്ങൾ വഴിയുള്ള പ്രവർത്തനം

കേരളത്തിന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിൽ ഹരിതകേരളം മിഷന്റെ ഐ.ഇ.സി. പ്രവർത്തനങ്ങൾ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ദൃശ്യമാധ്യമത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വിപുലമായ ഒരു ബോധവൽക്കരണ ശൃംഖലയാണ് മിഷൻ കെട്ടിപ്പടുത്തത്. ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ശുചിത്വ-മാലന്യ സംസ്കരണ പദ്ധതികൾ, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം തുടങ്ങിയ മേഖലകളിലെ വിജയഗാഥകൾ, പരിശീലന പരിപാടികൾ എന്നിവ വിഷയമാക്കി 450ലധികം വീഡിയോകൾ തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രാദേശികതലത്തിൽ പദ്ധതികളും ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. ചില സങ്കീർണ്ണമായ പരിസ്ഥിതി പ്രവർത്തനങ്ങളെ സാധാരണക്കാർക്ക് മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുന്നതിൽ ഈ ദൃശ്യരൂപങ്ങൾ വിജയിച്ചു. പ്രമുഖ മലയാളം ചാനലുകളിലൂടെ മിഷന്റെ വാർത്തകൾ, പ്രവർത്തനങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കാൻ പ്രത്യേക പരിപാടികളും പരസ്യചിത്രങ്ങളും സംപ്രേഷണം ചെയ്തു. വീടുകളിൽ ഇരുന്നുതന്നെ മാലിന്യ സംസ്കരണത്തിന്റെ ശാസ്ത്രീയ വശങ്ങൾ പഠിക്കാൻ ഇത് പൊതുജനങ്ങളെ സഹായിച്ചു. പുഴപുനരുജ്ജീവനം, പച്ചത്തുരുത്തുകൾ, നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ തുടങ്ങിയ പദ്ധതികളുടെ ഓരോ ഘട്ടവും വീഡിയോകളായി പകർത്തി പ്രചരിപ്പിച്ചത് കൂടുതൽ ആളുകളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കാൻ ഉപകരിച്ചു. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ഈ നിരന്തരമായ ഇടപെടലുകൾ വഴി മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, വസ്തുക്കളുടെ പുനരുപയോഗം, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയ ആശയങ്ങൾ കേരളീയ പൊതുസമൂഹത്തിൽ ഒരു ശീലമായി മാറ്റാൻ പ്രേരിപ്പിച്ചു.

## 7.5. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ

ഡിജിറ്റൽ കാലഘട്ടത്തിൽ വിവര വിനിമയത്തിനായി ഹരിതകേരളം മിഷൻ വെബ്സൈറ്റുകളും സാമൂഹിക മാധ്യമങ്ങളും വ്യാപകമായി പ്രയോജനപ്പെടുത്തി. www.haritham.kerala.gov.in ആണ് വെബ്സൈറ്റ് നാമം. ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ, ഇൻസ്റ്റഗ്രാം എന്നീ ഉപാധികളും ഫലപ്രദമായി ഉപയോഗിക്കുന്നു. ഔദ്യോഗിക വെബ്സൈറ്റ് വഴി പദ്ധതികളുടെ വിശദാംശങ്ങൾ, പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, വിജയഗാഥകൾ, മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവ പ്രചരിപ്പിക്കുന്നു. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, യൂട്യൂബ് തുടങ്ങിയ സാമൂഹിക മാധ്യമങ്ങളിലൂടെ വീഡിയോ ക്ലിപ്പുകൾ, ഇൻഫോഗ്രാഫിക്സുകൾ, തത്സമയ സംപ്രേഷണങ്ങൾ എന്നിവ നൽകി വരുന്നു. മാലിന്യ സംസ്കരണ മാതൃകകൾ, ജലസംരക്ഷണ പദ്ധതികൾ, കൃഷി പുനരുജ്ജീവന പ്രവർത്തനങ്ങൾ, എന്നിവ സംബന്ധിച്ച വീഡിയോകൾ ഏറെ പ്രചാരം നേടി. ഡിജിറ്റൽ മാധ്യമങ്ങൾ വഴി യുവജനങ്ങളെ മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയും നഗര പ്രദേശങ്ങളിലെ ജനങ്ങളിലേക്ക് വേഗത്തിൽ ഹരിതകേരളം മിഷന്റെ സന്ദേശം എത്തിക്കാനും കഴിഞ്ഞു.

## 7.6. റേഡിയോ, ടെലിവിഷൻ

റേഡിയോ, ടെലിവിഷൻ എന്നിവയിലൂടെ ഹരിതകേരളം എന്ന ആശയം നിരന്തരം ചർച്ച ചെയ്തു. റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്ത ബോധവൽക്കരണ പരിപാടികൾ ഗ്രാമീണ മേഖലകളിൽ വലിയ സ്വാധീനമാണ് ചെലുത്തിയത്. ഹരിതകേരളം മിഷന്റെ വാർത്തകളും അറിയിപ്പുകളും റേഡിയോ വഴിയും ടെലിവിഷൻ ചാനലുകൾ വഴിയും ലഭ്യമാക്കി വരുന്നു. പല വാർത്താധിഷ്ഠിത പരിപാടികളിലും ഹരിതകേരളം മിഷന്റെ ആശയങ്ങൾ കടന്നുവരുന്നത്

പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു.

## 7.7. കോവിഡ് കാലത്തെ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക്ഡൗൺ കാലത്തും വിവിധ വിഷയങ്ങളെ അധികരിച്ച് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശ്രദ്ധേയമായ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കു പുറമേ സാമൂഹ്യ മാധ്യമങ്ങളും ഫലപ്രദമായി ഇത്തരം പ്രചാരണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തി. കോവിഡ്ബാധ റിപ്പോർട്ട് ചെയ്ത ദിവസങ്ങളിൽ തന്നെ ബോധവത്കരണം ലക്ഷ്യമിട്ട് ബ്രേക്ക് ദ ചെയിൻ കാമ്പയിനിന്റെ സന്ദേശങ്ങൾ ഉൾപ്പെടുത്തിയും പ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

വാട്സാപ്പ്, ഇ-മെയിലുകൾ, ഫേസ്ബുക്ക്, വെബ്സൈറ്റ് എന്നിവയാണ് സാമൂഹ്യ മാധ്യമങ്ങളിൽ പ്രധാനമായും ഉപയോഗിച്ചത്. സാമൂഹിക അകലം, സാനിറ്റൈസർ ഉപയോഗം, ഹാൻഡ്വാഷും സോപ്പും ഉപയോഗിച്ചുള്ള കൈ കഴുകൽ രീതി, മാസ്ക് ഉപയോഗം, മാസ്ക് നിർമ്മാണം, കോവിഡ്ബാധയുണ്ടാകാനുള്ള സാധ്യതകൾ, കോവിഡ് മാലിന്യ സംസ്കരണത്തിനുള്ള പൊതുനിർദ്ദേശങ്ങൾ, ലോക്ഡൗൺ കാലം ക്രിയാത്മകമാക്കാനുള്ള പൊതു നിർദ്ദേശം, കോവിഡ് കാലത്ത് പച്ചക്കറി കൃഷിയിലേർപ്പെടാനുള്ള പ്രചാരണം, ലോക്ഡൗൺ കാലത്ത് വീടുകളിൽ തൈ നടീൽ, മൈക്രോഗ്രീൻ കൃഷിരീതി, ജൈവ  കീടനാശിനി നിർമ്മാണം, പാഴ്തുണികളിൽ നിന്നും ഗ്രോബാഗ് നിർമ്മാണം, ലോക്ഡൗൺ കാലത്ത് ജലമിതവിനിയോഗം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിലാണ് ഹരിതകേരളം മിഷൻ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ നടത്തിയത്. പത്രക്കുറിപ്പുകൾ, ദൃശ്യ ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെയും പബ്ലിക് റിലേഷൻസ് വകുപ്പുവഴിയുള്ള വാർത്താവ്യാപനം, ഫേസ്ബുക്ക് പോസ്റ്ററുകൾ, വാട്സാപ്പ് പോസ്റ്ററുകൾ, ഫേസ്ബുക്ക് ലൈവ്, ചെറു വീഡിയോകൾ, ട്രോളുകൾ, മോഷൻ പോസ്റ്ററുകൾ, ബാനറുകൾ, അനിമേഷനുകൾ, ചോദ്യോത്തര രൂപത്തിലുള്ള ഓഡിയോ ഫയൽ, അതിന്റെ അക്ഷരരൂപം തുടങ്ങിയവയാണ് ഐ.ഇ.സി. പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചത്.

ഹരിതകേരളം മിഷന്റെ സംസ്ഥാന ഓഫീസ് കേന്ദ്രീകരിച്ച് കേന്ദ്രീകൃത സംവിധാനത്തിലൂടെയാണ് പ്രധാനമായും ഐ.ഇ.സി. പ്രവർത്തനങ്ങൾ നിർവഹിച്ചത്. എല്ലാ ജില്ലകളിലും പ്രാദേശികമായും ജില്ലാ മിഷന്റെ നേതൃത്വത്തിൽ ഐ.ഇ.സി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കേന്ദ്രീകൃത സംവിധാനത്തിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് സി-ഡിറ്റിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ആകാശവാണി, എഫ്.എം. റേഡിയോ നിലയങ്ങൾ, ദൂരദർശൻ, സ്വകാര്യ വാർത്താ ചാനലുകൾ എന്നിവയിൽ ഹരിതകേരളം മിഷന്റെ കോവിഡ് പ്രതിരോധ-ജാഗ്രതാക്കാലത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർത്തകളും റേഡിയോയിലൂടെ പ്രത്യേക പരിപാടിയും വരികയുണ്ടായി.

കോവിഡ് കാലത്ത് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, ഗാർഹിക മാലിന്യ സംസ്കരണം, ജലസംരക്ഷണം, കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി, സംയോജിത പച്ചക്കറി കൃഷി, എന്നീ വിഷയങ്ങൾ

അധികരിച്ച് അതാത് മേഖലകളിലെ വിദഗ്ധരെ പങ്കെടുപ്പിച്ച് ഫേസ്ബുക്ക് ലൈവ് സംഘടിപ്പിച്ചു. ഈ പരിപാടിക്ക് വൻ പ്രതികരണമാണ് ലഭിച്ചത്.

2020 ജൂലൈ നാല് മുതൽ എല്ലാ ചൊവ്വ-വ്യാഴാഴ്ചകളിലും രണ്ട് ഹരിതകർമ്മസേന ഗ്രൂപ്പുകളുടെ വീതം ഫേസ്ബുക്ക് ലൈവ് നടന്നു. 26 ഹരിതകർമ്മസേനകൾ ലൈവിൽ പങ്കെടുത്തു. മനോഭാവമാറ്റത്തിനും ശീലവൽക്കരണത്തിനും സമഗ്ര-മാലിന്യ സംസ്കരണ സംവിധാനം വളർത്തുന്നതിലും ഹരിതകർമ്മസേനകൾ നൽകുന്ന നൂതനങ്ങളായ ആശയങ്ങൾ ഹരിതകർമ്മസേനയുടെ അവതരണങ്ങളിലുണ്ടായിരുന്നു. ഇത് മറ്റ് ഹരിതകർമ്മസേനകളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായകരമായി.

കോവിഡ് പശ്ചാത്തലത്തിൽ നടന്ന ദേശീയ വെബിനാർ പരമ്പരയിൽ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളും ഇടം നേടിയെന്നതും ശ്രദ്ധേയമാണ്. ഈ ദേശീയ വെബിനാറിൽ കൃഷി, ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം, പച്ചത്തുരുത്ത്-പരിസ്ഥിതി പുനഃസ്ഥാപനം എന്നിവയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മികച്ച പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയത്.

## 7.8. നേട്ടങ്ങൾ മാറ്റങ്ങൾ

വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും അതിലൂടെയുണ്ടായ മാറ്റങ്ങളും ഹരിതകേരളം മിഷന്റെ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രകടമാണ്. അവയിൽ ചിലതു താഴെപ്പറയും പ്രകാരം വ്യക്തമാക്കാം

- മാലിന്യത്തോടുള്ള മനോഭാവമാറ്റം - റോഡരികിൽ മാലിന്യം തള്ളുന്നത് തെറ്റാണെന്ന പൊതുബോധം ശക്തമായി.
- ഹരിത കർമ്മസേനയുടെ സ്വീകാര്യത - ഇന്ന് കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിത കർമ്മസേന സജീവമാണ്.
- പുഴകളുടെ വീണ്ടെടുപ്പ് - ജനകീയ പങ്കാളിത്തത്തോടെ ആയിരക്കണക്കിന് കിലോമീറ്റർ നീർച്ചാലുകൾ ശുചീകരിക്കപ്പെട്ടു.
- ഹരിത ഓഫീസുകൾ - സർക്കാർ ഓഫീസുകൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പ്രവർത്തിക്കാൻ തുടങ്ങി.
- ഹരിത ചട്ട പാലനം - ആഘോഷങ്ങൾ, ഉത്സവങ്ങൾ, ചടങ്ങുകൾ എന്നിവയിൽ ഹരിതചട്ടപാലനം നടന്നുവരുന്നു.
- പ്ലാസ്റ്റിക് മാലിന്യം - പൊതുസ്ഥലങ്ങളിൽ കത്തിച്ചിരുന്ന പ്ലാസ്റ്റിക് ഹരിത കർമ്മസേനയ്ക്ക് കൈമാറുന്നു.
- ജലസ്രോതസുകൾ - മാലിന്യം തള്ളുന്ന ഇടങ്ങളായ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്ന നീർച്ചാലുകളായി.
- കൃഷി - രാസവളങ്ങളുടെ അമിത ഉപയോഗം മാറി, ജൈവ വളവും വീട്ടുവളപ്പിലെ കൃഷിയും പ്രോത്സാഹിക്കപ്പെട്ടു.
- മാലിന്യക്കൂനകൾ - പൊതുവഴിയരികിൽ ദൃശ്യമായിരുന്ന മാലിന്യക്കൂനകൾ അപ്രത്യക്ഷമായി.
- ജൈവ വൈവിധ്യം - പ്രാദേശിക ജൈവവൈവിധ്യമുറപ്പുവരുത്തി പച്ചത്തുരുത്തുകൾ ഗ്രാമ

നഗര ഭേദമന്യേ വളർന്നു തുടങ്ങി.

പ്രകടമായി കാണുന്ന ചില നേട്ടങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. പരോക്ഷമായും ദീർഘകാലാടിസ്ഥാനത്തിൽ പ്രകടമാക്കപ്പെടുന്നതുമായ നേട്ടങ്ങൾ അനവധിയാണ്.

## 7.9. ജനകീയ വിദ്യാഭ്യാസം

ഹരിതകേരളം മിഷൻ നടത്തിയ വിവര വിജ്ഞാന പ്രവർത്തനങ്ങളെല്ലാം തന്നെ ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. ജനങ്ങളുടെ ബോധമണ്ഡലത്തിലും ജീവിതശൈലിയിലും അത് സാരമായ സ്വാധീനങ്ങളാണ് സൃഷ്ടിച്ചത്. എന്നാൽ ജനങ്ങളുടെ കാലങ്ങളായുള്ള ശീലങ്ങളെ മാറ്റുക എന്നത് കടുത്ത വെല്ലുവിളി ഉയർത്തി. സുസ്ഥിര കേരളം എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുമ്പോൾ, ശാസ്ത്രീയവും ജനകേന്ദ്രീകൃതവുമായ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം ഒരു വ്യക്തിയുടെ മാത്രം ഉത്തരവാദിത്തമല്ല, മറിച്ച് സമൂഹത്തിന്റെ ഒന്നാകെയുള്ള പ്രതിബദ്ധതയാണ് എന്ന സന്ദേശം പകർന്നുകൊണ്ട് ആ ദൗത്യം നിർവഹിക്കാനാണ് ഹരിതകേരളം മിഷൻ ശ്രമിക്കുന്നത്. ഹരിതകേരളം മിഷന്റെ വിവര വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ ജനങ്ങളെ മാറ്റത്തിൽ പങ്കാളികളാക്കുന്ന പ്രക്രിയയായിരുന്നു. മാലിന്യമുക്തമായ, ജലസമൃദ്ധമായ, പച്ചപ്പുള്ള കേരളം എന്ന സ്ഥിതിയിലേക്ക് നമ്മെ നയിക്കുന്നത് ഈ ബോധവൽക്കരണ പ്രവർത്തനങ്ങളാണ്. വരും തലമുറയ്ക്കായി പ്രകൃതിയെ കരുതി വയ്ക്കാൻ ഈ വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾ തുടർന്നും അനിവാര്യമാണ്.

# 4



## ഇനി മുന്നോട്ട്

കഴിഞ്ഞ പത്ത് വർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ പാരിസ്ഥിതിക മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനു സഹായകരമായി. ഈ അനുഭവ പരിചയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പാരിസ്ഥിതിക മേഖലയിൽ തുടർന്നു നടക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യക്തമായ ദിശാബോധം നൽകേണ്ടതിനു മിഷനു സാധിക്കും. മിഷൻ പ്രവർത്തനങ്ങൾ നടന്ന വിവിധ പ്രദേശങ്ങളിൽ ഇത്തരം ഇടപെടലുകളിൽ നിന്നും ലഭ്യമായ അറിവ് ശേഖരിച്ച് (Repository of Knowledge) വയ്ക്കുന്നതിന് മിഷനു കഴിഞ്ഞിട്ടുണ്ട്. ഇത് പ്രായോഗിക പ്രവർത്തനങ്ങൾക്ക് സുസ്ഥിരത നൽകുന്നതിന് സഹായകരമാണ്.

ഹരിതകേരളം മിഷന്റെ പ്രായോഗിക ഇടപെടലുകൾ പാരിസ്ഥിതിക മേഖലയ്ക്ക് മികച്ച പിന്തുണ നൽകിയത് മാലിന്യ സംസ്കരണം, ജലവിഭവ പരിപാലനം, കൃഷി, വൃക്ഷവൽക്കരണം തുടങ്ങിയവയിലാണ്. ഇത്തരം പ്രവർത്തനങ്ങളിലൂടെ കാർബൺ പുറന്തള്ളൽ പരമാവധി കുറയ്ക്കുന്നതിനും കാർബൺ ആഗിരണം ചെയ്യുന്നതിനുമുള്ള സാദ്ധ്യത പരമാവധി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു.

മാലിന്യ സംസ്കരണത്തിന് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള സംഘടനാ സംവിധാനത്തിലൂടെ മാലിന്യ ശേഖരണത്തിനും കൈമാറലിനും ചിട്ടയായ പ്രവർത്തനം നടത്തുന്ന രീതി കൈവരിക്കുന്നതിനു സാധിച്ചിട്ടുണ്ട്. എന്നാൽ ജൈവമാലിന്യ സംസ്കരണത്തിനും ജലമാലിന്യം കൈകാര്യം ചെയ്യുന്നതിനും പ്രാദേശിക തലത്തിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന സംവിധാനങ്ങൾ ഉണ്ടാകണം. ഭവന സമുച്ചയങ്ങൾ, വാണിജ്യ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയവയിലെ മാലിന്യ സംസ്കരണം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. കേരളത്തിന്റെ സാഹചര്യം പരിഗണിച്ചാൽ ഏറ്റവും കുറഞ്ഞ സ്ഥലം ആവശ്യമുള്ളതും പരിസര മലിനീകരണം സൃഷ്ടിക്കാതെയുള്ളതും ഭംഗിയുള്ളതുമായ സംവിധാനങ്ങൾ ഉണ്ടാകണം. ഇതിന് പലതലത്തിൽ ഗവേഷണവും പരീക്ഷണങ്ങളും നടക്കുന്നുണ്ട്. ഇത്തരം ഗവേഷണങ്ങൾക്ക് വേണ്ടത്ര പിന്തുണ നൽകേണ്ടതുണ്ട്. സംസ്ഥാനത്തിന് ഇക്കാര്യത്തിൽ ചില മാതൃകകൾ സൃഷ്ടിക്കാൻ കഴിയും.

കേരളത്തിന്റെ വർദ്ധിച്ചു വരുന്ന ജല ആവശ്യം പരിഗണിച്ച് ജലമേഖലയിൽ പ്രയോഗിക പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകണം. മിഷൻ നടത്തിയ പ്രവർത്തനങ്ങൾ പ്രദേശിക തലത്തിൽ ആവേശം സൃഷ്ടിക്കുന്നുണ്ട്. രാജ്യത്താദ്യമായി ജലബജറ്റ് തയ്യാറാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക വഴി തുടർ പ്രവർത്തനങ്ങൾക്കു കൂടി തുടക്കമിടുന്നതിന് കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകളിൽ നിന്നല്ലാതെ ജലസേചനത്തിന് വെള്ളം കണ്ടെത്തുന്നതിന്റെ ഭാഗമായി ഉപേക്ഷിക്കപ്പെട്ട ക്വാറികളിലെ വെള്ളം ഹരിത ഊർജ്ജം ഉപയോഗപ്പെടുത്തി ജലസേചനത്തിനും ഭൂജല പരിപോഷണത്തിനും നൽകുന്ന പദ്ധതി വ്യാപകമാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ മേഖലയിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി ശാസ്ത്രീയ ഇടപെടൽ സ്വീകരിക്കേണ്ടതുണ്ട്. വരൾച്ചാ പ്രതിരോധം മുൻനിർത്തി ആവശ്യമായ മുൻകരുതൽ നടപടികൾ തീർക്കേണ്ടതുണ്ട്. ഭാവിയിൽ കുടിവെള്ളത്തിന് ടാങ്കർ ലോറിയെ ആശ്രയിക്കുന്ന സ്ഥിതി ഇല്ലാതാക്കാനുള്ള നടപടികളും വിഭാവനം ചെയ്യുന്നു.

ജലമാലിന്യം കുറയ്ക്കുന്നതിന് ജല ലഭ്യത വർധിപ്പിക്കുന്നതിന് സഹായകരമാണ്. ഇതിനായി നീർച്ചാലുകൾ, കുളങ്ങൾ, ഏരികൾ, സുരംഗങ്ങൾ തുടങ്ങിയവയുടെ പുനരുദ്ധാരണവും പരിപാലനവും വ്യാപകമാക്കിയിട്ടുണ്ട്. ഇത് തുടർന്നു കൊണ്ടുപോകുന്നതിന് പ്രാദേശിക സംവിധാനം ഉണ്ടാകണം. സംസ്ഥാനത്തെ കിണറുകളുടെ റീചാർജ്ജിംഗിനൊപ്പം ജലസ്രോതസ്സുകൾ മലിനീകരിക്കുന്ന ഒറ്റക്കുഴി കക്കൂസുകൾ പൂർണ്ണമായും ശാസ്ത്രീയ സെപ്ടിക് ടാങ്ക് സംവിധാനത്തിലേക്ക് മാറണം. സംസ്ഥാനത്തെ നീർച്ചാൽ ശൃംഖല പരിപാലിക്കുന്നതിന് ആരംഭിച്ച 'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിൻ തുടരണം. ജലമേഖലയുമായി ബന്ധപ്പെട്ട് കേരളം അഭിമുഖീകരിക്കുന്ന പ്രശ്നമാണ് വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ. ഇത്തരം പ്രശ്നങ്ങളെ ശാസ്ത്രീയമായ പ്രാദേശിക ഇടപെടലിലൂടെ ലഘൂകരിക്കാൻ കഴിയും. മിഷൻ ആരംഭിച്ച 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പദ്ധതി വ്യാപകമാക്കേണ്ടതുണ്ട്. പ്രാദേശിക ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള വിവര ശേഖരണ സംവിധാനവും വലിയ സാധ്യതയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, വലിയ നിക്ഷേപങ്ങൾ കൊണ്ടുവരുന്ന വ്യവസായ ഇടനാഴികൾ, വാണിജ്യ സമുച്ചയങ്ങൾ തുടങ്ങിയവയെല്ലാം വർധിച്ചു വരുന്ന ജല ആവശ്യത്തെയാണ് കാണിക്കുന്നത്. വിവിധ മേഖലകളെ സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെ ഈ

ജല ആവശ്യം നേരിടുന്നതിന് സംസ്ഥാനത്തിനു കഴിയും. അതോടൊപ്പം ഇതൊരു പരിസ്ഥിതി പുനർനിർമ്മാണ പ്രവർത്തനം കൂടിയാകും.

സംസ്ഥാനത്ത് മുമ്പു നടത്തിയിട്ടുള്ള വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ പൂർണ്ണ ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള കാരണങ്ങൾ അപഗ്രഥനം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പച്ചത്തുരുത്തുകൾ എന്ന ആശയത്തിലേക്ക് എത്തിയത്. പ്രാദേശിക ജൈവ വൈവിധ്യത്തിന്റെ കേന്ദ്രങ്ങളായി മാറിയ ഇത്തരം പച്ചത്തുരുത്തുകൾക്ക് നെറ്റ് സീറോ കാർബൺ എന്ന സംവിധാനത്തിന്റെ ലക്ഷ്യത്തിന് വലിയ സംഭാവന ചെയ്യാൻ കഴിയും. ഇവ സംരക്ഷിക്കുന്ന പ്രാദേശിക കൂട്ടായ്മകൾ പച്ചത്തുരുത്തുകളുടെ നിലനിൽപ് ഉറപ്പാക്കുന്നു. തരിശ് പ്രദേശങ്ങളിലെ കൃഷിയ്ക്കും ഉപദൗത്യം വലിയ പ്രാധാന്യം നൽകിയിരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ തുടങ്ങിയവയിലെ തരിശ് പ്രദേശത്ത് ഇപ്പോഴും കൃഷി ഇറക്കുവാൻ സാധ്യതയുണ്ട്. ഇതിനായി പ്രത്യേക പ്രവർത്തനവും സർക്കാർ തലത്തിൽ പിന്തുണയും വേണം. മൂന്ന് ഉപദൗത്യങ്ങളുടേയും പ്രവർത്തനങ്ങൾ നൽകിയ അനുഭവ സമ്പത്ത് സംസ്ഥാനത്തിന്റെ 2050-ലെ ലക്ഷ്യമായ നെറ്റ് സീറോ എന്ന ലക്ഷ്യത്തിന് പിന്തുണ നൽകുന്നതിന് സഹായകരമായി. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്നതിനുള്ള പിന്തുണാ സംവിധാനങ്ങളും പ്രവർത്തന രീതിശാസ്ത്രവും തയ്യാറായിട്ടുണ്ട്. സർക്കാർ തലത്തിൽ നയപരമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികമായും പിന്തുണ നൽകേണ്ടതുണ്ട്. സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതു പോലെ എല്ലാ വകുപ്പുകളും ഹരിതവൽക്കരണത്തിന് പിന്തുണ നൽകുന്ന സംവിധാനം കൂടുതൽ വ്യാപിപ്പിക്കുകയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നത് ഫലപ്രദമായിരിക്കും.